# സാമൂഹിക നവോത്ഥാനം മലയാള നോവലുകളിൽ

കോഴിക്കോട് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി
സമർപ്പിക്കുന്ന പ്രബന്ധം

ഷനോജ്. എം. പി.

കേരളസാഹിത്യ അക്കാദമി
തൃശ്ശൂർ
2014

ഡോ.വി.എ. വത്സലൻ
പ്രൊഫസർ, മലയാളവിഭാഗം
ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല
കാലടി - 683 574
എറണാകുളം

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു വേണ്ടി സമർപ്പിക്കുന്ന **'സാമൂഹിക നവോത്ഥാനം മലയാള നോവലുകളിൽ'** എന്ന ഈ പ്രബന്ധം **ഷനോജ്.എം.പി.** എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തൃശ്ശൂർ ഡോ.വി.എ. വത്സലൻ

# പ്രസ്താവന

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ പരീക്ഷയ്ക്കോ അസോസിയേറ്റ്ഷിപ്പിനോ ഫെലോഷിപ്പിനോ അതുപോലുള്ള മറ്റെന്തെങ്കിലും ടൈറ്റിലിനോ അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സത്യബോധ്യപ്പെടുത്തുന്നു.

തൃശ്ശൂർ

ഷനോജ്.എം.പി.

# കൃതജ്ഞത

ഈ പ്രബന്ധരചനയിൽ എനിക്കുവേണ്ട പ്രോത്സാഹനവും വിലയേറിയ മാർഗ്ഗനിർദ്ദേശങ്ങളും നൽകി എന്നെ അകമഴിഞ്ഞു സഹായിച്ച എന്റെ ഗുരുനാഥൻ ഡോ.വി.എ.വത്സലനോടുള്ള (പ്രൊഫസർ, മലയാളവിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല) നന്ദി രേഖപ്പെടുത്തുന്നു. ഈ ഗവേഷണത്തിന് ആവശ്യമായ സൗകര്യങ്ങളും സഹായസഹകരണങ്ങളും നൽകിയ കേരളസാഹിത്യ അക്കാദമി സെക്രട്ടറി ശ്രീ.ആർ. ഗോപാലകൃഷ്ണനോടുള്ള കടപ്പാടും ഒപ്പം രേഖപ്പെടുത്തട്ടെ. പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിത്തന്ന കേരളസാഹിത്യ അക്കാദമി ലൈബ്രേറിയൻ ശ്രീ.ആർ.രാജേന്ദ്രനോടുള്ള അകമഴിഞ്ഞ സ്നേഹം അറിയിക്കുന്നു. സാഹിത്യ അക്കാദമിക്കൊപ്പം തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ്, ശ്രീനാരായണ കോളേജ് കണ്ണൂർ, വേങ്ങാട് ഗവ. ഹയർ സെക്കണ്ടറി എന്നിവിടങ്ങളിലെ ലൈബ്രറികളും പഠന ഗവേഷണങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ ലൈബ്രറികളിലെ ജീവനക്കാരോടും എനിക്ക് പ്രോത്സാഹനം നൽകി സഹായിച്ച അദ്ധ്യാപകരായ എൻ.പ്രഭാകരൻ, ഡോ.ബി. പാർവ്വതി, കെ.പി.നരേന്ദ്രൻ, ഡോ.എ.ടി. മോഹൻരാജ് എന്നിവരോടും സഹായങ്ങൾ ചെയ്തുതന്ന സുഹൃത്തുക്കളോടും ഉള്ള നന്ദിയും ഒപ്പം രേഖപ്പെടുത്തുന്നു. ഈ പ്രബന്ധം വൃത്തിയായി ടൈപ്പ് ചെയ്തുതന്ന തലശ്ശേരിയിലെ സിഗ്നറ്റ്, സെവൻത്ത്സീൽ എന്നീ സ്ഥാപനങ്ങളോടുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തുന്നു.

ഷനോജ് എം. പി.

# ഉള്ളടക്കം


*പേജ്*

ആമുഖം 08

അദ്ധ്യായം ഒന്ന്

നവോത്ഥാനം : ചരിത്രവും സത്തയും 11

അദ്ധ്യായം രണ്ട്

ഇന്ദുലേഖ - നവോത്ഥാനത്തിന്റെ ചരിത്രരേഖ 45

അദ്ധ്യായം മൂന്ന്

അഗ്നിസാക്ഷി - നമ്പൂതിരി സമുദായവും നവോത്ഥാനവും 75

അദ്ധ്യായം നാല്

അയൽക്കാർ - തറവാടുകളുടെ തകർച്ചയും സാമുദായിക മുന്നേറ്റങ്ങളും 138

അദ്ധ്യായം അഞ്ച്

രണ്ടിടങ്ങഴി - ഉത്ഥാനത്തിന്റെ വർഗപരത 179

അദ്ധ്യായം ആറ്

'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!'- ദേശീയ പ്രസ്ഥാനത്തിലൂന്നിയ സാമുദായിക ഉണർവ്വ് 214

അദ്ധ്യായം ഏഴ്

ഉപസംഹാരം 250

ആധാരഗ്രന്ഥ - ലേഖനസൂചി 261

Shanoj. M.P. “Social renaissance in malayalam novels” Thesis. Kerala sahithya academy, University of Calicut, 2014.

# ആമുഖം

വൈവിധ്യമാർന്ന ജീവിതാവസ്ഥകളെ സമഗ്രമായി ഉൾക്കൊള്ളാനാവുന്ന ആധുനിക സാഹിത്യരൂപമാണ് നോവൽ. ഓരോ നോവലിലും ജീവിത യാഥാർത്ഥ്യത്തിന്റെ ഒരു മുഖം നമുക്ക് കണ്ടെത്താനാവും. അതാകട്ടെ മിക്കവാറും സമൂഹവുമായി ബന്ധപ്പെട്ട ഒന്നായിരിക്കുകയും ചെയ്യും.

സമൂഹഘടന നിശ്ചലമല്ല. അതു പരിവർത്തന വിധേയമായിക്കൊണ്ടിരിക്കുന്നു. അതിനു കാരണമാകുന്ന ഘടകങ്ങൾ വ്യത്യസ്തങ്ങളാകാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം വരെയുള്ള ഘട്ടം കേരളീയ സാമൂഹ്യവ്യവസ്ഥിതിയിൽ സവിശേഷമായ ചലനാത്മകത പ്രകടമാവുന്ന ഒരു കാലയളവാണ്. ഈ കാലഘട്ടത്തെ നവോത്ഥാന കാലഘട്ടം എന്നു വിശേഷിപ്പിച്ചു പോരുന്നു. ഈ ചലനാത്മകത മലയാള നോവൽ സാഹിത്യത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നും കേരളത്തിലെ സാമൂഹ്യഘടനയിലെ അഞ്ചു പ്രധാന സാമുദായിക വിഭാഗങ്ങളായ നായർ, നമ്പൂതിരി, ഈഴവ,ക്രിസ്ത്യൻ,മുസ്ലിം വിഭാഗങ്ങൾ എങ്ങനെ നവോത്ഥാനത്തിന്റെ പന്ഥാവിലേക്ക് പ്രവേശിക്കുന്നു എന്നുമുള്ള അന്വേഷണമാണ് ഈ ഗവേഷണത്തിലൂടെ ലക്ഷ്യമാക്കുന്നത്. പ്രാതിനിധ്യ സ്വഭാവമുള്ള അഞ്ച് എഴുത്തുകാരുടെ നോവലുകളെ കേന്ദ്രീകരിച്ചുള്ള പഠനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഒ. ചന്തുമേനോന്റെ ഇന്ദുലേഖ, ലളിതാംബിക അന്തർജ്ജനത്തിന്റെ അഗ്നിസാക്ഷി, കേശവദേവിന്റെ അയൽക്കാർ, തകഴി ശിവശങ്കരപ്പിള്ളയുടെ രണ്ടിടങ്ങഴി, വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്നീ നോവലുകളാണ് ഇപ്രകാരം സവിശേഷ പഠനത്തിന് വിധേയമാകുന്നത്.

ഈ പ്രബന്ധത്തിൽ ഏഴ് അധ്യായങ്ങളാണ് ഉള്ളത്. എന്താണ് നവോത്ഥാനം, അത് എങ്ങനെ സംഭവിക്കുന്നു തുടങ്ങിയ കാര്യങ്ങളാണ് 'നവോത്ഥാനം ചരിത്രവും സത്തയും' എന്ന ഒന്നാം അധ്യായത്തിൽ ചർച്ച ചെയ്യുന്നത്. ലോകത്തിലെയും ഭാരതത്തിലെയും കേരളത്തിലെയും നവോത്ഥാനത്തിന്റെ സാമൂഹികവും രാഷ്ട്രീയവും മതപരവുമായ കാരണങ്ങളും നവോത്ഥാനത്തിന്റെ വിവിധ തലങ്ങളും എന്തൊക്കെയെന്ന് ഇവിടെ അന്വേഷിക്കുന്നുണ്ട്. കൂടാതെ നോവലിൽ എന്തുകൊണ്ട് ഇത് കൂടുതലായി ചിത്രീ

കരിക്കപ്പെടുന്നു എന്നും സാമൂഹികമായ കാഴ്ച്ചപ്പാടും നോവലിന്റെ സൗന്ദര്യസങ്കേതങ്ങളും തമ്മിൽ എങ്ങനെ ബന്ധപ്പെടുന്നുവെന്നും പരിശോധിക്കുന്നുണ്ട്.

1889ൽ ചന്തുമേനോൻ രചിച്ച ഇന്ദുലേഖ എന്ന നോവലിൽ നവോത്ഥാനത്തിന്റെ അടയാളങ്ങൾ എപ്രകാരം ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു എന്ന അന്വേഷണമാണ് രണ്ടാം അധ്യായം. മൂന്നാമത്തെ അധ്യായമായ അഗ്നിസാക്ഷിയിൽ  നാലുകെട്ടിനകത്തു സംജാതമാകുന്ന സാമൂഹ്യമാറ്റങ്ങളെ വിശകലനം ചെയ്യുന്നു. ഫ്യൂഡൽ തറവാടുകൾ തകരുകയും മുഖ്യധാരയ്ക്കു പുറത്തു നിൽക്കുകയായിരുന്ന ഈഴവ-ക്രിസ്ത്യൻ സമുദായങ്ങൾ ഉണർവ്വിന്റെ കാലാവസ്ഥയുടെ ഗുണഭോക്താക്കളായി മുഖ്യധാരയിലേക്കു നടന്നു കയറുകയും ചെയ്യുന്നതിന്റെ സൂചനകൾ ദേവിന്റെ അയൽക്കാർ  എന്ന കൃതിയെ അടിസ്ഥാനമാക്കി നാലാം അധ്യായത്തിൽ വിശകലനം ചെയ്യുന്നു.

പുതിയ രാഷ്ട്രീയ സാഹചര്യങ്ങൾ രൂപപ്പെട്ടു കഴിഞ്ഞ, 1948ലാണ് തകഴി രണ്ടിടങ്ങഴി രചിക്കുന്നത്. ദീർഘകാലത്തോളം അവഗണിത കോടിയിലേക്കു വകഞ്ഞു മാറ്റപ്പെട്ട വലിയൊരു വിഭാഗം അധ്വാനവർഗ്ഗം സാമൂഹ്യരാഷ്ട്രീയചരിത്ര ദശകങ്ങളിൽ എങ്ങനെ മുഖ്യധാരയ്ക്ക് പുറത്തു നിലകൊണ്ടു എന്നും എപ്രകാരം അവർ മാറ്റത്തിന്റെ വഴിയിലേക്ക് കടന്നുവന്നു എന്നും ഈ നോവലിനെ അടിസ്ഥാനമാക്കി അഞ്ചാം അധ്യായത്തിൽ വിശകലനം ചെയ്യുന്നു. ജാതിപരം, വർഗപരം എന്നിങ്ങനെ ഇരട്ടിചൂഷണത്തിനു വിധേയമായ അധ്വാനവിഭാഗം, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ  ആശയഗതികൾ പിൻപറ്റിക്കൊണ്ട് വർഗപരമായ മുന്നേറ്റങ്ങളിലൂടെ സാമൂഹ്യനവോത്ഥാനത്തിന്റെ വഴിയിലേക്കു കടന്നു വരുന്നതിന്റെ ചിത്രം തകഴി രണ്ടിടങ്ങഴിയിൽ അവതരിപ്പിക്കുന്നുണ്ട്. ഇതിന്റെ സാമൂഹികമാനങ്ങൾ ഈ അധ്യായത്തിൽ പഠനവിഷയമാക്കുന്നുണ്ട്.

ആറാമത്തെ അധ്യായത്തിൽ, 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്ന നോവലിലൂടെ ബഷീർ, നവോത്ഥാനത്തിന്റെ പശ്ചാത്തലത്തിൽ മുസ്ലിം സമുദായത്തിന്റെ സാമൂഹ്യാവസ്ഥയെ എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു എന്നാണ്  വിശകലനം ചെയ്യുന്നത്. നവോത്ഥാനം എന്ന പരികല്പനയ്ക്കു കീഴിൽ കേരളീയ സമൂഹത്തിൽ ദൃശ്യമാവുന്ന ചലനാത്മകതയെ സാമാന്യമായി സംഭവിക്കുന്ന ഒരു ഉണർവ്വായി മാത്രം പരിഗണിക്കാൻ കഴിയില്ല.  കേരളത്തിലെ വ്യത്യസ്ത ജാതി അടുക്കുകളിൽ വ്യത്യസ്ത രീതികളിലാണ് അതു

സംഭവിച്ചത്. ഈ അഞ്ച് എഴുത്തുകാരുടെ അഞ്ച് നോവലുകളിലൂടെ നായർ, നമ്പൂതിരി, ഈഴവ, ക്രിസ്ത്യൻ, മുസ്ലിം സാമുദായിക വിഭാഗങ്ങൾ പുതിയ ഉണർവ്വിന്റെ അന്തരീക്ഷ ത്തിലേക്കു കടന്നു വന്നതിന്റെ രീതി വൈവിധ്യങ്ങൾ എന്ത് എന്ന് ഏഴാമധ്യായത്തിൽ വിശകലനം ചെയ്യുകയും ചെയ്യുന്നു.

ഷനോജ് എം. പി.

Shanoj. M.P. “Social renaissance in malayalam novels” Thesis. Kerala sahithya academy, University of Calicut, 2014.

# അദ്ധ്യായം ഒന്ന്
# നവോത്ഥാനം: ചരിത്രവും സത്തയും

യൂറോപ്പിന്റെ ജീവിതമണ്ഡലത്തിൽ പതിനാലും പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ പ്രത്യക്ഷമായ ഉണർവ്വാണ് 'Renaissance' എന്ന സംജ്ഞയ്ക്ക് ചരിത്രത്തിൽ സ്ഥാനം കൊടുത്തത്. ഇംഗ്ലീഷിൽ 'Renaissance' എന്നു പറയുന്നതിനു തുല്യമായി മലയാളത്തിൽ ഉപയോഗിച്ചു പോരുന്ന പദമാണ് നവോത്ഥാനം. 'റിനെയസാൻസിന്' പുനരുജ്ജീവനം, പുനർജ്ജന്മം, പുനർജ്ജാഗരണം, നവോത്ഥാനം എന്നിങ്ങനെ അർത്ഥമുണ്ട്. ഉത്ഥാനത്തിന് എഴുന്നേല്പ്, ഉദയം, ഉണർച്ച എന്നിങ്ങനെയാണ് അർത്ഥം. അപ്പോൾ നവമായ ഉണർച്ച, നവമായ എഴുന്നേല്പ്, നവോദയം തുടങ്ങിയ അർത്ഥങ്ങളാണ് നവോത്ഥാനത്തിനുള്ളതെന്നും വരുന്നു.[1]

**യൂറോപ്യൻ നവോത്ഥാനം – പശ്ചാത്തലം**

യൂറോപ്പിലുണ്ടായ നവോത്ഥാനം പിൽക്കാലത്ത് ഭാരതത്തിലും കേരളത്തിലുമൊക്കെയായി ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. അതുകൊണ്ട് കേരളത്തിലുണ്ടായ നവോത്ഥാനത്തെപ്പറ്റി പറയുന്നതിനുമുമ്പ് ആ നവോത്ഥാനത്തിന്റെ സാഹചര്യവും സ്വഭാവവും സ്വാധീനവുമെന്തായിരുന്നുവെന്നും വിശദീകരിക്കേണ്ടതുണ്ട്.

ആയിരത്തോളം വർഷം നീണ്ടുനിന്ന അന്ധകാരമയമായ മദ്ധ്യയുഗത്തിൽ നിന്ന് ആധുനികയുഗത്തിലേക്ക് യൂറോപ്പ് കടന്നുവന്ന ഒരു പരിവർത്തനഘട്ടമാണ് നവോത്ഥാനകാലം എന്നറിയപ്പെടുന്നത്. പാശ്ചാത്യ റോമാസാമ്രാജ്യത്തിന്റെ തകർച്ച മുതൽ നവോത്ഥാനത്തിന്റെ ആരംഭം (എ. ഡി. 476 – 1500) വരെയുള്ള കാലഘട്ടമാണ് മദ്ധ്യയുഗം. ആ കാലത്തെപ്പറ്റിയുള്ള ചരിത്രപരമായ അറിവ് ഇന്നും വളരെ പരിമിതമാണ്.

ഗ്രീക്ക് – റോമൻ സംസ്ക്കാരമാണ് യൂറോപ്യൻ ജനതയുടെ പൈതൃകമായി അറിയപ്പെടുന്നത്. എന്നാൽ ആ സാംസ്ക്കാരികപൈതൃകത്തിന്റെ ഗ്രഹണകാലമായിരുന്നു മദ്ധ്യയുഗം. ഗ്രീക്ക് – ലത്തീൻ ഭാഷകളിലുള്ള പ്രാചീന സാഹിത്യ കൃതികളുടെയും ഗ്രീക്ക് – റോമൻ ശില്പകലാസൃഷ്ടികളുടെയും കണ്ടെത്തലാണ് ആ അന്ധകാരയുഗത്തിന് അന്ത്യം കുറിച്ചത്. ക്ലാസ്സിക്കൽ വിജ്ഞാനങ്ങളുടെ ഉണർവ്വ് യൂറോപ്പിനെയാകെ ആശ്ലേഷിച്ചു തുടങ്ങുന്നതും പൗരോഹിത്യത്തിന്റെ അനിഷേധ്യമായ ശക്തി ക്ഷയിച്ചു തുടങ്ങുന്നതും മതനിരപേക്ഷമായ ജീവിത വീക്ഷണം അങ്കുരിച്ചു തുടങ്ങുന്നതും ഈ കാലത്താണ്.

മദ്ധ്യയുഗത്തിൽ യൂറോപ്യൻ സമൂഹത്തിലെ ഏറ്റവും ശക്തമായ സ്ഥാപനം ക്രിസ്തീയ സഭ ആയിരുന്നു. ഈ കാലത്ത് പള്ളി ഭരണകൂടത്തിന്റെ പല കർത്തവ്യങ്ങളും നിറവേറ്റാൻ തുടങ്ങിയിരുന്നു. എന്നാൽ സുശക്തമായ ചില രാഷ്ട്രങ്ങളുടെ ഭരണകർത്താക്കൾ മതമെന്ന ബാഹ്യ ശക്തി ഭരണകാര്യങ്ങളിൽ ഇടപെടുന്നതിനെ കർശനമായി എതിർക്കുകയുണ്ടായി. ഈ സംഘർഷം ശക്തിപ്രാപിച്ചപ്പോൾ അത് ക്രിസ്തീയ സഭയും ഭരണകൂടവും തമ്മിലുണ്ടായ സുദീർഘമായ അധികാരത്തർക്കത്തിന് വഴിയൊരുക്കുകയാണുണ്ടായത്. ധാർമ്മികതയുടെ വക്താക്കളും നന്മയുടെ പ്രതീകങ്ങളുമായി വർത്തിക്കേണ്ട പുരോഹിതന്മാരിൽ അഴിമതിയും വിഷയാസക്തിയും വർദ്ധിച്ചു വന്നതോടെ ക്രിസ്തീയ സഭയുടെ അധഃപതനവും ആരംഭിച്ചു. കാലാന്തരത്തിൽ ജനങ്ങൾക്കുമേൽ ക്രിസ്തീയ സഭയുടെ സ്വാധീനം കുറഞ്ഞു വന്നു.

നവോത്ഥാനത്തിനു പ്രേരകമായിരുന്ന പ്രധാന സംഭവമായിരുന്നു മദ്ധ്യയുഗത്തിലെ കുരിശുയുദ്ധങ്ങൾ. അവിശ്വാസികളായ തുർക്കികളിൽ നിന്നും വിശുദ്ധഭൂമിയായ ജെറുസലേം വീണ്ടെടുക്കാനായി നടത്തിയ ക്രിസ്തീയ പടയോട്ടമാണ് കുരിശുയുദ്ധങ്ങൾ[2] എന്നറിയപ്പെടുന്നത്. 11 ാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ 14 ാം നൂറ്റാണ്ടുവരെ ഇത് നീണ്ടു നിൽക്കുന്നുണ്ട്. കുരിശുയുദ്ധത്തിൽ പങ്കെടുത്തവർക്ക് നാടുവാഴിത്തത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെട്ട് ബാഹ്യലോകവുമായി സമ്പർക്കത്തിലേർപ്പെടാനും അവരിൽ നിന്നു പല പുതിയ കാര്യങ്ങളും പഠിക്കാനും അവസരമുണ്ടായി. പൂർവ്വദേശത്തെ സംസ്ക്കാരത്തെപ്പറ്റി അങ്ങനെയാണവർ മനസ്സിലാക്കുന്നത്. പല ഗ്രന്ഥങ്ങളും ആശയങ്ങളും അവർ സമ്പാദിച്ചു. ആ യാത്രയ്ക്കിടയിൽ പരിചയപ്പെട്ട അരിസ്റ്റോട്ടിലിന്റെ കൃതികളും അറബിഗണിതശാസ്ത്രവും വടക്കുനോക്കിയന്ത്രവും കടലാസ്സുമൊക്കെ അവർ സ്വദേശത്തേക്കു കൊണ്ടുവന്നു. ഭൂമിശാസ്ത്രപരമായ അറിവുവർദ്ധിക്കാനും ആ യാത്രകൾ ഇടയൊരുക്കി. ചികിത്സാസമ്പ്രദായങ്ങളും വൈദ്യശാസ്ത്രങ്ങളും കിഴക്കൻ നാടുകളിൽ നിന്ന് ഇക്കാലത്താണ് യൂറോപ്പിൽ പ്രചരിച്ചത്.

**ഫ്യൂഡലിസത്തിന്റെ തകർച്ച**

എ.ഡി. 14ാം നൂറ്റാണ്ടുമുതൽ 17ാം നൂറ്റാണ്ടുവരെ യൂറോപ്പിന്റെ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾ സംഭവിക്കുകയുണ്ടായി. ഈ മാറ്റങ്ങളാണ് യൂറോപ്പിൽ ഫ്യൂഡലിസത്തിന്റെ തകർച്ചയ്ക്ക് കാരണമായത്.

ഫ്യൂഡൽ വ്യവസ്ഥയുടെ മൂന്ന് പ്രധാന ഘടകമായിരുന്നു പുരോഹിതന്മാരും പടയാളികളും കൃഷിക്കാരും. എന്നാൽ വാണിജ്യരംഗത്തെ വളർച്ചയുടെ ഫലമായി പുതിയ ഒരു ഘടകം സമൂഹത്തിൽ ഉയർന്നു വന്നു. കച്ചവടക്കാരായിരുന്നു ഇവർ. എണ്ണത്തിൽ കുറവായിരുന്നെങ്കിലും

സാമ്പത്തിക ശക്തികളായതുകൊണ്ട് അവർക്ക് സമൂഹത്തെ നിയന്ത്രിക്കാൻ കഴിഞ്ഞു. സമുദ്ര യാത്രകളും പുതിയ ഭൂവിഭാഗങ്ങളുടെ കണ്ടെത്തലും മറ്റും വാണിജ്യരംഗത്ത് ഒരു വൻമുന്നേറ്റം തന്നെ ഉണ്ടാവാൻ കാരണമായിട്ടുണ്ട്.

മദ്ധ്യയുഗത്തിന്റെ അവസാനഘട്ടത്തിലുണ്ടായ വ്യാപാരപുരോഗതിയുടെ ഫലമായി ഒട്ടേറെ പട്ടണങ്ങൾ വളർന്നു വരികയുണ്ടായി. ഈ പട്ടണങ്ങൾ ഫ്യൂഡലിസത്തിന്റെ പിടിയിൽ നിന്ന് മോചിതങ്ങളായിരുന്നു. ഉത്പാദന പ്രക്രിയ ഗൃഹങ്ങളിലേക്ക് മാറുകയും ധാരാളം ആളുകൾ ഫാക്ടറികളിൽ തൊഴിലാളികളായിത്തീരുകയും ചെയ്തു. പട്ടണങ്ങളെ കേന്ദ്രീകരിച്ചുള്ള സാമ്പത്തിക ഘടനയും ജനജീവിതവും ഫ്യൂഡലിസത്തിന്റെ മേൽക്കോയ്മയെ തകർക്കാൻ ഇടയാക്കിയ ഘടകങ്ങളാണ്.

മദ്ധ്യകാലത്ത് യൂറോപ്പിന്റെ പലഭാഗങ്ങളിലും കർഷകർ ഭൂപ്രഭുക്കന്മാർക്കെതിരെ ലഹളകൾ നടത്തിയിരുന്നു. ചില സ്ഥലങ്ങളിൽ ഭൂമിയുടെ ഉടമസ്ഥരായിരുന്ന കത്തോലിക്കാ പള്ളികൾക്കും ഇത്തരം കാർഷിക ലഹളകളെ നേരിടേണ്ടി വന്നു. എന്നാൽ പുതിയ പട്ടണങ്ങളുടെ ഉദയം ഈ ഫ്യൂഡൽ വ്യവസ്ഥയ്ക്ക് തികച്ചും പ്രതികൂലമായിരുന്നു. രാജാക്കന്മാർപോലും ഫ്യൂഡൽ പ്രഭുക്കന്മാരെ നേരിടാൻ പട്ടണങ്ങളിലെ സമ്പന്നരുടെ സഹായം തേടുകയുണ്ടായി. ഇതിന്റെയൊക്കെ ഫലമായി ഫ്യൂഡലിസം തകരുകയും പുതിയൊരു സാമൂഹിക സാമ്പത്തിക വ്യവസ്ഥയായ മുതലാളിത്തം രൂപം കൊള്ളുകയും ചെയ്തു.

**നവോത്ഥാനം – ആരംഭം**

യൂറോപ്പിലെ നവോത്ഥാനം ആരംഭിച്ചത് എന്നാണെന്ന് കൃത്യമായി പറയാൻ സാധിക്കില്ലെങ്കിലും ഇറ്റാലിയൻ ചിന്തകന്മാർ മദ്ധ്യയുഗം അവസാനിക്കുന്ന ഘട്ടമായി എ.ഡി.1453 എന്ന വർഷത്തെ ചൂണ്ടിക്കാട്ടുന്നുണ്ട്. റോമിലെ ഒന്നാമത്തെ ക്രൈസ്തവ ചക്രവർത്തിയുടെ പുതിയ തലസ്ഥാനമായിരുന്ന കോൺസ്റ്റാൻറിനോപ്പിൾ തുർക്കികൾ ആക്രമിച്ചത് എ.ഡി.1453ലായിരുന്നു. അതോടുകൂടി പുരാതന പാണ്ഡിത്യത്തിന്റേതും സംസ്ക്കാരത്തിന്റേതും ആയ പൗരസ്ത്യദുർഗ്ഗം തകർന്നു പോയി. രണ്ടു ശതാബ്ദം മുമ്പേ രൂപപ്പെട്ടു തുടങ്ങിയ നവോത്ഥാനത്തിന് പെട്ടെന്ന് പൂർണ്ണരൂപം കൈവരിക്കാൻ കളമൊരുക്കിയത് ഈ സംഭവമായിരുന്നു. കോൺസ്റ്റാന്റിനോപ്പിളിൽ നിന്ന് ധാരാളം പണ്ഡിതന്മാർ മതപീഡനവും ശാരീരിക പീഡനവും ഭയന്ന് ഇറ്റലിയിൽ അഭയം പ്രാപിച്ചു. അതുവഴിയായി മറ്റ് യൂറോപ്യൻ രാജ്യക്കാർക്ക് അജ്ഞാതമായിരുന്ന ധാരാളം ഗ്രന്ഥങ്ങൾ ഇറ്റലിക്കാർക്ക് ലഭ്യമായി. ഈ ഗ്രന്ഥങ്ങൾ അവരുടെ കലാബോധത്തെയും സാഹിത്യ

ദർശനത്തെയും മതചിന്തയെയുമൊക്കെ അഗാധമായി സ്വാധീനിച്ചു. തത്ഫലമായി തത്വശാസ്ത്രത്തിന്റെയും രാഷ്ട്രമീമാംസയുടെയും വിവിധ രംഗങ്ങളിൽ വമ്പിച്ച പുരോഗതി ഉളവായി. യുക്തിബോധത്തിന്റെ വളർച്ച എല്ലാ ശാസ്ത്രശാഖകൾക്കും നവജീവൻ നൽകി.

കോൺസ്റ്റാന്റിനോപ്പിളിന്റെ പതനം പാശ്ചാത്യയൂറോപ്യൻ സംസ്ക്കാരത്തിനുമേൽ അസാധാരണമായ സ്വാധീനം ചെലുത്തിയ ഒരു സംഭവമായിരുന്നില്ലെന്നും യഥാർത്ഥത്തിൽ അച്ചടിയുടെ ദ്രുതതരമായ പ്രചാരമാണ് യൂറോപ്പിനെ തട്ടിയുണർത്തിയതെന്നും അങ്ങിനെ നോക്കിയാൽ അച്ചടി കണ്ടുപിടിച്ച വർഷമായ 1440[3] ആണ് നവോത്ഥാനത്തിന്റെ ആരംഭത്തെക്കുറിച്ചതെന്നും അഭിപ്രായമുണ്ട്. നവോത്ഥാനത്തിന്റെ ആശയം പ്രചരിപ്പിക്കുന്നതിൽ അച്ചടിയന്ത്രങ്ങൾ വഹിച്ച പങ്ക് വളരെയധികമാണ്. ജർമ്മനിയിലെ ഗുട്ടൻബർഗ്ഗ് ആണ് അച്ചടിയന്ത്രത്തിന്റെ ഉപജ്ഞാതാവ്. 1456ൽ ലത്തീൻ ഭാഷയിൽ അദ്ദേഹം അച്ചടിച്ച വേദപുസ്തകമാണ് അത്തരത്തിലുള്ള ആദ്യത്തെ സമ്പൂർണ്ണ ഗ്രന്ഥം[4]. അച്ചടിയന്ത്രത്തിന്റെ വ്യാപനത്തോടെ വായിക്കാനറിയാവുന്ന ഏതൊരാൾക്കും വിജ്ഞാനകേദാരങ്ങളായ ഗ്രന്ഥങ്ങൾ ലഭ്യമായിത്തീർന്നു. ഈ ഗ്രന്ഥങ്ങൾ മദ്ധ്യവർഗ്ഗത്തിൽപ്പെട്ടവരുടെ ചിന്താരീതിയെയും ജീവീതരീതിയെയും ഗണ്യമായി സ്വാധീനിക്കുകയുണ്ടായി. 1465 ൽ ഇറ്റലിയിലും 1470ൽ പാരീസിലും 1477ൽ ലണ്ടനിലും 1483ൽ സ്റ്റോക്ഹോമിലും മാഡ്രിഡിലും അച്ചടി സമ്പ്രദായം ആരംഭിച്ചു. അച്ചടിവിദ്യയുടെ ഈ പ്രചാരം യൂറോപ്പിലൊട്ടാകെ തന്നെ ഒരു സാംസ്കാരിക വിപ്ലവത്തിനുപറ്റിയ സാഹചര്യം സൃഷ്ടിക്കുകയുണ്ടായി.

അച്ചടിവിദ്യ പ്രചാരത്തിൽ വരുന്നതുവരെ ഏതാനും ആയിരം കൈയ്യെഴുത്തുപ്രതികൾ മാത്രമാണ് യൂറോപ്പിലുണ്ടായിരുന്നത്. അവ പ്രധാനമായും വൈദികനിയന്ത്രണത്തിലുള്ള വിദ്യാകേന്ദ്രങ്ങളുടെയും സന്യാസിമഠങ്ങളുടേയും കൈവശമായിരുന്നു. അച്ചടിവിദ്യ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തി. 15-ാം നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്കും കുറഞ്ഞത് 90 ലക്ഷം പുസ്തകങ്ങളെങ്കിലും യൂറോപ്പിൽ പ്രചരിച്ചതായി കണക്കാക്കപ്പെടുന്നു. സാഹിത്യം, കല, ശാസ്ത്രം, തത്വചിന്ത എന്നീ മേഖലകളിൽ ഇക്കാലത്ത് അനേകം ആധികാരിക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പതിനെട്ടാം നൂറ്റാണ്ടിൽ പാരമ്യത്തിലെത്തിയ സ്വതന്ത്ര വിപ്ലവചിന്തയ്ക്ക് വഴിയൊരുക്കിയത് അച്ചടിക്കപ്പെട്ട പുസ്തകങ്ങളുടെ പ്രചാരവും സ്വാധീനവുമായിരുന്നു.[5]

### ഇറ്റലിയിലെ വൈജ്ഞാനിക മുന്നേറ്റം

യൂറോപ്യൻ വാണിജ്യത്തിന്റെ കേന്ദ്രമായിരുന്ന ഇറ്റലി വലിയൊരു സമ്പത്തികശക്തിയെന്ന നിലയിൽ മാത്രമല്ല, സാംസ്കാരിക കേന്ദ്രമെന്ന നിലയിലും ശ്രദ്ധേയമായിരുന്നു. തുർക്കികൾ

ബൈസാന്റിയം അഥവാ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കും വരെ ആ നഗരത്തെ ഒരു തീർത്ഥാടന കേന്ദ്രം പോലെ ഇറ്റാലിയൻ പണ്ഡിതൻമാർ കരുതിയിരുന്നു. അങ്ങനെ പാണ്ഡിത്യം ഒരു പ്രത്യേകവർഗ്ഗത്തിന്റെയോ പുരോഹിതന്മാരുടെയോ കുത്തകയല്ലാതായി. ആഗ്രഹമുള്ളവരെല്ലാം പഠിച്ച് വിദ്വാന്മാരായി. ഗ്രീക്കുഭാഷാ പഠനം പുരോഗമിച്ചതോടുകൂടി ലൈബ്രറികളിലും മ്യൂസിയങ്ങളിലും കൈയെഴുത്തുപ്രതികൾ കുന്നുകൂടി. പാണ്ഡിത്യത്തിന്റെ ഈ മുന്നേറ്റത്തിൽ നിന്ന് റോമിലെ പൗരോഹിത്യം പോലും ഒഴിഞ്ഞുമാറിനിന്നില്ല. പൗരോഹിത്യമണ്ഡലത്തിലും രാഷ്ട്രീയമണ്ഡലത്തിലും ബഹുമതി ലഭിക്കുവാനുള്ള സുനിശ്ചിത മാർഗ്ഗം പാണ്ഡിത്യമാണെന്നുള്ള സ്ഥിതി സംജാതമായി. ഇറ്റലി ഒരു മഹാവിദ്യാലയമായി രൂപാന്തരപ്പെടുകയും ജർമനി, ഫ്രാൻസ്, സ്പെയിൻ മുതലായ യൂറോപ്പിലെ വിവിധ രാജ്യങ്ങൾ വിദ്യയ്ക്കുവേണ്ടി ഇറ്റലിയെ ആശ്രയിക്കുകയും ചെയ്തു.

ഗ്രീക്കു സാഹിത്യ കൃതികളുടെയും ലത്തീൻ ക്ലാസ്സിക്കുകളുടെയും ശ്രദ്ധാപൂർവ്വമായ പഠനം ഇക്കാലത്തു നടക്കുന്നുണ്ട്. അത് സാംസ്ക്കാരിക രംഗത്ത് വലിയ ചലനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ മുതലായ ഗ്രീക്കുചിന്തകന്മാരെക്കുറിച്ച് യൂറോപ്പ് അറിയുന്നത് ഇറ്റാലിയൻ പണ്ഡിതന്മാർ വഴിക്കാണ്. ആ അറിവുകളുടെ ഫലമായി ചരിത്രബോധവും സ്വതന്ത്രചിന്തയും പാരമ്പര്യത്തെക്കുറിച്ചുള്ള അഭിമാനവും ഉയർന്നുവന്നു.

ആധുനിക ചിന്താപദ്ധതികളിലേക്ക് മനുഷ്യന്റെ ചിന്തയെ തിരിച്ചുവിടാനും മതം, തത്വചിന്ത എന്നിവയെ സംബന്ധിച്ച് പുതിയ ധാരണകൾ വളർത്തുവാനും കല, ശാസ്ത്രം എന്നീ രംഗങ്ങളിൽ പുതിയ ഉണർവ്വ് ഉണ്ടാക്കുവാനും മനുഷ്യസ്വഭാവത്തെപ്പറ്റിയും ലോകസ്വഭാവത്തെപ്പറ്റിയുമുള്ള യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുവാനും വിവിധങ്ങളായ കണ്ടുപിടുത്തങ്ങൾക്ക് പ്രേരണ നൽകുവാനും വ്യത്യസ്തങ്ങളായ രാഷ്ട്രീയ വ്യവസ്ഥിതികൾക്ക് രൂപം കൊടുക്കുവാനും അറിവിന്റെ ഉദ്ധാരണവും വിതരണവും വളരെ സഹായകമായിരുന്നു.

ഇറ്റലിയിൽ ആരംഭിച്ച ഈ ചലനങ്ങൾ ജർമനി, ഫ്രാൻസ്, നെതർലണ്ട്, ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിലേക്കും വ്യാപിച്ചു. എല്ലാ രാജ്യങ്ങളിലും നവോത്ഥാനത്തിന്റെ സ്വാധീനം ഒരുപോലെയായിരുന്നില്ല. ഫ്രാൻസിൽ ഫ്യൂഡലിസം 18ാം നൂറ്റാണ്ടുവരെ നീണ്ടുനിന്നിരുന്നു. റഷ്യയിൽ അത് 19ാം നൂറ്റാണ്ടുവരെയും. നവോത്ഥാന ഫലമായി ചില രാജ്യങ്ങൾ രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക തലങ്ങളിൽ കൂടുതൽ വളർച്ച കൈവരിച്ചപ്പോൾ മറ്റു രാജ്യങ്ങൾ കലാ-സാഹിത്യ രംഗങ്ങളിലാണ് നേട്ടങ്ങൾ കൊയ്തത്. നവോത്ഥാന ചലനങ്ങൾ ഇംഗ്ലണ്ടിൽ പാർലമെന്ററി വ്യവസ്ഥിതിയുടെ വളർച്ചയ്ക്ക് കളമൊരുക്കി. രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലെ മാറ്റ

ങ്ങൾ വ്യവസായ വിപ്ലവത്തിനും മുതലാളിത്ത വ്യവസ്ഥിതിക്കും ജനാധിപത്യത്തിനും ദേശീയ വാദത്തിനും സോഷ്യലിസ്റ്റ് സിദ്ധാന്തത്തിനുമൊക്കെ രൂപം നൽകുകയുണ്ടായി.

രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും വൈജ്ഞാനികവുമായ മേഖലകളിലു ണ്ടായ നൂതനമായ ഈ ചലനങ്ങൾ മനുഷ്യന്റെ ചിന്തയിലും ജീവിത വീക്ഷണത്തിലുമൊക്കെ കാതലായ ചില പരിവർത്തനങ്ങൾ ഉളവാക്കുകയുണ്ടായി. ഈ പരിവർത്തനത്തിന്റെ ആകെത്തു കയാണ് നവോത്ഥാനം എന്ന് വിശേഷിപ്പിക്കപ്പെടുന്നത്.

**ഹ്യൂമനിസത്തിന്റെ വികാസം**

നവോത്ഥാന കാലത്ത് സ്വതന്ത്രരായ ചിന്തകന്മാർ പുരാതന കൃതികളിൽ നിന്ന് കടമെ ടുത്ത് പുതിയ ലോകത്തിന് സംഭാവന ചെയ്ത ഒരു വാക്കാണ് ഹ്യുമനിസം അഥവാ മാനവിക ത. ദൈവശാസ്ത്രത്തിന്റെ മേധാവിത്വത്തിൻ കീഴിൽ അടിമയെപ്പോലെ ജീവിച്ച മനുഷ്യൻ ആ അവസ്ഥയിൽ നിന്ന് മോചനം നേടി ഒരു സ്വതന്ത്രജീവിയാകാൻ നടത്തിയ പരിശ്രമമാണ് ഹ്യുമ നിസം എന്ന സങ്കൽപ്പത്തിനു വഴിവെച്ചത്. ദൈവത്തിന്റെ പേരിൽ പുരോഹിതന്മാർ നടത്തിയ സ്വേച്ഛാധിപത്യത്തെ തകർത്തെറിയാൻ ചിന്തകന്മാർ ഹ്യുമനിസത്തെ ഉപയോഗപ്പെടുത്തി. മനു ഷ്യജീവിതത്തിൽ ദിവ്യത്വത്തേക്കാൾ മാനുഷികതയ്ക്കാണ് അവർ പ്രാധാന്യം കൽപ്പിച്ചത്.

നവോത്ഥാനത്തിന്റെ സത്തയായ മാനവികത അലൗകികമായ ദൈവികതയിൽ നിന്ന്, യഥാർത്ഥമായ മനുഷ്യത്വത്തിലേക്ക് മനുഷ്യശ്രദ്ധയെ തിരിച്ചുവിട്ടു. 15ാം നൂറ്റാണ്ടിലെ പ്രസിദ്ധ ഇറ്റാലിയൻ ഹ്യുമനിസ്റ്റായ പിക്കാഡെല്ലാ മിറാണ്ടെല്ല മാനവികതയെപ്പറ്റി ഏകദേശം 900 പ്രമാ ണങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത പ്രമാണങ്ങളുടെ സാരാംശം, 'മനുഷ്യനേക്കാൾ ആശ്ചര്യകരമായി മറ്റൊന്നില്ല'[6] എന്നതായിരുന്നു. ഹ്യുമനിസ്റ്റ് ദാർശികനും നവോത്ഥാന കാല ഘട്ടത്തിലെ പണ്ഡിതനുമായിരുന്ന ഇറാസ്മസ് സാർവ്വലൗകികനായ ഒരു ആദർശമനുഷ്യനെ നവോത്ഥാനകാലത്തിന്റെ പ്രതീകമായി ഉയർത്തിക്കാട്ടി. വിജ്ഞാന ലോകത്തിലെ സ്തംഭനാവ സ്ഥകളെ ഭേദിച്ച് വിദ്വാന്മാർക്ക് ഹ്യുമനിസം എന്ന പുതിയ മാർഗ്ഗം തുറന്നുകൊടുത്ത വ്യക്തി പെട്രാർക്ക് ആണ്.

**ശാസ്ത്രബോധവും യുക്തിചിന്തയും**

പതിനഞ്ച്, പതിനാറ്, പതിനേഴ് ശതാബ്ദങ്ങളിലാണ് ആധുനിക ശാസ്ത്രം നിർണ്ണായക മായ പുരോഗതി കൈവരിച്ചത്. ഭൂമിയും സൗരയൂഥത്തിൽപ്പെട്ട മറ്റെല്ലാ ഗ്രഹങ്ങളും സൂര്യനെ യാണ് വലംവെക്കുന്നതെന്ന് കോപ്പർനിക്കസ് തെളിയിച്ചു. കോപ്പർനിക്കസിന്റെ സൗരയൂഥസിദ്ധാ

ന്തത്തെ ഗലീലിയോ (1564-1642) പൂർണ്ണതയിലെത്തിച്ചു. ഗലീലിയോയുടെ പ്രധാന കണ്ടുപിടുത്തമായിരുന്നു ടെലിസ്കോപ്പ്. ന്യൂട്ടന്റെ നിഗമനങ്ങൾ നവോത്ഥാനകാലത്തെ ഏറ്റവും വലിയ ശാസ്ത്രീയ സംഭാവനകളിൽപ്പെടുന്നു. ഹിപ്പോക്രാറ്റസിന്റെ നിഗമനങ്ങൾ ഉയിർത്തെഴുന്നേൽക്കുന്നതും ഇക്കാലത്താണ്. വില്യം ഹാർവ്വി രക്തചംക്രമണ സിദ്ധാന്തം 1610ലാണ് ആവിഷ്കരിക്കുന്നത്. അറബിഅക്കങ്ങളും ബീജഗണിതത്തിലെ പ്രാഥമികപാഠങ്ങളും അറബികളിൽനിന്നും ജ്യാമിതീയവും കണക്കും ഗ്രീക്കുകാരിൽ നിന്നും നവോത്ഥാനത്തിനു ലഭ്യമായി.

ശാസ്ത്രരംഗത്തുണ്ടായ ഈ പുരോഗതി മനുഷ്യരിൽ അങ്കുരിച്ചു തുടങ്ങിയ സത്യാന്വേഷണത്വരയുടെ ഫലമായിരുന്നു. യുക്തിബോധത്തിലധിഷ്ഠിതമായ ഒരു സമീപനം ജീവിതത്തിന്റെ സമസ്തമേഖലകളിലും സംക്രമിക്കുവാൻ ഈ ശാസ്ത്രബോധവും സത്യാന്വേഷണത്വരയും പ്രേരകമായിത്തീർന്നിട്ടുണ്ട്.

യുക്തിബോധത്തിനും സത്യാന്വേഷണത്തിനും എതിരെ മതമേധാവികളിൽ നിന്ന് ശക്തമായ എതിർപ്പുണ്ടായിട്ടുകൂടി ഇക്കാര്യത്തിൽ ശാസ്ത്രജ്ഞർ ഏറെയൊന്നും പുറകോട്ടുപോവാൻ തയ്യാറായിരുന്നില്ല. നവോത്ഥാന കാലഘട്ടത്തിലെ ശാസ്ത്രജ്ഞന്മാർ ഉപയോഗിച്ച നിരീക്ഷണം, ക്രമീകരണം, അപഗ്രഥനം, നിഗമനം എന്നീ ശാസ്ത്രീയ മാർഗ്ഗങ്ങൾ തന്നെയാണ് ആധുനികകാലത്തും ഉപയോഗപ്പെടുത്തിപ്പോരുന്നത്.[7]

**ഹ്യൂമനിസം മതനവീകരണങ്ങളിലേക്ക്**

നവോത്ഥാനവുമായി അഭേദ്യബന്ധമുള്ള ഒരു സംഭവവികാസമാണ് മതനവീകരണം (Reformation). ഇറ്റലിയിൽ ആരംഭിച്ച നവോത്ഥാനവും ജർമ്മനിയിൽ ആരംഭിച്ച നവോത്ഥാനവും ലോകചരിത്രത്തെ സ്പർശിച്ചവയും അന്യോന്യം ബന്ധപ്പെട്ടുകിടക്കുന്നവയുമാണ്. ദീർഘകാലമായി ചലനമില്ലാതെ കിടന്ന ചിന്താഗതിക്കെതിരായും ജീർണ്ണിച്ച ആചാരങ്ങൾക്കെതിരായും ഉയർന്നുവന്ന മനുഷ്യചൈതന്യത്തിന്റെ രണ്ടുവശങ്ങളാണ് നവോത്ഥാനവും മതനവീകരണവും. നവോത്ഥാനത്തിന്റെ പൊതുസ്വഭാവമായ സത്യാന്വേഷണ ത്വരയും യുക്തിബോധവും ഹ്യുമനിസവുമെല്ലാം ഈ മതനവീകരണ പ്രക്രിയയ്ക്കു പിന്നിലെ പ്രേരക ഘടകങ്ങളായിരുന്നു.

പതിനഞ്ചാം ശതകത്തിന്റെ അവസാനഘട്ടം മുതൽ ഫ്രാൻസ്, സ്പെയിൻ, ജർമ്മനി എന്നീ രാജ്യങ്ങളിലെ ജനങ്ങൾ ഇറ്റലിയുമായി നിരന്തരം ബന്ധം പുലർത്തുകയുണ്ടായി. ഇറ്റലിക്കാർ വളർത്തിക്കൊണ്ടുവന്ന വിശിഷ്ടമായ സംസ്കാരം സ്വന്തം രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കാൻ അങ്ങനെ ആ രാജ്യക്കാർക്ക് കഴിഞ്ഞു. തത്ഫലമായി യൂറോപ്പിലെ വിവിധ ജനതകൾ ചിന്താ

സ്വാതന്ത്ര്യത്തിനു വേണ്ടിയും ജീർണ്ണമായ വ്യവസ്ഥകളിൽ നിന്നുള്ള പരിവർത്തനത്തിനു വേണ്ടിയും ദാഹിച്ചു തുടങ്ങി. ആ അവസ്ഥയിൽ റോമിലെ സഭാനേതൃത്വം സ്വീകരിച്ച നയത്തിന്റെ പ്രതികരണമെന്ന നിലയിൽ മതനവീകരണം അനിവാര്യമാവുകയായിരുന്നു.

നവോത്ഥാനം ജർമ്മനിയിൽ പ്രത്യക്ഷപ്പെട്ടത് പ്രധാനമായും മതനവീകരണ (Reformation) പ്രസ്ഥാനമായിട്ടാണ്. എന്നാൽ അത് മതത്തിനെതിരായിരുന്നില്ല. പുരോഹിത മേധാവിത്വത്തെയും മതത്തിന്റെ പേരിൽ പ്രോൽസാഹിക്കപ്പെട്ടുവന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയുമാണ് റിഫർമേഷൻ ചോദ്യം ചെയ്തത്. അത് ഇറ്റാലിയൻ ആധിപത്യത്തിനെ തിരായ ജർമ്മൻ ദേശീയപ്രസ്ഥാനം കൂടിയായിരുന്നു. ജർമ്മനിയിൽ മാത്രമല്ല ഇംഗ്ലണ്ട്, നെതർല ണ്ട്, സ്വിറ്റ്സർലണ്ട് മുതലായ രാജ്യങ്ങളിലും മതനവീകരണ പ്രസ്ഥാനം ജനങ്ങൾക്കിടയിൽ ദേശ സ്നേഹവും രാഷ്ട്രീയബോധവും വളർത്തി. ചിന്തയുടെയും വിജ്ഞാന തൃഷ്ണയുടെയും മേൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളെ തട്ടിനീക്കുകയും ചെയ്തു.

ക്രിസ്തുമതത്തിൽ മുമ്പ് നിലവിലുണ്ടായിരുന്ന അനാചാരങ്ങൾ രൂക്ഷവിമർശനത്തിനു വിധേയമായിരുന്നു. വൈദികപട്ടം കിട്ടിയിരുന്ന പലരും വിദ്യാവിഹീനരും അസാന്മാർഗ്ഗികളുമാ യിരുന്നു. നവോത്ഥാനത്തിന്റെ സൃഷ്ടികളായ അന്വേഷണത്വരയും ചിന്തയും ശാസ്ത്രീയ വീക്ഷ ണവും കൈമുതലായുള്ള പുതിയ തലമുറ സ്വാഭാവികമായും സഭയ്ക്കെതിരെ തിരിഞ്ഞു. ആർഭാട ജീവിതം നയിക്കുന്ന പോപ്പ് യഥാർത്ഥത്തിൽ യേശുദേവന്റെ ഉദ്ബോധനങ്ങൾക്കെതിരാണെന്ന ജോൺ വൈക്ലിഫിന്റെ വീക്ഷണത്തിന് സമൂഹത്തിൽ ധാരാളം പിന്തുണ ലഭിച്ചു. റോം കേന്ദ്ര മാക്കി പ്രവർത്തിച്ചിരുന്ന കത്തോലിക്കാ മതത്തിന്റെ ഏകാധീശസ്വഭാവം അക്കാലത്ത് ചോദ്യം ചെയ്യപ്പെട്ടു. മാർട്ടിൻ ലൂഥർ ജർമ്മനിയിൽ വെച്ച് പോപ്പിന്റെ അനുശാസനാ പത്രം കത്തിച്ചുകള ഞ്ഞു. ദുഷിച്ച അധികാരപ്രമത്തതയെ ഇങ്ങനെ എതിർത്ത ലൂഥറിന് ധാരാളം അനുയായികളു ണ്ടായി. പ്രൊട്ടസ്റ്റന്റിസം അതുവഴി ഒരു മത സാമൂഹ്യശക്തിയായി വളർന്നു. മധ്യവർത്തികളായ പുരോഹിതന്മാരുടെ അപ്രമാദിത്വം ശക്തമായി ചോദ്യം ചെയ്യപ്പെട്ടു. കത്തോലിക്കാ മതത്തിന്റെ ഈ തകർച്ച യൂറോപ്യൻ സാസ്കാരിക ജീവിതത്തിൽ ഉളവാക്കിയ ചലനം വളരെയേറെ ആഴമു ള്ളതായിരുന്നു. ചുരുക്കത്തിൽ നവോത്ഥാന മനുഷ്യന്റെ വ്യക്തിത്വത്തിന് രൂപം കൊടുത്ത വിപ്ല വശക്തികളിൽ സർവ്വപ്രധാനമായത് പ്രൊട്ടസ്റ്റന്റിസമാണെന്നു പറയാം.

**അന്വേഷണ ത്വര - പുതിയ മാർഗ്ഗങ്ങളിൽ**

സത്യാന്വേഷണത്വര നവോത്ഥാനത്തിന്റെ ഒരു സ്വഭാവമാണെന്നും അത് ശാസ്ത്രവികാ സത്തെയും സമൂഹപരിണാമത്തെയും ഉത്തേജിപ്പിച്ചു എന്നും പറഞ്ഞുവല്ലോ. ഈ അന്വേഷണത്വര

ഭൂമിയുടെ അജ്ഞാതമേഖലകളിലേക്ക് കൂടി തിരിയുകവഴി പര്യവേക്ഷണയാത്രകൾ നവോത്ഥാനഘട്ടത്തിന്റെ ഒരു സ്വഭാവം തന്നെയായിരുന്നു. ആധുനിക യുഗത്തിന്റ ഉറവിടം മനുഷ്യന്റെ അന്വേഷണ ബുദ്ധിയെ ഉത്തേജിപ്പിക്കുകയും അത് യുവജനങ്ങളിൽ സാഹസികത വളർത്തിയെടുക്കുകയും ചെയ്തു. അങ്ങനെയാണ് ഭൂഗോളത്തിലെ അജ്ഞാത സ്ഥലങ്ങൾ തേടിയുള്ള യാത്രകൾ ആരംഭിക്കുന്നത്. അതുവഴി പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ ഭൂമിശാസ്ത്രപരമായ ധാരാളം ഇടങ്ങൾ കണ്ടുപിടിക്കപ്പെട്ടു. വടക്കുനോക്കിയന്ത്രത്തിന്റെ ഉപയോഗവും കപ്പൽനിർമ്മാണ ശാസ്ത്രത്തിലുണ്ടായ അഭിവൃദ്ധിയും ഭൂപട നിർമ്മാണത്തിലുണ്ടായ സൂക്ഷ്മതയും ഈ സമുദ്രയാത്രയ്ക്ക് അനുകൂലമായ സാഹചര്യമൊരുക്കി. വ്യാപാരം, മതപരിവർത്തനം, കോളനിസ്ഥാപനം തുടങ്ങിയ ലക്ഷ്യങ്ങളുമായി പാശ്ചാത്യർ പൗരസ്ത്യദിക്കുകളുമായി ബന്ധപ്പെട്ടപ്പോൾ അത് പാശ്ചാത്യ -പൗരസ്ത്യ സാംസ്ക്കാരിക വിനിമയത്തിനു സഹായകമായി.

**നവോത്ഥാനം കലയിലും സാഹിത്യത്തിലും**

മദ്ധ്യയുഗത്തിൽ കലയെ കൈയടക്കി വെച്ചിരുന്നത് ക്രൈസ്തവ സഭയായിരുന്നു. മതപ്രമാണങ്ങൾ ചുമക്കുന്നതിനുള്ള ഒരു വാഹനമായിരുന്നു അന്ന് കല. മതപരമായ ഇടപെടൽ കാരണം അന്ന് കലയും യഥാർത്ഥ മനുഷ്യജീവിതവും തമ്മിൽ വളരെക്കുറഞ്ഞ ബന്ധമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ നവോത്ഥാനഘട്ടത്തിൽ ശക്തിയും സൗന്ദര്യവും നിറഞ്ഞ മാനവികതയുടെ കലാസൃഷ്ടികളാണ് രൂപംകൊണ്ടത്.

നവോത്ഥാനത്തിന്റെ പ്രഭവകാലത്തെ ചിത്രകാരന്മാരിൽ പ്രമുഖരായിരുന്നു മൈക്കലാഞ്ചലോയും ലിയണാഡോ ഡാവിഞ്ചിയും. സൗന്ദര്യോപാസകനായ മൈക്കലാഞ്ചലോ മനുഷ്യരൂപങ്ങളെത്തന്നെയാണ് സൗന്ദര്യാവിഷ്ക്കാരത്തിന് വിഷയമാക്കിയത്. നവോത്ഥാന കാലത്തിന്റെ സന്തതികളിൽ ഏറ്റവും ശ്രദ്ധേയനായ ഡാവിഞ്ചിയുടെ ചിത്രങ്ങളും അപൂർവ്വമായ ആത്മസൗന്ദര്യത്തിന്റെ ആവിഷ്ക്കാരങ്ങളായിരുന്നു.

പ്രതിമാ നിർമ്മാണത്തിലും വാസ്തുവിദ്യയിലും സംഗീതത്തിലും നവോത്ഥാനം സ്വാധീനം ചെലുത്തുകയുണ്ടായി. മാർട്ടിൻ ലൂഥർ പള്ളിയിൽ സംഗീതത്തെ സാർവ്വത്രികമായി ഉപയോഗിക്കുന്നതു കൊണ്ടുണ്ടാകുന്ന മേന്മകൾ തിരിച്ചറിയുകയുണ്ടായി. സംഘഗാനത്തിൽ പങ്കുകൊള്ളണമെന്ന് അദ്ദേഹം നിഷ്കർഷിക്കുകയുണ്ടായി.

**നവോത്ഥാനം സാഹിത്യത്തിൽ**

നവോത്ഥാന കാലഘട്ടത്തിൽ പ്രാദേശികഭാഷാ സാഹിത്യം വളരെ പുഷ്ടിപ്പെടുകയു

ണ്ടായി. 14ാം നൂറ്റാണ്ടുവരെ ഇറ്റാലിയൻ, സ്പാനിഷ്, ഫ്രഞ്ച്, ജർമ്മൻ, ഇംഗ്ലീഷ് എന്നീ യൂറോപ്യൻ ഭാഷകളിൽ ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നില്ല. കാരണം നൂറ്റാണ്ടുകളോളം പാണ്ഡിത്യത്തിന്റെയും സാഹിത്യത്തിന്റെയും ഭാഷ സാധാരണക്കാർക്കജ്ഞാതമായ ലാറ്റിനായിരുന്നു. എന്നാൽ നവോത്ഥാന ദശയിൽ മേൽപ്പറഞ്ഞ യൂറോപ്യൻ ഭാഷകളിൽത്തന്നെ സാഹിത്യകൃതികൾ രചിക്കപ്പെട്ടു. ഇതിന്റെ കൂടി ഫലമായാണ് യൂറോപ്യൻ രാജ്യങ്ങളിലെ ജനങ്ങൾക്ക് ദേശീയപ്രബുദ്ധത കൈവന്നത്.

പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സാഹിത്യകാരന്മാരാണ് ദാന്തെ, പെട്രാർക്ക്, ബൊക്കാച്ചിയോ, ജീയോവാന്നി വില്ലാനി എന്നിവർ. നാട്ടുഭാഷയ്ക്കു വേണ്ടി വാദിച്ച വിമർശകൻ എന്ന നിലയിലാണ് ദാന്തെയുടെ പ്രസക്തി. വിശ്വാസത്തോടൊപ്പം സൗന്ദര്യം, പ്രേമം, ദേശസ്നേഹം, രാഷ്ട്രീയം എന്നിവയൊക്കെ ദാന്തെ തന്റെ കൃതികളിൽ പ്രതിപാദിച്ചു. ദാന്തെയുടെ പിൻഗാമിയായിരുന്ന പെട്രാർക്ക് നവോത്ഥാനത്തിന്റെ പിതാവായാണ് അറിയപ്പെടുന്നത്. തീവ്രമായ പ്രേമത്തെ പെട്രാർക്ക് തന്റെ 'പ്രിയപ്പെട്ട ലോറയ്ക്കുള്ള ഗീതികൾ' എന്ന ഗ്രന്ഥത്തിൽ വരച്ചുകാട്ടുന്നു. പെട്രാർക്കിനെ പിന്തുടരുന്ന ബൊക്കാച്ചിയോ സാധാരണക്കാരുടെ സുഖവും ദു:ഖവും ത്യാഗവും പ്രേമവും ഒക്കെയാണ് തന്റെ 'ദെക്കാമറൺ കഥ'കളിൽ പ്രതിപാദിച്ചിരിക്കുന്നത്. ഇറ്റലിക്കാരന്റെ ജീവിതതൃഷ്ണയ്ക്കുദാഹരണമാണ് ഈ കൃതി. വ്യക്തിയുടെ സംസ്ക്കരണത്തിൽ നിന്നും സമൂഹത്തിന്റെ സംസ്ക്കരണത്തിലേക്കും അവിടെ നിന്ന് വിശ്വ ശാന്തിയിലേക്കും വളരുന്ന മനുഷ്യത്വവാദമായിരുന്നു ഡച്ച് സാഹിത്യകാരനായ ഇറാസ്മസിന്റേത്. ചോസറിന്റെയും തോമസ് മൂറിന്റെയും മാക്കിയവെല്ലിയുടെയും ഷേക്സ്പിയറിന്റെയും മാർട്ടിൻ ലൂഥറിന്റെയും രചനകൾ നവോത്ഥാനകാലത്ത് വിപ്ലവാത്മക പരിവർത്തനങ്ങൾക്ക് കാരണമായിത്തീർന്നിട്ടുണ്ട്.

**കോളനിവൽക്കരണത്തിലേക്ക്**

അന്വേഷണത്വരയും തത്ഫലമായ പര്യവേക്ഷണയാത്രകളും നവോത്ഥാനത്തിന്റെ ഒരു സ്വഭാവമായിരുന്നുവെന്നു പറഞ്ഞു. എന്നാൽ, കാലാന്തരത്തിൽ ഇത് കോളനിവൽക്കരണം, മതപ്രചരണം തുടങ്ങിയ ലക്ഷ്യങ്ങളിൽ കേന്ദ്രീകരിക്കപ്പെട്ടു. തത്ഫലമായി നവോത്ഥാനത്തിന്റെ ചലനങ്ങൾ പിൽക്കാലത്ത് മറ്റു രാജ്യങ്ങളിൽ വമ്പിച്ച ചൂഷകശക്തിയായി പരിണാമപ്പെട്ടു.

മധ്യകാലത്തിന്റെ അവസാനമാകുമ്പോഴേക്കും ഭൂരിഭാഗം യൂറോപ്യൻരാജ്യങ്ങളും ക്രിസ്തുമതം സ്വീകരിച്ചിരുന്നു. എങ്ങനെയെങ്കിലും ഈ മതത്തെ ഒരന്തർദേശീയ മതമാക്കാനുള്ള തീവ്രമായ ആഗ്രഹം അവർക്കുണ്ടായി. പുതുതായി കണ്ടെത്തുന്ന രാജ്യങ്ങളിലെ ജനങ്ങളെ മതപരി

വർത്തനം ചെയ്യിക്കാനും അവർ ആഗ്രഹിച്ചു. കൂടാതെ പുതുതായി രൂപീകൃതമായ ദേശീയരാഷ്ട്ര ങ്ങളിലെ രാജാക്കന്മാർ അവരവരുടെ സമ്പത്തും കീർത്തിയും വർദ്ധിപ്പിക്കാൻ സദാ ശ്രമിച്ചുകൊ ണ്ടിരുന്നു.

പാശ്ചാത്യർ, പൗരസ്ത്യരെ സ്ഥിരമായി ചൂഷണം ചെയ്യാൻ അവിടങ്ങളിലെ രാഷ്ട്രീയാ ധികാരം കൈയടക്കി. ഇതിന്റെ ഫലമായി സമ്പത്ത് പൗരസ്ത്യ രാജ്യങ്ങളിൽ നിന്ന് യൂറോപ്പി ലേക്ക് പ്രവഹിച്ചു. മറ്റ് രാജ്യങ്ങളിലെ സമ്പത്ത് ചൂഷണം ചെയ്ത് യൂറോപ്യൻ രാജ്യങ്ങൾ കൂടു തൽ മൂലധനം സമ്പാദിച്ചത് വ്യവസായ വിപ്ലവത്തിന് കളമൊരുക്കി. വ്യാവസായിക വിപ്ലവത്തോടെ ചൂഷണത്തിന്റെ ശക്തിയും വർദ്ധിച്ചു. യൂറോപ്യൻ നവോത്ഥാനം ഇതര നാടുകളിലുണ്ടാക്കിയ ഫലങ്ങൾ ഇത്തരത്തിലുള്ള കോളനിവൽക്കരണങ്ങളും സാമ്രാജ്യത്വ ചൂഷണവുമൊക്കെയാണ്.

**നവോത്ഥാനത്തിന്റെ സത്ത**

അടിച്ചേൽപ്പിക്കപ്പെട്ട വിശ്വാസങ്ങളിൽ നിന്ന് യുക്തിബോധത്തിലേക്കും സ്വതന്ത്രചിന്ത യിലേക്കുമുള്ള പരിവർത്തനമാണ് നവോത്ഥാനകാലത്ത് നടന്നത്. കപടമായ ആദ്ധ്യാത്മികത യിൽ നിന്ന് ഭൗതികതയിലേക്കും അമാനുഷികതയിൽ നിന്ന് മാനുഷികതയിലേക്കും മനുഷ്യ ചിന്ത ഈ ഘട്ടത്തിൽ പ്രയാണമാരംഭിക്കുന്നു. ബുദ്ധിശക്തിയിലും ചിന്താശക്തിയിലും അജയ്യ നായ മനുഷ്യന് അവന്റെ അപാരമായ കഴിവുകളെക്കുറിച്ചുള്ള ബോധം നവോത്ഥാനകാലം സമ്മാ നിച്ചതാണ്. മനുഷ്യർ കൂടുതൽ പഠനവിധേയമാക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും സാഹി ത്യരചനയ്ക്ക് വിഷയമാക്കപ്പെടുകയും ചെയ്തു. ബന്ധനങ്ങളിൽ നിന്നും പരമ്പരാഗതമായ വിശ്വാ സങ്ങളിൽ നിന്നുമുള്ള വ്യതിയാനം കലാകാരന്മാരുടെ ഭാവനയിൽ വിപ്ലവാത്മകമായ പരിവർത്ത നങ്ങൾ സൃഷ്ടിച്ചു. ചുറ്റുമുള്ള പ്രകൃതിയും മനുഷ്യൻ തന്നെയും അവന്റെ ഭാവനയുടെ കേന്ദ്ര സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുകയും അതുവഴി പുതിയൊരു സൗന്ദര്യബോധത്തിനു തുടക്ക മാവുകയും ചെയ്തു. കലാകാരന്മാരുടെ വ്യക്തിത്വവും പ്രതിഭയും ഹ്യുമനിസ്റ്റ് മനോഭാവവും കലകളിലൂടെ ആവിഷ്കൃതമാവാൻ തുടങ്ങി.

വിജ്ഞാനതൃഷ്ണയുടെയും അന്വേഷണബുദ്ധിയുടേയും ജിജ്ഞാസയുടെയും വേളയാ യിരുന്നു നവോത്ഥാനകാലം. അത് ജനങ്ങളിൽ സാഹസികത വളർത്തി. ബാഹ്യശക്തികളുടെ ഇടപെടലുകളിൽ നിന്ന് സ്വതന്ത്രമാവാൻ തുടങ്ങിയതോടെ സ്വന്തമായ പരീക്ഷണങ്ങൾക്കും നിരീ ക്ഷണങ്ങൾക്കും സാഹചര്യമൊരുങ്ങി. ഈ രീതിയിലുള്ള പരിവർത്തനങ്ങൾ യൂറോപ്പിന്റെ ആന്ത രിക ചേതനയെ സമ്പുഷ്ടമാക്കിയപ്പോൾ പുറത്ത് – പൗരസ്ത്യദേശത്ത് അവ ശുഭകരമായല്ല ഭവി

ച്ചത്. കോളനിവൽക്കരണവും സാമ്രാജ്യത്വവും വഴിയുള്ള ചൂഷണവും ദാരിദ്ര്യവുമൊക്കെയായിരുന്നു പൗരസ്ത്യലോകത്തിന്റെ അനുഭവം ഈ രീതിയിലുള്ള ഇടപെടൽ പൗരസ്ത്യലോകത്തിന്റെ സാമൂഹിക-സാമ്പത്തിക ഘടനയിൽ അസമത്വങ്ങൾക്കു കാരണമാവുകയും ചെയ്തു.

യൂറോപ്പിലുണ്ടായ ഈ പരിവർത്തനങ്ങൾ ഇന്ത്യയിലും പിന്നീട് കേരളത്തിലും പ്രതികൂലവും അനുകൂലവുമായ സ്വാധീനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത് ചിലപ്പോൾ പ്രത്യക്ഷവും മറ്റു ചിലപ്പോൾ പരോക്ഷവും ആയിരുന്നു.

**ഭാരതനവോത്ഥാനം**

മതത്തിന്റെ കൈകാര്യകർത്താക്കളായി നിലകൊണ്ട മേലാളവർഗ്ഗത്തിനെതിരെയുള്ള പ്രതിഷേധങ്ങൾ ഭാരതീയ സാമൂഹ്യഘടനയിൽ നൂറ്റാണ്ടുകൾക്കുമുമ്പേ തന്നെ അരങ്ങേറുന്നുണ്ട്. അതുകൊണ്ടുതന്നെ ഭാരതത്തിലെ നവീകരണ പ്രസ്ഥാനങ്ങൾക്ക് ജാതിമത പരിഷ്ക്കരണ സ്വഭാവമാണ് പൊതുവെ കാണാനാവുക. ബി.സി. ആറാം നൂറ്റാണ്ടിൽ ഉദയം ചെയ്ത ബുദ്ധ-ജൈന-ചർവ്വാക സിദ്ധാന്തങ്ങൾ പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ പങ്കുവെച്ച ആശയഗതികളായിരുന്നു. ജന്മി-നാടുവാഴി സമ്പ്രദായത്തിന്റെ വികാസദശകളിൽ ഉയർന്നുവന്നവയാണ് എ.ഡി.ആറ്, ഏഴ് നൂറ്റാണ്ടുകളിൽ ദക്ഷിണേന്ത്യയിൽ രൂപം കൊണ്ട ഭക്തിപ്രസ്ഥാനം. പന്ത്രണ്ടാം നൂറ്റാണ്ടിൽ കർണ്ണാടകയിൽ രൂപം കൊണ്ട വീര ശൈവ മതം വേദങ്ങളുടെ ആധികാരികതയെയും ബ്രാഹ്മണാധികാരത്തെയും എതിർക്കുന്നുണ്ട്. ബുദ്ധനും വർദ്ധമാനനും തങ്ങളുടെ വ്യവഹാര ഭാഷയായി ഉപയോഗിക്കുന്നത് ദേവഭാഷയായി എണ്ണിയിരുന്ന സംസ്കൃതമല്ല മറിച്ച് പാലിയാണ്. സംസ്കൃതത്തിന്റെ കടന്നുകയറ്റമുണ്ടായിട്ടും തമിഴകത്ത് നായനാർമാരും ആഴ്വാർമാരും ശുദ്ധതമിഴിൽ തന്നെയാണ് ഭക്തിഗീതങ്ങൾ പാടിയിരുന്നത്.

പതിനാലാം നൂറ്റാണ്ടിൽ ജീവിച്ച രാമാനന്ദനിൽ ഭക്തിക്കൊപ്പം സാമൂഹ്യവിമർശനം കൂടി ഉൾച്ചേർന്നിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായ കബീർ ഹിന്ദു-ഇസ്ലാം മതങ്ങളിലെ ജീർണ്ണതകളെ നിശിതമായി വിമർശിച്ചിരുന്നു. ഇന്ത്യയിലുടനീളമുള്ള പ്രാദേശികഭാഷകൾ സമ്പുഷ്ടമാവുന്നതിന് വിവിധ ധാരയിലധിഷ്ഠിതമായ ഭക്തിപ്രസ്ഥാനം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. വിവിധ കാലങ്ങളിലും പ്രദേശങ്ങളിലുമായി ഭാരതീയ പശ്ചാത്തലത്തിൽ ദൃശ്യമാവുന്ന ഉണർവ്വിന്റെ അനവധിയായ ഇത്തരം പശ്ചാത്തലങ്ങളെ ഉൾക്കൊണ്ടുകൂടിയേ പത്തൊമ്പതാം നൂറ്റാണ്ടിലെ ഭാരത നവോത്ഥാനത്തെ വിലയിരുത്താനാവുകയുള്ളൂ.

യൂറോപ്യൻ നവോത്ഥാനത്തിന്റെ ഫലമായ കോളനിവൽക്കരണത്തിന്റെ ഏറ്റവും വലിയ ഇര ഭാരതമായിരുന്നു. ഇന്ത്യയിൽ അധികാരമുറപ്പിക്കാനുള്ള യൂറോപ്യൻ ശക്തികളുടെ മത്സര

ത്തിൽ പൂർണവിജയം നേടാൻ കഴിഞ്ഞത് ഇംഗ്ലണ്ടിനാണ്. അധികാരസ്ഥാപനത്തിനുവേണ്ടി എത്തിയ അവരിലൂടെ വന്നുചേർന്ന ആശയങ്ങളാണ് കോളനിവത്കൃത ഇന്ത്യയിൽ നവോത്ഥാനത്തിനു തുടക്കം കുറിച്ചത്. അതിൽ പ്രധാനം ഇംഗ്ലീഷ് ഭാഷയാണ്. ഇന്ത്യൻ സംസ്കാരത്തേക്കാൾ പലതുകൊണ്ടും പരിഷ്കൃതമായ ഒരു സാമൂഹ്യരാഷ്ട്രീയസാംസ്കാരവുമായി ഇടപഴകുവാൻ അങ്ങനെ ഇന്ത്യക്കാർക്ക് ആദ്യമായി അവസരം ലഭിക്കുകയായിരുന്നു.

സഹസ്രാബ്ദങ്ങൾക്കു മുമ്പു തന്നെ ഭാരതം ലോകത്തിന്റെ നാനാ ഭാഗങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ട്. അതുവഴി ഭാരതത്തിന് ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. സാംസ്കാരികമായ വിനിമയത്തിലൂടെ വൈദേശിക സംസ്കാരങ്ങളിൽ നിന്ന് ഇന്ത്യയും ഇന്ത്യൻ സംസ്കാരത്തിൽ നിന്ന് വിദേശരാജ്യങ്ങളും ശക്തി നേടുകയുണ്ടായിട്ടുണ്ട്. ആര്യന്മാർ മുതൽ മുഗളന്മാർ വരെ ഇന്ത്യയിൽ വന്നിട്ടുള്ള വൈദേശിക ശക്തികളും ഈ പരസ്പര വിനിമയമാണ് നടത്തിയിട്ടുള്ളത്. എന്നാൽ യൂറോപ്യൻ ശക്തികളുടെ വരവ് ഇന്ത്യയെ സംബന്ധിച്ച് ഒരു പുതിയ അനുഭവമായിരുന്നു. നമ്മുടെ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക മണ്ഡലങ്ങളുടെ പരിമിതിയും ജീർണ്ണതയും നമുക്ക് തന്നെ തിരിച്ചറിയാൻ അവസരം തന്നത് ബ്രിട്ടീഷ് ആധിപത്യമാണ്. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും പുതിയൊരു മാനുഷിക സങ്കൽപം ഉണ്ടാകണമെന്ന് നമ്മെ ബോധ്യപ്പെടുത്തിയതും അതിനുവേണ്ടിയുള്ള ശ്രമങ്ങൾക്ക് നമ്മെ പ്രേരിപ്പിച്ചതും ഇംഗ്ലീഷുകാരുടെ സാമൂഹ്യസങ്കൽപമാണ്.

ഭാരതനവോത്ഥാനം യൂറോപ്യൻ നവോത്ഥാനത്തിന്റെ പകർപ്പോ പിൻതുടർച്ചയോ ആണെന്ന് പറയുന്നത് ശരിയായിരിക്കില്ല. എന്നാൽ നവോത്ഥാനം പല പ്രകാരത്തിലും പാശ്ചാത്യ സംസ്കാരത്തോടും യൂറോപ്യൻ നവോത്ഥാനത്തോടും കടപ്പെട്ടിരിക്കുന്നു എന്നു സമ്മതിച്ചേ തീരൂ. ആധുനിക ശാസ്ത്രത്തിൽ ഗലീലിയോയിൽ ആരംഭിച്ച പുതിയ കണ്ടുപിടുത്തങ്ങൾ പുരാതന വിശ്വാസങ്ങളെ പലതിനേയും ചോദ്യം ചെയ്യുന്നതായിരുന്നു. അച്ചടിയന്ത്രം, വെടിമരുന്ന്, കണ്ണാടി, വടക്കുനോക്കിയന്ത്രം, കടലാസ്സ്, ഭൂപടം തുടങ്ങിയവയുടെ കണ്ടുപിടുത്തങ്ങളും യൂറോപ്പിന്റെ ബൗദ്ധിക മണ്ഡലത്തെ ആകെ ഉലയ്ക്കുകയുണ്ടായി. ഫ്രഞ്ചു വിപ്ലവത്തോടെ പുരോഗതി എന്ന ആശയം യൂറോപ്പിന്റെ തന്നെ കാഴ്ചപ്പാടായിത്തീർന്നു. ഇപ്രകാരം സാമൂഹിക മാറ്റത്തിലും പുരോഗതിയിലും വിശ്വസിച്ചിരുന്ന യൂറോപ്പിനെയാണ് 19ാം നൂറ്റാണ്ടിലെ ഇന്ത്യയ്ക്ക് നേരിടേണ്ടി വന്നത്. സ്വാഭാവികമായും ഇന്ത്യയുടെ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിലെല്ലാം സമൂലമായ പരിവർത്തനത്തിന് പ്രേരണയുണ്ടായി. രാജാറാം മോഹൻറോയിയെപ്പോലുള്ള പരിഷ്കൃതാശയന്മാർ ഈ മാറ്റങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

ഭാരതനവോത്ഥാനത്തിന്റെ അരങ്ങേറ്റം ബംഗാളിലായത് യാദൃശ്ചിക സംഭവമല്ല. ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന്റെ ഫലങ്ങൾ ആദ്യം അനുവിച്ചത് ബംഗാളാണ്. 18ാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ തന്നെ ബംഗാൾ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്നു. ബംഗാളിൽ അതിനുമുമ്പും രാഷ്ട്രീയ പരിവർത്തനങ്ങളും അധികാരമാറ്റങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും ബ്രിട്ടീഷ് സമ്പർക്കത്തിന്റെ ഫലം ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു.

പാശ്ചാത്യ അധിനിവേശകർ അക്രമണകാരികൾ മാത്രമായിരുന്നില്ല, ആധുനിക സാംസ്കാരത്തിന്റെ വാഹകന്മാർ കൂടിയായിരുന്നു. യൂറോപ്യൻ വ്യാപാരികളോടൊപ്പം വന്ന ക്രൈസ്തവ മിഷണറിമാർ വിദ്യാഭ്യാസ പ്രചരണത്തിൽ മുൻകൈയെടുത്തു. അവർ ജനങ്ങളുമായി ഇടപഴകി ബംഗാളിയും മറ്റു ഭാരതീയ ഭാഷകളും പഠിച്ചു. അച്ചുകൂടങ്ങളും പള്ളിക്കൂടങ്ങളും സ്ഥാപിച്ചു. ഭാരതീയ ഭാഷകളിൽ അനവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പത്രപ്രവർത്തനത്തിന് ആരംഭമിടുകയും ചെയ്തു. ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിൽ ഉൽപതിഷ്ണുക്കളായ ഇന്ത്യാക്കാരും അപ്രധാനമല്ലാത്ത ഒരു പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ ഈ വിദ്യാഭ്യാസ പ്രചരണത്തിന്റെ പ്രധാന ഏജന്റ് ബ്രിട്ടീഷ് ഗവൺമെന്റ് തന്നെയായിരുന്നു. ഈ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഭാഗമായി അവർ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രചാരം നൽകി. വ്യത്യസ്ത ഭാഷകൾ സംസാരിച്ചിരുന്ന ഇന്ത്യക്കാർക്ക് പരസ്പരം ആശയവിനിമയം നടത്താൻ ഒരു ബന്ധഭാഷ ഉണ്ടായി എന്നതാണ് അതിന്റെ ഏറ്റവും വലിയ ഗുണഫലം. ഇംഗ്ലീഷ് ഭാഷയിലൂടെ ലഭിച്ചത് ഒരു ദേശീയഭാഷയെയും ഒരു ലോകഭാഷയെയുമാണ്. അങ്ങനെ ലോകത്തിലെ മറ്റു ജനസമുദായങ്ങളുമായി സംവദിക്കാൻ ഇന്ത്യക്കാർക്ക് അവസരമുണ്ടായി. അതോടെ ഇന്ത്യ ലോകസമുദായത്തിലെ ഒരംഗമായി ഭവിക്കുകയായിരുന്നു.

പാശ്ചാത്യ മിഷണറിമാർ ഇന്ത്യയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാലത്ത് ഇവിടെ പരമ്പരാഗതമായ ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് നിലവിലിരുന്നത്. 19ാം നൂറ്റാണ്ടിന്റെ ആരംഭകാലങ്ങളിൽ ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണാധികാരികൾ വിദ്യാഭ്യാസപ്രശ്നം സംബന്ധിച്ച് വ്യത്യസ്തങ്ങളായ രണ്ടഭിപ്രായഗതികൾ വെച്ചു പുലർത്തിയിരുന്നു. ഇന്ത്യക്കാർക്ക് തികച്ചും ഭാരതീയപാരമ്പര്യമനുസരിച്ചുള്ള വിദ്യാഭ്യാസം മതിയെന്ന് ഒരു കൂട്ടർ. മറ്റേ കൂട്ടർ പാശ്ചാത്യ സമ്പ്രദായത്തിനനുസരിച്ചുള്ള നൂതന വിദ്യാഭ്യാസത്തിന്റെ വക്താക്കളും. 1823ലാണ് ബംഗാളിൽ ആദ്യത്തെ പൊതുവിദ്യാഭ്യാസ സമിതി ഏർപ്പെടുത്തപ്പെട്ടത്. അതിനെത്തുടർന്ന് കൽക്കത്തയിൽ ഒരു സംസ്കൃത കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. ഈ സംരംഭത്തെ രാജാറാം മോഹൻറോയ് ശക്തമായി എതിർക്കുകയുണ്ടായി. നാട്ടുകാരുടെ അഭിവൃദ്ധിയാണ്

ബ്രിട്ടീഷ് ഗവൺമെന്റിന്റെ ലക്ഷ്യമെങ്കിൽ ഗണിതശാസ്ത്രം, പ്രകൃതിശാസ്ത്രം, രസതന്ത്രം, ശാരീരികശാസ്ത്രം മുതലായ ഉപയോഗപ്രദങ്ങളായ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുരോഗമനോന്മുഖവും ഉദ്ബുദ്ധവുമായ വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യയിൽ നടപ്പിൽ വരുത്തുകയാണ് ചെയ്യേണ്ടതെന്ന് അദ്ദേഹം വാദിച്ചു. റോയിയുടെ പ്രതിഷേധം നിഷ്ഫലമായില്ല. പിൽക്കാലത്ത് ഗവൺമെന്റ് വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് അദ്ദേഹം നിർദ്ദേശിച്ച മാതൃകയിലായിരുന്നു.

അച്ചടിവിദ്യയും വിദ്യാഭ്യാസ പ്രചരണവും ജനങ്ങൾക്കിടയിൽ പ്രബുദ്ധത വളർത്തി. പത്രപ്രവർത്തനം പൊതുജനാഭിപ്രായ പ്രകടനത്തിന് സൗകര്യമുണ്ടാക്കി. വിദ്യയും വിജ്ഞാനവും ബ്രാഹ്മണരുടെ കുത്തകയായിരുന്ന അവസ്ഥയ്ക്കു മാറ്റം വന്നു. ഇംഗ്ലീഷ് സാഹിത്യവുമായുള്ള സമ്പർക്കം പുതിയ സാഹിത്യ പ്രവണതകൾക്ക് വഴിതെളിച്ചു. മതവിശ്വാസം, സാമൂഹ്യാചാരങ്ങൾ, ജീവിത വീക്ഷണം എന്നിവയിലെല്ലാം പുതിയ സമീപനരീതികൾ ദൃശ്യമായി.

ബ്രിട്ടീഷ് ഭരണത്തിനു മുമ്പുള്ള ഇന്ത്യൻ ഭരണസംവിധാനവും സാമൂഹ്യ വ്യവസ്ഥിതിയും ഉച്ചനീചത്വങ്ങളെയും അനീതികളെയും അരക്കിട്ടുറപ്പിക്കുന്നവയായിരുന്നു. നാമമാത്രമായ മേൽക്കോയ്മയുള്ള മുഗൾ ചക്രവർത്തി, ചക്രവർത്തിക്കു കീഴിൽ മാടമ്പിമാരും നാട്ടുപ്രമാണിമാരും ഇതായിരുന്നു അന്നത്തെ ഭരണവ്യവസ്ഥ. ഇന്ത്യയൊട്ടുക്ക് ഹിന്ദുമുസ്ലീം രാജാക്കന്മാരുടെ മേൽ ബ്രാഹ്മണർക്ക് അതിരുകവിഞ്ഞ സ്വാധീനമാണുണ്ടായിരുന്നത്. ചാതുർവർണ്യത്തിന്റെ ചട്ടക്കൂടിനകത്താണ് ഈ വ്യവസ്ഥിതി ഉറപ്പിച്ചിരുന്നത്. ബ്രിട്ടീഷ് ഭരണവും അതുവഴി ആശയരംഗത്തും സാമൂഹിക സാമ്പത്തിക രംഗത്തും വന്ന മാറ്റങ്ങളും ഈ വ്യവസ്ഥിതിയെ പാടെ ഉലച്ചു.

ബ്രിട്ടീഷുകാരുടെ അധിനിവേശം, അതിനുമുമ്പ് ഈ രാജ്യത്തിന് നേരിടേണ്ടി വന്ന എല്ലാ അധിനിവേശങ്ങളിൽ നിന്നും തീർത്തും ഭിന്നമായിരുന്നു. ഇതിനെപ്പറ്റി കാറൽമാർക്സ് ഇങ്ങനെ പറഞ്ഞിരിക്കുന്നു: ഇന്ത്യയെ തുടർച്ചയായി ആക്രമിച്ചു കീഴടക്കിയ അറബികൾ, തുർക്കികൾ, താർത്തരന്മാർ, മുഗളന്മാർ മുതലായവരെല്ലാം അതിവേഗം ഹിന്ദുവൽക്കരിക്കപ്പെട്ടു. ഒരനശ്വര ചരിത്ര നിയമത്തിന്റെ ഫലമായി ബാർബേറിയൻ (അപരിഷ്കൃത) ആക്രമണകാരികൾ തങ്ങൾ ആക്രമിച്ചു കീഴ്പ്പെടുത്തിയ ജനങ്ങളുടെ മെച്ചപ്പെട്ട സംസ്കാരത്തിനു വിധേയരായിത്തീർന്നു. എന്നാൽ കൂടുതൽ മെച്ചപ്പെട്ട ഒരു സംസ്കാരത്തോടു കൂടിയ ആദ്യത്തെ ആക്രമണകാരികളായിരുന്നു ബ്രിട്ടീഷുകാർ. അതുകൊണ്ട് അവർ ഇന്ത്യയിലെ ആദ്യത്തെ സാമൂഹ്യവിപ്ലവത്തിന്റെ ഉപകരണമായിത്തീരുകയും ചെയ്തു.

ബ്രിട്ടീഷ് ഭരണം സ്ഥാപിതമായതോടു കൂടി ചെറിയ രാജാക്കന്മാരുടെ എണ്ണം കുറയു

കയും അവരുടെ കീഴിലുണ്ടായിരുന്ന ഭൂവിഭാഗങ്ങൾ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ കീഴിലാവുകയും ചെയ്തു. ഗതാഗതം, വാർത്താവിനിമയം എന്നീ രംഗങ്ങളിൽ അവർ ഉണ്ടാക്കിയ അഭിവൃദ്ധി ജനങ്ങൾക്ക് പരസ്പര സമ്പർക്കത്തിനു വഴിയൊരുക്കി. പഴയ ഗ്രാമീണസമ്പദ്ഘടന തകരുകയും അതിന്റെ സ്ഥാനത്ത് വ്യക്തികളുടെ പ്രയത്നത്തിന് സാമ്പത്തികമൂല്യമുള്ള പുതിയ വ്യവസ്ഥിതി നിലവിൽവരികയും ചെയ്തു. കൂട്ടുകുടുംബം, ജാതി, ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾക്ക് ഇളക്കം തട്ടുന്നതിന് സമ്പദ്‌വ്യവസ്ഥയിൽ വന്ന ഈ മാറ്റം കാരണമായി.

ഭാരതനവോത്ഥാനത്തിന്റെ മുന്നേറ്റത്തിനും സാമൂഹ്യവിപ്ലവത്തിന്റെ വിജയത്തിനും സഹായകമായ നിലപാടാണ് ബ്രിട്ടീഷ് ഭരണാധികാരികൾ സ്വീകരിച്ചത്. അതിനാൽ അവർക്ക് യാഥാസ്ഥിതികരായ സവർണ്ണഹിന്ദുക്കളുടെ എതിർപ്പ് നേരിടേണ്ടി വരികയും ചെയ്തു. കേന്ദ്രീകൃതമായ ഭരണരീതി, വ്യക്തികൾക്ക് തുല്യത കൽപിക്കുന്ന നീതിനിർവ്വഹണ സമ്പ്രദായം, നിയമവാഴ്ച ഇതെല്ലാം ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യയ്ക്കു ലഭിച്ച അനുഗ്രഹങ്ങളായിരുന്നു.

മതപരിഷ്ക്കരണപ്രസ്ഥാനവും സാമൂഹികപരിഷ്ക്കരണ പ്രസ്ഥാനവും ഇന്ത്യൻ നവോത്ഥാനത്തിന്റെ രണ്ടു പ്രധാന വശങ്ങളായിരുന്നു. 19ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ബംഗാളിൽ ഈ രണ്ടു പ്രസ്ഥാനങ്ങളും ആരംഭിച്ച, ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച ഉൽപതിഷ്ണുക്കളായിരുന്നു അവയുടെ നേതാക്കന്മാർ.

ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവായ റാം മോഹൻ റോയ് പാശ്ചാത്യ പൗരസ്ത്യ സമന്വയത്തിന്റെ തികഞ്ഞ പ്രതീകമായിരുന്നു. അദ്ദേഹം ബഹുദൈവ വിശ്വാസത്തെയും വിഗ്രഹാരാധനയെയും എതിർത്തു. ജാതി വ്യവസ്ഥയ്ക്കെതിരെ ആഞ്ഞടിച്ച അദ്ദേഹം സതി സമ്പ്രദായവും ബാല്യവിവാഹവും നിരോധിക്കുവാൻ ബ്രിട്ടീഷ് ഗവൺമെന്റിന് പ്രേരണ നൽകി. വിധവാവിവാഹത്തെ പ്രോൽസാഹിപ്പിച്ച മോഹൻറോയ് ഇംഗ്ലീഷ് വിദ്യാഭ്യാസം ശാസ്ത്ര പുരോഗതിക്ക് അനിവാര്യമാണെന്ന് കരുതി. ഏകദൈവ വിശ്വാസം പ്രചരിപ്പിക്കുന്നതിന് വേണ്ടി അദ്ദേഹം 1828ൽ സ്ഥാപിച്ച ബ്രാഹ്മസഭ പിന്നീട് ബ്രാഹ്മണ സമാജമായിത്തീർന്നു. കേശവേന്ദ്രസെന്നും ദേവേന്ദ്രനാഥ് ടാഗോറും ബ്രഹ്മസമാജത്തിന്റെ പിൽക്കാല നായകന്മാരായിരുന്നു. സ്ത്രീവിമോചനത്തിന്റെ ആചാര്യനായിരുന്ന ഈശ്വർ ചന്ദ്രവിദ്യാ സാഗറിന്റെ ശ്രമഫലമായി വിധവാവിവാഹത്തിന് നിയമപരമായ അംഗീകാരം ലഭിച്ചു. ഗോപാൽ ഹരിദേശ്മുഖും ജ്യോതിബാ ഗോവിന്ദ ഫൂലേയും ചേർന്ന് ബ്രാഹ്മണ മേധാവിത്വത്തിനെതിരായി ശക്തമായ ഒരു സമരം നടത്തുകയും താണജാതിക്കാരുടെ ഉദ്ധാരണത്തിനായി സത്യബോധക് സമാജ് എന്നൊരു സംഘം സ്ഥാപിക്കുകയും ചെയ്തു. മതനവീകരണവും സാമൂഹ്യ പരിഷ്ക്കാരവും ലക്ഷ്യമാക്കി ബംഗാളിലുദ്ഭവിച്ച പ്രസ്ഥാ

നമാണ് രാമകൃഷ്ണ മിഷൻ. ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ സ്വാമി വിവേകാനന്ദൻ ഭാരതനവോത്ഥാനത്തിന്റെ ഭാസുരമായ പ്രതീകമാണ്. ആനിബസന്റിന്റെ ബ്രഹ്മ വിദ്യാസംഘവും വടക്കെ ഇന്ത്യയിലെ ആര്യസമാജവും സാമൂഹ്യ നവീകരണരംഗത്ത് ശ്രദ്ധേയമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്.

1857ൽ നടന്ന ഒന്നാം സ്വാതന്ത്ര്യ സമരത്തിനു ശേഷമാണ് ഇന്ത്യയിലെ മുസ്ലീങ്ങൾ പാശ്ചാത്യവിദ്യാഭ്യാസത്തിൽ ആകൃഷ്ടരായിത്തീർന്നത്. മുസ്ലീംങ്ങളുടെ ഉണർവ്വിന് നേതൃത്വം നൽകിയത് സർസയ്യദ് അഹമ്മദ്ഖാനാണ്. ചരിത്രപരമായ കാരണങ്ങളാൽ മുസ്ലീങ്ങൾ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് അകന്ന് നിൽക്കുകയോ അകറ്റിനിർത്തുപ്പെടുകയോ ചെയ്തിരുന്നു. അതുകൊണ്ട് അവർക്ക് ഇംഗ്ലീഷ് പഠിക്കുവാനോ ഭരണത്തിൽ പങ്കാളികളാകുവാനോ സാധിച്ചിരുന്നില്ല. അതേസമയം വിവിധജാതിക്കാരായ ഹിന്ദുക്കൾ ഇംഗ്ലീഷ് പഠിക്കുകയും സർക്കാർ സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ഈ സ്ഥിതി തുടർന്നാൽ മുസ്ലീങ്ങൾ മുഖ്യധാരയിൽ നിന്ന് ഒറ്റപ്പെടുമെന്ന് കണ്ട സയ്യദ് അഹമ്മദ് മുസ്ലീങ്ങളെ പാശ്ചാത്യവിദ്യാഭ്യാസം കൊണ്ട് പ്രബുദ്ധരാക്കാനുള്ള ശ്രമങ്ങളാരംഭിക്കുകയുണ്ടായി. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി വന്ന അലിഗഡ് പ്രസ്ഥാനമാണ് ഇന്ത്യൻ മുസ്ലീങ്ങളുടെ നവോത്ഥാനത്തിന്റെ വേദിയൊരുക്കിയത്. ആധുനിക ഇന്ത്യയിലെ മഹാകവികളിൽ ഒരാളായ മുഹമ്മദ് ഇക്ബാൽ സാമൂഹിക മാറ്റത്തിന് പുതിയൊരു ലോകവീക്ഷണം വളർത്തിയെടുക്കാൻ ഉദ്ബോധിപ്പിച്ചു. മതാനുഷ്ഠാനങ്ങളിലെ അമിതമായ നിഷ്കർഷയെ അദ്ദേഹം അപലപിച്ചു.

ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ സുസ്ഥിരമായതോടെ ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച ഇന്ത്യൻ ഉദ്യോഗസ്ഥന്മാരെ ബ്രിട്ടീഷുകാർക്കാവശ്യമായി വന്നു. ഇന്ത്യൻ സംസ്ക്കാരത്തെ അപേക്ഷിച്ച് മാനവികതയിലും യുക്തിബോധത്തിലും അധിഷ്ഠിതമായ യൂറോപ്യൻ സംസ്കാരം ഇന്ത്യയിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള മെക്കാളെ പ്രഭുവിനെപ്പോലുള്ളവരുടെ പ്രവർത്തനങ്ങളും ഇന്ത്യയിലെ ഇംഗ്ലീഷ് വിദ്യാഭ്യാസ പ്രചരണത്തിന് കളമൊരുക്കി.

ചുരുക്കത്തിൽ പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ ഫലമായി യുക്തിചിന്ത, ശാസ്ത്രബോധം, സാങ്കേതിക ജ്ഞാനം, ജനാധിപത്യ ചിന്താഗതി, സാമൂഹ്യസമത്വം എന്നീ ആശയങ്ങൾ ഇന്ത്യൻ ജനതയിൽ വളർന്നുവന്നു. ബംഗാളിൽ രൂപം കൊണ്ട ഭാരതീയ നവോത്ഥാനത്തിന്റെ ചില അനുരണനങ്ങൾ പിൽക്കാലത്ത് കേരളത്തിലും എത്തിച്ചേരുന്നുണ്ട്. എന്നാൽ അതിനു മുമ്പേ തന്നെ നവോത്ഥാനത്തിന്റേതായ ഒരു അന്തരീക്ഷം കേരളത്തിൽ സജ്ജമായിക്കഴിഞ്ഞിരുന്നു.

**കേരള നവോത്ഥാനം**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിലാണ് കേരളത്തിൽ സാമൂഹിക നവോത്ഥാനം ആരംഭിക്കുന്നതെന്ന് പൊതുവെ പറയാറുണ്ട്. എന്നാൽ ആ നവോത്ഥാനത്തെ യാഥാർത്ഥ്യമാക്കിത്തീർത്ത സാമൂഹിക ചലനങ്ങൾ അതിനും വളരെ വർഷങ്ങൾക്കു മുമ്പേ രൂപപ്പെടുന്നുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽ ശക്തിപ്പെട്ട നവോത്ഥാനം അവിടെത്തന്നെ പൂർണ്ണമാകുന്നില്ല. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലുണ്ടായ പലതരം സാമൂഹിക മുന്നേറ്റങ്ങൾ കൂടി ഉൾക്കൊണ്ട് കുറേക്കൂടി വികസിതമായ അവസ്ഥ നവോത്ഥാനത്തിന് വന്നു ചേരുന്നുണ്ട്. തൊള്ളായിരത്തി അമ്പതുകൾ വരെ നവോത്ഥാനത്തിന്റെ തുടർച്ച നമുക്ക് കാണാം. അഥവാ തൊള്ളായിരത്തി അമ്പതുകളിൽ മാത്രമാണ് കേരളീയ നവോത്ഥാനം പൂർണ്ണത കൈവരിക്കുന്നത്.

നവോത്ഥാനത്തിന്റെ ഈ നൈരന്തര്യത്തിന്റെ അടിസ്ഥാനത്തിൽ കേരളീയ നവോത്ഥാനത്തിന് പലഘട്ടങ്ങളുണ്ടെന്ന് കണ്ടെത്താൻ കഴിയും.

1. ബ്രിട്ടീഷ് ഭരണത്തിന്റെയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും ഫലമായുണ്ടായ വൈദേശികാശയങ്ങളുടെ സ്വാധീനഫലമായ നവോത്ഥാനം. 19ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ പുതിയ സാഹിത്യരൂപങ്ങളുടെയും സാഹിത്യ സംവാദങ്ങളുടെയും രൂപത്തിലാണ് ഇത് പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. ബ്രിട്ടീഷ് ഭരണത്തിലായിരുന്ന മലബാറിലാണ് ഇത് പ്രധാനമായും ആരംഭം കുറിക്കുന്നത്.
2. മിഷണറിമാരുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഫലമായി കീഴ്ത്തട്ടിലുള്ള ജനവിഭാഗങ്ങളിലുണ്ടായ ഉണർവ്വ്. കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും ഇത് ഉണ്ടായിട്ടുണ്ട്. പിൽക്കാലത്തെ സാമുദായികമായ സംഘടനകൾക്കും സംഘടിത മുന്നേറ്റങ്ങൾക്കും പ്രേരകമായത് ഇത്തരത്തിൽ സമൂഹത്തിന്റെ അടിത്തട്ടിലുണ്ടായ പുത്തനുണർവ്വാണ്.
3. ഭാരതീയമായ ആത്മജ്ഞാനതത്വങ്ങളെ പുനർവ്യാഖ്യാനിച്ചു കൊണ്ട് ശ്രീനാരായണഗുരു നടത്തിയ സാമൂഹിക പരിഷ്ക്കരണശ്രമങ്ങളുടെ ഫലമായുണ്ടായ ഉണർവ്വ്. ആദ്യം ഈഴവ സമുദായങ്ങളും പിന്നീട് ഇതര സമുദായങ്ങളും സംഘടിത മുന്നേറ്റങ്ങൾ വഴി വിപ്ലവത്തിലെ പുതിയ ചാലകശക്തിയായി മാറുന്നത് നാരായണ ഗുരുവിന്റെ വിപ്ലവകരമായ ചില പരിശ്രമങ്ങളുടെ ഫലമായാണ്.
4. സ്വാതന്ത്ര്യസമര കാലത്ത് കോൺഗ്രസ്സ് പ്രവർത്തകരും ചില പുരോഗമനേച്ഛുക്കളും നടത്തിയ സാമൂഹിക പരിഷ്ക്കരണശ്രമങ്ങൾ കേരളത്തിലെ നവോത്ഥാനത്തെ മുന്നോട്ട് നയിച്ച

ഘടകങ്ങളാണ്. വൈക്കം സത്യാഗ്രഹം, ക്ഷേത്രപ്രവേശന വിളംബരം തുടങ്ങിയവ ഇത്തരം നവോത്ഥാന ശ്രമങ്ങളുടെ അടയാളങ്ങളാണ്.

5. അടിസ്ഥാന വർഗ്ഗത്തിന്റെ മോചനം ലക്ഷ്യമിട്ട് കമ്യൂണിസ്റ്റ് പ്രസ്ഥാനം തൊള്ളായിരത്തി മുപ്പതുകൾ മുതൽ നടത്തിയ സാമൂഹിക മുന്നേറ്റങ്ങൾ. സമൂഹത്തിലും സാഹിത്യത്തിലും ഒരേപോലെ വൻ സ്വാധീനമുളവാക്കാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്. കമ്യൂണിസ്റ്റ് പ്രസ്ഥാനം അധികാരത്തിലെത്തുന്ന അമ്പതുകൾ വരെ ഇത് നീണ്ടുനിൽക്കുന്നു.

നവോത്ഥാനത്തിന്റെ ഈ ഓരോ വിഭാഗവും ഒറ്റക്കൊറ്റയ്ക്ക് മുന്നേറിയതല്ല. ഓരോന്നും മറ്റൊന്നുമായി പരോക്ഷമായോ പ്രത്യക്ഷമായോ ബന്ധപ്പെട്ടിരിക്കുന്നുണ്ട്. നവോത്ഥാനത്തിന്റെ ഈ ചവിട്ടുപടികളെ സ്വാധീനിച്ച സാമൂഹിക സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് ഇനി പരിശോധിക്കാം.

**പത്തൊമ്പതാം നൂറ്റാണ്ടിലെ സമൂഹം**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യം വരെയും ജാതിവ്യവസ്ഥയും ബ്രാഹ്മണാധിപത്യവും ഉച്ചനീചത്വങ്ങളുമൊക്കെ കൂടിക്കുഴഞ്ഞ മനുഷ്യത്വവിരുദ്ധമായ ഒരു സാമൂഹ്യവ്യവസ്ഥിതിയാണ് കേരളത്തിൽ നിലവിലിരുന്നത്. തൊഴിൽ വിഭജനത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ ജാതി വ്യവസ്ഥ സാമൂഹിക സംവിധാനത്തിന്റെ നിർണ്ണായക ഘടകമായി ഇക്കാലമത്രയും ഫ്യൂഡലിസത്തിന്റെ പിന്നണിശക്തിയായി നിലകൊണ്ടിരുന്നു. വടക്കേ ഇന്ത്യയിൽ വളർന്നുവന്ന സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾക്ക് അവിടത്തെ ഭരണാധികാരികളായ ബ്രിട്ടീഷുകാരുടെ താങ്ങും തണലുമുണ്ടായിരുന്നെങ്കിലും കേരളത്തിലെ അവസ്ഥ തീർത്തും വ്യത്യസ്തമായിരുന്നു. ജാതി വ്യവസ്ഥയുടെ നടത്തിപ്പുകാരായിരുന്ന രാജാക്കന്മാരും പ്രഭുക്കന്മാരുമൊക്കെ വർണ്ണാശ്രമ ധർമ്മത്തിൽ നിന്ന് തലനാരിഴയോളമുള്ള വ്യതിചലനം പോലും അംഗീകരിച്ചിരുന്നില്ല. 'മര്യാദ', 'മാർഗ്ഗം' തുടങ്ങിയ പേരുകളിൽ ഓരോ ജാതിക്കും നിശ്ചയിച്ചിരുന്ന ജീവിതക്രമത്തിന്റെ ഉദ്ദേശ്യം സവർണ്ണ ജാതിക്കാരുടെ ലൗകികസൗഖ്യം മാത്രമായിരുന്നു. അന്നത്തെ ഭരണവ്യവസ്ഥയെപ്പറ്റി റവ. മെറ്റിയർ ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നുണ്ട്:

"താഴ്ന്ന ജാതിക്കാർക്ക് പൊതുനിരത്തുകളിലൂടെ സഞ്ചരിക്കാൻ പാടില്ലായിരുന്നു. തീണ്ടാപ്പാടകലം അതിക്രമിച്ച് കടക്കുന്ന താഴ്ന്ന ജാതിക്കാരനെ നായർ ആ നിമിഷം വെട്ടിവീഴ്ത്തിയിരുന്നു. അത്തരം ആളുകളെ പെട്ടെന്ന് തിരിച്ചറിയാൻ വേണ്ടി അവർക്ക് അരയ്ക്കു മേൽ വസ്ത്രം ധരിക്കുവാൻ അനുവാദം നൽകപ്പെട്ടിരുന്നില്ല. ചെരിപ്പോ കുടയോ വിലകൂടിയ വസ്ത്രങ്ങളോ അവർക്കുപയോഗിക്കാൻ പാടില്ലായിരുന്നു. കോരിച്ചൊരിയുന്ന മഴയുണ്ടായാൽപ്പോലും ബ്രാഹ്മ

ണർക്കല്ലാതെ മറ്റാർക്കും കുടപിടിക്കാൻ അനുവാദമുണ്ടായിരുന്നില്ല. ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീ ചെയ്യേണ്ട ആചാരം അവളുടെ മുലക്കച്ച മാറ്റി പ്രദർശിപ്പിക്കുകയായിരുന്നു"[8]

സാമൂഹിക ജീവിതത്തിന്റെ ക്ഷേമൈശ്വര്യങ്ങൾക്കെന്ന പേരിൽ അനുഷ്ഠിച്ചു പോന്നിരുന്ന, ധർമ്മത്തിനും യുക്തിക്കും നിരക്കാത്ത ഇത്തരം അനാചാരങ്ങൾ അടിത്തട്ടിലെന്ന പോലെ മുകൾത്തട്ടിലും സജീവമായിരന്നു. അനാചാരങ്ങൾക്കൊപ്പം ദുരഭിമാനത്തിലും അഭിരമിച്ചിരുന്ന നായർ സമുദായത്തിലെ സ്ത്രീകളുടെ അവസ്ഥയായിരുന്നു ശോചനീയം. സാമൂതിരി, കൊച്ചി രാജാക്കന്മാർ, ജന്മികളായ കേരളബ്രാഹ്മണർ തുടങ്ങിയവർക്ക് സഹശയനത്തിനുള്ള ഉപാധികളായിരുന്നു നായർ സ്ത്രീകൾ. അമ്മച്ചി, നേത്യാരമ്മ തുടങ്ങിയ സ്ഥാനങ്ങളായിരുന്നു അതിനുള്ള പ്രതിഫലം. തിരണ്ടുകുളി, സംബന്ധം, ദായക്രമം, താലികെട്ടുകല്യാണം തുടങ്ങിയ ദുരാചാരങ്ങളിലൂടെ നായർസമുദായത്തെ അവരുടെ മേലാളന്മാർ തന്നെയാണ് അവഹേളനത്തിനു പാത്രമാക്കിയിരുന്നത്. കിട്ടാവുന്നത്രയും ഭൗതിക സമ്പത്ത് നാനാവഴികളിൽ നിന്ന് ഒത്തു ചേർന്നപ്പോൾ നമ്പൂതിരുമാരുടെ ജീവിതം ലൗകിക സുഖാസക്തിയിൽ മുങ്ങിയമർന്നു പോവുകയും അങ്ങനെ അത് അസാന്മാർഗികതയുടെ കൂത്തരങ്ങായി ഭവിക്കുകയും ചെയ്തു. ഇത് നമ്പൂതിരി സമുദായത്തിനകത്തു തന്നെ ഒരുപാട് ജീർണ്ണതകൾക്ക് കാരണമായിത്തീർന്നിട്ടുണ്ട്. "പട്ടിയായി ജനിക്കാം, പൂച്ചയായി ജനിക്കാം, ഇനിയൊരു ജന്മമുണ്ടെങ്കിൽ മറ്റേതു നികൃഷ്ട ജീവിയായും ജനിക്കാം. പക്ഷേ, ഒരില്ലത്തെ അപ്ഫനായി ജനിക്കുവാൻ സാദ്ധ്യമല്ല" എന്ന് വി.ടി. ഭട്ടതിരിപ്പാടിന്റെ പ്രസ്താവം വരേണ്യവർഗ്ഗത്തിലെ ജീർണ്ണതയുടെ സ്പഷ്ടമായ ചിത്രണമാണ്.

ഇങ്ങനെ പലരീതിയിലും കുത്തഴിഞ്ഞ സാംസ്ക്കാരികാന്തരീക്ഷത്തിൽ നിന്നു വേണമായിരുന്നു കേരളത്തിന്റെ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾ സാധിക്കേണ്ടിയിരുന്നത്. ബ്രിട്ടീഷുകാരുടെ ആധിപത്യവും ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളും പാശ്ചാത്യ ആശയങ്ങളുടെ പ്രചാരണവും സമ്മാനിച്ച പുതിയ മൂല്യബോധം പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ കേരള സമൂഹത്തെ പരിവർത്തനങ്ങളിലേക്കു കൈപിടിച്ചുയർത്തുകയായിരുന്നു.

**ബ്രിട്ടീഷുകാരുടെ വരവും മിഷണറിമാരുടെ പ്രവർത്തനങ്ങളും**

പതിനാറാം നൂറ്റാണ്ടുമുതൽക്കു തന്നെ കേരളം വൈദേശിക ശക്തികളുടെ പ്രഭാവം അനുഭവിച്ചു തുടങ്ങുന്നുണ്ടെങ്കിലും സാമൂഹികമായ പരിവർത്തനത്തിന്റെ ശക്തമായ അലകൾ ഉണ്ടായത് ബ്രിട്ടീഷ് സാന്നിദ്ധ്യത്തിന്റെ ഫലമായാണ്. ഇത് പ്രധാനമായും പ്രത്യക്ഷമായത് വിദ്യാഭ്യാസ പ്രവർത്തനങ്ങളായാണ്. വരേണ്യ വർഗ്ഗത്തിന്റെ കൈപ്പിടിയിലൊതുങ്ങി നിന്നിരുന്ന വിദ്യാഭ്യാസത്തെ ജനാധിപത്യവൽക്കരിക്കുന്നതിൽ മിഷണറിമാർ വഹിച്ച പങ്ക് വളരെ വലുതാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിലെത്തിയ മിഷണറിമാരുടെയും ലണ്ടൻ മിഷൻ സൊസൈറ്റി, ചർച്ച് മിഷൻ സൊസൈറ്റി, ബേസൽ മിഷൻ സൊസൈറ്റി എന്നീ മൂന്നു മിഷണറി സംഘങ്ങളുടെയും പ്രവർത്തനങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ നവീകരിക്കുകയും ആധുനികവത്കരിക്കുകയും ചെയ്തു. പുതിയ ചിന്തകൾക്കും ആശയങ്ങൾക്കും വേദിയൊരുക്കുക വഴി കേരളത്തിന്റെ നിശ്ചലമായ യാഥാസ്ഥിതിക സമൂഹത്തെ ചലനാത്മകമാക്കുന്നതിന് മറ്റു ഘടകങ്ങൾക്കൊപ്പം മിഷണറി പ്രവർത്തനങ്ങളും കാരണമായി.

സാമൂഹികസമത്വങ്ങൾക്കും ജാതിചിന്തകൾക്കുമെതിരായ ആയുധമായി വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തിയത് മിഷണറിമാരാണ്. തൊട്ടുകൂടായ്മയ്ക്കും തീണ്ടലിനുമെതിരായ പ്രതികരണങ്ങൾ ആദ്യമുണ്ടാവുന്നതും അവരിൽ നിന്നാണ്. ജാതിശ്രേണിയിലെ അടിത്തട്ടിൽ വസിച്ചിരുന്ന അധ:സ്ഥിത വർഗ്ഗക്കാരെ അറിവിന്റെ വെളിച്ചത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുവാൻ മിഷണറി പ്രവർത്തനങ്ങൾക്ക് സാധിച്ചു. ഗവൺമെന്റ് സ്കൂളുകൾ സവർണ്ണർക്കു മാത്രമായാണ് നടന്നിരുന്നതെങ്കിൽ മിഷണറിമാർ തങ്ങളുടെ സ്ഥാപനങ്ങൾ എല്ലാ ജാതിക്കാർക്കുമായി തുറന്നിട്ടുകൊടുത്തു. വിവിധ ജാതിമതസ്ഥരായ കുട്ടികൾ ഒറ്റ മേൽക്കൂരയ്ക്കു കീഴിൽ പഠനം നടത്തിയിരുന്ന കാഴ്ച്ച അക്കാലത്തെ വിപ്ലവകരമായ ഒരു സംഭവം തന്നെയായിരുന്നു.

കേരളത്തിൽ ശൂദ്രജാതിക്കും താഴെ സ്ഥാനം നൽകപ്പെട്ടിരുന്ന ദളിതർ ജന്മനാ തന്നെ ജാതിവ്യവസ്ഥ അടിച്ചേൽപ്പിച്ച മൃഗതുല്യമായ അടിമത്തത്തിലാണ് കഴിഞ്ഞുകൂടിയിരുന്നത്. ഈ അടിമത്തത്തിനും അസമത്വത്തിനും എതിരായി വാദിച്ചത് ക്രിസ്ത്യൻ മിഷണറിമാരായിരുന്നു. ഒരു പരിധിവരെ ഇതിന്റെ ഫലമായിരുന്നു ചാന്നാർ ലഹള. മിഷണറിമാരുടെ പ്രവർത്തനഫലമായി ഉദ്ബുദ്ധരായ ചാന്നാർ സ്ത്രീകൾ (ഇന്ന് നാടാർ എന്നറിയപ്പെടുന്ന വിഭാഗം) ശരീരത്തിന്റെ സ്വകാര്യത സംരക്ഷിക്കാൻ വേണ്ടി സ്വയം മുന്നിട്ടിറങ്ങിയ സമരമായിരുന്നു അത്. പ്രതിരോധം കലാപത്തിലേക്കു നീങ്ങിയപ്പോൾ 1859ൽ തിരുവിതാംകൂർ ഗവൺമെന്റ് അനുകൂല ഉത്തരവിറക്കുകയാണുണ്ടായത്. കീഴാള ജനത സവർണമേധാവിത്വത്തിനു മേൽ നേടിയ ആദ്യത്തെ വിജയമായിരുന്നു അത്.

**പാശ്ചാത്യാശയങ്ങളുടെ കടന്നുവരവ്**

സാമൂഹികരംഗത്തുണ്ടായ മാറ്റങ്ങൾക്കൊപ്പം ആശയതലത്തിലും ഒട്ടേറെ ചലനങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലുണ്ടായി. ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച വിഭാഗങ്ങൾ ദേശീയതയെക്കുറിച്ച് ചിന്തിക്കുകയും ദേശീയബോധം പ്രചരിപ്പിക്കാൻ തുടങ്ങുകയും

ചെയ്തു. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് മിഷണറിമാർ മുൻകൈയെടുത്തത് സാംസ്കാരിക രംഗത്തെ വളർച്ചയ്ക്ക് ആക്കം കൂട്ടി. മലയാളത്തിൽ പത്രപ്രവർത്തനത്തിന് തുടക്കം കുറിക്കുന്നതും പാശ്ചാത്യ സംഗീതവും സംഗീതോപകരണങ്ങളും കേരളീയർക്ക് പരിചയപ്പെടുത്തുന്നതും മിഷണറിമാരാണ്.

പാഠപുസ്തകങ്ങളെപ്പറ്റി കേട്ടുകേൾവി പോലുമില്ലാതിരുന്ന ഒരു കാലത്താണ് ഡോ. ഹെർമൻ ഗുണ്ടർട്ട് ചരിത്രം, സയൻസ്, ജ്യോഗ്രഫി, ഗണിതശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കാൻ മലയാളത്തിൽ പുസ്തകം തയ്യാറാക്കുകയും അച്ചടിക്കുകയും ചെയ്തത്. മലയാളി വിദ്യാർത്ഥികളെ ഹിന്ദിപഠിപ്പിക്കുന്നതിനുള്ള ഒരു പുസ്തകംതന്നെ അദ്ദേഹം തയ്യാറാക്കുകയുണ്ടായി.

ഇന്ത്യയിലെ മിക്കവാറും എല്ലാ പ്രാദേശിക ഭാഷകളിലും പത്രപ്രവർത്തനം ആരംഭിച്ചത് ക്രിസ്ത്യൻ മിഷണറിമാരായിരുന്നു. മതപ്രചരണമായിരുന്നു മുഖ്യ ലക്ഷ്യമെങ്കിലും ജാതിവ്യവസ്ഥിതി കാരണം സാമൂഹിക അരാജകത്വവും അന്ധവിശ്വാസങ്ങളും നിറഞ്ഞുനിന്നിരുന്ന കേരളീയ സാമൂഹികാന്തരീക്ഷത്തിൽ സാമൂഹിക പുരോഗതിക്കുള്ള പ്രധാന ചാലകശക്തിയായി അവർ പത്രങ്ങളെ ഉപയോഗപ്പെടുത്തി. 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം മുതൽ കേരളജനതയിൽ ഉണ്ടായിത്തുടങ്ങിയ തദ്ദേശീയമായ ഉണർവ്വാണ് അനേകം പത്രങ്ങളുടെ പിറവിക്കുള്ള പശ്ചാത്തലമായി ഭവിച്ചത്.

മലയാളത്തിലെ ഒന്നാമത്തെ മാസികപത്രമായ 'രാജ്യസമാചാരം' 1847ലാണ് പുറത്തുവന്നത്. അതേവർഷം തന്നെ പുറത്തുവന്ന 'പശ്ചിമോദയം' നവീന ശാസ്ത്രവിഭാഗങ്ങളെ പരിചയപ്പെടുത്തുന്ന പത്രമായിരുന്നു. ശാസ്ത്ര - സാഹിത്യ ലേഖനങ്ങൾക്കു പുറമെ യാത്രാവിവരണങ്ങളും നോവലുകളും ഖണ്ഡ:ശ പ്രസിദ്ധീകരിക്കുന്ന രീതിക്ക് തുടക്കം കുറിച്ചത് 'ജ്ഞാനനിക്ഷേപ'മാണ് (1848). 1866ൽ ആരംഭിച്ച 'കേരളം' പോലുള്ള പത്രങ്ങൾ രാഷ്ട്രീയ വിഷയങ്ങളിൽ നേരിട്ടിടപെടാൻ തുടങ്ങി. ഇരുപതാം നൂറ്റാണ്ടിനു മുമ്പു തന്നെ പത്രങ്ങൾ സമൂഹത്തിന്റെ സജീവ ധാരയായിത്തീരുകയും സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ രംഗങ്ങളിലേക്ക് അവയുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു കഴിഞ്ഞിരുന്നു. 'കേരളപത്രിക' (കോഴിക്കോട്, 1884), 'കേരളസഞ്ചാരി' (1886), 'കേരളമിത്രം' (കൊച്ചി 1881), 'മലയാള മനോരമ' (കോട്ടയം, 1890) തുടങ്ങി നിരവധി പത്രങ്ങൾ പുതിയ സാമൂഹികമുന്നേറ്റങ്ങൾക്ക് വീര്യം പകർന്നു.

മിഷണറിമാരുടെ പ്രവർത്തനങ്ങളിലൂടെയാണ് ഇംഗ്ലീഷിന്റെ സാന്നിദ്ധ്യം സാഹിത്യത്തിന് നേട്ടമായിത്തീർന്നത്. ഇംഗ്ലീഷ് വിദ്യാലയങ്ങൾ സമൂഹത്തിലെന്ന പോലെ സാഹിത്യത്തിലും

വമ്പിച്ച സ്വാധീനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ സ്വാധീനമാണ് പാശ്ചാത്യമായ സാഹിത്യരൂപങ്ങളുടെ കടന്നുവരവിന് കാരണമായത്. ഗദ്യസാഹിത്യത്തിന്റെയും കവിതയുടെയും വളർച്ചയിലെ സുപ്രധാന കാലഘട്ടമാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടം. നവോത്ഥാന കാലത്തെ സാമൂഹിക ചലനങ്ങളിൽ നിന്ന് കരഗതമായ ഊർജ്ജവും ആത്മവിശ്വാസവുമാണ് പരമ്പരാഗതമായ താവഴികളിൽ നിന്ന് മാറി നടക്കാൻ സാഹിത്യകാരന്മാരെ പ്രാപ്തരാക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ പുതിയൊരു സാഹിത്യ രൂപമായി നോവൽ പ്രത്യക്ഷപ്പെടുന്നതുവരെ സാഹിത്യമെന്നാൽ പദ്യം മാത്രമായിരുന്നു. അവയാകട്ടെ സംസ്കൃത കാവ്യപാരമ്പര്യത്തെ മുഖ്യമായും പിന്തുടരുന്നതും. പുരാണേതിഹാസങ്ങളുമായി അഭേദ്യബന്ധമുള്ളവയായിരുന്ന അവയുടെ പ്രമേയം. രൂപത്തിലും ഭാവത്തിലും ഈ സമ്പ്രദായത്തെ മാറ്റിമറിച്ചു കൊണ്ടാണ് നോവൽ എന്ന സാഹിത്യരൂപം 'ഇന്ദുലേഖ'യിലൂടെ മലയാളത്തിൽ അവതരിക്കപ്പെടുന്നത്.

നോവൽ എന്ന പദത്തിന്റെ ധാത്വർത്ഥം പുതിയത് എന്നാണ്[9]. യൂറോപ്പിൽ ജന്മമെടുത്തു വളരെക്കാലം കഴിഞ്ഞാണ് മലയാളത്തിൽ നോവൽ എന്ന സാഹിത്യരൂപം രംഗപ്രവേശം നടത്തുന്നത്. മണ്ണിനോടും സമൂഹത്തോടും ചേർന്നു നിൽക്കുന്ന കഥാപാത്രങ്ങളും അവരുടെ യഥാർത്ഥമായ ജീവിതവുമാണ് നോവലുകളുടെ വിഷയം. കൃത്യമായ ലക്ഷണങ്ങളുള്ളവരും ഉന്നതകുലജാതരുമായ നായികാനായകന്മാർക്കു പകരം മണ്ണിലിറങ്ങി നിൽക്കുന്ന കഥാപാത്രങ്ങൾ അവയിലൂടെ പ്രത്യക്ഷപ്പെട്ടപ്പോൾ സാധാരണക്കാരായ വായനക്കാരെ സംബന്ധിച്ച് അത് പുതിയൊരു അനുഭവമായി മാറി. സാധാരാണക്കാരുടെ സാധാരണ ജീവിതം സാഹിത്യത്തിനു വിഷയമായിത്തീർന്നു എന്നതാണ് നോവൽ പ്രസ്ഥാനത്തിന്റെ നവോത്ഥാനപരമായ പ്രസക്തി.

ഇംഗ്ലീഷ് സാഹിത്യവുമായുള്ള സമ്പർക്കമാണ് മലയാളത്തിൽ ചെറുകഥയുടെ പിറവിക്കും വഴിയൊരുക്കിയത്. 'വിദ്യാവിനോദിനി'യിൽ (1066 കുംഭം ലക്കം) പ്രസിദ്ധീകരിച്ച വേങ്ങയിൽ കുഞ്ഞിരാമൻനായരുടെ 'വാസനാവികൃതി'യാണ് മലയാളത്തിലെ ആദ്യ ചെറുകഥയായി പരിഗണിച്ചു പോരുന്നത്. തുടർന്ന് മൂർക്കോത്ത് കുമാരൻ (1874 –1941) അമ്പാടി നാരായണ പൊതുവാൾ (1871 – 1936) ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ (1869 – 1936), കെ. സുകുമാരൻ (1876 – 1956) തുടങ്ങിയവർ ഈ സാഹിത്യരൂപത്തിന് പ്രചാരവും അംഗീകാരവും നേടിക്കൊടുത്തു. ഇംഗ്ലീഷ് കഥകളെ അനുകരിച്ചാണ് ഇവരെല്ലാം കഥാരചന നിർവ്വഹിച്ചിരുന്നത്.

വൈജ്ഞാനിക സാഹിത്യത്തിന്റെ അതിരുകൾ വികസ്വരമാവുന്നതും വിമർശനം എന്ന സാഹിത്യരൂപം പിറവികൊള്ളുന്നതും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ്. 1851ലാണ് ഗുണ്ടർട്ടിന്റെ 'മലയാള ഭാഷയുടെ വ്യാകരണം' പുറത്തിറങ്ങുന്നത്. റോബർട്ട് കാൾഡ്വ

ലിന്റെ (1814 – 1891) 'ദ്രാവിഡഭാഷാവ്യാകരണവും ദ്രാവിഡഭാഷകളുടെ താരതമ്യ പഠനവും' റവ. ജോർജ്ജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണവും' (1863) വൈക്കത്ത് പാച്ചുമൂത്തതിന്റെ 'കേരളഭാഷാ വ്യാക്കരണവും' കോവുണ്ണി നെടുങ്ങാടിയുടെ കേരളകൗമുദിയും എം.ആർ.രാജരാജവർമ്മയുടെ 'കേരളപാണിനീയ'വും മറ്റും ഭാഷാശാസ്ത്രരംഗത്ത് പുതിയ ഉണർവ്വ് ഉണ്ടാക്കുകയുണ്ടായി. കൂടാതെ നിഘണ്ടുക്കളും ഭാഷാസാഹിത്യ ചരിത്രങ്ങളുമൊക്കെ ഇക്കാലത്ത് ധാരളമായി രചിക്കപ്പെടുന്നുണ്ട്.

സംസ്കൃത സാഹിത്യപാരമ്പര്യത്തിന്റെ ചിട്ടവട്ടങ്ങൾക്കനുസരിച്ചുള്ളതായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടംവരെയും മലയാളത്തിലെ സാഹിത്യാസ്വാദന രീതി. ഇംഗ്ലീഷ് സാഹിത്യ സങ്കൽപങ്ങളുടെ പ്രചാരം പുതിയ രീതിയിലുള്ള സാഹിത്യാസ്വാദനത്തിനും സാഹിത്യവിമർശനത്തിനും കാരണമായിത്തീർന്നു. വിമർശനത്തിന് ഈ വിധം നവീനമുഖം നൽകിയ വ്യക്തി സി.പി. അച്യുതമേനോനാണ്. അദ്ദേഹത്തിന്റെയും കേരളവർമ്മയുടെയും പുസ്തകാഭിപ്രായങ്ങളായിരുന്നു ആദ്യകാല വിമർശനങ്ങൾക്ക് വഴികാട്ടിയത്.

ഈ കാലത്ത് ആരംഭിക്കുന്ന പ്രാസവാദത്തിന് സാഹിത്യചരിത്രത്തിൽ സവിശേഷമായൊരു സ്ഥാനമുണ്ട്. കേരളവർമ്മ വലിയകോയിത്തമ്പുരാനും അനന്തരവൻ ആയ എ.ആർ രാജരാജവർമ്മയും ഇരുപക്ഷത്തുമായി നിന്ന് നേതൃത്വം നൽകിയ സാഹിത്യ സംവാദമാണ് പ്രാസവാദം എന്ന പേരിൽ സാഹിത്യ ചരിത്രത്തിൽ ഇടം നേടിയത്. കേരളവർമ്മ സാഹിത്യത്തെ സംസ്കൃതത്തിന്റെ പഴയ പാണ്ഡിത്യാന്തരീക്ഷത്തിലേക്കും കർക്കശമായ സാഹിത്യ നിയമങ്ങളിലേക്കും തിരിച്ചു കൊണ്ടു പോകാനുള്ള ശ്രമത്തിലായിരുന്നു. കവികൾ സജാതീയ ദ്വിതീയാക്ഷരപ്രാസം ദീക്ഷിക്കണമെന്ന അദ്ദേഹത്തിന്റെ സമീപനം ഇതിന്റെ ഏറ്റവും മികച്ച തെളിവാണ്. എന്നാൽ ഏ.ആർ. സാഹിത്യത്തിലെ പുരോഗമന വീക്ഷണങ്ങളെയാണ് അംഗീകരിച്ചത്. പ്രാസനിഷ്ഠയല്ല, കാവ്യത്തിന്റെ രൂപവും ഭാവവുമാണ് പ്രാധാനമെന്നും അദ്ദേഹം യുക്തിയുക്തം വാദിച്ചു. സാഹിത്യത്തിലെ ഈ യാഥാസ്ഥിതിക – പുരോഗമന വീക്ഷണങ്ങൾ തമ്മിൽ നടന്ന ആശയപരമായ ഒരു ഏറ്റുമുട്ടലായിരുന്നു പ്രാസവാദം. അത് കേവലം ഉപരിപ്ലവമായ ഒരു കോലാഹലമായിരുന്നില്ല. ഒരുപാട് ആന്തരികാർത്ഥങ്ങളുള്ള ഈ സംഭവത്തെ കവിതയിലെ സ്വാതന്ത്ര്യസമരമായാണ് ഡോ.വത്സലൻ വാതുശ്ശേരി വിലയിരുത്തുന്നത്:

'ഒരു വ്യക്തി ഭാഷാപോഷണത്തിന്റെ മറവിൽ ഇങ്ങനെ സാഹിത്യനിയമങ്ങളുണ്ടാക്കുന്നത് അപകടമാണെന്ന് ബോധ്യപ്പെട്ട ഏതാനും സ്വാതന്ത്ര്യവാദികളാണ് പ്രാസവാദത്തിന് തുടക്കമിട്ടത്. പ്രാസവാദത്തിൽ പ്രാസം ഒരു പ്രതീകം മാത്രമായിരുന്നു. വാസ്തവത്തിൽ ദ്വിതീയാ

ക്ഷരപ്രാസത്തിന്റെ അധിപതിയായിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാനെതിരെ അഴിച്ചു വിട്ട  കലാപമായിരുന്നു പ്രാസവിരുദ്ധവാദം. വ്യക്തിയെ എതിർക്കുന്നതിനു പകരം വ്യക്തിപ്രതി ഷ്ഠിച്ച വിഗ്രഹത്തെ ഇളക്കുകയാണ് അവർ ചെയ്തത്[10].

നവോത്ഥാനം കേരളീയസാമൂഹികചിന്തയിൽ മാത്രമല്ല സാഹിത്യ ചിന്തയിലും സ്വാധീനം സൃഷ്ടിച്ചതിന്റെ ഫലമായിരുന്നു പ്രാസവാദം എന്ന് ഇതിൽ നിന്ന് തെളിയുന്നുണ്ട്. സാഹിത്യ ത്തിലെ യാഥാസ്ഥിതികത്വത്തിനെതിരെ കെ.സി. കേശവപിള്ളയും മറ്റും പ്രതികരിച്ചപ്പോൾ ജീർണ്ണ മായ ചില ആവശ്യങ്ങൾ കൊണ്ടു നടക്കുന്ന പഴമക്കാരോടുള്ള പ്രതിഷേധമാണ് ഏ.ആറിനെ പ്പോലുള്ളവർ പ്രകടിപ്പിച്ചത്. നിയോക്ലാസ്സിസത്തിൽ നിന്ന് റൊമാന്റിസത്തിലേക്കുള്ള മലയാള കവിതയുടെ പരിണതിയുമായി പ്രാസവാദം പരോക്ഷമായി ബന്ധപ്പെട്ടിരിക്കുന്നതായും ഡോ.വത്സലൻ വാതുശ്ശേരി നിരീക്ഷിക്കുന്നുണ്ട്. പ്രാസവാദം ഒത്തുതീരുന്ന 1909, മലയാളകവിത യിൽ പുതിയൊരു മുഖം അവതിപ്പിച്ച 'വീണപൂവി'ന്റെ ജനനത്തിന് സാക്ഷ്യം വഹിക്കുന്ന വർഷ മാണ്. മലയാളത്തെ സംബന്ധിച്ചിടത്തോലം കാല്പനികപ്രസ്ഥാനം നവോത്ഥാനത്തിന്റെ തന്നെ ഒരു ഉൽപന്നമാണ്. വ്യക്തിസ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനവും വിഗ്രഹ ധ്വംസനവുമൊക്കെ നവോ ത്ഥാനത്തിന്റേതെന്നപോലെ കാൽപനികപ്രസ്ഥാനത്തിന്റെയും  സ്വഭാവമാണ്.

ഇക്കാലത്ത് തന്നെ ഭാരതീയവും വിദേശീയവുമായ ഭാഷകളിലെ കൃതികൾ വിവർത്തനം ചെയ്യപ്പെട്ട് മലയാളത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങുന്നുണ്ട്. ഇതരസംസ്ക്കാരങ്ങളെക്കുറിച്ച് ഉൾക്കാ ഴ്ച്ചയുണ്ടാകുന്നതിനും പാശ്ചാത്യമായ സാഹിത്യാശയങ്ങളുമായി പരിചയപ്പെടാനും ഇത്തരം വിവർത്തനങ്ങൾ മലയാളിയെ സഹായിക്കുകയുണ്ടായി.

**യുക്തിബോധവും ശാസ്ത്രീയസമീപനങ്ങളും**

പത്തൊമ്പതാം നൂറ്റാണ്ടിൽ സമൂഹത്തിൽ പ്രകടമായ എല്ലാമാറ്റങ്ങളും ഒരർത്ഥത്തിൽ ബ്രാഹ്മണ്യത്തിനെതിരായ കലാപമായിരുന്നു. കാലാകാലങ്ങളിൽ താളിയോലകളിൽ മാത്രമായി കേന്ദ്രീകരിക്കപ്പെട്ടിരുന്ന അറിവുകളെ പത്രങ്ങളും മാസികകളും വികേന്ദ്രീകരിച്ചു. വിജ്ഞാന ത്തിന്മേലുള്ള വരേണ്യവർഗ്ഗത്തിന്റെ സ്വേച്ഛാധിപത്യം അതോടെ തകരുകയും അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്കും നൂതനവിജ്ഞാനത്തോടൊപ്പം ശാസ്ത്രീയ സമീപനങ്ങളും ലഭ്യമായിത്തു ടങ്ങുകയും ചെയ്തു. അറിവുകൾ ജനകീയമായതോടെ, വ്യക്തിത്വം നേടുക – ചോദ്യം ചെയ്യുക – മുന്നേറുക എന്ന രീതിയിൽ കേരളീയ നവോത്ഥാനം പുതിയ മുഖച്ഛായ കൈവരിച്ചു.

നോവൽ പോലുള്ള സാഹിത്യരൂപങ്ങളുടെ ഉദയം തന്നെ സാഹിത്യത്തിലെ വരേണ്യസ ങ്കൽപത്തിനെതിരായ കലാപമാണ്. മലബാറിലാണ് ആദ്യം നോവൽ രൂപം കൊണ്ടത് എന്നതിൽ

ചരിത്രപരമായ പ്രാധാന്യത്തിനപ്പുറം രാഷ്ട്രീയ പ്രാധാന്യവുമുണ്ട്. തിരുവിതാംകൂറിൽ രാജഭരണമാണ് കാലാകാലമായി തുടർന്നതെങ്കിൽ 1792 മുതൽ മലബാർ ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലാണ് പുലർന്നിരുന്നത്. രാജാവിന്റെയും നാടുവാഴികളുടെയും നുകങ്ങൾക്കു കീഴെ തിരുവിതാംകൂറിലെ സാമൂഹികവിഭാഗങ്ങൾ പരിവർത്തനങ്ങളിലേക്കുണരാൻ നന്നെ വിയർപ്പൊഴുക്കേണ്ടി വരുമ്പോൾ മലബാറിന്റെ സ്ഥിതി താരതമ്യേന ഭദ്രമായിരുന്നു. ബ്രിട്ടീഷുകാരുടെ കണ്ണിൽ വർണ്ണാശ്രമധർമ്മങ്ങൾക്ക് പ്രാധാന്യമൊന്നും ഇല്ലാതിരുന്നതിനാൽ ജാതി പ്രശ്നങ്ങളുടെ രൂക്ഷത മലബാറിൽ താരതമ്യേന കുറവായിരുന്നു. തിരുവിതാംകൂറിൽ നടവഴികൾക്കായി ശ്രീനാരായണ ഗുരു പൊരുതുന്ന അതേകാലത്തു മലബാറിൽ പ്രകടമായ ഈ സ്വാതന്ത്ര്യം ഈഴവ എഴുത്തുകാർക്ക് ധൈര്യസമേതം സാഹിത്യത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരാൻ വഴിയൊരുക്കിയിട്ടുണ്ട്. മാത്രമല്ല മലബാറിലെ എഴുത്തുകാർക്ക് ഇംഗ്ലീഷ് മാഗസീനുകൾ ധാരാളമായി ലഭിച്ചിരുന്നു. അങ്ങനെ ഇംഗ്ലീഷ് സാഹിത്യസമ്പ്രദായങ്ങളുമായി പരിചയപ്പെടാൻ അവർക്ക് നിരവധി അവസരമുണ്ടായി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ് ഇംഗ്ലീഷ് ഐഡിയോളജിയും വ്യവസായ സങ്കൽപങ്ങളും ശാസ്ത്രീയകാഴ്ച്ചപ്പാടുകളും ലോകസഞ്ചാരത്വരയും പുതിയ ചികിത്സാസമ്പ്രദായങ്ങളുമൊക്കെ ജനങ്ങളെ  ആവേശിക്കുന്നത്. മതബോധം പ്രദാനം ചെയ്തിരുന്ന ആദ്ധ്യാത്മിക ചിന്തയിൽ നിന്ന് ശാസ്ത്രബോധം പ്രദാനം ചെയ്ത യുക്തിചിന്തയിലേക്കുള്ള സമൂഹമനസ്സിന്റെ പ്രയാണം ആദ്യകാല ഗദ്യകൃതികളിൽ നമ്മൾ കാണുന്നുണ്ട്. പുറംനാടുകളെപ്പറ്റിയുള്ള അറിവുകൾ പലരേയും ക്രമേണ ആ നാടുകളിലേക്ക് ആകർഷിക്കുന്നുണ്ട്. 'ഇന്ദുലേഖ'യിലെ നായകൻ വ്യവസായ നവോത്ഥാനത്തിന്റെ സ്വീകരണപരിപോഷണ കേന്ദ്രങ്ങളായ ബോംബെയിലും കൽക്കട്ടയിലുമൊക്കെ ചെന്നെത്തുന്നു. മലയാളത്തിലെ ആദ്യ ചെറുകഥയായ വാസനാവികൃതി[11] യിലെ ഒരു സ്ഥലപശ്ചാത്തലം മദ്രാസാണ്. മദിരാശി എന്ന ഇന്ത്യൻ നഗരത്തിൽ കഴിഞ്ഞുകൂടാൻ ഇംഗ്ലീഷ് നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ആവശ്യകതയെപ്പറ്റി മദിരാശിപിത്തലാട്ട[12]ത്തിൽ സൂചിപ്പിക്കുന്നുണ്ട്. ദ്വാരക[13] എന്ന കഥയിലാകട്ടെ ഇംഗ്ലണ്ടിലെ ഏഡൻ പട്ടണവും ബോംബായി നഗരവുമൊക്കെ സ്ഥലപശ്ചാത്തലമാവുന്നുണ്ട്.

ലക്ഷണമൊത്ത ആദ്യ നോവലിലും ചെറുകഥയിലുമൊക്കെ പ്രത്യക്ഷപ്പെടുന്ന ഇത്തരം അന്യനഗര പരാമർശങ്ങൾ ലോകപൗരനായി മാറാൻ വെമ്പുന്ന  മലയാളിയുടെ പുതിയ ലോകവീക്ഷണത്തെയാണ് അവതരിപ്പിക്കുന്നത്. മദിരാശി, ബോംബെ, കൽക്കത്ത, തുടങ്ങി സ്ഥലങ്ങളിലേക്ക് ജോലി കിട്ടി യാത്ര പോകുന്ന യുവ മനസ്സുകൾ അല്പകാലം കൂടി പിന്നിടുമ്പോൾ കുറേ

ക്കൂടി വിശാലമായ സൗകര്യങ്ങളും അദ്ഭുതകരങ്ങളായ കാഴ്ചകളും ഉള്ള മലേഷ്യ, സിങ്കപ്പൂർ, കൊളംബൊ തുടങ്ങിയ സ്ഥലങ്ങളിലേക്ക് എത്തിപ്പെടുന്നുണ്ട്. ഒന്നാം സ്വാതന്ത്ര്യസമരത്തെയും (1857) മലബാർ ലഹള (1921)യെയും തുടർന്ന് ബ്രിട്ടീഷുകാരുടെ അപ്രീതിക്ക് പാത്രമായ ഭാരതീയ സമരഭടന്മാരെ അവർ നാടുകടത്തി തടവിൽ പാർപ്പിക്കുന്നത് കടലിനക്കരെയുള്ള ആന്തമാൻ നിക്കോബാറിലെ വമ്പൻ ജയിലിനകത്താണ്. മയൂരസന്ദേശത്തിൽ (1895) ആയില്യം തിരുനാൾ മഹാരാജാവിന്റെ അപ്രതീക്കു പാത്രമാവുന്ന കേരള വർമ്മ വലിയകോയിത്തമ്പുരാനെ ഹരിപ്പാട്ടേക്ക് നാടുകടത്തുന്ന പരാമർശമുണ്ട്. തിരവനന്തപുരത്ത് നിന്ന് ഹരിപ്പാട് വരെയുള്ള ദൂരം അന്നത്തെ യാഥാസ്ഥിതിക മന:സ്ഥിതിക്ക് ചിന്തിക്കാവുന്ന വളരെ വലിയ ദൂരമായിരുന്നു. നവമനസ്സിന്റെ പുറം ലോകവ്യാപാരങ്ങൾ ബോംബെയും കൽക്കത്തയും പോലുള്ള വൻ നഗരങ്ങളിൽ വിഹരിക്കുമ്പോൾ യാഥാസ്ഥിതിക സമൂഹം അക്ഷരാർത്ഥത്തിൽ തുടങ്ങിയടത്തു തന്നെ നിൽക്കുന്നതിന്റെ ചിത്രമാണിത്.

**നാരായണഗുരുവും സാമുദായിക മുന്നേറ്റവും**

വേദാന്തചിന്തയുടെ ആദ്ധ്യാത്മികതലങ്ങളെ മാനവികതയുമായി ബന്ധപ്പെടുത്തി സാധാരണജനങ്ങളിലേക്കെത്തിച്ച ശ്രീ നാരായണഗുരുവിന്റെ സാന്നിദ്ധ്യമാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തെ ഏറ്റവും കൂടുതൽ ചലനാത്മകമാക്കിയത്. ഭാരതനവോത്ഥാനത്തിന്റെ ഉദയസ്ഥാനമായ ബംഗാളിൽ വരേണ്യവർഗ്ഗത്തിന്റെ ജീർണ്ണതകൾക്കെതിരെ പടനയിച്ചത് സവർണ്ണകുലജാതനായ രാജാറാം മോഹൻറോയ് ആണെങ്കിൽ കേരളത്തിൽ അത് ഈഴവനായ നാരായണഗുരുവായിരുന്നു. അദ്ദേഹം തന്റെ കവനസിദ്ധികളെ സാമൂഹിക പരിവർത്തനങ്ങൾക്കായാണ് പരമാവധി വിനിയോഗിച്ചത്. അടിച്ചമർത്തപ്പെടുന്നവരുടെ ഉന്നമനം ലക്ഷ്യമാക്കി അദ്ദേഹം മതനവീകരണ പ്രസ്ഥാനങ്ങൾക്ക് രൂപം നൽകുകയും അതിലൂടെ 'വിദ്യകൊണ്ട് പ്രബുദ്ധരാവുക' 'സംഘടനകൊണ്ട് ശക്തരാവുക' തുടങ്ങിയ മുദ്രാവാക്യങ്ങൾ ജനമനസ്സുകളിൽ എത്തിക്കാൻ പ്രയത്നിക്കുകയും ചെയ്തു.

അധ:സ്ഥിതവർഗ്ഗങ്ങൾ എന്നപോലെ വരേണ്യവർഗ്ഗവും അന്ന് സ്വയം ജീർണ്ണമായ അവസ്ഥയിലായിരുന്നു. സവർണ്ണ-അവർണ്ണ ഭേദമന്യേ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും നവീനതയ്ക്കുവേണ്ടി വെമ്പിയെങ്കിലും നാടുവാഴിത്തത്തിന്റെ അധികാരകേന്ദ്രങ്ങളോട് പ്രത്യക്ഷത്തിലുള്ള ഒരേറ്റുമുട്ടലിന് ആരും തയ്യാറായിരുന്നില്ല. ഈ സാഹചര്യത്തിലാണ് ശ്രീനാരായണഗുരുവിൽ നിന്ന് ആദ്യത്തെ സമരകാഹളം മുഴങ്ങുന്നത്. 1888ലെ ശിവരാത്രി ദിവസം അരുവിപ്പുറത്തു നടത്തിയ ശിവപ്രതിഷ്ഠ ഈഴവരെ മാത്രമല്ല ഉയർന്ന സമുദായങ്ങളെയും നിദ്രയിൽനിന്നുണർത്താൻ

പോന്നതായിരുന്നു. സംഭവം സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലുണ്ടാക്കിയ മന:ശാസ്ത്രപരമായ സ്വാധീനം വളരെ ശക്തമായിരുന്നു. സവിശേഷാർത്ഥത്തിൽ കേരളനവോത്ഥാനത്തിന്റെ ആരംഭം നാരായണഗുരുവിന്റെ 1888ലെ ശിവപ്രതിഷ്ഠയിലൂടെ ആരംഭിക്കുന്നു എന്ന് പറയാം. ജാതിമർദ്ദനത്തിനും ഉച്ചനീചത്വങ്ങൾക്കും അവകാശനിഷേധങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായി അസംഖ്യം ആളുകളെ ഉദ്ബുദ്ധരാക്കുകയും ആവേശം കൊള്ളിക്കുകയും കർമ്മരംഗത്തിറക്കുകയും ചെയ്ത നാരായണഗുരുവിന്റെ 'ഒരു ജാതി, ഒരുമതം, ഒരുദൈവം മനുഷ്യന്' എന്ന സന്ദേശം നവോത്ഥാനത്തിന്റെ പ്രത്യയശാസ്ത്രപരമായ അടിത്തറ തന്നെയായിരുന്നു.

വിദ്യാഭ്യാസവും സംഘബോധവും സമ്പത്തുമാണ് ഒരു വിഭാഗത്തെ സമൂഹത്തിലെ നിർണ്ണായകശക്തിയാക്കി മാറ്റുന്നത്. പതിനെട്ടാം ശതകത്തിലെ കേരളത്തിലെ അധ:സ്ഥിതർക്ക് നിഷേധിക്കപ്പെട്ടതും ഇവതന്നെയായിരുന്നു. അതിനാലാണ് വിദ്യകൊണ്ട് പ്രബുദ്ധരാകാനും സംഘടനകൊണ്ട് ശക്തരാകാനും ഗുരു അധ:സ്ഥിതരെ ഉപദേശിച്ചത്. അറിവിലൂടെ മേൽക്കോയ്മ നേടുക എന്നതായിരുന്നു ഗുരു നിർദ്ദേശിച്ചു കൊടുത്ത പ്രധാന വിജയമന്ത്രം. ക്ഷേത്രങ്ങൾക്കു പകരം സ്കൂളുകളും വ്യവസായസ്ഥാപനങ്ങളും സ്ഥാപിച്ച് അറിവിന്റെയും സമ്പത്തിന്റെയും തലത്തിൽ മേൽക്കോയ്മ സ്ഥാപിക്കാനാണ് ഗുരു ആഹ്വാനം ചെയ്തത്.

സാഹിത്യത്തിൽ നാരായണഗുരുവിന്റെ സ്വാധീനം ഏറ്റവും കൂടുതൽ വെളിപ്പെടുന്നത് കുമാരനാശാന്റെ കാവ്യങ്ങളിലാണ്. ഗുരു ഉയർത്തിപ്പിടിച്ച മാനവികമൂല്യങ്ങളെ അതിന്റെ യഥാർത്ഥരൂപത്തിൽ ആത്മാവിലേക്കാവാഹിച്ച വിപ്ലവകാരിയായിരുന്നു ആശാൻ. അദ്ദേഹം രചിച്ച 'നളിനി', 'ലീല', 'ചണ്ഡാലഭിക്ഷുകി', 'ദുരവസ്ഥ', 'കരുണ', തുടങ്ങിയ കൃതികൾ ഉയർത്തിയ വിപ്ലവജ്വാലകൾ സാമൂഹിക ചേതനയെ അടിമുടി ത്രസിപ്പിക്കുകയുണ്ടായി. ജാതി വിരുദ്ധമായ ഒരു കാഴ്ചപ്പാട് പിന്നീട് മലയാളകവിതയുടെ ഭാഗമായിത്തീരുന്നുണ്ട്. ജാതിക്കോമരങ്ങൾക്കെതിരെയുള്ള പ്രതിഷേധം ജ്വലിക്കുന്ന വള്ളത്തോളിന്റെ 'ശുദ്ധരിൽ ശുദ്ധൻ' 'തിരൂർ – പൊന്നാനിപ്പുഴ' തുടങ്ങിയ കവിതകൾ അതിനുദാഹരണങ്ങളാണ്.

നാരായണഗുരുവിനെ പോലെത്തന്നെ അധ:സ്ഥിത വർഗ്ഗങ്ങളുടെ നവോത്ഥാനത്തിന് നേതൃത്വം നൽകിയ ജനനേതാവായിരുന്നു അയ്യൻകാളി. സഞ്ചാരസ്വാതന്ത്ര്യത്തിനും സ്കൂൾ പ്രവേശനത്തിനും വേണ്ടിയും ജാതിമർദ്ദനങ്ങൾക്കെതിരായും ആയിരുന്നു അദ്ദേഹത്തിന്റെ ശബ്ദമുയർന്നത്. കൊച്ചി ഭാഗങ്ങളിൽ സഹോദരൻ അയ്യപ്പൻ, കെ.പി. കറുപ്പൻ തുടങ്ങിയവരാണ് അടിയാള നവോത്ഥാനത്തിന് നേതൃത്വം വഹിച്ചത്. കെ.പി. കറുപ്പന്റെ ജാതിക്കുമ്മിയും ബാലാകലേശവും ഉദ്യാനവിരുന്നും മറ്റും ഈ നവോത്ഥാനത്തിന്റെ സാഹിതീയഫലങ്ങളാണ്.

ജാതിശ്രേണി പ്രകാരം നാടിന്റെ പടയാളികളും ബ്രാഹ്മണ്യത്തിന്റെ പരിചാരകരും ആയിരുന്നു നായന്മാർ. വ്യവസ്ഥയനുസരിച്ച് താഴെയാണെങ്കിലും സാമൂഹികജീവിത മണ്ഡലത്തിൽ അവർക്ക് താരതമ്യേന ഉയർന്ന നിലയുണ്ടായിരുന്നു. സംഘടനാബോധത്തിന്റെ അഭാവവും പാരമ്പര്യം സമ്മാനിച്ച ദുരഭിമാനവും ദുർവ്വാശിയും നായർ സമുദായത്തെ നാശോന്മുഖമാക്കിയിരുന്നു. ആചാരങ്ങളുടെ വഴിയിൽ ബ്രാഹ്മണ്യത്തിന് വൈകാരിക നിവൃത്തിക്കുള്ള സങ്കേതങ്ങളായിരുന്നു നായർഭവനങ്ങൾ. സംബന്ധം എന്ന പേരിലുള്ള വൈവാഹിക ബന്ധത്തിലേർപ്പെടുന്ന നായർസ്ത്രീകൾക്ക് ഭർത്താവിന്റെ സ്വത്തിന്മേൽ യാതൊരവകാശവും ഉണ്ടായിരുന്നില്ല. വൃദ്ധനായ ഭർത്താവ് മരണത്തിനു മുമ്പ് ഒന്നും ദാനമായി കൊടുത്തില്ലെങ്കിൽ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തേണ്ട ദയനീയാവസ്ഥ നായർസ്ത്രീകൾക്കുണ്ടായിരുന്നു. അതുപോലെ ജന്മികളായ നമ്പൂതിരിയുടെ ഭൂമി നായന്മാർക്ക് കൃഷിപ്പണിക്കായി നൽകിയിരുന്നെങ്കിലും ഭൂമിയിന്മേൽ സ്ഥിരമായ അവകാശം അനുവദിക്കപ്പെട്ടിരുന്നില്ല. പലവിധ സാമൂഹിക ദുരാചാരങ്ങളുടെ കൂത്തരങ്ങായ നായർ സമുദായത്തിൽ പുതിയ വ്യവസ്ഥിതിക്കായി പരിഷ്ക്കരണവാദിയായ നായർ യുവാക്കൾ രംഗത്തെത്തുന്നത് ഈ സന്ദർഭത്തിലാണ്. പി. താണുപിള്ള, സി.വി. രാമൻപിള്ള, സി. കൃഷ്ണപിള്ള തുടങ്ങിയ ഉൽപതിഷ്ണുക്കളുടെ നേതൃത്വത്തിൽ രൂപം കൊണ്ട പുരോഗമന സംഘമാണ് 'മലയാളിസഭ', പരദേശിബ്രാഹ്മണരുടെ കുത്തകയായിരുന്ന തിരുവിതാംകൂർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം ലഭിക്കാൻ വലിയൊരു ജനസഞ്ചയം 1891ൽ രാജാവിന് സമർപ്പിച്ച പരാതിയാണ് 'മലയാളിമെമ്മോറിയൽ' എന്നറിയപ്പെടുന്നത്. നായന്മാരെ മാത്രമല്ല വിവിധ സമുദായങ്ങളിൽപ്പെടുന്ന യുവതലമുറയെ മൊത്തം ഉത്തേജിപ്പിക്കുന്നതിന് 'മലയാളിമെമ്മോറിയ'ലിന് സാധിച്ചു. താലികെട്ടു കല്യാണം. തിരണ്ടുകുളി മുതലായ ദുരാചാരങ്ങളെ നിർത്തൽ ചെയ്ത് വിവാഹബന്ധം, ദായക്രമം എന്നിവ പരിഷ്കരിച്ച് ഒരു നവീനസമുദായം കരുപ്പിടിപ്പിക്കാനുള്ള ശ്രമത്തിനും 'മലയാളിസഭ'യുടെ പ്രവർത്തകർ മുന്നിട്ടിറങ്ങി പ്രവർത്തിച്ചു. നായർ നവോത്ഥാനത്തിന് വഴി തെളിയിച്ച നായർ റെഗുലേഷൻ ബിൽ (1925) ആ സമുദായത്തിന്റെ കുടുംബഘടനയെ ശക്തിപ്പെടുത്താൻ പോരുന്നതായിരുന്നു. മരുമക്കത്തായത്തിന് പകരം മക്കത്തായം നിലവിൽ വരികയും ചെയ്തു. ഇങ്ങനെ കർമ്മനിരതരായ ഒരു നവീനതലമുറയെ ഇക്കാലത്തെ നായർസമുദായം സംഭാവന ചെയ്യുകയുണ്ടായി.

പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിക്കുന്ന സാമൂഹിക പരിഷ്ക്കരണ ശ്രമങ്ങളിൽ വളരെ വൈകിയാണ് മുസ്ലീംസമുദായം പങ്കുചേരുന്നത്. മതപരമായ അജ്ഞതയും അനാചാരങ്ങളും ദയനീയമായ സാമ്പത്തികസ്ഥിതിയും ആ സമുദായത്തിന്റെ നില ശോചനീയമാക്കിയിരുന്നു.

ബുദ്ധിക്കും അറിവിനും നേരെ പുറംതിരിഞ്ഞു നിന്ന അവർ വേദഗ്രന്ഥത്തെപോലും മാതൃഭാഷയിലൂടെ മനസ്സിലാക്കാനോ അതിന്റെ ആന്തരികാർത്ഥവും ലാളിത്യവും വിശുദ്ധിയും ഗ്രഹിക്കുവാനോ തയ്യാറായിരുന്നില്ല. മറിച്ച് മതത്തിന്റെ ആവരണത്തിനുള്ളിൽ മുസ്ലീം സിദ്ധന്മാരും സന്യാസിമാരും ഒരുക്കിയ  ചതിക്കുഴിക്കുള്ളിൽ വീണ് തപ്പിത്തടയുകയായിരുന്നു'[14] എന്നാണ് അതേപ്പറ്റി കെ.എം. സീതി പറയുന്നത്. അന്ധകാരത്തിലും അജ്ഞതയിലും വീണുപോയ ഈ മുസ്ലീം സമുദായത്തെ ഉയർത്തെഴുന്നേൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട ആദ്യത്തെ കാൽവെപ്പ് സന്യാഹുമക്തി തങ്ങളുടേതായിരുന്നു. മക്തിതങ്ങൾക്കുശേഷം മുസ്ലീം സമുദായ പരിഷ്ക്കരണത്തിൽ ഏറ്റവും വലിയ പങ്കു വഹിച്ചയാളാണ് വക്കം അബ്ദുൾഖാദർ മൗലവി. ആധുനിക കാലത്തെ വീക്ഷണങ്ങളുമായി പൊരുത്തപ്പെടാൻ മടിച്ചു നിൽക്കുന്ന ഏതുസമുദായവും അഗണ്യകോടിയിൽ തള്ളപ്പെടുമെന്ന തിരിച്ചറിവ്  മുസ്ലീം സമുദായത്തിന് നൽകിയത് വക്കം മൗലവിയാണ്.

അകർമ്മണ്യതയുടെയും ആലസ്യത്തിന്റെയും അവസ്ഥയിൽ നിന്ന് ഉയർത്തെഴുന്നേൽക്കാൻ നമ്പൂതിരി സമുദായത്തിനെ പ്രേരിപ്പിച്ചത് അധഃകൃത വർഗ്ഗങ്ങൾ സമൂഹത്തിൽ നേടിയ വിജയങ്ങളാണ്. മിഷണറി പ്രവർത്തനങ്ങളിൽ ആകൃഷ്ടരായ കേരളത്തിലെ അവർണ്ണരിൽപ്പെട്ട ധാരാളം പേർ ക്രിസ്തുമതം സ്വീകരിക്കുക വഴി നമ്പൂതിരിമാരുടെ അധികാരപരിധിയിൽ നിന്ന് പുറത്തുകടക്കുകയുണ്ടായി. മാത്രമല്ല, പുതിയ കാലത്തിന് അനുസരിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസം, ശാസ്ത്രബോധം, വ്യവസായശീലം, മനുഷ്യാവകാശബോധം തുടങ്ങിയവ നേടി അവർ പ്രബുദ്ധതയാർജ്ജിക്കുകയും ചെയ്തു. അടിമസമ്പ്രദായം, കുടിയാൻ മർദ്ദനം തുടങ്ങിയ അനാചാരങ്ങൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെ നീതിബോധത്തിന്റെ ഫലമായി കടപുഴകി വീഴാൻ ആരംഭിച്ചു. അയിത്തജാതിക്കാരായ ഈഴവർ കൈവരിച്ച നേട്ടങ്ങളിലും സ്വാതന്ത്ര്യങ്ങളിലും ബ്രിട്ടീഷുകാർ ചെറിയ ഈർഷ്യ പോലും പ്രകടിപ്പിച്ചില്ലെന്ന് മാത്രമല്ല സഹായസഹകരണങ്ങൾ നിയമങ്ങളുടെ രൂപത്തിൽ നൽകുകയും ചെയ്തു. ബ്രിട്ടീഷുകാർ സംഭാവന ചെയ്ത സൗകര്യങ്ങളെ ഈഴവരെപോലെ തന്നെ പ്രയോജനപ്പെടുത്തിയ നായന്മാർ വിദ്യാഭ്യാസം നേടി ബിരുദങ്ങളും ക്രമേണ ജോലിയും കരസ്ഥമാക്കിത്തുടങ്ങിയിട്ടും നമ്പൂതിരി സമുദായം ആദ്യമൊന്നും അവ കണ്ടില്ലെന്ന് നടിക്കുകയായിരുന്നു. പുതിയ നീതിബോധത്തിന്റെ വെളിച്ചത്തിൽ അധഃസ്ഥിത വിഭാഗങ്ങൾ ബ്രാഹ്മണ്യത്തെ ചോദ്യം ചെയ്യാൻ ആരംഭിക്കുകയും സന്തതസഹചാരികളായിരുന്ന നായന്മാർ വരേണ്യവിഭാഗത്തോടുള്ള ഭൃത്യബോധം ഉപേക്ഷിക്കാനും തറവാട്ടിലെ സംബന്ധമേർപ്പാടിൽ അസഹിഷ്ണുത പ്രകടിപ്പിക്കാനും ആരംഭിച്ചപ്പോൾ നമ്പൂതിരി സമുദായം തങ്ങളുടെ അടിത്തറ ഇളകുന്നതിനെപ്പറ്റി ബോധവാന്മാരാകാൻ തുടങ്ങി. പുതിയ കാലത്തോട് പുറംതിരിഞ്ഞുള്ള നിൽപ്

ഇനിയും തുടർന്നാൽ തങ്ങൾ മൃഗതുല്യരായി അവശേഷിക്കുമെന്ന് ബോധ്യപ്പെട്ട നമ്പൂതിരി യുവാക്കളുടെ ചിന്തയിൽ നിന്നാണ് 'യോഗക്ഷേമസഭ' എന്ന സംഘടന രൂപം കൊണ്ടത്. പാശ്ചാത്യവിദ്യാഭ്യാസം നേടി കാലത്തിനൊത്ത് മാറുക എന്നത് സഭയുടെ ഒരു പ്രഖ്യാപിത ലക്ഷ്യമായിരുന്നു. യോഗക്ഷേമസഭ അവരുടെ ലക്ഷ്യങ്ങളിൽ സമഗ്രമായ സാമൂഹിക പരിവർത്തനം ഉൾപ്പെടുത്തിയപ്പോൾ നമ്പൂതിരി സ്ത്രീകൾ കാലാകാലമായി അനുഭവിച്ചുപോന്നിരുന്ന നിന്ദയ്ക്കും ക്രൂരതയ്ക്കും മാറ്റം വരാൻ തുടങ്ങി.

ഈ നവോത്ഥാനത്തിന്റെ മുദ്രകൾ സാഹിത്യ ചരിത്രത്തിൽ ഇടം നേടിയ ഒട്ടേറെ കൃതികളിൽ നമുക്ക് കാണാൻ കഴിയും. വി.ടി.യുടെ 'രജനീരംഗ'വും (1928) എം.ആർ.ബിയുടെ 'വാൽക്കണ്ണാടി'യും (1932) മുത്തിരിങ്ങോടിന്റെ 'പൂങ്കുല' (1935)യും മറ്റും സാമൂഹിക പരിവർത്തനത്തെ ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രചിക്കപ്പെട്ടിട്ടുള്ളതാണ്. ബഹുഭാര്യത്വം, വൃദ്ധവിവാഹം, നിരക്ഷരത തുടങ്ങിയവയ്ക്കെതിരായുള്ള വിപ്ലവമായിരുന്നു വി.ടി.യുടെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം. അനാചാരത്തിന് വിധേയരായവരിൽ മാത്രമല്ല അതിന്റെ വിധാതാക്കളിലും ഈ നാടകം ശക്തമായ സ്വാധീനം ചെലുത്തുകയുണ്ടായി.

സാഹിത്യകൃതികളിലൂടെ നവീനാശയങ്ങൾ പ്രകടിപ്പിക്കുക മാത്രമല്ല അവ പ്രാവർത്തികമാക്കുന്നതിലും 'യോഗക്ഷേമസഭ' ശ്രദ്ധിച്ചു. കീഴ്‌വഴക്കങ്ങളും എതിർപ്പുകളും ലംഘിച്ചുകൊണ്ട് സ്വജാതി വിവാഹങ്ങൾ നടന്നു. ഭാര്യ ജീവിച്ചിരിക്കേയുള്ള പുനർവിവാഹം, വാർദ്ധക്യം ബാധിച്ച വരനു വധുവിനെ നൽകൽ, വിജാതീയ വിവാഹം  ഇവ തടയാൻ വിവാഹ പിക്കറ്റിങ്ങുകളും നടന്നു. യുവാക്കൾ കുടുമ മുറിച്ച് തല ക്രോപ്പ് ചെയ്ത് ചീകിവെക്കുകയും പൂണൂലുകൾ പൊട്ടിച്ചെറിയുകയും ചെയ്തു. പാരമ്പര്യമനുസരിച്ച് സ്വർണ്ണാഭരണമണിയാത്ത നമ്പൂതിരി സ്ത്രീകൾ അവ അണിയാനും അർദ്ധനഗ്ന വേഷം മാറ്റി ബ്ലൗസ്സ് ധരിക്കാനും തുടങ്ങി. ബ്രാഹ്മണ്യത്തിന്റെ അടിത്തറ തന്നെ ഇളക്കി മറിച്ച, പ്രത്യക്ഷത്തിൽ നിസ്സാരമെന്ന് തോന്നിക്കുന്ന ഇത്തരം ഗതിവിഗതികൾക്കു ശേഷമാണ് നമ്പൂതിരിയും അന്തർജ്ജനവും മനുഷ്യകുലത്തിലേക്ക് കയറി വന്നത്. ദ്രുതഗതിയിലുണ്ടായ ഈ പരിവർത്തനങ്ങൾ നമ്പൂതിരി സമുദായത്തെ മറ്റു സമുദായങ്ങൾക്കൊപ്പം എത്തിക്കുകയും കാലാന്തരത്തിൽ വർണ്ണവിഭജനം സമൂഹത്തിൽ അപ്രസക്തമായിത്തീരുകയും ചെയ്തു.

**കോൺഗ്രസ്സും സാമൂഹിക പ്രവർത്തനങ്ങളും**

ജാതി-മത വർഗ്ഗാധിഷ്ഠിതമായ അനൈക്യം സാമ്രാജ്യത്വ ശക്തികളെ സഹായിക്കുകയേ ഉള്ളൂ എന്ന തിരിച്ചറിവിൽ നിന്നാണ് മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ ദേശീയ തലത്തിൽ

ബഹുമുഖസഖ്യ ഏകീകരണം നടക്കുന്നത്. ഇതിന്റെ ഫലമായാണ് പല പല ആവശ്യങ്ങൾക്കായി വളർന്നുവന്ന പ്രസ്ഥാനങ്ങൾ അവസാനം ദേശീയ പ്രസ്ഥാനത്തിൽ ഒത്തുചേരുന്നത്. സാമൂഹിക പരിഷ്കാരം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ സാധിക്കുന്നതിൽ ഈ രീതീയിലുള്ള രാഷ്ട്രീയ ചലനത്തിന്റെ പങ്ക് അനിവാര്യവുമായിരുന്നു. 1920കളിലെ പ്രാദേശികവും ദേശീയവുമായ നവോത്ഥാന പരിശ്രമങ്ങളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സ്വാധീനം വളരെ വലുതാണ്. ഗാന്ധിജിയുടെ പിന്തുണയും നാരായണ ഗുരുവിന്റെ അനുഗ്രഹവുമായി തുടങ്ങിയ വൈക്കം സത്യാഗ്രഹം 1925ൽ മഹാറാണിയുമായി നടത്തിയ ഒത്തുതീർപ്പിന്റെ ഫലമായി വിജയം കണ്ടു. ക്ഷേത്രത്തിലേക്കുള്ള നിരത്തുകൾ ജാതി ഹിന്ദുക്കൾക്കായി തുറന്നുകൊടുക്കപ്പെട്ടത് താഴെ തട്ടിലുള്ള ജനങ്ങളിൽ വലിയ ആവേശമുണർത്തുകയുണ്ടായി. തിരുവിതാംകൂർ ഗവൺമെന്റിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങൾ അവർണ്ണർക്ക് തുറന്നുകൊടുത്തു കൊണ്ടുള്ള വിളംബരത്തിന് പശ്ചാത്തലമൊരുക്കിയത് നാരായണ ഗുരുവിൽ നിന്നാരംഭിക്കുന്ന സാമൂഹിക പരിഷ്ക്കരണ ശ്രമങ്ങളും വൈക്കം സത്യാഗ്രഹവുമാണ്. 1936ൽ ക്ഷേത്ര പ്രവേശന വിളംബരം നടക്കുന്നതോടെ കേരളത്തിലെ സാമൂഹിക സാംസ്കാരിക വിപ്ലവത്തിന്റെ ഒരു ഘട്ടം പൂർത്തിയാകുന്നുണ്ട്.

1920നു ശേഷം ഗാന്ധിജിയുടെ ആശയങ്ങൾക്കാണ് കോൺഗ്രസ്സ് പ്രാമുഖ്യം നൽകിപ്പോന്നത്. പ്രസംഗങ്ങളിലൂടെ മാത്രമല്ല പ്രവർത്തനങ്ങളിലൂടെയും ജീവിതത്തിലൂടെയും അദ്ദേഹമുയർത്തിയ മൂല്യങ്ങൾ ഭാരതം മുഴുവൻ ആത്മാവിലേക്കാവാഹിക്കുകയുണ്ടായി. പുതിയൊരു ജീവിത ദർശനം തന്നെയാണ്, അല്ലെങ്കിൽ ഒരു ജീവിത തത്വശാസ്ത്രം തന്നെയാണ് ഗാന്ധിജി ഇന്ത്യക്കാർക്ക് മുമ്പിൽ തുറന്നുവെച്ചത്. ഭാരതത്തിന്റെ സാംസ്കാരിക ചേതനയിൽ ഇതു ചെലുത്തിയ സ്വാധീനം അക്കാലത്തെ സാഹിത്യത്തിലും തെളിയുന്നുണ്ട്. ബഷീറിന്റെ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്ന കൃതിയിലെ നിസ്സാർ അഹമ്മദിലൂടെയും മറ്റും ഇത്തരത്തിലുള്ള ഒരു നവോത്ഥാനത്തിന്റെ മുഖം നമ്മൾ കാണുന്നുണ്ട്.

**കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം**

ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം ദശകമാവുമ്പോഴേക്കും കേരള സമൂഹത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഒരു നിർണ്ണായക ശക്തിയായി വളരാൻ തുടങ്ങുന്നുണ്ട്. 1920കളിൽ രാഷ്ട്രീയ നേതൃത്വത്തിൽ സജീവ നേതൃത്വം വഹിച്ച കോൺഗ്രസ്സ് പാർട്ടിയിലെ തന്നെ സോഷ്യലിസ്റ്റ് കാഴ്ചപ്പാടുള്ള ഒരു വിഭാഗമാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് രൂപം നൽകിയത്. വർണ്ണരാഷ്ട്രീയ വിമോചനങ്ങൾക്കൊപ്പം വർഗ്ഗവിമോചനവും അനിവാര്യമാണെന്നും സാമ്പത്തിക സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരത്തിനാണ് നേതൃത്വം കൊടുക്കേണ്ടതെന്നുമായിരുന്നു അവരുടെ കാഴ്ച

പ്പാട്. അതിനാൽ ആദ്യകാലത്ത് കർഷകരിലും താഴെക്കിടയിലുള്ള തൊഴിലാളി വർഗ്ഗങ്ങൾക്കിട യിലുമാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സജീവമായത്. വിമോചനശ്രമങ്ങൾ സമൂഹത്തിന്റെ അടി വേരുകളിലോളം എത്തുന്നത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വഴിയാണ്.

കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രദാനം ചെയ്ത പുതിയ സാമൂഹിക രാഷ്ട്രീയ ബോധം തൊള്ളായിരത്തി മുപ്പതുകൾ മുതലുള്ള സാഹിത്യരചനകളിൽ ധാരാളമായി തെളിയുന്നുണ്ട്. സാമൂഹിക ജീവിതത്തിലെ പുഴുക്കുത്തുകളെ തുറന്നുകാട്ടിയ തകഴി തൊഴിലാളി വർഗ്ഗത്തിന്റെ ഉയർത്തെഴുന്നേൽപ്പുകൾ സാഹിത്യ വിഷയമാക്കുകയുണ്ടായി. ജന്മി-കുടിയാൻ ബന്ധങ്ങളിലെ പ്രശ്നങ്ങളും തൊഴിലാളി വർഗ്ഗത്തിന്റെ സംഘർഷങ്ങളും 'രണ്ടിടങ്ങഴി' ഉൾപ്പെടെയുള്ള മിക്ക കൃതികളുടെയും വിഷയമാണ്. എഴുത്തുകാരനെന്ന നിലയിൽ മാർക്സിന്റെ സ്വാധീനം കേശവ ദേവിലും പ്രകടമാണ്.

മറ്റെന്തിനെക്കാളും മനുഷ്യന്റെ അസ്തിത്വത്തിന് മൂല്യം കൽപിച്ച കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രം സാഹിത്യത്തിന്റെ എല്ലാ മേഖലകളിലും സ്വാധീനം ചെലുത്തുന്നുണ്ട്. മനു ഷ്യാസ്തിത്വത്തിന്റെ മഹത്വവൽക്കരണം പരമ്പരാഗത മതബോധത്തിൽ വലിയ വിള്ളലുകൾ സൃഷ്ടിക്കുന്നുണ്ട്. ദൈവികതയിൽ നിന്ന് മാനവികതയിലേക്കുള്ള ചിന്താപരമായ മാറ്റം സാധ്യ മായപ്പോൾ ക്രമേണ മതബോധം യുക്തി ബോധത്തിനു വഴിമാറുന്നുണ്ട്. ദൈവത്തിന്റെ അസ്തി ത്വത്തെപ്പറ്റി 'ഇന്ദുലേഖ'യുടെ കാലത്തുണ്ടായിരുന്ന ശങ്ക ഇക്കാലത്തെത്തുമ്പോഴേക്കും തീർത്തും അപ്രത്യക്ഷമാകുന്നു. പകരം, യുക്തിവാദികളുടെ പുതിയ മതം തന്നെ കേരളത്തിൽ രൂപപ്പെടു ന്നു.

ബ്രിട്ടീഷുകാർ കൊണ്ടുവന്ന നവീനാശയങ്ങളും മിഷണറി പ്രവർത്തനങ്ങളുമാണ് കേര ളീയ സമൂഹത്തിൽ മാറ്റത്തിന്റെ തുടക്കം കുറിച്ചത്. തുടർന്ന് നാരായണഗുരുവിന്റെ നേതൃത്വത്തി ലുണ്ടായ സാമുഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ വർണ്ണവിമോചനം സാധ്യമാക്കി. പിന്നീട്, കോൺഗ്രസ്സ് - കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലൂടെയാണ് ജനതയുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും വർഗ്ഗ വിമോചനത്തിനുമുള്ള വേദിയൊരുങ്ങിയത്. ഇങ്ങനെ പലവഴികളിലൂടെ, പല ഘട്ടങ്ങളി ലൂടെ മുന്നേറിയ കേരളീയ നവോത്ഥാനം പരിപൂർണ്ണത കൈവരിക്കുന്നത് തൊള്ളായിരത്തി അമ്പതുകളിലാണ്. ബഹുതല സ്പർശിയായ ഈ നവോത്ഥാനത്തിന്റെ ആദ്യത്തെ സാഹിതീയ മായ അടയാളപ്പെടുത്തലുകൾ നടക്കുന്നത്. ഒ. ചന്തുമേനോൻ രചിച്ച ഇന്ദുലേഖയിലാണ്. ഇന്ദു ലേഖയിലെ ആ നവോത്ഥാനാശയങ്ങളെപ്പറ്റിയുള്ള പഠനമാണ് അടുത്ത അദ്ധ്യായത്തിൽ നട ത്തുന്നത്.

## അടിക്കുറിപ്പുകൾ

1. എം.കെ. കുമാരൻ, ഭാരതനവോത്ഥാനം (ലേഖനം) ശ്രീനാരായണഗുരു പ്രഭാവം, അന്താരാഷ്ട്ര ശ്രീനാരായണ ഗുരുവർഷ സ്മാരക ഗ്രന്ഥം, 1977, പേജ് 309
2. ആദ്യത്തെ കുരിശുയുദ്ധത്തിനു പോയവർ യേശുക്രിസ്തുവിനെ അനുകരിച്ച് ഓരോ കുരിശും ചുമന്നിരുന്നു. അതുകൊണ്ടാണ് ഇവ കുരിശു യുദ്ധങ്ങൾ എന്നറിയപ്പെട്ടത്.
3. 1440ലാണ് ഗുട്ടൻബർഗ്ഗ് അച്ചടിയന്ത്രം കണ്ടുപിടിച്ചതെന്ന് ഹോയർ പറയുന്നു. Theo Hoyer, The story of the Church, Concordia Publishing House, St. Louis, M.O, (U.S.A) 1942, പേജ് 38
4. ഡോ. എൻ.സാം, കേരളത്തിലെ സാമൂഹിക നവോത്ഥാനവും സാഹിത്യവും, എൻ.ബി. എസ്. കോട്ടയം, 1988, പേജ് 20
5. എം.കെ. കുമാരൻ, ഭാരത നവോത്ഥാനം (ലേഖനം), ശ്രീനാരായണഗുരു പ്രഭാവം, അന്താരാഷ്ട്ര ശ്രീനാരായണഗുരുവർഷ സ്മാരക ഗ്രന്ഥം, 1977, പേജ് 310
6. എം. സചീന്ദ്രൻ, ലോകചരിത്രം രണ്ടാംഭാഗം, സ്വതന്ത്ര പ്രസിദ്ധീകരണം, 1992, പേജ് 8
7. അതേ പുസ്തകം, പേജ് 24
8. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിലെ സാംസ്ക്കാരിക വിപ്ലവം (ലേഖനം), ശ്രീനാരായണഗുരു പ്രഭാവം, അന്താരാഷ്ട്ര ശ്രീനാരായണഗുരു വർഷ സ്മാരക ഗ്രന്ഥം, 1977, പേജ് 316
9. എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, പ്രതിഭ ബുക്സ്, മാവേലിക്കര, പേജ് 278
10. വത്സലൻ വാതുശ്ശേരി, പ്രാസവാദത്തിലെ അന്തർദ്ധാരകൾ (ലേഖനം), ഭാഷാസാഹിതി - 38, പേജ് 99
11. പ്രൊഫ.കെ.ഗോപാലകൃഷ്ണൻ (സമ്പാദകൻ), കേസരി നായനാരുടെ കൃതികൾ, പേജ് 5
12. അതേ പുസ്തകം, പേജ് 25
13. അതേ പുസ്തകം, പേജ് 14
14. കെ.എം. സീതി, മുസ്ലീം നവോത്ഥാനം സമകാലിക മലയാളം, കേരളം 20-ാം നൂറ്റാണ്ട് പ്രത്യേക പതിപ്പ് - 2000

Shanoj. M.P. “Social renaissance in malayalam novels” Thesis. Kerala sahithya academy, University of Calicut, 2014.

# അദ്ധ്യായം രണ്ട്
# 'ഇന്ദുലേഖ' – നവോത്ഥാനത്തിന്റെ ചരിത്രരേഖ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ശക്തിപ്രാപിച്ച പുതിയ സാമൂഹിക ചലനങ്ങളുടെയും കാഴ്ച്ചപ്പാടുകളുടെയും ചരിത്രരേഖ എന്ന് വിശേഷിപ്പിക്കാവുന്ന കൃതിയാണ് 1889ൽ ഒ.ചന്തുമേനോൻ രചിച്ച 'ഇന്ദുലേഖ' എന്ന നോവൽ. നോവൽ എന്ന സാഹിത്യവിഭാഗത്തിന്റെ പ്രാഗ്രൂപമായി പരിഗണിക്കപ്പെടുന്ന 'ഘാതകവധം', 'പുല്ലേലികുഞ്ചു', 'കുന്ദലത' എന്നീ കൃതികളുമായി താരതമ്യപ്പെടുത്തിയാൽ ഇന്ദുലേഖ മലയാളത്തിന് നവ്യമായ ഒരനുഭവമായിരുന്നു. ഭാവനാപൂർണ്ണവും അസംഭവ്യങ്ങളുമായ കഥകൾ മാത്രം കേട്ട് മടുപ്പുകയറിയിരുന്ന ജനമനസ്സുകളോട് യുക്തിയുക്തമായി സംവദിക്കുന്ന ഒന്നായിരുന്നു ഇതിന്റെ ഇതിവൃത്തം. ലളിതസുന്ദരമായ ഭാഷ, അടുത്തു പരിചയമുള്ളവരെന്നു തോന്നിക്കുന്ന കഥാപാത്രങ്ങൾ, ഫലിത പരിഹാസപൂർണ്ണമായ പ്രതിപാദനരീതി, തൊട്ടടുത്ത് നടന്നതോ നടന്നേക്കാവുന്നതോ ആയ ഒരു കഥ – ഇങ്ങനെ 'ഇന്ദുലേഖ' സാഹിത്യത്തിൽ പുതിയ രൂപവും ഭാവവും പ്രദാനം ചെയ്തു. അങ്ങനെയാണ് മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യ നോവൽ എന്ന വിശേഷണത്തിന് ആ കൃതി അർഹമായിത്തീർന്നത്.

'ഇന്ദുലേഖ'യിൽ നിന്ന് തിരിഞ്ഞു നോക്കിയാൽ ഏകദേശം എഴുന്നൂറു വർഷത്തെ സുദീർഘമായ സാഹിത്യചരിത്രം നമുക്കുണ്ട്. ആദ്യഘട്ടത്തിൽ നമ്മുടെ സാഹിത്യത്തിന്റെ ഊർജ്ജസ്രോതസ്സ് പുരാണങ്ങളും ഐതിഹ്യങ്ങളുമൊക്കെയായിരുന്നു. പാട്ടിലൂടെയും ഗാഥയിലൂടെയും കിളിപ്പാട്ടിലൂടെയും തുള്ളൽപ്പാട്ടിലൂടെയുമൊക്കെ പുരോഗമിക്കുമ്പോഴും ഉള്ളടക്കം പുരാതന കാലത്തിന്റേതു തന്നെയായിരുന്നു. ഇങ്ങനെ വർത്തമാനത്തിൽ നിൽക്കുമ്പോഴും ഭൂതത്തിന്റെ കൈത്താങ്ങ് അത്യാവശ്യമായിരുന്ന അവസ്ഥയിൽ നിന്ന് വ്യക്തമായ ഒരു വ്യതിയാനം പത്തൊമ്പതാം നൂറ്റാണ്ടാവുമ്പോഴേക്കും മലയാള സാഹിത്യത്തിൽ സംഭവിക്കുന്നുണ്ട്. ഈ രീതിയിൽ പരസഹായം കൂടാതെ, ചുറ്റുപാടുകളെ വീക്ഷിക്കാനും അത് ആവിഷ്ക്കരിക്കാനും ശ്രമിക്കുക എന്നത് അന്ന് തികച്ചും വിപ്ലവകരമായ ഒരു സംഭവമായിരുന്നു.

**രചനയുടെ പ്രേരണ**

1864ൽ തലശ്ശേരി കോടതിയിൽ ഗുമസ്ഥനായി ഔദ്യോഗിക ജീവിതമാരംഭിച്ച ചന്തുമേനോന്റെ ഒഴിവുവേളകളിലെ പ്രധാന വിനോദം നോവൽ വായന ആയിരുന്നു. നോവൽ എന്നൊരു സാഹിത്യരൂപം അന്ന് മലയാളത്തിൽ ഉണ്ടായിരുന്നില്ലെങ്കിലും മേനോന്റെ ആഗ്രഹപൂർത്തി വരു

ത്താൻ ഇംഗ്ലീഷിൽ ധാരാളം നോവലുകൾ ഉണ്ടായിരുന്നു. ലോഗന്റെ കീഴിലും മലബാർ കലക്ട്രേറ്റിലുമായി ഗുമസ്ഥ ജോലി ചെയ്യുന്നതിനിടയിലും മുൻസിഫും സബ്ജഡ്ജിയുമൊക്കെയായി കൂടുതൽ ഉത്തരവാദപ്പെട്ട ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോഴും ഒഴിവുവിനോദം നോവൽപാരായണം തന്നെ. മേനോന്റെ തിരക്കുപിടിച്ച സർക്കാർ ജീവിതത്തിനിടയിൽ അദ്ദേഹത്തിന്റെ പത്നിക്ക് അദ്ദേഹവുമായി സംസാരിക്കാനും മറ്റും പരിമിതമായ സമയം മാത്രമേ ലഭിക്കുമായിരുന്നുള്ളൂ. ഇങ്ങനെയുള്ള ഒഴിവുസമയത്തു പോലും മേനോൻ ശ്രദ്ധാപൂർവ്വമായ നോവൽ വായനയിലായിരിക്കും. രസം പിടിച്ചുള്ള അദ്ദേഹത്തിന്റെ ഏകാഗ്രമായ വായന കാണുമ്പോൾ പത്നിക്ക് പല തരത്തിലും കുണ്ഠിതമുണ്ടാവും. ഈ കുണ്ഠിതം തീർക്കാൻ മേനോൻ കണ്ടുപിടിച്ച വഴി വായിക്കുന്ന നോവലിന്റെ സാരം അവരെ പറഞ്ഞു കേൾപ്പിക്കുകയായിരുന്നു. പിന്നീട് ഇതേ ലക്ഷ്യം മുൻനിർത്തി ഇംഗ്ലീഷ് നോവൽമാതിരി മലയാളത്തിൽ ഒരു നോവൽ എഴുതിത്തരാമെന്ന് മേനോൻ തന്റെ ഭാര്യയോട് വാഗ്ദാനം ചെയ്തു. അങ്ങനെയാണ് ഇന്ദുലേഖയുടെ രചന. 1889 ജൂൺ 11ന് എഴുതിത്തുടങ്ങിയ നോവൽ ആഗസ്ത് 17ന് പൂർത്തിയാക്കുകയായിരുന്നു. ഇക്കാര്യങ്ങൾ 'ഇന്ദുലേഖ'യുടെ ആമുഖത്തിൽ ചന്തുമേനോൻ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

ഭാര്യയുടെ സ്നേഹപൂർവ്വമായ നിർബന്ധത്തിനു വഴങ്ങിയാണ് ഈ കഥ രചിച്ചതെങ്കിലും ചില സാമൂഹിക ലക്ഷ്യങ്ങൾ നോവലിസ്റ്റിനുണ്ടായിരുന്നു. സാമൂഹികമോ സാംസ്ക്കാരികമോ ആയ അത്തരം ലക്ഷ്യങ്ങൾ തന്നെയാണ് 18-ാം അധ്യായത്തിലൂടെയും നായർ സ്ത്രീകളുടെ സ്വതന്ത്രതാവാദത്തിലൂടെയും സൂരി നമ്പൂതിരിപ്പാടിന്റെ ചിത്രീകരണത്തിലൂടെയും ഇംഗ്ലീഷിന്റെ മഹത്വവൽക്കരണത്തിലൂടെയുമൊക്കെ അദ്ദേഹം സാധിച്ചിരിക്കുന്നത്. ആ അർത്ഥത്തിൽ 'ഇന്ദുലേഖ' എന്ന സാമൂഹിക നോവലിലൂടെ ഇതൾ വിരിയുന്നത് ലക്ഷണം തികഞ്ഞ ഒരു സാമൂഹിക സങ്കൽപം കൂടിയാണെന്ന് വരുന്നു.

കേരളത്തിൽ ശക്തിപ്പെട്ടു കഴിഞ്ഞ നവോത്ഥാനാശയങ്ങൾ പുതിയ കാലത്തെ മനുഷ്യനെപ്പറ്റി ചില ധാരണകളും സങ്കൽപങ്ങളും രൂപീകരിച്ചിരുന്നു. ആ നവലോക മനുഷ്യരെയാണ് ചന്തുമേനോൻ 'ഇന്ദുലേഖ'യിൽ അവതരിപ്പിക്കാൻ ശ്രമിച്ചത്. അതുകൊണ്ടു തന്നെ അക്കാലത്തെ വായനക്കാരെ സംബന്ധിച്ചു 'ഇന്ദുലേഖ'യിലെ പ്രമേയവും കഥാപാത്രങ്ങളും അവിശ്വസനീയമായാണ് അനുഭവപ്പെട്ടത്. 'ഇന്ദുലേഖ' എന്ന നോവലിന്റെ 'സൂക്ഷ്മ സ്ഥിതി' അറിഞ്ഞപ്പോൾ ചന്തുമേനോന്റെ സുഹൃത്തായ ഒരു സാധാരണക്കാരനിൽ നിന്നുണ്ടായ പ്രതികരണം ഇങ്ങനെയായിരുന്നു. "ഇതെന്തു സാരം.......... യഥാർത്ഥത്തിൽ ഉണ്ടാവാത്ത ഒരു കഥയെഴുതുന്നതുകൊണ്ട് എന്തു പ്രയോജനം?"[1] ഭൂരിപക്ഷം വരുന്ന സാധാരണക്കാരന്റെ പ്രതിനിധി ഇപ്രകാരം അഭിപ്രാ

യപ്പെട്ടപ്പോൾ, വെള്ളക്കാരത്തിയെ ഒന്നരയുടുപ്പിച്ച് മലയാളം സംസാരിപ്പിക്കുകയാണ് 'ഇന്ദുലേ ഖ'യിലൂടെ ചെയ്തതെന്നും ഇത്തരം വെള്ളക്കാരത്തികളെ നൂറുവർഷങ്ങളെങ്കിലും കഴിഞ്ഞ് കേര ളത്തിൽ കണ്ടേക്കാമെന്നുമായിരുന്നു പണ്ഡിതന്യൂനപക്ഷത്തിലെ ഒരു പ്രതിനിധിയുടെ പ്രതിക രണം.[2] പ്രതികരണങ്ങൾ ഏതുവിധത്തിലുള്ളതായാലും ചന്തുമേനോന് സാഹിത്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. കഥയെ വിലയിരുത്തേണ്ടത് അത് നടന്നതോ, നടക്കുന്നതോ എന്നുമാത്രം നോക്കിയിട്ടല്ലെന്നും അത് എഴുതിയ 'മാതിരി' ഭംഗിയായിട്ടുണ്ടോ എന്നു പരിശോ ധിച്ചു നോക്കിയിട്ടാണെന്നും അദ്ദേഹം കരുതുന്നു.

**ഇന്ദുലേഖയിലെ ഇതിവൃത്തരൂപം**

'ഇന്ദുലേഖ'യുടെ പ്രമേയം, കഥാപാത്രം, ഭാഷ തുടങ്ങിയ പല തലങ്ങളിലും നവോത്ഥാ നത്തിന്റെ ആശയങ്ങൾ ദൃശ്യമാണ്. പ്രത്യക്ഷത്തിൽ വളരെ ഋജുവാണ് 'ഇന്ദുലേഖ'യിലെ ഇതി വൃത്തം. പണവും പ്രതാപവുമുള്ള ഒരു നായർ തറവാട്ടിലെ കാരണവരാണ് പഞ്ചുമേനോൻ. അദ്ദേഹത്തിന്റെ മരുമകനായ മാധവനും മകളുടെ മകളായ ഇന്ദുലേഖയും പ്രണയബദ്ധരാണ്. ഇരുവരും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവർ. നല്ല സാമ്പത്തിക ഭദ്രതയുണ്ടായിരുന്നിട്ടു പോലും കാരണവരായ പഞ്ചുമേനോൻ മരുമക്കളെയൊന്നും വിദ്യാഭ്യാസം ചെയ്യിച്ചിരുന്നില്ല. എന്നാൽ പഞ്ചുമേനോന്റെ വേറൊരു സഹോദരിയായ കുമ്മിണിയമ്മയുടെ പുത്രനായ ശിന്നന് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകണമെന്ന് മാധവൻ ആഗ്രഹിക്കുന്നു. എന്നാൽ പഞ്ചുമേനോൻ അത് അംഗീ കരിക്കുന്നില്ല. പഞ്ചുമേനോനെ നിഷേധിച്ചുകൊണ്ട് മാധവൻ തന്റെ തീരുമാനവുമായി മുന്നോട്ടു പോകുന്നു. കാരണവർ ഇന്ദുലേഖയെ മാധവന് നൽകില്ലെന്ന് ഭഗവതീ നാമത്തിൽ ശപഥം ചെയ്യു കയും ഇന്ദുലേഖക്ക് മറ്റൊരു സംബന്ധത്തിന് ഒരുക്കങ്ങൾ നടത്തുകയും ചെയ്യുന്നു. ധനികനെ ങ്കിലും വിടനായ സൂരിനമ്പൂതിരിപ്പാടുമായുള്ള സംബന്ധാലോചന ഇന്ദുലേഖയുടെ വ്യക്തിത്വ ത്തിന് മുമ്പിൽ വിലപ്പോവുന്നില്ല. മാത്രവുമല്ല ഇന്ദുലേഖയെ സംബന്ധം ചെയ്യാനെത്തിയ സൂരി നമ്പൂതിരിപ്പാട് അത് അസാധ്യമെന്ന് കണ്ട് മാനം രക്ഷിക്കാൻ കല്യാണിക്കുട്ടിയെ വേട്ടു സ്ഥലം വിടുകയും ചെയ്യുന്നു. നമ്പൂതിരിപ്പാട് ഇന്ദുലേഖയെ സംബന്ധം ചെയ്തു എന്നാണ് പുറമേയ്ക്ക് പ്രചരിക്കപ്പെടുന്നത്. അത് വിശ്വസിച്ച് അസ്വസ്ഥനായ മാധവൻ നാടുവിടുന്നു. ഒടുവിൽ വളരെ അന്വേഷണങ്ങൾക്കുശേഷം മാധവന്റെ പിതാവായ ഗോവിന്ദപ്പണിക്കരും ഇന്ദുലേഖയുടെ കൊച്ച മ്മാവനായ ഗോവിന്ദൻകുട്ടി മേനോനും ബോംബെയിൽ വെച്ച് മാധവനെ കണ്ടെത്തുന്നു. പഞ്ചു മേനോന്റെ ശപഥം ഒരു പ്രായശ്ചിത്തക്രിയയിലൂടെ പരിഹരിച്ചശേഷം ഇരുവരുടെയും വിവാഹം

മംഗളകരമായി നടത്തുകയും ചെയ്യുന്നു. നവദമ്പതികൾ മദിരാശിയിലേക്ക് താമസം മാറ്റുന്നതോടെ നോവലിന് ശുഭാന്ത്യമാവുന്നു.

**പുതിയ കാലത്തിന്റെ വിചാരണകൾ**

വൈദേശികാശയങ്ങളുടെയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും മറ്റും സ്വാധീനഫലമായി 19-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടമാവുമ്പോഴേക്കും സമൂഹത്തിൽ സവിശേഷമായ ചില ചലനങ്ങൾ രൂപപ്പെട്ടു തുടങ്ങിയെന്ന് ആദ്യാദ്ധ്യായത്തിൽ ചൂണ്ടിക്കാണിച്ചിരുന്നുവല്ലോ. മാറിവരുന്ന ലോക സാഹചര്യങ്ങൾക്കനുസൃതമായ നൂതന വിദ്യാഭ്യാസധാരകളുടെ പ്രയോജനം ഇക്കാലത്ത് സമൂഹത്തിൽ ചെറുവിഭാഗത്തിനെങ്കിലും ലഭ്യമാവുന്നുണ്ട്. ഇങ്ങനെ പുതിയ ചിന്താധാരകളിൽ നിന്ന് പുതിയ ജീവിതാനുഭവങ്ങൾ സ്വാംശീകരിക്കപ്പെടുകയും ചെയ്യുന്ന കാലമാണിത്. ഒപ്പം അതുവരെയും അലിഖിതമായി നിലനിന്ന ഫ്യൂഡൽ മൂല്യങ്ങൾക്കും ഫ്യൂഡൽ വ്യവസ്ഥിതിക്കും ഇത് വലിയ ഭീഷണിയായി ഭവിച്ചു. മെല്ലെ സജീവമായിക്കൊണ്ടിരുന്ന ഈ നൂതനാവബോധം ഇന്ദുലേഖയുടെ രചനാകാലത്ത് കർമ്മതലത്തിൽ എത്തിയിരുന്നില്ലെങ്കിലും ചിന്തയുടെ തലത്തിൽ വലിയ ചലനങ്ങൾ ഉണ്ടാക്കിക്കഴിയുന്നുണ്ട്.

പരമ്പരാഗതമായ തറവാട്ടുവഴക്കത്തെ ചോദ്യം ചെയ്യുന്നതിൽ നിന്നുളവാകുന്ന സംഘർഷത്തിലൂടെയാണ് 'ഇന്ദുലേഖ' ആരംഭിക്കുന്നത്. തറവാട്ടിനുള്ളിലായാലും പുറത്തായാലും ചില നാട്ടുനടപ്പുകളും ആചാരങ്ങളുമൊക്കെയുണ്ട്. ഇത്തരമൊരു സാമൂഹ്യ കെട്ടുപാടിൽ നിൽക്കുന്ന ഒരാൾ, തനിക്കും തന്റെ കാലത്തിനും യോജിച്ചതെന്നു തോന്നുന്ന ഒരു പ്രവൃത്തിക്കായി കച്ചകെട്ടിയിറങ്ങുമ്പോൾ സ്വാഭാവികമായും ആദ്യം എതിരിടേണ്ടി വരിക തറവാട്ടു നായകനായ കാരണവരെയായിരിക്കും. സകല സമ്പത്തിന്റെയും കേന്ദ്രബിന്ദുവാണ് തറവാട്ടു കാരണവർ. ഈ ചെങ്കോൽ മുറുകെ പിടിച്ചുകൊണ്ടാണ് സ്വന്തം കുടുംബത്തെയും സമൂഹത്തിലെ ഇതര വിഭാഗങ്ങളെയും അദ്ദേഹം നിയന്ത്രിക്കുന്നത്. ആ സാമ്പത്തിക മേധാവിത്വത്തിന് കീഴ്പ്പെട്ട സ്വാതന്ത്ര്യം മാത്രമാണ് കുടുംബത്തിലെ ഇതരാംഗങ്ങൾക്ക് അന്ന് അനുവദിക്കപ്പെട്ടിരുന്നത്. ഈ മേധാവിത്വത്തെയാണ് മാധവൻ വെല്ലുവിളിക്കുന്നത്. മാധവന്റെ ഈ വെല്ലുവിളിയെ 'ഗുരുത്വക്കേട്' എന്നാണ് മുതിർന്നവർ വിലയിരുത്തുന്നത്. മാത്രമല്ല മാധവനെക്കൊണ്ട് ഈ രീതിയിലുള്ള ഗുരുത്വക്കേടുകൾ ചെയ്യിക്കുന്ന വില്ലൻ ഇംഗ്ലീഷാണെന്നും അവർ കരുതുന്നു.

കൂട്ടുകുടുംബ വ്യവസ്ഥയിലെ കാരണവരായ പഞ്ചുമേനോൻ വളരെ പക്ഷപാതപരമായാണ് കുടുംബാംഗങ്ങളോട് പെരുമാറുന്നത്. ഇന്ദുലേഖയ്ക്ക് നല്ല രീതിയിലുള്ള വിദ്യാഭ്യാസവും പരിചരണവും ലഭിക്കുമ്പോൾ ശിന്നൻ തുടങ്ങിയവരെ കാരണവർ തീർത്തും അവഗണിക്കുന്നു.

ഈ വിവേചനമാണ് മാധവനെ ചൊടിപ്പിക്കുന്നത്. കുമ്മിണിയമ്മയുടെ മകനായ ശിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കാൻ കാരണവർ സഹായിക്കണമെന്ന് ശഠിക്കുക മാത്രമല്ല അത് കാരണവരുടെ ഉത്തര വാദിത്വമാണെന്ന് കൂടി മാധവൻ ചൂണ്ടിക്കാട്ടുന്നുണ്ട്:

"വലിയമ്മാവൻ ദേഹാദ്ധ്വാനം ചെയ്ത് സമ്പാദിച്ചതായ ഒരു കാശു പോലും ചെലവിടാൻ ഞാൻ ആവശ്യപ്പെട്ടിട്ടില്ല. പൂർവ്വന്മാർ സമ്പാദിച്ചതും നമ്മളുടെ അഭ്യുദയത്തിനും ഗുണത്തിനും വേണ്ടി അദ്ദേഹം കൈവശം വെച്ചിരിക്കുന്നതുമായ പണം നമ്മളുടെ ന്യായമായ ആവശ്യങ്ങൾക്കു വേണ്ടി ചിലവിടാനേ ഞാൻ പറഞ്ഞുള്ളൂ. കുമ്മിണിയമ്മയും അവരുടെ സന്താനങ്ങളും ഇവി ടുത്തെ ഭൃത്യന്മാരല്ല. അവരെ എന്താണു വലിയമ്മാവൻ ഇത്ര നിർദ്ദയമായി തള്ളിക്കളഞ്ഞിരിക്കു ന്നത്? അവരുടെ രണ്ടുമക്കളെ ഇംഗ്ലീഷു പഠിപ്പിച്ചില്ല. കല്ല്യാണിക്കുട്ടിയെയും വേണ്ടുംപോലെ ഒന്നുംപഠിപ്പിച്ചില്ല. എന്തുകഷ്ടമാണ് ഇദ്ദേഹം ചെയ്യുന്നത്! ഇങ്ങനെ ദുഷ്ടത കാട്ടാമോ? എനി ആ ചെറിയ ശിന്നനെയും മൂരിക്കുട്ടന്മാരെപോലെ വളർത്താനാണത്രെ ഭാവം-ഇതിനു ഞാൻ സമ്മതിക്കയില്ല"[3] എന്ന് കർക്കശമായി പറയാൻ തന്നെ മാധവൻ ധൈര്യപ്പെടുന്നു. ഇത്തരത്തിൽ സുദൃഢവും ഉച്ചത്തിലുള്ളതുമായ പ്രതിഷേധത്തിന്റെ ഒരു സ്വരം അതുവരെ നാലുകെട്ടിനുള്ളിൽ അപരിചിതമായിരുന്നു. അല്ലെങ്കിൽ ഹുങ്കാരത്തോടെ പുറത്തേക്കു പ്രവഹിക്കാൻ മാത്രമുള്ള ഊർജ്ജം അവയ്ക്കില്ലായിരുന്നിരിക്കണം.

പഴയ വിശ്വാസങ്ങളുടെയും ആചാരനിഷ്ഠകളുടെയും തടവറയിൽപ്പെട്ട് ശ്വാസംമുട്ടിക്കഴി യുകയാണ് തന്റെ സമുദായമെന്ന് മാധവന് നല്ല ബോധ്യമുണ്ട്. ആ തടവറയിൽ നിന്ന് തന്റെ സമു ദായത്തെ മോചിപ്പിക്കണമെന്ന ഉത്ക്കടമായ ആഗ്രഹമാണ് യാഥാസ്ഥിതികമായ സമുദായനീതി കളെ വെല്ലുവിളിക്കാൻ മാധവന് ധൈര്യം നൽകുന്നത്.

ഇംഗ്ലീഷിനോടും മാധവനോടും ശിന്നനോടും ഉള്ള പഞ്ചുമേനോന്റെ ദേഷ്യം ഇന്ദുലേ ഖയെ മാധവനു നൽകുകയില്ല എന്ന ഉഗ്രശപഥത്തിൽ എത്തുന്നുവെന്ന് പറഞ്ഞുവല്ലോ. എന്നാൽ ശപഥം കഴിഞ്ഞ ഉടനെ തന്നെ പഞ്ചുമേനോൻ ആ ശപഥത്തിന്റെ ഫലസാദ്ധ്യതയെപ്പറ്റി സംശ യാലുവാകുന്നുണ്ട്. മാധവനും ഇന്ദുലേഖയും തന്റെ ആജ്ഞ ലംഘിച്ച് പരസ്പരം പരിഗ്രഹിച്ചേ ക്കുമെന്നു തന്നെ അയാൾ ഭയപ്പെടുന്നുണ്ട്. പുറമെ ദൃശ്യമാകുന്നില്ലെങ്കിലും പഞ്ചുമേനോനിൽ ഉളവാകുന്ന ഈ വിറയൽ അന്നുവരെ ഇളക്കമേതുമില്ലാതെ നിലകൊണ്ടിരുന്ന തറവാട്ടു സംഹി തകളെയും നാടുവാഴിത്ത പ്രമത്തതകളെയും പത്തായപ്പുരകളെയുമൊക്കെ അടിയോടെ ബാധി ക്കുന്ന വിറയലാണ്. പഴഞ്ചൻ പ്രമാണങ്ങൾക്കെതിരായി ഉണർന്നുവരുന്ന ചില ചലനങ്ങൾ പഞ്ചു മേനോനും മനസ്സിലാക്കിത്തുടങ്ങുന്നുണ്ട്. അത്തരം ചലനങ്ങൾ നിസ്സംഗമായി അവഗണിക്കാവു

ന്നവയല്ല. കാരണം പഞ്ചുമേനോൻ ഭയക്കുന്നതുപോലെ 'ധൈര്യവും മിടുക്കും ഉറപ്പും' ആണ് അവയുടെ ലക്ഷണങ്ങൾ. ഇതേ ധൈര്യവും മിടുക്കും ഉറപ്പും തന്നെയാണ് ശിന്നന്റെ ഇംഗ്ലീഷ് പഠനത്തിന്റെ പ്രശ്നമവതരിപ്പിക്കുമ്പോൾ മാധവനിലൂടെ പുറത്തേക്കു പ്രവഹിപ്പിക്കുന്നത്. ജന്മി ത്തത്തിനും നാടുവാഴിത്തത്തിനുമെതിരായി പടവെട്ടി നീങ്ങുന്ന പിൽക്കാല പ്രസ്ഥാനങ്ങൾക്കും വഴികാട്ടുന്നത് ഇതേ ധൈര്യവും മിടുക്കും ഉറപ്പും തന്നെയാണ്.

**ഇംഗ്ലീഷ് എന്ന പ്രത്യയശാസ്ത്രം**

ഭാരതീയവും കേരളീയവുമായ നവോത്ഥാനത്തെക്കുറിച്ചു പഠിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു പ്രശ്നം പി.കെ. ഗോപാലകൃഷ്ണൻ ഇങ്ങനെ ചൂണ്ടിക്കാട്ടുന്നുണ്ട്:

"അടിമുടി ജീർണ്ണിച്ച് വികലമായിക്കിടന്ന ഒരു സമൂഹമാണ് ബ്രിട്ടീഷ് ഭരണാരംഭത്തിൽ ഇന്ത്യയിൽ ഉണ്ടായിരുന്നത്. ജാതി സമ്പ്രദായത്തിന്റെ ഫലമായി നിരവധി അടുക്കുകളുമായി ഒന്നിനുമീതെ ഒന്നായി, തട്ടുതട്ടായി കിടക്കുന്ന ഇന്ത്യൻ സമൂഹത്തിൽ അടിത്തട്ടിൽ കിടക്കുന്ന സാമൂഹ്യവിഭാഗങ്ങൾ മാത്രം ജീർണ്ണിച്ചതും മുകൾത്തട്ട് ഭദ്രവും ആയിരിക്കുന്നുവെന്ന് ധരിച്ചാൽ അതിനേക്കാൾ പലിയ പരമാബദ്ധം വേറെയില്ല. അന്ധസങ്കൽപങ്ങളും ദുരാചാരങ്ങളും എല്ലാ സാമൂഹ്യ വിഭാഗങ്ങൾക്കും ഒരുപോലെ ബാധകമായിരുന്നു."[4]

'ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വെളിച്ചം പ്രസരിച്ചപ്പോൾ സ്വാഭാവികമായും തട്ടുതട്ടായി ക്കിടന്ന ഇന്ത്യൻ സമൂഹത്തിന്റെ മുകൾത്തട്ടിലാണ് ആ വെളിച്ചം ആദ്യമായി പരന്നത്. അങ്ങനെ മുകൾത്തട്ടിലുള്ളവർ ഉണർന്നതിന്റെ ചരിത്രമാണ് ബംഗാളിലെ നവോത്ഥാനത്തിന്റെ ചരിത്രം. ചന്തുമേനോൻ പ്രതിനിധാനം ചെയ്യുന്ന സാമൂഹ്യ നവോത്ഥാനവും അതുതന്നെയാണ്. കേര ളത്തെ സംബന്ധിച്ച് നമ്പൂതിരി, നായർ സമുദായങ്ങളാണ് കേരളീയമായ സമൂഹത്തിന്റെ മുകൾത്ത ട്ടിൽ. എന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ഉൾക്കൊള്ളുവാൻ വൈമനസ്യം ഉണ്ടാകാതിരുന്ന നായർ സമുദായത്തിലാണ് ആദ്യമായി ചലനങ്ങൾ ഉണ്ടായത്. നമ്പൂതിരിമാർ മടിച്ചുനിന്നു. അതുകൊണ്ട് അവരുടെ സാമൂഹ്യപരിഷ്ക്കരണവും നീണ്ടുപോയി."[5]

നായർ സമുദായത്തിലുണ്ടായ ഈ ചലനങ്ങളാണ് ഇന്ദുലേഖയിൽ നാം കാണുന്നത്. നായർ സമുദായത്തിൽ തന്നെ ഒരു വിഭാഗം മാത്രം പുതിയ ചലനങ്ങളെ സ്വാംശീകരിക്കുമ്പോൾ മറുഭാഗം ഈ പുതുചലനങ്ങളെ പ്രതിഷേധത്തോടെയാണ് നേരിടുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസം മനുഷ്യരെ വഴിതെറ്റിക്കുന്നുവെന്ന് തന്നെ അവർ കരുതുന്നുണ്ട്. ചിറകിന്നടിയിൽ നിന്നു വളർന്നു വലുതായവരെ തന്റെ തന്നെ നേർക്ക് ചീറിയടുപ്പിക്കാനും സാഹസിക പ്രവൃത്തികൾ ചെയ്യി

ക്കാനും പ്രാപ്തരാക്കിയത് ഇംഗ്ലീഷ് വിദ്യാഭ്യാസമാണെന്നാണ് പഞ്ചുമേനോൻ കരുതുന്നത്. 'കുട്ടികളെ ഇങ്കിരിയസ് പഠിപ്പിക്കുന്നിടത്തോളം വിഡ്ഢിത്തം വേറെ ഒന്നുമില്ല. ഇന്ദുലേഖ ഈ ഇങ്കിരിയസ്സു പഠിച്ചിരുന്നില്ലെങ്കിൽ ഇതിൽ എത്ര അധികം നല്ല കുട്ടിയായിരിക്കുമായിരുന്നു"[6] എന്ന് പഞ്ചുമേനോനും "ഒരു കുട്ടി ഇങ്കിരിയസ്സു പഠിക്കുമ്പോഴേക്ക് അവന്റെ വീട്ടിൽ ഉള്ളവരെയെല്ലാം പുച്ഛമായി"[7] എന്ന് കേശവൻ നമ്പൂതിരിയും പറയുന്നതിൽ നിന്ന് യാഥാസ്ഥിതികർ ഇംഗ്ലീഷ് വിദ്യാഭ്യാസത്തെയും അതു പകർന്നുകൊടുക്കുന്ന വ്യക്തിത്വബോധത്തെയും എത്ര സംശയത്തോടെയാണ് വീക്ഷിച്ചിരുന്നതെന്നു വ്യക്തമാവുന്നുണ്ട്.

ആംഗല സംസ്കാരത്തിന്റെ സഹവാസം കൊണ്ടുള്ള മേന്മകൾ സ്വയം അനുഭവിച്ചിരുന്ന ആളാണ് ചന്തുമേനോൻ. നാലുകെട്ടിനും നടുമുറ്റത്തിനുമപ്പുറം സ്വാതന്ത്ര്യത്തിന്റെയും ശാസ്ത്രത്തിന്റെയും വിശാലമായ ഒരു ലോകമുണ്ടെന്നും അവയുടെ നല്ലവശങ്ങൾ കരഗതമാക്കാനും അതുവഴി നവീനതയെ പുൽകാനുമുള്ള എളുപ്പവഴി ഇംഗ്ലീഷുമായി പരിചയിക്കുകയാണെന്നും മേനോൻ ശക്തമായി വിശ്വസിക്കുന്നുണ്ട്. ആ വിശ്വാസമാണ് മാധവനിലൂടെയും ഇന്ദുലേഖയിലൂടെയും ചന്തുമേനോൻ വരച്ചു കാട്ടുന്നത്.

സ്വാതന്ത്ര്യത്തോടും നവീനതയോടുമുള്ള വിമുഖതയും കടുംപിടുത്തവും കാർക്കശ്യവുമൊക്കെ സ്ഥലകാലഭേദമില്ലാത്ത ഫ്യൂഡൽ മനോഭാവങ്ങളാണ്. ഈ മനോഭാവങ്ങളിൽ ഒരു മാറ്റം അനിവാര്യമായ അവസരത്തിലാണ് ചന്തുമേനോൻ തികച്ചും ഉദാരമനസ്ക്കരായ മാതൃകാ കഥാപാത്രങ്ങളെ തന്റെ നോവലിലൂടെ അവതരിപ്പിക്കുന്നത്. തുറന്ന മാനസികാവസ്ഥയും സ്വാതന്ത്ര്യബോധവും ഉൽപതിഷ്ണുത്വവും മേനോൻ അവർക്കു കൽപിച്ചു നൽകി. അധികാരത്താലോ പരമ്പരാഗത വിശ്വാസങ്ങളാലോ യാഥാസ്ഥിതികത്വത്താലോ വരിഞ്ഞു കെട്ടപ്പെടാത്ത മാനസികാവസ്ഥയാണ് മേനോൻ ഈ കഥാപാത്രങ്ങൾക്ക് നൽകിയത്. ഈ ഉദാരത (ലിബറലിസം) സമൂഹചേതന ഇച്ഛിച്ചതു തന്നെയായിരുന്നുവെന്ന് പിൽക്കാല സാമൂഹ്യചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്.

**മാധവനും ഇന്ദുലേഖയും – പ്രത്യയശാസ്ത്രത്തിന്റെ രൂപകങ്ങൾ**

'ഇന്ദുലേഖ'യിലെ നായികാനായകന്മാരുടെ ലക്ഷണങ്ങൾ കേരളീയമല്ല എന്ന ആക്ഷേപം അവഗണിക്കാൻ പറ്റുന്നതല്ല. യഥാർത്ഥത്തിൽ ഇംഗ്ലീഷ് ഐഡിയോളജിയിൽ രമിച്ചിരുന്ന മേനോൻ തന്റെ പ്രധാന കഥാപാത്രങ്ങൾക്ക് മാതൃക കണ്ടെത്തിയതും ഇംഗ്ലീഷിൽ നിന്നു തന്നെയാണ്. മാധവനെപ്പറ്റിയുള്ള ചന്തുമേനോന്റെ ഈ വർണനകൾ ശ്രദ്ധേയമാണ്:

'മാധവൻ അതിബുദ്ധിമാനും അതികോമളനും ആയ ഒരു യുവാവാകുന്നു. ഇയാളുടെ ബുദ്ധിസാമർത്ഥ്യത്തിന്റെ വിശേഷതയെ ഇംഗ്ലീഷു പഠിപ്പു തുടങ്ങിയ മുതൽ ബി.എൽ. പാസ്സാവുന്നതുവരെ സ്കൂളിൽ അയാൾക്ക് ശ്ലാഘനീയമായി ക്രമോൽക്കർഷമായി വന്നു ചേർന്ന കീർത്തി തന്നെ സ്പഷ്ടമായും പൂർത്തിയായും വെളിവാക്കിയിരുന്നു.'[8]

'ദേഹം തങ്കവർണ്ണം, ദിനംപ്രതി ശരീരത്തിന്റെ ഗുണത്തിനു വേണ്ടി ആചരിച്ചു വന്ന വ്യായാമങ്ങളാൽ ഈ യൗവ്വനകാലത്ത് മാധവന്റെ ദേഹം അതിമോഹനമായിരുന്നു.'[9]

'മാധവനെ പരിചയമുള്ള സകല യൂറോപ്യന്മാരും വെറും കാഴ്ചയിൽത്തന്നെ മാധവനെ അതികൗതുകം തോന്നി മാധവന്റെ ഇഷ്ടന്മാരായിത്തീർന്നു'[10]

ഇവിടെ മാധവന്റെ ബുദ്ധി സാമർത്ഥ്യം ഇംഗ്ലീഷുമായി അഭേദ്യബന്ധം പുലർത്തുന്നു. കേരളീയനായ മാധവന്റെ നിറം തങ്കവർണ്ണമാണ്. ചിട്ടയായ വ്യായാമമാണ് അദ്ദേഹത്തിന്റെ ശരീരപുഷ്ടിയുടെ രഹസ്യം. പാടത്തും പറമ്പത്തുമുള്ള ശാരീരിക 'വ്യായാമ'ങ്ങളുമായി അഥവാ അദ്ധ്വാനവുമായി അയാൾക്ക് അശേഷം ബന്ധമില്ല. വാസ്തവത്തിൽ മാധവന്റെ ഈ തങ്കവർണ്ണമേനി സായിപ്പിന്റെ അച്ചിൽ വാർത്തെടുത്തതാണ്. മെയ്യനങ്ങാതെ ബുദ്ധിയും കൗശലങ്ങളും കൊണ്ട് കാര്യം സാധിക്കുന്ന സായിപ്പന്മാർക്ക് ശാരീരികാരോഗ്യം നിലനിർത്താൻ വ്യായാമമുറകൾ ആവശ്യമുണ്ട്. മലയാളി സായിപ്പായ മാധവനും അവ അതേപടി അനുഷ്ഠിക്കുന്നു. മാധവനെ കാണുന്നത് മറ്റേതെങ്കിലും മലയാളി യുവാവിനെ കാണുന്നതുപോലെയല്ല. യൂറോപ്യന്മാർക്ക് ഒരു 'വർഗ്ഗസാദൃശ്യം' തോന്നത്തക്ക രീതിയിലുള്ള ബാഹ്യാകാരം അയാൾക്കുണ്ടായിരുന്നു. അതിനാൽ വെറും കാഴ്ച്ചയിൽ തന്നെ അവർക്ക് അതികൗതുകം ഉണ്ടാവുകയും അവർ ഇഷ്ടന്മാരായിത്തീരുകയും ചെയ്തിരുന്നു. അങ്ങോട്ട് ചെന്ന് പരിചയപ്പെട്ട് അവരുടെ ഇഷ്ടനായിത്തീരുന്നതിനു പകരം അവർ ഇങ്ങോട്ട് വന്ന് മാധവന്റെ ഇഷ്ടന്മാരായിത്തീരുകയാണ് പതിവ് എന്നിടത്ത് മാധവന്റെ യൂറോപ്യൻ പ്രകൃതമാണ് തെളിഞ്ഞുവരുന്നത്.

ഇംഗ്ലീഷിൽ അതിനിപുണനായിരുന്ന മാധവന് താൽപര്യമുള്ള കായിക വിനോദങ്ങൾ ക്രിക്കറ്റ്, ലോൻ ടെന്നീസ് എന്നിവ ആയിരുന്നു. ക്രിക്കറ്റും ടെന്നീസും അന്ന് ഇംഗ്ലീഷുകാരുടെയോ അവരുമായി അടുത്തിടപഴകുന്നവരുടെയോ മാത്രം കളിയായിരുന്നു. 1835ൽ മെക്കാളെയുടെ വിദ്യാഭ്യാസ നവീകരണത്തെതുടർന്ന് വില്യം ബെൻറിക്കിന്റെ പരിഷ്ക്കരണങ്ങളുടെ ഭാഗമായാണ് വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഫിസിക്കൽ എഡ്യുക്കേഷൻ സ്ഥാനം പിടിക്കുന്നത്. അങ്ങനെയാണ് മിലിട്ടറി റിക്രിയേഷന് വേണ്ടി കൊണ്ടുവന്ന ക്രിക്കറ്റും ഫുട്ബോളും ഇന്ത്യയിലെത്തുന്നത്. ബ്രിട്ടീഷുകാർ ഗെയിംസിനങ്ങളെ കായികപരിശീലനങ്ങൾക്ക് കൂടുതലായി ഉപയോ

ഗപ്പെടുത്തിയിരുന്ന മലബാറിൽ സ്വാഭാവികമായും അവരോടൊപ്പം കായിക വിനോദമെന്ന നില യിൽ കേരളത്തിൽ ആദ്യമെത്തുന്ന കളി ക്രിക്കറ്റാണ്. 1850ൽ തലശ്ശേരിയിൽ സ്ഥാപിച്ച ടൗൺ ക്രിക്കറ്റ് ക്ലബ്ബ് ആണ് കേരളത്തിലെ ക്രിക്കറ്റ് ക്ലബ്ബുകൾക്ക് തുടക്കം കുറിക്കുന്നത്.[11] ഇതിനുശേഷം നാൽപതോളം വർഷങ്ങൾക്കു ശേഷമാണ് (1890) ലോകത്തിലെ തന്നെ ഏറ്റവും ജനപ്രിയ കളി യായ ഫുട്ബോൾ കേരളത്തിലെത്തുന്നത്. ഇങ്ങനെ നോക്കിയാൽ പലതുകൊണ്ടും ബ്രിട്ടീഷു കാരുടെ ഇഷ്ടവിനോദം അന്ന് ക്രിക്കറ്റായിരുന്നു എന്ന് മനസ്സിലാക്കാം. ചന്തുമേനോൻ മാധ വനെ ക്രിക്കറ്റു തന്നെ പഠിപ്പിച്ചതിന്റെ രഹസ്യവും മറ്റൊന്നല്ല.

അച്ഛനിൽ നിന്നു കിട്ടിയ നായാട്ടു ഭ്രമം മാധവനിലുണ്ട്. പക്ഷേ, ഗോവിന്ദപ്പണിക്കരെ പ്പോലെ ഒരു നാടൻ വേട്ടക്കാരനല്ല അയാൾ. കാരണം അയാളുടെ ആയുധങ്ങൾ വിശേഷമായ തോക്കുകൾ, രണ്ടു മൂന്നു പിസ്റ്റോൾ, റിവോൾവർ എന്നിവയാണ്. വീട്ടിനകത്തുപോലും പാപ്പാ സിട്ടു നടക്കുന്ന മാധവൻ വേഷം കൊണ്ടും ഇംഗ്ലീഷുകാരനാണ്. ഇന്ദുലേഖയുടെ മനസ്സിലുള്ള നായകന്റെ ചിത്രവും ഇംഗ്ലീഷുമാതിരി തന്നെയാണ്. പാപ്പാസും ബ്രീച്ച് ലോഡറുമായി 'ഹണ്ടി ങ്ങി'നിറങ്ങുന്ന മാധവന് ഒന്നിന്റെ കുറവ് അവൾ കണ്ടെത്തിയിരുന്നു - ഒരു തൊപ്പിയുടെ. ഉറക്ക മൊഴിച്ചിരുന്ന് തുന്നിയെടുത്ത് ഇന്ദുലേഖ മാധവന് സമ്മാനിക്കുന്ന തൊപ്പി തന്റെ മനസ്സിലെ കാമുകന്റെ പൂർണ്ണതയ്ക്കു വേണ്ടിയുള്ള സായ്പിന്റെ തൊപ്പിയാണ്. ജന്മം കൊണ്ട് മലയാളിയാ ണെങ്കിലും മാധവൻ രൂപം കൊണ്ടും ഭാവംകൊണ്ടും കർമ്മംകൊണ്ടും തനി വിദേശിയാണ്. ചന്തു മേനോന് അന്ന് സങ്കൽപിക്കാനാവുന്ന ഏറ്റവും വലിയ ഉൽപതിഷ്ണുവിന്റെ ചിത്രവും അങ്ങ നെയുള്ളതായിരുന്നു.

ഇനി ഇന്ദുലേഖയുടെ ചിത്രീകരണം നോക്കുക:

'അരയിൽ നേമം ഉടുക്കുന്ന കസവുതുണിയുടെ വക്കിനുള്ള പൊൻകസവുകര മദ്ധ്യപ്ര ദേശത്തുള്ള പട്ടയുടെ മാതിരി ആവരണമായി നിൽക്കുന്നത് കസവാണെന്ന് തിരിച്ചറിയണമെ ങ്കിൽ കൈകൊണ്ട് തൊട്ടു നോക്കണം. ശരീരത്തിന്റെ വർണ്ണം പൊൻകസവിന്റെ സവർണ്ണമാക യാൽ കസവ് എവിടെ അവസാനിച്ചു ശരീരം എവിടെ തുടങ്ങി എന്നു കാഴ്ചയിൽ പറവാൻ ഒരു വനും കേവലം സാധിക്കുകയില്ല.'[12]

'ഏകദേശം മൂന്നു വയസ്സുപ്രായമായപ്പോൾ തന്റെ വലിയച്ഛൻ പഞ്ചുമേനോന്റെ ജ്യേഷ്ഠ പുത്രനും തന്റെ അമ്മാമനും ഇംഗ്ലീഷ്, സംസ്കൃതം, സംഗീതം മുതലായ വിദ്യകളിൽ അതിനി പുണനും ഒരു ദിവാൻപേഷ്ക്കാരുദ്യോഗത്തിൽ എണ്ണൂററുറുപ്പിക ശമ്പളമായിരുന്ന ആളും ആയ കൊച്ചുകൃഷ്ണമേനോൻ, തന്റെ കൂടെ താൻ ഉദ്യോഗം ചെയ്തിരുന്ന ദിക്കിൽ കൊണ്ടുപോയി

പതിനാറു വയസ്സുവരെ വിദ്യാഭ്യാസങ്ങൾ ചെയ്യിപ്പിച്ചു. ഇംഗ്ലീഷ് നല്ലവണ്ണം പഠിപ്പിച്ചു. സംഗീതത്തിൽ പല്ലവി രാഗവിസ്താരം വരെ പാടാനും പിയാനോ, ഫിഡിൽ, വീണ ഇതുകൾ വിശേഷമായി വായിപ്പാനും ആക്കിവെച്ചു. പിന്നെ ചില്ലറയായി സ്ത്രീകളെ യൂറോപ്പിൽ അഭ്യസിപ്പിക്കുന്ന തുന്നൽ, ചിത്രം മുതലായതിനും തന്റെ അതിമനോഹരിയായ മരുമകൾക്ക് പരിചയം വരുത്തി'.[13]

'ഇന്ദുലേഖയ്ക്ക് താമസിപ്പാൻ പ്രത്യേകമായ ഒരു മാളിക ബങ്കളാവിലെ എല്ലാ മുറികളിലും ഇംഗ്ലീഷുമാതിരി സാമാനങ്ങളും മറ്റും ഭംഗിയായി ശേഖരിച്ചുവെച്ച് ഇന്ദുലേഖയുടെ അഭീഷ്ടപ്രകാരം എല്ലാം ശട്ടം ചെയ്തുവന്നു'.[14]

നായികയെ പരിചയപ്പെടുത്തുന്ന ഭാഗത്ത് ഇന്ദുലേഖ കറുത്തിട്ടാണെന്ന് വായനക്കാർ തെറ്റിദ്ധരിച്ചേക്കല്ലേ എന്ന് ആശങ്കയോടെ എടുത്തുപറയുന്ന ചന്തുമേനോൻ തന്റെ വർണ്ണസങ്കൽപം ആദ്യം തന്നെ വെളിപ്പെടുത്തുന്നുണ്ട്. ബിലാത്തിയിൽ ഒരു ഇംഗ്ലീഷു സ്ത്രീയെ അഭ്യസിപ്പിക്കുന്ന വിധമുള്ള പഠിപ്പുകളും അറിവുകളും മേനോൻ ഇന്ദുലേഖയ്ക്ക് കൽപിച്ചു നൽകുന്നു. മാധവനെപ്പോലെ പാപ്പാസിടുവിച്ച് വീട്ടിനുള്ളിൽ നടത്തിക്കുന്നില്ലെങ്കിലും കഥാപാത്രസൃഷ്ടിയിലെ ചേരുവകൾ പഴയതുതന്നെയാണ്. മറ്റു മരുമക്കളിൽ നിന്ന് കൃത്യമായ അകലത്തിലും ഉയരത്തിലും പാർക്കുന്ന ഇന്ദുലേഖയുടെ ബങ്കളാവിന്റെ ഉൾവശം മുഴുവൻ ഇംഗ്ലീഷ് മയമാണ്. മാധവനിലെ പുരോഗമനവാദി, പാരമ്പര്യത്തെ നിശിതമായി വിമർശിക്കുമ്പോൾ ഇന്ദുലേഖ ലക്ഷ്യമിടുന്ന സമവാക്യം പാരമ്പര്യം + യൂറോപ്പ് എന്നതാണ്. സംസ്കൃതത്തോടൊപ്പം ഇംഗ്ലീഷ്, വീണയോടൊപ്പം പിയാനോ, ഫിഡിൽ എന്നിങ്ങനെ അതിനെ വിപുലീകരിക്കാം.

**സ്വയം തെരഞ്ഞെടുപ്പും വ്യക്തിസ്വാതന്ത്ര്യവും**

സ്വന്തമായി അഭിപ്രായങ്ങളും തീരുമാനങ്ങളും ഉണ്ടായാലും അവയൊക്കെ കാരണവരുടെ ഇഷ്ടത്തിനനുസരിച്ച് മാറ്റുകയോ അടിയറവെക്കുകയോ ചെയ്യുക എന്നതാണ് നാട്ടുനടപ്പ്. സ്വന്തമായി ഒരു തീരുമാനം എടുത്തു നടപ്പിലാക്കാൻ ഇച്ഛാശക്തി മാത്രം പോരാ, സാമ്പത്തിക ശക്തിയും വേണം. എന്നാൽ സമ്പത്തു മുഴുവൻ കാരണവർ അധീനപ്പെടുത്തുക വഴി ഈ പ്രവർത്തന സ്വാതന്ത്ര്യം നഷ്ടപ്പെട്ടു പോവുന്നു. മാധവന്റെ പ്രവൃത്തിയെച്ചൊല്ലി ചാത്തരമേനോന്റെ നേരെ കയർക്കുന്ന പഞ്ചുമേനോൻ പറയുന്നത് "നിനക്കു വല്ലതും വേണമെങ്കിൽ എന്റെ ഇഷ്ടം കൂടാതെ ഉണ്ടാകയില്ല" എന്നാണ്. ഇങ്ങനെ സാമ്പത്തിക ഉപരോധം വഴി ആരെയും വരച്ച വരയിൽ നിർത്താമെന്നത് ഒരു പുതിയ തന്ത്രമല്ല. ഈ സാമ്പത്തിക ഉപരോധം നടപ്പിലാക്കുന്നതു കൊണ്ടാണ് ഗോവിന്ദപ്പണിക്കരുടെ മുമ്പിൽ പഞ്ചുമേനോന്റെ അധികാരം ഏശാതെ പോകുന്നത്. ആൾ ബുദ്ധിമാൻ മാത്രമല്ല നല്ല ദ്രവ്യസ്ഥനുമാണ്. ദ്രവ്യസ്ഥനോടുള്ള കളി സൂക്ഷിച്ചു

വേണം എന്ന് പഞ്ചുമേനോനറിയാം. എന്നാൽ ദ്രവ്യം തീരെയില്ലാത്ത ശീനുപ്പട്ടരുടെ മേൽ ഏത് 'ആക്രമണ'വും സാധ്യമാണ്.

മാധവനെപ്പോലെയോ അതിനേക്കാൾ ഉയർന്നതോ ആയ ചിന്താശേഷി പ്രകടിപ്പിക്കുന്ന യാളാണ് ഇന്ദുലേഖ. തറവാട്ടിൽ ഒരു ഇഷ്ടം മാത്രമേ ഉള്ളുവെന്നും അത് കാരണവരുടെ ഇഷ്ടം മാത്രമാണെന്നും നന്നായി അറിയുന്നവളായിട്ടും തന്റെ ഇഷ്ടങ്ങളെ ആരുടെ മുമ്പിലും അടിയറ വെക്കാൻ ഇന്ദുലേഖ ഒരുക്കമല്ല. പഞ്ചുമേനോന് അത് നന്നായി അറിയുകയും ചെയ്യാം. അതു കൊണ്ടു തന്നെയാണ് ശപഥം കഴിഞ്ഞ ഉടനെ മേനോൻ ക്ഷീണിതനാവുന്നത്. സ്വന്തം കാര്യങ്ങ ളിൽ തനിക്ക് സ്വന്തമായ അഭിപ്രായങ്ങളുണ്ടെന്നും യാതൊരു കാരണവശാലും താനതിൽ നിന്ന് വ്യതിചലിക്കില്ലെന്നും ഉള്ള ഉറച്ച മനോഭാവവും തീരുമാനവും വ്യക്തികളിൽ രൂപപ്പെട്ടു തുടങ്ങു ന്നതിന്റെ ഒരു ചിത്രം അതിശയോക്തിയോടെയാണെങ്കിലും ഇന്ദുലേഖയുടെ സംഭാഷണങ്ങളിൽ തെളിയുന്നുണ്ട്. "വലിയച്ഛന്റെ ഇഷ്ടപ്രകാരം മാധവി നടക്കണ്ടേ?" എന്ന മാധവന്റെ ചോദ്യത്തിന് ഇന്ദുലേഖ കൊടുക്കുന്ന മറുപടി ഇതാണ്. "ഇഷ്ടപ്രകാരം ഞാൻ നടക്കേണ്ടതാണ്. നടക്കു കയും ചെയ്യും. എന്നാൽ ചിലകാര്യങ്ങളിൽ സ്വേച്ഛപ്രകാരമേ എനിക്കു നടക്കാൻ നിവൃത്തിയു ള്ളൂ. നിർഭാഗ്യവശാൽ അതിലൊന്നാണ് ഈ ശപഥവും".

ഇളക്കമേശാത്ത ഇത്തരം ദൃഢനിശ്ചയങ്ങൾക്കു മുമ്പിലാണ് ശപഥങ്ങൾക്കും പാരമ്പര്യ സംഗതികൾക്കും ശൈഥില്യം സംഭവിക്കുന്നത്. വലിയച്ഛന്റെ വിനീതവിധേയയായി നിലകൊണ്ടി രുന്നെങ്കിൽ ഇന്ദുലേഖയ്ക്ക് എന്തു സംഭവിക്കുമായിരുന്നു എന്ന് 'കല്യാണിക്കുട്ടി'മാരുടെ ജീവ ചരിത്രങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്.

**സ്ത്രീസ്വാതന്ത്ര്യം എന്ന സ്വപ്നം**

വിവേചനവും ചൂഷണവും അവഗണനയുമൊക്കെ ഇന്നോളമുള്ള മാനവചരിത്രത്തിന്റെ ഭാഗമാണ്. അവ ഏതൊക്കെ രൂപത്തിൽ വേരുറപ്പിച്ചിരിക്കുന്നു എന്ന വ്യത്യാസം മാത്രമേയുള്ളൂ. അധികാരത്തിന്റെയും സമ്പത്തിന്റെയും വർണ്ണത്തിന്റെയും പേരിലുള്ള വിഭജനങ്ങൾ അവയ്ക്ക് വളരാനുള്ള വളക്കൂറുള്ള പശ്ചാത്തലങ്ങളത്രെ.

ചൂഷക വലയത്തിൽ നിന്നുകൊണ്ടു തന്നെ സ്വന്തം വ്യക്തിത്വം തിരിച്ചറിയുകയും സ്വന്തം ഭാവി സ്വയം തീരുമാനിക്കുകയും ചെയ്തു എന്നുള്ളതാണ് ഇന്ദുലേഖയെ വ്യത്യസ്തയാക്കി ത്തീർക്കുന്നത്. പാരമ്പര്യത്തിൽ നിന്ന് വേറിട്ടുള്ള അത്തരം ഒരു പാതയിലൂടെയുള്ള നടത്തം അവർക്കു സാധ്യമാക്കിയത് നൂതന വിദ്യാഭ്യാസമാണ്.

അമ്മാവനായ കൊച്ചുകൃഷ്ണമേനോൻ, വിദ്യാഭ്യാസ ശേഷം ഇന്ദുലേഖയ്ക്ക് അനുരൂപനായ പുരുഷനെ അവൾ തന്നെ തിരഞ്ഞെടുക്കേണ്ടതാണ് എന്ന അഭിപ്രായക്കാരനായിരുന്നു. “ഇന്ദുലേഖയ്ക്ക് വയസ്സ് പതിനഞ്ചിൽ അധികമായല്ലോ; നല്ല ഒരു സംബന്ധം തുടങ്ങിപ്പിക്കേണ്ടേ?” എന്ന ചോദ്യത്തിന് ഉത്തരമായി, ഇന്ദുലേഖയുടെ വിദ്യാഭ്യാസങ്ങൾ മുഴുവനും ആയിട്ടില്ലെന്നും അതു കഴിഞ്ഞ ശേഷമേ ആ ആലോചന തന്നെ ചെയ്വാൻ ആവശ്യമുള്ളൂ എന്നും വിദ്യാഭ്യാസം ചെയ്ത് ഇന്ദുലേഖയെ യോഗ്യതയുള്ളവളാക്കിത്തീർക്കേണ്ടുന്ന ഭാരമാണ് തനിക്കുള്ളത് എന്നും ആ യോഗ്യത അവൾക്കെത്തിയാൽ ഇന്ദുലേഖ തന്നെ അവൾക്കു വേണ്ടതെല്ലാം യഥോചിതം പ്രവർത്തിച്ചുകൊള്ളുമെന്നും ആണ് കൊച്ചുകൃഷ്ണമേനോൻ പറയുന്നത്.

കൊച്ചുകൃഷ്ണമേനോന്റെ ‘യഥോചിതമായ പ്രവൃത്തി’ എന്ന പരാമർശം അർത്ഥമാക്കുന്നത് സ്ത്രീ സ്വാതന്ത്ര്യം തന്നെ. സ്ത്രീ വിദ്യാഭ്യാസത്തെപ്പറ്റിയും സ്ത്രീ സ്വാതന്ത്ര്യത്തെപ്പറ്റിയുമുള്ള പുതിയ സമൂഹത്തിന്റെ ധാരണകൾ ഭംഗ്യന്തരേണ സൂചിപ്പിക്കുകയാണ് ഇവിടെ ചന്തുമേനോൻ ചെയ്യുന്നത്.

തറവാട്ടുരീതിയനുസരിച്ച് സ്വന്തം വിവാഹത്തിന്റെ കാര്യങ്ങൾ പെൺകുട്ടി അറിയേണ്ടതായിട്ടുപോലുമില്ല. കാരണവർ വരനെ കണ്ടുപിടിക്കുകയും നിശ്ചയിക്കുകും ചെയ്യും. കഴുത്ത് നീട്ടിക്കൊടുക്കുക എന്ന പ്രവൃത്തിമാത്രമാണ് പെൺകുട്ടിക്കുള്ളത്. എന്നിട്ടും ‘കലികാലം ആയതിനാൽ ഉള്ള ഭയം നിമിത്തം’ കേശവൻ നമ്പൂതിരിയെയും കൂട്ടി പഞ്ചുമേനോൻ വിവാഹകാര്യത്തിലുള്ള ഇന്ദുലേഖയുടെ മനസ്സറിയാൻ അവളുടെ മുറിയിലെത്തുന്നുണ്ട്. നിശ്ചയിച്ച സംബന്ധത്തെക്കുറിച്ച് സമ്മതമറിയാൻ വന്നതിലെ യുക്തിയെ അവൾ കണക്കിന് പരിഹസിക്കുന്നു. അവസാനം ഇരുവർക്കും ഇന്ദുലേഖയുടെ സ്വഭാവ ദാർഢ്യത്തിനു മുമ്പിൽ പരാജയപ്പെട്ട് സ്ഥലം വിടേണ്ടിവരുന്നു. ഇവിടെ പഞ്ചുമേനോനിൽ നിന്നുള്ള സ്നേഹവാൽസല്യങ്ങളെ ചൂഷണം ചെയ്തിട്ടായാൽപ്പോലും ഇന്ദുലേഖ പ്രദർശിപ്പിക്കുന്ന സ്ഥൈര്യം മാതൃകാപരമണ്. കൊല്ലിനും കൊലയ്ക്കും പോലും അധികാരമുള്ള കാരണവരുടെ സ്വാധീനവലയത്തിനകത്തു നിന്നുകൊണ്ടാണ് ഇന്ദുലേഖ എന്ന ‘സ്ത്രീ’ താൻ വരച്ച വരയിലൂടെ ഒന്നല്ല പലപ്രാവശ്യം കാര്യങ്ങൾ നീക്കിക്കൊണ്ടുപോവുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിൽ മിഷണറിമാരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സാമൂഹിക പ്രവർത്തനങ്ങൾ ഉയർന്നതോതിൽ പ്രചരിച്ചുവെങ്കിലും തീർത്തും അവികസിതവും യാഥാസ്ഥിതികവുമായ സാമുദായിക സാഹചര്യത്തിൽ അതിന് എത്തിപ്പിടിക്കാൻ പറ്റുന്ന ഉയരങ്ങൾക്ക് തീർച്ചയായും പരിമിതികളുണ്ട്. പാരമ്പര്യമായ കെട്ടുപാടുകളിൽ നിന്ന് വിമോചിതരാവാൻ അവർ

ഇനിയും ഒരുപാട് പടവുകൾ പിന്നിടേണ്ടതുണ്ട് എന്ന സ്ഥിതി നിലനിൽക്കുന്ന കാലം. സമൂഹത്തിലെ ന്യൂനപക്ഷം മാത്രം വരുന്ന വൻതറവാടുകളിൽ മാത്രം ഉളവാകുന്ന ഇത്തരം ഒറ്റയൊറ്റയായ ചിന്താധാരകൾക്ക് സംഘടിത ശേഷി കൈവരിക്കാൻ പിന്നെയും ഒരുപാട് ദൂരം പിന്നിടേണ്ടിവരുന്നുണ്ട്.

**ചുംബനം; പ്രണയത്തിലെ വ്യക്തിത്വ പ്രകാശം**

പ്രണയമെന്ന വൈകാരികാനുഭവം എവിടെയും ഒന്നു തന്നെയായിരിക്കാമെങ്കിലും പ്രണയലീലകൾ സ്ഥലകാലങ്ങൾക്കനുസരിച്ച് വ്യത്യസ്തമായിരിക്കും. കേരളീയ പശ്ചാത്തലത്തിൽ യൂറോപ്യൻരീതിയിലുള്ള പ്രണയലീലകൾ അവതരിപ്പിച്ചുകൊണ്ട് ചന്തുമേനോൻ ഇന്ദുലേഖയിൽ അക്കാര്യത്തിലും ഒരു വിപ്ലവം നടത്തുന്നുണ്ട്. അക്കാലത്തെ നായർ യുവതികളിൽ നിന്ന് പ്രതീക്ഷിക്കാൻ കഴിയാത്ത പല പ്രണയലീലകളും പ്രവൃത്തികളും ഇന്ദുലേഖയിൽ കാണാം. മലയാളികളുടെ പ്രണയലീലകൾ പൊതുവെ അടഞ്ഞതും മറയുള്ളതുമാണ്. എന്നാൽ യൂറോപ്യന്മാരുടേതാകട്ടെ കുറേയൊക്കെ പ്രകടനാത്മകമാണ്. ഇതാണ് ഇന്ദുലേഖയിൽ കാണുന്നത്. ഏതുകാര്യത്തിലും ചന്തുമേനോന് മാതൃക യൂറോപ്യന്മാരായതിനാലാണ് മാധവീമാധവന്മാരുടെ പ്രണയചിത്രീകരണ വേളയിലും അത്തരം തുറന്ന സമീപനങ്ങൾ കടന്നുവരുന്നത്.

പരസ്പരമുള്ള അധരചുംബനവും ഗാഢാലിംഗനങ്ങളും യൂറോപ്യന്മാരുടെ ജീവിതരീതിയുടെ ഭാഗമായ സ്നേഹപ്രകടനങ്ങളാണ്. എന്നാൽ കവിളിലോ കൈകളിലോ ഉള്ള പരസ്യചുംബനങ്ങൾ പോലും ഇന്നും കേരളീയ ജീവിതക്രമത്തിൽ കടന്നുവന്നിട്ടില്ല. ഇന്ദുലേഖ മാധവനെ ചുംബിക്കുകയും ആലിംഗനം ചെയ്യുകയും ചെയ്യുന്നത് ചന്തുമേനോൻ ചിത്രീകരിക്കുന്നത് കേരളീയമായ കാഴ്ചപ്പാടോടെയല്ല. പ്രണയലീലകളിൽ സ്ത്രീ മുൻകൈയ്യെടുക്കുന്നതും ഒരു കേരളീയരീതിയല്ല. ഇതു രണ്ടും ഇന്ദുലേഖയിൽ കാണാം. യൂറോപ്യൻ സംസ്ക്കാരത്തിന്റെ മേന്മകൾക്കൊപ്പം കേരളീയ യുവത്വങ്ങൾക്ക് ചില യൂറോപ്യൻ ജീവിത രീതികളും പരിചയപ്പെടുത്തുകയാണ് ചന്തുമേനോൻ. മുടിയിൽ തുളസിക്കതിർ തിരുകി നാണിച്ചു മിഴികൂമ്പി കാൽവിരൽത്തുമ്പുകൊണ്ട് വൃത്തം വരക്കുന്ന നാടൻയുവതിയല്ല മേനോന്റെ സങ്കൽപത്തിലെ നായിക. ഇഷ്ടപുരുഷന്റേതായാലും ശപ്പത്തരങ്ങൾക്ക് ചുട്ട മറുപടി നൽകാനും വ്യക്തിസ്വാതന്ത്ര്യങ്ങളിലെ ഇടപെടലുകളെ ശക്തമായി ചെറുക്കാനും ശേഷിയുള്ള സ്ഥൈര്യവും മിടുക്കും കൈമുതലായുള്ള ഒരു കേരളീയ സ്ത്രൈണ ചേതനയെയാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. ഒപ്പം മേൽപ്പറഞ്ഞ രീതിയിലുള്ള ചില 'പുരോഗമനഭാവ'ങ്ങളും കൂടി ഉൾച്ചേർന്നാൽ മേനോന്റെ സങ്കൽപത്തിന് പൂർണ്ണതയേറും.

**വിചാരണ ചെയ്യപ്പെടുന്ന സാമൂഹ്യഘടന**

സ്വന്തം ഭരണസൗകര്യത്തിനു വേണ്ടിയാണെങ്കിലും ഭരണപങ്കാളിത്തവും നേതൃപദവിയും വാഗ്ദാനം ചെയ്താണ് ഇംഗ്ലീഷുകാർ വലിയ തറവാടുകളിലെ യുവജനങ്ങളെ ഇംഗ്ലീഷ് പഠിപ്പിക്കാൻ തുനിഞ്ഞത്. 19ാം നൂറ്റാണ്ടിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഒരു ന്യൂനപക്ഷത്തിന്റെ പ്രതിനിധികൾ മാത്രമാണ് ഇന്ദുലേഖയും മാധവനുമൊക്കെ. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ചിന്താപരമായ വികാസം അവർക്ക് കൈവന്നു. എങ്കിൽക്കൂടിയും ഇംഗ്ലീഷുകാർ വെച്ചുനീട്ടിയ സാമൂഹിക സൗകര്യങ്ങൾ കൊണ്ട് നേടിയെടുക്കാവുന്നതിനേക്കാളും ഉയർന്ന മാനസിക വളർച്ച ചന്തുമേനോൻ ഇന്ദുലേഖയ്ക്ക് കൽപിച്ചുനൽകുന്നുണ്ട്. മാത്രമല്ല, കഥയിലുടനീളം ഇന്ദുലേഖയ്ക്ക് മാധവനേക്കാൾ പക്വത നൽകുകയും ചെയ്യുന്നു. സ്നേഹത്താൽ പ്രലോഭിതരാക്കിയും പരിഹാസത്താൽ മുട്ടുകുത്തിച്ചും ഇന്ദുലേഖ മാധവന്റെയും പഞ്ചുമേനോന്റെയും സൂരിനമ്പൂതിരിയുടെയും മുമ്പിൽ വ്യക്തമായ മേധാവിത്വം സ്ഥാപിച്ചെടുത്തിട്ടുണ്ട്. ഈ ഒരു മേധാവിത്വം പക്ഷെ അന്നത്തെ സാമൂഹിക നിലവാരമനുസരിച്ച് ഒരു അസാമാന്യ സ്ത്രീപോലും കൈവരിച്ചേക്കാവുന്ന നിലവാരത്തിനും മുകളിലാണ്. ഈ ഔന്നത്യം മേനോൻ ബോധപൂർവ്വം ഉണ്ടാക്കിയെടുക്കുന്നത് തന്നെയാണ്. ഇപ്രകാരം വ്യക്തിത്വവും ചങ്കൂറ്റവും സാമർത്ഥ്യവുമുള്ള നായികയാക്കി ഇന്ദുലേഖയെ സൃഷ്ടിക്കുക വഴി സമൂഹത്തോട് ചില കാര്യങ്ങൾ വിളിച്ചുപറയാനും ചിലവ ചെയ്തുകാണിക്കാനുമുള്ള സന്ദർഭമൊരുക്കുകയുമാണ് ചന്തുമേനോൻ ചെയ്യുന്നത്.

മാധവന് തന്നോട് ഉള്ളതിനേക്കാൾ സ്നേഹം ഇന്ദുലേഖയ്ക്ക് അങ്ങോട്ട് ഉണ്ടായിരുന്നു. പക്ഷേ, അവൾ അത് ഒരിക്കലും തുറന്നു പ്രകടിപ്പിക്കുന്നില്ല. മറിച്ച് അനുരാഗത്തിന്റെ പേരിൽ മാധവനെ ആശയക്കുഴപ്പത്തിലാക്കുകയും അസ്വസ്ഥനാക്കുകയും ചെയ്യുകയാണ്. ഈയൊരു തന്റേടം വിവാഹക്കാര്യം വരുമ്പോഴും അവൾ പ്രകടിപ്പിക്കുന്നുണ്ട്. ഇത് നൂതന വിദ്യാഭ്യാസം വഴി ലഭിച്ച ലോകവിജ്ഞാനത്തിൽ നിന്നുണ്ടായ മേധാശക്തിയാണ്.

മലയാളത്തിലെ സ്ത്രീകൾ അന്യരാജ്യങ്ങളിലെന്നപോലെ പാതിവ്രത്യ ധർമ്മം ആചരിക്കാത്തതിനെയും ഭർത്താക്കന്മാരെ യഥേഷ്ടം സ്വീകരിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നതിനെയും പുരുഷന്മാരുടെ നേർക്ക് ഗർവ്വോടെ നോക്കുന്നതിനെയും മറ്റും മാധവൻ വിമർശിക്കുമ്പോൾ ബുദ്ധിയുള്ള ഒരു മലയാളി സ്ത്രീയുടെ പ്രതികരണമായി ഇന്ദുലേഖ സുദീർഘമായ മറുപടി തന്നെ നൽകുന്നുണ്ട്. മലയാളിസ്ത്രീകൾ പതിവ്രതാധർമ്മം ആചരിക്കുന്നില്ലെന്ന ആരോപണത്തെ അവൾ ശക്തിയുക്തം നിഷേധിക്കുന്നു. വ്യഭിചാരം ഏതു ജാതിയിലുമുണ്ടാവും. എന്നാൽ നായന്മാരുടെ സ്ത്രീകൾ 'അന്തർജ്ജനങ്ങളെപ്പോലെ അന്യജനങ്ങളോട് സംസാരിക്കാതെയും

വിദ്യാഭ്യാസം ചെയ്യാതെയും ശുദ്ധ മൃഗപ്രായരായി നടക്കുന്നില്ലാത്തതുകൊണ്ട് വ്യഭിചാരികളാണെന്നോ പതിവ്രതാധർമ്മം ഇല്ലെന്നോ മാധവൻ നിശ്ചയിക്കുന്നത് വലിയ അബദ്ധം' തന്നെയാണെന്ന് അവൾ പറയുന്നു. വാസ്തവത്തിൽ നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കു നേരെ ഇന്ദുലേഖയെ കരുവാക്കിക്കൊണ്ട് ഒരു തീപ്പന്തം വീശിയെറിയുകയാണ് ചന്തുമേനോൻ ഇവിടെ ചെയ്യുന്നത്. അന്തർജനങ്ങളെ കൂട്ടിലിട്ട് മൃഗപ്രായരാക്കി കൊല്ലാക്കൊല ചെയ്യുന്നത് മാധവനെപ്പോലുള്ളവരുടെ ആണത്തമില്ലായ്മ കൊണ്ടുതന്നെയാണെന്നും ഇന്ദുലേഖയിലൂടെ ചന്തുമേനോൻ തുറന്നടിക്കുന്നുണ്ട്. ജീർണ്ണത ബാധിച്ച നമ്പൂതിരി സമുദായത്തെ സ്വയം വിലയിരുത്തലിനു സജ്ജമാക്കാൻ വേണ്ടി കൊടുക്കുന്ന ഒരു 'ഷോക്ക് ട്രീറ്റ്മെന്റാ'ണ് ഈ സന്ദർഭങ്ങളിൽ മേനോൻ ലക്ഷ്യമാക്കുന്നതെന്ന് മനസ്സിലാക്കാൻ തെല്ലും പ്രയാസപ്പെടേണ്ടതില്ല. നമ്പൂതിരി സമുദായത്തിന്റെ ദയനീയാവസ്ഥയെക്കുറിച്ച് വി.ടി. ഭട്ടതിരിപ്പാടും പ്രേംജിയും ചെറുകാടും ഇ.എം.എസുമൊക്കെ പിൽക്കാലത്ത് വിവരിച്ചിട്ടുള്ളതും ഇന്ദുലേഖയിലൂടെ ചന്തുമേനോൻ നടത്തിയ അഭിപ്രായങ്ങളുടെ യഥാതഥമായ വിപുലീകരണങ്ങളാണ്.

**നവോത്ഥാനവും സാഹസികമായ വാക്കും**

ആന്തരികമോ ബാഹ്യമോ ആയ ചലനങ്ങളുടെ ഫലമായി സമൂഹ ചേതനയിൽ പ്രത്യക്ഷമാവുന്ന പുത്തനുണർവ്വാണ് നവോത്ഥാനം. നവോത്ഥാനം ശരിയായ അർത്ഥത്തിൽ വാക്കിലല്ല പ്രവൃത്തിയിലാണ് ദൃശ്യമാവേണ്ടത്. പലതുകൊണ്ടും അസന്തുലിതമായിരുന്ന 19ാം നൂറ്റാണ്ടിലെ സാമൂഹ്യാന്തരീക്ഷത്തിൽ പുതിയ മാറ്റങ്ങൾ ലക്ഷ്യമാക്കി ഇറങ്ങിത്തിരിക്കുന്ന ഒരാൾക്ക് കർമ്മപഥത്തിലെ ഒറ്റപ്പെടൽ സുനിശ്ചിതമായിരുന്നു. കർമ്മം അസാധ്യമാവുന്നിടത്ത് മേനോൻ വാക്കുകളിലെ അഗ്നിയെ പ്രയോജനപ്പെടുത്തുകയായിരുന്നു. ആ അർത്ഥത്തിൽ വാക്കുകൾ കൊണ്ടുള്ള വിപ്ലവമാണ് ഇന്ദുലേഖയിൽ അടിമുതൽ മുടിവരെ നടക്കുന്നതെന്ന് കാണാം. ഇന്ദുലേഖ ആരംഭിക്കുന്നതു തന്നെ സാഹസികമായ വാക്കുകളെപ്പറ്റിയുള്ള ഒരു പരാമർശത്തോടെയാണ്:

"എന്താണു മാധവാ ഇങ്ങിനെ സാഹസമായി വാക്കു പറഞ്ഞത്? ഛീ. ഒട്ടും നന്നായില്ല. അദ്ദേഹത്തിന്റെ മനസ്സു പോലെ ചെയ്യട്ടെ. കാരണവന്മാർക്കു നോം കീഴടങ്ങേണ്ടേ? നിന്റെ വാക്കു കുറേ കടന്നുപോയി."[15] എന്ന ചാത്തരമേനോന്റെ സംഭാഷണം ഇന്ദുലേഖയുടെ ആദ്യഖണ്ഡികയിൽത്തന്നെ നമ്മൾ വായിക്കുന്നു. അതിനു മാധവൻ നൽകുന്ന മറുപടിയും 'സാഹസികമായ വാക്കു'കൾ തന്നെയാണ്. നോക്കുക:

"അശ്ശേഷം കവിഞ്ഞിട്ടില്ല. സിദ്ധാന്തം ആരും കാണിക്കരുത്. അദ്ദേഹത്തിനു മനസ്സില്ലെ

ങ്കിൽ ചെയ്യേണ്ട. ശിന്നനെ ഞാൻ ഒന്നിച്ചുകൊണ്ടു പോവുന്നു. അവനെ ഞാൻ പഠിപ്പിക്കും............"[16]

"അദ്ദേഹത്തിനെ ഞാൻ എന്താണു മുഷിപ്പിക്കുന്നത്? ന്യായമായ വാക്കു പറഞ്ഞാൽ അദ്ദേഹം എന്തിനു മുഷിയണം? അദ്ദേഹത്തിന്റെ ന്യായമില്ലാത്ത മുഷിച്ചിലിന്മേൽ എനിക്ക് ഭയമില്ല."[17]

ന്യായാന്യായങ്ങൾ അപ്രസക്തമാവുകയും ഒരാളുടെ തീരുമാനം അന്തിമ തീരുമാനം ആവുകയും ചെയ്യുന്ന വ്യവസ്ഥിതിക്കു നേരെയുള്ള കടന്നാക്രമണമാണ് 'എനിക്ക് ഭയമില്ലാ' എന്ന പ്രഖ്യാപനം. കാലങ്ങളോളം ഒരു ജനതയാകെ ഉള്ളിലൊതുക്കിയ രോഷത്തിന്റെ നെരിപ്പോട് മാധവന്റെ വാക്കുകൾക്കുള്ളിലെരിയുന്നുണ്ട്. കർമ്മപഥത്തിലെത്തും മുമ്പ് ഉറച്ച വാക്കുകളായും മുന്നറിയിപ്പുകളായും ഭീഷണസ്വരങ്ങളായും വിപ്ലവത്തിന്റെ ഊർജ്ജം പ്രത്യക്ഷമാവും. എന്നാൽ ചോദ്യം ചെയ്യാൻ പോലും കെൽപ് നൽകാത്ത വിധത്തിൽ വ്യവസ്ഥകൾ ശ്വാസംമുട്ടിക്കുമ്പോൾ ഈ പ്രതിഷേധം തർക്കുത്തരങ്ങളായാണ് പ്രത്യക്ഷപ്പെടുക. ഈ തർക്കുത്തരങ്ങളിൽ മറഞ്ഞിരിക്കുന്ന 'കുരുത്തക്കേട്' സാമൂഹിക വിപ്ലവത്തിന്റെ ആദ്യലക്ഷണമാണ്.

'ആ കുരുത്തം കെട്ട മാധവൻ എന്നെ അപമാനിച്ചത് എല്ലാം നീ കേട്ടില്ലേ? അവനെ എന്റെ കഷ്ടകാലത്തിന് ഞാൻ ഇങ്കിരിയസ്സു പഠിപ്പിച്ചതിനാൽ എനിക്കു വന്ന ദോഷമാണ് ഇത്. അത് ഇരിക്കട്ടെ ഇപ്പോൾ ഈ തെക്കും വടക്കും തിരിയാത്ത ഈ ചെക്കൻ ഗോപാലൻ കൂടി എന്നോട് ഉത്തരം പറയുന്നു. ഇവന്റെ പല്ലുതല്ലിക്കളയണ്ടേ?'[18] എന്ന പഞ്ചുമേനോന്റെ വേവലാതിയിൽ നിന്ന് ആ വിപ്ലവം ഉദ്ദേശിച്ച ഫലമുളവാക്കുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്. തർക്കുത്തരങ്ങൾക്കും പ്രതിഷേധ സ്വരങ്ങൾക്കും മുമ്പിലുള്ള പരുങ്ങി നിൽപ് പരാജയത്തിന്റെയും കീഴടങ്ങലിന്റേയും ലക്ഷണമാണ് കാണിക്കുന്നത്.

പുരോഗമനത്തിന്റെ പേരിലായാലും മാധവനു നേരെ ഇന്ദുലേഖ ഉപയോഗിക്കുന്ന വാക്കുകൾ കുറേ കടന്നുപോയി എന്ന് അന്നത്തെ സഹൃദയർ മേനോന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. അവരെ പ്രകോപിപ്പിച്ച ഇന്ദുലേഖയുടെ വാക്കുകൾ ഇതാണ്: "മാധവൻ ഇത്ര ശപ്പനാണെന്ന് ഞാൻ ഇതുവരെ വിചാരിച്ചിട്ടില്ല. എന്നെ കാംക്ഷിക്കുന്ന യോഗ്യരിലും. മഹാരാജാക്കന്മാരിലും. എനിക്കു ഭ്രമമുണ്ടെങ്കിൽ എനിക്ക് അവരിൽ ഒരാളെ ഇതുവരെ ഭർത്താവാക്കിക്കൂടായിരുന്നോ? ഈ വിധം ഭോഷത്വം പറഞ്ഞത് ആശ്ചര്യം"[19]. പുരുഷനോട് സ്ത്രീ ഇങ്ങനെയൊക്കെ സംസാരിക്കുകയെന്നത് അന്നത്തെ നിലയ്ക്ക് വലിയൊരു സാഹസം തന്നെയാണ്. ഇന്ദുലേഖയുടെ വ്യക്തിത്വബോധവും ഇച്ഛാശക്തിയും ആജ്ഞാശക്തിയും ഇവിടെ വളരെ വ്യക്തമാണ്. വരൻ വധുവിനെയല്ല വധു വരനെയാണ് തെരഞ്ഞെടുത്തു കഴിഞ്ഞിരിക്കുന്നത്.

സൂരി നമ്പൂതിരിപ്പാടുമായുള്ള സംഭാഷണം ഇതേക്കാൾ ശക്തവും സാഹസികവുമാണ്. തർക്കുത്തരങ്ങളും പരിഹാസവചനങ്ങളും കൊണ്ട് സൂരിയെ നാണം കെടുത്തുന്ന കാര്യത്തിൽ ഇന്ദുലേഖ യാതൊരു ദയയും കാട്ടുന്നില്ല. വിഡ്ഢിയായ സൂരി പോലും "ഇന്ദുലേഖയുടെ വാക്കിന്റെ പൊരുൾ തിരിച്ചറിയുന്നുണ്ട്. ഇന്ദുലേഖയുടെ വാക്കുസാമർത്ഥ്യം കേമം തന്നെ. എന്നെ ഒന്നു ചെണ്ടകൊട്ടിക്കണമെന്നാണ് ഭാവമെന്ന് തോന്നുന്നു" എന്ന സൂരിയുടെ പ്രതികരണം ഇന്ദുലേഖ യുടെ സാഹസികമായ വാക്കുകൾ ഉണ്ടാക്കിയ അസ്വസ്ഥതയിൽ നിന്ന് പുറപ്പെടുന്നതാണ്.

ഇങ്ങനെ തർക്കുത്തരങ്ങളിലൂടെയും പരിഹാസങ്ങളിലൂടെയും പ്രലോഭനത്തിലൂടെയും ഭീഷണിപ്പെടുത്തലിലൂടെയുമൊക്കെ വാക്കുകൾ ശക്തമായ സമരായുധങ്ങളായി മാറുന്നത് ഇന്ദു ലേഖയിലുടനീളം കാണാം. ധാർമ്മിക ച്യുതികൾക്കെതിരെയുള്ള സംഘടിത മുന്നേറ്റങ്ങൾക്ക് ശക്തിപകർന്നുകൊണ്ട് ആദ്യം പ്രത്യക്ഷമാവുക ഇച്ഛാശക്തിയുള്ള നേതൃത്വങ്ങളുടെ വിപ്ലവാ ഹ്വാനങ്ങളായിരിക്കും. വിപ്ലവസംരംഭങ്ങൾക്കുള്ള അത്തരം ആഹ്വാനങ്ങൾ മുഴങ്ങി കേൾക്കാൻ തുടങ്ങുന്നത് കുറച്ചുകാലം കൂടി കഴിഞ്ഞാണെങ്കിലും അതിനു നാന്ദിയാവാൻ 'ഇന്ദുലേഖ'യ്ക്ക് കഴിയുന്നുണ്ട്.

സമൂഹനേതൃത്വത്തിന് അവശ്യം വേണ്ടുന്ന ഒരു ഗുണം സ്വപ്നം കാണാനുള്ള കഴിവാ ണ്. ആ കഴിവിനൊപ്പം, ആ സ്വപ്നത്തിന്റെ യുക്തിയെപ്പറ്റി സമൂഹചേതനയെ ബോധ്യപ്പെടു ത്താനും അത് നടപ്പിൽ വരുത്താനുമുള്ള ഇച്ഛാശക്തിയും നിർബന്ധമാണ്. ചന്തുമേനോൻ കണ്ട മനോഹര സ്വപ്നത്തിന്റെ യുക്തിയെ ജനങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. സമൂഹമധ്യത്തിൽ ഇറങ്ങിനി ന്നുള്ള ജോലി വശമില്ലാത്തതാകയാൽ അദ്ദേഹം കഥാപാത്രങ്ങളിലെ വാക്കുകളെ സമരായുധ ങ്ങളാക്കി സാമൂഹിക വിപ്ലവത്തിനുവേണ്ടി പൊരുതുകയാണ് ചെയ്യുന്നത്. ദൈവനാമത്തിലുള്ള ഉഗ്രശപഥമായി പുറത്തുവന്ന വാക്കുകളെ സ്വർണ്ണം പുരട്ടി കാരണവരെക്കൊണ്ടു തന്നെ വിഴു ങ്ങിക്കുന്നിടത്ത് നാടുവാഴിത്തം പരുങ്ങി നിൽക്കുകയും മാധവന്റെയും ഇന്ദുലേഖയുടെയും വാക്കു കളിലെ വിപ്ലവജ്വാല അർത്ഥപൂർണ്ണത കൈവരിക്കുകയും ചെയ്യുന്നു. ഇന്ദുലേഖയിൽ ഫ്യൂഡലി സത്തെ മറിച്ചിടുന്നത് കർമ്മമല്ല, വാക്കാണ്. അങ്ങനെ വാക്കു തന്നെ കർമ്മമാകുന്ന കാഴ്ച ഇന്ദു ലേഖയുടെ സവിശേഷതയാണ്.

**ആക്ഷേപഹാസ്യത്തിന്റെ ഊന്നലുകൾ**

ഇന്ദുലേഖയിലെ നായികാനായകന്മാരോളം പ്രാധാന്യമുള്ള രണ്ടുകഥാപാത്രങ്ങളാണ് പഞ്ചു മേനോനും സൂരിനമ്പൂതിരിപ്പാടും. കേരളീയ സാമൂഹ്യ ചരിത്രത്തിൽ, സവിശേഷമായ ഒരു കാല ഘട്ടത്തിലെ മണ്ണിന്റെയും മതാചാരങ്ങളുടെയും സൂക്ഷിപ്പുകാരായിരുന്നു ഇരുവരും. വ്യവസ്ഥ

യ്ക്കും ശീലങ്ങൾക്കും സംഭവിച്ചേക്കാവുന്ന തകരാറുകളെക്കുറിച്ചുള്ള ചിന്തകൾ അന്ന് അവരെ സംബന്ധിച്ചിടത്തോളം അപ്രസക്തമായിരുന്നു. വ്യവസ്ഥ നന്നായിരിക്കുമ്പോഴും നമ്മുടെ ശീല ങ്ങൾക്കാണ് സാധാരണ പിഴവ് സംഭവിക്കാറ്. എന്നാൽ വ്യവസ്ഥയ്ക്കും ശീലത്തിനും ഒരുപോലെ മൂല്യച്യുതി പിടിപെട്ട ഒരുകാലഘട്ടത്തിന്റെ പ്രതിനിധികളായ ഇവരെ ചന്തുമേനോൻ പെരുപ്പിച്ച് അവതരിപ്പിച്ചിരിക്കുന്നത് അനുവാചക മനസ്സിൽ വിപരീതചിന്ത ഉണർത്താൻ കൂടിയാണ്. വിപ രീത കഥാപാത്രങ്ങളുടെയും വിപരീതചെയ്തികളുടെയും ചിത്രീകരണത്തിലൂടെ ധാർമ്മിക ചിന്ത യേയും യാഥാർത്ഥ്യബോധത്തേയും ഉണർത്തുക എന്ന കലയിലെ സാങ്കേതിക വിദ്യ അദ്ദേഹം ഇവിടെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

പഞ്ചുമേനോന് വയസ്സ് എഴുപതാണ്. ശാരീരികവും മാനസികവുമായ ശേഷി ക്ഷയി ച്ചുകൊണ്ടിരിക്കുന്ന വാർദ്ധക്യകാലം. എഴുപതു കഴിഞ്ഞ പക്വതയുടെ പര്യായം രണ്ടാം ബാല്യം എന്നാണ്. ഇങ്ങനെ എൺപതും തൊണ്ണൂറും കഴിഞ്ഞ രണ്ടാം ബാല്യങ്ങൾ സമൂഹത്തിലെ കിരീ ടംവെക്കാത്ത രാജകുമാരന്മാരായി വർത്തിച്ചുപോന്നത് കാലാകാലമായ വ്യവസ്ഥയുടെ തകരാറു തന്നെ. വ്യവസ്ഥയുടെ ഇത്തരം പോരായ്മകൾക്കൊപ്പം ജാത്യാ ഉള്ള കോപം, യാഥാസ്ഥിതികത്വം തുടങ്ങിയ ശീലദോഷങ്ങളും കൂടി ചേരുമ്പോൾ പിഴവ് പൂർണ്ണമാകും.

കാരണവന്മാരുടെ കടുംപിടുത്തങ്ങൾക്ക് മുമ്പിൽ മാധവനെപ്പോലുള്ള പുതുതലമുറക്കാ രുടെ എടുത്തുചാട്ടങ്ങൾ വാക്കുദോഷങ്ങളും പ്രവൃത്തിദോഷങ്ങളുമായാണ് വന്നുഭവിക്കുന്നത്. ഇവരെ മാറ്റിയെടുക്കാൻ സ്നേഹത്തിന്റെ നയതന്ത്രമാർഗ്ഗങ്ങൾ ആണ് കൂടുതൽ ഉപകരിക്കുക എന്ന് ഇന്ദുലേഖയുടെ ഇടപെടലുകൾ കാണിച്ചുതരുന്നത് ശ്രദ്ധിക്കാതെ പോകരുത്.

കണക്കറ്റ സ്വത്തിനുടമയായ പഞ്ചുമേനോന് വേണമെങ്കിൽ മുഴുവൻ അനന്തരവന്മാരെയും പഠിപ്പിക്കാം. പക്ഷേ, എല്ലാവരും ഉദ്യോഗം ഭരിക്കാൻ പുറപ്പെട്ടാൽ തന്റെ ഭരണം തകർന്നു പോവു മെന്ന് അയാൾക്ക് അറിയാം. ഇന്ദുലേഖയും മാധവനും തന്നെ പഠിക്കാൻ പോയതിന്റെ 'മേന്മ'നേരിൽ കാണാവുന്നതാണ്. ഇങ്ങനെ അറിവിന്റെ അപകടങ്ങളെപ്പറ്റി നന്നായി മനസ്സിലാ ക്കിയ പഞ്ചുമേനോൻ അറിവില്ലായ്മയുടെ സൗകര്യങ്ങൾ പരമാവധി ചൂഷണം ചെയ്യുകയാണ്.

കണ്ണുരുട്ടിയും കലഹിച്ചും പ്രഹരിച്ചും പഴയതിന്റെ സൗകര്യങ്ങളിലേക്കും അസൗകര്യ ങ്ങളിലേക്കും മറ്റുള്ളവരെ വലിച്ചിഴയ്ക്കുന്ന ഈ പഴഞ്ചൻ കഥാപാത്രത്തിന്റെ ചിത്രീകരണത്തി ലൂടെ പുതുമയെക്കുറിച്ചുള്ള അവബോധമാണ് ചന്തുമേനോൻ ലക്ഷ്യമിടുന്നത്. പുതുതലമുറ ക്കാരനായ ഗോപാലന്റെ പിന്നാലെ മുറ്റം നിറയെ വട്ടം ചുറ്റി ഓടി ഒടുക്കം മുട്ടുപൊട്ടുന്ന ആ

പഴയ തലമുറക്കാരന്റെ ദുര്യോഗം കാണുമ്പോൾ അനുവാചകരിലുണരുന്ന പരിഹാസച്ചിരി ഉന്നം വെക്കുന്നതും പഴഞ്ചൻ സമ്പ്രദായക്കാരുടെ സങ്കുചിത ബോധത്തെത്തന്നെ.

**സൂരിനമ്പൂതിരിപ്പാട് – യാഥാസ്ഥിതികത്വത്തിന്റെ ജീർണ്ണമുഖം**

സരസനായ ചെറുശ്ശേരി നമ്പൂതിരിയുടെ പരിഹാസത്തെ ഭയമില്ലാത്തവർ ബുദ്ധിയില്ലാത്തവർ മാത്രമാണ്. പരിഹസിച്ചാൽ ഒരു തരിമ്പും അറിയാത്തവന് ഇദ്ദേഹത്തെ ഭയമില്ല. സൂരി നമ്പൂതിരിക്ക് ഇദ്ദേഹത്തെ ഒട്ടും ഭയമില്ല. സൂരിയുടെ ബൗദ്ധിക നിലവാരമളക്കാൻ മറ്റൊരു അളവുകോൽ തന്നെ അനാവശ്യമാണ്.

പരിഹസിക്കപ്പെടുക – എന്നതിന്റെ സ്ഥൂലാർത്ഥം പവിത്രീകരിക്കപ്പെടുക എന്നാണ്. പക്ഷേ, അവഹേളിക്കപ്പെടുക–എന്ന പ്രത്യക്ഷാർത്ഥമാണ് സാധാരണക്കാർക്ക് വഴങ്ങുക. ഈയൊരു പ്രശ്നം മുൻകൂട്ടികണ്ടുതന്നെയാണ് സൂരിനമ്പൂതിരിപ്പാടിനെ അവതരിപ്പിക്കുമ്പോൾ നമ്പൂതിരി സമുദായത്തോടുള്ള അചഞ്ചലമായ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ചന്തുമേനോൻ ഒരു മുൻകൂർ ജാമ്യത്തിന് തയ്യാറാവുന്നത്. നിശിതമായ പരിഹാസത്തിനു കേന്ദ്രമാവുക വഴി, ആത്മ പരിശോധന ലക്ഷ്യമാക്കേണ്ടുന്ന ഒരു സമുദായത്തെ പ്രതീകവൽക്കരിക്കുന്ന കഥാപാത്രമാണ് സൂരിനമ്പൂതിരിപ്പാട്.

സ്വന്തം കഴിവുകൊണ്ടോ പ്രയത്നംകൊണ്ടോ അല്ല, പരമ്പരാഗതമായ സാമൂഹ്യവ്യവസ്ഥ കനിഞ്ഞു നൽകിയ ആനുകൂല്യങ്ങളുടെ ബലത്തിലാണ് സൂരി നമ്പൂതിരിപ്പാടുമാർ സാമൂഹിക ഭരണകേന്ദ്രങ്ങളാവുന്നത്. ആന്തരികവും ബാഹ്യവുമായ വൈരൂപ്യങ്ങളെ സൗകര്യപൂർവ്വം മറന്നുകളയാൻ കണക്കറ്റസമ്പത്തിന്റെ കൂമ്പാരം അവരെ അനുവദിക്കും. സ്വയം തന്നെപ്പറ്റി വലിയ അഭിപ്രായം മനസ്സിൽ സൂക്ഷിക്കുന്ന അത്തരക്കാർക്ക് ഏതുകാലത്തും ഏതുദേശത്തും കൂട്ടിനുണ്ടാവുക മുഖസ്തുതിക്കാരായ വൈതാളികവൃന്ദമായിരിക്കും. സാമുദായികചരിത്രം പഠനവിധേയമാക്കുമ്പോൾ നവോത്ഥാന കാലത്തെ നമ്പൂതിരി സമുദായം നേരിട്ട വെല്ലുവിളികളേയും അപചയത്തെയുംകുറിച്ചറിയാൻ ഈ കഥാപാത്രത്തെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ മാത്രം മതിയാകും.

ഇംഗ്ലീഷിനോട് പഞ്ചുമേനോന്റെ മനോഭാവം തന്നെയാണ് സൂരിക്കുമുള്ളത്. ഇംഗ്ലീഷ് പഠിച്ചാൽ വൃത്തിയില്ലായിരിക്കും എന്ന ചിന്താഗതിക്കാരനായ അയാളുടെ സദാചാരബോധം, ഇന്ദുലേഖയുമായുള്ള സൗഹൃദത്തെക്കുറിച്ച് ചെറുശ്ശേരിയോട് ആരായുന്നതിൽ നിന്നു വ്യക്തമാവും:

“എന്താണ് ഇന്ദുലേഖയുമായി സേവ ഉണ്ടോ? ഉണ്ടെങ്കിൽ പറയാം. ഞാൻ ബന്ധം ആവു

ന്നതിനു മുമ്പ് ഉള്ളതല്ലേ–പറയുന്നതിന് വിരോധമില്ല. എന്താണ് ചെറുശ്ശേരിയുടെ വാക്കു കേൾക്കുമ്പോൾ സേവ ഉള്ളതുപോലെ തോന്നും–ഉണ്ടോ?"[20]

തിരണ്ടുകുളിയും പുളികുടിയും മുതൽ സ്മാർത്തവിചാരം വരെയുള്ള അന്തമില്ലാത്ത അനാചാരങ്ങളുടെ ഉപാധി എന്നല്ലാതെ മാനുഷികമായ അസ്തിത്വം സ്ത്രീകൾ ഒരിക്കലും അർഹിച്ചിരുന്നില്ല. പുരുഷന് സ്ത്രീസുഖത്തിൽ മീതെ ഒരു സുഖം എന്താണുള്ളത് എന്നതാണ് അത്തരക്കാരുടെ ചോദ്യം. ഒളിസേവയ്ക്കുള്ള ഉപഭോഗവസ്തുവായി മാത്രം സ്ത്രീകളെ കണക്കാക്കിപ്പോന്നിരുന്ന ആ ആഢ്യമനസ്സുകൾ അനുകരിക്കാനിഷ്ടപ്പെടുന്ന പുരുഷമാതൃക രംഭയെ ബലാൽക്കാരമായി കീഴടക്കുന്ന രാവണന്റേതാണ്.

പശുവിലും പട്ടിയിലുമൊക്കെ കാണാവുന്ന മൃഗപ്രായമായ കാമമാണ് സൂരിനമ്പൂതിരിക്ക് എതിർലിംഗത്തോട് തോന്നുന്നത്. സദാചാരത്തെപ്പറ്റി അണുവോളം ബോധമുണ്ടായിരുന്നുവെങ്കിൽ വേൾക്കാൻ വന്ന ആൾ പെണ്ണിൽ മാത്രമല്ല അവളുടെ അമ്മയിലും ഒരുപോലെ ഭ്രമിച്ച് ഒടുക്കം നാണംകെട്ട് മറ്റൊരാളെയും കൊണ്ട് കടന്നുകളയുമായിരുന്നില്ല.

സൂരിനമ്പൂതിരിപ്പാടിന്റേത് ഒറ്റപ്പെട്ട ഒരു മുഖമായിരുന്നില്ല. സംസ്കാരത്തിന്റെയും സദാചാരത്തിന്റെയും അടിക്കല്ലിളകിപ്പോയ ഒരു സമുദായമാകെ കാലത്തിന്റെ കണ്ണാടിയിൽ പകർത്തിക്കൊടുത്ത വൈരൂപ്യമായിരുന്നു അത്. സാംസ്കാരിക ജീർണ്ണതയുടെ തിരുത്തപ്പെടേണ്ട ആ വൈരൂപ്യത്തെപ്പറ്റി ഓരോരുത്തരേയും ബോധവാനാക്കുന്നതിലൂടെ ആത്മപരിശോധനയ്ക്കു വിധേയമാക്കി പവിത്രീകരിക്കുവാനുള്ള ഒരു ശ്രമമാണ് ചന്തുമേനോൻ നടത്തുന്നത്. കുത്തൊഴുക്കിൽ മുങ്ങിപ്പോവാതെ ചെറുശ്ശേരിയെപ്പോലുള്ള അപൂർവ്വം വ്യക്തിത്വങ്ങൾ കാത്തുസൂക്ഷിക്കുന്ന സ്ഥൈര്യം ആ ശ്രമത്തിന് വീര്യം പകരുന്നുണ്ട്.

**നൂൽക്കമ്പനിയും ഓഹരി സംസ്കാരവും**

വളരെക്കാലം നമ്മുടെ വികസനത്തിന്റെ സ്പന്ദനം മണ്ണിനെ മാത്രം ആശ്രയിക്കുന്ന കാർഷികവൃത്തിയുമായി ബന്ധപ്പെട്ടായിരുന്നു. എന്നാൽ വികസനത്തിന്റെ കേന്ദ്രസ്ഥാനം മണ്ണിൽ നിന്ന് വ്യവസായങ്ങളിലേക്കും ഫാക്ടറികളിലേക്കും മാറുന്ന കാഴ്ച്ച ഏതു രാജ്യത്തിന്റേയും നവോത്ഥാനകാലത്തെ ചരിത്രത്തിന്റെ ഭാഗമാണ്. ഈ വ്യവസായ സമ്പദ്വ്യവസ്ഥയുടെ അനിവാര്യഘടകമാണ് ഓഹരി വിപണികൾ. പുതിയ ലോക വ്യവസ്ഥയെക്കുറിക്കുന്ന ഈ ഓഹരി സംസ്കാരത്തിന്റെ ഒരു ചിത്രം ഇന്ദുലേഖയിൽ ചന്തുമേനോൻ അവതരിപ്പിക്കുന്നുണ്ട്. ഇന്ദുലേഖയിലെ കേശവൻ നമ്പൂതിരി എന്ന കഥാപാത്രം ഓഹരി വിപണിയുമായി ബന്ധപ്പെടുകയും നൂൽക്കമ്പനിയിലെ ഓഹരികൾ സ്വന്തമാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരമൊരു കഥാപാത്രത്തെ അന്നത്തെ

സാമൂഹിക വ്യവസ്ഥിതിയിൽ കണ്ടെത്താൻ വളരെ പ്രയാസകരമായിരിക്കും. എന്നാൽ നവമായ ഒരു ജീവിതാവബോധത്തിന്റെ പ്രതീകമോ പ്രതിനിധിയോ എന്ന നിലയിലാണ് ചന്തുമേനോൻ അയാളെ അവതരിപ്പിക്കുന്നത്.

**ന്യൂക്ലിയർ ഫാമിലിയുടെ തുടക്കം**

ഫ്യൂഡൽ ജീവിതക്രമത്തിന്റെ ഒരു പ്രധാന സവിശേഷതയാണ് കൂട്ടുകുടുംബരീതി. കൂട്ടുകുടുംബ വ്യവസ്ഥയിലെ സൂര്യസ്ഥാനീയനാണ് കാരണവർ. അതിനെ വലംവെക്കുന്ന ഗ്രഹങ്ങൾ മാത്രമാണ് മറ്റെല്ലാ കുടുംബാംഗങ്ങളും. കാരണവരുടെ പ്രീതിയും ഔദാര്യവും ആണ് അവരുടെ നിലനിൽപിനാധാരം. ആ ജീവിതക്രമത്തിൽ സ്വന്തമായ ഒരു ഭ്രമണപഥം ഒരാൾക്കും സ്വപ്നം കാണാൻപോലും പറ്റാത്ത ഒന്നാണ്. കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ ശക്തി കുടികൊള്ളുന്നതും ഈ നിയമവ്യവസ്ഥയിലാണ്. ഇത്രയും സുദൃഢമായ വ്യവസ്ഥിതിയിൽ നിന്നുകൊണ്ടാണ് സാമൂഹികമാറ്റങ്ങളുടെ ആനുകൂല്യം മുതലാക്കി ഇന്ദുലേഖ കാമുകനുമൊത്ത് സ്വപ്നങ്ങൾ നെയ്യുകയും സ്വന്തം തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ ഒരുങ്ങുകയും ചെയ്യുന്നത്. 'എന്നെ നാളെ മദിരാശിക്ക് ഒന്നിച്ചുകൊണ്ടുപോവാൻ ഒരുക്കമാണെങ്കിൽ വരാൻ ഞാൻ തയ്യാറാണ്' എന്ന് ഇന്ദുലേഖ മാധവനോട് പറയുന്നത് കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്ന് കുതറിത്തെറിക്കാനുള്ള പുതിയ തലമുറയുടെ ആഗ്രഹത്തെയാണ് സൂചിപ്പിക്കുന്നത്. സ്വതന്ത്രമായ ചിന്തയിൽ നിന്നും ഉറച്ച സ്ഥൈര്യത്തിൽ നിന്നും അനിവാര്യമായ ജീവിതക്രമത്തെക്കുറിച്ചുള്ള അവബോധത്തിൽ നിന്നും ഉയർന്നുവന്ന അഭിപ്രായമായിരുന്നു അത്. അതിനെ മാധവൻ തൽക്കാലം നിരുൽസാഹപ്പെടുത്തുന്നുണ്ടെങ്കിലും അവസാനം സംഭവിക്കുന്നത് ഇത്തരത്തിലുള്ള വികേന്ദ്രീകരണമാണ്. കഥാന്ത്യത്തിൽ ഇന്ദുലേഖയും മാധവനും മദിരാശിയിലേക്ക് വണ്ടികയറുകയാണ്. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും ന്യൂക്ലിയർ ഫാമിലിയിലേക്കുള്ള പുതിയ തലമുറയുടെ പ്രവേശനമാണ് ഇതിലൂടെ പ്രതിനിധീകരിക്കപ്പെടുന്നത്.

**പതിനെട്ടാം അധ്യായത്തിലെ വിചാരവിപ്ലവം**

സൈദ്ധാന്തിക ചർച്ചകൾക്കൊണ്ട് ശ്രദ്ധേയമായ ഒന്നാണ് ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായം. ബാബു കേസബചന്ദ്രസെന്നിന്റെ അത്യുന്നതമായ വെൺമാടമാണ് മാധവനും ഗോവിന്ദപ്പണിക്കരും ഗോവിന്ദൻകുട്ടി മേനോനും തമ്മിലുള്ള ചർച്ചയ്ക്ക് വേദിയാവുന്നത്. ഈശ്വര-നിരീശ്വര വാദങ്ങളും ഇന്ത്യയിലെ ഇംഗ്ലീഷ് സാന്നിധ്യവുമാണ് വാദപ്രതിവാദത്തിന് വിധേയമാകുന്ന പ്രധാന സംഗതികൾ.

നാട്ടിൽ നടന്ന യഥാർത്ഥ സംഭവങ്ങളെക്കുറിച്ചോർത്ത് ലജ്ജിതനാവുന്ന മാധവനിലെ കാമുകന് എങ്ങിനെയാണ് ഇത്ര പെട്ടെന്ന് ഇത്രയും ഗൗരവതരമായ ഒരു വിഷയത്തിലേക്ക് തന്റെ മനസ്സിനെ നയിക്കാൻ കഴിയുക എന്നത് വിമർശകരുടെ ഭാഗത്തുനിന്നുള്ള ന്യായയുക്തമായ ഒരു ചോദ്യമാണ്. പലവിധങ്ങളായ പ്രതിബന്ധങ്ങളെയും തട്ടിമാറ്റി ലക്ഷ്യസ്ഥാനത്തേക്കു കുതിക്കുന്ന മാധവീ-മാധവന്മാരുടെ അനുരാഗനദിക്കു കുറുകെ ഒരു ശിലാഖണ്ഡമായി ഇതിനെ കണക്കാക്കുന്നവരുണ്ട്. ആദിമധ്യാന്തപ്പൊരുത്തമുള്ള വെറുമൊരു പ്രേമകഥയാണിതെന്ന് നിസ്സംശയം പ്രസ്താവിക്കാനൊരുമ്പെടുന്ന ചിലരെ ഒന്നുരണ്ടു നിമിഷത്തേക്ക് ചിന്തിപ്പിച്ചു നിർത്താനും കലാസൃഷ്ടിയുടെ ലക്ഷ്യത്തെക്കുറിച്ച് പുനശ്ചിന്തനം നടത്താനും ഈ 'ശിലാഖണ്ഡം' വഴിയൊരുക്കുന്നു എന്നിടത്താണ് ഈ അദ്ധ്യാത്തിന്റെ പ്രാധാന്യം നിലക്കൊള്ളുന്നത്.

**വിശ്വാസത്തിന്റെ പ്രശ്നങ്ങൾ**

ദൈവത്തിലുള്ള വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും പേരിലുള്ള തർക്കത്തിലൂടെയാണ് 18ാം അധ്യായം ആരംഭിക്കുന്നത്. വിശ്വാസത്തർക്കത്തിൽ സ്വാഭാവികമായും ഉണ്ടാവേണ്ടുന്ന പക്ഷങ്ങൾ രണ്ടാണ്. എന്നാൽ മൂന്നുപേർ പങ്കെടുക്കുന്ന ചർച്ചയിൽ ഉരുത്തിരിയുന്ന പക്ഷങ്ങൾ രണ്ടല്ല മൂന്നാണ്. ഇത് കൗതുകകരമെന്നതിനേക്കാൾ കാലത്തിന്റെ അനിവാര്യതയായാണ് വിലയിരുത്തേണ്ടത്. മതത്തിന്റെയും ആചാരാനുഷ്ഠാനങ്ങളുടെയും സുദൃഢമായ ചട്ടക്കൂടിനകത്തേക്ക് പാശ്ചാത്യധാരകൾ പതുക്കെ കടന്നുവരുന്ന കാലം. ശാസ്ത്രത്തിന്റെ നറുവെളിച്ചം വഴി പകർന്നുകിട്ടിയ ഊർജ്ജം യുവമനസ്സുകളെ എന്തിനെയും അന്ധമായി വിശ്വസിക്കുന്നതിൽ നിന്നും വിലക്കുന്നു. പകരം അവരുടെ സംശയങ്ങൾക്ക് ഉത്തരങ്ങളും യുക്തിയുക്തമായ തെളിവുകളും ആവശ്യപ്പെടുന്നതിന് അവരെ സജ്ജരാക്കുന്നു. ന്യൂനപക്ഷമാണെങ്കിലും അങ്ങനെയുള്ള ഒരു യുവതയുടെ പ്രതിനിധിയാണ് ഇവിടെ ഗോവിന്ദൻകുട്ടി മേനോൻ. അദ്ദേഹത്തിന്റെ അഭിപ്രായം നോക്കുക: "മനുഷ്യർക്ക് അറിവ് വർദ്ധിക്കുന്നിടത്തോളം ദൈവവിചാരത്തിന് ന്യൂനത സംഭവിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. മതം എന്നുപറയുന്നത് ഓരോ മനുഷ്യർ ഉണ്ടാക്കിയതാണ്. അതിന്റെ ഗുണദോഷത്തെപ്പറ്റി ഒന്നും ചിന്തിക്കാതെ പൂർവ്വീകന്മാർ ആചരിച്ചു വരുന്നതാകയാൽ നോം ആചരിച്ചുവരണം എന്നുപറയുന്നത് കേവലം തെറ്റാണ്"[21]

ഈശ്വരൻ, മതം, മനുഷ്യൻ എന്നിവയെക്കുറിച്ച് ഗോവിന്ദൻകുട്ടിമേനോനുള്ള കാഴ്ചപ്പാടുകൾ ഇവിടെ സുദൃഢവും സുതാര്യവും കൃത്യതയാർന്നതുമാണ്. ഈശ്വരൻ എന്നൊരു സാങ്കൽപ്പത്തേയോ അതിനുണ്ടെന്നു കരുതുന്ന ശക്തിയേയോ എങ്ങും കാണാത്തതിനാൽ അതിൽ

വിശ്വസിക്കാൻ അയാളെ കിട്ടില്ല. മറിച്ച് മനുഷ്യൻ കാലഘട്ടങ്ങളിലൂടെ നേടിയെടുത്ത അറിവാണ് പ്രധാനം. അവൻ നേടുന്ന അറിവിന്റെ അളവനുസരിച്ച് ഭൂമിയിലെ മാറ്റങ്ങൾക്ക് ആപേക്ഷികത്വം കാണും. നവോത്ഥാനകാലത്ത് വികസിച്ചുവന്ന നാസ്തികമായ ധാരയുടെ പ്രതിനിധിയാണ് ഗോവിന്ദൻകുട്ടി മേനോൻ എന്ന് അയാളുടെ വാദഗതികൾ വ്യക്തമാക്കുന്നുണ്ട്.

ഇംഗ്ലീഷ് പഠനം ഗുണങ്ങളോടൊപ്പം പലവിധ ദോഷങ്ങളും കുട്ടികൾക്ക് വരുത്തിവെക്കുന്നുണ്ടെന്നതാണ് ഗോവിന്ദപ്പണിക്കരുടെ പരാതി. പുസ്തകങ്ങൾ വായിച്ചും മറ്റും അന്ധാളിച്ച് ലൗകികാചാരങ്ങളേയും മതങ്ങളേയും വിട്ട് എന്തും ചെയ്യാമെന്നുള്ള ധൈര്യം കുട്ടികളിൽ വന്നു ചേർന്നിരിക്കുന്നു. രണ്ടാമത് ഇത് നിമിത്തം ഗുരുജനങ്ങളിലും ബന്ധുജനങ്ങളിലും എല്ലായ്പ്പോഴും ഉണ്ടാകേണ്ടുന്ന ഭക്തി, വിശ്വാസം, സ്നേഹം ഇവ ക്രമേണ നശിച്ചില്ലാതായിക്കൊണ്ടിരിക്കുന്നു. മാധവന്റെ പ്രവൃത്തിതന്നെ ഉദാഹരണം. ദൈവവിശ്വാസത്തെയും ഭയത്തെയും അനുസരിച്ചാണ് ഗുരുജനവിശ്വാസവും ഭക്തിയും ഉണ്ടാവേണ്ടത്. ദൈവവിശ്വാസം തന്നെ ഇല്ലെങ്കിൽ പിന്നെ എന്ത് ഗുരുജന വിശ്വാസം"- എന്നൊക്കെയാണ് ഗോവിന്ദപ്പണിക്കർ പറയുന്നത്. മാധവൻ ഭംഗിക്കുവേണ്ടിയെന്നോണം ചന്ദനം തൊടാറുള്ളത് കാണാറുണ്ടെങ്കിലും ക്ഷേത്രത്തിൽ പോകുന്നത് ഈയിടെ കാണാറേ ഇല്ലെന്നു പറയുന്ന പണിക്കർ മാധവനുൾപ്പെടെയുള്ള പുതുതലമുറയിൽ സന്മാർഗ്ഗ സദാചാര വിദ്വേഷം കടന്നുകൂടിയതിൽ കഷ്ടം പ്രകടിപ്പിക്കുന്നു. ദൈവം എല്ലായിടത്തും നിറഞ്ഞ് സർവ്വാന്തര്യാമിയായി ഇരിക്കുന്ന ഒന്നാണെന്നതാണ് പണിക്കരുടെ നിലപാട്. ആദ്യത്തേതിൽ നിന്ന് 'വിരുദ്ധമാണെങ്കിലും ഈ കാഴ്ച്ചപ്പാടും ഗോവിന്ദൻകുട്ടി മേനോന്റേതു പോലെ സുതാര്യവും ദൃഢവുമാണ്.

അച്ഛന് വിഷാദം അശേഷം വേണ്ടെന്നും എനിക്ക് നിരീശ്വരമതമല്ലെന്നും പറയുന്ന മാധവൻ അതെങ്ങനെയാണ് സ്ഥാപിക്കാൻ ശ്രമിക്കുന്നതെന്ന് ശ്രദ്ധിക്കുക:

"ഈശ്വരൻ ഉണ്ടെന്നുതന്നെയാണ് ഞാൻ പലേ സംഗതികളെ ആലോചിച്ചതിൽ തീർച്ചയായും വിശ്വസിക്കുന്നത്. അമ്പലത്തിൽ പോവേണ്ട എന്നും ഞാൻ വെച്ചിട്ടില്ല. ഭസ്മം കിട്ടിയാൽ കുറി ഇടുന്നതിനും എനിക്ക് വിരോധമൊന്നും ഇല്ല. എന്നാൽ ചന്ദനവും ഭസ്മവും അമ്പലവും ഈശ്വരനും തമ്മിലുള്ള സംബന്ധം എന്താണെന്ന് ഞാൻ അറിയുന്നില്ല."[22]

'എനിക്ക് ഗുരുത്വക്കേട് എന്ന വാക്കിന്റെ അർത്ഥമെന്തെന്ന് അറിഞ്ഞുകൂടാ' - എന്ന് മുമ്പൊരിക്കൽ പറഞ്ഞ അതേശൈലിയിലാണ് മാധവന്റെ ഈ പ്രസ്താവനയും. അറിവിന്റെ വെളിച്ചം കൊണ്ട് കാര്യങ്ങളെ വിലയിരുത്താൻ ശ്രമിക്കുമ്പോൾ ഈശ്വരന്റെ അസ്തിത്വത്തെക്കുറിച്ച് മാധവൻ വല്ലാത്ത ആശയക്കുഴപ്പത്തിൽ ചെന്നുവീഴുന്നുണ്ട്. പലേസംഗതികളും കൂട്ടിവെച്ച് ആലോ

ചിച്ച് ഈശ്വരസാന്നിധ്യം ഉറപ്പിക്കുന്നുണ്ടെങ്കിലും ചന്ദനവും ഭസ്മവും ഈശ്വരനും അമ്പലവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വീണ്ടും സംശയം ബാക്കിയാവുന്നു. എന്നു പറഞ്ഞാൽ മാധവൻ പരിപൂർണ്ണ വിശ്വാസിയോ പരിപൂർണ്ണ നിരീശ്വരവാദിയോ അല്ല. ഇതു രണ്ടിന്റെയും മധ്യത്തി ലാണ് അദ്ദേഹത്തിന്റെ നിൽപ്പ്. മധ്യത്തിൽ നിൽക്കുമ്പോഴും അദ്ദേഹത്തിനിഷ്ടം ഗോവിന്ദൻകുട്ടി മേനോനെ പിന്തുടരാനാണ്. ഒന്നു കടത്തിപ്പറഞ്ഞാൽ ഈശ്വര വിശ്വാസിയായി അറിയപ്പെടാൻ ആഗ്രഹിക്കുന്ന നിരീശ്വരവാദി (ശാസ്ത്രപക്ഷപാതി)യാണയാൾ. ഗോവിന്ദപ്പണിക്കർ വിശ്വസി ക്കുന്ന ദൈവവും മാധവന്റെ ദൈവവും രണ്ടും രണ്ടാണ്. മാധവന്റെ വിശദീകരണം നോക്കുക: "ഈശ്വരനെ ഞാൻ കണ്ടിട്ടില്ലാ. എന്താണ് എങ്ങനെയാണ് ഈശ്വരൻ എന്നതും എനിക്ക് വെളി വായി പറയാൻ സാധിക്കില്ല. എന്നാൽ ഞാൻ ഈ ജഗത്തിൽ എങ്ങും വലുതായി അനിർവ്വചനീ യമായി ഒരു ശക്തിയെ അന്തർഭവിച്ചുകാണുന്നുണ്ട്. ആ ശക്തിയെയാണ് ഞാൻ ഈശ്വരൻ എന്നു വിചാരിക്കുന്നതും പറയുന്നതും. ആ ശക്തി ഇന്നതാണെന്നു വ്യക്തമായി അറിവാനും പറവാനും പ്രയാസം. അതിനെക്കുറിച്ച് ഒന്നുമാത്രം ഞാൻ പറയാം. ആ ശക്തിയുടെ അഭാവത്തിൽ ജഗ ത്തിന് ഇപ്പോൾ കാണപ്പെടുന്ന സ്ഥിതി ഉണ്ടാവാൻ പാടില്ലെന്ന് ഞാൻ വിചാരിക്കുന്നു. ഈ ശക്തി സർവ്വചരാചരങ്ങളിലും കാണപ്പെടുന്നു. മനുഷ്യൻ മുതൽ പീപീലികാകൃമി വരെയുള്ള ജംഗമങ്ങളിലും പർവ്വതങ്ങൾ മുതൽ തൃണപര്യന്തം ഉള്ള സ്ഥാവരങ്ങളിലും സൂര്യൻ മുതൽക്കുള്ള ആകാശചാരികളായി കാണപ്പെടുന്ന സകലഗ്രഹങ്ങളിലും ഗോളങ്ങളിലും നക്ഷത്രങ്ങളിലും സക ലകാലങ്ങളിലും കാൺമാനോ സ്പർശത്താലറിവാനോ കേൾപ്പാനോ മനസ്സിൽ ഗ്രഹിപ്പാനോ പാടുള്ളതായ സകലസാധനങ്ങളിലും വിഷയങ്ങളിലും ഈ ഒരു ശക്തിയെ സൂക്ഷ്മമായി ആലോ ചിച്ചു നോക്കുമ്പോൾ ഞാൻ എല്ലായ്പ്പോഴും കാണുന്നു. ഈ ശക്തിയെയാണ് ഞാൻ ദൈവം എന്നു വിചാരിക്കുന്നത്."[23]

മാധവന്റെ ഈ അഭിപ്രായഗതികളെ മലയാളത്തിലെ പ്രമുഖ നിരൂപകനും യുക്തിവാദി യുമായിരുന്ന എം. ഗോവിന്ദന്റെ കാഴ്ചപ്പാടുകളുമായി ചേർത്തു വായിക്കാനാവും. ഈശ്വരന്റെ അസ്തിത്വം നിരാകരിക്കുന്ന ഗോവിന്ദൻ പക്ഷേ, ഭൂമിക്കും സകല ബ്രാഹ്മാണ്ഡങ്ങൾക്കും ബാധ കമാവുന്ന ഒരു അദൃശ്യശക്തിയെ അംഗീകരിക്കുന്നുണ്ട്. അതിന് അദ്ദേഹം നൽകുന്ന പേര് പ്രാപ ഞ്ചിക പ്രതിഭാസത്തിന്റെ പ്രസരം എന്നാണ്. നോക്കുക:

'പ്രപഞ്ചത്തിലെ എല്ലാ പ്രതിഭാസങ്ങൾക്കും പ്രേരകശക്തിയും നിർണ്ണായക നിയമവു മായി വർത്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് ഈ തത്വമാണ്. എങ്കിൽ പ്രായോഗികത യുടെ പരിണാമമനുസരിച്ച് നോക്കുമ്പോൾ കൂടുതൽ പ്രസക്തിയുള്ള പ്രമേയത്തിലെത്തുന്നു.

സ്വന്തമായ നിയമങ്ങളാൽ ഭരിക്കപ്പെടുന്ന ബ്രഹ്മാണ്ഡത്തിന്റെ ഒരു ഘടകമായ ഭൂമിക്കും പ്രപഞ്ചത്തെ ബാധിക്കുന്ന പൊതുനിയമം ബാധകമാണ്. ഭൂമിയിൽ നിലനിൽക്കുന്ന ചരാചരങ്ങളിൽ അതിപ്രധാനമായ സ്ഥാനം മനുഷ്യവർഗ്ഗത്തിനുണ്ട്. അപ്പോൾ സാർവ്വത്രികമായ പ്രാപഞ്ചിക പ്രതിഭാസത്തിന്റെ പ്രസരം അവരിലും ഉൾക്കൊള്ളുന്നു."[24]

ഈ അഭിപ്രായം ചന്തുമേനോൻ മുക്കാൽ നൂറ്റാണ്ടു മുമ്പേ പറഞ്ഞുവെച്ചു എന്നിടത്ത് അദ്ദേഹത്തിന്റെ ആധുനികമനസ്സ് വ്യക്തമാണ്. ഇവിടെ വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും ചുഴിയിൽ വീണ് വട്ടം കറങ്ങുന്നത് ഗോവിന്ദപ്പണിക്കരോ ഗോവിന്ദൻകുട്ടി മേനോനോ മാധവനോ അല്ല എന്നതാണ് വസ്തുത. ഈ മൂന്നുപേരും പ്രതിനിധാനം ചെയ്യുന്ന ഈശ്വര-നിരീശ്വര-അവസരവാദപരമായ മാനസികാവസ്ഥകൾ യഥാർത്ഥത്തിൽ ചന്തുമേനോന്റെ തന്നെ വിരുദ്ധ മാനസികഭാവങ്ങളാണ്. മതത്തിന്റെയും ആചാരത്തിന്റെയും മറ്റും അന്തരീക്ഷത്തിൽ ജനിച്ചു വളർന്ന ചന്തുമേനോനെ അറിവിന്റെയും യുക്തിയുടെയും വെളിച്ചം ആശയക്കുഴപ്പത്തിൽ തള്ളിവിടുകയാണ്. ഈശ്വര-നിരീശ്വര പക്ഷങ്ങളിലേതെങ്കിലുമൊന്നിൽ ധൈര്യമായി നിലയുറപ്പിക്കാൻ പറ്റാതെ ഇരുപക്ഷത്തേക്കും ചാഞ്ചാട്ടം നടത്തുന്ന മാധവന്റെ മാനസികാവസ്ഥ പ്രതിനിധാനം ചെയ്യുന്നത് മേനോന്റെ തന്നെ മനസ്സിനെയാണ്.

മലയാള സാഹിത്യത്തിലെ ചങ്കുറപ്പുള്ള ദൈവനിഷേധികളുടെ കാലം ചന്തുമേനോനിൽ നിന്നും അൽപം അകലെയാണെങ്കിലും നവോത്ഥാനത്തിന്റെ അലയൊലികൾ സമ്മാനിക്കുന്ന ചലനങ്ങൾ ചിലചില ആശയക്കുഴപ്പങ്ങളുടേതു കൂടിയാണെന്നും ഇവിടം മുതൽ തെളിയുന്നു. പരിപൂർണ്ണ വിശ്വാസം-ആശയക്കുഴപ്പം-പരിപൂർണ്ണനിരാസം എന്ന രീതിയിലുള്ള വിശ്വാസത്തിന്റെ പുരോഗമനം പിൽക്കാലത്തെ പുരോഗമന സാഹിത്യത്തിന്റെ ചരിത്രത്തിൽ നിന്ന് വായിച്ചെടുക്കാവുന്നതാണ്.

**ഇംഗ്ലീഷ് ഗവൺമെന്റും കോൺഗ്രസ്സും**

ഇന്ത്യയിലെ ഇംഗ്ലീഷ് ഗവൺമെന്റിന്റെ സാന്നിധ്യവും കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളുമാണ് പതിനെട്ടാം അധ്യായത്തിലെ മറ്റൊരു ചർച്ചാവിഷയം. വിശ്വാസ പ്രശ്നങ്ങളെക്കുറിച്ചുള്ള ദീർഘനേരത്തെ സംവാദത്തിനൊടുവിൽ ഗോവിന്ദൻകുട്ടി മേനോനാണ് രണ്ടാമത്തെ വിഷയത്തിന് തുടക്കം കുറിക്കുന്നത്. അദ്ദേഹം കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളെ നിശിതമായി വിമർശിക്കുന്നു. കൊടിയദാരിദ്ര്യത്തെക്കുറിച്ചും സ്ത്രീനിരക്ഷരതയെക്കുറിച്ചും ആശങ്കാകുലനാകുന്ന മേനോൻ ശാസ്ത്രസാങ്കേതിക മുന്നേറ്റത്തിലൂടെ ഇന്ത്യയെ ഇംഗ്ലണ്ടിനു സമമാക്കി വളർത്തേണ്ട

തിനെക്കുറിച്ച് വാചാലനാകുന്നു. വീഴ്ച്ചകളെയും അറിവില്ലായ്മകളെയും തെറ്റുകളെയും തീർത്ത് പരിഷ്കരിച്ചതിന്റെ ശേഷം വേണം രാജ്യഭാരവിഷയങ്ങളെക്കുറിച്ച് ചിന്തിക്കാൻ എന്നതാണ് അദ്ദേഹത്തിന്റെ നിലപാട്.

മാധവന് ഇക്കാര്യത്തെക്കുറിച്ച് വളരെ വ്യത്യസ്തമായ ഒരു കാഴ്ചപ്പാടാണുള്ളത്. ഇംഗ്ലീഷ് രാജ്യഭാരം തുടങ്ങിയ മുതൽ രാജ്യത്ത് പലശ്രേയസ്സുകളും അഭിവൃദ്ധിയും സുഖവും മേൽക്കുമേൽ വർദ്ധിച്ചു കാണുന്നതിനാൽ ക്രമേണ ഇംഗ്ലീഷ് ഗവൺമെന്റും ഇന്ത്യാ ഗവൺമെന്റും അന്യോന്യം യോജിച്ച് ഏകീകരിക്കണമെന്നതാണ് അത്. ഇംഗ്ലീഷ് രാജാക്കന്മാരും ഇംഗ്ലീഷ് ഗവൺമെന്റും ഇന്ത്യയുടെ സ്വന്തം രാജാക്കന്മാരും ഇന്ത്യയുടെ ഗവൺമെന്റും ആകണം എന്നത്രെ മാധവൻ വിശ്വസിക്കുന്ന കോൺഗ്രസിന്റെ അഭിപ്രായവും ആഗ്രഹവും. ഇംഗ്ലീഷ് ഗവൺമെന്റിനോടുള്ള മാധവന്റെ അന്ധമായ വിധേയത്വം വെളിപ്പെടുന്ന ചിന്താഗതികളാണിവ. തന്റെ നാടിന്റെ പുരോഗതിയെക്കുറിച്ചുള്ള സ്വപ്നത്തിൽ നിന്ന് ഉറവയെടുക്കുന്നതെങ്കിലും അപകടകരമായ വിധേയത്വം ശ്രദ്ധിക്കുക:

"ഇംഗ്ലീഷുകാർക്ക് ഞങ്ങളിൽ ഇപ്പോൾ ഉള്ളതിൽ അധികം വിശ്വാസവും പ്രേമവും ബഹുമാനവും ഉണ്ടാവാനും ഇംഗ്ലീഷുഗവൺമെന്റു ഞങ്ങളെയും ഇംഗ്ലീഷുകാരെയും യാതൊരു ഭേദമായി വിചാരിക്കാതിരിക്കാൻ വേണ്ടിയും ഞങ്ങൾ യത്നിക്കുന്നു........."[25]

ഫ്യൂഡൽ വ്യവസ്ഥിതിയുടെ സന്തതിയാണ് മാധവൻ. ചോദ്യം ചെയ്യപ്പെടാനാവാത്ത അധികാരസീമകളുള്ള കാരണവരുടെ മുമ്പിൽ നിന്നും 'സിദ്ധാന്തങ്ങൾ'ക്കൊന്നിനും കീഴടങ്ങാതെ തന്റെ ഇഷ്ടങ്ങൾ മാത്രം നടപ്പിലാക്കി സ്വയം വെട്ടിത്തെളിച്ച വഴിയിലൂടെ നടന്നുകയറിയ വ്യക്തിയുമാണ് അയാൾ. അങ്ങനെയുള്ള ഒരാൾ ഫ്യൂഡൽ വ്യവസ്ഥിതിയോട് കിടപിടിക്കുന്ന അധികാരവ്യവസ്ഥിതികളുള്ള സാമ്രാജ്യത്വത്തിനു മുമ്പിൽ മുട്ടുമടക്കി അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് കീഴടങ്ങി നിൽക്കുന്നത് വ്യക്തിതാൽപര്യം മുൻനിർത്തിയോ രാജ്യതാൽപര്യം മുൻനിർത്തിയോ എന്നത് ചിന്തയ്ക്ക് വക നൽകും. കാരണവരുടെ സിദ്ധാന്തങ്ങൾക്കു മുന്നിൽ കീഴടങ്ങാതെ മാധവൻ സായിപ്പിന്റെ സിദ്ധാന്തങ്ങൾക്കുമുന്നിൽ കീഴടങ്ങുന്ന കാഴ്ച്ച കാലം സമ്മാനിക്കുന്ന വിരുദ്ധചിത്രങ്ങളിലൊന്നാണ്.

ഇംഗ്ലീഷ് ഗവൺമെന്റിനെ സംശയദൃഷ്ടിയോടെ നോക്കുന്നതുപോലും മഹാകഷ്ടമാണെന്ന് അഭിപ്രായപ്പെടുന്ന മാധവൻ അവരെ ലോകത്തിന്റെ തന്നെ രക്ഷകരായി വാഴ്ത്തുന്നു. അദ്ദേഹത്തിന്റെ ആരാധന കത്തിക്കയറുന്നത് ശ്രദ്ധിക്കുക:

"ഇംഗ്ലീഷുകാരോളം ബുദ്ധിസാമർത്ഥ്യം ഉണ്ടായിട്ടു മറ്റൊരു ജാതിക്കാരെ കാണ്മാൻ കഴി

യുമോ? സംശയം. ഈ ബുദ്ധിസാമർത്ഥ്യത്തിന്റെ ലക്ഷണങ്ങൾ അവരിൽകാണുന്നത് ഒന്നാമത് നീതിജ്ഞത, രണ്ടാമത് നിഷ്പക്ഷപാതിത്വം, മൂന്നാമത് ദയ, നാലാമത് ധീരത, അഞ്ചാമത് ഉത്സാഹം, ആറാമത് ക്ഷമ ഇതുകളാണ്. ഇങ്ങനെ ആറു സാധനങ്ങളെക്കൊണ്ടാണ് ഇംഗ്ലീഷുകാർ ഇത്ര അധികം രാജ്യങ്ങൾ, ഈ ലോകത്തിൽ സ്വാധീനമാക്കി രക്ഷിച്ചുവരുന്നത്. ഇങ്ങിനെ ഉത്കൃഷ്ട ബുദ്ധികളായ മനുഷ്യരാൽ ഭരിക്കപ്പെടുവാൻ സംഗതിവന്നത് ഇന്ത്യയുടെ ഒരു മഹാഭാഗ്യമാണെന്നുള്ളതിന് സംശയമില്ല."[26]

മാധവൻ ഒരു സാധാരണക്കാരനല്ല. അന്ന് ഒരാൾക്ക് നേടാൻകഴിയുന്ന ഉയർന്ന യോഗ്യതകളും ഉദ്യോഗവും കൈമുതലായുള്ളയാളാണയാൾ. ഒരു നൂറ്റാണ്ടുകാലത്തെ അധിനിവേശത്തിനു ശേഷവും ഇംഗ്ലീഷുകാരുടെ ഗൂഢലക്ഷ്യങ്ങളെപ്പറ്റി അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്നു വിശ്വസിക്കാൻ ആർക്കും പ്രയാസപ്പെടേണ്ടിവരും. ഒന്നാം സ്വാതന്ത്ര്യസമരത്തെ അപലപിക്കുന്ന മാധവന്റെ രാജഭക്തി സായിപ്പിനെയും കടന്നുനിൽക്കുന്നുണ്ട്.

ചലനമറ്റു കിടന്നിരുന്ന ഇന്ത്യൻ സമൂഹത്തിൽ നവീനതയുടെ കൈത്തിരി കാട്ടിത്തന്നവരാണ് ഇംഗ്ലീഷുകാർ എന്നതിൽ തർക്കമൊന്നുമില്ല. എന്തൊക്കെ ഗൂഢലക്ഷ്യങ്ങൾ അവർക്കുണ്ടായിരുന്നാലും അവർ കാണിച്ചു തന്ന പുതിയ ജീവിതക്രമങ്ങളെയും വിദ്യാഭ്യാസരീതിയേയും ഭരണവ്യവസ്ഥയേയും മാധവന് നന്ദിയോടെ മാത്രമേ നോക്കിക്കാണാനാവൂ. മാധവനിലൂടെ പ്രകാശിതമാവുന്ന നന്ദി ചന്തുമേനോനെപ്പോലുള്ളവരുടെ ഉപകാരസ്മരണകൂടിയാണ്. കാരണം അന്നത്തെ ഇവിടുത്തെ ഇംഗ്ലീഷ് ഭരണത്തിന്റെ ഏറ്റവും വലിയ ഉപഭോക്താക്കളിൽ പ്രധാനിയായിരുന്നു ചന്തുമേനോൻ. ഇംഗ്ലീഷ് സാന്നിധ്യമില്ലായിരുന്നുവെങ്കിൽ മാധവന് മൂരിക്കുട്ടന്റെയും ഇന്ദുലേഖയ്ക്ക് കല്യാണിക്കുട്ടിയുടെയും ചന്തുമേനോന് ഏതെങ്കിലും തറവാട്ടു കാര്യസ്ഥന്റെയും ഗതിവരുമായിരുന്നു എന്നത് ചന്തുമേനോന്റെ ആ ഇംഗ്ലീഷ് വിധേയത്വത്തിന് ഉചിതമായ ന്യായീകരണമാണ്.

**പതിനെട്ടാം അധ്യായം – നവീനതയുടെ പടിപ്പുര**

മാധവീമാധവന്മാരുടെ അനുരാഗകഥയ്ക്കാണ് പ്രാമുഖ്യമെങ്കിലും അത്രതന്നെ പ്രാധാന്യം ഇന്ദുലേഖയിലെ 18ാം അദ്ധ്യായത്തിനുമുണ്ട്. ധാരാളം സമയം എടുത്തുകൊണ്ടുള്ള മുന്നൊരുക്കങ്ങൾ ചന്തുമേനോൻ നടത്തിയിട്ടുണ്ട്. പ്രധാന കഥാതന്തു അൽപകാലമായി മനസ്സിലുണ്ടായിരുന്നതിനാൽ അവ പകർത്തിവെക്കാൻ വലിയൊരു ബുദ്ധിമുട്ട് നേരിടേണ്ടി വന്നിട്ടില്ല. എന്നാൽ ധാരാളം സമയവും ശ്രദ്ധയും ആവശ്യമായി വന്ന ഭാഗമാണ് 18ാം അദ്ധ്യായം. വിദേശത്തുനിന്നും

പുസ്തകങ്ങൾ വരുത്തിയുള്ള തയ്യാറെടുപ്പുകൾ വരെ അതിനദ്ദേഹം നടത്തിയിട്ടുണ്ട്. 18ാം അദ്ധ്യായത്തിലെത്തുമ്പോൾ കഥയുടെ ഭാവത്തിലുണ്ടാവുന്ന മാറ്റം ഏതൊരാൾക്കും പെട്ടെന്ന് അനുഭവവേദ്യമാകും. ഇവിടം മുതൽ കഥാവിനിമയകേന്ദ്രം ഹൃദയത്തിൽ നിന്ന് തലച്ചോറിലേക്ക് മാറുന്നു. വൈകാരികതയിൽ നിന്ന് വിചാരബോധത്തിലേക്കുള്ള മാറ്റമാണ് പലരേയും അസ്വസ്ഥരും അസഹിഷ്ണുക്കളുമൊക്കയാക്കിത്തീർക്കുന്നത്.

ഭൂതകാലത്തേയും ഭാവികാലത്തേയും കുറിച്ചുള്ള ആഴമേറിയ ചിന്തകളുടെ ഫലമാണ് ആ അദ്ധ്യായം. നാലുകെട്ടിന്റെ നടുമുറ്റത്തുനിന്ന് ബ്രഹ്മാണ്ഡത്തിന്റെ വിശാലതയോളം വളർന്നുനിൽക്കുന്ന ചിന്തകൾ ആ ചർച്ചയിലൂടെ അനാവൃതമാവുന്നു. മതം, തത്വചിന്ത, ഈശ്വരവിശ്വാസം, ഇംഗ്ലീഷ് സാന്നിദ്ധ്യം തുടങ്ങിയവയെക്കുറിച്ചുള്ള തികച്ചും വിപ്ലവകരമായ വീക്ഷണങ്ങൾ ഇതിലൂടെ പ്രകാശിതമാവുന്നുണ്ട്. നാട്ടിൻപുറത്തുനിന്നും നാഗരികതിയിലേക്കും ആദ്ധ്യാത്മികതയിൽ നിന്ന് ശാസ്ത്രീയതയിലേക്കും മതത്തിന്റെ സങ്കുചിത്വത്തിൽ നിന്ന് മാനവികതയിലേക്കും സ്വേച്ഛാധിപത്യ അധികാരഘടനയിൽ നിന്ന് കേന്ദ്രീകൃത അധികാര ഘടനയിലേക്കുമുള്ള മാറ്റത്തിന്റെ ആവശ്യകതയെക്കുറിച്ചും അവ വാഗ്ദാനം ചെയ്യുന്ന സൗകര്യങ്ങളെയും നേട്ടങ്ങളെയും കുറിച്ചുമുള്ള രേഖകൂടിയാണിത്. നാലുകെട്ടിന്റെ വെളിച്ചംകുറഞ്ഞ പൂമുഖമല്ല, നവീനതയുടെ തുറമുഖങ്ങളായ ബോംബെയും കൽക്കട്ടയും മദ്രാസ്സുമൊക്കെയാണ് ഈ അദ്ധ്യായത്തിന്റെ പശ്ചാത്തലമായി നിൽക്കുന്നതെന്ന് ശ്രദ്ധിച്ചാൽ ചന്തുമേനോന്റെ താൽപര്യം എന്തെന്നു വ്യക്തമാവും.

**നവോത്ഥാനത്തിന്റെ പ്രസരം**

അന്നത്തെ കേരളീയ സമൂഹത്തെക്കുറിച്ചുള്ള ധാരാളം ചിത്രങ്ങൾ നമുക്ക് സമ്മാനിക്കുന്നുണ്ടെങ്കിലും മൊത്തമായി വിലയിരുത്തിയാൽ ഇന്ദുലേഖ ഒരു യാഥാർത്ഥ്യമല്ല. ഇന്ദുലേഖ ചന്തുമേനോന്റെ ഒരു സ്വപ്നമായിരുന്നു. അസംഘടിതവും അസംതൃപ്തവുമായിരുന്ന ഒരു സമൂഹത്തിന്റെ ഭാവിയെക്കുറിച്ച് കണ്ടുവെച്ച ഒരു സ്വപ്നം. സമ്പത്തും ആരോഗ്യവും ബുദ്ധിയും ഉണ്ടായിരുന്നിട്ടും മൂരിക്കുട്ടനെപ്പോലെ വളരേണ്ടിവന്ന യുവതലമുറയെക്കുറിച്ചും സൗന്ദര്യം മാത്രമല്ല മിടുക്കും ധൈര്യവും ഉണ്ടായിരുന്നിട്ടും ജാതിക്കോമരങ്ങളുടെ പിടിയിലകപ്പെട്ടുപോന്ന സ്ത്രീകളെക്കുറിച്ചും കൂട്ടുകുടംബ വ്യവസ്ഥിതിയിൽപ്പെട്ട് നരകിക്കുന്ന കുറേ മനുഷ്യക്കോലങ്ങളെക്കുറിച്ചുമുള്ള അനുകമ്പയിൽ നിന്ന് രൂപംകൊണ്ട സ്വപ്നം. ഇന്ദുലേഖ അന്നത്തെ കേരളീയ സാംസ്ക്കാരിക ചേതനയിൽ ഒരു സ്ഫോടനം തന്നെ സൃഷ്ടിക്കുകയുണ്ടായി. സാഹിത്യരൂപത്തിലും സാമൂഹികരൂപത്തിലും ഉള്ള ഇംഗ്ലീഷ് മാതൃകകൾ സ്വീകരിക്കാൻ പിൽക്കാലസമൂഹ

ചേതന തികച്ചും സന്നദ്ധമാവുന്നുണ്ട്. പൊടുന്നനെയല്ലെങ്കിലും നിലവിലുള്ള അവസ്ഥയിൽ നിന്നും മേനോന്റെ സ്വപ്നത്തിന് സമാനമായ മാറ്റം പിന്നീട് യാഥാർത്ഥ്യമായിത്തീരുന്നുണ്ട്. ഇത് ഈ നോവലിന്റെ ചരിത്രപരമായ പ്രസക്തിയെ എടുത്തുകാണിക്കുന്നു. ഇന്ദുലേഖയിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന, സംസ്കൃതത്തിൽ നിന്ന് ഇംഗ്ലീഷിലേക്കും കൂട്ടുകുടുംബത്തിൽ നിന്നും ന്യൂക്ലിയർ ഫാമിലിയിലേക്കും യഥാസ്ഥിതികത്വത്തിൽ നിന്ന് ഉദാരതയിലേക്കുമുള്ള മാറ്റം പിൽക്കാലസമൂഹം ഉൾക്കൊള്ളുന്നുണ്ട്. ഇന്ദുലേഖ, മാധവൻ, പഞ്ചുമേനോൻ, നമ്പൂതിരിപ്പാട് തുടങ്ങിയ കഥാപാത്രങ്ങളുടെ അനുകരിക്കപ്പെടേണ്ടതും അവഗണിക്കപ്പെടേണ്ടതുമായ സ്വഭാവതലങ്ങളെക്കുറിച്ച് അവർ വിലയിരുത്തുന്നു. അങ്ങനെ മറ്റു പല ഘടകങ്ങളുടെയും സഹായത്തോടെ തള്ളേണ്ടത് തള്ളിയും കൊള്ളേണ്ടത് കൊണ്ടും മുന്നേറുന്ന കേരളീയ സമൂഹത്തിൽ നവോത്ഥാനത്തിന്റെ കരുത്തുപടർത്താൻ ഈ നോവലിന് സാധിക്കുന്നു.

## അടിക്കുറിപ്പുകൾ

1. ഒ. ചന്തുമേനോൻ, ഇന്ദുലേഖ-അവതാരിക, എസ്.പി.സി.എസ്, കോട്ടയം 1997, പേജ് - 18
2. ടി.ടി. പ്രഭാകരൻ, സി.പി. അച്ച്യുതമേനോന്റെ നിരൂപണങ്ങൾ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989, പേജ് - 168
3. ഇന്ദുലേഖ, പേജ് - 29
4. പി.കെ. ഗോപാലകൃഷ്ണൻ, ചന്തുമേനോൻ (നവകേരള ശിൽപികൾ-3), പേജ് - 90
5. അതേ പുസ്തകം, പേജ് - 91
6. ഇന്ദുലേഖ, പേജ് - 78
7. ഇന്ദുലേഖ, പേജ് - 89
8. ഇന്ദുലേഖ, പേജ് - 28
9. ഇന്ദുലേഖ, പേജ് - 28
10. ഇന്ദുലേഖ, പേജ് - 29
11. ജി. മഞ്ചിത്ത് വർമ്മ, പിന്നിട്ട വഴികൾ, കാത്തിരുന്ന ഉയരങ്ങൾ - സമകാലിക മലയാളം - കേരളം 20ാം നൂറ്റാണ്ട് (പ്രത്യേക പതിപ്പ് 2000), പേജ് - 540
12. ഇന്ദുലേഖ, പേജ് - 33
13. ഇന്ദുലേഖ, പേജ് - 33
14. ഇന്ദുലേഖ, പേജ് - 34

15. ഇന്ദുലേഖ, പേജ് - 27

16. ഇന്ദുലേഖ, പേജ് - 27

17. ഇന്ദുലേഖ, പേജ് - 30

18. ഇന്ദുലേഖ, പേജ് - 73

19. ഇന്ദുലേഖ, പേജ് - 31

20. ഇന്ദുലേഖ, പേജ് - 100

21. ഇന്ദുലേഖ, പേജ് - 238

22. ഇന്ദുലേഖ, പേജ് - 238

23. ഇന്ദുലേഖ, പേജ് - 243

24. എം. ഗോവിന്ദൻ (വെളിച്ചത്തിന്റെ യുഗം - ലേഖനം), അന്വേഷണത്തിന്റെ ആരംഭം, ജ്വാല പബ്ലിക്കേഷൻസ്, തൃശ്ശൂർ, 1990, പേജ് - 176

25. ഇന്ദുലേഖ, പേജ് - 272

26. ഇന്ദുലേഖ, പേജ് - 27

Shanoj. M.P. “Social renaissance in malayalam novels” Thesis. Kerala sahithya academy, University of Calicut, 2014.

# അദ്ധ്യായം മൂന്ന്
# അഗ്നിസാക്ഷി

കേരളത്തിലെ ബ്രാഹ്മണ സമൂഹത്തിനകത്ത് നടന്ന സംഘർഷങ്ങളുടെയും അതിന്റെ പ്രത്യാഘാതങ്ങളുടെയും ആവിഷ്കാരമാണ് ലളിതാംബിക അന്തർജനത്തിന്റെ അഗ്നിസാക്ഷി എന്ന നോവൽ. സാമൂഹ്യ നവോത്ഥാനവുമായി ഇഴ ചേർന്നു നിൽക്കുന്ന ഒരു ഇതിവൃത്തത്തെ ദേശീയ വീക്ഷണത്തിലേക്ക് സമന്വയിപ്പിച്ച് ഏകാഗ്രമായും കലാത്മകമായും അവതരിപ്പിച്ചിരിക്കുന്നു എന്നതാണ് ഈ കൃതിയുടെ സവിശേഷത.

കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ സവിശേഷമായ ചലനാത്മകത നിറഞ്ഞു നിന്നിരുന്ന കാലത്ത് നമ്പൂതിരി സമുദായത്തിനകത്ത് യാഥാസ്ഥിതികത്വവും ഉല്പതിഷ്ണുത്വവും തമ്മിൽ നടക്കുന്ന സംഘർഷങ്ങൾ ലളിതാംബിക അന്തർജ്ജനത്തിന്റെ സാഹിത്യ രചനകളുടെ പ്രധാന പ്രമേയങ്ങളാണ്. നാലുകെട്ടുകൾക്കകത്തെ അന്തർജ്ജനങ്ങളുടെ ദുരിതജീവിതങ്ങളും സ്വാതന്ത്ര്യമോഹങ്ങളും ഹൃദയസ്പർശിയായ ഭാഷയിൽ അവർ അവതരിപ്പിക്കുന്നുണ്ട്. 1909 ൽ ജനിച്ച അവർ സ്വഗൃഹത്തിലാണ് വിദ്യാഭ്യാസം നടത്തിയത്. മലയാളം, സംസ്കൃതം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകൾ അവർ കരഗതമാക്കുന്നുണ്ട്. മൂടുപടത്തിൽ, തകർന്ന തലമുറ, കിളിവാതിലിലൂടെ, അഗ്നിപുഷ്പങ്ങൾ, മറക്കാനാവാത്ത മനുഷ്യൻ(കഥാസാമാഹാരങ്ങൾ) ലളിതാഞ്ജലി, ഓണക്കാഴ്ച, ഭാവദീപ്തി, ആയിരത്തിരി(കവിതാസമാഹാരങ്ങൾ) ഗ്രാമബാലിക, സാവിത്രി അഥവാ ഒരു വിധവാ വിവാഹം(നാടകം) കുഞ്ഞോമന, ഗോസായി പറഞ്ഞ കഥ(ബാലസാഹിത്യം) എന്നിവ അന്തർജ്ജനത്തിന്റെ ശ്രദ്ധേയമായ ചില രചനകളാണ്.

ജീവിതത്തിന്റെ സായംകാലത്ത്, 1976 ൽ 67ാമത്തെ വയസ്സിലാണ് അവർ അഗ്നിസാക്ഷി എന്ന നോവൽ പൂർത്തിയാക്കുന്നത്. സാമുദായികാടിസ്ഥാനത്തിലുള്ള കേരളീയ നവോത്ഥാനത്തിന്റെ തെളിമയാർന്ന ഒരു ചിത്രം ഈ നോവലിൽ നിന്നും നമുക്ക് കിട്ടുന്നുണ്ട്. അഗ്നിസാക്ഷി പ്രതിനിധാനം ചെയ്യുന്ന ആ സാമുദായികാവസ്ഥയും നവോത്ഥാന പരിശ്രമങ്ങളും വ്യക്തമാവണമെങ്കിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ചാതുർവർണ്യ വ്യവസ്ഥയെക്കൂടി വിശകലനം ചെയ്യേണ്ടതുണ്ട്.

### ബ്രാഹ്മണ്യത്തിന്റെ സാംസ്കാരിക ഭൂമിക

ലോകത്തിലെ വിഭിന്നങ്ങളായ മാനവസംസ്കാരങ്ങളെ രൂപപ്പെടുത്തുന്നതിൽ മതങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. മനുഷ്യ ചേതനയെ ധർമ്മാധർമ്മ ബോധങ്ങളിലൂടെ കർമ്മോ

ത്സുകരാക്കാനുദ്ദേശിച്ച് പല കോണുകളിൽ നിന്നുയർന്ന ഒരേ സത്യത്തിന്റെ വിഭിന്ന രൂപങ്ങളാ യാണ് അവ പ്രത്യക്ഷപ്പെട്ടത്. ഇപ്രകാരം മത സങ്കല്പങ്ങൾ രൂപപ്പെട്ടു വരാനിടയായ സാഹച ര്യത്തെ സാമൂഹ്യശാസ്ത്രദൃഷ്ട്യാ സാമാന്യമായി 3 ഘട്ടങ്ങളായി വിഭജിക്കാം: പ്രാഗ് വർഗ്ഗസമൂഹം, വർഗ്ഗ സമൂഹം, വർഗ്ഗ രഹിത സമൂഹം . ഇതിൽ ആദ്യ ഘട്ടമായ പ്രാഗ്‌വർഗ്ഗ സമൂഹത്തിൽ മിച്ച മൂല്യമില്ലാത്തതിനാൽ അസമത്വങ്ങളും ഉണ്ടാവില്ല. സമൂഹം ഉല്പാദകരും സംഘാടകരും ആയി വിഭജിക്കപ്പെടുന്ന അടുത്ത ഘട്ടമാണ് വർഗ സമൂഹം. ഭാവിയിലുണ്ടാകുന്ന വർഗ്ഗബോധമില്ലാത്ത സമൂഹമാണ് അവസാനത്തേത്. ഈ മൂന്നു ഘട്ടങ്ങളിൽ പ്രാഗ് വർഗ്ഗസമൂഹത്തിൽ നിന്ന് വർഗ്ഗസമൂ ഹത്തിലേക്കുള്ള പരിവർത്തന പാതയിൽ ആണ് മതങ്ങൾ ഉടലെടുത്തത് എന്ന് കരുതപ്പെടുന്നു. ഭാരതത്തിലും ഹിന്ദു മതമെന്ന് വ്യവഹരിക്കപ്പെടുന്ന ഒരു സാമൂഹിക സമ്പ്രദായം ഉടലെടുത്തത് ഇക്കാലത്തു തന്നെ ആയിരിക്കണം.

## ഹിന്ദുമതവും ചാതുർവർണ്യവും

സിന്ധുനാഗരികതയുടെ മേൽ ആര്യാധിനിവേശം നടക്കുന്നത് എകദേശം അഞ്ചു സഹ സ്രാബ്ദങ്ങൾക്കു മുമ്പാണെന്നു വിശ്വസിക്കപ്പെടുന്നു. ആര്യന്മാർ ഭാരതത്തിൽ കുടിയേറിയ കാലത്ത് വർണ്ണ വൈജാത്യങ്ങൾ ഉണ്ടായിരുന്നില്ല. രക്തബന്ധങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ടിരുന്ന കുല-ഗോത്ര-ഗണ വ്യവസ്ഥിതിയാണ് അന്ന് നിലവിലുണ്ടായിരുന്നത്. പുതു സംസ്ക്കാര വാഹ കർ താരതമ്യേന അപരിഷ്കൃതരായ ദ്രാവിഡരുടെ ആദരവിനു പാത്രമായിരുന്നു. കാലപ്രവാഹ ത്തിനിടയിൽ മുൻചൊന്ന കുലഗോത്ര വ്യവസ്ഥിതിയിൽ പരിണാമം സംഭവിക്കുകയും തൽ സ്ഥാനത്ത് വർണ്ണവ്യവസ്ഥ ഉടലെടുക്കുകയുമാണുണ്ടായത്. ജാതിയെക്കുറിച്ചുള്ള ആദ്യ പരാ മർശമായി ഋഗ്വേദത്തിലെ പുരുഷസൂക്തമാണ് പൊതുവെ ഉദ്ധരിക്കപ്പെടാറുള്ളത്:

'ബ്രാഹ്മണോƒസ്യ മുഖമാസീൽ
ബാഹുരാജന്യഃ കൃതഃ
ഊരു തദസ്യയദ് വൈശ്യഃ
പദ്ഭ്യാം ശൂദ്രോ അജായത'

(ഋഗ്വേദം, X : 90.2)

(ബ്രാഹ്മണൻ വിരാട് പുരുഷന്റെ മുഖത്തു നിന്നും ക്ഷത്രിയൻ കൈകളിൽ നിന്നും വൈശ്യൻ ഉടലിൽ നിന്നും ശൂദ്രൻ കാലുകളിൽ നിന്നും ആവിർഭവിച്ചു.)

ഈ ഋഗ്വേദ സൂക്തത്തിലാണ് പലരും വർണ്ണ വിഭജനത്തിന്റെ ആദ്യത്തെ ആധികാരിക പ്രമാണം കണ്ടെത്തുന്നത്. ഋഗ്വേദത്തിന്റെ അവസാന മണ്ഡലത്തിൽ പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള കല്പനകൾ ഉണ്ട്. പ്രപഞ്ചത്തിന്റെ സമഗ്രതയുടെയും മനുഷ്യന്റെ കർമ്മോന്മുഖതയുടെയും പ്രതീകമായ ഒരു പരമശക്തിയായി വിരാട് പുരുഷനെ കല്പിച്ചിരിക്കുന്നു. പ്രകൃതിയും പ്രപഞ്ചവും സർവ്വ ചരാചരങ്ങളും മനുഷ്യസമുദായത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളും എല്ലാം പരിണമിച്ചുണ്ടായതും വിരാട് പുരുഷനിൽ നിന്നത്രെ. മനുഷ്യസമുദായത്തിലെ വർണ്ണ വ്യത്യാസങ്ങളുടെ മൂലകാരണവും വിരാട് പുരുഷനിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. വിരാട് പുരുഷന്റെ മുഖത്തു നിന്ന് ബ്രാഹ്മണനും ബാഹുക്കളിൽ നിന്ന് ക്ഷത്രിയനും തുടകളിൽ നിന്ന് വൈശ്യനും പാദങ്ങളിൽ നിന്ന് ശൂദ്രനും ആവിർഭവിച്ചു എന്നതത്രെ സങ്കല്പം. എന്നാൽ ഈ രീതിയിലുള്ള വ്യാഖ്യാനം വൈദിക ചിന്തയെ ലോകസമക്ഷം പരിഹാസ്യമാക്കിത്തീർക്കുകയാണുണ്ടായത്. വൈദിക ഭാവനയെ വളച്ചൊടിച്ച് അതിബുദ്ധിയോടെ അതിനെ ദുരുപയോഗം ചെയ്തത് ജാതിവ്യവസ്ഥയുടെ വക്താക്കളായിരുന്നു. മുഖത്തിൽ നിന്നും ബ്രാഹ്മണൻ ജനിച്ചു എന്നു പറഞ്ഞ് ജാതിവ്യവസ്ഥയിൽ ബ്രാഹ്മണന് മുഖ്യസ്ഥാനവും കാലിൽ നിന്നാണ് ജനനമെന്ന് പറഞ്ഞ് ശൂദ്രന് അധമസ്ഥാനവും അവർ ഉറപ്പിച്ചെടുത്തു.

പ്രവൃത്തിയും സ്വഭാവഗുണങ്ങളുമായിരുന്നു ആദ്യകാലത്ത് സാമൂഹിക വിഭജനത്തിന്റെ നിയാമക ഘടകങ്ങൾ. ശുചിത്വം, വ്രതനിഷ്ഠ, സത്യസന്ധത, വേദജ്ഞാനം, ഗുരുബഹുമാനം തുടങ്ങിയ ഗുണങ്ങളോടുകൂടിയവൻ - ബ്രാഹ്മണൻ, ഭരണം നടത്തുന്നവൻ ക്ഷത്രിയൻ, കൃഷി - വ്യാപാരാദികളിൽ വ്യാപൃതനായവൻ വൈശ്യൻ, ശുചിത്വവും വ്രത - സത്യ- നിഷ്ഠകളും വേദജ്ഞാനവുമില്ലാത്ത ദുർമാർഗ്ഗചാരികളെ ശൂദ്രനെന്നും കണക്കാക്കി. ഋഗ്വേദകാലത്ത് ആര്യന്മാരെല്ലാം ഒറ്റ വർണ്ണത്തിൽപ്പെട്ടവരായിരുന്നു. മാത്രമല്ല അന്നത്തെ ആരാധനാമൂർത്തികൾക്കായി അവർ നടത്തിയിരുന്ന പ്രാർത്ഥനകൾക്ക് പുരോഹിതനെന്ന ഒരു മദ്ധ്യവർത്തിയുടെ ആവശ്യവുമുണ്ടായിരുന്നില്ല. ക്രമേണ ആദ്ധ്യാത്മിക ജീവിതത്തിൽ യാഗങ്ങൾക്കും പൂജകൾക്കുമുള്ള സ്ഥാനം അധികരിച്ചപ്പോൾ ഇത്തരം കാര്യങ്ങളുടെ കൈകാര്യ കർത്താക്കളായി ഒരു പ്രത്യേക വിഭാഗം സമൂഹത്തിൽ രൂപപ്പെട്ടു തുടങ്ങി. പഠിപ്പിലും പാണ്ഡിത്യത്തിലും മുന്നിട്ടു നിന്ന ഈ വർഗ്ഗം മുൻപിൽ നിർത്തപ്പെട്ടവൻ എന്ന അർത്ഥത്തിൽ പുരോഹിത പദവിക്ക് പാത്രമായി. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നീ നാല് ആശ്രമങ്ങളിൽ അധിഷ്ഠിതമായ ജീവിതത്തിൽ മനുഷ്യന്റെ കർത്തവ്യങ്ങൾ എന്തൊക്കെയാണെന്ന് ബ്രാഹ്മണങ്ങളെ ഉദ്ധരിച്ച് അവർ

വ്യാഖ്യാനിച്ചു. വേദമന്ത്രങ്ങളെ ശരിയായി ഉച്ചരിക്കാനും വ്യാഖ്യാനിക്കാനും അറിഞ്ഞിരുന്ന ബ്രാഹ്മണർ ജനങ്ങളുടെ ഇടയിൽ ആരാധ്യരായി. ഭരണകാര്യങ്ങളിലേർപ്പെട്ട ക്ഷത്രിയർക്കു കൂടി ബ്രാഹ്മണരുടെ അനുഗ്രഹാശിസ്സുകൾ ആവശ്യമായി വന്നപ്പോൾ അവരുടെ സ്ഥാനം സമൂഹമദ്ധ്യത്തിൽ ആഴത്തിലുറച്ചു.

യാഗാദി വിധികളുടെ നേതൃസ്ഥാനത്ത് അവരോധിതരായ ബ്രാഹ്മണർക്ക് വഴിപാടുകളും ദക്ഷിണകളും മറ്റും വഴിയായി അനവധി സ്വത്തുക്കൾ വന്നുചേർന്നു. അത് ബ്രാഹ്മണർക്ക് സമൂഹമദ്ധ്യത്തിൽ ഉയർന്ന സാമ്പത്തിക സ്ഥിതിക്ക് വഴിയൊരുക്കി. ഈ രീതിയിൽ യജ്ഞങ്ങളുടെ അധികാരികളെന്ന നിലയിൽ ആത്മീയ തലത്തിലും ഭരണകർത്താക്കളായ ക്ഷത്രിയരെ ഉപദേശിക്കുന്നവരെന്ന നിലയിൽ രാഷ്ട്രീയതലത്തിലും ദാനധർമ്മ ലബ്ധികളിലൂടെ സാമ്പത്തിക തലത്തിലും ആധിപത്യം നേടിയ ബ്രാഹ്മണർ മറ്റൊരർത്ഥത്തിൽ മനുഷ്യരൂപമാണ്ട ദൈവങ്ങളായി പരിണമിച്ചു.

ചാതുർവർണ്യ വ്യവസ്ഥ രൂഢമൂലമായതോടെ ഒരാൾ ഒരു ജാതിയിലെ അംഗമായിത്തീരുന്നു എന്ന സ്ഥിതിയായി. ബ്രാഹ്മണ - ക്ഷത്രിയ - വൈശ്യ - ശൂദ്ര കുലങ്ങൾ അവരവർക്ക് നിശ്ചയിക്കപ്പെട്ട തൊഴിൽ മാത്രം ചെയ്ത് ജീവിക്കാൻ നിർബന്ധിതരായി. ശമം, ദമം, പരിശുദ്ധി, ക്ഷമ, തപസ്സ്, സ്ഥൈര്യം, ജ്ഞാനം, വിജ്ഞാനം, ആസ്തിക്യം തുടങ്ങിയവ ബ്രാഹ്മണ സ്വഭാവത്തിന് യോജിച്ച കർമ്മങ്ങളായി പരിഗണിക്കപ്പെട്ടു. വേദങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക, യാഗങ്ങൾക്ക് നേതൃത്വം നൽകുക തുടങ്ങിയവ ബ്രാഹ്മണരുടെ ചുമതലയിൽപ്പെട്ട കാര്യങ്ങളായിരുന്നു. ശൗര്യം, ധൈര്യം, സ്ഥിരത, തേജസ്സ്, ദാനം, ആധിപത്യഭാവം തുടങ്ങിയവ ക്ഷത്രിയ സ്വഭാവങ്ങളാണ്. പ്രജാസംരക്ഷണം, യാഗങ്ങളുടെ നടത്തിപ്പ്, ബ്രാഹ്മണർക്ക് ദാനം നൽകുക തുടങ്ങിയവ ക്ഷത്രിയരുടെ കടമകളായിരുന്നു. കൃഷിയും ഗോരക്ഷയും വാണിജ്യവും വൈശ്യന്റെ കർമ്മങ്ങളാണ്. മറ്റു വർണ്ണങ്ങളിൽപ്പെട്ടവരെ പരിചരിക്കുക എന്നതായിരുന്നു ശൂദ്രധർമ്മം.

നാലാമത്തെ വേദമായ അഥർവ്വവേദത്തിലെത്തുമ്പോഴേക്കും സമൂഹത്തിൽ ചാതുർവർണ്ണ്യം ക്രമപ്പെട്ടുകഴിഞ്ഞതായി പല സൂക്തങ്ങളും വെളിപ്പെടുത്തുന്നുണ്ട്. ഇതോടൊപ്പം ആവിർഭവിച്ച നാനാജാതികളുടെയും ഉപജാതികളുടെയും സാമൂഹ്യക്രമത്തെ ചിട്ടപ്പെടുത്തുന്നതിനായി രചിക്കപ്പെട്ടവയായിരുന്നു ധർമ്മസൂക്തങ്ങൾ. വേദാനന്തര ഭാരതസമൂഹത്തിൽ സ്ത്രീകൾക്കും ശൂദ്രന്മാർക്കും മാന്യത കുറഞ്ഞു വരുന്നതിനെക്കുറിച്ച് വേദാംഗങ്ങളും സൂചന നൽകുന്നു. പുത്രലാഭത്തെ പ്രകീർത്തിക്കുന്ന പുംസവനം പോലുള്ള ചടങ്ങുകൾ നടപ്പിൽ വന്നു. പെൺകുട്ടികൾക്ക് മന്ത്രം ചൊല്ലാനുള്ള അനുവാദം നിഷേധിച്ചതും ശൈശവവിവാഹം വർദ്ധി

ച്ചതും സ്ത്രീസ്വാതന്ത്ര്യത്തിനുമേലുള്ള വിലക്കുകളായി പരിണമിച്ചു. വർണ്ണവ്യവസ്ഥക്ക് കീഴ്പ്പെട്ട സമൂഹക്രമത്തിന്റെ പുരോഗതിക്ക് സ്മൃതികൾ ശക്തമായ പിന്തുണ നൽകി. നീതി നിർവ്വഹണത്തിന്റെ ആധികാരിക വചസ്സായി മനുസ്മൃതി സ്വീകരിക്കപ്പെട്ടു. ആചാര മര്യാദകൾ തലനാരിഴപോലും വ്യതിചലിച്ചു പോകാതിരിക്കാൻ തയ്യാറാക്കിയ മനുസ്മൃതി നീതി നിർവ്വഹണത്തിന്റെ അവസാനവാക്കായി അംഗീകരിക്കപ്പെട്ടു.

സൃഷ്ടിയുടെ രക്ഷയ്ക്കായി ബ്രാഹ്മണാദി വർണ്ണങ്ങൾക്ക് പ്രത്യേകം പ്രത്യേകം കർമ്മങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഇവ മുറപോലെ പരിപാലിക്കപ്പെടാൻ ദണ്ഡം ഉപയോഗിക്കാം. ദണ്ഡം ധർമ്മ ഹേതുവാണ്. അതിന്റെ അപ്രയോഗം നിമിത്തം ബ്രാഹ്മണാദി വർണങ്ങൾ ദുഷിച്ച് വർണ്ണസങ്കരമുണ്ടാവുകയും എല്ലാ മര്യാദകളും നഷ്ടമാവുകയും ചെയ്യും. രാജാവാണ് ദണ്ഡത്തിന്റെ സഹായത്തോടെ പ്രജകൾക്കിടയിൽ ധർമ്മപരിപാലനം നടത്തേണ്ടത്. രാജാവ് നീതിശാസ്ത്ര വിശാരദരായ ബ്രാഹ്മണരെ പൂജിച്ച് അവരുടെ ഉപദേശപ്രകാരം ധർമ്മപരിപാലനം നടത്തണം. വേദജ്ഞരായ വൃദ്ധബ്രാഹ്മണരിൽ നിന്നാണ് വിനയവും മറ്റും രാജാവ് ശീലിക്കേണ്ടത്. ശിക്ഷ ഭയക്കുന്നതിനാലാണ് ജനങ്ങൾ ധർമ്മം പാലിക്കുന്നത്. അതിനാൽ ദണ്ഡം തന്നെയാണ് ധർമ്മം. മനുസ്മൃതിയിലെ ചില വ്യവസ്ഥകൾ നോക്കുക :

'ബ്രാഹ്മണനെ അധിക്ഷേപിക്കുന്നത് മഹാപരാധമാണ്. ദ്വിജാതിയോട് കടുവചനം പറയുന്ന ശൂദ്രന്റെ വായിൽ പത്തംഗുലം നീളമുള്ള ചുട്ടുപഴുത്ത ഇരുമ്പാണി നിക്ഷേപിക്കണം.അഹങ്കാരം നിമിത്തം ബ്രാഹ്മണനു ധർമ്മോപദേശം നൽകുന്ന ശൂദ്രന്റെ വായിലും ചെവിയിലും എണ്ണ തിളപ്പിച്ചൊഴിക്കണം.'

'ശൂദ്രൻ ത്രൈവർണികനെ ഹിംസിച്ചാൽ ഹിംസിക്കാനുപയോഗിച്ച അവയവം മുറിച്ചുകളയണം. കൈയോ വടിയോ ഉയർത്തി പ്രഹരിച്ചാൽ കൈയും, കാലുകൊണ്ട് തൊഴിച്ചാൽ കാലും മുറിക്കണം. അഹങ്കാരം കൊണ്ട് ബ്രാഹ്മണനെ ശൂദ്രൻ കാർക്കിച്ചു തുപ്പിയാൽ അവന്റെ ചുണ്ടുരണ്ടും ഛേദിക്കണം.' [1]

'ബാഹ്യാഭ്യന്തര ശുദ്ധിയുള്ളവനും വിപ്രശുശ്രൂഷാ തല്പരനും അഹങ്കാര ശൂന്യനും ബ്രാഹ്മണാദികളെ ആശ്രയിച്ചു ജീവിക്കുന്നവനുമായ ശൂദ്രൻ അടുത്ത ജന്മത്തിൽ ഉത്കൃഷ്ട ജാതിയിൽ ജനിക്കും.' [2]

ബ്രാഹ്മണമതം രാഷ്ട്രീയ സാമൂഹ്യതലത്തിൽ നേടിയെടുത്ത മേധാവിത്വത്തിനും സ്വാധീനത്തിനും ഇത്തരം സ്മൃതികൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. മതബദ്ധമായ ആചാരാനുഷ്ഠാനങ്ങളിൽ അങ്ങേയറ്റം വ്യാമുഗ്ദ്ധരായിരുന്നു സമൂഹത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും. സവർണ്ണ

വിധേയത്വത്തിലൂടെയും കർമ്മദോഷ വിമുക്തിയിലൂടെയും ലഭ്യമായേക്കാവുന്ന പുണ്യജന്മപ്രാപ്തിയിലുള്ള അടിയുറച്ച വിശ്വാസമാണ് ദണ്ഡനീതിയേക്കാൾ ആചാരമര്യാദകൾ പാലിക്കാൻ അധഃസ്ഥിതരെ പ്രേരിപ്പിച്ച ഘടകം.

## ബ്രാഹ്മണ്യവും പ്രത്യയശാസ്ത്രപരമായ മേൽക്കോയ്മയും

ഭാരതീയവും കേരളീയവുമായ സാമൂഹ്യഭൂമികയിൽ സംഭവിക്കുന്ന ആര്യാധിനിവേശവും തുടർന്നുണ്ടാകുന്ന ബ്രാഹ്മണപ്രഭാവവും സങ്കീർണ്ണവും സമഗ്രതലസ്പർശിയുമായ ചലനങ്ങളാണ് സാമൂഹഘടനയിൽ ഉണ്ടാക്കുന്നത്. ആയുധങ്ങളുടെ സഹായമില്ലാതെ, ആത്മീയ നേതൃത്വത്തിന്റെയും വിശ്വാസത്തിന്റെയും മറപറ്റി വളരെ സാവധാനത്തിലും സംയമനപൂർവ്വകവുമായ അധിനിവേശമായിരുന്നു അത്. സിവിൽ സൊസൈറ്റി, ഐഡിയോളജി(പ്രത്യയ ശാസ്ത്രം), ഇന്റലക്ചൽസ്(ധൈഷണികർ) തുടങ്ങിയ ഗ്രാംഷിയൻ സാമൂഹ്യപരികല്പനകളുടെ പശ്ചാത്തലത്തിൽ ബ്രാഹ്മണ മേധാവിത്വമടക്കമുള്ള  മേൽക്കോയ്മകളെ അപഗ്രഥിക്കാനാവും. പൗരസമൂഹത്തിന്റെ നിലനില്പ്പും കെട്ടുറപ്പും പ്രത്യശാസ്ത്രപരമായ മേൽക്കോയ്മയെ ആശ്രയിച്ചിരിക്കുമ്പോൾ രാഷ്ട്രീയ സമൂഹത്തിന്റെ നിലനില്പിനും കെട്ടുറപ്പിനും ആശ്രയം ഹിംസയോ ബലപ്രയോഗമോ ആണ്. പൗരസമൂഹത്തിൽ (സിവിൽ സൊസൈറ്റി) ഭരണവർഗ്ഗത്തിന് ചെലുത്താൻ കഴിയുന്ന പ്രത്യയശാസ്ത്രപരമായ മേൽക്കോയ്മ (ഹെജിമനി) കൂടിയുണ്ടെങ്കിലേ അതിനു ഭദ്രത കൈവരൂ എന്ന് ഗ്രാംഷി ചൂണ്ടിക്കാട്ടുന്നു. ഭാരതീയ സാമൂഹ്യഘടനയിൽ ആശയപരമായ സ്വാധീനവും പ്രഭാവവുമടങ്ങിയ ആന്തരികമായ ഒരു മുൻകൈ ആണ് ബ്രാഹ്മണർ നേടിയെടുത്തത്. ധൈഷണികരെക്കുറിച്ചുള്ള ചർച്ചയ്ക്കിടെ, ഓരോ സാമൂഹ്യ വിഭാഗവും അതിന്റെ വളർച്ചയോട് ബന്ധപ്പെട്ട് ഒന്നോ അതിലധികമോ വിഭാഗങ്ങളിൽപ്പെട്ട ധൈഷണികരെ സൃഷ്ടിക്കുന്നതായി ഗ്രാംഷി വിലയിരുത്തുന്നുണ്ട്.[3] ഈ ധൈഷണികരാണ് അതാത് സാമൂഹ്യ വിഭാഗത്തിന് തനതായ ഐക്യവും ആത്മാവബോധവും നൽകുന്നത്. സാമൂഹ്യവും രാഷ്ട്രീയവുമായ മേഖലകളിൽ തങ്ങൾക്കുള്ള പങ്ക് ഓരോ സാമൂഹ്യവിഭാഗവും മനസ്സിലാക്കുന്നത് ഇതിലൂടെയാണ്. ഇറ്റലിയിലും മറ്റും നിലവിലുണ്ടായിരുന്ന സൈനിക സംഘടനയുടെ മേൽ ഫ്യൂഡൽ പ്രഭുക്കന്മാർക്ക് ഉണ്ടായിരുന്ന നിയന്ത്രണമാണ് അവരുടെ മേധാവിത്വത്തെ നിയന്ത്രിച്ചിരുന്നത്. എന്നാൽ ഇന്ത്യയിൽ ചാതുർവർണ്ണ്യമനുസരിച്ചുള്ള ബ്രാഹ്മണ–ക്ഷത്രിയ–വൈശ്യ വർണ്ണങ്ങൾക്കുണ്ടായിരുന്ന നേതൃത്വപരമായ പങ്കാണ് പ്രധാനമായിരുന്നത്.

## ബ്രാഹ്മണ്യത്തിന്റെ കേരളീയ ഭൂമിക

കേരളത്തിൽ ബ്രാഹ്മണരുടെ ആഗമനത്തെക്കുറിച്ച് ചരിത്രകാരന്മാർ ഏകാഭിപ്രായക്കാരല്ല. വടക്കെ ഇന്ത്യയിൽ നിന്നെത്തിയ സഞ്ചാരവർഗ്ഗമായിരുന്നു അവരെന്നും അതല്ല, ആഹാര സമ്പാദനാർത്ഥം കൃഷ്ണ, ഗോദാവരി നദീതടങ്ങളിൽ നിന്നും ഇവിടെയെത്തിയവരാണ് അവരെന്നും അതുമല്ല ഇവിടുത്തെ രാജാക്കന്മാരുടെ ക്ഷണം സ്വീകരിച്ചെത്തിയവരാണെന്നുമൊക്കെ ഒട്ടേറെ വാദങ്ങൾ നിലവിലുണ്ട്. ഈ വർഗ്ഗം കേരളത്തിൽ നമ്പൂതിരി എന്നാണ് അഭിസംബോധന ചെയ്യപ്പെട്ടത്.

'നമ്പൂതിരി' എന്ന സംജ്ഞയെക്കുറിച്ചു ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്. തമിഴിൽ 'നമ്പ്' എന്നത് വിശ്വാസ സൂചകമായ പദമാണ്. തിരി എന്നത് ബഹുമാനസൂചകമായ ശബ്ദവും. തദ്ദേശീയരുടെ സ്നേഹവിശ്വാസങ്ങൾ ആർജിക്കാൻ കഴിഞ്ഞ, വടക്കുനിന്നെത്തിയ സഞ്ചാരികളെ വിളിക്കാൻ തുടങ്ങിയത് ഇങ്ങനെയാണെന്ന് എ.എം.എൻ.ചാക്യാർ പറയുന്നു[4] 'നമ്പൂതിരി' എന്ന വാക്ക് ഔദ്യോഗിക രേഖകളിലും മറ്റും പ്രയോഗിച്ചു കാണുന്നത് അനേക കാലത്തിനു ശേഷമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട് എന്നാൽ ഒരു അഭിപ്രായമെന്നല്ലാതെ ആധികാരികമായ ഒരു പ്രമാണമെന്ന നിലയിൽ ഈ വാദത്തെ കണക്കാക്കുക വയ്യ.

വീരരാഘവ ചക്രവർത്തി ഇരവികോർത്തനു നൽകിയ പട്ടയത്തിലാണ് നമ്പൂതിരിമാരെപ്പറ്റിയുള്ള ആദ്യപരാമർശം കാണപ്പെടുന്നതെന്ന് 'കേരളചരിത്ര നിഘണ്ടു' പറയുന്നു. നമ്പൂതിരി എന്ന പദത്തിന്റെ ഉല്പത്തിയും ഈ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അതനുസരിച്ച്, 'നമ്പു' (നമ്പി),'തിരി' (ശ്രീ) എന്നീ പദങ്ങൾ ചേർന്നുണ്ടായ പദമാണ് നമ്പൂതിരി. 'നമ്പി' അഥവാ 'നമ്പു' എന്നാൽ പണ്ഡിതൻ എന്നർത്ഥം.[5]

ദ്രാവിഡ ക്രിയാപദമായ 'നമ്പുക' (വിശ്വസിക്കുക, അഭിലഷിക്കുക) സാമാന്യസംസ്കൃത പ്രത്യയമായ 'തിരി' (സ്ഥാനം,പദവി)യോട് ചേർന്നാണ് നമ്പൂതിരി ആയതെന്ന് ഗുണ്ടർട്ട് വിലയിരുത്തുന്നു.[6]

ഈശ്വരന്റെ പ്രതിനിധിയും ബ്രഹ്മജ്ഞനും ആദർശഭൂതനും പൂർണ്ണ മനുഷ്യനുമാണ് ബ്രാഹ്മണൻ എന്നാണ് വിശ്വാസം. കേരളോദ്ധാരണ ശേഷം നമ്പൂതിരിമാരും നായരും ഉൾപ്പെട്ട എല്ലാ ഹിന്ദുക്കളെയും പരശുരാമൻ പരദേശങ്ങളിൽ നിന്നു കൊണ്ടുവന്നു എന്നത്രെ പരമ്പരയായുള്ള വിശ്വാസം.

കേരളത്തിലേക്ക് നമ്പൂതിരിമാരെ ആനയിച്ചത് എഡി 340 – 370 കാലത്തു വാണ മയൂര

വർമ്മൻ എന്ന കദംബരാജാവാണ് എന്നും ബ്രാഹ്മണരെ അഹിക്ഷേത്രത്തിൽ നിന്നാണ് കൊണ്ടു വന്നത് എന്നും കേരള ചരിത്ര നിഘണ്ടുവിൽ കാണാം.[7]

കാർഷിക വ്യാപനത്തിന്റേതായ കാലഘട്ടത്തിലാണ് ബ്രാഹ്മണർ കേരളത്തിൽ തങ്ങളുടെ ആധിപത്യമുറപ്പിക്കുന്നതെന്നും തങ്ങളുടെ അധികാരവും ആധിപത്യവുമുറപ്പിക്കാനുതകുന്ന പര ശുരാമകഥയടക്കമുള്ള ആത്മീയ കൗശലങ്ങൾ അവർ സമർത്ഥമായി ഉപയോഗപ്പെടുത്തിയിട്ടു ണ്ടെന്നും ഐ.വി.ബാബു ചൂണ്ടിക്കാട്ടുന്നുണ്ട്.[8] നമ്പൂതിരിമാർ കേരളത്തിലെത്തിയ കാലത്തെ ക്കുറിച്ച് ചരിത്രകാരന്മാർക്കിടയിൽ ഏറെക്കുറെ ഏകാഭിപ്രായമാണുള്ളത്. അതനുസരിച്ച് എ.ഡി 4-ാം നൂറ്റാണ്ടിലാണ് കേരളത്തിൽ നമ്പൂതിരി സമുദായത്തിന്റെ ആവിർഭാവം.[9]

ഉത്തരേന്ത്യയിൽ നിന്ന് കേരളത്തിലെത്തിയ നമ്പൂതിരിമാർ 32 ഗ്രാമങ്ങളിലായി താമസിച്ചു വന്നുവെന്നും ഈ 32 ഗ്രാമക്കാർ 4 കഴകങ്ങളായി തിരിഞ്ഞ് അവരുടെ ആഭ്യന്തരകാര്യങ്ങൾ ചിട്ട യോടെ നടത്തിപ്പോന്നുവെന്നും പി.കെ.ഗോപാലകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. ആദ്യമൊന്നും രാഷ്ട്രീയ കാര്യങ്ങളിൽ അവർ ഇടപെട്ടിരുന്നില്ല. എന്നാൽ കാലക്രമത്തിൽ രാഷ്ട്രീയ കാര്യങ്ങ ളിൽ അഭിപ്രായം പറയാൻ തുടങ്ങുകയും ആ അഭിപ്രായങ്ങൾക്ക് ഭരണതലത്തിൽ അതിന്റേ തായ ഗുരുത്വം കല്പിക്കപ്പെടുകയും ചെയ്തു.

ശൈവ - വൈഷ്ണവ ഭക്തിപ്രസ്ഥാനങ്ങൾ ശക്തിപ്പെട്ടതും ബുദ്ധ ജൈന മതങ്ങൾ ക്ഷയോ ന്മുഖമായതും കേരളീയാന്തരീക്ഷത്തിൽ നമ്പൂതിരി മേധാശക്തിക്ക് പാതയൊരുക്കിയിരുന്നു. പ്രബ ലരായ കുലശേഖര രാജാക്കന്മാർക്കിടയിൽ ക്രമേണ നേടിയെടുത്ത മേൽക്കൈ സമൂഹത്തിന്റെ ബൗദ്ധിക - ആത്മീയ തലങ്ങളിൽ നമ്പൂതിരിമാർ തങ്ങളുടെ ചിന്താഗതികൾ നടപ്പിലാക്കുന്ന തിന് സമർത്ഥമായി ഉപയോഗപ്പെടുത്തി. പിന്നീട് കുലശേഖര ഭരണം തകർന്നപ്പോഴും നമ്പൂതി രിമാരുടെ മേൽക്കോയ്മയ്ക്ക് ഊനം തട്ടിയിരുന്നില്ലെന്നു മാത്രമല്ല ചേരചോളയുദ്ധം വഴി നമ്പൂ തിരിമാരിൽ കുന്നുകൂടിയ വമ്പിച്ച സമ്പത്ത് അവരുടെ നില ഒന്നുകൂടി ഭദ്രമാക്കുകയും ചെയ്തു. സമൂഹത്തിന്റെ സർവ്വതലത്തിലും നിയന്ത്രണം നേടിയെടുത്ത നമ്പൂതിരിമാർതന്നെയാണ് ജാതി വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള സാമൂഹ്യഘടനയ്ക്കും വഴിയൊരുക്കിയത്.

നമ്പൂതിരിമാരുടെ ആവിർഭാവ കാലത്ത് കേരളത്തിൽ ചാതുർവർണ്യമോ ജാതിവ്യവ സ്ഥയോ ഉണ്ടായിരുന്നില്ലെന്ന് പി.കെ.ഗോപാലകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.[10] സമൂഹത്തെ തങ്ങളുടെ നിയന്ത്രണത്തിനു കീഴിൽ ഒറ്റക്കെട്ടായി നിർത്തുന്നതിനു വേണ്ടി ബ്രാഹ്മണർ സൃഷ്ടി ച്ചതാണ് ജാതിവ്യവസ്ഥ. അഥവാ എ.ഡി 8-ാം നൂറ്റാണ്ടു മുതൽക്കു മാത്രമാണ് കേരളത്തിൽ ജാതിവ്യവസ്ഥ ശക്തിപ്പെടുന്നുള്ളു എന്നു ചുരുക്കം.

രാഷ്ട്രീയ - സാമൂഹിക - സാമ്പത്തിക മേഖലകളിൽ ക്രമേണ നേടിയെടുത്ത മേധാവിത്വം വഴി തൊഴിലിന്റെ അടിസ്ഥാനത്തിൽ നിലനിന്നുപോന്നിരുന്ന വർഗവിഭജനത്തെ വർണവിഭജനമാക്കി പരിണമിപ്പിക്കുവാൻ നമ്പൂതിരിമാർക്കു സാധിച്ചു. ജാതിധർമ്മങ്ങൾക്കും ജന്മ - കർമ്മ സിദ്ധാന്തങ്ങൾക്കും നൽകിയ വ്യാഖ്യാനങ്ങൾ വഴി സമൂഹമനസ്സിനെ വരുതിയിൽ നിർത്താനും അവർക്കു കഴിഞ്ഞു. ഭഗവദ്ഗീതയിലെ 'ചാതുർവർണ്യം മയാസൃഷ്ടം ഗുണകർമ്മ വിഭാഗശഃ' എന്ന സൂക്തം വൈദിക പാരമ്പര്യത്തിന്റെ പിന്തുടർച്ചക്കാരായ നമ്പൂതിരിമാർ തങ്ങളുടെ ചെയ്തികൾക്കുള്ള സാധൂകരണമായിക്കണ്ട് വ്യാഖ്യാനിച്ചു. ക്രമേണ വിവിധ വർഗ്ഗങ്ങൾ ബ്രാഹ്മണ - ക്ഷത്രിയ - വൈശ്യ - ശൂദ്ര വർണങ്ങളായി പരിണമിച്ചു. 'ഗുണകർമ്മ വിഭാഗം' എന്നതിന് 'ജന്മകർമ്മ വിഭാഗം' എന്ന് അർത്ഥാദേശം സംഭവിച്ചു. ഇതനുസരിച്ച്, ജനിക്കുന്നതോടെ ഒരാൾ ഒരു ജാതിയുടെ പ്രതിനിധിയായിത്തീർന്നു. ജനിച്ച കുലത്തിന്റെ തൊഴിൽ സ്വീകരിച്ച് ജീവിതവൃത്തി നിർവ്വഹിക്കാൻ അയാൾ നിർബന്ധിതനാണ്. ഉയർന്ന ജോലികളെല്ലാം ശ്രേഷ്ഠജാതികൾ വീതിച്ചെടുത്തു. ബ്രാഹ്മണർ വൈദികവൃത്തിയിലും ക്ഷത്രിയർ രാജ്യഭരണത്തിലും വൈശ്യർ കൃഷി, കച്ചവടം മുതലായവയിലും ശൂദ്രർ ദാസ്യവേലയിലും നിയുക്തരായി. ഇവരെയെല്ലാം സേവിച്ച് തൊട്ടുകൂടാത്തവരും കഴിഞ്ഞുകൂടി.

**ജാതിശ്രേണിയും നമ്പൂതിരി വിഭാഗങ്ങളും**

അറുപത്തിനാല് ജാതികളാണ് കേരളത്തിൽ ഉണ്ടായിരുന്നത്. ബ്രാഹ്മണർ എട്ട്, ന്യൂനവർഗ്ഗക്കാർ രണ്ട്, അന്തരാളജാതി പന്ത്രണ്ട്, ശൂദ്രർ പതിനെട്ട്, ശില്പി ആറ്, പണ്ഡിതന്മാർ പത്ത്, താഴ്ന്ന ജാതി എട്ട് തുടങ്ങി 64 വിഭാഗം. മലയാളത്തിൽ ആകെ 64 ജാതി ഉണ്ടെന്നു പറഞ്ഞാലും പിന്നെയും ജാതിയും ജാതിക്കുള്ളിൽ ജാതിയുമായി എത്രയോ വകഭേദങ്ങളെ കാണാനാവും.

പരമ്പരാഗതമായി ലഭിച്ചു കൊണ്ടിരുന്ന ആത്മീയകാര്യനേതൃത്വം വഴി ആഭിജാത്യം, ഭൂവുടമസ്ഥത, തപസ്സ്, സംസ്കൃത വൈദുഷ്യം തുടങ്ങിയ ഗുണഗണങ്ങളാൽ മലയാളിയുടെ സാമൂഹ്യപദവിയിൽ നമ്പൂതിരിമാർ പ്രഥമഗണനീയരായി. ജാത്യാചാരങ്ങൾ കടുകിട തെറ്റാതെ പരിപാലിച്ച ബ്രാഹ്മണർ ജനസമക്ഷം ഈശ്വര പ്രതിനിധികളായി ഭവിച്ചു. ഭൂമി മുഴുവൻ ജന്മമായിരുന്നതിനാൽ അവരെ ഭരണാധികാരികളും ആദരിച്ചു പോന്നു.

അദ്ധ്യയനവും അധ്യാപനവുമാണ് തങ്ങളുടെ കർമ്മവും ഉത്തരവാദിത്വവുമെന്ന് നമ്പൂതിരിമാർ കരുതിപ്പോന്നു. ഓത്തുള്ളവർ, ആഢ്യൻ, ആസ്യൻ തുടങ്ങി നമ്പൂതിരിമാരിൽത്തന്നെ വകഭേദങ്ങൾ ധാരാളമുണ്ട്. മലയാള ബ്രാഹ്മണരായ നമ്പൂതിരിമാർക്കു പുറമെ പട്ടന്മാർ, എമ്പ്രാന്തിരിമാർ എന്നിങ്ങനെ വിഭാഗങ്ങളും കേരളത്തിലുണ്ട്. ആഴ്വാഞ്ചേരി തമ്പ്രാക്കൾ നമ്പൂതിരിമാ

രിലെ ശ്രേഷ്ഠ വിഭാഗമാണ്. അഗ്നിഹോത്രികൾ, ഭട്ടതിരിമാർ തുടങ്ങി മറ്റുള്ളവരേക്കാൾ ശ്രേഷ്ഠ തയുള്ള വിശിഷ്ട നമ്പൂതിരിമാരും ഉണ്ട്. വലിയ യാഗം ചെയ്യുന്നവരത്രെ അഗ്നിഹോത്രികൾ. വൈദിക കർമ്മങ്ങളുടെ വിധികർത്താക്കന്മാരായ ആറുവൈദികന്മാരും സ്മാർത്ത വിചാരത്തിൽ പ്രാഗല്ഭ്യമുള്ളവരായ ആറുസ്മാർത്തന്മാരും ഭട്ടതിരി വർഗ്ഗത്തിൽപ്പെട്ടവരാണ്. സാമാന്യ നമ്പൂ തിരിമാർ, ജാതിമാത്രകന്മാർ, ശാപഗ്രസ്തന്മാർ, പാപവർഗ്ഗക്കാർ, എളയത്, മൂസത് തുടങ്ങി അന വധി വകഭേദങ്ങൾ നമ്പൂതിരിമാർക്കിടയിലുണ്ട്.

ആത്മീയ മേധാവിത്വത്തിന്റെയും സത്യത്തിന്റെയും അറിവിന്റെയും അധികാരികളായി രുന്ന നമ്പൂതിരിമാർ 12-ാം നൂറ്റാണ്ടോടെ രാജാധികാരത്തിനും അതീതരായി കുലശേഖര പെരു മാളിനെക്കൊണ്ട് പ്രായശ്ചിത്തം ചെയ്യിക്കത്തക്ക വിധത്തിലേക്ക് വളരുന്നത് കാണാം. തെറ്റ് ചെയ്ത ബ്രാഹ്മണനെ ശിക്ഷിക്കാൻ രാജാവിനുപോലും അധികാരമില്ല എന്ന അവസ്ഥയിലേക്ക് നമ്പൂ തിരി പ്രഭാവം വളരുന്നുണ്ട്. ഒരു കാലത്ത് കൊല്ലിനും കൊലയ്ക്കും വരെ അധികാരമുണ്ടായി രുന്ന നമ്പൂതിരിമാരിലെ പ്രമുഖ വിഭാഗമായിരുന്നു, ആഴ്വാഞ്ചേരി തമ്പ്രാക്കൾ. പറവൂർ, ഇടപ്പ ള്ളി, അമ്പലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിലെ നാടുവാഴികൾ നമ്പൂതിരിമാരായിരുന്നു എന്നത് അവ രുടെ രാഷ്ട്രീയ മഹത്വത്തിന്റെ തെളിവാണ്.

## നമ്പൂതിരിമാരുടെ സാമൂഹിക ജീവിതം

നാലുവർണ്ണങ്ങളിൽ അധിപതി ബ്രാഹ്മണൻ തന്നെയായിരുന്നു. ബാഹ്യശൗചവും ആഭ്യ ന്തര ശൗചവും തൊട്ട് ഗായത്രി, പഞ്ചാക്ഷരം തുടങ്ങിയ ജപ നമസ്കാരങ്ങൾ അനുഷ്ഠിച്ച് അതിഥി സൽക്കാരവും ഭഗവൽസേവയുമൊക്കെയായി ശാരീരിക പ്രയത്നമേതുമില്ലാത്ത ജോലികളനു ഷ്ഠിച്ച് ജീവിതം അർത്ഥപൂർണ്ണമാക്കലാണ് ബ്രാഹ്മണന്റെ ജന്മനിയോഗം. ബ്രാഹ്മണ സമുദായ ത്തിൽ ജനിക്കുന്ന ആൺകുട്ടികൾ പിന്തുടരേണ്ട ആചാരങ്ങൾ ഒട്ടേറെയുണ്ട്. ഗർഭാധാനം മുതൽ മരണാനന്തര ക്രിയകൾ വരെ ബ്രാഹ്മണൻ അനുഷ്ഠിക്കേണ്ട പതിനാറ് കർമ്മങ്ങൾ ഉണ്ട്. ഇവ ഷോഡശ ക്രിയകൾ എന്നറിയപ്പെടുന്നു. 1. സേകം 2. പുംസവനം 3.സീമന്തം 4.ജാതകർമ്മം 5.നാ മകരണം 6.വാതിൽപുറപ്പാട് 7. ചോറൂണ് 8.ചൗളം 9.കർണ്ണവേധം 10.ഉപനയനം 11. വേദാരംഭം 12. ഗോദാനം 13. സമാവർത്തനം 14.വിവാഹം 15.ഔപാസനാഗ്നി സ്വീകാരം 16.ആധാനം എന്നിവ യാണ് അവ.

ആറോ ഏഴോ വയസ്സിലാണ് ഉപനയനം നടക്കുക. ഉപനയനത്തോടെയാണ് ദ്വിജത്വം ലഭ്യമാകുന്നത് എന്നാണ് സങ്കല്പം. മുഹൂർത്തം നിശ്ചയിച്ച് ഉപനയിക്കുന്നത് അച്ഛനോ ആചാ

ര്യനോ ആവാം. ജനിച്ച നക്ഷത്രം മോശമാണെങ്കിലും ഉപനയിക്കപ്പെടുന്ന നക്ഷത്രം നന്നായാൽ ജാതകം നന്നാവുമെന്നാണ് വിശ്വാസം. ഉപനയനശേഷം ശുദ്ധാശുദ്ധകാര്യങ്ങളിൽ കാര്യമായ ശ്രദ്ധ ചെലുത്തിത്തുടങ്ങും. ഈ ഘട്ടത്തോടെ വിദ്യാഭ്യാസം ഉത്തമനായ ആചാര്യന്റെ ഗൃഹത്തിലേക്കു മാറും. അവിടെ ഗുരുമുഖത്തു വെച്ചാണ് വേദാധ്യയനം. കാലക്രമമനുസരിച്ച് വേദം പുസ്തകം നോക്കാതെ ഗുരുമുഖത്തു നിന്ന് ഓതിക്കേട്ട് തനിക്ക് വശഗതമാവും വരെ ഉരുവിട്ട് മനഃപാഠമാക്കുന്നു. അനേകങ്ങളായ ഈ ശ്ലോകങ്ങൾക്കു പുറമെ നിത്യകർമ്മാനുഷ്ഠാനങ്ങളുടെ കൂട്ടത്തിൽ ചെയ്യത്തക്കവണ്ണം വൈദികകർമ്മങ്ങളും പഠിക്കുന്നു. വേദാഭ്യാസത്തിന്റെ ആദ്യഘട്ടം കഴിയുമ്പോഴേക്ക് ബ്രഹ്മചാരി വ്രതം അവസാനിപ്പിച്ച് സമാവർത്തനം കഴിക്കും. വേദാഭ്യസന ശേഷം ഗുരുഗൃഹത്തിൽ നിന്ന് തിരിച്ചെത്തലാണ് സമാവർത്തനം. ഇതു കഴിഞ്ഞാൽ സ്വഗൃഹ കുലദേവതാ ക്ഷേത്രത്തിൽ സ്വാമിയെ ഭജിക്കണമെന്നാണ് നിയമം. ഈ ഭജനസമയത്ത് താൻ പഠിച്ച വേദത്തിന്റെ പദം ചൊല്ലുക, അതോടൊപ്പം ക്രമം, ജട, രഥ മുതലായ പദപ്രയോഗങ്ങളെക്കൊണ്ടുള്ള പല വൈദഗ്ദ്ധ്യങ്ങളും ശീലിക്കുക, ശിക്ഷ, നിരുക്തം തുടങ്ങിയ വേദാംഗങ്ങളുടെ സ്വഭാവങ്ങൾ ഹൃദിസ്ഥമാക്കുക എന്നിവയും വേണം. അടുത്തഘട്ടം ഗ്രാമക്ഷേത്രത്തിലാണ്. ഭജിച്ചു വിദ്യ പരിശീലിക്കുന്ന ചെലവുകളൊക്കെ ദേവസ്വം വഹിക്കും. ഇത് രണ്ടുമൂന്നു വർഷം പരിശീലിക്കുമ്പോഴേക്കും വേദവിഷയങ്ങളിൽ അവഗാഹം സിദ്ധിക്കും അതിനുശേഷമാണ് സജ്ജന സമക്ഷത്ത് പ്രത്യക്ഷനാകുക.

കർക്കശമായ ചിട്ടവട്ടങ്ങൾക്കുള്ളിലൊതുങ്ങിയതാണ് ബ്രഹ്മചര്യക്കാലത്തെ വിദ്യാഭ്യാസം. നിത്യവും ഉദയത്തിനുമുമ്പ് കുളിക്കണം. തൈര്, തേൻ, വെളിച്ചെണ്ണ, കല്ലുപ്പ്, കരിമ്പുനീർ, ഉള്ളി, മുതിര, ഉലുവ, മുരിങ്ങാക്കായ, പപ്പടം തുടങ്ങിയവ കഴിക്കുന്നതിന് വിലക്കുണ്ട്. ഉച്ചവരെ അദ്ധ്യയനം ചെയ്തതിനു ശേഷം ബ്രഹ്മചാരി ഉപസ്ഥാനം കഴിച്ച് ദണ്ഡ് കൈയിലെടുത്ത് ഭിക്ഷയ്ക്കു പോകണം. ഉണ്ണുന്ന വേളയിൽ സംസാരിക്കരുത്. അഥവാ സംസാരിക്കണമെങ്കിൽ സംസ്കൃതത്തിലേ ആകാവൂ. പല്ലുകൊണ്ട് കടിച്ചു തിന്നുന്നതല്ലാതെ ഉരലിൽ കുത്തിയതൊന്നും ഭക്ഷിക്കരുത്. ഹോമം ചെയ്യാതെയോ അച്ഛനമ്മമാരുണ്ണുന്നതിനു മുമ്പോ ഭക്ഷണമരുത്. കുളത്തിൽ കൂപ്പു കുത്തി ചാടരുത്. ആനപ്പുറത്തും മരത്തിന്മേലും കയററുത്. കണ്ണാടി നോക്കാനോ കണ്ണെഴുതാനോ പാടില്ല. സ്ത്രീയോടുകൂടി സംസാരിച്ചിരിക്കരുത്. നൃത്തം വെക്കുകയോ പാട്ടുപാടുകയോ താളം പിടിക്കുകയോ അരുത്. ബ്രഹ്മചാരിക്ക് വ്രതഭംഗം നേരിട്ടാൽ എട്ടുവിധം പ്രായശ്ചിത്ത വിധികൾ ഉണ്ട്.

ഒരു നമ്പൂതിരിക്ക് ആചമനം പലതവണ വേണ്ടിവരും. ശുദ്ധിയാണ് പരമ പ്രധാനം. ജപം, പൂജ, ഹോമം, ശ്രാദ്ധം ഇവയെല്ലാം ആചമനശേഷമാണ് ആരംഭിക്കേണ്ടത്. ബ്രാഹ്മണർ മാറിൽക്കവിഞ്ഞ ജലത്തിൽ നിന്ന് ആചമിക്കരുത്. നമ്പൂതിരിക്ക് ആഭിജാത്യം കുറഞ്ഞ ഇല്ലങ്ങളിൽ ഭക്ഷണം പാടില്ല. താണ ഇല്ലക്കാരുടെ അമ്പലങ്ങളിൽ വന്ദിച്ചു വണങ്ങാമെന്നല്ലാതെ അവിടെ ഉണ്ണുകപോലും നിഷിദ്ധമാണ്.

അഗ്നിയുമായി ബന്ധമുള്ള ചടങ്ങുകൾക്ക് നമ്പൂതിരി ജീവിതചര്യയിൽ അത്യധികം പ്രാധാന്യമുണ്ട്. ഷോഡശസംസ്ക്കാരങ്ങളിൽ ഔപാസനാഗ്നി സ്വീകരിച്ചത് നമ്പൂതിരിയാണ്. (ഹോമത്തോടെ അഗ്നിസാക്ഷിയായാണ് നമ്പൂതിരിയുടെ വേളി. ആ ഹോമാഗ്നി കെട്ടുപോകാതെ വടക്കിനിയിലോ കിഴക്കിനിയിലോ സൂക്ഷിക്കുന്നു. അവിടെ നിത്യവും ഹോമാദി കർമ്മങ്ങൾ ചെയ്യണം. ഇതാണ് ഔപസാനാഗ്നി) ഗൃഹസ്ഥനൊഴിച്ച് എല്ലാ പുരുഷന്മാരും സ്നാതകവൃത്തി സ്വീകരിക്കണം. ബ്രഹ്മചര്യസമാപ്തിയാണ് സമാവർത്തനം. സമാവർത്തനത്തിനു ശേഷം വേളി കഴിക്കാനുള്ള അവകാശം ഇല്ലത്തെ മൂത്തമകനു മാത്രമേ ഉള്ളൂ.

## അറുപത്തിനാല് അനാചാരങ്ങൾ

ഭാരതത്തിലെ ഇതര ബ്രാഹ്മണർക്കിടയിൽ നിലവിലില്ലാതിരുന്ന 64 വിശേഷാചാരങ്ങൾ കേരളത്തിലെ നമ്പൂതിരിവർഗ്ഗം അനുഷ്ഠിച്ചു പോന്നിരുന്നു. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാവാനും വിശിഷ്ടപദവിയിലേക്ക് സ്വയമേവ പ്രതിഷ്ഠിതരാവാനുമുള്ള മനഃപൂർവ്വമായ പരിശ്രമമായിരുന്നു അത്. പൂർവ്വതീര ബ്രാഹ്മണർ പിൻകുടുമക്കാരാണ്. എന്നാൽ നമ്പൂതിരിക്ക് മുൻകുടുമയാണ്. മറ്റുള്ളവർ രണ്ടിഴയുള്ള പൂണൂൽ ധരിക്കുമ്പോൾ നമ്പൂതിരിയുടെ പൂണുലിനു ഒറ്റയിഴയേ പാടുള്ളൂ. വസ്ത്രം ധരിച്ചു നിന്ന് കുളിക്കുന്നത് നമ്പൂതിരിക്ക് നിഷിദ്ധമാണ്. മന്ത്രം സ്വയം ഉരുക്കഴിക്കുകയല്ലാതെ മറ്റൊരാളിൽ നിന്ന് ചൊല്ലിക്കേട്ട് ഏറ്റുപറയാൻ പാടില്ല. വെളുത്തേടൻ അലക്കിയ വസ്ത്രങ്ങളേ ധരിക്കാൻ പാടുള്ളൂ. ഇതര ബ്രാഹ്മണരിൽ വിധവകൾ മാത്രം വെള്ള വസ്ത്രം ധരിക്കുമ്പോൾ ഇവിടെ സ്ത്രീജനങ്ങൾക്ക് വെള്ളയല്ലാത്ത വസ്ത്രം ധരിക്കാനേ പാടില്ല. ഭർത്താവൊഴികെ അച്ഛൻ, സ്വസഹോദരൻ എന്നിവരുൾപ്പെടെ പരപുരുഷന്മാരെ നമ്പൂതിരിസ്ത്രീ കാണുന്നത് കൊടിയ ആചാര ലംഘനമാണ്. തമ്മിൽ കണ്ടുമുട്ടുമ്പോൾ നമ്പൂതിരിമാർ പരസ്പരം ഉപചാരം പറയുന്നതും നിഷിദ്ധമാണ്. ഇങ്ങനെ ക്രോഡീകരിക്കപ്പെട്ട അനാചാരങ്ങൾക്കു പുറമെയും ധാരാളം ആചാരങ്ങൾ അനുഷ്ഠിക്കേണ്ട വിഭാഗമായിരുന്നു ഇവർ. സദാചാര സംബന്ധിയായ ജീവിതചര്യകളുടെ നീണ്ടനിരയും നമ്പൂതിരിയുടെ മുമ്പിലുണ്ട്. യാചക

രോട് ഇല്ല എന്നുപറയരുത്. മ്ലേച്ഛഭാഷ പഠിക്കരുത്. വെള്ളത്തിലോ എണ്ണയിലോ പ്രതിബിംബിച്ച അവനവന്റെ സ്വരൂപം നോക്കിക്കാണരുത്. ഭാര്യ ഭക്ഷണം കഴിക്കുമ്പോൾ അവളെ നോക്കരുത്. നഗ്നയായ സ്ത്രീയേയും രജസ്വലയേയും മുല മറയ്ക്കാത്തവളെയും കാണരുത്. ഒരു കാൽകൊണ്ട് മറ്റേകാലിൽ ചവിട്ടരുത്. ഭൂമിയിൽ വരയ്ക്കരുത്. നഖത്തെയും രോമത്തെയും പല്ലുകൊണ്ട് കടിച്ചു മുറിയ്ക്കരുത്. പൊട്ടിയ പൂണൂൽ ധരിക്കുത്. അവനവൻ ഭക്ഷിക്കുന്നതിനു മുമ്പേ ശൂദ്രനു കൊടുക്കരുത്. ശൂദ്രനു വിദ്യ ഉപദേശിക്കരുത്. ഉറങ്ങിക്കിടക്കുന്നവരെ ഉണർത്തരുത് തുടങ്ങി അരുതായ്മകളുടെ നിര നീണ്ടുനീണ്ടു പോകുന്നു.

ഇവ ആത്യന്തികമായി നമ്പൂതിരിയുടെ ജീവിതത്തെ ആചാരബദ്ധവും അതുകൊണ്ടുതന്നെ യാന്ത്രികവുമാക്കി മാറ്റുന്നു. മനുഷ്യനു വേണ്ടി ആചാരങ്ങൾ എന്ന നിലവിട്ട് ആചാരങ്ങൾക്കു വേണ്ടി മനുഷ്യൻ എന്ന നില വന്നു ചേർന്നു. നമ്പൂതിരി സമുദായം ആന്തരികമായ ജീർണ്ണതയിലേക്ക് നീങ്ങാൻ ഇതാണ് പ്രധാന കാരണം.

## മനുഷ്യത്വവിരുദ്ധമായ ആചാരങ്ങളും ശീലങ്ങളും.

പെൺകുട്ടികളുടെ ബാല്യവിവാഹം, ബഹുഭാര്യത്വം, സംബന്ധം, വൃദ്ധ-യുവതീ വിവാഹം, വിധവാവിവാഹനിരോധനം, സ്മാർത്തവിചാരം തുടങ്ങി നമ്പൂതിരി സമുദായം കൊണ്ടു നടന്നിരുന്ന ആചാരവിശേഷങ്ങൾ യുക്തിരഹിതവും മനുഷ്യത്വ വിരുദ്ധവുമായിരുന്നു. ചോദ്യം ചെയ്യപ്പെടാതെ നിലനിന്നു പോന്നിരുന്ന ഇത്തരം അനാചാരങ്ങളുടെ അടിസ്ഥാനം അന്വേഷിക്കേണ്ടത് കർക്കശമായ സ്മൃതിനിയമങ്ങളിലാണ്. ഭാർഗ്ഗവസ്മൃതി, ശാങ്കരസ്മൃതി, പ്രായ്ശ്ചിത്ത വിമർശിനി, പ്രായശ്ചിത്തസംഗ്രഹം തുടങ്ങിയ ഗ്രന്ഥങ്ങളിലെ വിധികൾ നമ്പൂതിരിജീവിത ക്രമത്തെ അടിമുതൽ മുടിവരെ സ്വാധീനിച്ചു.

ഭാരതത്തിലെ മറ്റ് ബ്രാഹ്മണസമൂഹങ്ങളിലൊന്നും കാണാത്ത കുടുംബഘടനയായിരുന്നു നമ്പൂതിരിയുടേത്. സമുദായം മൂത്തപുത്രനു മാത്രമേ സജാതീയ വിവാഹം അനുവദിച്ചിരുന്നുള്ളൂ. അ്പഫന്മാർ എന്നു വിളിക്കപ്പെട്ടിരുന്ന അനുജന്മാർക്ക് വിജാതീയ സംബന്ധം ആവാം. മൂത്തപുത്രനു മാത്രം വേളി മതി എന്ന സമ്പ്രദായം ഇല്ലങ്ങളിലെ സ്വത്ത് ഭാഗിക്കപ്പെടാതിരിക്കാനായിരുന്നെന്ന് കരുതപ്പെടുന്നു. ഇതുവഴി മൂസ്സാമ്പൂരിക്ക് കുടുംബസ്വത്തിൽ പരമാധികാരം ലഭിച്ചിരുന്നു. സ്വജാതി വിവാഹമെന്ന കീഴ്‌വഴക്കമാണ് ക്രമേണ നമ്പൂതിരി സമുദായത്തിലെ വൃദ്ധ-കന്യകാ വിവാഹമെന്ന മറ്റൊരു അനാചാരത്തിലേക്കുള്ള വഴിതുറന്നത്.

ഋതുമതിയാകുംമുമ്പ് പെൺകൊട നടത്തണമെന്നത് ശാങ്കരസ്മൃതിയിലെ മറ്റൊരു അനുശാസനമാണ്. ഒരു ആപത്ധർമ്മമായല്ലാതെ ഋതുമതിവിവാഹം അനുവദനീയമായിരുന്നില്ല. ഇല്ലം

വിറ്റിട്ടോ രണ്ടോ മൂന്നോ വേളി കഴിച്ചിട്ടോ ഏതെങ്കിലും അകൃത്യം ചെയ്തിട്ടോ പോലും ഋതുവാകും മുമ്പ് പെൺകുട്ടികളുടെ വിവാഹം നടത്തണം. വലിയ സ്ത്രീധനം കൊടുത്ത് പെൺമക്കളെ വിവാഹം കഴിച്ചുകൊടുക്കാൻ പലർക്കും സാധിക്കാതെ വന്നപ്പോൾ തറവാട്ടിൽ വൃദ്ധകന്യകമാരുടെ എണ്ണം പെരുകി. മൂസ്സാമ്പൂരികളുടെ എണ്ണം കുറവും കന്യകമാരുടെ എണ്ണം കൂടുതലുമാകയാൽ അറുപതും എഴുപതും കഴിഞ്ഞ നമ്പൂതിരിയുടെ നാലാംവേളിയും അഞ്ചാം വേളിയുമായി ജീവിതം ഹോമിക്കാൻ പെൺകുട്ടികൾ നിർബന്ധിതരായിരുന്നു. എന്നിട്ടും ബാക്കിയായവരെ കന്യാദാനമെന്ന പേരിൽ മംഗലാപുരത്തും കോയമ്പത്തൂരിലും കൊണ്ടുപോയി വിൽക്കുന്ന സംഭവങ്ങളുമുണ്ടായിട്ടുണ്ട്.

പുരുഷന്മാർക്കെന്ന പോലെ സ്ത്രീകൾക്കുമുള്ള നിയമങ്ങൾ കർക്കശമായിരുന്നു. കാണാറാകുമ്പോൾ കുളി, നൂറ്റെട്ട് നമസ്ക്കാരം, പൂജ, ഉണ്ണാൻ വട്ടം കൂട്ടുക – ഇങ്ങനെ തേവാരവും വീട്ടുപണിയും ഭർതൃപരിചരണവുമാണ് സ്ത്രീകളുടെ ദിനവൃത്തികൾ. ബാല്യം കഴിയുന്നതോടെ കളിയും ചിരിയുമെല്ലാം അവരുടെ ജീവിതത്തിൽ നിന്ന് അപ്രത്യക്ഷമാവും. ദുരിതമനുഭവിക്കുന്ന സ്ത്രീകളും ദുഷ്കൃത്യം ചെയ്തു കൂട്ടുന്ന പുരുഷന്മാരും ചേർന്ന് മനുഷ്യത്വം ചോർന്നുപോയ ഒന്നായിരുന്നു നമ്പൂതിരിസമുദായം. സ്ത്രീകളുടെ ഇച്ഛകളെ ചവിട്ടിമെതിച്ചുകൊണ്ട് ബഹുഭാര്യത്വം പോലുള്ള പുരുഷാധിപത്യപരമായ പ്രാകൃതനീതികളും മാമൂലുകളും നമ്പൂതിരിസമുദായം ആചാരങ്ങളുടെ മറപറ്റി അവിടെയും അടിച്ചേല്പിച്ചു. പുറത്തിറങ്ങുമ്പോൾ അന്തർജ്ജനങ്ങൾ ദാസിമാരെ മുമ്പിൽ നിർത്തണം. മറക്കുടയും ചേലപ്പുതപ്പും നിർബന്ധം. സ്വർണ്ണാഭരണങ്ങളും ശൃംഗാരപ്പൊട്ടും പാടില്ല. വെള്ളവസ്ത്രം മാത്രമേ അനുവദിച്ചിരുന്നുള്ളു. ഈവിധം സ്മൃതിനിയമങ്ങൾ ഫലത്തിൽ സ്ത്രീകളെ പുരുഷന്റെ സ്വകാര്യസ്വത്താക്കി മാറ്റിയിരുന്നു. പാതിവ്രത്യഭ്രംശമുണ്ടെന്നു ശങ്കയുള്ള സ്ത്രീകളെ സ്മാർത്തവിചാരമെന്ന ഭീഷണികൊണ്ടാണ് നേരിട്ടിരുന്നത്. വിവാഹമെന്ന സൗഭാഗ്യം സിദ്ധിച്ചവരുടെ കാര്യവും അങ്ങേയറ്റം ദുരിതമായിരുന്നു. പലപ്പോഴും ഭർതൃസാമീപ്യത്തിനായി സപത്നിമാരുമായുള്ള മത്സരമായിരുന്നു അവർക്കു ദാമ്പത്യം. വൃദ്ധനമ്പൂതിരിയുടെ മരണം വഴി കന്യകമാർക്കു വന്നു ചേരുന്ന വൈധവ്യം അന്തർജ്ജനങ്ങളുടെ നില ഒന്നുകൂടി പരിതാപകരമാക്കിയിരുന്നു.

### ഭ്രഷ്ട് എന്ന ഭീഷണി

വംശശുദ്ധി ഉറപ്പു വരുത്തുന്നതിന് സ്ത്രീകൾക്കു നേരെ ഓങ്ങിയിരുന്ന സന്മാർഗ്ഗ നിഷ്ഠയുടെ ഇരുതല മൂർച്ചയുള്ള വാളായിരുന്നു സ്മാർത്ത വിചാരം. ബ്രാഹ്മണരക്തത്തെ അശുദ്ധികലരാതെ സൂക്ഷിക്കാൻ ഭീഷണിയിലും സമ്മർദ്ദത്തിലുമധിഷ്ഠിതമായ ജീവിതചര്യയുടെ കാർക്ക

ശ്യംകൊണ്ട് സമുദായം സ്ത്രീപ്രജകളെ ഒന്നടങ്കം വരിഞ്ഞുകെട്ടിയിരുന്നു. വ്യഭിചാരശങ്കയുണ്ടാവുന്ന അന്തർജനത്തെ ഭ്രഷ്ടാക്കുന്നതിനു മുന്നോടിയായി നടത്തുന്ന കുറ്റവിചാരണയാണ് സ്മാർത്ത വിചാരം. മരണത്തെക്കാൾ കഠോരമാണ് ഭ്രഷ്ടജീവിതം. 1901ലും 1903ലും 1905ലുമൊക്കെ ഇത്തരം വിചാരണകൾ നടന്നതിന്റെ വിശദമായ രേഖകൾ ലഭ്യമാണ്. ഇവയിൽ കുപ്രസിദ്ധമായിരുന്നു കുറിയേടത്തു താത്രി (1905)യുടേത്. സ്ത്രീകൾ അമിത സ്വാതന്ത്ര്യം കാണിക്കാൻ തുനിഞ്ഞാൽ  കുറിയേടത്തു താത്രിയാക്കുമെന്ന് പറഞ്ഞായിരുന്നു ഭയപ്പെടുത്തിയിരുന്നത്. നിസ്സാര കുറ്റങ്ങൾക്കുപോലും അന്തർജ്ജനങ്ങളെ ഭ്രഷ്ട് ഭീഷണിക്കു വിധേയരാക്കിയിരുന്നു. മറക്കുടയും തുണയുമില്ലാതെ ഇല്ലത്തിനു പുറത്തുകടന്നതിനും പപ്പടം കാച്ചുമ്പോൾ കൈയിലിട്ടുകൊടുക്കുന്നതു കണ്ടു എന്ന കള്ളസാക്ഷ്യത്തിനും താണജാതിക്കാരന് പഴുത്ത രണ്ടുമാങ്ങ സമ്മാനിച്ച സൗമനസ്യത്തിനുമൊക്കെ പലരും ഭ്രഷ്ട് നേരിട്ട് സമുദായത്തിനു പുറത്തു പോകേണ്ടി വന്നിരുന്നു. ഒരു നമ്പൂതിരി ഭ്രഷ്ടാകുമ്പോൾ അയാളുടെ വേളി ഗർഭിണിയാണെങ്കിൽ ആ കുട്ടി ഭ്രഷ്ടന്റെ കുട്ടിയാണ്. കുട്ടിക്കു മുലകൊടുത്താൽ ജാതി പോകാതിരിക്കാൻ അമ്മ കുളിക്കണം.  ഭ്രഷ്ടന്റെ മകളെയാണ്  'നങ്ങേമക്കുട്ടി'  എന്നു വിളിച്ചിരുന്നത്. പുറത്താക്കപ്പെട്ട നമ്പൂതിരിമാർ പിന്നെ 'ചാക്യാന്മാ'രാകും.

അപ്ഫന്മാരായ ഇളയപുത്രന്മാർക്ക് കുടുംബസ്വത്തിൽ യാതൊരു അവകാശവുമുണ്ടായിരുന്നില്ല. സമാവർത്തനം കഴിഞ്ഞാൽ പിന്നെ തറവാടുമായി വലിയ ബന്ധമൊന്നുമില്ല. മാതാപിതാക്കളുടെ കാലശേഷം അപ്ഫൻ ആ വീട്ടിലെ ഒരതിഥി മാത്രമായി ചുരുങ്ങും. വിജാതീയ സംബന്ധങ്ങളിൽ ജനിക്കുന്ന കുട്ടികളെ അയാളുടെ കുട്ടികളായി പരിഗണിക്കില്ല. മക്കൾ തൊട്ടാൽ ശുദ്ധം മാറുന്ന പിതൃത്വമാണ് അയാളുടേത്. ഇങ്ങനെ അയാളിലെ മനുഷ്യന് അച്ഛനെന്നോ മകനെന്നോ ഭർത്താവെന്നോ ഉള്ള ഭാവങ്ങൾ അനുഭവിക്കാൻ യോഗമില്ലാതെ ആചാരക്കെട്ടുകളിൽ ശ്വാസം മുട്ടിയൊടുങ്ങാനായിരുന്നു യോഗം.

## ഇംഗ്ലീഷും സംസ്കൃതവും

മതനിർബന്ധങ്ങളുടെ ചിട്ടവട്ടങ്ങളെ അതിലംഘിക്കാനാവാത്തതിനാൽ നമ്പൂതിരി സമുദായം ഇംഗ്ലീഷിനെ  'മ്ലേച്ഛ'  ഭാഷയായി കരുതി പുച്ഛിച്ചിരുന്നു  'മ്ലേച്ഛ ഭാഷ ചാഭ്യസേത്'  എന്ന് ശാങ്കരസ്മൃതിയെ ഉദ്ധരിച്ച് മറ്റുഭാഷകളെ അയിത്തം കല്പിച്ച് പടിക്കു പുറത്തു നിർത്തി. ഇതര സമുദായങ്ങളെല്ലാം ഇംഗ്ലീഷ് വിദ്യാഭ്യാസം ഉണ്ടാക്കിയ നവചലനങ്ങളെ ഇരുകൈയും നീട്ടി സ്വീകരിക്കാൻ തുടങ്ങിയപ്പോൾ നമ്പൂതിരി സമുദായം മുഖ്യധാരയിൽ നിന്ന് കൂടുതൽക്കൂടുതൽ

ഒറ്റപ്പെട്ടു. 1864ൽ തിരുവിതാംകൂറിലെ ജാതി തിരിച്ചുള്ള വിദ്യാർത്ഥികളുടെ പട്ടിക ഇപ്രകാരമാണ്:

| | | |
|---|---|---|
| തമിഴ് ശൂദ്രർ | – | 517 |
| നായർ (മലയാളി ശൂദ്രർ) | – | 424 |
| ക്രിസ്ത്യാനികൾ | – | 315 |
| പരദേശബ്രാഹ്മണർ | – | 266 |
| മുസ്ലീങ്ങൾ | – | 37 |
| **നമ്പൂതിരി** | **–** | **1** |
| മറ്റു ഹിന്ദുക്കൾ | – | 19 |
| ആകെ | – | 1579 |

റോബിൻ ജെഫ്രി നിരത്തുന്ന പത്തൊമ്പതാം നൂറ്റാണ്ടിലെ ഈ പട്ടികയനുസരിച്ച് നമ്പൂതിരി പഠിതാക്കളുടെ എണ്ണം കേവലം ഒന്നുമാത്രമാണ്. 1912ലെ സെൻസസ് റിപ്പോർട്ടനുസരിച്ച് കൊച്ചിയിലെ അവസ്ഥ പരിശോധിച്ചാൽ,

'... കൊച്ചി രാജ്യത്ത് ആകെ 6617 മലയാള ബ്രാഹ്മണരുള്ളതിൽ 3805 പേർക്ക് അക്ഷരജ്ഞാനമില്ല. ആകെ 3418 പുരുഷന്മാരിൽ 1254 പേർക്കും 3199 സ്ത്രീകളിൽ 2557 പേർക്കും എഴുത്തും വായനയും ശീലമില്ല.'[11]

യാഥാസ്ഥിതികത്വത്തിന്റെ ഉരുക്കുമുഷ്ടിക്കകത്ത് സമുദായത്തെ നിശ്ചലമായി ഉറപ്പിച്ചു നിർത്തുക വഴി ജന്മികളെന്ന നിലയിലുള്ള അധികാര പദവിക്ക് വലിയ ഇളക്കം സംഭവിക്കാതെ പിടിച്ചു നിൽക്കാനായെങ്കിലും ഹൂണഭാഷയെന്നപഹസിച്ച് ഇംഗ്ലീഷിനെ പടിക്കുപുറത്തു നിർത്തിയതിന്റെ ഫലങ്ങൾ നമ്പൂതിരി സമുദായം അനുഭവിക്കാൻ തുടങ്ങിയിരുന്നു.സംസ്കൃതത്തെ കൈവിടാനൊരുക്കമില്ലാത്തതിനാലാണ് ഇംഗ്ലീഷിനെ അവഗണിച്ചതെന്നു കരുതാനും ന്യായമില്ല. കാരണം പലർക്കും സംസ്കൃതവുമറിയില്ലെന്നു മാത്രമല്ല അക്ഷരജ്ഞാനം പോലും കഷ്ടിയാണെന്നതായിരുന്നു വാസ്തവം.

സാമൂഹ്യപരിഷ്കരണ രംഗത്തേക്ക് പ്രവേശിക്കും മുമ്പ് പ്രേംജിക്കു (എം. പി. ഭട്ടതിരിപ്പാട്) ഉണ്ടായിരുന്ന ആഗ്രഹവും ലക്ഷ്യവും സംസ്കൃതം പഠിച്ച് യഥാർത്ഥ ഭട്ടതിരിയാവണമെന്നതായിരുന്നത്രേ. വന്നേരി സംസ്കൃതസുരഭിലമായ പ്രദേശവുമായിരുന്നു. കോഴിക്കോട് തളിക്ഷേത്രത്തിൽ വെച്ച് സാമൂതിരി രാജാവ് നടത്താറുള്ള വാക്യാർത്ഥസദസ്സായിരുന്നു അദ്ദേഹത്തിന്റെ

ലക്ഷ്യം. ഇതറിഞ്ഞ മഹാകവി വള്ളത്തോൾ അതിൽ നിന്നും പിന്തിരിപ്പിച്ചുകൊണ്ട് പ്രേംജി യോട് പറയുകയുണ്ടായി:

'തർക്കം പഠിക്കേ? കാക്കശ്ശേരി ഭട്ടതിരിയുടെ കാലം കടന്നു പോയി എന്ന് ബുദ്ധിയുള്ള നമ്പൂതിരി എനിയും മനസ്സിലാക്കിയില്ലെ?' [12]

മഹാകവി വള്ളത്തോളിന്റെ കല്പന അക്ഷരംപ്രതി അനുസരിച്ച പ്രേംജിയെ മലയാളി കൾ പിന്നീട് കണ്ടുമുട്ടുന്നത് സാമൂഹ്യനവോത്ഥാന പ്രവർത്തനങ്ങളുടെ മുൻനിരയിലാണ്.

ഭാഷാഗ്രന്ഥങ്ങളോട് പഴമക്കാർക്ക് വലിയ പുച്ഛമായിരുന്നു. അവ അർഹതയില്ലാത്ത ചിലർക്കായി ഉണ്ടാക്കപ്പെട്ടവയാണെന്നായിരുന്നു ബ്രാഹ്മണരുടെ വിശ്വാസം. ജന്മവസ്തുക്കളും മറ്റു സൗകര്യമൊന്നുമില്ലാത്തവരാണ് ഇംഗ്ലീഷും മറ്റും പഠിക്കാൻ പോകുന്നതെന്നും അവർ കരു തി. തങ്ങൾക്കും സന്താനങ്ങൾക്കും അവയ്ക്കൊരു മുട്ടും ഇല്ലെന്ന് നമ്പൂതിരിമാർ ഉറച്ചു വിശ്വസി ച്ചിരുന്നു. ഗവൺമെന്റ് ചട്ടങ്ങൾ പ്രതിദിനമെന്നോണം മാറിക്കൊണ്ടിരിക്കുന്ന വേളയിൽ കാലോ ചിതമായ വിദ്യാഭ്യാസമോ ലൗകികജ്ഞാനമോ പോലും ആർജ്ജിക്കാതെ നമ്പൂതിരി ചലനമില്ലാതെ നിലകൊണ്ടു. സകല കാര്യങ്ങളിലും അവർ പുലർത്തിയ ഉദാസീന മനോഭാ വത്തെ അന്നത്തെ (1899) മലയാള മനോരമ പത്രം തങ്ങളുടെ മുഖപ്രസംഗത്തിലൂടെ വിമർശിക്കു ന്നത് കാണുക:

'ഇപ്പോൾ വളരെ പ്രചാരം സിദ്ധിച്ചിട്ടുള്ളതും സർവ്വരാലും ആദരിക്കപ്പെട്ടുപോരുന്നതും കാലോചിതമായിട്ടുള്ളതും ഇംഗ്ലീഷ് വിദ്യാഭ്യാസമാണല്ലോ. ഇതിൽ മലയാള ബ്രാഹ്മണർ പ്രായേണ വിമുഖന്മാരായിട്ടാണ് കാണപ്പെടുന്നത്. ഇതിനെക്കുറിച്ച് അവരോടാരെങ്കിലും ചോദിക്കുകയോ പറയുകയോ ചെയ്താൽ ഐ നീച ഭാഷ പഠിക്കുകയോ? അബദ്ധം എന്നാണ് പറയുന്നത്. എന്നാൽ അതു വേണ്ട അവരുടെ ബോധപ്രകാരം ഉത്കൃഷ്ടമായിരിക്കുന്ന സംസ്കൃതത്തിലെങ്കിലും സാമാന്യം പോലെ പാണ്ഡിത്യമുള്ളവർ ഇപ്പോൾ വളരെ ചുരുക്കമായി മാത്രമേ കാണപ്പെടുന്നു ള്ളൂ. ബ്രാഹ്മണരായാൽ വേദശാസ്ത്രപുരാണ തത്ത്വജ്ഞന്മാരായിരിക്കണമെന്നെല്ലേ വെച്ചിരി ക്കുന്നത്. അങ്ങനെയുള്ള ഒരു മലയാളി ബ്രാഹ്മണനെയെങ്കിലും ഇപ്പോൾ കേരളമൊട്ടുക്കു നോക്കി യാൽ കണ്ടു കിട്ടുമോ എന്നു വളരെ സംശയമാണ്. ആകപ്പാടെ വിചാരിച്ചാൽ മലയാളബ്രാഹ്മ ണർക്ക് പഴയരീതിയിലും പുതിയരീതിയിലും ഒരു വിദ്യാഭ്യാസവും ഇല്ലാതെ അവർ കേവലം മൃഗപ്രായന്മാരായിത്തീർന്നിരിക്കുന്നു എന്നു തന്നെ പറയേണ്ടിയിരിക്കുന്നു. സകലരാജ്യങ്ങളിലും പഠിപ്പും പരിഷ്കാരവും വർദ്ധിച്ചു വരുന്ന ഈ കാലത്തും ഈ വകക്കാർക്ക് ഇതിനെക്കുറിച്ച് ഒരു വിചാരവും ആലോചനയും തുടങ്ങീട്ടുമില്ല. വിദ്യാഭ്യാസം ചെയ്ത് അറിവ് സമ്പാദിക്കുകയെ

ന്നത് എല്ലാവർക്കും വേണ്ടതാകുന്നു. എങ്കിലും ഇതിന്റെ ആവശ്യകത ബ്രാഹ്മണരെപോലെ മറ്റാർക്കുമില്ലന്നാണ് തോന്നുന്നത്.' [13]

## വേളി ഒരു വൈദിക കർമ്മം

ഉപനയനം, ഓത്തുചൊല്ലൽ, സമാവർത്തനം എന്നിവ പോലെ സമുദായവും തറവാടും ഒരു നമ്പൂതിരിയിൽ നിറവേറ്റുന്ന കർമ്മമാണ് വേളി. ഷോഡശക്രിയകളിൽ ഒന്ന്. ആചാരവിധി കൾ അനുസരിച്ചാൽ ഭൗതിക ജീവിതത്തിനെക്കാൾ ആത്മീയ ജീവിതത്തിനോടാണ് അതിനു ചേർച്ച. വിവാഹ കർമ്മത്തിനിടയിൽ ജ്വലിപ്പിക്കുന്ന ഔപാസനാഗ്നി മരണം വരെ കെടാതെ സൂക്ഷിച്ചാണ് സംസ്കാര കർമ്മങ്ങൾ നടത്തുന്നത്.

നമ്പൂതിരിയുടെ വേളി ഒരു വൈദിക കർമ്മമാണ്. അത് ലൈംഗികതൃഷ്ണ ശമിപ്പിക്കുന്ന തിനുള്ള ഉപാധിയല്ല. നമ്പൂതിരിവിവാഹം മൂന്ന് ആവശ്യങ്ങൾക്കത്രെ.

1. കർമ്മാർത്ഥം (യാഗം മുതലായ കർമ്മത്തിന് ഭാര്യവേണം.)

2. സന്തത്യർത്ഥം ( സന്തതി ഇല്ലാഞ്ഞാൽ പിതൃക്കൾക്ക് ഊർദ്ധ്വഗതി ഉണ്ടാവില്ല.)

3. രത്യർത്ഥം

ഇവയിൽ ആദ്യത്തെ രണ്ടെണ്ണം ഉത്തമമായിട്ടുള്ളതും ഒടുവിലത്തേത് നിന്ദ്യവുമായിട്ടാണ് കണക്കാക്കിയിരുന്നത്. സ്വന്തം കുടുംബ വൃത്തത്തിൽ വൈവാഹിക വേഴ്ച്ചയ്ക്കകത്തു പോലും സന്തത്യർത്ഥം ആചരിക്കേണ്ട ആത്മനിയന്ത്രണനിരതമായ അപൂർവ്വ കർമ്മമാണ് നമ്പൂതിരിമാർക്ക് ലൈംഗിക വേഴ്ച്ച.

## അന്തർജനം എന്ന വളർത്തുമൃഗം

ബ്രാഹ്മണ്യം എന്ന സുകൃതജന്മത്തെ അതിരില്ലാത്ത ആരാധനാഭാവത്തോടെയാണ് അതിന്റെ പരിസേവകവൃന്ദം വീക്ഷിച്ചിരുന്നത്. എന്നാൽ അന്തഃപുരത്തിനകത്ത് അവഹേളന ങ്ങൾക്കുമാത്രം വിധേയരായിരുന്ന അന്തർജനങ്ങളുടെ മനോഭാവം ഒട്ടും ശുഭകരമായിരുന്നില്ല. വി.ടി ഭട്ടതിരിപ്പാടിന്റെ ചെറുകഥയിൽ ഒരു അന്തർജനം തന്റെ ജന്മത്തെ സ്വയം വിലയിരുത്തു ന്നത് ഇപ്രകാരമാണ്:

'ജന്മജന്മാന്തരങ്ങളിൽ ചെയ്ത ദുഷ്കൃത പരിപാകത്തിന്റെ ഫലമായിട്ടായിരിക്കാം ഞാൻ നമ്പൂതിരി സമുദായത്തിൽ വന്നു ജനിക്കാനിടയായത്. അത്രമേൽ അനാചാര ദൂഷിതമായ ഒരു സമുദായത്തിൽ വന്നു ജനിക്കണമെങ്കിൽ എന്റെ പൂർവ്വജന്മ പാതകങ്ങൾ അതിഭയങ്കരങ്ങൾ തന്നെ യായിരിക്കണം.' [14]

കഥകളിലെ  അതിഭാവുകത്വങ്ങളെ മാറ്റിനിർത്തിക്കൊണ്ട് കുറിച്ചിട്ട ആത്മകഥയിൽ ലളിതാംബിക അന്തർജനം തന്റെ ബാല്യകാലസ്മരണകളെ ഇപ്രകാരം രേഖപ്പെടുത്തുന്നുണ്ട്:

'പതിനഞ്ചു വയസ്സായ ഒരു ബാലികയ്ക്ക് മുമ്പിൽ (ചിലപ്പോൾ പന്ത്രണ്ടിലോ പതിമൂന്നിലോ പതിനാലിലോ ആയി എന്നു വരാം) പുലർവെളിച്ചത്തിന്റെ വാതിൽ എന്നന്നേയ്ക്കുമായി കൊട്ടിയടക്കുന്ന ഒരു സമുദായത്തിലാണ് ഞാൻ ജനിച്ചത്. ആരാണ് ഈ ആചാരമുണ്ടാക്കി വെച്ചത്? ആരുടെ കുറ്റം കൊണ്ടാണ് ഞാൻ ഒരു പെൺകുട്ടിയായത്? എനിക്കറിയില്ല. പെൺകിടാങ്ങൾ പാപത്തിന്റെ സന്തതികളാണെന്ന് പറഞ്ഞുകേട്ടു. മണ്ണായിപ്പിറന്നാലും പെണ്ണായി പിറക്കരുത്. പെറ്റ മാതാവിന്റെ വാത്സല്യത്തിൽ പോലും ഈ നിസ്സഹായതാബോധം നിഴലിച്ചു കണ്ടു. എവിടെ നോക്കിയാലും എങ്ങോട്ടു നോക്കിയാലും നിരോധനങ്ങൾ മാത്രം.'[15]

നമ്പൂതിരിയുടെ കുടുംബപശ്ചാത്തലത്തിൽ സ്ത്രീകൾ പരിഗണന അർഹിക്കുന്ന ഒരു വിഭാഗമേ ആയിരുന്നില്ല. ജീവിതാവസ്ഥയുടെ എല്ലാ ഘടകങ്ങളിലും അവർ രണ്ടാംകിടക്കാർ ആയിരുന്നു. ജീവിതത്തിന്റെ വഴിത്തിരിവായ വിവാഹം പോലും അവരുടെ ഇച്ഛകൾക്കും തീരുമാനങ്ങൾക്കും അപ്പുറത്താണ്. വരൻ വീട്ടിലെത്തുമ്പോഴായിരിക്കും തന്റെ നിയോഗത്തെക്കുറിച്ച് വധുവറിയുന്നത്. വിവാഹസമയത്തെ പാണിഗ്രഹണ വേളയിൽ തന്നെ ആൺ-പെൺ വിവേചനം ആരംഭിക്കുന്നുണ്ട്. തനിക്ക് ആൺകുട്ടികളാണ് വേണ്ടതെന്ന് ആഗ്രഹിക്കുന്ന വരൻ വധുവിന്റ പെരുവിരൽ ഒഴിച്ച് നാലു വിരലും കൂട്ടിപ്പിടിക്കണം. പെൺകുട്ടികൾ കൂടി ആവാം എന്നാണെങ്കിൽ മുഴുവൻ വിരലും കൂട്ടിപ്പിടിക്കാം.

നമ്പൂതിരിഭവനത്തിൽ ഒരു പെൺകുട്ടി ജനിച്ച വിവരം പുറത്തു വന്നാൽ  'അയ്യായിരം നശിച്ചു' എന്നാവും ബന്ധുജനങ്ങളുടെ പ്രതികരണം. തറവാടിന്റെ അയ്യായിരം നശിപ്പിക്കാനവതരിച്ച അപശകുനമെന്ന മട്ടിലായിരിക്കും പെറ്റമ്മയുടേതടക്കം ആ പിഞ്ചു കുഞ്ഞിനോടുള്ള മനോഭാവം. ആൺകുട്ടിയാണ് ജനിച്ചതെന്നറിയുമ്പോൾ ആഹ്ലാദം അതിരില്ലാത്തതാണ്. ആൺകുട്ടിയുടെ പിറന്നാളിനും മറ്റു ശുഭദിനങ്ങൾക്കും ഗംഭീരാഘോഷവും സദ്യയുമൊക്കെ നിർബന്ധമാണ്. കുട്ടികളെ വളർത്തുന്നതിലും പരസ്യമായ വിവേചനം ഉണ്ട്.  'ഉണ്ണിക്ക് നെയ്യ് കൂട്ടി പെണ്ണിന് ഉപ്പുകൂട്ടി' എന്നതായിരുന്നു അക്കാലത്തെ ശൈലി. ത്രൈവർണികർ മന്ത്രത്തോടെയും ശൂദ്രർ മന്ത്രം കൂടാതെയും ക്രിയചെയ്യണമെന്നാണ് പ്രമാണം. സ്ത്രീകൾക്കും ശൂദ്രന്മാരെപ്പോലെ  കാതുകുത്തുന്നതുവരെ മാത്രമെ ക്രിയകൾ ഉള്ളൂ. ഒരു നമ്പൂതിരിപ്പെൺകുട്ടിക്ക് ലഭ്യമാകുന്ന ഏറ്റവും ഉയർന്ന യോഗ്യത എന്നത് രാമായണം, ഭാരതം തുടങ്ങിയ കിളിപ്പാട്ടുകൾ തപ്പിപ്പിടിച്ച് വായിക്കലാണ്. അച്ഛനമ്മമാർ ആശങ്കയോടെ പ്രതീക്ഷിക്കുന്ന വയസ്സറിയിക്കൽ ഘട്ടത്തെക്കുറിച്ചുള്ള ഓർമ്മ

കൾ ലളിതാംബിക അന്തർജനം ഇങ്ങനെ രേഖപ്പെടുത്തുന്നുണ്ട്:

'താൻ പ്രായപൂർത്തിയായി എന്ന് ആദ്യമറിഞ്ഞ ദിവസം മരിച്ച വീടുപോലെയായിരുന്നു ആ ഭവനത്തിലെ അവസ്ഥ. അമ്മ കരഞ്ഞു. ബന്ധുക്കൾ കരഞ്ഞു. വേലക്കാരിപ്പെണ്ണുങ്ങൾ കരഞ്ഞു. ഇതൊക്കെ കണ്ട് അമ്പരപ്പോടെ അവളും കരഞ്ഞു. കാട്ടിലെ കിളിയെ പിടിച്ച് കൂട്ടിലിട്ടതുപോലെയായി അവസ്ഥ എന്ന് ധൈര്യശാലിയായ അച്ഛൻ പോലും നെഞ്ചു തിരുമ്മിപ്പോയി. ബാഹ്യലോകത്തെ സംബന്ധിച്ചിടത്തോളം അവൾ പൂർണ്ണമായി മരിച്ചിരിക്കുന്നു.' [16]

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ പോലും സമൂഹമനസ്സിൽ രൂഢമൂലമായിക്കിടന്ന വിശ്വാസദാർഢ്യങ്ങളുടെ നേർപ്പകർപ്പാണിത്. ഋതുമതിയായ ഒരു പെൺകുട്ടി അവിവാഹിതയായി കഴിയുന്നതിലും വലിയ അഭിമാനക്ഷതം മറ്റൊന്നില്ല. അതിനാൽ വരന് പ്രായം അല്പം കടന്നാലും മൂന്നാമത്തെയോ നാലാമത്തെയോ വേളിയായാലും എത്രയും പെട്ടെന്ന് ഭാരമൊഴിവാക്കി അഭിമാനം കാത്തുരക്ഷിക്കുക എന്നതിലായിരുന്നു തറവാടിന്റെ തത്രപ്പാട്.

## സാപത്നൃത്തിന്റെ സംഘർഷങ്ങൾ

കേരളത്തിനു പുറത്ത് പൊതുവെ ബ്രാഹ്മണർ ഏകപത്നീവ്രതത്തിലധിഷ്ഠിതമായ കുടുംബഘടനയാണ് സ്വീകരിച്ചിരുന്നതെങ്കിലും ഇവിടെ ബഹുഭാര്യത്വമാണ് നടപ്പിൽ വരുത്തിയിരുന്നത്. ഏകഭാര്യത്വത്തിന്റെ നിരാസം നമ്പൂതിരിസമുദായത്തിലും അവരോട് നേരിട്ട് വിധേയത്വം പുലർത്തിയിരുന്ന ക്ഷത്രിയ – അന്തരാള – നായർ സമുദായങ്ങളിലും ഉണ്ടാക്കിയ അസന്തുലിതാവസ്ഥ വളരെ വലുതായിരുന്നു. കുടുംബമെന്ന സ്ഥാപനത്തിന്റെ കെട്ടുറപ്പില്ലായ്മയ്ക്കും സുരക്ഷിതബോധമില്ലായ്മയ്ക്കും വഴിതെളിക്കുക വഴി അത് നീണ്ടകാലത്തോളം സമൂഹ ഘടനയുടെ അസ്തിവാരത്തെപ്പോലും പിടിച്ചുലച്ചിരുന്നു. നമ്പൂരിത്തത്തിന്റെ അപചയത്തിന് ഹേതുവായ പ്രധാന സംഗതികളിലൊന്ന് അവരുടെ വിവാഹസമ്പ്രദായമായിരുന്നു. മൂത്തപുത്രനുമാത്രം കനിഞ്ഞനുഗ്രഹിക്കപ്പെട്ട സൗഭാഗ്യമായിരുന്നു വേളി. പല കാരണങ്ങളാൽ ഒരാൾ തന്നെ ഒന്നിലധികം വേളി കഴിക്കാൻ നിർബന്ധിതനായിരുന്നു. ഇതു വഴി വന്നുചേർന്ന സാമൂഹിക ദുരന്തമായിരുന്നു സാപ്ത്ന്യം.

1891 ലെ തിരുവിതാംകൂർ സെൻസസ് റിപ്പോർട്ടനുസരിച്ച് നമ്പൂതിരിമാരുടെ ആകെ ജനസംഖ്യ 12395 ആയിരുന്നു. ഇതിൽ 6787 പേർ പുരുഷന്മാരും 5608 പേർ അന്തർജനങ്ങളും. ആകെ ഉണ്ടായിരുന്ന ഇല്ലങ്ങൾ 1239. ഈ1239 ഇല്ലങ്ങളിൽ ഉണ്ടാകാവുന്ന മഹൻമൂസ്സമാരുടെ എണ്ണം 1239 എന്നു കണക്കാക്കിയാൽ തന്നെ ഇവരോരോരുത്തരും മുമ്മൂന്ന് വേളി കഴിച്ചാലും 1900 അന്തർജനങ്ങൾ ആയുഷ്ക്കാല കന്യകകളായി തുടരും.

ജനിച്ച ഇല്ലത്തെ തടവിൽ നിന്നുള്ള മോചനമായാണ് കന്യകമാർ വിവാഹത്തെ സ്വപ്നം കാണുക. എന്നാൽ നമ്പൂതിരിമാരെ സംബന്ധിച്ചിടത്തോളം വേളി എന്നത് ജീവിത സ്വപ്നമെന്ന തിനപ്പുറം ആചാരങ്ങൾക്ക് കീഴ്പ്പെടലോ ധനാഗമ മാർഗ്ഗമോ ഒക്കെയായാണ് വന്നു ഭവിക്കുക. വയസ്സോ ആരോഗ്യമോ പോലും പരിഗണിക്കപ്പെടാതെ ഷഷ്ടിപൂർത്തി കഴിഞ്ഞവർ പോലും വസ്ത്രം മാറുന്ന ലാഘവത്തോടെ വിവാഹച്ചടങ്ങ് പൂർത്തിയാക്കും. തറവാട്ടിലേക്കുള്ള നമസ്കാരക്കല്ലിനോ മൂത്രക്കുഴി ഓടിടാനോ പണ്ടൊക്കെ മരിച്ചു പോയവരുടെ പിണ്ഡകർമ്മത്തിന്റെ ചെലവിലേക്കോ ഒക്കെയായിരിക്കും ആ വിവാഹങ്ങൾ പലതും. വിവാഹശേഷം പൂർവ്വാധികം നരകതുല്യമായ ജീവിതാവസ്ഥകളായിരിക്കും അന്തർജനങ്ങൾ അഭിമുഖീകരിക്കേണ്ടിവരിക. ഏതെങ്കിലും മഹൻമൂസ്സിന്റെ രണ്ടാമത്തെയോ മൂന്നാമത്തെയോ വേളിയായിട്ടായിരിക്കും തറവാട്ടിലേക്കുള്ള പ്രവേശനം ലഭിക്കുക. സാപ്ത്ന്യം ഇല്ലങ്ങൾക്കകത്തു സൃഷ്ടിക്കുന്ന മത്സരത്തിന്റെ ജുഗുപ്സാവഹമായ ചിത്രം 'കുറിയേടത്ത് താത്രി' എന്ന നോവലിൽ ഇങ്ങനെ വായിക്കാം:

'നമ്പൂതിരി ഇല്ലത്തു വരുന്ന അന്നു രാത്രി അടിയാണ്. തിക്കിത്തിരക്കിൽ നിന്ന് അവളെ കൈപിടിച്ചാൽ മറ്റുള്ളവരൊക്കെ ബഹളം വെക്കും അവർക്കുള്ളത് അവൾ തട്ടിപ്പറിക്കും എന്നാണു ഭാഷ. നമ്പൂതിരി ഓരോന്നിന്റെ തല ചുമരിലിടിക്കും. വടിയെടുത്തു പെടയ്ക്കും. കിടപ്പുമുറിയിലേക്ക് നറുക്കുവീണാൽ വല്ലാത്ത കാളലാണ്. മുറിയുടെ വാതിലടയുന്നത് കൂട്ടക്കരച്ചിലോടെയാണ്. അതൊന്നും പുറത്തുകേൾക്കുന്നതിൽ ഒരു നാണവുമില്ല.' [17]

സപത്നിമാർക്ക് പലപ്പോഴും സൗകര്യമുണ്ടായിരുന്നിട്ടുകൂടി ആത്തേമ്മാരുടെയും നമ്പൂതിരിയുടെ ധാർഷ്ട്യം കാരണം ഒരു മുറിശ്ശീല പോലും മാറാനില്ലാതെ ഈറനുടുത്തു കഴിയേണ്ടിവരും. 'മൂശേട്ട' എന്നായിരിക്കും മൂത്തപത്നി ഇളയവളെ അഭിസംബോധന ചെയ്യുക. ഔപാസനത്തിനിടയിൽ വൈകിയെത്തിയതിന്റെ പേരിലുള്ള കേട്ടാലറയ്ക്കുന്ന അസഭ്യവർഷങ്ങൾ, പരപുരുഷന്മാരുമായി സംസാരിക്കുന്നുവെന്ന പേരുപറഞ്ഞുള്ള താഡനങ്ങൾ - ഇങ്ങനെ നരകതുല്യമായ അന്തരീക്ഷത്തിൽ ചിലപ്പോൾ ഒന്നു പ്രസവിച്ചെന്നും വരാം. അധികം വൈകാതെ വിധവയുമാകും. എൺപതും തൊണ്ണൂറും കഴിഞ്ഞ നമ്പൂതിരി മരിച്ചതിന്റെ കുറ്റം അഞ്ചാമത്തെയോ ആറാമത്തെയോ വേളിയായി വന്നുകയറിയ ബാലവിധവയുടെ തലയിൽ ചുമത്തപ്പെടും. മറ്റുള്ളവരെക്കൂടി വിധവകളാക്കിയ അസത്തായി കല്പിച്ച് പ്രാകും. പിന്നീടങ്ങോട്ട് ജീവിതത്തോടു പോലും വിരക്തിപൂണ്ട് കാലം തള്ളിനീക്കും.

സാമ്പത്തിക ഞെരുക്കം, ആചാരങ്ങളുടെ സമ്മർദ്ദം, വേളിപ്രായംകഴിഞ്ഞ പെൺകുട്ടികളുടെ ആധിക്യം തുടങ്ങി മഹൻമൂസ്സുമാരുടെ അവസ്ഥയും അത്ര ശുഭകരമായിരുന്നില്ല. വേളിക

ളോടൊപ്പം തറവാട്ടിൽ ഭാര്യമാരോടൊപ്പം സന്താനങ്ങളും നിറയും. ഇവർക്കിടയിലെ സപത്നി മൽസരം ലഹളകൾക്കു വഴിവെക്കുമ്പോൾ അല്പം മനഃശാന്തിക്കായി നമ്പൂതിരിമാർ പതുക്കെ ശൂദ്രഗൃഹങ്ങൾ തേടിയിറങ്ങുകയും ചെയ്യും.

പുരുഷതലത്തിൽ നിന്നു വീക്ഷിച്ചാൽ നാലുകെട്ടുകൾക്കകത്തെ വിവിധങ്ങളായ വിവാഹങ്ങളുടെ സ്വരൂപം പൊതുവെ ഇപ്രകാരമായിരുന്നു: ആചാരവിധിയനുസരിച്ച് വേളി കഴിച്ച ഭാര്യ ജീവിച്ചിരിക്കെ ഒരു നമ്പൂതിരി ചെയ്യുന്ന തുടർ വേളികളും സംബന്ധങ്ങളും, ഭാര്യ ജീവിച്ചിരിപ്പുണ്ടെങ്കിലും ഇല്ലെങ്കിലും വാർദ്ധക്യവേളയിൽ ഇളം പെൺകിടാങ്ങളെ വേൾക്കൽ, വിധിപ്രകാരം നൈഷ്ഠിക ബ്രഹ്മചര്യം അനുഷ്ഠിക്കേണ്ട അപ്ഫന്മാർ നടത്തുന്ന വിജാതീയ സംബന്ധങ്ങൾ. ഇനി സ്ത്രീകളുടെ തലത്തിൽ നിന്നും വീക്ഷിച്ചാൽ, വേളികഴിഞ്ഞ് സാപത്ന്യ മൽസരങ്ങളിൽ മുതിർന്ന സ്ഥാനം വഹിക്കേണ്ട മൂത്ത ആത്തേമ്മാർ, വേളിയും വിധവാത്വവും സമയവിളംബം വിനാ സംഭവിക്കുന്നവർ, വേളിയേ തരമാവാത്ത ആയുഷ്ക്കാല കന്യകമാർ. ഈ രീതിയിൽ നോക്കിയാൽ നമ്പൂതിരി സമുദായത്തിൽ ജീവിതത്തിന്റെ ഏതെങ്കിലും തലത്തിൽ സന്തോഷവും സ്വസ്ഥതയും അനുഭവിക്കുന്ന ഏതെങ്കിലും പ്രായക്കാരെ സ്ത്രീ -പുരുഷ ഭേദമെന്യേ കണ്ടു കിട്ടാൻ തന്നെ പ്രയാസമായിരുന്നു.

## നമ്പൂതിരിമാരെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകൾ

ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇരുപതുലക്ഷത്തോളമായിരുന്നു കേരളീയരുടെ മൊത്തം ജനസംഖ്യ. അതിൽ കഷ്ടിച്ച് ഇരുപത്തഞ്ചായിരമായിരുന്നു നമ്പൂതിരിമാരുടെ എണ്ണം. മൊത്തം ജനസംഖ്യയുടെ ഒരു ശതമാനം മാത്രം വരുന്ന ഈ സവർണ്ണ ന്യൂനപക്ഷത്തിന്റെ കൈപ്പിടിയിലായിരുന്നു കേരളീയ സാമൂഹിക ജീവിതത്തിന്റെ കടിഞ്ഞാൺ. ഒരു സഹസ്രാബ്ദത്തോളം കാലം പരമ്പരാഗതമായി തുടർന്നു പോന്ന അധികാരത്തിന്റെ തുടർച്ചയായിരുന്നു അത്.

ശാരീരികാദ്ധ്വാനം വഴിയുള്ള ഉപജീവനം കേരളീയ ബ്രാഹ്മണർക്കുണ്ടായിരുന്നില്ല. ഒരിക്കലും മറ്റൊരാളെ സേവിക്കാൻ പാടില്ല എന്ന മനുവചനം അക്ഷരം പ്രതി അനുസരിച്ചു പോന്നതിനാൽ കൃഷിക്കാരൻ മുതൽ രാജാവുവരെ അവരുടെ നിത്യസേവകരായി. വിദ്യയും ആത്മീയ നേതൃത്വവും കൈവശം വെക്കുക വഴി സമൂഹത്തിലെ ഏതു വിഭാഗത്തിനും അവർ പരമപൂജ്യരായിരുന്നു. എന്നാൽ കാലാന്തരത്തിൽ നടപ്പുരീതികളെല്ലാം കീഴ്മേൽ മറിഞ്ഞു. നൂറ്റാണ്ടുകളോളം അധികാരവും സമ്പത്തും ആത്മീയ പദവികളും കൈപ്പിടിയിലൊതുക്കിയ ബ്രാഹ്മണ്യത്തിൽ പിൽക്കാലത്തു പടർന്നു പിടിച്ച ജീർണതകൾ അത്യന്തം ഗുരുതരങ്ങളായിരുന്നു. തങ്ങൾ

നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സാമൂഹ്യക്രമത്തെക്കുറിച്ചോ അതിന്റെ പോരായ്മകളെക്കുറിച്ചോ യാതൊരു ആശങ്കയും അവർക്കുണ്ടായിരുന്നില്ലെന്നു മാത്ര മല്ല അതിൽ അവർ ഊറ്റം കൊള്ളുകയും ചെയ്തിരുന്നു. വിദേശ സഞ്ചാരിയായിരുന്ന ഫ്രാൻസിസ് ബുക്കാനൻ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്:

'ലോകത്തിലെ ഏതൊരു രാജാവും ജനനത്താൽ നമ്പൂതിരിമാരിലെ ഏറ്റവും താഴ്ന്ന വിഭാഗത്തെക്കാൾ താഴെയാണെന്നാണ് നമ്പൂതിരിമാരുടെ വാദം. ഇത് വെറും അവകാശവാദമോ ഭാവപ്രകടനമോ അല്ല. ദൈവങ്ങളെ സ്വാധീനിക്കുവാനും ആവാഹിച്ചിരുത്തുവാനും ശക്തിയുള്ള മന്ത്രങ്ങളും ഹോമങ്ങളും ഇവർക്കു വശമാണെന്നതാണ് ഈ വാദത്തിനു കാരണം.' [18]

യഥാർത്ഥത്തിൽ, കാലാനുസൃതമല്ലാത്ത ആചാരങ്ങളും സുഖലോലുപതയെ താലോലി ക്കാൻ ഉതകുന്ന രീതിയിൽ വളച്ചൊടിച്ച ശ്രുതിനിയമങ്ങളും പുതുതായി ചമച്ച ധർമ്മചര്യാക്രമ ങ്ങളും നമ്പൂതിരി സമുദായത്തിന്റെ അവസ്ഥ കൂടുതൽക്കൂടുതൽ പരിതാപപൂർണ്ണമാക്കി. ആഹാ രം, വസ്ത്രം, വിവാഹം, വിദ്യാഭ്യാസം, നീതി-നിയമങ്ങൾ തുടങ്ങി സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ട സകലവിഷയങ്ങളിലും രൂപപ്പെടുത്തിയ അത്യാചാരങ്ങളും അനാചാരങ്ങളും ബ്രാഹ്മ ണ്യത്തെ പരിഷ്കൃത സമൂഹത്തിൽ നിന്നും വേറിട്ടു നിർത്തി. ബ്രിട്ടീഷ് സാന്നിധ്യത്തോടെയാ ണ് ബ്രാഹ്മണ്യത്തിന്റെ ആചാരക്കോട്ടകളിൽ വിള്ളൽ വീഴാൻ തുടങ്ങിയത്. എന്നാൽ യൂറോപ്യ ന്മാരെ താണജാതിക്കാരായാണ് ഇവിടുത്തെ നമ്പൂതിരിമാരും ഹിന്ദുരാജാക്കന്മാരും പരിഗണിച്ചി രുന്നത്. അവർ മ്ലേച്ഛരോ ഹൂണരോ ആയി കണക്കാക്കപ്പെട്ടിരുന്നതിനാൽ ബ്രാഹ്മണരോ ക്ഷത്രി യരോ തീണ്ടൽ ഭയന്ന് അവരുടെ സാമീപ്യം ഒഴിവാക്കിയിരുന്നു. എന്നാൽ വെള്ളക്കാരാവട്ടെ പുറമേക്ക് പ്രകടിപ്പിച്ചില്ലെങ്കിലും പുച്ഛത്തോടെയാണ് നമ്പൂതിരിമാരെ കണ്ടിരുന്നത്. നമ്പൂതിരി മാരെക്കുറിച്ചുള്ള യൂറോപ്യന്മാരുടെ വീക്ഷണം എന്തായിരുന്നുവെന്ന് മലബാർ മാന്വലിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

'മലയാള ജാതികൾക്കിടയിൽ ഏറ്റവും യാഥാസ്ഥിതികവും ഏറ്റവും അടച്ചുപൂട്ടിയതും യൂറോപ്യൻ വീക്ഷണത്തിൽ ഏറ്റവും ഉദ്ബുദ്ധത കുറഞ്ഞതുമായ ജാതി, നമ്പൂതിരിമാർ എന്നറി യപ്പെടുന്ന മലയാളി ബ്രാഹ്മണരുടേതാണ്.' [19]

സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ രംഗങ്ങളിൽ ആധികാരികമായ ആധിപത്യമുണ്ടായി രുന്നിട്ടുകൂടി ആധുനിക വിദ്യാഭ്യാസത്തോടും പുറംലോകത്തു സംഭവിക്കുന്ന കാലികമായ മാറ്റങ്ങൾക്കും നേരെയും പുറം തിരിഞ്ഞു നിൽക്കുക വഴി അവർക്കു വന്നുചേർന്ന പതനവും ഏറ്റുവാങ്ങേണ്ടിവന്ന വിമർശനവും വലുതായിരുന്നു. ചുറ്റുപാടുകൾ മുഴുവനും നവീനതയ്ക്കായ്

വെമ്പുമ്പോൾ മാറ്റങ്ങളെ അടുപ്പിക്കാതെ, യാഥാസ്ഥിതികത്വത്തിന്റെ പരിമിതവൃത്തത്തിൽ ആചാരങ്ങളിലൊതുങ്ങി കഴിഞ്ഞുകൂടിയതിനെ ശ്രീ.കെ.കേളപ്പൻ ഇങ്ങനെ വിലയിരുത്തുന്നുണ്ട്:

'... നമ്പൂതിരി സമുദായത്തിന്റെ ധനസ്ഥിതിയും സമുദായത്തിൽ അവർക്കുണ്ടായിരുന്ന അഗ്രിമസ്ഥാനവും നോക്കുമ്പോൾ എത്രയും വിരളമായിരുന്നു സമുദായത്തിന്റെ നേട്ടമെന്നു സമ്മതിച്ചേ തീരൂ. സമുദായത്തിന്റെ അത്യുച്ചകോടിയിലിരുന്ന നമ്പൂതിരി സമുദായത്തെക്കൊണ്ട് നാട്ടിന് എന്തു നേട്ടമുണ്ടായി എന്നു ചോദിക്കുകയാണെങ്കിൽ, മറ്റു സമുദായങ്ങളെ വളരാൻ അനുവദിക്കാതെ അടിച്ചമർത്തി വെക്കാനാണ് രാജ്യത്തിനു നേതൃത്വം കൊടുക്കേണ്ട ആ സമുദായം ഉപയോഗപ്പെട്ടതെന്നു പറയാതെ തരമില്ല.' [20]

അടിച്ചമർത്തലിന്റെ ഈ സാമൂഹ്യശാസ്ത്രം കാലാനുസൃതമായി വളരെ ബുദ്ധിപൂർവ്വമായിട്ടാണ് കേരളീയ സംസ്കൃതിയിൽ രൂപപ്പെടുത്തിയെടുത്തത്. ഇന്ത്യയിലെ ഇതര ബ്രാഹ്മണ വിഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായ ജീവിതക്രമങ്ങൾ നമ്പൂതിരിമാർ പ്രയോഗത്തിൽ വരുത്തി. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരും വിശിഷ്ടരും ആണ് തങ്ങളെന്ന നില അവർ രൂപപ്പെടുത്തി. അതിന്റെ ഭാഗമായ ആചാരക്രമങ്ങളായിരുന്നു 64 അനാചാരങ്ങൾ. മൂത്തപുത്രനുമാത്രമുള്ള വേളി, നായർ സംബന്ധം തുടങ്ങി സ്മൃതി – ശ്രുതി വിരുദ്ധമായ അനുശാസനങ്ങളൊക്കെച്ചേർന്ന് കേരള ബ്രാഹ്മണർ ഇതര ബ്രാഹ്മണരിൽ നിന്നും കൃത്യമായ അകലം പാലിച്ചു. സ്മാർത്ത വിചാരാനന്തരമുള്ള വിളിച്ചുപറയലിന് പരദേശി ബ്രാഹ്മണനായ കുട്ടിപ്പട്ടരെ ഉപയോഗപ്പെടുത്തുന്ന ചിറ്റമ്മനയം ഒരു ഉദാഹരണം മാത്രം.ക്ഷത്രിയരടക്കമുള്ള മറ്റു ജാതിക്കാരെയെല്ലാം നമ്പൂതിരി, സ്പർശമാത്രയിൽ ശുദ്ധം മാറുന്ന അയിത്തക്കാരായി മാത്രം പരിഗണിച്ചു. ഓരോജാതിക്കും വിധിച്ചിട്ടുള്ള ആചാരങ്ങൾക്കനുസരിച്ച് പ്രയോജനമില്ലെങ്കിൽക്കൂടി ഓരോ ജാതിയും പെരുമാറി ജീവിക്കണമെന്നാണ് വിധി. ആചാരങ്ങൾ തെറ്റാതെ പാലിച്ചാലുള്ള ഫലശ്രുതിയെപ്പറ്റി മനുസ്മൃതിയിൽ കൃത്യമായി വിവരിച്ചിട്ടുമുണ്ട്. ഇവയൊക്കെതന്നെ തങ്ങളുടെ ലക്ഷ്യത്തിനും ഇച്ഛയ്ക്കും പരിപൂർണ്ണ വിധേയമായിട്ടാവാനും നമ്പൂതിരിമാർ ശ്രദ്ധിച്ചിരുന്നു. ചെറുകാട് തന്റെ ആത്മകഥയിൽ ഇങ്ങനെ എഴുതുന്നു:

'നമ്പൂതിരിമാർ അമ്പലവാസി വർഗ്ഗത്തെ സൃഷ്ടിച്ചത് രണ്ടാവശ്യത്തിനാണ്. കേരളത്തിലെ ഹിന്ദുസംസ്ക്കാര കേന്ദ്രങ്ങളായ അമ്പലങ്ങളിൽ ശുചിത്വമുള്ള വേലക്കാരെ നിയമിക്കൽ ഒരാവശ്യം. കുടുംബത്തിന്റെ ഭദ്രതയ്ക്കു വേണ്ടി മൂത്തപുത്രനെ മാത്രം ഇല്ലത്തെ മൂസ്സാക്കി വിത്തുകാളയെപ്പോലെ വളർത്തി സ്വവർഗ്ഗത്തിൽ നിന്ന് ഒന്നും ഒന്നിലധികവും വേളി കഴിക്കുമ്പോൾ അനുജന്മാരുടെ മൂന്നാം പുരുഷാർത്ഥ സിദ്ധിക്ക് , കാമകേളിക്ക്, സ്ത്രീകളെ തളച്ചു നിർത്തുന്ന ഒരു

കേന്ദ്രമുണ്ടാക്കൽ രണ്ടാമത്തെ ഉദ്ദേശ്യം. ഇണചേരുമ്പോൾ ഇറച്ചിയുടെയും മീനിന്റെയും മണമില്ലാത്ത സ്ത്രീകളെ ബ്രാഹ്മണർക്ക് ഈ വർഗ്ഗത്തിൽ നിന്ന് തെരഞ്ഞെടുക്കാമല്ലോ.' [21]

## കാലാന്തരത്തിലെ ജീർണ്ണതകൾ

കുളിക്കാൻ വിശാലമായ കുളം, ഉണ്ണാൻ ഊട്ടുപുര, രാത്രിബാന്ധവത്തിനുള്ള കേന്ദ്രങ്ങൾ തുടങ്ങി ഭൗതിക സാഹചര്യങ്ങൾ നമ്പൂതിരിക്ക് പരമ്പരാഗതമായി സിദ്ധമാണ്. ചതുരംഗം, സമസ്യാപൂരണം, അക്ഷരശ്ലോക മത്സരം, കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ വിനോദോപാധികൾക്കും മുട്ടില്ല. ഓത്തൂട്ട്, വാരം, മുറജപം എന്നിവ ആചാരവഴിയേ വന്നുചേരും.

കാലങ്ങളിലൂടെ, തലമുറകളിലൂടെ ആചാരക്രമങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നുവെങ്കിലും കാലാന്തരത്തിൽ അവ എന്തിനാണാചരിക്കുന്നതെന്നോ എന്താണർത്ഥമാക്കുന്നതെന്നോ ആചാര്യൻ മറന്നു. ഈശ്വരാഭിമുഖമായി രൂപപ്പെടുത്തിയ വൈദികകൃത്യങ്ങൾ വെറും യാന്ത്രികക്രിയകളായി രൂപം മാറി. ആറുവർഷം കൂടുമ്പോൾ പത്മനാഭസ്വാമി ക്ഷേത്രത്തിൽ അരങ്ങേറാറുള്ള മുറജപവേദിയിൽ പുതുതലമുറക്കാരായ നമ്പൂതിരിയുവാക്കളുടെ പെരുമാറ്റ ദൂഷ്യങ്ങൾക്ക് ദൃക്സാക്ഷിയായ വി.ടി. ഭട്ടതിരിപ്പാട് അവ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

'വേണ്ടപ്പെട്ട എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുത്തിട്ടും ഇവരിൽ തൊണ്ണൂറ്റഞ്ചു ശതമാനം പേരും വൈദികവൃത്തിയിൽ താല്പര്യമില്ലാത്തവരാണ്. എല്ലാം ഒരു കാട്ടിക്കൂട്ടലായി തോന്നും അവരുടെ ദിനചര്യകണ്ടാൽ. മഹാരാജാവ് ക്ഷേത്രദർശനത്തിനെഴുന്നള്ളുമ്പോൾ മാത്രം നിരന്നിരുന്ന് വേദമന്ത്രം ഉരുക്കഴിക്കും. ഉച്ചതിരിഞ്ഞ ശേഷം തമ്പുരാട്ടിമാർ ക്ഷേത്രം ദർശനം നടത്തുമ്പോൾ അവരെ അടിമുടി നോക്കിക്കാണാൻ വേണ്ടി യഥാസ്ഥാനത്തിരുന്ന് സഹസ്രനാമം ജപിക്കും. തങ്ങൾ എന്തുപറഞ്ഞാലും ചോദ്യം ചെയ്യാനാളില്ലെന്ന അഹംഭാവത്താൽ മുറജപച്ചുമതല വഹിക്കുന്നവരെ പരിഹസിക്കാൻ മടിക്കില്ല. മുഖത്തുനോക്കി തുറന്നടിച്ചു ഹാസ്യം പറയും. അഹോരാത്രം പണം വെച്ചു ശീട്ടു കളിക്കും. അത്താഴ സമയത്തു ലഭിക്കുന്ന അവൽപ്പൊതി വിറ്റുകാശുണ്ടാക്കും. വേശ്യാലയങ്ങളെ മണത്തു നടക്കും. കട്ടിലുകൾ കൂട്ടിയിട്ട് ഉടുവസ്ത്രം കൊണ്ട് മറച്ച ശയ്യാലത്തിൽ ചെറുപ്പക്കാർ സ്വവർഗ്ഗ സംഭോഗം നടത്തും. ഇങ്ങനെ അറപ്പുതോന്നുക്കുന്ന കുചേഷ്ടിതങ്ങളിൽ കുടുങ്ങിയ ജീവിതത്തിന്റെ ഇരുണ്ട വശത്തെ പറ്റി ആരും ചിന്തിച്ചിരുന്നില്ല.' [22]

ശാസ്ത്രത്തിന്റെയും വ്യവസായത്തിന്റെയും പുതിയ ലോകക്രമം ചുറ്റിലും രൂപപ്പെട്ടു വരുമ്പോഴും നമ്പൂതിരി തിടപ്പള്ളിയിലും തേവാരക്കെട്ടിലുമായി ചുറ്റിത്തിരിഞ്ഞ് കാലം തള്ളി നീക്കു

കയായിരുന്നു. പുറത്തെ ചലനങ്ങളെ കണ്ടില്ലെന്നു നടിക്കുകയും അതു സാധിക്കില്ലന്നായപ്പോൾ പരമാവധി പ്രതിരോധിക്കാനും ശ്രമമായി. പാരമ്പര്യസിദ്ധമായ മാനസികാവസ്ഥയിൽ നിന്ന് എളുപ്പം പുറത്തു കടക്കാനോ മാറ്റങ്ങളോട് പൊരുത്തപ്പെടാനോ നമ്പൂതിരിക്ക് കഴിഞ്ഞിരുന്നില്ല. നൂറ്റാണ്ടുകളോളം തങ്ങളുടെ നുകത്തിനടിയിൽ അമർത്തിപ്പിടിച്ച വിഭാഗങ്ങൾ പലതും നവീന തയെ ആശ്ലേഷിച്ചു തുടങ്ങിയപ്പോൾ ബ്രാഹ്മണ്യം തങ്ങളുടെ കാൽക്കീഴിലെ മണ്ണൊലിച്ചു പോകുന്നതു ശ്രദ്ധിക്കാതെ ആചാരങ്ങളിൽ അഭിരമിച്ചു. ആജ്ഞകളും അവഹേളനങ്ങളും ഏറ്റുവാങ്ങാൻ അവസാനത്തെ അനുചരർ ബാക്കി നിൽക്കുന്നതിന്റെയും അവിഹിത വേഴ്ച്ചകൾക്കായി അറവാതിൽ തുറന്നു കിട്ടുന്നതിന്റെയും സൗകര്യങ്ങൾ ഉപേക്ഷിക്കുന്നതിനോട് എളുപ്പത്തിൽ പൊരുത്തപ്പെടാൻ നമ്പൂതിരിമനസ്സ് നന്നെ ബുദ്ധിമുട്ടി.

## നവോത്ഥാനം നമ്പൂതിരി സമുദായത്തിലേക്ക്

പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടിലെ കേരളീയ സാമൂഹ്യാന്തരീക്ഷം സ്വാതന്ത്ര്യത്തിലോ സമത്വത്തിലോ മാനവികതയിലോ അധിഷ്ഠിതമായ ഒന്നായിരുന്നില്ല. പാശ്ചാത്യവിദ്യാഭ്യാസവും സാമൂഹിക പരിഷ്കരണ ശ്രമങ്ങളും പതുക്കെ സാമൂഹിക പരിവർത്തനത്തെ ത്വരിതപ്പെടുത്തി. ഇതര സമുദായങ്ങളെ അപേക്ഷിച്ച് വൈകിയാണ് നമ്പൂതിരി സമുദായം പരിഷ്കാരത്തിന്റെ പാതയിലേക്ക് കാലെടുത്ത് വെക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിലാകമാനം പ്രത്യക്ഷമായ പുതിയ ഉണർവ്വിന്റെ അലയൊലികൾ നമ്പൂതിരി സമുദായത്തിലും ദൃശ്യമാകാൻ തുടങ്ങിയിരുന്നു. യുക്തിരഹിതമായ വിശ്വാസങ്ങൾക്കും മനുഷ്യത്വം തീണ്ടാത്ത ആചാരങ്ങൾക്കും അറുതി വരുത്താൻ ബഹുതല സ്പർശിയായ പരിശ്രമങ്ങളുണ്ടായി. പുതിയ അറിവുകൾക്കൊപ്പം മാനവികതയും പുരോഗമന വീക്ഷണങ്ങളും സംഘടിത ശേഷി ആർജ്ജിക്കുന്നതോടെ യാഥാസ്ഥിതിക ചിന്തകൾ മെല്ലെ പത്തി മടക്കിത്തുടങ്ങി.

നമ്പൂതിരിസമുദായത്തിലെ ആദ്യകാലത്തെ നവോത്ഥാന പരിശ്രമങ്ങൾക്ക് നേതൃത്വം നൽകിയ പ്രസ്ഥാനങ്ങളായിരുന്നു യോഗക്ഷേമസഭ (1908)യും നമ്പൂതിരി യുവജന സംഘം(1920)വും. നമ്പൂതിരിമാരിൽ മതാചാരകാര്യങ്ങളിലും സാമൂഹ്യ സാമ്പത്തിക കാര്യങ്ങളിലും യുക്തിയുക്തമായ പരിഷ്കാരം നടപ്പിലാക്കി സദാചാരബോധവും സമുദായ സ്നേഹവും ദേശാഭിമാനവും വർദ്ധിപ്പിക്കലായിരുന്നു ഈ സംഘടനകളുടെ ലക്ഷ്യം. സ്മൃതി വിധികളിൽ കുരുങ്ങിക്കിടന്ന നമ്പൂതിരി ജീവിതം പതുക്കെയെങ്കിലും പരിഷ്ക്കരണ പ്രസ്ഥാനങ്ങൾക്കും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും നേരെ മുഖം കൊടുത്തു. നമ്പൂതിരി യുവജന സംഘത്തിന്റെയും യോഗക്ഷേമസഭയുടെയും മുഖപ്രസിദ്ധീകരണങ്ങളായ 'ഉണ്ണിനമ്പൂതിരിയും' 'യോഗക്ഷേമസഭ'യും

സാമൂഹിക മാറ്റങ്ങൾക്കുള്ള ചാലക ശക്തിയായി. മൂസ്സുമാരുടെ സ്വജാതിവിവാഹം, അപ്ഫന്മാരുടെ വിജാതീയസംബന്ധം, ബഹുഭാര്യത്വം, വൃദ്ധഭർതൃത്വം, ഋതുമതിമാർക്ക് വിദ്യാനിഷേധം, വിധവാവിവാഹ നിരോധനം, സ്ത്രീധനം തുടങ്ങി വിവിധ വിഷയങ്ങളെ മുൻനിർത്തി ശക്തമായ വാദപ്രതിവാദങ്ങൾക്ക് ഈ പ്രസിദ്ധീകരണങ്ങൾ വേദിയൊരുക്കി. സ്മാർത്തവിചാരങ്ങൾക്കെതിരായി പുരോഗമനവാദികളിൽ നിന്ന് ശക്തമായ പ്രതികരണങ്ങളുയർന്നു.

സംഘടനകൾക്കും പ്രസിദ്ധീകരണങ്ങൾക്കുമൊപ്പം കലാസാഹിത്യസൃഷ്ടികളും പുതിയ ഉണർവ്വിന് ഊർജ്ജം പകർന്നു. നമ്പൂതിരിയുവജനസംഘത്തിന്റെ 11 – ാം വാർഷികത്തിൽ (1929 ഡിസംബറിൽ) എടക്കുന്നിയിൽ വെച്ച് അരങ്ങേറിയ വി.ടി.യുടെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം വലിയ മാറ്റത്തിന് നാന്ദിയൊരുക്കി. പിന്നീട് അരങ്ങത്തെത്തിയ എം. ആർ.ബി.യുടെ മറക്കുടയ്ക്കുള്ളിലെ മഹാനരകം (1930) നമ്പൂതിരി സമുദായത്തിലെ തടവുകാരികളുടെ കണ്ണീരിന്റെ കഥ സമൂഹത്തോട് വിളിച്ചു പറഞ്ഞു. ഋതുമതികളായ നമ്പൂതിരി പെൺകിടാങ്ങൾ അനുഭവിക്കുന്ന അസ്വതന്ത്രതയുടെ ദുരിതം ജനസമക്ഷത്തുകൊണ്ടു വന്ന നാടകമാണ് പ്രേംജിയുടെ 'ഋതുമതി' (1938) . മുത്തിരിങ്ങോടിന്റെ 'അപ്ഫന്റെ മകൾ' (1932) സജാതീയ വിവാഹത്തിനും ബഹുഭാര്യത്വത്തിനും എതിരെ ചിന്തയുണർത്തി.

എഴുത്തിലും പ്രസംഗത്തിലും മാത്രം ഒതുങ്ങി നിൽക്കാതെ ശക്തമായ സാമൂഹ്യപരിഷ്ക്കരണ പ്രവർത്തനങ്ങളിലൂടെ നമ്പൂതിരി യുവാക്കൾ സമൂഹമദ്ധ്യത്തിലിറങ്ങുകയുണ്ടായി. പെൺകുട്ടികളുടെ സമ്മതമില്ലാതെ നടത്തുന്ന വൃദ്ധ- കന്യാവിവാഹത്തെ പ്രതിരോധിക്കാനും അപ്ഫന്മാർക്ക് സ്വജാതിവിവാഹം നിരോധിക്കുന്ന നിയമത്തെ എതിർക്കാനും വിവാഹ പിക്കറ്റിംഗ്, നിയമലംഘനം പോലെയുള്ള കർമ്മപദ്ധതികൾ നടപ്പിൽ വരുത്തി. പിക്കറ്റിങ്ങ് കൊണ്ട് വിവാഹങ്ങൾ തടയാൻ സാധിച്ചില്ലെങ്കിലും അതിന്റെ സംഘാടകർക്ക് വലിയ തോതിലുള്ള ഉൾഭയം ജനിപ്പിക്കുന്നതിന് സാധിച്ചിരുന്നു.

നമ്പൂതിരി യുവാക്കൾ വ്യാപകമായി കുടുമ മുറിക്കാനാരംഭിച്ചു. ചിലരെങ്കിലും പൂണൂൽ പൊട്ടിച്ചെറിഞ്ഞു. ക്രമേണ സ്ത്രീകൾ സ്വർണ്ണാഭരണങ്ങൾ ധരിക്കാനും പഴയ ചിറ്റ് ഒഴിവാക്കി ചെറിയ കമ്മലിടാനും തുടങ്ങി. അകത്തളങ്ങളിൽ അർദ്ധനഗ്നകളായി നടന്ന അന്തർജനങ്ങൾ മുണ്ടു ധരിക്കാനും ബ്ലൗസിടാനും ധൈര്യം കാട്ടി. 1929 ലെ യോഗക്ഷേമസഭ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത മിസ്സിസ് മനഴി എന്ന അന്തർജനം ഘോഷ ബഹിഷ്ക്കരിച്ചാണ് അതിൽ പങ്കെടുത്തത്. പാർവ്വതി നെന്മിനിമംഗലം, ഉമ നെന്മിനിമംഗലം, ആര്യാപള്ളം, പാർവ്വതി നിലയ

ങ്ങോട് തുടങ്ങിയ പുരോഗമനേച്ഛുക്കളായ അന്തർജനങ്ങൾ ഇതേ വഴിയിൽ സഞ്ചരിച്ചു. അധികം വൈകാതെ മറക്കുട തല്ലിപ്പൊട്ടിക്കുക എന്ന മുദ്രാവാക്യം ഉയർന്നു.

ഭാര്യ മരിച്ചാൽ ജഡത്തിന്റെ ചൂടാറുംമുമ്പ് ഭർത്താവിന് പുനർവിവാഹം അനുവദനീയമായിരുന്നു. എന്നാൽ ഭർത്താവ് മരിച്ച സ്ത്രീക്ക് പുനർവിവാഹം നിഷേധിക്കപ്പെട്ടിരുന്നു. വൈധവ്യം നേരിട്ട അസംഖ്യം ബാലവിധവകൾക്ക് 60 ഉം 70ഉം വർഷത്തിലധികം തങ്ങളുടെ നരകതുല്യമായ ശപ്തജീവിതം തള്ളിനീക്കേണ്ടി വന്നിട്ടുണ്ട്. വി.ടിയുടെ ഭാര്യാ സഹോദരിയായ ഉമ എന്ന വിധവയെ എം.ആർ. ബി. 1935 ൽ വിവാഹം ചെയ്തതോടെ ആദ്യത്തെ വിധവാവിവാഹത്തിന് നമ്പൂതിരി സമുദായം സാക്ഷ്യം വഹിച്ചു. കേരളക്കരയിൽ ആധിപത്യം ഉറപ്പിച്ച ശേഷം നമ്പൂതിരി മനുഷ്യോചിതമായി ചെയ്ത ആദ്യ സത്കർമ്മമായാണ് വി.ടി. അതിനെ വിശേഷിപ്പിച്ചത്. കേരളീയ ബ്രാഹ്മണ സമൂഹത്തിന്റെ ആചാര വഴികളിൽ കാതലായ പരിവർത്തനങ്ങൾ വരുത്തുന്നതിന് നിരവധിപേരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളുണ്ടായിട്ടുണ്ട്. വി.ടി, ഇ.എം.എസ്, എം.ആർ.ബി, പ്രേംജി എന്നിവർ അതിൽ ചിലർ മാത്രം.

## അഗ്നിസാക്ഷി - അന്തഃപുരത്തിലെ വിപ്ലവം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലെ നമ്പൂതിരി സമുദായത്തിന്റെ സ്ഥിതിഗതികൾ എന്തെന്നു വെളിപ്പെടുത്തുന്ന ലളിതാംബിക അന്തർജ്ജനത്തിന്റെ നോവലാണ് അഗ്നിസാക്ഷി . വർണ്ണ വ്യവസ്ഥയിൽ സമ്പത്തും അധികാരവും കൈമുതലായുണ്ടായിരുന്ന നമ്പൂതിരി സമുദായം അധർമ്മങ്ങളുടെയും അനാചാരങ്ങളുടെയും കൈപ്പിടിയിലമർന്ന് എപ്രകാരം മനുഷ്യത്വവിരുദ്ധവും സമൂഹവിരുദ്ധവുമായി ഭവിച്ചു എന്നതിന്റെ ചിത്രണം ഈ നോവലിലുണ്ട്. ബ്രാഹ്മണസമുദായത്തിന്റെ തണൽ പറ്റി വളരാൻ നിയുക്തരായ മറ്റു സമുദായങ്ങളുടെ സ്ഥിതിയും വിഭിന്നമായിരുന്നില്ല. ഈ അവസ്ഥയിൽ നിന്ന് വിവിധ വിഭാഗങ്ങൾ പ്രത്യേകിച്ച്, നമ്പൂതിരിസമുദായം പരിവർത്തനത്തിന്റെ പാതയിലേക്ക് വഴി മാറുന്നതിന്റെ ചിത്രങ്ങളും ഈ നോവലിൽ ദൃശ്യമാണ്.

1976 ലാണ് രചിക്കപ്പെട്ടതെങ്കിലും അഗ്നിസാക്ഷിയിലെ സാമൂഹ്യാന്തരീക്ഷം ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തെയാണ് പ്രതിനിധീകരിക്കുന്നത്. അഗ്നിസാക്ഷിയുടെ രചനയ്ക്കു മുമ്പുള്ള നാലഞ്ചു ദശകങ്ങളിലെ സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളുടെ ഓർമ്മക്കുറിപ്പുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. നമ്പൂതിരിസമുദായത്തെ കേന്ദ്രമാക്കി രചിക്കപ്പെട്ടതെങ്കിലും നായർ സമുദായത്തിന്റെ സാമൂഹികസ്ഥിതി, ദേശീയപ്രസ്ഥാനം, സ്വാതന്ത്ര്യാനന്തര

രാഷ്ട്രീയാവസ്ഥകൾ തുടങ്ങിയവയും നോവലിന് പശ്ചാത്തലമാകുന്നുണ്ട്. പുതിയ തലമുറ യിൽപ്പെട്ട സ്ത്രീകൾക്ക് തങ്ങളുടെ അമ്മമാരെയും അമ്മൂമ്മമാരെയും പറ്റി മനസ്സിലാക്കാനും പഴയ തലമുറയിൽപ്പെട്ടവർക്ക് ആത്മപരിശോധന ചെയ്യാനും മറ്റുള്ളവർക്ക് കഴിഞ്ഞുപോയ കാലത്തിന്റെ കണ്ണീരും കിനാവുകളും ഓർത്തെടുത്ത് പരിശോധിക്കുവാനും ഇത് ഉപകരിക്കു മെന്നും നോവലിസ്റ്റ് പ്രത്യാശിക്കുന്നുണ്ട്.

## ഇതിവൃത്തം

തങ്കംനായർ എന്ന മദ്ധ്യവയസ്ക്കയുടെ ഓർമ്മകളിലൂടെയാണ് 'അഗ്നിസാക്ഷി'യുടെ ഇതി വൃത്തം ചുരുൾ നിവരുന്നത്. നോവലിസ്റ്റിന്റെ മനസ്സാക്ഷിയുടെ പ്രതിരൂപമെന്നു വിശേഷിപ്പിക്കാ വുന്ന കഥാപാത്രമാണ് തങ്കംനായർ. ഉണ്ണിയേട്ടന്റെ(തങ്കത്തിന്റെ പിതാവിന്റെ ജ്യേഷ്ഠപുത്രനും ഇല്ലത്തിന്റെ അടുത്ത ചുമതലക്കാരനുമാണ് ഉണ്ണിനമ്പൂതിരി) അസ്ഥികലശം ഗംഗയിൽ ഒഴുക്കാ നായി ഹിമാലയതടത്തിലെ ഋഷികേശിൽ എത്തിയതായിരുന്നു അവർ. അവിടെ വെച്ച് യാദൃശ്ചി കമായി കണ്ടു മുട്ടുന്ന ഒരു സന്യാസിനി അവരിൽ സംഘർഷഭരിതമായ പൂർവ്വകാലസ്മരണകൾ ഉണർത്തുന്നു. ഉണ്ണിയേട്ടന്റെ വേളി, ശൂദ്രച്ചിയെന്ന അവഹേളനം, നിഷേധിക്കപ്പെട്ട പിതൃവാത്സല്യം, തേതിയേടത്തിയുടെയും ഉണ്ണിയേട്ടന്റെയും പി.കെ.പി.നമ്പൂതിരിയുടെയും ജീവിതപരിണാമങ്ങൾ, സ്വാതന്ത്ര്യമോഹങ്ങൾ, പുതിയ കാലത്തിന്റെ ചലനങ്ങൾ തുടങ്ങി നിരവധി ഓർമ്മകളിലൂടെ തങ്കംനായർ സഞ്ചരിക്കുന്നു.

ആൾക്കാർക്കും ആചാരങ്ങൾക്കും കീഴടങ്ങിയിരുന്ന ഉണ്ണിനമ്പൂതിരി മാനമ്പള്ളി ഇല്ലത്തിലേക്ക് അഗ്നിസാക്ഷിയായി വേളി കഴിച്ചു കൊണ്ടു വന്ന തേതിയോട് നീതി പുലർത്തുന്നി ല്ല. 'ഇവിടെ സുഖത്തിനല്ല ഗൃഹസ്ഥാശ്രമമെന്നും ഭോഗത്തിനല്ല ത്യാഗത്തിനാണ് ദാമ്പത്യ'മെ ന്നുമുള്ള അയാളുടെ ജീവിതമന്ത്രം തേതിയെ ഒരേ സമയം അസ്വസ്ഥയും നിരാലംബയുമാക്കു ന്നു. ക്രമേണ ഉണ്ണിനമ്പൂതിരിയും അപ്ഫൻ നമ്പൂതിരിയും പ്രതിനിധാനം ചെയ്യുന്ന യാഥാസ്ഥി തിക മനോഭാവത്തിനെതിരെയുള്ള ചിന്തകൾ തേതിയിൽ രൂപമെടുക്കുന്നു. പുരോഗമനവാദിയായ ജ്യേഷ്ഠൻ പി.കെ.പി.നമ്പൂതിരിയുടെ വാക്കുകളും പ്രവൃത്തികളുമാണ് അവർക്ക് അതിനുള്ള ഊർജ്ജം പ്രദാനം ചെയ്യുന്നത്. അത് തേതിക്ക് ഒരു ജന്മത്തിൽ പല ജീവിതങ്ങൾ ജീവിച്ചു തീർക്കാനുള്ള നിയോഗമായി പരിണമിക്കുന്നു. ഘോഷ ബഹിഷ്ക്കരിച്ച് ബന്ധനങ്ങളിൽ നിന്ന് സ്വയം വിമുക്തയാവുന്ന അവർ ദേവകി മാനമ്പള്ളി എന്ന പേരിൽ സ്ത്രീ സ്വാതന്ത്ര്യത്തിനും സാമൂഹിക സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള കർമ്മപഥങ്ങളിൽ പ്രവർത്തനനിരതയാവുന്നു.

കാലാന്തരത്തിൽ സാമുദായിക പരിഷ്കരണ ശ്രമങ്ങളുടെ ആവേശം തെല്ലൊന്ന് അടങ്ങിയപ്പോൾ പലരും പഴയതിനേക്കാൾ വലിയ യാഥാസ്ഥിതികത്വത്തിലേക്ക് പിൻമടങ്ങുന്നുണ്ട്. ചിലർ മറക്കുടയിലേക്കും അമ്പലവട്ടങ്ങളിലേക്കും തിരിച്ചെത്തിയപ്പോൾ ദേവകി മാനമ്പള്ളി ദേവിബഹൻ എന്ന പേരിൽ ഉത്തരേന്ത്യയിൽ ഗാന്ധിജിയുടെ ആശ്രമത്തിലേക്ക് -ദേശീയ തലത്തിലേക്ക് പ്രവർത്തനരംഗം മാറ്റുന്നു. പിൽക്കാലത്ത് ആശ്രമത്തിൽ ഉണ്ടായ അനിഷ്ടകരമായ ചില സംഭവങ്ങളുടെ പേരിൽ പശ്ചാത്താപ വിവശയായ അവർ സുമിത്രാനന്ദയോഗിനി എന്ന പേരിൽ സന്യാസ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു.

നമ്പൂതിരിസമുദായത്തിന്റെ ജീർണ്ണ മനോഭാവത്തിനെതിരെ ശബ്ദമുയർത്തുന്നവരാണ് പി.കെ.പി. നമ്പൂതിരിയും തേതിയുമടക്കമുള്ളവർ. ആചാരദൃഷ്ട്യാ ശൂദ്രസ്ഥാനീയരെങ്കിലും തങ്കം നായരും നേത്യാരമ്മയും പഠിപ്പിനോടും പരിഷ്കാരത്തോടും ചേർന്നു നിൽക്കുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ വന്നു ചേരുന്ന സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക മാറ്റങ്ങൾ സമൂഹത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുന്നു. കാലത്തിനനുസരിച്ച് വേഷമിടാനും ആളുകളെ നിലക്കു നിർത്താനും കഴിയുന്ന അനിയൻ നമ്പൂതിരിയെപ്പോലെയുള്ള സൂത്രബുദ്ധികൾ പുതിയ കാലത്തിന്റെ പ്രതിനിധികളായി നോവലിൽ പ്രത്യക്ഷപ്പെടുന്നു.

ജീവിതസായാഹ്നത്തിൽ തേതി ഉണ്ണിനമ്പൂതിരിക്കയച്ച കത്തിൽ അവരുടെ അചഞ്ചല സ്നേഹത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ച് തന്റെ കാഴ്ചപ്പാടുകൾ തെറ്റിയതിനെക്കുറിച്ചുമുള്ള സൂചനകൾ ഉണ്ട്. കത്തിനൊപ്പം അയച്ചു കിട്ടിയ മംഗല്യസൂത്രവുമായാണ് തങ്കം ഗംഗാതീരത്തെത്തുന്നത്. അവിടെ വെച്ച് കണ്ടുമുട്ടുന്ന പഴയ തേതി എന്ന സുമിത്രാനന്ദയോഗിനി അഗ്നിശുദ്ധി വരുത്തിയ ആ ലോഹത്തകിട് പേരക്കുട്ടിക്ക് സമ്മാനിച്ച് പുതിയ തലമുറയുടെ ഇഷ്ടത്തിനനുസരിച്ച് പുതുക്കിപ്പണിതു കൊള്ളാൻ നിർദ്ദേശിക്കുന്നു. തങ്കത്തിന്റെ മകന്റെ നിറുകയിൽ കൈ വെച്ച് അനുഗ്രഹിച്ച് മാതൃഭാവം നുകരുന്ന ആ യോഗിനി ജീവിതത്തോട് വിട പറയുന്നതോടെ നോവൽ അവസാനിക്കുന്നു.

### യാഥാസ്ഥിതികതയുടെയും ഉല്പതിഷ്ണുത്വത്തിന്റെയും പ്രതിനിധാനങ്ങൾ

നമ്പൂതിരി സമുദായം അനുഷ്ഠിച്ചുപോന്ന സാമൂഹിക ക്രമങ്ങളുടെ കൃത്യമായ പ്രതിനിധാനങ്ങൾ ഈ നോവലിൽ ദൃശ്യമാണ്. യാഥാസ്ഥിതികരായ കഥാപാത്രങ്ങൾ, യുക്തിരഹിതമായ ആചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, ജാതിശ്രേണി, ഫ്യൂഡൽ മനോഭാവം, സ്ത്രീവിരുദ്ധത, നിരക്ഷരത തുടങ്ങി നമ്പൂതിരി സമുദായത്തെ പുരോഗമനത്തിന്റെ പാതയിൽ നിന്നു പുറകോട്ട

ടിപ്പിച്ചിരുന്ന ഒട്ടേറെ പ്രശ്നങ്ങൾ ഈ കൃതിയിൽ അവതരിപ്പിക്കുന്നുണ്ട്. ഒപ്പം നവീന വിദ്യാഭ്യാസം, സ്വാതന്ത്ര്യബോധം, ദേശീയത, സമത്വദർശനം, സ്വാശ്രയത്വം തുടങ്ങി പുതിയ സാമൂഹിക നിർമ്മിതിയുടെയും പരിവർത്തനത്തിന്റെയും പ്രതിനിധാനങ്ങളാകുന്ന കർമ്മങ്ങളും കഥാപാത്രങ്ങളും ഈ നോവലിന്റെ ഭാഗമാവുന്നുണ്ട്. യാഥാസ്ഥിതികതയുടെയും ഉല്പതിഷ്ണുത്വത്തിന്റെയും സൂചകങ്ങളായി നോവലിസ്റ്റ് കലാത്മകമായി അവതരിപ്പിക്കുന്ന ആശയഗതികളെ സാമാന്യമായി ഇങ്ങനെ സംഗ്രഹിക്കാം:

**1.പാരമ്പര്യത്തിന്റെ ജീർണ്ണതകളെ തകർക്കുക**

തനി യാഥാസ്ഥിതികരും പഴഞ്ചന്മാരുമായ ചില കഥാപാത്രങ്ങളുടെ അവതരണത്തിലൂടെ അവരിലെ മാനവികതയുടെ അഭാവത്തെ അനുവാചകർക്കൊപ്പം സമുദായത്തെയും ഈ കൃതി ഓർമ്മിപ്പിക്കുന്നുണ്ട്. ഉണ്ണിനമ്പൂതിരി, അപ്ഫൻനമ്പൂതിരി തുടങ്ങിയവർ പ്രതിനിധീകരിക്കുന്ന ജീവിതം, അവരുടെ ബലിയാടുകളായിത്തീരുന്ന തേതി, ഭ്രാന്തിച്ചെറിയമ്മ തുടങ്ങിയവരുടെ ദുരിതങ്ങൾ ഇതിനുദാഹരണങ്ങളാണ്.

**2.പുതിയ സാമൂദായികക്രമത്തിന്റെ സൃഷ്ടി**

അനാചാരദൂഷിതമായ നമ്പൂതിരിസമുദായത്തെ സംസ്ക്കാരത്തിന്റെയും പരിഷ്ക്കാരത്തിന്റെയും വഴിയിലേക്കു നയിക്കാനുള്ള സൂചനകൾ നോവലിൽ കാണാം. പി.കെ.പി. നമ്പൂതിരിയുടെയും മറ്റും സാമൂഹിക പരിഷ്ക്കരണ ശ്രമങ്ങൾ ഈ വഴിക്കുള്ള പരിശ്രമങ്ങളായിത്തീരുന്നുണ്ട്.

**3. സാമുദായികതയിൽ നിന്ന് ദേശീയതയിലേക്കുള്ള മാറ്റം**

ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ചെറുതും ഇടുങ്ങിയതുമായ സ്ഥലങ്ങളിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ വിശാലതയിലേക്കും ദേശരാഷ്ട്രസങ്കല്പനങ്ങളിലേക്കുമുള്ള പരിവർത്തനത്തെ തേതിയെപ്പോലുള്ള കഥാപാത്രങ്ങൾ പ്രതിനിധീകരിക്കുന്നുണ്ട്.

**4. പഠിപ്പിലൂടെ പുതിയ ലോകക്രമത്തിന്റെ ഭാഗമാകൽ**

വിദ്യാഭ്യാസത്തിലൂടെ പഴമയുടെയും പാരമ്പര്യത്തിന്റെയും ലോകത്തു നിന്ന് പുറത്തു കടക്കുവാനും അങ്ങനെ പുതുമയുടെയും സ്വാശ്രയത്വത്തിന്റെയും വക്താക്കളാകാനുള്ള ശ്രമങ്ങൾ തങ്കം നായരുടെയും നേത്യാരമ്മയുടെയും വീക്ഷണഗതികളിൽ കാണാം.

**5. പുതിയ കാലത്തിന്റെ സ്പന്ദനങ്ങളുടെയും താല്പര്യങ്ങളുടെയും സ്വാംശീകരണം**

കാലത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളാനും അങ്ങനെ മാറുന്ന കാലത്തെ തിരിച്ചറിയാ

നുമുള്ള മനോഭാവം നോവലിൽ ആവിഷ്ക്കരിക്കപ്പെടുന്നുണ്ട്. വ്യവസായം, രാഷ്ട്രീയം തുടങ്ങിയ മേഖലകളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നതിനൊപ്പം ഒരു പടികൂടി കടന്ന് പുതിയ കാലത്തിന്റെ സ്വാർത്ഥതയുടെയും അവസരവാദത്തിന്റെയും മുഖങ്ങളെക്കൂടി പ്രദർശിപ്പിക്കുക എന്ന ദൗത്യം കൂടി ചില കഥാപാത്രങ്ങളിലൂടെ ആവിഷ്കൃതമാവുന്നു.

മേൽ സൂചിപ്പിച്ച വസ്തുതകളിൽ ഒന്നാമത്തേത് യഥാസ്ഥിതികത്വത്തിന്റെ ജീർണ്ണതലങ്ങളെ ഉദാഹരിക്കുമ്പോൾ ശേഷിക്കുന്ന നാലു കാര്യങ്ങൾ നവോത്ഥാന ചലനങ്ങളുടെ പ്രത്യക്ഷങ്ങളെ ഉദാഹരിക്കുന്നവയാണ്. ഈ മാറ്റങ്ങളെ സാമാന്യമായി ഈ വിധം രണ്ടായി വിഭജിച്ചാൽ ആദ്യ വിഭാഗത്തിന്റെ പ്രാതിനിധ്യങ്ങളായി ധാരാളം കഥാപാത്രങ്ങളെയും സംഭവഗതികളെയും സാമൂഹ്യചരിത്ര ദൃഷ്ട്യാ നോവലിൽ കണ്ടെത്താനാകും.

**പഴയ ആചാരങ്ങളും സമുദായസ്ഥിതിയും**

ശുദ്ധാത്മാവാണെങ്കിലും പാരമ്പര്യത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച മനുഷ്യനാണ് ഉണ്ണിനമ്പൂതിരി. ആചാരങ്ങളോടുള്ള അമിത വിധേയത്വവും ലൗകിക ജീവിത വിരക്തിയും ഉണ്ണിനമ്പൂതിരിയിലെ മനുഷ്യനെ അനേകപടി അകലത്തു നിർത്തിയിരിക്കുന്നു. പുലർച്ചെ മൂന്ന് മണിക്ക് എഴുന്നേറ്റ് കുളി, ഇല്ലത്ത് തേവാരം, തുടർന്ന് സംസ്കൃത-വേദ പഠനങ്ങൾ, ആചാരവിധികളിൽ അടിയുറച്ച വിശ്വാസം, പാരമ്പര്യത്തിൽ കർക്കശനിഷ്ഠ, ആത്മീയ വിഷയത്തിൽ അങ്ങേയറ്റത്തെ ശ്രദ്ധ, ഇങ്ങനെ അന്നത്തെ നിലക്ക് ലക്ഷണമൊത്ത ഒരു ബ്രാഹ്മണനാണ് ഉണ്ണിനമ്പൂതിരി. തേതി എന്ന കഥാപാത്രത്തിന്റെ സംഘർഷഭരിതമായ ജീവിതപ്രയാണത്തിന് നിമിത്തമാവുന്നതും തുടർന്നങ്ങോളം നിഴൽപോലെ അവരെ സ്വാധീനിക്കുന്നതുമായ സാന്നിധ്യമാണ് ഉണ്ണിനമ്പൂതിരിയുടേത്.

വേളിയോടെ മാനമ്പള്ളിയില്ലത്തെ അനന്തര തലമുറകളുടെ സൃഷ്ടികർത്താവും പരിപാലകനുമായി ഉണ്ണിമ്പൂതിരി മാറുന്നു.പാരമ്പര്യമനുസരിച്ച് രണ്ടും മൂന്നും വേളികഴിക്കാവുന്ന അതിലേറെ സംബന്ധം ചെയ്യാവുന്ന വ്യക്തിയാണ് അയാൾ. അനുജൻമാരെയും തറവാട്ടിലെ സകല ബന്ധുജനങ്ങളെയും കാര്യസ്ഥൻമാരെയും മറ്റ് ആശ്രിതരെയും ഭരിച്ച് വരുതിയിൽ നിർത്തേണ്ട മൂസ്സാണ് അയാൾ. എന്നാൽ ഈ പതിവിൽ നിന്നെല്ലാം വ്യത്യസ്തനായിരുന്നു ഉണ്ണിനമ്പൂതിരി. നായികയുടെ ഭർതൃപദവി അലങ്കരിക്കുക വഴി അയാൾ നായകനായി. ഭർതൃസ്ഥാനം അലങ്കാരത്തിൽ മാത്രം ഒതുങ്ങിയതിനാൽ അദ്ദേഹം പ്രതിനായകനുമായി. പഴയ ആചാരങ്ങളെ കൃത്യമായി പിന്തുടരുന്നതിനായി ഭർത്താവെന്ന നിലയിലുള്ള ഉത്തരവാദിത്വങ്ങളിൽ നിന്നു പോലും ഒഴിഞ്ഞു മാറിയ നിസ്സംഗനായ പരികർമ്മി ആയിരുന്നു ഉണ്ണിനമ്പൂതിരി.

നവവധുവായി വന്നെത്തിയ തേതി അധികകാലമാവും മുമ്പേ ഉണ്ണിനമ്പൂതിരിയെപ്പറ്റി സഹികെട്ട് നേത്യാരമ്മയോട് ഇങ്ങനെ പറഞ്ഞു പോകുന്നുണ്ട്. 'സ്വാമിയാരാവില്ലെന്ന് എന്താ നിശ്ചയം? തറവാട്ടിൽ സന്തതിക്കാണല്ലോ വേട്ടത്. ഗൃഹസ്ഥാശ്രമമാണല്ലോ. ഔപാസനത്തിന് ഒരു പത്നി വേണം.'[23]

സന്താനർത്ഥകമല്ലാത്ത ഭാര്യാഭർതൃസമാഗമം നിഷിദ്ധമാണെന്ന പരമ്പരാഗതമായ വിശ്വാസം ഉണ്ണിനമ്പൂതിരിയും കൊണ്ടുനടക്കുന്നു. യൗവനയുക്തയായ ദേവകിക്ക് ആചാരനിഷ്ഠകളെപ്പററി അറിയായ്കയല്ലെങ്കിലും ഭർത്താവിനെക്കുറിച്ചും ദാമ്പത്യത്തെക്കുറിച്ചും ഏതൊരാളെയും പോലുള്ള സ്വപ്നങ്ങൾ ഉണ്ടായിരുന്നു. പക്ഷെ കടമകളുടെ ചങ്ങലക്കെട്ടുകളിൽ ബന്ധിതനായ ഉണ്ണിനമ്പൂതിരിക്ക് അവളുടെ സ്വപ്നങ്ങൾ ശ്രദ്ധിക്കാൻ കഴിയുന്നില്ല. കുറച്ചുകൂടി പാവപ്പെട്ട ഒരു കുടുംബത്തിൽ, കുറേ കൂടി തന്റേടക്കാരനും ലമ്പടനുമായ പുരുഷന്റെ കൂടെയായിരുന്നു തന്റെ ദാമ്പത്യമെങ്കിൽ എന്നു പോലും തേതി ആശിച്ചുപോകുന്നുണ്ട്:

'അയാൾ തന്നെ തല്ലിയേക്കാം. അവഗണിച്ചേക്കാം. പക്ഷെ, വല്ലപ്പോഴുമെങ്കിലും വികാരം കൊള്ളുകയും ഓമനിക്കുകയും ചെയ്തേനെ. താൻ വള്ളത്തോൾക്കവിത വായിക്കുമ്പോൾ ഇദ്ദേഹം ഗീത ഉദ്ധരിച്ച് മടുപ്പിച്ചു കളയുന്നു.' [24]

ഇങ്ങനെ വള്ളത്തോൾക്കവിതയും ഭഗവദ്ഗീതയും തമ്മിലുള്ള ഭാവാന്തരം ഇരുവർക്കുമിടയിലുണ്ട്. ആചാരങ്ങളെയും ആൾക്കാരെയും ഭയന്ന ഉണ്ണിനമ്പൂതിരിയിൽ മുന്നിട്ടുനിൽക്കുന്നത് ഗൃഹസ്ഥാശ്രമിയെക്കാൾ സന്യാസിയാണ്. ഗാർഹസ്ഥ്യം ഉറപ്പിച്ചു നിർത്തുന്ന വൈകാരിക വേഴ്ച്ചകളിൽ നിന്ന് മാറിനിന്ന് വേളിയോട് അയാൾ അനീതി കാട്ടുന്നു. സ്നേഹവും സുരക്ഷിതത്വ ബോധവും കൊണ്ട് ഊട്ടിയുറപ്പിക്കേണ്ട കുടുംബമെന്ന സ്ഥാപനത്തിനു നേരെ തലകീഴായ നിലപാടാണ് നമ്പൂതിരി സ്വീകരിക്കുന്നത്. വിമർശനങ്ങളെ ഉണ്ണിനമ്പൂതിരി പ്രതിരോധിക്കാൻ ശ്രമിക്കുന്നത് ഇങ്ങനെ പറഞ്ഞാണ്:

'ബ്രാഹ്മണ കുലത്തിൽ ജനിച്ചവർക്ക് ജീവിതം ഒരു യജ്ഞമാണ്, സ്വന്തം സുഖത്തേക്കാളേറെ മറ്റുള്ളവരുടെ ഹിതമാണ് സ്വീകരിക്കേണ്ടിവരിക. ഞാൻ ബ്രാഹ്മണനായി ജനിച്ചുപോയി. എന്റെ പത്നിയായി അവരും വന്നു. പക്ഷേ, ഞങ്ങൾ തമ്മിൽ ധർമ്മത്തെപ്പറ്റി എന്നും അഭിപ്രായ വ്യത്യാസമുണ്ട്.'[25]

സ്വന്തം ഇഷ്ടങ്ങളേക്കാൾ ഉണ്ണിനമ്പൂതിരിയെ ഭരിച്ചിരുന്നത് അപ്ഫന്റെയോ അമ്മയുടേയോ ഒക്കെ ഇഷ്ടങ്ങളും ഇഷ്ടക്കേടുകളുമാണ്. ആരേയും വെറുപ്പിക്കാനോ ആരുടെയെങ്കിലും കുറ്റപ്പെടുത്തലുകൾ കേൾപ്പിക്കാനോ അയാൾ തയ്യാറായിരുന്നില്ല. വ്യക്തിപരമായി എന്തു ത്യാഗം

സഹിച്ചും നല്ലതുമാത്രം പറയിപ്പിക്കാൻ ബദ്ധപ്പെട്ടു. നഷ്ടങ്ങളെ ആചാരങ്ങളും പ്രമാണങ്ങളും ഉദ്ധരിച്ച് ന്യായീകരിക്കാൻ തുടങ്ങിയപ്പോൾ അയാളുടെ ഭാര്യക്ക് സ്വന്തം ജീവിതം ബലി നൽകേണ്ടി വരുന്നു. പരലോകം പൂകിയ ഭ്രാന്തിച്ചെറിയമ്മയുടെ ആത്മാവിനോട് നീതി പുലർത്താൻ ഓടി നടന്ന അയാൾ ഇഹലോകവാസിയായ സ്വന്തം വേളിയെ തീർത്തും അവഗണിക്കുന്നു.

ക്ഷേത്രത്തിലെ ഉത്സവം കഴിഞ്ഞ് അലങ്കോലപ്പെട്ടുകിടക്കുന്ന ക്ഷേത്രനടയിൽ അനിയനും തങ്കവുമൊത്തിരിക്കുമ്പോൾ അനിയൻ നമ്പൂതിരിക്ക് പരിസരത്തു നിന്ന് ഒരു പടക്കം കിട്ടുന്നുണ്ട്. തിടപ്പള്ളിയിൽ നിന്ന് തീ കൊളുത്തി അയാൾ അത് പൊട്ടിക്കാൻ ശ്രമിക്കുമ്പോൾ തടഞ്ഞുകൊണ്ട് പറയുന്ന വാക്കുകളിലൂടെ ഉണ്ണിനമ്പൂതിരിയിലെ നിഷ്ക്രിയത്വം ഇപ്രകാരം വെളിപ്പെടുന്നുണ്ട്:

'അരുതനിയാ അരുത് തീകൊണ്ട് കളിക്കരുത്. അതിന്റെ പൊരി വീണ് ചപ്പുചവറുകളെങ്ങാനും കത്തിപ്പോയാലോ.'[26]

നിലനിന്നുപോരുന്ന സാമൂഹ്യക്രമങ്ങളിൽ നിന്ന് വ്യതിചലിച്ച് സാഹസികമായ എന്തെങ്കിലും തീരുമാനമെടുക്കാനോ ധൈര്യപൂർവ്വം എന്തിനെയും നേരിടാനോ അയാൾ ഒരുക്കമല്ല. പലപ്പോഴും ആചാരങ്ങളെന്നതിനേക്കാൾ അനാചാരങ്ങളുടെയും അത്യാചാരങ്ങളുടെയും ചപ്പുചവറുകളെയാണ് സമുദായം ഉണ്ണിനമ്പൂതിരിയെപ്പോലെ ചേർത്തുപിടിച്ചിരുന്നത്.

അടിമുടി വിഡ്ഢിത്തത്തിന്റെ ആൾരൂപമായിരുന്നു ഇന്ദുലേഖയിലെ നമ്പൂതിരിപ്പാട് എങ്കിൽ ഇവിടെ നിഷ്ക്രിയത്വവും ഉത്തരവാദിത്വരാഹിത്യവും ചങ്കൂറ്റമില്ലായ്മയും ആണ് ഉണ്ണിനമ്പൂതിരിയെ ഇതേ വിശേഷണത്തിനു പാത്രമാക്കുന്നത്. കാലം മാറുന്നത് കൺമുമ്പിൽ കാണുന്നുവെങ്കിലും അപ്ഫന്റെ പിടിവാശികൾക്ക് പ്രതിരോധമൊന്നുമുയർത്താതെ വഴങ്ങുകയാണയാൾ. അപ്ഫന്റെ വിലക്കു ലംഘിച്ച് പിറന്നില്ലത്തേക്കു പോയ തേതിക്കെതിരെ സ്മാർത്തവിചാരമടക്കമുള്ള കർമ്മങ്ങൾക്കു കോപ്പുകൂട്ടുമ്പോൾ അയാൾ പ്രതികരിക്കുക പോലും ചെയ്യുന്നില്ല.

സ്നേഹത്തെ ജൈവികമായ ഒരു വികാരമെന്നതിലുപരി യാന്ത്രികമായ ഒരു സ്വഭാവമോ അനുഭൂതിയോ ആയാണ് അയാൾ പരിഗണിച്ചത്. ഭാര്യാ-ഭർതൃ ബന്ധം പോലും ആചാരവിധിയനുസരിച്ച് സന്തത്യർത്ഥമോ കർമ്മാർത്ഥമോ മാത്രം അനുഷ്ഠിക്കേണ്ട ആചാരമായിരുന്നു. ഭർത്താവെന്ന നിലയിൽ താൻ കാട്ടിയ നിരുത്തരവാദിത്വം മറന്ന് അഗ്നിസാക്ഷിയായി വേളി കഴിച്ച ഭാര്യയെ ഉപേക്ഷിക്കാത്ത ആചാരവിധേയത്വത്തിലാണ് ഉണ്ണിനമ്പൂതിരി ഊറ്റംകൊള്ളുന്നത്. തറവാട്ടിലെ സന്തതിക്കായി അനിയൻ വേളി കഴിക്കേണ്ടിവരുമെന്ന നില വന്നപ്പോൾ പുനഃസമാഗമത്തിനുള്ള വഴി തെളിഞ്ഞു വന്നുവെങ്കിലും അപ്പോഴും ഉണ്ണിനമ്പൂതിരി അപ്ഫനും അമ്മയ്ക്കും ആചാരങ്ങൾക്കും മുമ്പിൽ വിധേയനായിത്തന്നെ നില കൊള്ളുന്നു. ആത്മീയചര്യകൾ അതിന്റെ ആശയ

ങ്ങളിൽ നിന്നും മാനവികതയിൽ നിന്നും അകന്നുമാറി, അകക്കാമ്പു നഷ്ടപ്പെട്ട് കേവലം വൃഥാ വ്യായാമങ്ങൾ മാത്രമായി മാറിയതിന്റെ നേർസാക്ഷ്യങ്ങളാണ് ഈ കഥാപാത്രങ്ങളും അവരുടെ ചെയ്തികളും.

## മാറുന്ന കാലം, മാറാതെ നമ്പൂതിരി

ചട്ടങ്ങൾ മാറ്റാൻ കൂട്ടാക്കാതെ സമുദായവും സ്വയം നവീകരിക്കാൻ തയ്യാറാവാതെ അതിലെ അംഗങ്ങളും നിലകൊണ്ട കാലത്താണ് നമ്പൂതിരിയെ മനുഷ്യനാ ക്കാനുള്ള ശ്രമങ്ങൾ സമൂഹ ത്തിൽ രൂപപ്പെട്ടു തുടങ്ങിയത്. 19, 20 നൂറ്റാണ്ടുകളിലുണ്ടായ ഇത്തരം പ്രവർത്തനങ്ങളെ ഭൂരി പക്ഷം നമ്പൂതിരിമാരും അവജ്ഞയോടും ഉദാസീനതയോടു കൂടിയാണ് വീക്ഷിച്ചത്. അത്തരക്കാ രുടെ പ്രതിനിധിയാണ് ഉണ്ണിനമ്പൂതിരി.

സ്ഥലകാലങ്ങളെ തിരിച്ചറിയുക, മാറ്റങ്ങളെ ത്യാജ്യഗ്രാഹ്യബുദ്ധ്യാ ഉൾക്കൊള്ളുക എന്നിവ ആരോഗ്യമുള്ള സംസ്കൃതിയുടെ ജൈവിക ലക്ഷണങ്ങളാണ്. എവിടെയാണോ പണ്ട് സ്ഥിതിചെ യ്തിരുന്നത് അവിടെത്തന്നെ ഇപ്പോഴും സ്ഥിതി ചെയ്യുന്നവർക്കാണ് യാഥാസ്ഥിതികർ എന്നു പേര്. സാമൂഹിക ജീവിതത്തിന്റെ ദൈനംദിന വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട സകല തലങ്ങളി ലും നമ്പൂതിരി മർക്കടമുഷ്ടിയോടെ നിലകൊണ്ടു. പ്രഭാതം മുതൽ പ്രദോഷം വരെയുള്ള ആത്മീയ കർമ്മനിരതത്വം അയാളെ കുടുംബബന്ധങ്ങളിൽ നിന്നും സാമൂഹ്യബോധത്തിൽ നിന്നും അടർത്തി മാറ്റി. പുറം ലോകത്തെ ചലനങ്ങൾ കാണാനോ കേൾക്കാനോ സന്നദ്ധമാകാതെ ആത്മീയ വ്യവസായത്തിന്റെ അന്തർമണ്ഡലങ്ങളിൽ നമ്പൂതിരി സദാ കർമ്മനിരതനായി. കണ ക്കില്ലാത്ത സമ്പത്തും ചോദ്യം ചെയ്യാത്ത അധികാരവും കൂടിയായപ്പോൾ ആത്മവിമർശനക്ഷ മത, നവീകരണബുദ്ധി, സാമൂഹികപ്രതിബദ്ധത എന്നീ ഭാവങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്തു. സമൂഹത്തിന്റെ അടിസ്ഥാന മൂലകമായ കുടുംബത്തിനകത്ത് വ്യക്തിത്വത്തോടെ ഇടപെടാനോ പ്രശ്നങ്ങളെ പ്രായോഗികബുദ്ധ്യാ പരിഹരിക്കാനോ ഉണ്ണിനമ്പൂതിരിക്കായില്ല. അതുകൊണ്ടാണ് ഉണ്ണിനമ്പൂതിരിമാരെ ചൂണ്ടിക്കാട്ടി 'ഇഹത്തിനു കൊള്ളാത്തവൻ പരത്തിനും കൊള്ളില്ല' എന്ന പികെ.പി അഭിപ്രായപ്പെടുന്നത്.

ഇച്ഛാശക്തിയുള്ള ഒരാൾക്ക് (അനിയൻ നമ്പൂതിരി ഉദാഹരണം) തട്ടിനീക്കാവുന്ന തടസ്സ ങ്ങളാണ് പലതുമെങ്കിലും ഉണ്ണിനമ്പൂതിരി അതിൽ കുരുങ്ങിക്കിടക്കുകയും പലതും സ്വയം എടു ത്തണിയുകയും ചെയ്തു. പവിത്രചരിതയും ബുദ്ധിമതിയുമായ വേളിയെ നാലുകെട്ടിനകത്തെ ഇരുട്ടുമുറിയിൽ തള്ളിയിട്ടു. എല്ലാതലത്തിലും അവരെ അവഗണിക്കുക വഴി ഉണ്ണിനമ്പൂതിരി

സ്വയം വിലയിരുത്തിയ രീതിയിൽ  പഴമക്കാരനും വിഡ്ഢിയും മന്തനുമായി. കുടുംബജീവിതത്തിൽ ഭർത്താവെന്ന നിലയിൽ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ അദ്ദേഹം പ്രാപ്തനായില്ല.

## അപ്ഫൻ നമ്പൂതിരി – ജീർണ്ണസംസ്കൃതിയുടെ ആൾരൂപം

ഭൂതകാലത്തിന്റെ പ്രതിനിധിയും പഴഞ്ചൻ ആചാരങ്ങളുടെ കാവൽക്കാരനുമാണ് മാനമ്പള്ളിയില്ലത്തെ അപ്ഫനായ ഇരവിനമ്പൂതിരി. അയാളുടെ ജീവിതകാർക്കശ്യങ്ങളാൽ ബാധിതമായ ജീവിതമാണ് നേത്യാരമ്മ, തങ്കം, ഉണ്ണിനമ്പൂതിരി, തേതി തുടങ്ങിയവരുടേത്. പാരമ്പര്യാഭിമാനം, സംസ്കൃതഭ്രമം, ദുഃശാഠ്യം, പരിഷ്ക്കാര വൈമുഖ്യം, സ്നേഹസൗഹൃദങ്ങൾക്കിടമില്ലാത്ത പരുക്കൻ സ്വഭാവം തുടങ്ങി പഴഞ്ചൻ പാരമ്പര്യം മനുഷ്യാകാരം പൂണ്ടതിന്റെ മറ്റൊരു മുഖമാണ് അപ്ഫൻ നമ്പൂതിരിയുടേത്. നാല്പതുകൾ പിന്നിട്ട അപ്ഫൻ നമ്പൂതിരിയുമായി പതിനേഴുകാരിയായ, നായരു വീട്ടിലെ അമ്മാളുക്കുട്ടിയമ്മയുടെ സംബന്ധം ഒരു ഭാഗ്യമായാണ് അവർ പരിഗണിക്കുന്നത്. വയസ്സെത്രയായാലും ഒരു നമ്പൂതിരിയെ ബാന്ധവത്തിനു കിട്ടുന്നതിന്റെ പുണ്യം നായർ സമുദായത്തിന്റെ അബോധത്തിൽ രൂഢമൂലമായിരുന്നതിനാലാണത്. പല സന്താനങ്ങൾ മരിച്ചതിനുശേഷം കിട്ടിയ ഏക പുത്രിയായിരുന്നു തങ്കം. തങ്കത്തെ അപ്ഫൻ എടുക്കുകയോ തൊടുകയോ ചെയ്ത സന്ദർഭം വളരെ അപൂർവ്വമായിരുന്നു. അപ്ഫന്റെ കരവലയത്തിൽക്കിടന്ന് ഉറങ്ങാനും ഉമ്മ മേടിക്കാനും തങ്കം വളരെ കൊതിച്ചിട്ടുമുണ്ട്. അപ്പോഴൊക്കെ നേത്യാരമ്മ ഇടപെടുമ്പോൾ ജീർണ്ണാചാരങ്ങൾ വെളിപ്പെടുന്നതു കാണാം:

'മോള് അച്ഛൻ തിരുമേനിയെ തൊട്ട് അയിത്താക്കല്ലേ, വാതം കൊണ്ട് അവിടേക്ക് എപ്പഴും കുളിച്ചു കൂടാ.' [27]

ഭാര്യ നമ്പൂതിരിമാരുടെ ഭൃത്യവർഗ്ഗത്തിൽപ്പെട്ടവരായിരിക്കുമെന്നതിനാൽ ഭർത്താവിന് ഭാര്യയെ പരസ്യമായി കൊണ്ടുനടക്കാൻ ജാത്യഭിമാനം അനുവദിക്കുകയുമില്ല. ഈ ഭാര്യയിൽ ജനിക്കുന്ന മക്കളെ സ്പർശിക്കുവാനോ അവരെ സ്വന്തം വീട്ടിൽ കൊണ്ടുവന്നു താമസിപ്പിക്കാനോ അവർ കൊടുക്കുന്ന വെള്ളംപോലും കുടിക്കുവാനോ പാടില്ല. ഭാര്യയ്ക്കു ഭർത്താവിന്റെ സ്വത്തിലോ തിരിച്ചോ അവകാശമുണ്ടായിരുന്നില്ല. ഭാര്യ ഒരു ജാതിയിൽ, ഭർത്താവ് മറ്റൊരു ജാതിയിൽ – വി.ടിയുടെ ഭാഷയിൽ ഇങ്ങനെ ഒരു തരം  കോവർക്കഴുതാ  സൃഷ്ടിയായിരുന്നു അപ്ഫൻ നമ്പൂതിരിമാരുടെ ബാന്ധവപ്രകൃതം

നമ്പൂതിരിമാരുടെ വിജാതീയ ഭാര്യമാരുടേയും അവരുടെ സന്താനങ്ങളുടെയും നിശ്ശബ്ദവിലാപങ്ങളാൽ നീറിപ്പുകയുന്നതായിരുന്നു സമുദായത്തിന്റെ അകമനസ്സ്. രക്തബന്ധങ്ങളുടെയും കുടുംബബന്ധങ്ങളുടെയും അടിസ്ഥാനഭാവം നിർവ്വികാരതയോ അവഗണനയോ അധീശത്വമോ

ഒക്കെ ആയിരുന്നു. ഭാര്യാഭർതൃ ബന്ധത്തിനോ പിതൃ-മാതൃഭാവത്തിനോ സഹോദരീസഹോദര സ്നേഹത്തിനോ ഒന്നും ഒരു സാധ്യതയുമില്ലാത്ത, തീർത്തും ആചാരങ്ങൾക്കടിപ്പെട്ട വ്യവസ്ഥിതിയാണ് നടപ്പിലുണ്ടായിരുന്നത്. ഒട്ടും ആരോഗ്യകരമല്ലാത്ത ഈ സാമൂഹ്യവ്യവസ്ഥിതിയുടെ ബലിയാടുകളെന്ന നിലയിലാണ് നേത്യാരമ്മയെയും തങ്കം നായരെയും നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്.

ഉണ്ണിനമ്പൂതിരിയുടെ വേളിദിനത്തിൽ തങ്കം അപമാനിക്കപ്പെടുന്ന ഒരു സംഭവമുണ്ട്. മാനമ്പള്ളിമനയ്ക്കൽ പുതിയ കുഞ്ഞാത്തലമ്മ കുടികയറിവരുന്ന ദിവസം. തങ്കമെന്ന പതിനാലുകാരി അകത്തളത്തിലേക്കു നുഴഞ്ഞു കയറവേ, ഇടനാഴിയുടെ അടുത്തെത്തിയപ്പോൾ അവൾക്ക് നേരെ മുഴങ്ങുന്ന ഭർത്സനത്തിൽ ആചാരവഴിയിലെ സ്വാമി-ഭൃത്യബോധമാണ് വെളിപ്പെടുത്തുന്നത്:

'ആയായി...! നീങ്ങി നിൽക്കൂ; കുട്ടി ! ഒക്കെത്തൊട്ട് അയിത്താക്കി കണ്ണുപൊട്ടിക്കൂലോ! അപ്ഫൻ നമ്പൂതിരിയുടെ മകളൊന്നിച്ചിട്ടു ശൂദ്രജാതി അല്ലാണ്ടാവ്വോ?'[28]

മാനമ്പള്ളി അപ്ഫൻ നമ്പൂതിരിയുടെ മകളായ താൻ എങ്ങനെ ശൂദ്രച്ചിയായി എന്ന സാമൂഹിക നിയമം തങ്കം നായരെന്ന പെൺകുട്ടിക്ക് അപ്പോൾ എത്ര ആലോചിച്ചിട്ടും പിടികിട്ടിയിരുന്നില്ല. പിതാവ് മരിച്ചപ്പോൾ, അദ്ദേഹം ഒരു നമ്പൂതിരിയാണെന്ന കാര്യം ഓർക്കാതെ, ആചാരമര്യാദകളെക്കുറിച്ച് ആലോചിക്കാതെ അച്ഛന്റെ മൃതശരീരത്തിലേക്ക് തങ്കം വീണു പോവുമ്പോഴും ആചാരത്തിന്റെ അതിർവരമ്പുകളെക്കുറിച്ച് നേത്യാരമ്മ ഓർമ്മിപ്പിക്കുന്നതു കാണാം:

'ഇനി നമുക്ക് അകത്തു കയറാൻ പാടില്ല മോളേ, അയിത്താവ്വം അല്ലെങ്കിലും നിന്റെ ശുദ്ധവും കൊണ്ടാണല്ലോ അദ്ദേഹം പോയത്. അത് എന്തു കഷ്ടമായിപ്പോയി...'[29]

ജീവിതത്തിലെ നിർണ്ണായകമായ ഈ മുഹൂർത്തത്തിലാണ് ജനിച്ചു വളർന്ന വീട് തന്റെയല്ലെന്നും തന്റെ അച്ഛൻ തന്റെയല്ലന്നും ഒന്നും തന്റെയല്ലെന്നും തങ്കത്തിന് മനസ്സിലാവുന്നത്. രക്തബന്ധങ്ങൾക്ക് ഒരു വിലയും കല്പിക്കാത്ത, മാനുഷിക മൂല്യങ്ങൾക്ക് നേരെ പുറം തിരിഞ്ഞു നിൽക്കുന്ന നമ്പൂതിരിസമുദായത്തെ ഓർത്തുള്ള തങ്കത്തിന്റെ വിലാപം ഒരു വ്യക്തിയുടെ മാത്രം വിലാപമായല്ല വായിക്കാനാവുക:

'അച്ഛാ, അടുത്ത ജന്മവും അവിടുത്തെ മകളായി ജനിക്കുവാൻ അനുഗ്രഹിക്കണമേ! അന്നു ഭൂമിയിൽ ഒരു ജാതിയേ ഉണ്ടാകാവൂ. അച്ഛനും മകൾക്കും പരസ്പരം തൊടാൻ കഴിയണം. നശിച്ച ആചാരങ്ങളുടെ പേരിൽ മനുഷ്യർ മനുഷ്യനെ ദുഃഖിപ്പിക്കാനിടവരരുത്.' [30]

കാലങ്ങളിലൂടെ, തലമുറകളിലൂടെ മാനവസംസ്ക്കാരം സ്വരൂപിച്ച നന്മയുടെ തലങ്ങളെ

യെല്ലാം അവഹേളിക്കാൻ പോന്നതായിരുന്നു ഇത്തരം ആചാര വിധികൾ. മനുഷ്യത്വരഹിതങ്ങളായ ഈ ആചാരങ്ങളെ പ്രതിയുള്ള വിലാപങ്ങൾ സമൂഹമനസ്സിൽ നിന്ന് ആവർത്തിച്ചുയരുമ്പോഴും നമ്പൂതിരി അവ കണ്ടില്ലെന്നും കേട്ടില്ലെന്നും വരുത്തിക്കൊണ്ടേയിരുന്നു. പരലോക പുണ്യത്തിനായുള്ള അവശ്യകർമ്മങ്ങളെന്ന നിലയിൽ വിധികളെ കടുകിട തെറ്റാതെ അനുഷ്ഠിച്ചു. ജന്മം വഴി മാത്രം പകർന്നു കിട്ടിയ ജാത്യുത്കൃഷ്ടതയുടെയും സ്വേച്ഛാധികാരത്തിന്റെയും പ്രയോഗത്തിലൂടെ അനാചാരങ്ങളെ ലാളിക്കുന്ന ജീർണ്ണമുഖങ്ങളെ തുറന്നു കാട്ടാനും അവയ്ക്കെല്ലാം വിനീത വിധേയരാവേണ്ടിവരുന്ന ബലിയാടുകളുടെ ദൈന്യം യഥാർത്ഥ്യ ബോധത്തോടെ വെളിപ്പെടുത്താനും ഈ കഥാപാത്രങ്ങളും സംഭവങ്ങളും നിമിത്തമാകുന്നുണ്ട്.

## ഇംഗ്ലീഷ് വിരോധവും സംസ്കൃത ഭ്രമവും

മാനമ്പള്ളിയില്ലത്തെ നമ്പൂരാർക്ക് മ്ലേച്ഛഭാഷ പഠിക്കേണ്ട ഗതികേട് ഇല്ലെന്ന അപ്ഫൻ നമ്പൂതിരിയുടെ കല്പന ശിരസാ വഹിക്കുന്നതിൽ ഉണ്ണിനമ്പൂതിരിക്ക് സന്തോഷമേയുള്ളൂ. അപ്ഫന്റെ മകളായ തങ്കത്തിനെ സംസ്കൃതം പഠിപ്പിക്കുന്നതിനു പകരമായി അവൾ തിരിച്ച് ഇംഗ്ലീഷ് പഠിപ്പിച്ചുകൊടുക്കുമ്പോൾ ഉണ്ണിനമ്പൂതിരി അവളുടെ മുമ്പിൽ വെറുതെ ചിരിച്ചുകൊണ്ടിരിക്കും. ആ ചിരിക്കു പിന്നിൽ അപ്ഫനും ആചാരങ്ങളും തന്നെ. 'ഈ കണക്കൊന്നു പറഞ്ഞു തരാമോ?' എന്നു ചോദിച്ച തിയ്യാടിപ്പെൺകുട്ടിക്കു മുമ്പിൽ ഉത്തരം മുട്ടി നിന്നു പോയ വി.ടിയുടെ ധർമ്മസങ്കടങ്ങളൊന്നും ഉണ്ണിനമ്പൂതിരിയെ അലട്ടുന്നില്ല.

യാഥാസ്ഥിതികരുടെ ഉരുക്കുമുഷ്ടികൾ തടയിടുമ്പോഴും ഉല്പതിഷ്ണുക്കളുടെ യുവജനസംഘം സമുദായത്തിന്റെ അധഃപതനത്തിനു കാരണം നവീന വിദ്യാഭ്യാസത്തിന്റെയും പരിഷ്ക്കാരങ്ങളുടെയും അഭാവമാണെന്നു തിരിച്ചറിയുന്നുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസം സാർവ്വത്രികമാക്കണമെന്ന പ്രമേയം ഉന്നയിച്ചുകൊണ്ട് കൂറൂരിനെപ്പോലെയുള്ളവർ മുന്നോട്ടു വന്നിരുന്നു. എന്നാൽ ഈശ്വരവിശ്വാസത്തിലും വൈദികവൃത്തിയിലും വൈകല്യം വന്നതുകൊണ്ടുള്ള ധർമ്മച്യുതിയാണ് സമുദായത്തിനു വന്നുപെട്ടതെന്നായിരുന്നു മറുഭാഗത്തിന്റെ വാദം. വിദേശഭാഷ മ്ലേച്ഛവും വർജ്യവുമാണെന്നും വേദവേദാംഗങ്ങളിൽ അടങ്ങാത്ത വിജ്ഞാനമില്ലെന്നും വിധിവിഹിതമായ കർമ്മത്തിൽ ലഭ്യമല്ലാത്ത ശ്രേയസ്സില്ലെന്നും അവർ വാദിക്കുന്നു. ഈയൊരു പിരിമുറുക്കം സാമൂഹ്യാന്തരീക്ഷത്തിൽ നിലനിൽക്കെ, ശാന്തിക്കാരനായി ജോലിചെയ്യുമ്പോൾ വ്യവസായ നഗരമായി വളരാൻ വെമ്പിനിൽക്കുന്ന ഷോർണൂർ തീവണ്ടിയാപ്പീസ് കാണാനിടയായ വി.ടി.ഭട്ടതിരിപ്പാട് തന്നിലുണർന്ന ചിന്തകൾ ഇങ്ങനെ രേഖപ്പെടുത്തുന്നുണ്ട്:

'ദർഭപ്പുല്ലു കൊണ്ട് പവിത്രവും കൂർച്ചവും കെട്ടി പരിസ്തരിച്ച് ഹോമരൂപേണ നമ്പൂതിരിമാർ നടത്തിവന്ന ലഘുവ്യവസായത്തിന്റെ ദയനീയമായ നിരർത്ഥകത എന്റെ മുമ്പിൽ എഴുന്നേറ്റുനിന്നു. അപ്പോൾ ഒരു നവലോകം എന്നെ മാടിവിളിക്കുന്നു എന്നു തോന്നിപ്പോയി.' [31]

ദർഭയും പവിത്രവുമുപേക്ഷിച്ച് നമ്പൂതിരി യുവജനങ്ങൾ പുതുവഴിയിലേക്ക് നിർഭയരായി നടന്നു കയറാനൊരുമ്പെട്ടപ്പോൾ അപ്ഫൻ നമ്പൂതിരിയും ഉണ്ണിനമ്പൂതിരിയുമെല്ലാം സംസ്കൃതത്തിലും വൈദിക സാഹിത്യത്തിലും തന്നെ അഭയമന്വേഷിച്ചു. അയ്യപ്പൻകാവിലെ അന്തരീക്ഷത്തിൽ തിയ്യാടിപ്പെൺകുട്ടി കൊളുത്തിയ കെടാവിളക്ക് വി.ടി.യുടെ ജീവിതത്തിൽ മഹാ ജ്യോതിസ്സായി പ്രഭ ചൊരിഞ്ഞുവെങ്കിൽ  അതിനു സമാനമായി ഇവിടെ തങ്കം എന്ന പെൺകുട്ടി നില കൊണ്ടെങ്കിലും ഉണ്ണിനമ്പൂതിരി പഴമയിലേക്കു മുഖം തിരിച്ചുതന്നെ നിലകൊണ്ടു. നൂതന വിദ്യാഭ്യാസത്തെയും അതിന്റെ സാധ്യതകളെയും കുറിച്ച് നേത്യാരമ്മായ്ക്കോ തങ്കത്തിനോ ഉള്ള അവബോധം പോലും അയാൾക്കുണ്ടായിരുന്നില്ലെന്നു കാണാം.

## യാഥാസ്ഥിതികത്വത്തിന്റെ താഡനങ്ങളും തളർച്ചയും

ബ്രാഹ്മണ്യത്തിലെ എല്ലാ യാഥാസ്ഥിതിക മനോഭാവങ്ങളും നവീന വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും അപ്ഫൻനമ്പൂതിരിയും വെച്ചു പുലർത്തുന്നുണ്ട്. കോടതിക്കേസുകളുടെ പരിചയത്തിനു വേണ്ടിയെങ്കിലും ഉണ്ണിനമ്പൂതിരി അല്പം ഇംഗ്ലീഷു പഠിച്ചു കൊള്ളട്ടെയെന്ന നിർദ്ദേശത്തെപ്പോലും അയാൾ പുച്ഛിച്ചു തള്ളിക്കളയുകയാണ്. പരിഷ്ക്കരണ സംരംഭങ്ങൾ തുടങ്ങിയ വേളയിൽ സാമൂഹികവും ദേശീയവുമായ സ്വാതന്ത്ര്യത്തിനായി ജനങ്ങൾ സംഘടിക്കാൻ തുടങ്ങിയപ്പോൾ തേതിയുടെ ജ്യേഷ്ഠനും സമുദായ പരിഷ്ക്കർത്താവുമായ പി.കെ.പി നമ്പൂതിരിയെ ഉദ്ദേശിച്ച് അപ്ഫനിലെ ബ്രഹ്മണ്യം ഇങ്ങനെ ഭീഷണി മുഴക്കുന്നുണ്ട്:

'സമുദായത്തെ ധിക്കരിക്കുന്നത് സഹിക്കാം. പക്ഷേ, സർക്കാരിനോട് മല്ലിട്ടാലുണ്ടല്ലോ! ജയിലാണ് ജയിൽ. ജയിലിൽ പോയി തിരിച്ചു വന്നോർക്കു ഭ്രഷ്ടാണ്. പിന്നെ കുടുംബോം ബന്ധുക്കളുമൊന്നുമില്ല. ഓർത്തുകൊള്ളട്ടെ ശുംഭൻ.'[32]

അധികം വൈകാതെ പി.കെ.പി.യെ നിയമലംഘനക്കുറ്റത്തിന് അറസ്റ്റു ചെയ്തുവെന്നറിയുമ്പോൾ തേതിക്കും കൂടി ബാധകമാവുന്ന രീതിയിൽ അപ്ഫന്റെ വിധി ഉണ്ടായി. ജയിലിൽ പോയ കാരണത്താൽ ഭ്രഷ്ട് കൽപ്പിക്കപ്പെട്ട പി.കെ.പിയുടെ കുടുംബത്തിലേക്ക് തേതിക്ക് പ്രവേശനവുംനിഷേധിക്കപ്പെടുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ സമുദായം സാക്ഷ്യം വഹിച്ചിരുന്ന സാമൂഹ്യനിയമങ്ങളുടെ നേർചിത്രീകരണം തന്നെയാണിവിടെ നോവലിസ്റ്റ് നട

ത്തുന്നത്. ജയിലിൽ പോകേണ്ടിവന്നതിന്റെ പേരിൽ ഭ്രഷ്ടനാകേണ്ടിവന്ന, തന്റെ ബന്ധുകൂടിയായ കൂറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിനെപ്പറ്റി ഇ.എം.എസ് ആത്മകഥയിൽ സൂചിപ്പിക്കുന്നുണ്ട്. അതുപോലെ ഖിലാഫത്ത് കാലത്ത് ജാതിഭ്രഷ്ടനാക്കപ്പെട്ട മറ്റൊരാളായിരുന്നു മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരി.

വിലക്ക് വകവെയ്ക്കാതെ, മരണശയ്യയിൽ കിടക്കുന്ന അമ്മയെ കാണാൻ പോയ തേതിയെ തറവാട്ടിലേക്ക് തിരിച്ചു കയറ്റില്ലെന്ന് അപ്ഫനിലെ യാഥാസ്ഥിതികൻ വാശിപിടിക്കുന്നു. ഇതേ കാരണത്തിന് അവരെ സമുദായത്തിൽ നിന്നു പുറന്തള്ളാൻ സ്മാർത്തവിചാരത്തിനു കോപ്പുകൂട്ടി നടക്കുന്നു. പാരമ്പര്യവും പിടിവാശിയും ദുരഭിമാനവും ഒക്കെ തികഞ്ഞ അപ്ഫൻ നമ്പൂതിരി സമുദായം ചുമന്നു നടന്നിരുന്ന നടപ്പു ജീവിതചര്യകളിലൊന്നും മാറ്റം വരുത്താൻ തയ്യാറായില്ല. കോളേജ് വിദ്യാഭ്യാസത്തിനു ശേഷമുള്ള മാന്യമായ ജോലി സമ്പാദിച്ചേ വിവാഹമുള്ളു എന്നു ശഠിച്ച തങ്കത്തിന് ഉഗ്രകോപിയായ അച്ഛനിൽ നിന്ന് അതിനൊത്ത പ്രതികരണമാണ് ലഭിച്ചത് – മുഖമടച്ചുള്ള അടി. 'ഇന്ദുലേഖ'യിൽ പാരമ്പര്യത്തെയും കാരണവരെയും എതിർക്കുന്ന സ്വാതന്ത്ര്യമോഹികൾക്കു പിന്നാലെ ഓടി വീണു മുട്ടുപൊട്ടുന്ന പഞ്ചുമേനോനെയാണ് നാം കാണുന്നതെങ്കിൽ 'അഗ്നിസാക്ഷി'യിൽ തങ്കത്തിന് അടി തന്നെ ഏറ്റുവാങ്ങേണ്ടി വന്നു. എന്നാൽ ഇത്തരം മർദ്ദിതർ മർദ്ദകരുടെ നേരെ സംഘടിതശേഷിയാർജ്ജിച്ച് പ്രതികരിക്കുന്നതും ആധിപത്യത്തിന്റെ നടുവൊടിക്കുന്നതുമായ സംഭവങ്ങൾക്ക് കേരളചരിത്രം വൈകാതെ ദൃക്സാക്ഷ്യം വഹിക്കുന്നുമുണ്ട്. പുതിയകാലത്തിനും പുതിയ തലമുറയ്ക്കും മുമ്പിൽ തന്റെ വാക്കുകൾക്ക് ശക്തി നഷ്ടമാവുന്നതും ആചാരത്തിന്റെ കോട്ടകൾക്ക് കുലുക്കം സംഭവിക്കുന്നതും അപ്ഫൻ നമ്പൂതിരിയും തിരിച്ചറിയുന്നുണ്ട്. പുറമേയ്ക്ക് അതൊക്കെ വകവെക്കാതിരിക്കുമ്പോഴും പുതിയ ചെറുപ്പക്കാരോട് താൻ തോറ്റു പോവുകയാണല്ലോ എന്ന ചിന്ത അയാളെ ഗ്രസിക്കുന്നത് കാണാനാവും. വിലക്ക് ലംഘിച്ച്, ഘോഷ ബഹിഷ്ക്കരിച്ച് തറവാടിനു പുറത്തു കടന്ന തേതിയെ ഭ്രഷ്ടയാക്കാൻ ശ്രമിച്ചെങ്കിലും സാധിക്കുന്നില്ല. ഉണ്ണിനമ്പൂതിരിയെ വേറെ വേളികഴിപ്പിക്കാൻ ആവതു ശ്രമിച്ചെങ്കിലും പറ്റിയില്ല. തറവാടുമായി ബന്ധപ്പെട്ട പല കുടിയായ്മാ കേസ്സുകളിലും പരാജയമേറ്റുവാങ്ങി. എല്ലാറ്റിനുമുപരിയായി ചെങ്ങനാട്ടമ്പലത്തിൽ അനിയൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ അയിത്തജാതിക്കാരെ കയറ്റാൻ ശ്രമം നടക്കുകയും ചെയ്തു. ഈവിധം ഭൂതകാലരതിയിൽ മതിമയങ്ങി നിന്ന ഒരു സമുദായം വർത്തമാനകാലത്തിന്റെ തീക്ഷ്ണ യാഥാർത്ഥ്യങ്ങൾക്കു മുമ്പിൽ പരുങ്ങി നിൽക്കുന്നതിന്റെ ദൃഷ്ടാന്തം കൂടിയാണ് അപ്ഫൻ നമ്പൂതിരിയുടെ അവസാനകാല ജീവിതാവസ്ഥകളുടെ ദൈന്യതയിലൂടെ കാണാനാവുക.

## സാപത്ന്യം – നമ്പൂതിരി ദാമ്പത്യത്തിലെ വികൃതാചാരം.

ഒരേ തറവാടിനുള്ളിൽ ഒരു നമ്പൂതിരിയും അനേകം ഭാര്യമാരും എന്ന അവസ്ഥ നമ്പൂതിരി കുടുംബങ്ങൾക്കകത്ത് ഉണ്ടാക്കിയ അശാന്തിയും സംഘർഷങ്ങളും വളരെ വലുതായിരുന്നു. വൈകൃതഭാവം പൂണ്ട ഈ സാമൂഹ്യവസ്ഥയുടെ അതിശയോക്തി കലരാത്ത ആവിഷ്ക്കാരം അഗ്നിസാക്ഷിയിലെ ഭ്രാന്തിച്ചെറിയമ്മ എന്ന കഥാപാത്രത്തിന്റെ ജീവിതത്തിൽ കാണാം.

ഉണ്ണിനമ്പൂതിരിയുടെ മുത്തപ്ഫന്റെ പത്നിയായിരുന്ന ഭ്രാന്തിച്ചെറിയമ്മ ഇല്ലത്തു വന്ന കാലത്ത് ഭ്രാന്തിയായിരുന്നില്ല. അവരുടെ ഒരു കണ്ണ് എറിഞ്ഞുപൊട്ടിച്ചതും കാതു വലിച്ചുപൊട്ടിച്ചതും മൂത്തപ്ഫനാണ്. ഭ്രാന്തിച്ചെറിയമ്മയെക്കാൾ പ്രായമേറിയവരായിരുന്നു നമ്പൂതിരിക്കുണ്ടായിരുന്ന ആദ്യഭാര്യയുടെ മക്കൾ. ഇതിനൊക്കെ പുറമെ മൂത്തപ്ഫന് വാര്യത്ത് സംബന്ധവുമുണ്ടായിരുന്നു. സുന്ദരിയായ ആ വാരസ്യാർ നമ്പൂതിരിയെ ഭരിക്കാൻ തുടങ്ങിയപ്പോൾ അയാൾ ഇല്ലത്തേക്ക് ഊണിനുമാത്രം വന്നാലായി. അവഗണനക്കെതിരെയുള്ള ചെറിയമ്മയുടെ പ്രതിഷേധം ശാപവചസ്സുകളിൽ നിന്ന് അടിപിടി ബഹളങ്ങളിലേക്കും ഒടുക്കം  ഭ്രാന്തിലേക്കും നീണ്ടു.

സ്നേഹരാഹിത്യവും അവഗണനയും ഒറ്റപ്പെടലുമൊക്കെച്ചേർന്ന് മഥിച്ചതിന്റെ ഫലമായാണ് അവർ ഭ്രാന്തിയായത്. സ്ത്രീകളുടെ വ്യക്തിത്വത്തിനും മോഹങ്ങൾക്കും നേരെ പുറംതിരിഞ്ഞുനിന്ന പുരുഷകേന്ദ്രിത സ്വേച്ഛാധികാര സാമൂഹ്യാവസ്ഥയാണ് ബോധമനസ്കരെ ഭ്രാന്തരാക്കുന്ന വ്യവസ്ഥിതിയുടെ പ്രായോജകർ. ബഹുഭാര്യത്വം, സാപത്ന്യം, പ്രായവ്യത്യാസ പരിഗണന കൂടാതെയുള്ള വിവാഹം, മാറ്റവേളികൾ, വ്യക്തികളുടെ ശാരീരികവും മാനസികവുമായ നിലകളെ അവഗണിക്കുന്ന ആചാരങ്ങൾ തുടങ്ങി അന്തർജ്ജനങ്ങളുടെ നരകതുല്യമായ ജീവിതപരിസരങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കാനും ചിന്തയുണർത്താനും അഗ്നിസാക്ഷിയിലെ ഭ്രാന്തിച്ചെറിയമ്മ എന്ന കഥാപാത്രം നിമിത്തമാവുന്നുണ്ട്.

## നവോത്ഥാനത്തിന്റെ സന്ദേശങ്ങളും പ്രതീകങ്ങളും

സാമൂഹിക പരിഷ്ക്കരണ ശ്രമങ്ങളുടെ വെളിച്ചത്തിൽ നമ്പൂതിരി സമുദായം സ്വയം അനാവരണം ചെയ്യപ്പെട്ട് പൊളിച്ചെഴുത്തിനും സ്വയം വിമർശനത്തിനും വിധേയമാകുന്ന കാലമാണ് 18 –19 നൂറ്റാണ്ടുകൾ. ഇക്കാലത്തെ നമ്പൂതിരി പ്രഭാവത്തിന്റെ മുദ്രകളും സാമൂഹിക പരിഷ്ക്കരണ ശ്രമങ്ങൾ ഉണ്ടാക്കുന്ന ചലനങ്ങളും  അഗ്നിസാക്ഷിയിൽ ആവിഷ്കൃതമാവുന്നുണ്ട്. ഈ നോവൽ മുന്നോട്ടു വെക്കുന്ന നവോത്ഥാനകാല ആശയഗതികളെ സാമാന്യമായി ഇങ്ങനെ സംഗ്രഹിക്കാം:

## 1. സാമുദായിക വിലക്കുകളിൽ നിന്ന് സാമൂഹ്യ - രാഷ്ട്രീയ - ദേശീയ ബോധങ്ങളിലേക്കുള്ള ഉണർവ്വ്.

സമുദായം നൂറ്റാണ്ടുകളിലായി തടവിലിട്ടിരിക്കുന്ന മനുഷ്യാവസ്ഥയുടെ പ്രതിനിധാനങ്ങളാണ് തേതിയും പി.കെ.പി നമ്പൂതിരിയും പോലുള്ള കഥാപാത്രങ്ങൾ. കാർക്കശ്യം പൂണ്ട പാരമ്പര്യ വിലക്കുകളോട് പൊരുതി നിന്ന് വ്യക്തിത്വസ്ഥാപനത്തിലേക്കും ദേശാഭിമാന ബോധത്തിലേക്കും ഉയരാനുള്ള മനോഭാവം അവരിൽ പ്രകടമാവുന്നുണ്ട്. അതുകൊണ്ടുതന്നെ അത്തരം കഥാപാത്രങ്ങളുടെ ചിന്തകൾക്കും പ്രവർത്തനങ്ങൾക്കും വൈവിധ്യപൂർണ്ണമായ തലങ്ങൾ കൈവരുന്നുണ്ട്. സ്വദേശികളുടെ ആചാരമർദ്ദനങ്ങൾക്കൊപ്പം വിദേശികളുടെ ചൂഷണമുറകളും മനുഷ്യജീവിതങ്ങളെ ദുരിതത്തിലേക്ക് തള്ളിവിട്ടപ്പോൾ ഉണ്ടായ പ്രതികരണങ്ങളും പ്രതിഷേധങ്ങളും ചരിത്രബോധത്തോടെ നോവലിൽ ആവിഷ്കൃതമാവുന്നുണ്ട്.

### തേതി - വിധേയത്വത്തിൽ നിന്ന് വിധിനിർണ്ണയത്തിലേക്ക്

തേതി എന്ന അന്തർജ്ജനത്തിന്റെ ജീവിതചരിതമാണ് 'അഗ്നിസാക്ഷി'. ദേവകി എന്ന കുട്ടിക്കാവ് വേളിയോടെ തേതി എന്ന ആത്തേമ്മാരായി മാറുന്നതോടെ സാധാരണഗതിയിൽ അവരുടെ ജീവിത ദൗത്യം ഏറെക്കുറെ പൂർണ്ണമാവുന്നു. കുടിവെപ്പിനു നാലുകെട്ടിലേക്കു പ്രവേശിച്ചാൽ പിന്നെ ചെവിയിലോത്തു കഴിഞ്ഞ് സംസ്ക്കാരത്തിനു പുറത്തേക്ക് എന്നാണ് പ്രമാണം. എന്നാൽ അത്തരം നിഷ്ഠകളെല്ലാം തെറ്റിച്ച തേതി അന്തർജ്ജനം, ദേവകി മാനമ്പള്ളി-ദേവീബഹൻ -സുമിത്രാനന്ദ എന്നീ ജീവിത ദശകളിലൂടെ ജീവിതത്തിനു ഒരു രാഷ്ട്രീയ നിയോഗം ഉണ്ടാക്കിക്കൊടുക്കുന്നതിന്റെ ചരിത്രമാണീ നോവൽ.

ഭർത്താവിനെ ശുശ്രൂഷിച്ച്, ആചാരങ്ങളെ അനുസരിച്ച് ഒരു സാധാരണ ആത്തേമ്മാരായി കുടുംബജീവിതം നയിക്കാനിച്ഛിച്ച് തറവാടിന്റെ പടികയറിവന്ന ഒരു പെൺകുട്ടിയായിരുന്നു അവൾ. എന്നാൽ ഇച്ഛകൾക്കു വിപരീതമായ ജീവിത സന്ധികളിലൂടെ അവർക്കു കടന്നു പോകേണ്ടിവരുന്നു. ജീവിതത്തെക്കുറിച്ച് ഏറെ സ്വപ്നങ്ങളും പ്രതീക്ഷകളും വെച്ചു പുലർത്തിയ ഒരു സ്ത്രീയോട് നമ്പൂതിരി സമുദായം എപ്രകാരമാണ് പെരുമാറിയിരുന്നതെന്നും അത്തരം പെരുമാറ്റങ്ങളെ എങ്ങനെ ധീരതയോടെ നേരിടുന്നു എന്നുമുള്ള ചരിത്രം ഒരേസമയം ദേവകി മാനമ്പള്ളിയുടെ ജീവിത കഥയും നമ്പൂതിരി സമുദായത്തിന്റെ ഉത്ഥാനചരിത്രവും ആയിത്തീർന്നിരിക്കുന്നു.

### വായനയും പുതിയ ലോകവും

മാനമ്പള്ളി ഇല്ലത്തെ അമ്മമാരുടെ കാഴ്ച്ചപ്പാടിൽ അടുക്കളയിലും തേവാരക്കെട്ടിലുമായി

ഒതുങ്ങി നിൽക്കേണ്ടവരാണ് ആത്തേമ്മാർ. രാമായണവും ശിവപുരാണവുമൊക്കെയാണ് അവർ ഹൃദിസ്ഥമാക്കേണ്ടത് എന്നതായിരുന്നു പരമ്പരാഗതമായ വ്യവസ്ഥ. ജീവിതചര്യകളുടെ ബന്ധനങ്ങളിൽ നിന്ന് വീണുകിട്ടുന്ന അപൂർവ്വ വേളകളിൽ വള്ളത്തോളിന്റെ കവിതകൾ പാടി ഭർത്താവിനെ ഉണർത്താൻ ഒരുമ്പെടുമ്പോൾ ഉണ്ണിനമ്പൂതിരിയാവട്ടെ, ഭഗവദ്ഗീത ഉദ്ധരിച്ച് തേതിയെ മടുപ്പിച്ചുകളയുന്നുണ്ട്. ഭഗവദ്ഗീതയും വള്ളത്തോളും ഇവിടെ രണ്ടു മനോഭാവങ്ങളെ പ്രതിനിധീകരിക്കുന്നു. ഉണ്ണിനമ്പൂതിരിയുടെ നിസ്സംഗഭാവത്തോടുള്ള പ്രതികരണമെന്നോണം തങ്കം അയാൾക്ക് പരിചയപ്പെടുത്തുന്ന ഒരു പുസ്തകം 'അപ്ഫന്റെ മകൾ' ആണ്. സംസ്കൃതവും ഗീതയും രാമായണവുമൊക്കെ അപ്ഫനും ആചാരങ്ങൾക്കുമൊത്ത പ്രതീകങ്ങളാകുമ്പോൾ 'അപ്ഫന്റെ മകളും', വള്ളത്തോൾക്കവിതകളും അന്നത്തെ പുതുതലമുറയുടെ നൂതന അവബോധത്തിന്റെ മാതൃകകൾ ആയിത്തീരുന്നു. തേതിയുടെ പെട്ടിയിൽ ശീലകൾക്കുപകരം കടലാസ്സുകളാണുള്ളതെന്ന ആക്ഷേപം നാലുകെട്ടിനകത്തെ അക്ഷരവൈരികളിൽ നിന്ന് ഉയരുന്നുണ്ട്. ഒഴിവുവേളകളിൽ തങ്കവുമൊത്ത് വായനയിലും പൊതുകാര്യ സല്ലാപങ്ങളിലുമേർപ്പെടുന്നതിലും ഇതേകൂട്ടർ പിറുപിറുക്കുന്നതും വിരുദ്ധ മനോഭാവങ്ങളുടെ പ്രതിനിധാനങ്ങളാകുന്നു.

## ഉത്തരവാദിത്വബോധവും വ്യക്തിത്വസ്ഥാപനവും

ഒരാളോട് മിണ്ടാനില്ലാതെ, ഒരക്ഷരം വായിക്കാൻ ലഭിക്കാതെ ആത്തേമ്മാരുടെ അവഹേളനങ്ങൾ സഹിച്ച് സനാഥയെങ്കിലും അനാഥത്വമാർന്ന ജീവിതമാണ് മാനമ്പള്ളിയിൽ തേതി അനുഭവിക്കുന്നത്. തേതിയുടെ ചിന്താതലത്തിന്റെ അടുത്തെങ്ങും ചെന്നു പറ്റാനാവാത്ത, കാഴ്ചപ്പാടുകളിൽ പ്രകടമായ വൈരുദ്ധ്യം നിറഞ്ഞുനിന്ന ഒരു ബന്ധമായിരുന്നു ദാമ്പത്യത്തിൽ അവർ തമ്മിലുണ്ടായിരുന്നത്. ഇഹലോക വ്യാപാരങ്ങൾ പാടെ മറന്ന, പരലോക ശാന്തിയിലും പൂജകളിലും മാത്രം മുഴുകിയ വ്യക്തിയായിരുന്നു ഉണ്ണിനമ്പൂതിരി. തേതി ജ്യേഷ്ഠനോട് ഇതേപ്പറ്റി പരിതപിക്കുന്നത് ഇങ്ങനെയാണ്:

'ഓപ്പേ, അവിടുന്ന് ദേവനാണ്, മനുഷ്യനല്ല. മനുഷ്യരുടെ കഥപറഞ്ഞ് പഠിപ്പിച്ചിട്ട് എന്നെ എന്തിനൊരു ദേവന് വേളി കഴിച്ചു കൊടുത്തു.?' [33]

മനുഷ്യർ നേരിടുന്ന ഒരു പ്രശ്നത്തിലും അഭിപ്രായം പറയാനോ ഇടപെടാനോ അയാൾ തുനിഞ്ഞിരുന്നില്ല. പി.കെ.പിയെ സമുദായഭ്രഷ്ടനാക്കി കല്പിച്ചതിനാൽ ആ വീട്ടിലേക്കു പോകുന്നവർക്കും ഭ്രഷ്ട് പ്രഖ്യാപിച്ചു. പിറന്നില്ലവുമായുള്ള തേതിയുടെ ബന്ധം അപ്ഫൻ വിച്ഛേദിക്കുമ്പോൾ ഒരക്ഷരം പോലും ഉരിയാടാതെ നിന്നു. എന്നാൽ അമ്മ അസുഖ ബാധിതയായ സന്ദർഭ

ത്തിൽ ഭ്രഷ്ട് ഭീഷണി വകവെക്കാതെ ഉത്തരവാദിത്വബോധത്തോടെ തികച്ചും മനുഷ്യോചിത മായ രീതിയിൽ തേതി തന്റെ കടമ നിറവേറ്റി. അതിലൂടെ അപ്ഫന്റെ അനുശാസനങ്ങളെ തേതി പരസ്യമായി ലംഘിക്കുന്നു. യുക്തിയില്ലാത്ത ആചാരങ്ങൾക്കെതിരെ ഒറ്റയ്ക്കു നിന്നു പോരാടാ നുറച്ച അന്നത്തെ സ്ത്രീ അനുസരിക്കേണ്ട ആചാരവഴക്കങ്ങൾ മറികടന്ന് കടമകളുടെ ഉത്തരവാ ദിത്വപൂർണ്ണമായ തലങ്ങളിലേക്കുള്ള പ്രയാണത്തിൽ വ്യക്തിത്വ സ്ഥാപനത്തിന്റെയും സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെയും വിപ്ലവബോധം പ്രകടമാണ്.

**സമത്വദർശനം**

വർണ്ണശ്രേണിയുടെ തരംതിരിവുകൾ മനുഷ്യരിൽ നിന്ന് സ്ഥലങ്ങളിലേക്കും സ്ഥാപന ങ്ങളിലേക്കും പകർന്ന വിചിത്രമായ സാമൂഹ്യാവസ്ഥയുടെ ചിത്രം വി.ടി തന്റെ ആത്മകഥയിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

'ബ്രാഹ്മണ ഭോജനശാല, നായർ ഹോട്ടൽ, ഈഴവ റസ്റ്റോറന്റ്, സവർണ്ണക്ഷുരക ശാല, മുസ്ലിം സലൂൺ, യാക്കോബായ സുറിയാനി ജവുളിക്കടകൾ ഇങ്ങനെ വർഗ്ഗീയതയുടെ പേക്കോ ലങ്ങൾ കൊണ്ട് അടയാളപ്പെടുത്താത്ത തെരുവുപീടികകൾ അന്നുണ്ടായിരുന്നില്ല. ചുരുക്കത്തിൽ സ്ക്കൂളുകൾ, കോളേജുകൾ, ബാങ്കുകൾ, അച്ചുക്കൂടങ്ങൾ, വായനശാലകൾ, ക്ഷേത്രങ്ങൾ തെരു വുകൾ, ഇങ്ങനെ മനുഷ്യോപയോഗപ്രദങ്ങളായ സ്ഥലങ്ങളും സ്ഥാപനങ്ങളും ജാതിയുടെ അല്ലെ ങ്കിൽ മതത്തിന്റെ മേൽവിലാസത്തിലല്ലാതെ കേവലമനുഷ്യരുടേതായി അന്ന് ഒന്നും തന്നെ ഉണ്ടാ യിരുന്നില്ല.'[34]

ഈ രീതിയിൽ സമൂഹശരീരത്തിന്റെ അകം – പുറങ്ങളിലൊരിടവും വിഭജനങ്ങളിൽ നിന്ന് മുക്തമായിരുന്നില്ല. എന്നാൽ സാമീപ്യവും സ്പർശനവുമെന്നുവേണ്ട ദർശനം പോലും അശു ദ്ധിക്ക് ഹേതുവായി കണക്കാക്കിപ്പോന്നിരുന്ന ഇത്തരം സാമുദായിക പരിഗണനകളെ തേതി പാടെ അവഗണിച്ചിരുന്നു. തനിക്ക് ഒരേയൊരു കൂട്ടായി തറവാട്ടിലുണ്ടായിരുന്ന തങ്കത്തിനോട് ജാതി പരിഗണനയ്ക്ക് വിധേയമായല്ല തേതി ഇടപ്പെട്ടത്. അവർ തമ്മിൽ സല്ലാപവും ചർച്ചയും തകൃതിയായി നടന്നിരുന്നു. തന്റെ സ്വപ്നങ്ങളും സങ്കടങ്ങളും തേതി തുറന്നുവെച്ചത് തങ്കത്തിന്റെ മുമ്പിലായിരുന്നു. ഒരു മനസ്സെന്ന വണ്ണം തേതിക്ക് തങ്കത്തിനോടുള്ള ബന്ധം ഗാഢമായിരുന്നു. അത് ജന്മത്തിനും ജാതിക്കുമപ്പുറത്തുള്ള ഒരു മാനസികൈക്യമായിരുന്നു.പരിചര്യ ചെയ്യേണ്ടുന്ന ഒരു സാമുദായികാംഗത്തിന്റെ അതിസ്വാതന്ത്ര്യത്തിനെതിരെ മറ്റ് ആത്തേമ്മാർ പരിഹാസത്തി ലൂടെയും അവഹേളനങ്ങളിലൂടെയും പ്രതികരിച്ചിരുന്നു. എന്നാൽ തേതി അതൊന്നും കണക്കി

ലെടുത്തില്ലെന്നു മാത്രമല്ല മനയ്ക്കലെ പണിക്കാരിയുടെ പേരക്കുട്ടിയോടുപോലും വിവേചനങ്ങളേതുമില്ലാതെ പെരുമാറുന്നുമുണ്ട്.

മാതൃത്വം വിലക്കപ്പെട്ട കനിയായിത്തീർന്നെങ്കിലും ജാതി – മത വർഗ്ഗങ്ങൾക്കതീതമായ മാനുഷികതയെയും മാതൃത്വത്തെയും തേതി സ്നേഹിക്കുകയും മോഹിക്കുകയും ചെയ്തിരുന്നു. ചെറുപ്പത്തിൽ ഓപ്പയോടൊപ്പം ഒരു ക്രിസ്ത്യൻപള്ളി സന്ദർശിച്ച വേളയിൽ കന്യാമറിയത്തിന്റെ പ്രതിമ കണ്ടമാത്രയിൽ ആശ്ചര്യത്തോടെ 'ആഹാ, എന്തു നല്ല അമ്മ! എന്തൊരന്തസ്സാണ്! എനിക്കും ഇതുപോലെ ഒരമ്മയാവണം' എന്നു പറയുന്നുണ്ട്. ഈയൊരു മനോഭാവത്തിന്റെ വികസ്വര രൂപമാണ് സമുദായത്തിൽ നിന്ന് ദേശീയമാനത്തിലേക്കു വളർന്ന അവരുടെ പ്രവർത്തന സ്വഭാവത്തിൽ വെളിപ്പെടുന്നത്. മനുഷ്യരെ ജാതി -മത- വർഗ്ഗ – ലിംഗ ഭേദമെന്യേ സമഭാവനയുടെ കണ്ണിലൂടെ കാണാനുള്ള ആഹ്വാനവും പ്രവർത്തനങ്ങളുമായിരുന്നു നവോത്ഥാന കാലത്തെ സാമൂഹ്യമുന്നേറ്റങ്ങളുടെ കരുത്തും കരുതലും. മാതൃത്വത്തിന്റെ സന്തോഷവും കുടുംബജീവിതത്തിന്റെ സുരക്ഷിതത്വവും സംതൃപ്തിയും പോലും സമൂഹം അടിച്ചേൽപ്പിക്കുന്ന ഒരു സ്ത്രൈണാദർശം മാത്രമാണ് എന്ന തലത്തിലേക്ക് വിശാല ഫെമിനിസ്റ്റ് വീക്ഷണങ്ങൾ അധികം വൈകാതെ സ്ത്രീ ചേതനയുടെ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്.

## സ്ത്രീസ്വാതന്ത്ര്യം

അപ്ഫനെയും അമ്മയെയും ആചാരങ്ങളെയും ദൈവത്തെപോലും ഭയന്ന ഉണ്ണിനമ്പൂതിരിയിൽ നിന്ന് അവഗണനാപൂരിതമായ ദാമ്പത്യമാണ് തേതി അനുഭവിക്കുന്നത്. അവഗണനയും അനാഥത്വവും സ്നേഹശൂന്യതയും തേതിയിൽ സൃഷ്ടിച്ച ആന്തരിക വിക്ഷോഭങ്ങൾ തിരിച്ചറിയപ്പെടാതെയും ലഘൂകരിക്കപ്പെടാതെയും പോകുന്നുണ്ട്. അതേ സമയം ജ്യേഷ്ഠനായ പി.കെ.പി. സാമൂദായിക ജീർണ്ണതകൾക്കെതിരെ സമൂഹമദ്ധ്യത്തിലിറങ്ങി ശക്തമായ പ്രവർത്തനങ്ങളും പ്രഭാഷണങ്ങളും തുടർന്നിരുന്നു. അതു വായിച്ചറിയുന്ന തേതി അസൂയയോടെ തങ്കത്തിനോട് ഇങ്ങനെ പറയുന്നുണ്ട്:

'തങ്കം ഞാനൊരാണായിരുന്നെങ്കിൽ എന്നു വിചാരിക്കുകയാണ്. ആണായിരുന്നെങ്കിൽ ഞാനെന്റെ ഭാര്യയ്ക്കു മാത്രമല്ല എല്ലാ സ്ത്രീകൾക്കും സ്വാതന്ത്ര്യം കൊടുത്തേനെ! രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയും മനുഷ്യരുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയും!'[39]

തേതി ഉള്ളിലമർത്തിയിരുന്ന സ്വാതന്ത്ര്യവാഞ്ഛയുടെ ആഴം ഈ പ്രസ്താവനയിൽ അന്തർഭവിച്ചിരിക്കുന്നു. ഭർത്താവിന്റെ നിരുത്തരവാദിത്വവും പൗരുഷമില്ലായ്മയും പരസ്യമായി പ്രഖ്യാപിക്കുന്ന തരത്തിലേക്ക് അവരിലെ നൈരാശ്യം വളരുന്നു. ദൈവതുല്യനെന്നു പരിഗണിച്ച്

ആദരിക്കേണ്ട പതിയെ ആ പദവിയിൽ നിന്ന് മണ്ണിലിറക്കി നിർത്തി അവർ വിചാരണ നടത്തുന്നു. ഭാര്യ എന്ന നിലയിലോ ഒരു സ്ത്രിയെന്ന നിലയിലോ പോലുമുള്ള പരിഗണന നൽകാനുള്ള ആർജ്ജവം ആ നമ്പൂതിരിയിൽ നിന്നുണ്ടായില്ല. ഇതിലപ്പുറം സമുദായമെന്ന കാരാഗൃഹത്തിനകത്ത് സ്വയം വിലങ്ങുകളണിഞ്ഞ് കിടക്കുന്ന പുരുഷവിധേയത്വത്തെയും അവർ ചോദ്യ ചെയ്യുന്നു.

ക്ഷമ, വിനയം, കരുണ, ദയ, വിധേയത്വം തുടങ്ങിയവയൊക്കെ മാനുഷിക വികാരങ്ങളിൽക്കവിഞ്ഞ് സ്ത്രീകളുടെ മനോഭാവവും പര്യായവുമായാണ് പരിഗണിക്കപ്പെട്ടു പോന്നിരുന്നത്. നൂറ്റാണ്ടുകളിലൂടെ വിധേയത്വ ഭാവങ്ങളാൽ അലങ്കരിക്കപ്പെടുകയോ അല്ലെങ്കിൽ അടിച്ചേല്പിക്കപ്പെടുകയോ ചെയ്യുകവഴി സ്ത്രികൾക്കുമേൽ പുരുഷൻ നേടിയ മേധാവിത്വം കായികശക്തികൊണ്ട് പ്രകൃതിശക്തികൾക്കുമേൽ നേടിയ അധീശത്വത്തെക്കാളും അവന് ഉപകരിച്ചിരുന്നു. ഒരു കുടുംബത്തിനകത്ത് പുരുഷൻ മുതലാളിയും സ്ത്രീ തൊഴിലാളിയുമായി മാറ്റുക വഴി സാമ്പത്തിക അധികാരത്തിനൊപ്പം കുടുംബജീവിതത്തിന്റെ കടിഞ്ഞാണും പുരുഷന്റെ കയ്യിലകപ്പെട്ടു. പുരുഷന്റെയും കുട്ടികളുടെയും ശുശ്രൂഷ സ്ത്രീയുടെ കർമ്മവും കടമയുമായപ്പോൾ സുരക്ഷിതത്വബോധം അവൻ പകരം നൽകി. ഒപ്പം പതിവ്രത, ശീലാവതി, മാതൃദേവത, ക്ഷമാസ്വരൂപിണി തുടങ്ങിയ ഉന്നത ബിരുദങ്ങൾ സമ്മാനിച്ച് സമ്പൂർണ്ണ വിധേയത്വത്തിന്റെ അടിമഭാവത്തിലേക്ക് സ്ത്രീവർഗ്ഗത്തെ രൂപപ്പെടുത്തിയെടുക്കുന്നതിലും പുരുഷവർഗ്ഗം വിജയം കണ്ടു. മതവിശ്വാസങ്ങൾക്കൊപ്പം ഇത്തരം പ്രത്യക്ഷമോ പരോക്ഷമോ ആയ ആധിപത്യപ്രലോഭനങ്ങളിലൂടെ സ്ത്രീചേതനയിൽ നടപ്പിൽ വരുത്തിയ സാമൂഹ്യവൽക്കരണങ്ങളിലൂടെയാണ് (Conditioning) പുരുഷവർഗ്ഗം സമൂഹത്തിന്റെ നേർപാതിയെ രണ്ടാംലിംഗമാക്കി മാറ്റിയെടുത്തത്. സ്ത്രീ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയായി പരിണമിക്കുകയാണ് (Second sex, Simone de beauvoir) എന്ന സാമൂഹ്യ ശാസ്ത്ര വീക്ഷണത്തിന് ദേശ കാല ഭേദങ്ങളില്ലെന്നർത്ഥം.

രണ്ടാംകിട പരിഗണന, വിദ്യാനിഷേധം, ഋതുമതിവിവാഹം, വർഗ്ഗപരിശുദ്ധി മുൻനിർത്തിയുള്ള കർക്കശ സദാചാരനിഷ്ഠകൾ, ഭയാനക ശിക്ഷാവിധികൾ, വേഷവിധാനങ്ങളിൽപ്പോലുമുള്ള ശാസനകൾ തുടങ്ങി അന്തമില്ലാത്ത വിലക്കുകളും കല്പനകളും ഇവിടെ സ്ത്രീയെ ചൊൽപ്പടിയിൽ നിർത്താനുള്ള പുരുഷോപായങ്ങളായി. ആര്യസംസ്കൃതിയുടെ ധർമ്മശാസ്ത്രവിധികൾ ഭാരതീയ സ്ത്രീത്വത്തിന്റെയും കുടുംബഘടനയുടെയും ചര്യാമര്യാദകളായി മാറിയതു മുതൽ ബ്രിട്ടീഷാധിപത്യം വരേയ്ക്കും സ്ത്രീകൾ പുരുഷന്റെ ഭോഗവസ്തുക്കളായിത്തന്നെ തുടർന്നിരുന്നു. വൈദേശിക സമ്പർക്കം വഴി നടപ്പിലായ വിദ്യാഭ്യാസം പുരോഗമനാശയങ്ങൾ

സ്വാതന്ത്ര്യസമരം, സാഹിത്യ - സാംസ്ക്കാരിക - സംഘടനാ പ്രവർത്തനങ്ങൾ, നവോത്ഥാന ശ്രമങ്ങൾ, എന്നിവയിലൂടെയാണ് സ്ത്രീകൾ പതുക്കെ മോചനത്തിന്റെ പാതയിലേക്ക് നടന്നു കയറുന്നത്. ആചാരവിലങ്ങുകളാൽ ബന്ധിതയായിരിക്കുമ്പോഴും കാലങ്ങളിലൂടെ രൂപപ്പെടുത്തപ്പെട്ട പുരുഷാധിപത്യ പ്രവണതകൾക്കു നേരേ തേതി സധൈര്യം പെൺകരുത്തിന്റെ ശബ്ദമുയർത്തുന്നതാണ് കാണാനാവുക.

## സാമൂഹിക സ്വാതന്ത്ര്യം

കുടയും പുതപ്പുമായി കുനിഞ്ഞു നടക്കുന്ന ഒരന്തർജനത്തിൽ നിന്ന് വിപ്ലവകരമായ നീക്കങ്ങൾ സ്വീകരിക്കാൻ തക്ക വിശാലമായിരുന്നില്ല അന്നത്തെ സമൂഹമനസ്സ്. എല്ലാ വിലങ്ങുകളും പൊട്ടിച്ചെറിഞ്ഞു കൊണ്ട് അവർ അന്തപ്പുരത്തിലെ ഇരുട്ടിൽ നിന്ന് ജീവിത യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിലേക്കിറങ്ങി. പരിഷ്കൃത രീതിയിൽ സാരിയും ബ്ലൗസും ധരിച്ച് പ്ലാറ്റ്ഫോറത്തിൽ കയറി നിന്ന അവർ ഉയർന്ന ശിരസ്സോടെയും ഉറച്ച സ്വരത്തോടെയും പ്രസംഗിച്ചു:

'ഒരു ജാതിയുടെയോ ഒരു മതത്തിന്റെയോ സമുദായത്തിന്റെയോ ആളല്ല ഞാൻ; നൂറ്റാണ്ടുകളായി മർദ്ദനമനുഭവിക്കുന്ന സ്ത്രി വർഗ്ഗത്തിന്റെ മുഴുവൻ പ്രതിനിധിയാണ്. മൂടുപടം നീക്കി മുമ്പിൽ നിൽക്കുന്ന ഈ സത്യത്തെ നോക്കി നിങ്ങൾക്കു ശപിക്കയോ അനുഗ്രഹിക്കുകയോ ചെയ്യാം. പക്ഷേ ഞങ്ങളുടേതായ ഈ ദുഃഖഭാരം നിങ്ങളുടെ സൃഷ്ടിയാണെന്ന് ഓർമ്മ വേണം.'[36]

മൂടുപടം മാറ്റിക്കൊണ്ട് ഒരു നമ്പൂതിരി യുവതി പുറത്തുവന്ന സാഹസികതയെ ഉൾക്കൊള്ളാൻ സമുദായം നന്നേ ബുദ്ധിമുട്ടുന്നുണ്ട്. 1929 ഡിസംബറിൽ എടക്കുനിയിൽ കൂടിയ യോഗക്ഷേമസഭാ സമ്മേളനത്തിൽ വെച്ച് മിസ്സിസ് മനേഴി ആണ് ഘോഷ ബഹിഷ്ക്കരണത്തിന് തുടക്കം കുറിച്ചത്. യോഗക്ഷേമസഭയുടെ പ്രത്യേകിച്ച് യുവജനസംഘത്തിന്റെ നേതൃത്വം ഉണ്ണിനമ്പൂതിരി പോലുള്ള മാസികകളിലും പത്രങ്ങളിലും പ്രത്യക്ഷപ്പെട്ട ലേഖനങ്ങൾ, കഥകൾ, നാടകങ്ങൾ തുടങ്ങിയ കലാസംസ്ക്കാരിക സംരംഭങ്ങൾ എന്നിവ ഈ കൃത്യത്തിന് പിൻബലവും ഊർജ്ജസ്രോതസ്സുമായി വർത്തിച്ചിരുന്നു. ആദ്യ ഘോഷാബഹിഷ്ക്കരണത്തിന് ശേഷം ഒരു കൊല്ലത്തിനിടയിൽ പാർവ്വതി നെന്മിനിമംഗലം, ആര്യാപള്ളം തുടങ്ങി ഒരു ഡസനോളം നമ്പൂതിരി സ്ത്രീകൾ കൂട്ടായി ഘോഷ ബഹിഷ്ക്കരിച്ചു പുറത്തു വന്നു. മറക്കുടയ്ക്കുള്ളിൽ മൂടിവെച്ച അന്തർജനത്വം തങ്ങൾക്കിനി വേണ്ടന്നും ആരുടെ കണ്ണിൽ പെട്ടാലും അവരുടെ സ്ത്രീത്വം അലിഞ്ഞു പോവില്ലെന്നും ഏതു വെയിൽ കൊണ്ടാലും തങ്ങളുടെ വ്യക്തിത്വം കരിഞ്ഞു പോവില്ലെന്നും അവർ ഉറക്കെ പ്രഖ്യാപിച്ചു. ഘോഷ ബഹിഷ്ക്കരിച്ച അന്തർജനങ്ങളായ ആര്യാ പള്ളത്തിനും ശ്രീമതി

നെന്മിനിമംഗലത്തിനും കൊല്ലത്ത് 1107 ൽ മാവേലിക്കരയിൽ വെച്ചു നൽകിയ സ്വീകരണത്തിൽ വെച്ച് മന്നത്ത് പദ്മനാഭൻ ഇങ്ങനെ പ്രസംഗിക്കുന്നുണ്ട്:

'ഇതാ, ഇതു മായയാണെന്നു വിചാരിക്കേണ്ട. ഇക്കാണുന്നതെല്ലാം കറകളഞ്ഞ അന്തർജ നങ്ങളാണ്. അന്തർജനങ്ങളെ കണ്ടാൽ കണ്ണുപൊട്ടുമെന്നു പേടിയുള്ളവർ കണ്ണടച്ചു കൊള്ള ണം.'[37]

ഇല്ലത്തിനകത്തെ നിരോധനം ലംഘിച്ചുകൊണ്ട് അസുഖബാധിതയായ അമ്മയെ കാണാനുള്ള തേതിയുടെ പിറന്നല്ലത്തേക്കുള്ള യാത്ര, അന്ന് ഒരു അന്തർജനത്തിൽ നിന്ന് പ്രതീ ക്ഷിക്കാവുന്നതിലും അപ്പുറമാണ്. ആ ബഹിർഗമനം എല്ലാ ചങ്ങലക്കെട്ടുകളിൽ നിന്നും മോചി തയാകാനുള്ള സ്വാതന്ത്ര്യബോധത്തിന്റെ നിശ്ശബ്ദപ്രഖ്യാപനം ആയിരുന്നു. ഘോഷാബഹിഷ്ക്ക രണം എന്ന വിപ്ലവകൃത്യത്തോടെ ആ ഇച്ഛയുടെ പരസ്യപ്രകടനമായി. അവരെ വരുതിയിൽ നിർത്താൻ അപ്ഫന് സാധിച്ചില്ലെന്നു മാത്രമല്ല നിന്നു കൊടുക്കാൻ അവർ തയ്യാറാവുന്നുമില്ല. വിലക്കുകളുടെ പത്മവ്യൂഹത്തിൽ സ്ത്രീകളെ ശ്വാസം മുട്ടിക്കുന്ന സാമൂഹ്യവസ്ഥയുടെ ബുദ്ധി കേന്ദ്രം പുരുഷാധിപത്യത്തിന്റെ സ്വേച്ഛാവിലാസങ്ങളാണെന്ന് തിരിച്ചറിയുകയും അതിനെതിരെ പ്രതിഷേധിക്കുകയും പ്രവർത്തിക്കുകയും ചെയ്യാനൊരുമ്പെട്ടിറങ്ങി എന്നിടത്താണ് തേതി എന്ന കഥാപാത്രം സവിശേഷ ശ്രദ്ധയാകർഷിക്കുന്നത്. 'യുവജനസംഘം' പോലുള്ള കൂട്ടായ്മയിലൂടെ ശക്തി സമാഹരിക്കപ്പെട്ട ഇത്തരം പ്രതിഷേധങ്ങൾ നമ്പൂതിരിസമുദായത്തിനകത്ത് നിന്നു തന്നെ രൂപപ്പെടുകയും അവ കേന്ദ്രീകരിക്കപ്പെട്ട് സംഘടിത ശക്തിയാർജ്ജിക്കുകയും സാമൂഹികാനീതി കൾക്കെതിരെ സമരപ്രഖ്യാപനം നടത്തുകയും ചെയ്യുന്നതിന്റെ ചരിത്രം നവോത്ഥാന ചരിത്ര ത്തിന്റെ കൈവഴികളിൽ പ്രധാനമായ ഒന്നാണ്.

ഉണ്ണിനമ്പൂതിരിയെപ്പോലെയുള്ളവർക്ക് ദൈവമെന്ന സങ്കല്പം സാമ്പ്രദായിക പരികല്പ നകളിലധിഷ്ഠിതമായ ഒന്നായിരുന്നു. എന്നാൽ ഉണ്ണിനമ്പൂതിരിയുടെ തലമുറകളിൽപ്പെട്ട വിപ്ലവ കാരികൾക്ക് ദൈവമെന്നത് ചില ആദർശങ്ങളായിരുന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യം, സാമൂഹിക സ്വാതന്ത്ര്യം , വ്യക്തിസ്വാതന്ത്ര്യം എന്നിവയ്ക്കു വേണ്ടിയുള്ള ബലിദാനമായിരുന്നു അവർക്കു ജീവിതം. ഉണ്ണിനമ്പൂതിരിയുടെ വേളി എന്ന നിലയിൽ അബലയും മർദ്ദിതയുമായ തേതിയിൽ നിന്ന് ദേവകി മാനമ്പള്ളി എന്ന പുതിയ ജീവിതാവസ്ഥയിലേക്ക് അവർക്ക് ഭാവപ്പകർച്ച ഉണ്ടാവു ന്നു. സ്വന്തം ഭാഗധേയം തിരിച്ചറിഞ്ഞ അവർ ഭർതൃപരിചരണത്തിൽ നിന്ന് സമുദായത്തിന്റെയും രാജ്യത്തിന്റെയും പരിസേവനത്തിലേക്ക് ആർജ്ജവത്തോടെ നടന്നു കയറുന്നതിന്റെ ചിത്രം നോവ ലിൽ കാണാം

## ഗാന്ധിസവും ദേശരാഷ്ട്ര സങ്കല്പനവും

ഒരു രാജ്യത്തിലെ ജനങ്ങൾക്കിടയിൽ രൂപം കൊള്ളുന്ന സ്വരാജ്യസ്നേഹം, ഐക്യമത ബോധം, സൗഹാർദ്ദ മനോഭാവം തുടങ്ങിയ സ്വഭാവ ഗുണങ്ങൾ ഒരുമിക്കുന്ന സവിശേഷമായ വൈകാരികാവസ്ഥയാണ് ദേശീയത അഥവാ ദേശീയബോധം. ഭാഷ, മതം, വംശം, പൊതുവായ സംസ്കൃതി തുടങ്ങിയവ ദേശീയബോധത്തിലേക്കു നയിക്കാവുന്ന ഘടകങ്ങളാണ്. ബ്രിട്ടീഷ് കോളനിവൽക്കരണത്തിനെതിരെ രാഷ്ട്രീയ സ്വാതന്ത്ര്യം എന്ന പൊതുലക്ഷ്യം നേടുക എന്നതായിരുന്നു ഇന്ത്യൻ ദേശീയ ബോധത്തിന്റെ വളർച്ചയെ ഉണർത്താനും ഉത്തേജിപ്പിക്കാനും നിമിത്തമായ പ്രധാന ഘടകം. രാജ്യത്തിന്റെ രാഷ്ട്രീയവും സാമൂഹികവും സാംസ്ക്കാരികവുമായ ഗതിവിഗതികളിൽ പങ്കാളികളായിക്കൊണ്ട് രാഷ്ട്രത്തിനുവേണ്ടി ത്യാഗം സഹിക്കുക എന്നത് സ്വാതന്ത്ര്യസമര കാലത്ത് വലിയ ബഹുമതിയായി പരിഗണിക്കപ്പെട്ടിരുന്നു.

ആധുനിക രീതിയിലുള്ള ദേശീയബോധം യൂറോപ്പിൽ വളർന്ന് തുടങ്ങുന്നത് 15-ാം നൂറ്റാണ്ടോടുകൂടിയാണ്. മതത്തിന്റെ കെട്ടുപാടുകളിൽ നിന്ന് സ്വാതന്ത്ര്യം നേടിക്കൊണ്ട് വ്യക്തിസ്വാതന്ത്ര്യത്തിനു ലഭിച്ച മുൻഗണനന നവോത്ഥാനകാലത്ത് യൂറോപ്പിൽ വലിയ ചലനങ്ങൾ ഉണ്ടാക്കിയിരുന്നു. മതത്തിന്റെ ബന്ധനത്തിൽ നിന്ന് മോചനം നേടാനുള്ള എളുപ്പവഴി ദേശഭക്തരായി മാറുക എന്നതാണെന്ന് അനുഭവം അവരെ പഠിപ്പിക്കുകയും ചെയ്തിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായ സാംസ്കാരിക - സാമൂഹിക നവോത്ഥാന പ്രവർത്തനങ്ങളാണ് ഇന്ത്യൻ ജനതയെ ദേശീയ ബോധത്തിലേക്കും ദേശരാഷ്ട്ര സങ്കല്പനത്തിലേക്കും നയിച്ചത്. ദേശീയൈക്യം, രാഷ്ട്രീയ സ്വാതന്ത്ര്യം, അവസരസമത്വം, സാമൂഹ്യനീതി തുടങ്ങിയ പുരോഗമനാശയങ്ങളോട് ജനങ്ങൾ ആഭിമുഖ്യമുള്ളവരായിത്തീർന്നു. യുക്ത്യധിഷ്ഠിതവും ശാസ്ത്രീയവുമായ ചിന്ത രാജ്യത്ത് ഉയർന്നു വന്നു. സാമൂഹിക - ആദ്ധ്യാത്മിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനം, വർത്തമാന പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും വളർച്ച, ബ്രിട്ടീഷ് ആധിപത്യത്തിന്റെ അനുകൂലവും പ്രതികൂലവുമായ ഫലങ്ങൾ, സ്ത്രീസമുദ്ധാരണ പ്രസ്ഥാനങ്ങൾ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആവിർഭാവം തുടങ്ങിയവ ഇന്ത്യൻ ദേശീയബോധത്തിന്റെ വളർച്ചയ്ക്ക് പ്രേരക ശക്തിയായി. ഇത്തരം സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തനങ്ങളുടെ കൂട്ടായ്മ ഐകമത്യബോധവും ഭാരതീയരാണെന്ന ധാരണയും പ്രബലമാക്കുകയും നാനാത്വത്തിലെ ഏകത്വത്തിലേക്ക് നയിക്കുകയും ചെയ്തു. ഗാന്ധിജിയുടെ നേതൃത്വവും ദേശവ്യാപകമായി ഉയർന്നു വന്ന കൊളോണിയൽ വിരുദ്ധ പ്രക്ഷോഭങ്ങളും ഇരുപതാം നൂറ്റാണ്ടോടെ ഇന്ത്യക്കാരിൽ ദേശീയ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള അഭിവാഞ്ഛയുണർത്തി.

ലോകമെമ്പാടും യൂറോപ്യൻ രാഷ്ട്രമാതൃകയെയും അതിന്റെ ആവിഷ്ക്കാരങ്ങളെയും സ്വീകരിച്ചാണ് രാഷ്ട്രങ്ങൾ രൂപപ്പെട്ടത് എന്ന വാദത്തെ നിരാകരിച്ചുകൊണ്ട് എം.ആർ മഹേഷ് ഇന്ത്യൻ ദേശീയതയെ ഇങ്ങനെ വിലയിരുത്തുന്നുണ്ട്:

'നമ്മുടെ ദേശീയത കൊളോണിയൽ വിരുദ്ധമായ പ്രതിരോധങ്ങളുടെ നിർമ്മിതിയാണ്. കോളനീകരണത്തോടുള്ള പലമട്ടിലുള്ള എതിർപ്പുകളിലൂടെയാണ് ഇന്ത്യൻ സമൂഹങ്ങൾ ആധുനീകരിക്കപ്പെടുവാനും രാഷ്ട്രവിഭാവനയിൽ കണ്ണിചേരാനും തുടങ്ങുന്നത്. കൊളോണിയൽ ഭരണകൂടം അതിന്റെ വിവിധങ്ങളായ ഉപകരണങ്ങളിലൂടെ മുന്നോട്ടുവച്ച ഔദ്യോഗിക ദേശീയതയല്ല; സ്വാതന്ത്ര്യ സമരങ്ങളിലൂടെ രൂപപ്പെടുന്ന പ്രതിരോധപരമായ രാഷ്ട്ര സങ്കല്പമാണ് ഇന്ത്യയിൽ പ്രബലമാകുന്നത്.'[38]

സമുദായത്തിൽ നിന്ന് രാഷ്ട്രീയത്തിലേക്കുള്ള വളർച്ചയാണ് ദേവകി മാനമ്പള്ളിയിൽ നിന്ന് ദേവിബഹനിലേക്കുള്ള മാറ്റം. ഗാന്ധിജിയുടെ കീഴിൽ ഉത്തരേന്ത്യ പ്രവർത്തന കേന്ദ്രമാക്കിയതിനാൽ ദേവീബഹൻ  എന്ന പേരിലുമുണ്ട് ദേശീയതയുടെ പരിവേഷം. മിസ്സിസ് നായരുടെ വീട്ടിൽ കുട്ടികളെ ഹിന്ദി പഠിപ്പിക്കാൻ വരാറുള്ള കല്യാണിദേവി എന്ന സ്ത്രീ, ജാതി-ജന്മിത്തങ്ങളും സാമ്രാജ്യത്വവുമൊക്കെ ചേർന്ന് സമൂഹത്തെ എങ്ങനെ സമർത്ഥമായി ചൂഷണത്തിന് ഇരയാക്കി എന്ന്  സൂചിപ്പിക്കുന്നുണ്ട്. കേവലം സാമൂഹിക സ്വാതന്ത്ര്യത്തിനപ്പുറം രാഷ്ട്രീയ സ്വാതന്ത്ര്യവും അത്യന്താപേക്ഷിതമാണെന്ന ദേവിബഹന്റെ തിരിച്ചറിവിന്റെ പ്രസക്തി ഇവിടെയാണ്. അങ്ങനെയാണ് അവർ ഗാന്ധിജിയുടെ ശിഷ്യത്വം സ്വീകരിച്ച് രാഷ്ട്രീയത്തിലേക്ക് പ്രവർത്തന മണ്ഡലം വ്യാപിപ്പിക്കുന്നത്. ഗാന്ധിജിയുടെ കൂടെ കടുത്ത ചിട്ടകൾ അനുസരിച്ച് ആശ്രമത്തിലെ ജോലികൾ ചെയ്തു. ചാളകൾ നന്നാക്കുകയും ഹരിജനങ്ങളെ ശുശ്രൂഷിക്കുകയും കുഷ്ഠരോഗികളെ പരിചരിക്കുകയും ചെയ്തു. ക്വിറ്റിന്ത്യാ സമരം, കിഴക്കൻ ബംഗാളിലെ പ്രവർത്തനങ്ങൾ, മധ്യപ്രദേശിലെ ആശ്രമത്തിലെ ഗ്രാമീണ വനിതകളുടെ പുനരുദ്ധാരണം തുടങ്ങി ദേശീയപ്രസ്ഥാനത്തിലേക്ക് തന്റെ കർമ്മശേഷിയുടെ ഊർജ്ജം അവർ വ്യാപിപ്പിച്ചു. കുടയെടുത്ത ആത്തേമ്മാരിൽ നിന്നും ഗാന്ധിജിയുടെ പ്രശംസ നേടിയ ഒരു സാമൂഹ്യ പ്രവർത്തക എന്ന നിലയിലേക്ക് അവർ വളരുന്നു.

ഇങ്ങനെ ഗാന്ധിയൻ സാമൂഹ്യ-രാഷ്ട്രീയ-വിപ്ലവ പ്രവർത്തനങ്ങളിൽ കണ്ണിചേരുക വഴി ദേവീബഹന്റെ പ്രവർത്തനങ്ങൾക്കും ദേശീയപരിവേഷം സിദ്ധിക്കുന്നു. വിപ്ലവകാരിയായ സഹോദരനിൽ നിന്ന് പകർന്നു കിട്ടിയ നവീന ചിന്തകൾക്കൊപ്പം വാശി, അഭിമാനം, ആകാംക്ഷ എന്നിവയും സമുദായത്തിന്റെയും രാജ്യത്തിന്റെയും മോചനത്തെക്കുറിച്ചുള്ള ചിന്തകളും വികാരങ്ങളും

അവരെ കർമ്മനിരതയാക്കുന്നുണ്ട്. സാമൂദായിക ജീർണ്ണതകൾക്കെതിരെയുള്ള പോരാട്ടത്തിനൊപ്പം പൊതു ശത്രുവിനെതിരെ ഏവരും ഒത്തൊരുമയോടെ സമരം ചെയ്യേണ്ടുന്ന രാഷ്ട്രീയാന്തരീക്ഷം അന്ന് നിലവിലുണ്ടായിരുന്നുതാനും.

## 2. സാമൂഹികപരിഷ്ക്കരണ സന്ദേശങ്ങളും സംരംഭങ്ങളും

നമ്പൂതിരി സമുദായം മാത്രമല്ല മനുഷ്യസമുദായമാകെ മുന്നിൽക്കണ്ടുകൊണ്ടുള്ള സാമൂഹ്യശുദ്ധീകരണ പ്രക്രിയകൾക്കാണ് നവോത്ഥാന കാലത്ത്, കേരള സാമൂഹിക മണ്ഡലം സാക്ഷ്യം വഹിക്കുന്നത്. 'നമ്പൂതിരിയെ മനുഷ്യനാക്കാ'നുള്ള മുദ്രാവാക്യം യോഗക്ഷേമസഭ-യുവജന സംഘം പോലുള്ള സംഘടനകൾ ഏറ്റെടുത്തപ്പോൾ സമൂഹത്തെ മാനവികതയിലേക്കു നയിക്കാനുള്ള കർത്തവ്യം എസ്.എൻ.ഡി.പി, എൻ.എസ്.എസ് തുടങ്ങിയ സംഘടനകളും സമുദായങ്ങളും ഏറ്റെടുത്തു. ഇതിന്റെ ഭാഗമായാണ് സ്ത്രീ വിദ്യാഭ്യാസം, ക്ഷേത്രപ്രവേശനം, ഘോഷാ-മറക്കുട ബഹിഷ്ക്കരണം, വിധവാ വിവാഹം, സ്വജാതിവിവാഹം, ദേശീയ സ്വാതന്ത്ര്യസമരം, വിവിധ പിക്കറ്റിങ്ങുകൾ നിവേദനങ്ങൾ, സത്യാഗ്രഹങ്ങൾ തുടങ്ങിയ രാഷ്ട്രീയ-സാമൂഹ്യ- സാംസ്ക്കാരിക പ്രതികരണ രൂപങ്ങൾ സമൂഹത്തിലാകെ പ്രത്യക്ഷമാവുന്നത്. ഇവയിൽ, കേവല സാമുദായികതയിൽ നിന്ന് ദേശീയതയിലേക്കും ഗാന്ധിസത്തിലേക്കും മാനവികതയിലേക്കുമുള്ള പരിവർത്തന സംരഭങ്ങളെ പ്രതിനിധീകരിക്കുന്നുണ്ട് നോവലിലെ പി.കെ.പി നമ്പൂതിരിയും തേതിയുമടക്കമുള്ള കഥാപാത്രങ്ങൾ.

### പി.കെ.പി.യും സാമൂദായിക പരിഷ്ക്കരണശ്രമങ്ങളും

തേതിയിലും തങ്കം നായരിലുമൊക്കെയായി പ്രത്യക്ഷമാവുന്ന സ്വാതന്ത്ര്യമോഹത്തിന്റെയും സാമൂഹ്യബോധത്തിന്റെയും ഊർജ്ജസ്രോതസ്സും മാതൃകാപുരുഷനുമായി വർത്തിക്കുന്നയാളാണ് പി.കെ.പി നമ്പൂതിരി. എഴുത്തുകാരനും പ്രാസംഗികനും നിർഭയനായ സാമൂഹ്യപരിഷ്കരണവാദിയുമാണയാൾ. അന്തർജനങ്ങൾക്ക് മറക്കുടയും നമ്പൂതിരിക്ക് പൂണൂലും വേണ്ടന്നും രാജഭരണം അവസാനിപ്പിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്യുന്നുണ്ട്. എന്നാൽ 'തീണ്ടിത്തൊട്ട് തിന്ന് പൂണൂലും പൊട്ടിച്ച് കണ്ട പെലേരടേം മാപ്ലാരടേം കൂടെ നടക്കുന്ന അയാളുടെ പെങ്ങളെ തറവാട്ടിലേക്ക് കൂടിവെച്ചതി'നെച്ചൊല്ലിയായിരുന്നു മാനമ്പള്ളി ഇല്ലത്തെ മുത്തശ്ശിയമ്മ മുതൽ അപ്ഫൻ നമ്പൂതിരി വരെയുള്ളവരുടെ കോലാഹലം. പുരോഗമനവാദിയായ പി.കെപി.ക്ക് പറ്റിയ കൈയബദ്ധമായിരുന്നു അനുജത്തിയെ മാനമ്പള്ളിയില്ലത്തേക്ക് കൊടുത്തത്. അനുജത്തിയുടെ നീറുന്ന മനസ്സ് തൊട്ടറിഞ്ഞ ജ്യേഷ്ഠൻ ആ ദുഃഖങ്ങൾ അവളുടേതുമാത്രമല്ലെന്നും സമൂഹത്തി

ന്റേതു മുഴുവനുമാണെന്നും മോചനത്തിനുള്ള കാലം വൈകാതെ വരുമെന്നും അതിനു തയ്യാറാ യിരുന്നുകൊള്ളണമെന്നും ഉപദേശിക്കുന്നുണ്ട്.

പരിഷ്കരണം ലക്ഷ്യമാക്കി നമ്പൂതിരി സമുദായം മുന്നേറുമ്പോൾ അതിന്റെ തണൽ പറ്റി നിന്നിരുന്ന നായർ സമുദായമടക്കമുള്ളവരുടെ ആശങ്കകൾക്കും പി.കെ.പി ചെവികൊടുക്കുന്നു ണ്ട്. തങ്കം നായരുമായുള്ള ആശയവിനിമയത്തിൽ പി.കെ.പി. സജാതീയ വിവാഹത്തെ അനുകൂ ലിക്കുമ്പോഴും അപ്ഫന്മാരുടെ വിജാതീയ സന്താനങ്ങളെ ഉൾക്കൊള്ളാതെ നമ്പൂതിരി സമു ദായം രക്ഷപ്പെടില്ല എന്ന ചിന്താഗതി പങ്കുവെക്കുന്നുണ്ട്. പിന്നീട് നിയമലംഘനമുൾപ്പെടെയുള്ള സമര പരിപാടികളിൽ പങ്കാളിയായതിനാൽ പി.കെ.പിയെ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കുന്നു.

നോവലിൽ പി.കെ.പി. നമ്പൂതിരി മുന്നോട്ടുവെക്കുന്ന സാമൂഹ്യ- രാഷ്ട്രീയാദർശത്തിന്റെ മാതൃക കേരളത്തിന്റെ നവോത്ഥാനകാല ചരിത്രദശയിൽ വി.ടി. ഭട്ടതിരിപ്പാടിലാണ് കണ്ടെത്താ നാവുക. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയസ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ഭാഗമായി രുന്നു വി.ടി. പ്രസ്ഥാനം. സ്ത്രീ സ്വാതന്ത്ര്യം, അയിത്തോച്ചാടനം, ക്ഷേത്രപ്രവേശനം, മിശ്രഭോ ജനം തുടങ്ങിയ ആശയങ്ങൾ ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി അവർ മുന്നോട്ടുവെച്ചു. രാഷ്ട്രീയ- സ്വാതന്ത്ര്യമുദ്രാവാക്യങ്ങൾ മുഴക്കുന്നതിനോടൊപ്പം വി.ടി. പ്രസ്ഥാനത്തിന്, സാമൂഹ്യ പരിഷ്ക്കരണ ശ്രമങ്ങൾക്ക് അധികം ശ്രദ്ധ കൊടുക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് തന്നെ സജാതീയ വിവാഹം, ബഹുഭാര്യത്വം, പ്രായവ്യത്യസം നോക്കാതെയുള്ള വിവാഹം, വിധവാവിവാ ഹം, മറക്കുട-ഘോഷ ബഹിഷ്കരണം, സ്ത്രീകൾ എഴുത്തു പഠിക്കൽ തുടങ്ങിയ കാര്യങ്ങളെ മുഖ്യവിഷയങ്ങളായി പരിഗണിച്ച് വി.ടി. പ്രസ്ഥാനം നമ്പൂതിരി സമുദായത്തിനകത്തെ പരിഷ്ക രണം ലക്ഷ്യമാക്കി മുന്നോട്ടു വന്നു.

1908 ൽ രൂപം കൊണ്ട യോഗക്ഷേമ സഭയുടെ വാർഷിക സമ്മേളനങ്ങൾ 1939 വരെ മുടക്കം കൂടാതെ നടന്നിരുന്നു. 1945 ൽ ഇ.എം.എസിന്റെ, അധ്യക്ഷതയിൽ ഓങ്ങല്ലൂരിൽ വെച്ചുന ടന്ന സമ്മേളനത്തിൽ 'നമ്പൂതിരിയെ മനുഷ്യനാക്കുക' എന്ന പുതിയ മുദ്രാവാക്യം മുന്നോട്ടുവെ ച്ചു. ഉള്ളൂർ, മന്നത്ത് പദ്മനാഭൻ, എം.സി.ജോസഫ്, സഹോദരൻ അയ്യപ്പൻ, മിതവാദി കൃഷ്ണൻ തുടങ്ങിയവർ യോഗക്ഷേമ സഭായോഗങ്ങളിൽ പ്രസംഗിച്ചവരാണ്. വി.ടി. ഭട്ടതിരിപ്പാടിനൊപ്പം കുറൂർ ഉണ്ണി നമ്പൂതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാട്, കെ.എൻ കുട്ടൻ നമ്പൂതി രിപ്പാട്, ഇ.എം.എസ് തുടങ്ങിയവരും സഭയുടെ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. പല സമ്മേ ളനങ്ങളിലും മിശ്രഭോജനം നടന്നിരുന്നു. പാർവ്വതി നെന്മിനിമംഗലം, ആര്യാപള്ളം എന്നിവർ പങ്കെടുത്ത അന്തർജന സമ്മേളനവും വാർഷികത്തോടൊപ്പം നടത്തിയിരുന്നു.

സമുദായ പരിഷ്കരണമായിരുന്നു രണ്ടുവിഭാഗത്തിന്റെയും ലക്ഷ്യമെങ്കിലും യോഗക്ഷേമ സഭക്കാർ മിതവാദികളും യുവജനസംഘക്കാർ തീവ്രവാദികളുമായിരുന്നു. ആരെയും മുഷിപ്പി ക്കാതെ മാനസാന്തരം വരുത്തണമെന്ന് ആദ്യത്തെ കൂട്ടർ ആഗ്രഹിച്ചപ്പോൾ യുവജനസംഘക്കാർ മാമൂൽ പ്രിയത്വത്തെ മുഖം നോക്കാതെ നിഷ്ക്കരുണം നേരിടാൻ ഒരുമ്പെട്ടു. നമ്പൂതിരി യുവജ നസംഘം വി.ടി.യുടെ നേതൃത്വത്തിൽ പ്രത്യേകം പ്രവർത്തിച്ചതുകൊണ്ടാണ് യോഗക്ഷേമസ ഭയെ പുരോഗമനപരമായ വഴിക്കു തിരിച്ചുവിടാനായത്. യുവജനസംഘത്തിനുണ്ടായിരുന്ന തികച്ചും വ്യത്യസ്തമായ കാഴ്ചപ്പാടിനെ വി.ടി. ഇങ്ങനെ രേഖപ്പെടുത്തുന്നു:

'മനുഷ്യസമുദായം മുഴുവൻ ഒന്നാണ്. അതിൽ നമ്പൂതിരി, നായർ തുടങ്ങിയ വ്യത്യ സ്തതകൾ അസംബന്ധമാണ്. അങ്ങനെ വർഗ്ഗീയമായി ഉണ്ടായിത്തീർന്ന അകൽച്ചയിൽ നമ്പൂ തിരി ഉണ്ടാക്കിത്തീർത്തതും നമ്പൂതിരിയുടെ മേൽ ചുമത്തപ്പെട്ടതുമായ എല്ലാ അബദ്ധങ്ങളെയും ചുട്ടുവെണ്ണീറാക്കണം. അതിലേക്കുള്ള സോപാനമാർഗ്ഗമായി വ്യക്തിസ്വാതന്ത്ര്യം ജീവിതത്തിൽ കൈവരുത്തണം. ആഢ്യനെന്നോ പണക്കാരനെന്നോ നിർദ്ധനനെന്നോ ഉള്ള ഉച്ചനീചത്വങ്ങൾ വകവെക്കാതെ സമൂലമായ പരിഷ്ക്കാരം വരുത്തണം. കുട്ടുകുടുംബ വ്യവസ്ഥ നശിപ്പിക്കണം. ഭാഗാവകാശം, സ്വജാതി വിവാഹം, സ്ത്രിവിദ്യാഭ്യാസം, ഘോഷാബഹിഷ്ക്കരണം എന്നിവ നട പ്പിലാക്കണം. നമ്പൂതിരിക്ക് എന്ത് തൊഴിലും ചെയ്യുന്നത് മാനമായിരിക്കണം. അയിത്തം നശിപ്പി ക്കണം.'[39]

ഉരുള ഉരുട്ടാനും പ്രതിഗ്രഹം വാങ്ങാനുമുള്ളതല്ല നമ്പൂതിരിയുടെ കൈയെന്നും തൊഴി ലുചെയ്ത് ജീവിക്കണമെന്നും സഭായോഗത്തിൽ വെച്ച് വി.ടി. പുതിയ തലമുറയെ ഉദ്ബോധിപ്പി ച്ചു.

'ആണുങ്ങൾ വീട്ടിലടച്ചിരിക്കുന്നതിനാണോ

കനത്ത കൈ തന്നു ദൈവം' -എന്ന വള്ളത്തോളിന്റെ വരികൾ പാടിക്കൊണ്ട് തുടങ്ങിയ പ്രസംഗത്തിൽ, 'ആണത്തമുള്ള ചെറുപ്പക്കാരേ, നിങ്ങളിനി പ്രതിഗ്രഹത്തിനും പശുദ്ദാനത്തിനു മായി കൈ നീട്ടരുത്. പാട്ടവും മിച്ചവാരവും വാങ്ങാനായി കൈ നീട്ടരുത്, പണം എണ്ണി വാങ്ങാ നായി മാത്രം കൈ നീട്ടരുത്. കൈകൾ പണിയെടുക്കാനാണ്. പണിയെടുക്കുക, പണിയെടുക്കാത്ത കൈയിന് പണം വാങ്ങാൻ അധികാരമില്ല' എന്നിങ്ങനെ ആഹ്വാനം ചെയ്തു.

'മ്ലേച്ഛ' ഭാഷയായ ഇംഗ്ലീഷ് ഉന്നതജാതിക്കാർക്ക് നിഷിദ്ധമാണെന്ന ചിന്താഗതിക്കാരാ യിരുന്നു മിക്ക കുടുംബങ്ങളിലെയും കാരണവന്മാർ. എടക്കുനി പോലുള്ള സ്ഥലങ്ങളിൽ പോയി ഇംഗ്ലീഷ് പഠിക്കാൻ തുടങ്ങുന്ന അനന്തരവന്മാരെ എല്ലാ തരത്തിലും ഉപദ്രവിക്കുന്നതിന് കാരണ

വന്മാർ അവരുടെ സാമ്പത്തികസ്രോതസ്സും സാമൂഹികപദവിയും ഉപയോഗിച്ചിരുന്നു. നായർ സമുദായം ഈ സന്ദർഭത്തിൽ പരിഷ്ക്കരണ വഴിയിൽ നമ്പൂതിരി സമുദായത്തെ അപേക്ഷിച്ച് ബഹുദൂരം മുന്നേറിയിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും സംഘടിത ശ്രമങ്ങളിലൂടെ അവരുടെ കുടുംബവ്യവസ്ഥ പരിഷ്ക്കരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം (നായർ റഗുലേഷൻ) പ്രാബല്യത്തിൽ വരുത്തത്തക്ക നിലയിലേക്ക് അവരെത്തി. പണ്ടത്തെപ്പോലെ ഓത്തുചൊല്ലലും വൈദിക വിദ്യാഭ്യാസവും മാത്രം പോരെന്നും സ്ക്കൂളിൽ ചേർന്ന് ഇംഗ്ലീഷ് പഠിക്കണമെന്നുള്ള ആശയും ആഗ്രഹവും നമ്പൂതിരി സമുദായത്തിൽ അങ്ങിങ്ങ് ഉയരാൻ തുടങ്ങിയിരുന്നു. മറ്റ് സമുദായക്കാർ വിദ്യാഭ്യാസം നേടിയതിന്റെ ഗുണങ്ങൾ അവരുടെ ജീവിതാവസ്ഥകളിൽ പ്രതിഫലിച്ചതും പുരോഗതിക്ക് പിൻതിരിഞ്ഞു നിന്ന നമ്പൂതിരിമാർ പിന്തള്ളപ്പെട്ടുപോയതും ഉൾക്കൊള്ളാനുള്ള ശ്രമങ്ങൾ ഉണ്ടായി. തിരുവിതാംകൂറിൽ നായർ റഗുലേഷനും കുടിയായ്മ നിയമവും പാസ്സായത് ക്രമേണ നമ്പൂതിരി സമുദായത്തിനകത്തും പ്രധാന ചർച്ചാവിഷയമായി.

പി.കെ.പി യിലൂടെ വി.ടി പ്രസ്ഥാനത്തെയും ദേവീബഹനിലൂടെ ഗാന്ധിജിയുടെ ദേശീയ പ്രസ്ഥാനത്തെയും നോവലിസ്റ്റ് യാഥാർത്ഥ്യബോധത്തോടെ ഇതിവൃത്ത ഘടനയിൽ ബന്ധപ്പെടുത്തിയിരിക്കുന്നു. അതുവഴി കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിന്റെയും ഇന്ത്യയുടെ സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെയും നേർസാക്ഷ്യങ്ങളെ ഭാവനയ്ക്കൊപ്പം ചരിത്രത്തിന്റെയും സാധ്യമായ ഇഴയടുപ്പത്തോടെ ഔചിത്യപൂർവ്വം അവതരിപ്പിച്ചിരിക്കുന്നുവെന്നും കാണാം.

## 3. നായർസമുദായത്തിന്റെ മുന്നേറ്റങ്ങൾ

നമ്പൂതിരി സമുദായം പരിവർത്തനങ്ങൾക്കു പുറം തിരിഞ്ഞു നിന്നപ്പോൾ മാറുന്ന കാലത്തെ തിരിച്ചറിയുന്ന നായർ സമുദായം അതിനൊത്ത് മാറുകയും സംസ്ക്കാരത്തിന്റെയും പുരോഗതിയുടെയും വഴിയിലേക്ക് സഞ്ചരിക്കുന്നതിന്റെയും ചിത്രം അഗ്നിസാക്ഷിയിൽ ആവിഷ്ക്കരിക്കപ്പെടുന്നുണ്ട്. പഠിപ്പ് ഒരു പാപമല്ലെന്നും തമ്പുരാൻവാഴ്ച്ചയുടെ ആനുകൂല്യങ്ങൾ എല്ലാകാലവും ഉണ്ടാവില്ലെന്നും തിരിച്ചറിയുന്ന, ദീർഘവീക്ഷണവും ബുദ്ധിസാമർത്ഥ്യവുമുള്ള തങ്കം നായരെയും നേത്യാരമ്മയെയും പോലുള്ള കഥാപാത്രങ്ങളെയും നോവലിൽ കാണാം.

### പുതിയ പ്രാതിനിധ്യങ്ങൾ : തങ്കം നായരും നേത്യാരമ്മയും

ദീർഘവീക്ഷണമുള്ള, ബുദ്ധിമതിയായ നേത്യാരമ്മയും സ്വാശ്രയജീവിതം സ്വപ്നം കാണുന്ന തങ്കം നായരും ഈ നോവലിലെ പുതിയ കാലത്തിന്റെ പ്രാധിനിധ്യ സ്വഭാവം പ്രകടിപ്പിക്കുന്നുണ്ട്. തേതിയേടത്തിയിൽ നിന്ന് വിഭിന്നമായി മറ്റൊരു മാർഗ്ഗത്തിലൂടെ നടന്ന് ആധുനിക

വനിതയുടെ മാതൃകയായി ഭവിക്കുന്ന കഥാപാത്രമാണ് തങ്കം നായർ. അപ്ഫൻ നമ്പൂതിരിയും ഉണ്ണിനമ്പൂതിരിയും ഒന്നും വായിക്കാറില്ലെങ്കിലും കച്ചേരി മാളികയിൽ പത്രങ്ങളും മാസികകളും വരുത്തിച്ചിരുന്നു. സ്ക്കൂൾവിദ്യാഭ്യാസം നേടിയിരുന്ന തങ്കം നേത്യാരമ്മയുടെ നിർബന്ധപ്രകാര മാണ് ഇംഗ്ലീഷ് പഠിക്കുന്നത്. 'പഠിപ്പ് എന്തായാലും ഒരു പാപോന്നുല്ലെന്നും ഇനിയുള്ള കാലത്ത് തമ്പുരാക്കന്മാരെയും നമ്പുരാരേം ഒന്നും കിട്ടീന്നു വരില്ലെന്നും നല്ല വരനെ കിട്ടണമെങ്കിൽ നാല ക്ഷരം പഠിക്കണ'മെന്നും അവർ പറയുന്നു. കാണാൻ സുന്ദരിയല്ലാഞ്ഞിട്ടും പണിക്കരുവീട്ടിലെ പെൺകിടാവിനെ പഠിപ്പുള്ളതിന്റെ പേരിൽ സബ് ജഡ്ജി മാലയിട്ടുകൊണ്ടു പോയതിനെ അവർ ഉദാഹരിക്കുകയും ചെയ്യുന്നുണ്ട്. പഠിപ്പും വായനയും ചിന്തകളെ ചൂടുപിടിപ്പിച്ചതിന്റെ തെളിവാ ണ് സാമൂഹ്യ പരിഷ്ക്കരണത്തിന് ആഹ്വാനം ചെയ്യുന്ന മുത്തിരിങ്ങോടിന്റെ 'അപ്ഫന്റെ മകൾ' വായിക്കാനായി തങ്കം നായർ ഉണ്ണ്യേട്ടനോട് ആവശ്യപ്പെടുന്ന സന്ദർഭം.

തേതിയേടത്തിക്ക് ഓപ്പയുമായുള്ള കത്തിടപാടിൽ മധ്യവർത്തിയായി നിൽക്കുമ്പോൾ സാമൂഹ്യ പരിഷ്കർത്താവായ പി.കെ.പി.യോട് തോന്നുന്ന അതിരുവിട്ട ആരാധന പിന്നീട് ശുദ്ധ മായ പ്രണയമായി വളരുന്നുവെങ്കിലും രാഷ്ട്രീയവും റൊമാൻസുമൊക്കെ ഉപേക്ഷിച്ച് അവർ പഠിപ്പിലേക്കു തന്നെ തിരിച്ചെത്തുന്നുണ്ട്. പഠിച്ച് ഒന്നാം ക്ലാസ്സിൽ തന്നെ പാസ്സാവണമെന്നും ബി.എ., എം.എ ഒക്കെ കഴിഞ്ഞ് നല്ല ഉദ്യോഗത്തിൽ ആരുടെയും ആശ്രയമില്ലാതെ കഴിയണ മെന്നും അവർ ആഗ്രഹിച്ചിരുന്നു. സ്ത്രീക്ക് സ്വാശ്രയജീവിതമാണ് പരമപ്രധാനമെന്നും രാജ്യ ത്തിന്റെ സ്വാതന്ത്ര്യം പോലും വ്യക്തിസ്വാതന്ത്ര്യം കഴിഞ്ഞേ ഉള്ളൂ എന്നും അവർ വിശ്വസിച്ചി രുന്നു. പലഭാഗത്തു നിന്നുമെത്തുന്ന വിവാഹാഭ്യർത്ഥനകളെ നിരസിച്ച തങ്കം അപ്ഫന്റെ താഡ നങ്ങൾ ഏറ്റുവാങ്ങിയും പഠിപ്പിനെ മുറുകെ പിടിക്കുന്നുണ്ട്. താൻ തറവാട് നോക്കുമെന്നും അത് നമ്പൂതിരിമാരിൽ നിന്നോ തമ്പുരാക്കന്മാരിൽ നിന്നോ ഭിക്ഷ വാങ്ങിയാവില്ലെന്നും സ്വയം പഠിച്ച് ജയിച്ച് ഉദ്യോഗം നേടിയാവുമെന്നും പറയുന്നു.

വിവാഹത്തോടെ കഥയിൽ നിന്ന് കുറെ സമയത്തേക്ക് അപ്രത്യക്ഷമാവുന്നുണ്ടെങ്കിലും പുതിയ കാലത്തിന്റെ ചിന്തകൾ ഏറ്റുവാങ്ങാനും സ്വപ്നങ്ങൾ കാണാനും ഈ കഥാപാത്രത്തിനു സാധിക്കുന്നുണ്ട്. സ്വാതന്ത്ര്യസമരം, സാമൂഹ്യപരിഷ്ക്കരണം തുടങ്ങിയ സംഗതികളിൽ നിന്നൊക്കെ വിട്ടുമാറി ദാമ്പത്യത്തിന്റെ സുരക്ഷിതത്വത്തിലും ആലസ്യത്തിലും അവർ മതിമ റന്നു പോവുന്നുണ്ട്. പിന്നീട്, ഏറ്റവും വലുത് സ്വന്തം കുടുംബമാണെന്നു കരുതി അതിന്റെ തണലിൽ മയങ്ങിപ്പോകെ, ആധുനിക മധ്യവർഗ്ഗസ്ത്രീത്വത്തിന്റെ പ്രതിനിധികൂടിയായി ഭവിക്കു ന്നുമുണ്ട് തങ്കം നായർ.

പത്രമാസികകൾ വായിക്കുകയും മകളെ ഉന്നത നിലയിൽ പഠിപ്പിക്കാൻ താല്പര്യപ്പെടുകയും ചെയ്യുന്ന തിരിച്ചറിവുള്ള സ്ത്രീയാണ് നേത്യാരമ്മ. ചെറിയാത്തോലിന് സാരിയും ബ്ലൗസും വാങ്ങിക്കൊടുക്കാൻ ഉണ്ണിനമ്പൂതിരിയോട് ശുപാർശ ചെയ്യുന്ന അവർ ആധുനിക കാലത്തിന്റെ സാംസ്ക്കാരിക ചലനങ്ങളെ തിരിച്ചറിയുന്ന ബുദ്ധിമതിയാണ്. സാമൂഹ്യശാസ്ത്രദൃഷ്ട്യാ അപഗ്രഥിച്ചാൽ സാമൂഹ്യചരിത്ര പഥത്തിലും അപ്ഫൻനമ്പൂതിരിമാരുടെ യാഥാസ്ഥിതിക നമ്പൂരിത്തത്തിൽ നിന്ന് ഒരു പടി മുന്നിൽതന്നെയായിരുന്നു അമ്മാളുക്കുട്ടിയമ്മമാർ ഉൾപ്പെടുന്ന നായർ വിഭാഗത്തിന്റെ ഉല്പതിഷ്ണുത്വം.

## 4. മാറുന്ന ലോകത്തെ മൂല്യങ്ങളും മൂല്യരാഹിത്യങ്ങളും

പരിവർത്തിത കാലത്തെ ചലനങ്ങൾ സൂക്ഷ്മബുദ്ധിയോടെ പിടിച്ചെടുക്കുന്നവരെയും ഒരു മുഴം മുമ്പെ കാര്യങ്ങൾ നേടിയെടുക്കാൻ വെമ്പുന്ന കൂർമ്മബുദ്ധികളെയും അഗ്നിസാക്ഷിയിൽ കാണാം. അനിയൻ നമ്പൂതിരി സ്വാർത്ഥബുദ്ധിയോടെ അവസരങ്ങളും ആനുകൂല്യങ്ങളും വെട്ടിപ്പിടിച്ചു മുന്നേറുമ്പോൾ നിലനിന്ന ഇടത്തുതന്നെ മാറാതെ നിൽക്കുന്ന ഉണ്ണിനമ്പൂതിരിമാർ പഴമയുടെ അവശിഷ്ടമായി ചരിത്രത്തിൽ ബാക്കിയാവുന്നതും കാണാം.

### ഉത്ഥാനകാലത്തെ പ്രായോഗികവാദികൾ

മാനമ്പള്ളിയില്ലത്തെ ഇളയ സന്തതിയായ അനിയൻ നമ്പൂതിരി മാറുന്ന കാലത്തിന്റെ സ്പന്ദനങ്ങൾ കൂർമ്മബുദ്ധിയോടെ പിടിച്ചെടുക്കുകയും അതിനൊത്ത് വേഷം കെട്ടി ആനുകൂല്യങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്ന ശ്രദ്ധേയമായ ഒരു കഥാപാത്രമാണ്. സമുദായത്തിനകത്തെയോ പുറത്തെയോ ഏതെങ്കിലും വിഷയങ്ങളിൽ ഇടപെടാനോ പ്രവർത്തിക്കാനോ മുതിരാത്ത സ്വാർത്ഥമതിയാണയാൾ.

ഉണ്ണിനമ്പൂതിരിക്ക് നിഷിദ്ധമായിരുന്ന ഇംഗ്ലീഷ്, അനിയൻ പഠിക്കുന്നതിൽ വലിയ എതിർപ്പുകളൊന്നും ഉയർന്നിരുന്നില്ല. മാറുന്ന കാലത്തിനൊത്ത് താനും കുടുമ മുറിക്കുമെന്നും പണപ്പെട്ടിയുടെ താക്കോൽ അപ്ഫന്റെ കൈയ്യിലാണെന്നതിനാലാണ് ഇപ്പോൾ അതിനു മുതിരാത്തതെന്നും പറയുന്നതിലൂടെ അയാളിലെ അവസരവാദിത്വവും മൂല്യരാഹിതവും വെളിപ്പെടുന്നുണ്ട്.

അപ്ഫന്റെ വിയോഗത്തെ തുടർന്ന് ഇല്ലം അയാൾക്കാണ് ലഭിച്ചത്. മറ്റൊരു വേളിക്ക് ഉണ്ണിനമ്പൂതിരി സമ്മതിക്കാത്തതിനെ തുടർന്ന് ഇല്ലത്തെ സന്തതികൾക്കായി അയാൾ വേളി കഴിക്കുന്നു. അനിയൻ പുതിയ രീതിക്കനുസരിച്ച് ഭാര്യയ്ക്ക് സാരിയും ബ്ലൗസും വാങ്ങിക്കൊടുത്തു.

അവർ സഭയ്ക്കും സിനിമയ്ക്കുമൊക്കെ പോയിരുന്നു. ശുദ്ധാശുദ്ധം പാലിക്കാഞ്ഞിട്ടും തറവാട്ടിൽ അവരെ ആരും ശാസിച്ചില്ല. കാരണം അനിയൻ നമ്പൂതിരിക്ക് ആളുകളെ നിലയ്ക്കു നിർത്താനറിയാമായിരുന്നു. പ്രതാപിയായി വളർന്ന അയാൾ ഇലക്ഷനിൽ മൽസരിക്കാനും ഒരുങ്ങുന്നു. കാറുംഫാക്ടറിയുമൊക്കെ ഉണ്ടായി. മനയ്ക്കലെ ധർമ്മക്കഞ്ഞിയും അമ്പലത്തിലെ വാരവും സത്രത്തിലെ സംഭാരം വീഴ്ത്തലുമൊക്കെ ദാനം കൊടുക്കുന്നത് പാപമാണെന്നു പറഞ്ഞു നിർത്തലാക്കുന്നു. പുതിയ എസ്റ്റേറ്റിനെപ്പറ്റി, മകളുടെ ഭർത്താവിന്റെ ഉദ്യോഗമേന്മയെപ്പറ്റി, മകനെ വിദേശത്തേക്കയക്കുന്നതിനെപ്പറ്റി, പുതിയ ഗസ്റ്റ്ഹൗസിനെപ്പറ്റി ഒക്കെ വീരവാദങ്ങൾ ഉണ്ടാവുന്നുണ്ട്. ചെങ്ങനാട്ടപ്പന്റെ നടയ്ക്കൽ സദാ ശരണം വിളിക്കുന്ന ഉണ്ണ്യേട്ടനോടും പരിവാരത്തോടും തികഞ്ഞ പരിഹാസം പ്രകടിപ്പിക്കുന്നു. യുദ്ധഫണ്ടിന് അയ്യായിരം രൂപ സംഭാവന കൊടുത്ത് പ്രത്യുപകാരമായി റാവുബഹദൂർസ്ഥാനം അയാൾ പ്രതീക്ഷിച്ചിരിക്കുന്നു. ഉണ്ണ്യേട്ടനെപ്പോലെ പുണ്യമല്ല തന്റെ ലക്ഷ്യമെന്നും പണവും സ്ഥാനമാനങ്ങളുമാണെന്നും അയാൾ തുറന്നു പറയുന്നുണ്ട്.

ബ്രിട്ടീഷ് ഭരണകാലത്ത് കസവും വേഷ്ടിയും സിൽക്കു ഷർട്ടും തൊപ്പിയും ധരിച്ച അനിയൻ നമ്പൂതിരി രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടി കോൺഗ്രസ്സ് ഭരണം വന്നപ്പോൾ കട്ടി ഖദറിലേക്കും മുണ്ടിലേക്കും വേഷം മാറുന്നു. തങ്കത്തിന്റെ ഭർത്താവിന് സെക്രട്ടറിയേറ്റിലുള്ള പിടിപാടു വെച്ച് ഏട്ടത്തിയമ്മയക്കൊപ്പം ജയിലിൽ കഴിഞ്ഞു എന്നൊരു കള്ളസർട്ടിഫിക്കറ്റ് സംഘടിപ്പിച്ച് താമ്രപത്രം ഒപ്പിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമം മനഃസാക്ഷിക്കുത്തില്ലാതെ നടത്തുന്നു. ഇപ്രകാരം നാടോടുമ്പോൾ നടുവെ ഓടാൻ മിടുക്കുള്ള, ഒരു തരത്തിലുമുള്ള മാനുഷിക മൂല്യങ്ങളും തീണ്ടാത്ത സ്വാർത്ഥമതിയായ കുടിലരാഷ്ട്രീയക്കാരന്റെ പ്രതിനിധിയാണ് അനിയൻ നമ്പൂതിരി. പ്രത്യക്ഷത്തിൽ അയാളിൽ കാണുന്ന പുരോഗമന പ്രവർത്തനങ്ങൾ ബഹുജനഹിതത്തെ മുൻനിർത്തുന്നതല്ല.തറവാട്ടിലെ പഴഞ്ചൻ ആചാരങ്ങൾ നിർത്തലാക്കുന്നതിന്റെ പിന്നിൽ ഉല്പതിഷ്ണുത്വമല്ല സാമ്പത്തിക ലാഭം മാത്രമാണ് ലക്ഷ്യം. അഴിമതി, സ്വജനപക്ഷപാതം, കാപട്യം, ആഡംബരഭ്രമം, ലക്ഷ്യബോധമില്ലായ്മ, സ്ഥാനമാനമോഹം, സ്വാർത്ഥത തുടങ്ങിയ സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ രാഷ്ട്രീയാന്തരീക്ഷത്തിൽ ദൃശ്യമായ പ്രതിലോമസ്വഭാവങ്ങളെ പ്രതീകവൽക്കരിക്കുന്ന കഥാപാത്രമായിത്തീരുന്നു അനിയൻ നമ്പൂതിരി.

### നവോത്ഥാനത്തിൽ നിന്നുള്ള പിന്മടക്കം

വിപ്ലവകാരികൾക്കും പ്രസ്ഥാനങ്ങൾക്കും പരിണാമസന്ധികളിൽ സംഭവിച്ചേക്കാവുന്ന നിശ്ചലതയെയും തളർച്ചയെയും ചാക്രികമായ ഒരനിവാര്യതയായി കണ്ടാൽ മതിയാകും. കേരളീ

യവും ഭാരതീയവുമായ സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലങ്ങളിൽ വലിയ പരിവർത്തന ശ്രമങ്ങ ളാണ് നടന്നതെങ്കിലും ആദ്യത്തെ ആവേശവും ലഹരിയും കെട്ടടങ്ങിയപ്പോൾ വന്നതിനേക്കാൾ വലിയ ശക്തിയിൽ അതിന്റെ പിന്മടക്കവും നടന്നു.

കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തിലും സാമുദായിക പരിഷ്ക്കരണ ശ്രമങ്ങളുടെ ഉത്സാഹവും ആവേശവും പതിയെ കെട്ടടങ്ങുന്നതായി കാണാം. സഭയും പത്രവും പേരിനുമാത്ര മായപ്പോൾ ചിലർ രാഷ്ട്രീയക്കാരായി തടിതപ്പുന്നു. അങ്ങനെയല്ലാത്തവർ പഴയതിനേക്കാൾ വലിയ യാഥാസ്ഥിതികരായി മാറി. ഘോഷ ഉപേക്ഷിച്ച ചില അന്തർജ്ജനങ്ങളെങ്കിലും കുടപിടിച്ച് പുത പ്പു ചുറ്റി അമ്പലങ്ങളിലും തീർത്ഥങ്ങളിലും അലഞ്ഞു തിരിയുന്ന അവസ്ഥയുണ്ടാവുന്നു. പരി ഷ്ക്കരണ വീഥിയിൽ മുൻപന്തിയിലുണ്ടായിരുന്ന പി.കെ.പിയിലും തളർച്ചയുടെ ലക്ഷണങ്ങൾ പ്രകടമാവുന്നുണ്ട്. സ്വത്തുക്കൾ നശിച്ച് സുഹൃത്തുക്കൾ നഷ്ടപ്പെട്ട് തീർത്തും ദാരിദ്ര്യത്തിലക പ്പെട്ടെങ്കിലും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന് പെൻഷൻ പറ്റാനോ ആശയാദർശങ്ങൾ ബലികൊടുക്കാനോ അയാളിലെ വിപ്ലവകാരി അപ്പോഴും തയ്യാറാവുന്നില്ല.

മിസ്സിസ് നായരുടെ വീട്ടിൽ കുട്ടികളെ ഹിന്ദി പഠിപ്പിക്കാനെത്തുന്ന കല്യാണിദേവി ഇത്തരം സംഭവഗതികളിൽ അതീവ ഖിന്നയായ സ്ത്രീയാണ്. ഇന്ത്യയെ സ്വന്തം നാടായും ഇന്ത്യക്കാരെ മുഴുവൻ തന്റെ ബന്ധുക്കളായും കരുതുന്ന അവർക്ക് സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ദുരവസ്ഥ യിൽ മടുപ്പും വേദനയും ഉണ്ടാവുന്നു. ത്യാഗമനസ്സുകൾ ജീവൻ കൊടുത്തു നേടിയ ഇന്ത്യയെന്ന സ്വരാജ്യം കളവിന്റെയും കരിഞ്ചന്തയുടെയും അധികാര മത്സരങ്ങളുടെയും കേന്ദ്രമായി മാറിയി രിക്കുന്നു. സ്വാതന്ത്ര്യത്തിനു വേണ്ടി ജീവൻ ത്യജിച്ച ഒരു ദേശാഭിമാനിയുടെ മകൾ മദ്യപിച്ച് വിദേശിയുടെ തോളിൽത്തൂങ്ങി മുക്കാലും നഗ്നയായി പഞ്ചനക്ഷത്ര ഹോട്ടലിൽ നിന്നും പുറ ത്തേക്കു വരുന്ന കാഴ്ചയ്ക്ക് അവർ സാക്ഷ്യം വഹിക്കുന്നു. ഇന്ത്യയുടെ വിഭജനവും സാമുദാ യിക കലാപങ്ങളും സന്നദ്ധപ്രവർത്തകരുടെ മനസ്സുമടുപ്പിച്ചിരുന്നു. ചിലർ മന്ത്രിമാരും കുറെ പ്പേർ എം.പി മാരുമായി മറ്റു ചിലർ കോൺട്രാക്ടർമാരും കരിഞ്ചന്തക്കാരുമായി മാറി പണം സമ്പാദിക്കുന്നു. മദ്യ നിരോധനത്തിന്റെ നാട്ടിൽ ലഹരി സാധനങ്ങൾ വ്യാപകമാവുന്നു. ഭോഗ വാസനകൾ ആശ്രമത്തിലെ അന്തേവാസികളെയും പിടിമുറുക്കാൻ തുടങ്ങിയതിനൊപ്പം അവി ടെയുണ്ടായ അനഭിലഷണീയമായ ചില സംഭവങ്ങളും കൂടിയായപ്പോൾ ദേവീബഹൻ സ്വയം ശിക്ഷിക്കാനൊരുങ്ങി സന്യാസത്തിലേക്ക് തിരിയുന്നു. സാമൂഹ്യബന്ധങ്ങൾ വിച്ഛേദിച്ച് വ്യക്തി യിലേക്ക് ചുരുങ്ങുന്ന ഈ കൃത്യം അവരെ സംബന്ധിച്ചിടത്തോളം വിചിത്രമായ ഒന്നായി വന്നു ഭവിക്കുന്നു.

സ്നേഹത്തെയും ബന്ധങ്ങളെയും നിരാകരിച്ച് മുമ്പ് ഉണ്ണിനമ്പൂതിരി എങ്ങനെയാണോ സ്വന്തം പ്യൂപ്പയിലേക്ക് ഒതുങ്ങിയത് അവിടേക്കു തന്നെയായി ഒടുക്കം ദേവീബഹന്റെയും പ്രയാണം. പൂർവ്വാശ്രമവുമായി ബന്ധവിച്ഛേദനം നടത്തുന്നതായി പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും സ്നേഹബന്ധങ്ങളുടെ കെട്ടുപാടുകളിൽ നിന്ന് അവരുടെ സന്യസ്ത ജീവിതത്തിന് മോചനം ലഭിക്കുന്നില്ലെന്നും കാണാം.തങ്കത്തിന്റെ മകനെ കണ്ടപ്പോൾ അവരുടെ ഉള്ളിന്റെയുള്ളിൽ ഉറങ്ങിക്കിടന്ന മാതൃത്വം പിടഞ്ഞുണരുന്നുണ്ട്. പുതിയ തലമുറയുടെ പ്രതിനിധിയും തങ്കം നായരുടെ പേരക്കുട്ടിയുമായ ദേവികയുടെ കൈകളിൽ അഗ്നിശുദ്ധി വരുത്തിയ ചെറുതാലി വെച്ചുനീട്ടിക്കൊണ്ട്, കലർപ്പുകൂടാതെ ഉരുക്കിയിടിച്ച് പുതിയ തലമുറക്കിഷ്ടമുള്ളതു പോലെ ചെയ്തോളാൻ പറയുന്നു. പഴയ പാരമ്പര്യത്തിന്റെ നീക്കിയിരിപ്പാണ് ആ സമ്മാനം. സ്വാതന്ത്ര്യത്തിന്റെ നടവഴികളെക്കുറിച്ച് നല്ല ബോധ്യമുള്ള പുതുതലമുറയ്ക്കുമുമ്പിൽ പഴമകളൊന്നും വിലപ്പോവില്ലെന്ന് ഏവരും ഉൾക്കൊള്ളുന്നുണ്ട്. 'ദേവകി'യിൽ നിന്ന് 'ദേവിക'യിലേക്കുള്ള അകലം യുഗങ്ങളുടേതാണ്. പഴയ ഫ്യൂഡൽ മനോഭാവങ്ങളെ അടിച്ചു പരത്തി സ്വാതന്ത്ര്യബോധത്തിന്റെ ജ്വലിക്കുന്ന പുതിയ സൗവർണ്ണ സ്വപ്നങ്ങളെ പുതുതലമുറയുടെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്ത മൂശയിൽ വാർത്തെടുക്കാനാണവരുടെ ഉപദേശം. എന്തെല്ലാം തിരിച്ചടികൾ നേരിട്ടാലും ദേവീബഹൻ ഉയർത്തിയ മൂല്യങ്ങൾക്കു പിന്നാലെ പഴയ സഞ്ചാര പഥങ്ങളെ ഉപേക്ഷിച്ച് നമ്പൂതിരി സമുദായം പുതുവഴികളിലേക്ക് നടന്നു കയറുന്നതിന്റെ ചിത്രം ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ദൃശ്യമാകുന്നുണ്ട്.

## അഗ്നിസാക്ഷിയും നവോത്ഥാനകാല സന്ദേശങ്ങളും

ദുർബലമായ മനുഷ്യ നിശ്ചയങ്ങളുടെ മേൽ വിധിവിളയാട്ടത്തിന്റെ സാക്ഷ്യപത്രമെന്നോണം ഒരിക്കൽ എഴുതാതെ മാറ്റി നിർത്തിയ കാര്യങ്ങൾ പിന്നീട് എഴുതാൻ നിർബന്ധിതയായി അനുവാചകസമക്ഷം സമർപ്പിക്കുന്ന കഥയായാണ് ലളിതാംബിക അന്തർജനം അഗ്നിസാക്ഷിയെ അവതരിപ്പിക്കുന്നത്. എഴുത്ത് മുഴുവൻ സമയ തൊഴിലാക്കി മാറ്റാൻ സാധിക്കാതിരുന്ന ഒരു കാലത്തിന്റെ സാമൂഹികപരവും കുടുംബപരവും ലിംഗപരവുമായ പ്രതിസന്ധികളെക്കുറിച്ചുള്ള നോവലിസ്റ്റിന്റെ ഓർമ്മ ഒരു വ്യക്തിയുടേതുമാത്രമല്ല സാമൂഹ്യ ചരിത്ര പശ്ചാത്തലങ്ങളുടെ കൂടി ഓർമ്മയാണ്.

കേരള സമൂഹരൂപീകരണ ചരിത്രത്തിന്റെ വിവിധ തലങ്ങളിൽ നമ്പൂതിരി പ്രഭാവം ചെലുത്തിയ പങ്ക് വളരെ നിർണ്ണായകമായിരുന്നു. എണ്ണംകൊണ്ട് ചെറുതും കർമ്മംകൊണ്ട് ശക്തവുമായിരുന്നു കേരളത്തിലെ നമ്പൂതിരി വിഭാഗം ജീർണ്ണപാരമ്പര്യങ്ങളിലും മനുഷ്യത്വവിരുദ്ധമായ

ആചാരങ്ങളിലും അടിയുറച്ചു നിലകൊണ്ടത് അവർക്കുമാത്രമല്ല മറ്റുവിഭാഗങ്ങൾക്കും വമ്പിച്ച ബാധ്യതയായിത്തീർന്നു. യാഥാസ്ഥിതികത്വം പഴഞ്ചന്മാരെന്നും മന്തന്മാരെന്നുമൊക്കെയുള്ള അവ മതി അവർക്ക് ചാർത്തിക്കൊടുത്തു. പ്രതികരിക്കാൻ ശേഷിയില്ലാത്തവരും അനുസരിക്കാൻ മാത്രം വിധിക്കപ്പെട്ടവരുമായ മനുഷ്യജന്മങ്ങൾ നമ്പൂരിത്തത്തിന്റെ ബലിയാടുകളായി മാറി. ഈ ജീർണ്ണ പാരമ്പര്യത്തോട് സമുദായത്തിനകത്തും പുറത്തുനിന്നുമുള്ള ഏറ്റുമുട്ടലുകളും ശുദ്ധീകരണ പരി ശ്രമങ്ങളും നോവലിലെ മുഖ്യ ആഖ്യാനമായിത്തീരുന്നുണ്ട്.

കൊളോണിയൽ കാലാവസ്ഥ 18-19 നൂറ്റാണ്ടുകളിൽ പാരമ്പര്യത്തിന്റെ കെട്ടുപാടുകളിൽ നിന്ന് മോചനം നേടാനും പുരോഗതിയിലേക്കും പരിഷ്ക്കാരത്തിലേക്കും മുന്നേറാനുള്ള സാഹ ചര്യം ഒരുക്കുന്നുണ്ട്. ഈ അന്തരീക്ഷം പിൻപറ്റി വ്യക്തികളിലൂടെയും വീക്ഷണങ്ങളിലൂടെയും ആചാരമര്യാദകളിലൂടെയും പ്രകടിതമാകുന്ന സാമുദായിക ശാഠ്യങ്ങളെ തിരുത്താനും തകർക്കാ നുമുള്ള ശ്രമങ്ങൾ സമൂഹത്തിൽ ഉണ്ടാകുന്നതിന്റെ ചിത്രീകരണവും അഗ്നിസാക്ഷിയിൽ കാണാം. അന്തർജ്ജന ദുരിതങ്ങളെ സ്വയം തിരിച്ചറിയുന്ന തേതി പാരമ്പര്യത്തിന്റെ ചങ്ങലക്കെട്ടുകൾ ഭേദി ച്ചുകൊണ്ട് അന്ധകരാവൃതമായ അന്തഃപുരത്തിൽ നിന്ന് പുറത്തുകടക്കുന്നു. സംസ്ക്കാരത്തെയും പരിഷ്ക്കാരത്തെയും കുറിച്ചുള്ള വീക്ഷണങ്ങൾ നവോത്ഥാനകാല തിരിച്ചറിവുകളായ ഉത്തരവാ ദിത്വബോധത്തിലേക്കും വ്യക്തിത്വ സ്ഥാപനത്തിലേക്കും അവരെ നയിക്കുന്നു. ഇതേ ബോധ്യ ങ്ങളുടെ വികസിത രൂപമാണ് വ്യക്തിയിൽ നിന്ന് സാമൂഹികതയിലേക്കും ക്രമേണ ദേശരാഷ്ട്ര ബോധ്യങ്ങളിലേക്കും അവരെ വളർത്തുന്നത്. സാമൂഹികതയിലേക്കും ദേശീയതയിലേക്കുമുള്ള പരിണാമത്തിൽ ഗാന്ധിജി അത്തരക്കാർക്ക് ആദർശ മാതൃകയായിത്തീരുന്നതും നോവലിൽ കാണാം. ഇന്ദുലേഖയിൽ ദൃശ്യമാവുന്ന ബ്രിട്ടീഷ് അനുകൂല സാമൂഹ്യ-രാഷ്ട്രീയാദർശങ്ങൾ അഗ്നിസാക്ഷിയിൽ കൊളോണിയൽ വിരുദ്ധ ജീവിതവീക്ഷണങ്ങളായിത്തീരുന്നു.

അടിച്ചമർത്തപ്പെടുന്ന അന്തർജ്ജനത്വത്തെയും അനാചാരങ്ങൾ പേറി നടക്കുന്ന നമ്പൂതി രിത്തത്തെയും സ്വയം വിമർശനാത്മകമായി തിരിച്ചറിഞ്ഞതിന്റെ പ്രതീകമാണ് പി.കെ.പി നമ്പൂ തിരി. സാമൂഹ്യചരിത്രത്തിൽ വി.ടി.ഭട്ടതിരിപ്പാടിനെപ്പോലുള്ളവരിലാണ് ഈ കഥാപാത്രത്തിന്റെ ഛായ കണ്ടെത്താനാവുക. 'നമ്പൂതിരിയെ മനുഷ്യനാക്കാനു'ള്ള മുദ്രാവാക്യം ഒറ്റയടിക്ക് വിജയ ത്തിലെത്തിക്കാവുന്ന ഒന്നായിരുന്നില്ലെങ്കിലും പിന്നീടത് സംഭവിക്കുന്നുണ്ട്. വിമോചകരായെത്തുന്ന യോഗക്ഷേമസഭയും നമ്പൂതിരിയുവജന സംഘവും പോലുള്ളവർ ഇതിനുള്ള പാതയൊരുക്കു ന്നു.

നമ്പൂതിരിവർഗ്ഗം കണ്ടില്ലെന്നു നടിക്കുന്നുണ്ടെങ്കിലും പഠിപ്പിന്റെയും പരിഷ്ക്കാരത്തി

ന്റെയും ലോകത്തെ മറ്റു വിഭാഗങ്ങൾ തിരിച്ചറിയുന്നു. സംസ്കൃതത്തിൽ നിന്ന് ഇംഗ്ലീഷിലേക്കും അനാചാരങ്ങളിൽ നിന്ന് സംസ്ക്കാരത്തിലേക്കുമുള്ള പരിവർത്തനങ്ങൾ നടക്കാൻ തുടങ്ങുന്നു. അത്തരം സാധ്യതകൾ കണ്ടറിയുന്ന നായർ തൊട്ടുള്ള നമ്പൂതിരിയിതര വിഭാഗങ്ങൾ വിധേയത്വ ബോധം കുടഞ്ഞെറിഞ്ഞ് സ്വാതന്ത്ര്യത്തിലേക്കും അഭിമാനബോധത്തിലേക്കും പരിവർത്തിതമാകുന്നതിന്റെ ചിത്രവും  അഗ്നിസാക്ഷിയിൽ കാണാം.

സ്വാതന്ത്ര്യാനന്തരകാലം ശുഭസൂചനകൾ മാത്രം സമ്മാനിക്കുന്ന ഒന്നായി അനുഭവപ്പെടുന്നില്ല. കടന്നുവന്ന വഴിയെയും ത്യാഗജന്മങ്ങളെയും സൗകര്യപൂർവ്വം മറക്കാൻ തുടങ്ങിയപ്പോൾ സമൂഹം സ്വാർത്ഥതയിലേക്കും അവസരവാദത്തിലേക്കും ധർമ്മശോഷണത്തിലേക്കും തിരിയുന്നതിന്റെ വിലക്ഷണ ചിത്രവും നോവലിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. നോവലിസ്റ്റിനെ സംബന്ധിച്ചിടത്തോളം വൈകാരികതയും സഹാനുഭൂതിയും നിറഞ്ഞുനിൽക്കുന്ന കഥാഖണ്ഡമാണെങ്കിൽക്കൂടി ഈ കൃതി കേരളീയ സാമൂഹ്യ നവോത്ഥാനഘട്ടത്തിലെ തീവ്രവും തീക്ഷ്ണവുമായ സംഭവപരമ്പരകളുടെ കലാപരമായ ആവിഷ്ക്കാരം കൂടിയായിത്തീർന്നിരിക്കുന്നു എന്നു കാണാം.

## അടിക്കുറിപ്പുകൾ

1. പ്രൊഫ.എൻ.ഗോപിനാഥൻ നായർ, മനുസ്മൃതി (സംഗൃഹീത പുനരാഖ്യാനം) ഡി.സി. ബുക്സ്, കോട്ടയം, പേജ് 86
2. പ്രൊഫ.എൻ.ഗോപിനാഥൻ നായർ, മനുസ്മൃതി (സംഗൃഹീത പുനരാഖ്യാനം) ഡി.സി. ബുക്സ്, കോട്ടയം, പേജ് 106
3. ഇ.എം.എസ്; പി.ഗോവിന്ദപ്പിള്ള, ഗ്രാംഷിയൻ വിചാരവിപ്ലവം, ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം, പേജ് 31–36
4. എ.എം.എൻ ചാക്യാർ, അവസാനത്തെ സ്മാർത്തവിചാരം, സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ 2011, പേജ് 3.
5. എസ്.കെ.വസന്തൻ, കേരള ചരിത്ര നിഘണ്ടു, നാഷണൽ ബുക്സ്റ്റാൾ കോട്ടയം 1983, പേജ് 217.
6. വില്യം ലോഗൻ, ലോഗന്റെ മലബാർ മാന്വൽ (വിവ: ടി.വി. കൃഷ്ണൻ), മാതൃഭൂമി ബുക്സ്, കോട്ടയം, 2004, പേജ് 121.
7. എസ്.കെ.വസന്തൻ, കേരളചരിത്രനിഘണ്ടു, നാഷണൽ ബുക്സ്റ്റാൾ കോട്ടയം, 1983, പേജ് 217

8. ഐ.വി.ബാബു, നമ്പൂതിരി നവോത്ഥാനത്തിന്റെ സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ ഫലങ്ങൾ (ഗവേഷണ പ്രബന്ധം. 1996), പേജ് 17.

9. പി.കെ.ഗോപാലകൃഷ്ണൻ, ഫ്യൂഡലിസം - കേരള ചരിത്രം (കേരള ഹിസ്റ്ററി അസോസിയേഷൻ), ഏറണാകുളം, പേജ് 104.

10. പി.കെ.ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം - കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - തിരുവനന്തപുരം, ജനവരി 2000, പേജ് 281.

11. പി. ഭാസ്ക്കരനുണ്ണി, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, പേജ് 1088.

12. എം.പി.ഭട്ടതിരിപ്പാട്, 'പ്രേംജി - വി.ടിയുടെ സൃഷ്ടി', ദേശാഭിമാനി വാരിക 1995 നവംബർ 12, ലക്കം 22, പുസ്തകം 27.

13. പി.ഭാസ്ക്കരനുണ്ണി, 'കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ' - കേരള സാഹിത്യ അക്കാദമി, തൃശൂർ, ജനുവരി 2005, പേജ് - 4 (മലയാള മനോരമ മുഖപ്രസംഗം 1899).

14. വി.ടി.ഭട്ടതിരിപ്പാട്, മായയോ മൻമതിഭ്രാന്തിയോ, വി.ടി.സമ്പൂർണ്ണ കൃതികൾ, ഡി.സി.ബുക്സ്. കോട്ടയം, 1997, പേജ് - 71.

15. ലളിതാംബിക അന്തർജ്ജനം, ആത്മകഥയ്ക്ക് ഒരാമുഖം, കറന്റ് ബുക്സ് തൃശൂർ, പേജ് 31.

16. ലളിതാംബിക അന്തർജ്ജനം, ആത്മകഥയ്ക്ക് ഒരാമുഖം, കറന്റ് ബുക്സ് തൃശൂർ, പേജ് 21.

17. നന്ദൻ, കുറിയേടത്ത് താത്രി,കറന്റ് ബുക്സ്, കോട്ടയം, പേജ് - 119.

18. ഡോ.ഫ്രാൻസിസ് ബുക്കാനൻ, ഫ്രാൻസിസ് ബുക്കാനന്റെ കേരളം (വിവ. ഡോ.സി.കെ. കരീം) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പേജ് 85.

19. വില്യം ലോഗൻ, ലോഗന്റെ മലബാർ മാന്വൽ (വിവ. ടി.വി.കൃഷ്ണൻ), മാതൃഭൂമി ബുക്സ്, 2004, പേജ് 120.

20. കെ.കേളപ്പൻ (അവതാരിക), വി.ടി.സമ്പൂർണ്ണകൃതികൾ, ഡി.സി.ബുക്സ് - കോട്ടയം, 1997, പേജ് 345.

21. ചെറുകാട്,ജീവിതപ്പാത,ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം, പേജ് 19.

22. വി.ടി.ഭട്ടതിരിപ്പാട്, വി.ടി സമ്പൂർണ്ണകൃതികൾ, ഡി.സി.ബുക്സ്, കോട്ടയം, 1997 പേജ് 219.

23. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി, കറന്റ് ബുക്സ്, തൃശൂർ, ആഗസ്ത് 2002, പേജ് 25.

24. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി, കറന്റ് ബുക്സ്, തൃശൂർ, ആഗസ്ത് 2002, പേജ് 27.

25. ലളിതാംബിക അന്തർജ്ജനം,അഗ്നിസാക്ഷി, കറന്റ് ബുക്സ്, തൃശൂർ, ആഗസ്ത് 2002, പേജ് 52.

26. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി, കറന്റ് ബുക്സ്, തൃശൂർ, ആഗസ്ത് 2002, പേജ് 56.

27. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി - കറന്റ് ബുക്സ്, തൃശൂർ - ആഗസ്ത് 2002, - പേജ് 22.

28. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി - കറന്റ് ബുക്സ്, തൃശൂർ - ആഗസ്ത് 2002, - പേജ് 18.

29. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി - കറന്റ് ബുക്സ്, തൃശൂർ - ആഗസ്ത് 2002, പേജ് 61.

30. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി - കറന്റ് ബുക്സ്, തൃശൂർ - ആഗസ്ത് 2002, പേജ് 62, 63.

31. വി.ടി.ഭട്ടതിരിപ്പാട്, വി.ടി.സമ്പൂർണ്ണ കൃതികൾ, ഡി.സി.ബുക്സ് കോട്ടയം, 1997, പേജ് 192.

32. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി, കറന്റ് ബുക്സ്, തൃശൂർ, ആഗസ്ത് 2002, പേജ് 34.

33. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി - കറന്റ് ബുക്സ്, തൃശൂർ - ആഗസ്ത് 2002, പേജ് 36.

34. വി.ടി.ഭട്ടതിരിപ്പാട്, ദക്ഷിണായനം (ആത്മകഥ), വി.ടി.സമ്പൂർണ്ണ കൃതികൾ, ഡി.സി.ബുക്സ്, കോട്ടയം, 1997, പേജ് 236.

35. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി, കറന്റ് ബുക്സ്, തൃശൂർ, ആഗസ്ത് 2002, പേജ് 35.

36. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി, കറന്റ് ബുക്സ്, തൃശൂർ, ആഗസ്ത് 2002, പേജ് 55.

37. ലളിതാംബിക അന്തർജ്ജനം, ആത്മകഥയ്ക്ക് ഒരാമുഖം, കറന്റ് ബുക്സ്, തൃശൂർ, പേജ് 73.

38. എം.ആർ.മഹേഷ്, മലയാള നോവലും ദേശീയതയും, പ്രകാശന വിഭാഗം, കേരള സർവ്വക ലാശാല, തിരുവനന്തപുരം, 2012, പേജ് 34.

39. വി.ടി.ഭട്ടതിരിപ്പാട്, ദക്ഷിണായനം (ആത്മകഥ), വി.ടി.സമ്പൂർണ്ണ കൃതികൾ, ഡി.സി.ബുക്സ് കോട്ടയം, 1997, പേജ് 251.

Shanoj. M.P. “Social renaissance in malayalam novels” Thesis. Kerala sahithya academy, University of Calicut, 2014.

# അദ്ധ്യായം നാല്
# അയൽക്കാർ

1963ൽ രചിക്കപ്പെട്ടതെങ്കിലും 'അയൽക്കാർ' എന്ന നോവൽ പ്രതിനിധാനം ചെയ്യുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലെ കേരളീയ സാമൂഹ്യപശ്ചാത്തലത്തെയാണ്. സ്വാതന്ത്ര്യ പൂർവ്വഘട്ടങ്ങളിലെ രാഷ്ട്രീയ ചലനങ്ങൾ, സാമുദായിക ബന്ധങ്ങൾ, ഫ്യൂഡൽ സാമ്പത്തിക സമ്പ്രദായങ്ങൾ, ചില സാമൂഹ്യവർഗ്ഗങ്ങളുടെ മുഖ്യാധാരാപ്രവേശനം തുടങ്ങി അനവധി വിഷ യങ്ങൾ ഇതിൽ ചരിത്രബോധത്തോടെയും റിയലിസ്റ്റിക്ക് ആയ വീക്ഷണത്തോടെയും ആവി ഷ്ക്കരിക്കാൻ കേശവദേവ് ശ്രമിച്ചിട്ടുണ്ട്.

ഇത് വിശദീകരിക്കണമെങ്കിൽ അക്കാലത്തെ കേരളീയ സാമൂഹ്യരാഷ്ട്രീയ സാഹ ചര്യങ്ങൾ വിശകലനം ചെയ്യേണ്ടതുണ്ട്. കേരളത്തിന്റെ ധൈഷണിക മണ്ഡലത്തെ ചൂടുപിടിപ്പി ക്കുകയും ചലനാത്മകമാക്കുകയും ചെയ്ത കാലമാണ് ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം. സാംസ്കാരികമായ നവോത്ഥാനകാലം എന്ന് പിന്നീട് വ്യവഹരിക്കപ്പെട്ട ഈ കാലത്ത് കേരള ത്തിന്റെ ചിന്താതലത്തിലും തൽഫലമായി സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിലും ദൃശ്യമായ പരിവർത്തനങ്ങളെ പ്രധാനമായും ഇങ്ങനെ സംഗ്രഹിക്കാം:

(i) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സാന്നിധ്യവും അച്ചടിയും പത്രമാസികകളുടെ പ്രചാരവും വഴി രൂപപ്പെട്ട ബൗദ്ധികമായ ഉണർവ്വ്.

(ii) കേസരി ബാലകൃഷ്ണപിള്ള തന്റെ പത്രത്തിലൂടെ യൂറോപ്യൻ സാഹിത്യത്തിലെ എഴു ത്തുകാരുടെ വൈവിധ്യപൂർണ്ണമായ ജീവിതാവസ്ഥകളെ വളർന്നുവരുന്ന മലയാള എഴു ത്തുകാർക്കു മുമ്പിൽ തുറന്നുവെച്ചു. ബൽസാക്ക്, ഇബ്സെൻ, മോപ്പസാങ്, ആന്റൺ ചെക്കോവ്, വിക്ടർ യൂഗോ തുടങ്ങിയ വിശ്വസാഹിത്യകാരന്മാരുടെ രചനകൾ മലയാളി കൾക്കു പരിചയപ്പെടുത്തി.

(iii) എഴുത്തുകാർ ക്ലാസ്സിക്ക്-പാരമ്പര്യരീതി വിട്ട് റിയലിസ്റ്റിക്ക് വീക്ഷണത്തിലൂടെ ജീവിതത്തെ നോക്കാൻ ആരംഭിച്ചു. സംസ്കൃതത്തിന്റെ സ്വാധീനത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ട സാഹി ത്യത്തെ ആഴത്തിലും പരപ്പിലുമുള്ള ജീവിതത്തിന്റെ സങ്കീർണ്ണതകളിലേക്കു ചേർത്തു നിർത്തി.

(iv) ഇന്ത്യൻ സ്വാതന്ത്ര്യസമരവും ഗാന്ധിയൻ ആദർശങ്ങളും വലിയ വിഭാഗം ജനങ്ങളെയും

ചിന്തകരെയും സ്വാധീനിച്ചു. ദേശീയബോധം, ആത്മാഭിമാനം, സ്വാതന്ത്ര്യവാഞ്ഛ, അഹിംസ എന്നിവയിലധിഷ്ഠിതമായ രാഷ്ട്രീയ-സാമൂഹിക വീക്ഷണങ്ങൾ വലിയ ഒരു വിഭാഗത്തെ ഒറ്റ നൂലിലെന്ന പോലെ കോർത്തിണക്കി. ഒരു പൊതുമണ്ഡലം രൂപീകൃതമായി.

(v) ഒക്ടോബർ വിപ്ലവം മുന്നോട്ടുവെച്ച രാഷ്ട്രീയാദർശങ്ങൾ കേരളധൈഷണികതയേയും സ്വാധീനിച്ചു. അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാതരത്തിലുമുള്ള വിവേചനങ്ങളിൽ നിന്നും വിമുക്തി നേടി സാമൂഹിക സമത്വമെന്ന സ്വപ്നത്തിലേക്ക് ഉയരാനുള്ള ആവേശവും ഉത്സാഹവും ജനങ്ങളിൽ പ്രകടമായി.

(vi) ജാതിമത ചിന്തകൾക്കതീതമായി വ്യക്തികൾക്ക് തമ്മിൽ കൂടിച്ചേരാനും ആശയങ്ങൾ പങ്കുവെക്കാനും വാദപ്രതിവാദങ്ങൾ നടത്താനുമുതകുന്ന ഒരു പൊതുമണ്ഡലം (Public Sphere) രൂപീകൃതമായി.

(vii) കോളനിവൽക്കരണത്തിന്റെ നുകത്തിൽ നിന്നും വിമോചിതരാവാനുള്ള തീവ്രമായ അഭിലാഷം രൂപപ്പെട്ടു.

(viii) മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ചിന്താപദ്ധതികൾ ഒരു വിഭാഗം എഴുത്തുകാരെയും ചിന്തകരെയും സ്വാധീനിച്ചു. പുരോഗമന കാഴ്ചപ്പാടുള്ള ഇവരെ ഇടതു ചിന്താധാരകൾ സ്വാധീനിക്കുകയും അവർ സോഷ്യലിസ്റ്റ് ചിന്താഗതിക്കാരായി മാറുകയും ചെയ്തു.

(ix) സിഗ്മണ്ട് ഫ്രോയ്ഡ്, യുങ്ങ് തുടങ്ങിയവരുടെ മനോവിജ്ഞാനീയ സിദ്ധാന്തങ്ങൾ, ആധുനിക സാമൂഹ്യശാസ്ത്രം, ശാസ്ത്രീയ വീക്ഷണം തുടങ്ങിയവ ബൗദ്ധിക തലത്തെ സ്വാധീനിച്ചു.

(x) 1937 ൽ ജീവൽ സാഹിത്യപ്രസ്ഥാനമായി ആരംഭിച്ച് 1944ൽ പുരോഗമനസാഹിത്യ പ്രസ്ഥാനമായി മാറിയ സംഘടന, സാമൂഹത്തിലെ അനീതിക്കും അധർമ്മത്തിനുമെതിരെ പ്രയോഗിക്കാവുന്ന ശക്തമായ ഉപകരണമെന്ന നിലയിൽ സാഹിത്യത്തെ കണ്ടു. സമൂഹത്തിൽ നിലനിൽക്കുന്ന ചൂഷക-ചൂഷിത വ്യവസ്ഥിതിയിൽ അധിഷ്ഠിതമായ സാമ്പത്തിക ഘടനയിൽ സാഹിത്യകാരൻ ചൂഷിതപക്ഷത്ത് നിൽക്കണമെന്ന കാഴ്ച്ചപ്പാട് ഉയർത്തിപ്പിടിച്ചു.

ഇങ്ങനെയെല്ലാമുള്ള സവിശേഷമായ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക സാഹചര്യത്തിൽ എഴുത്തിന്റെ ലോകത്ത് വ്യാപരിച്ചവരാണ് തകഴി, കേശവദേവ്, പൊൻകുന്നംവർക്കി, ഉറൂബ്, ലളിതാംബിക അന്തർജ്ജനം തുടങ്ങിയവർ. പൗരാണികതയുടെ ഗതാനുഗതികത്വത്തെ കൈയൊഴിഞ്ഞ അവർ സാധാരണ മനുഷ്യരുടെ ജീവിതപ്രശ്നങ്ങളാണ് തങ്ങളുടെ രചനകൾക്ക്

വിഷയമാക്കിയത്. വർഗബോധം, സ്വാതന്ത്ര്യബോധം, തുടങ്ങി അനവധിയായ വിഷയങ്ങൾ അവതരിപ്പിക്കുന്ന എഴുത്തുകാരുടെ ഒരു കൂട്ടം തന്നെ ഉയർന്നു വന്നു. അത് മലയാള നോവൽസാഹിത്യരംഗത്ത് ഒരു പുതിയ യുഗത്തിന് നാന്ദികുറിച്ചു. ഈ സവിശേഷ ഘട്ടത്തിലെ കേരളീയ ജീവിതമാണ് അയൽക്കാർ എന്ന നോവലിൽ തെളിഞ്ഞുനിൽക്കുന്നത്.

**അയൽക്കാർ – കർത്താവും കഥാകാലവും**

1904 ൽ ആണ് കേശവദേവിന്റെ ജനനം. ക്ഷയിച്ചുകൊണ്ടിരിക്കുന്ന തറവാട്ടിൽ ദാരിദ്ര്യവും കഷ്ടപ്പാടും അനുഭവിച്ചു കൊണ്ടുള്ള ബാല്യകൗമാരങ്ങളായിരുന്നു ദേവിന്റേത്. അതിന്റെ ദയനീയത സ്വയം അനുഭവിച്ച അദ്ദേഹത്തെ സംബന്ധിച്ച്, ജീവിതത്തിന്റെ തന്നെ ആവിഷ്ക്കാരമായിരുന്നു എഴുത്ത്. ദേവിന്റെ ചിന്തകൾ, അസമത്വങ്ങൾ വരുത്തിവെക്കുന്ന സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിക്കെതിരെ തിരിയുന്നുണ്ട്. അവ, നിലനിൽക്കുന്ന ഫ്യൂഡൽ വ്യവസ്ഥിതിക്ക് നേരെയുള്ള പ്രതിഷേധത്തിന്റെയും ധിക്കാരത്തിന്റെ എഴുത്തുകളും പ്രസംഗങ്ങളുമായി മാറി. സഹോദരൻ അയ്യപ്പൻ, ബാരിസ്റ്റർ എ.കെ. പിള്ള തുടങ്ങിവരുമായുള്ള ബന്ധം സാമൂഹ്യ-രാഷ്ട്രീയ വീക്ഷണങ്ങളിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു.

ഹിന്ദുമതത്തിൽ അന്ന് നിലനിന്നിരുന്ന കഠിനമായ ജാതിവിവേചനങ്ങളെപ്പറ്റി ദേവ് ചിന്താധീനനായിരുന്നു. ജാതിയുടെയും അന്ധവിശ്വാസങ്ങളുടെയും നേരെ കർക്കശ നിലപാടെടുക്കുന്ന ആര്യസമാജത്തിൽ അദ്ദേഹം ആകൃഷ്ടനായി. തുടർന്നാണ് അദ്ദേഹം ആര്യസമാജ നേതാവായ പണ്ഡിറ്റ് ഋഷിരാജ് നൽകിയ പൂണൂൽ ധരിക്കുകയും കേശവപ്പിള്ള എന്ന പേരിലെ ജാതിചിഹ്നം മുറിച്ചു കളഞ്ഞ് കേശവദേവ് ആയി മാറുകയും ചെയ്തത്.

കേസരി ബാലകൃഷ്ണപ്പിള്ള, എ.കെ. പിള്ള എന്നിവരൊത്തുള്ള പ്രവർത്തനങ്ങൾ ദേവിന്റെ ചിന്തകളെ ഉദ്ദീപിപ്പിച്ചിരുന്നു. വിശ്വസാഹിത്യത്തിലൂടെ സഞ്ചരിച്ച ദേവ് സാർവ്വദേശീയ മാനവബോധത്തെക്കുറിച്ചുള്ള ധാരണകൾ രൂപപ്പെടുത്തി. പകൽ സമയങ്ങളിൽ അദ്ദേഹം തൊഴിലാളി പ്രസ്ഥാനങ്ങളെ അഭിസംബോധന ചെയ്തുള്ള പ്രസംഗങ്ങളിലും രാത്രി എഴുത്തിലും മുഴുകി. 'ഉണ്ണിനമ്പൂതിരി', 'സഹോദരൻ' തുടങ്ങിയ പത്രങ്ങളിലൂടെ അദ്ദേഹം തന്റെ ആശയപ്രചാരണം നടത്തി. സാഹിത്യത്തെ ശക്തമായ പ്രചരണായുധമായി കണ്ട വ്യക്തിയാണ് കേശവദേവ്. എം. കെ. സാനുവിനയച്ച ഒരു കത്തിൽ അദ്ദേഹം തന്റെ കാഴ്ചപ്പാട് വ്യക്തമാക്കിയിട്ടുണ്ട്:

'അപ്പോൾ എന്റെ മുൻപിലുള്ള പ്രശ്നം ജീവിതം മാത്രമാണ്. എന്നുവച്ചാൽ, ദൈനന്ദിന ജീവിതവും ശാസ്ത്രവും തത്വചിന്തയും മതവും രാഷ്ട്രീയവും യുദ്ധവും സമാധാനവും എന്നുവേണ്ട എല്ലാം എല്ലാം ഉൾപ്പെട്ട ജീവിതം.

ഞാൻ ജീവിതത്തിന്റെ സാക്ഷിയല്ല. ജീവിതത്തിന്റെ ഉള്ളിൽ നിൽക്കുന്നവനാണ്. അതു കൊണ്ട്, ജീവിതത്തിന്റെ ചലനങ്ങളിൽ എന്റെ ചലനങ്ങൾ കൂടിയുണ്ട്. ആ ചലനങ്ങളെ ആസ്വദി ക്കാനും നിരൂപിക്കാനും വ്യാഖ്യാനിക്കാനും എന്നിലുള്ള ഏതോ ചില ശക്തിവിശേഷം എന്നെ പ്രേരിപ്പിക്കുന്നു. അതാണ് എന്റെ സാഹിത്യസൃഷ്ടിയുടെ അടിസ്ഥാനം.

എന്റെ മറ്റ് സാഹിത്യകൃതികളെപ്പോലെ തന്നെ എന്റെ നോവലുകളും സോദ്ദേശ്യമാണ്. ജീവിതാസ്വാദനവും ജീവിത നിരൂപണവും ജീവിതവ്യാഖ്യാനവുമാണ്.'[1]

ഓടയിൽ നിന്ന് (1944) എന്ന രചനയിലൂടെയാണ് കേശവദേവ് നോവൽ രംഗത്തേക്ക് പ്രവേശിച്ചത്. അദ്ദേഹത്തിന്റെ രചനകളിൽ സവിശേഷമായ സഹൃദയശ്രദ്ധ നേടിയ കൃതികൾ ഭ്രാന്താലയം (1949), റൗഡി (1958), കണ്ണാടി (1961), അയൽക്കാർ (1963) എന്നിവയാണ്.

കേരളത്തിൽ പുരോഗമനസാഹിത്യപ്രസ്ഥാനം ഔദ്യോഗികമായി തുടക്കം കുറിക്കും മുമ്പു തന്നെ കേശവദേവ് പുരോഗമന സാഹിത്യകാരനായിരുന്നുവെന്ന് കേസരി അഭിപ്രായപ്പെട്ടിട്ടു ണ്ട്. പുരോഗമനവീക്ഷണം സാമൂഹ്യനവീകരണബോധവും ജ്വലിച്ചു നിന്ന സ്വാതന്ത്ര്യപൂർവ്വ ദശകങ്ങളിൽ 'കേസരി സ്കൂൾ' ദേവിന്റെ ബൗദ്ധികതയെ അടിമുടി സ്വാധീനിച്ചിരുന്നു. എതിർപ്പിന്റെ തത്വശാസ്ത്രത്തിലേക്ക് താനെത്തിച്ചേർന്നത് ഒരുതരം അപകർഷതാബോധം നിമി ത്തമായിരുന്നുവെന്ന് ദേവ് തന്റെ ആത്മകഥയിൽ സൂചിപ്പിക്കുന്നുണ്ട്. ഈ അപകർഷത താനുൾപ്പെട്ട സവർണ്ണ-ഫ്യൂഡൽ വിഭാഗത്തിനെതിരെയുള്ള രാഷ്ട്രീയ പ്രവർത്തനമായി പരി വർത്തനം ചെയ്യപ്പെടുകയായിരുന്നു. രാമായണം ചുട്ടുകരിക്കുക, ഗോമാസം തിന്നുക, മിശ്രവി വാഹം സാർവ്വത്രികമാക്കുക തുടങ്ങിയ ആശയങ്ങൾ പ്രചരിപ്പിക്കുകയും അത്തരം പ്രവർത്തന ങ്ങളിൽ വീറോടെ പങ്കെടുക്കുകയും ചെയ്ത അദ്ദേഹം, ആര്യസമാജം വിട്ട് തൊഴിലാളി പ്രസ്ഥാ നത്തിലും കോൺഗ്രസ്സിലും പ്രവർത്തിച്ചിട്ടുണ്ട്. കോൺഗ്രസ് വിട്ട് കുറേക്കാലം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും പ്രവർത്തനനിരതനായി. ഒരു ഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ കരുത്തുറ്റ പ്രചാരകനായ ദേവ് പിന്നീട് അതിന്റെ കടുത്ത വിമർശകനുമായി മാറി.

തന്റെ എഴുത്തിനെയും പ്രസംഗത്തെയും കുറിച്ച് ധാരാളം ആക്ഷേപങ്ങളും എതിർപ്പു കളും ഉയർന്നു വന്നെങ്കിലും അതിൽ ദേവ് കുലുങ്ങിയിരുന്നില്ല. 'ഒറിജിനാലിറ്റി, സിൻസിയറിറ്റി, ക്ലിയർനസ്സ് എന്നീ ടോൾസ്റ്റോയിയുടെ മൂന്ന് അടിസ്ഥാന കലാതത്വങ്ങളെ ഞാൻ എന്നും അനു സരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ആവശ്യമുള്ളത്ര എഴുതുക, ആവശ്യത്തിൽ കൂടുതൽ ഒരക്ഷരവും എഴു താതിരിക്കുക- അതെന്റെ ഒരു മുദ്രാവാക്യമാണ്' [2] എന്ന് ദേവ് തന്റെ വീക്ഷണം അവതരിപ്പിക്കു ന്നുണ്ട്. എന്നാൽ ഈ അവകാശവാദത്തിൽ ആദ്യഭാഗത്തോട് നീതി പുലർത്താൻ അദ്ദേഹം പര

മാവധി ശ്രമിച്ചിട്ടുണ്ടെന്നു പറയാമെങ്കിലും അവസാനഭാഗത്തോട് സാധിച്ചിട്ടില്ല എന്നതിന് 'അയൽക്കാർ' അടക്കമുള്ള നോവലുകൾ തെളിവാണ്.

**കഥാകാലവും സാമൂഹ്യപശ്ചാത്തലവും**

കേരളത്തിലെ സാമൂഹ്യഘടനയിലെ പ്രമുഖ ജാതി-മത ശക്തികളായ നായർ-ഈഴവ-ക്രിസ്ത്യൻ വിഭാഗങ്ങളുടെ ജീവിതവും ജീവിത പരിവർത്തനങ്ങളും സാമൂഹികമായ ഉൾക്കാഴ്ചയോടെ അവതരിപ്പിക്കുന്ന നോവലാണ് 'അയൽക്കാർ'. കാലഘട്ടങ്ങളിലൂടെയുള്ള പരിവർത്തനത്തിന്റെ ഗതിവിഗതികൾ സവിശേഷമായ പശ്ചാത്തലത്തിൽ 19, 20 നൂറ്റാണ്ടുകളിലെത്തിനിൽക്കുന്നതിനെ ദേവ് സാമൂഹ്യചരിത്രദൃഷ്ട്യാ വിലയിരുത്തുന്നുണ്ട്:

'കേരളത്തിന്റെ സാമൂഹ്യപരിവർത്തനങ്ങളുടെ ചരിത്രത്തിൽ പ്രത്യേകം ശ്രദ്ധേയമായ മൂന്നു സംഗതികളുണ്ട്. ഫ്യൂഡലിസത്തിന്റെ നേരിയ ഛായയുള്ള മരുമക്കത്തായ സമ്പ്രദായത്തിന്റെ തകർച്ച, ജാതീയമായ അവശതകൾ അനുഭവിച്ചുകൊണ്ടിരുന്ന ഈഴവ സമുദായത്തിന്റെ വിജയകരമായ സ്വാതന്ത്ര്യസമരം, ക്രിസ്ത്യൻ സമുദായത്തിന്റെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉയർച്ച. ഈ മൂന്നു പരിവർത്തനങ്ങളെ മൂന്നു കുടുംബങ്ങളിൽ പ്രതിഫലിപ്പിക്കുന്നതാണ് അയൽക്കാർ.'[3]

കേരളത്തിന്റെ സാമൂഹ്യചരിത്രത്തിൽ സംഭവിച്ചതായി ദേവ് സൂചിപ്പിക്കുന്ന പരിവർത്തനങ്ങൾ തൽക്കാല സൃഷ്ടികളായിരുന്നില്ല. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ സംഭവിച്ചതായി പൊതുവെ പറയാമെങ്കിലും ഈ പരിവർത്തനത്തിനും സാമൂഹ്യ വിപ്ലവങ്ങൾക്കും നൂറ്റാണ്ടുകളുടെ ഭൂതകാല പശ്ചാത്തലമുണ്ട്. അങ്ങനെ വരുമ്പോൾ അയൽക്കാർ എന്ന നോവൽ പഠന വിധേയമാക്കണമെങ്കിൽ നമ്മുടെ ജാതിവ്യവസ്ഥ, ഫ്യൂഡൽപാരമ്പര്യം, ഭൂവുടമാബന്ധങ്ങൾ, മരുമക്കത്തായം, ജന്മിസമ്പ്രദായം, സംബന്ധം, നായർ ബഹുഭർതൃത്വം, കൊളോണിയൽ ആധിപത്യം, ഇന്ത്യൻ ദേശീയത, പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ തുടങ്ങി പല വിഷയങ്ങളെയും കുറിച്ചും സമഗ്രമായി വിശകലനം ചെയ്യേണ്ടതായി വരും.

ആര്യാധിനിവേശത്തെത്തുടർന്ന് സംഘകാലത്തെ ഗോത്രജീവിതം തകരുന്നതോടെയാണ് ക്രമേണ ക്ഷേത്ര-ബ്രാഹ്മണ കേന്ദ്രീകൃതമായ പുതിയ സാമൂഹ്യവ്യവസ്ഥ രൂപപ്പെടുന്നത്. അതോടെ മുമ്പ് നിലവിലുണ്ടായിരുന്ന സാമൂഹ്യഗണങ്ങൾ പുതിയ വ്യവസ്ഥിതിയിലെ ജാതിവിഭാഗങ്ങളായി പരിണമിച്ചു. ജന്മിസമ്പ്രദായം നില നിന്നു പോന്ന കാലത്തോളം ജാതി സമ്പ്രദായവും അതിനകത്തെ സാമൂഹ്യക്രമവും സാമ്പത്തിക ക്രമവും പരസ്പരപൂരകമായി സ്വാധിനിച്ചിരുന്നു. കൊല്ലവർഷക്കാലത്ത് അബ്രാഹ്മണരായ വിശ്വാസികൾ ക്ഷേത്രത്തിലേക്ക് ദാനം ചെയ്ത

ഭൂമി പിന്നീട് ബ്രാഹ്മണരുടെ സ്വത്തായി പരിഗണിച്ചപ്പോൾ അവർ വമ്പിച്ച ഭൂസ്വത്തിനുടമകളായി മാറി. ജന്മിമാർ അനുഭവിച്ചുപോന്നിരുന്ന സ്വത്തിന്റെ ഒരു ഭാഗം ശ്രേണീബന്ധത്തിലെ അനുചരർ എന്ന നിലയിൽ അവരെ ആശ്രയിച്ചു കഴിയുന്നവർക്കും അനുഭവിക്കാൻ സാധിച്ചിരുന്നു. ഭൂരിഭാഗം ഭൂമിയുടെയും കൈകാര്യകർതൃത്വം ക്ഷേത്രങ്ങൾ, ബ്രാഹ്മണർ, നാടുവാഴികൾ എന്നിങ്ങനെയുള്ള വിഭാഗങ്ങളിലേക്കു കേന്ദ്രീകരിക്കപ്പെട്ടു. രാജാക്കന്മാരും ബ്രാഹ്ണരും മാത്രമല്ല 18-ാം നൂറ്റാണ്ടോടുകൂടി നികുതി പിരിക്കാൻ ചുമതലപ്പെട്ട അധികാരികൾ പലരും അമിതാധികാര പ്രയോഗത്തിലൂടെ ഭൂസ്വത്തിനുടമകളായി മാറുന്ന കാഴ്ച്ചയും കാണാവുന്നതാണ്.

നാടുവാഴിത്തത്തിൽ നിന്ന് ബ്രിട്ടീഷ് അധിനിവേശ കാലമാവുമ്പോഴേക്കും ഈ വിഭാഗങ്ങൾ ആളുകൊണ്ടും അർത്ഥം കൊണ്ടും അധികാരം കൊണ്ടും തികഞ്ഞ അഭിജാതവൃന്ദമായി പരിണമിച്ചിരുന്നു. കേരളത്തിലെ വലിയ ജന്മികൾ തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കൻമാരും മലബാറിലെ സാമൂതിരിമാരുമായിരുന്നു. തിരുവിതാംകൂറിന്റെ വസ്തുവകകളിൽ മുക്കാൽ ഭാഗവും കൊച്ചിയിലെ മൂന്നിലൊന്നും പണ്ടാരവകയായിരുന്നു. മലബാറിൽ സാമൂതിരിപ്പാടുകഴിഞ്ഞാൽ ചിറക്കൽ, കോലത്തിരി, അറയ്ക്കൽ, കോട്ടയം, കടത്തനാട്, മങ്കട മുതലായ കോവിലകങ്ങളും കവളപ്പാറ, നിലമ്പൂർ, കൂടാളി മുതലായ നാടുവാഴി നായർത്തറവാടുകളും പൂമുള്ളി, ഒളപ്പമണ്ണ, ദേശമംഗലം മുതലായ നമ്പൂതിരി കുടുംബങ്ങളും കൊണ്ടോട്ടിത്തങ്ങളെപ്പോലുള്ള മുസ്ലിം പ്രമാണികളും കൊച്ചിയിൽ പാലിയത്തച്ചൻ തുടങ്ങിയ പ്രമുഖ കുടുംബങ്ങളും തിരുവിതാംകൂറിൽ ഇടപ്പള്ളി, കിളിമാനൂർ, മുതലായ ഇടവകകളും മാടമ്പിമാരും നമ്പൂതിരിമാരുമായിരുന്നു പ്രമുഖ ജന്മികൾ.[4]

ബ്രീട്ടീഷ് ഭരണത്തോടെയാണ് 19-20 നൂറ്റാണ്ടുകളിൽ കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ ഒട്ടേറെ പരിവർത്തനങ്ങൾ സംഭവിക്കുന്നത്. വൈദേശിക താൽപര്യങ്ങളുടെ സുഗമമായ നടത്തിപ്പിനുള്ള വഴികളായിക്കൂടി നടപ്പിലാക്കപ്പെട്ട ആധുനിക വിദ്യാഭ്യാസരീതികളും കൊളോണിയൽ ഭരണസമ്പ്രദായങ്ങളും നാട്ടുനടപ്പുകളെ മാറ്റിമറിച്ച് വലിയ മാറ്റങ്ങൾക്കുള്ള സാഹചര്യം സൃഷ്ടിച്ചു. ദീർഘകാലം സാമൂഹ്യഘടനയുടെ ചാലകശക്തിയായി നിലകൊണ്ടിരുന്ന നാടുവാഴിത്തഭരണത്തിന് ഇളക്കം തട്ടി. മുതലാളിത്ത ഉല്പാദനബന്ധങ്ങൾ സ്വത്തുടമസ്ഥതയിലും ഭൂവുടമാബന്ധങ്ങളിലും പൊളിച്ചെഴുത്തിന് കളമൊരുക്കി. വിവാഹം, കുടുംബം, തുടങ്ങിയ സാമൂഹ്യക്രമങ്ങളെ പരിഷ്ക്കരണത്തിനു വിധേയമാക്കി. ആംഗ്ലോസാക്സൻ നീതിന്യായക്രമവും കോടതിയും അധികാരഭാഷയും അതുവരെ നിലവിലുണ്ടായിരുന്ന ഫ്യൂഡൽക്രമങ്ങളെ വലിയ തോതിൽ സ്വാധീനിച്ചു. പാശ്ചാത്യമാതൃകയിലുള്ള പോലീസും പട്ടാളവും പരമ്പ

രാഗത നിയമ പരിപാലനരീതിയിൽ മാറ്റം വരുത്തി. നാണ്യ - തോട്ടവിളകളുടെ വ്യാപനം വാണിജ്യകൃഷിയെ വിപുലീകരിക്കുകയും അത് പുതിയ കാർഷിക ബന്ധങ്ങളെ സൃഷ്ടിക്കുകയും ചെയ്തു. ഇപ്രകാരമുള്ള നിരവധി സാമൂഹ്യ പരിണാമങ്ങളുടെ സാഹിതീയമായ ആവിഷ്ക്കരണം കേശവദേവ് 'അയൽക്കാരി'ലൂടെ നിർവ്വഹിച്ചു എന്നിടത്താണ് ഈ നോവലിന്റെ പ്രസക്തി നിലക്കൊള്ളുന്നത്.

## ഇതിവൃത്തം

തലയെടുപ്പുള്ള മംഗലശ്ശേരി - പച്ചാഴി തറവാടുകളുടെ സാമൂഹിക മേധാവിത്വത്തിന്റെയും പരസ്പരമുള്ള കിടമത്സരങ്ങളുടെയും ഉത്ഥാനപതനങ്ങളുടെയും ചരിത്രമാണ് ഈ നോവലിലെ പ്രധാന പ്രമേയം. മംഗലശ്ശേരി തറവാട്ടിലെ പത്മനാഭപിള്ള കാരണവരാണ് 'അയൽക്കാരി'ലെ മുഖ്യ കഥാപാത്രം. കുലമഹിമയും ദീനാനുകമ്പയും മനുഷ്യത്വവുമുള്ള ജന്മിയാണയാൾ. അദ്ദേഹത്തിന്റെ വലംകൈയാണ് കുഞ്ഞൻ. ഈഴവനായ കുഞ്ഞൻ പത്മനാഭ പിള്ളയ്ക്ക് സ്വന്തം കുടുംബാംഗത്തെപ്പോലെയാണ്. വെള്ളപ്പൊക്കക്കാലത്ത് കുടിൽ നഷ്ടപ്പെട്ട് അഭയമന്വേഷിച്ച് മംഗലശ്ശേരി പടിപ്പുരയിലെത്തിയ കുഞ്ഞുവറീത് മെല്ലെമെല്ലെ ജന്മിയുടെ തണൽപറ്റി ചുവടുറപ്പിച്ചു വളരുന്നു. പ്രധാനമായും ഈ മൂന്നു വ്യക്തികളെയും അവരുടെ കുടുംബങ്ങളെയും കേന്ദ്രമാക്കി പുരോഗമിക്കുന്ന ഇതിവൃത്തത്തോട് ചേർന്ന് ധാരാളം ഉപകഥകളും സംഭവഗതികളും രൂപപ്പെടുന്നുണ്ട്.

കുട്ടൻപിള്ള വൈദ്യരുടെ കാലത്ത് പുഷ്ടിപ്പെടാൻ തുടങ്ങിയ മംഗലശ്ശേരി തറവാട് മൂന്നു തലമുറയ്ക്കിപ്പുറം പത്മനാഭ പിള്ള, കമലാക്ഷി, സരോജിനി, സുമതി എന്നീ തറവാട്ടംഗങ്ങളുടെ കാലമെത്തിയപ്പോഴേക്കും ധനവും ആഭിജാത്യവും തികഞ്ഞ, ഒത്ത ഒരു നായർ പ്രഭുകുടുംബമായി വളരുന്നു. മംഗലശ്ശേരിയോട് എല്ലാ അർത്ഥത്തിലും കിടപിടിക്കാൻ പോന്നവരും അവരുടെ പരമ്പരാഗത വൈരികളുമാണ് പച്ചാഴി തറവാട്ടുകാർ. കൊല്ലിനും കൊലയ്ക്കും വരെ അധികാരമുണ്ടായിരുന്ന പച്ചാഴിക്കാരണവരുടെ വാക്ക് നിയമം തന്നെ ആയിരുന്നു. എന്നാൽ പുതിയ കാലത്ത് അവരുടെ ഗതകാല പ്രൗഢിയും പ്രഭാവവും ചട്ടമ്പിത്തരങ്ങളിലും തിണ്ണമിടുക്കിലുമായി തരം താണുപോയി. വമ്പിച്ച സ്വത്തിൽ കണ്ണുവെച്ച്, പച്ചാഴിക്കാർ പഴയ വൈരം മറന്ന് മംഗലശ്ശേരിക്കാരുമായി സംബന്ധവഴിക്ക് ഒന്നാവാൻ ശ്രമം നടത്തുന്നു. അങ്ങനെ മംഗലശ്ശേരിക്കാരും പച്ചാഴിക്കാരും പരസ്പരമുള്ള മാറ്റക്കല്യാണത്തിന് വേദിയൊരുങ്ങി. പത്മനാഭപിള്ള-ദേവകിയമ്മ, കമലാക്ഷിയമ്മ-നീലകണ്ഠക്കുറുപ്പ്, സരോജിനിയമ്മ - ദാമോദരക്കുറുപ്പ് ഇവർ തമ്മിലുള്ള

സംബന്ധം നടന്നു. സുമതിയമ്മ പച്ചാഴിയിലെ അച്യുതക്കുറുപ്പിനെ സംബന്ധം ചെയ്യാൻ വിസ മ്മതിച്ചതിനാൽ മറ്റൊരു തറവാട്ടിലെ ഭാസ്ക്കരൻ നായരെ സംബന്ധം ചെയ്തു. സംബന്ധശേഷം പച്ചാഴിക്കാർ അച്ചിവീട്ടിൽ താമസമായി. അധികം വൈകാതെ തന്നെ പച്ചാഴിക്കാരുടെ സ്വഭാവ ദൂഷ്യം കാരണം ആ സംബന്ധങ്ങൾ തകർന്നു. ഒരു വെടിക്കെട്ടപകടത്തിൽ സുമതിയമ്മയുടെ ഭർത്താവ് മരിച്ചതോടെ മംഗലശ്ശേരി കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ വീണ്ടും പത്മനാഭപി ള്ളയുടെ തലയിലായി. ഇനിയൊരു സംബന്ധത്തിന് പിള്ളയുടെ സഹോദരിമാർ ഭയപ്പെട്ടു.അവ രുടെ നിർബന്ധത്തിനുവഴങ്ങി അച്ഛന്റെ അനന്തരവളായ ദാക്ഷായണിയമ്മയെ പത്മനാഭപിള്ള വിവാഹം ചെയ്തു.

പത്മനാഭപിള്ളയുടെ രണ്ടാം വിവാഹത്തോടെ തറവാട്ടിലേക്കു തിരിച്ചെത്താമെന്ന ആദ്യ ഭാര്യ ദേവകിയമ്മയുടെ മോഹം പൊലിഞ്ഞു. നിരാശയും അസൂയയും മൂത്ത അവർ പിള്ളയുടെ സഹോദരിമാരെയും കുഞ്ഞനെയും ചേർത്ത് അപവാദം പറഞ്ഞുപരത്തിയത് പരസ്പരമുള്ള കലഹത്തിൽ കലാശിക്കുകയും ഒടുക്കം പിള്ള ജയിലാകുകയും ചെയ്യുന്നു. കേസ് നടത്തിപ്പി നായി സഹായഹസ്തം നീട്ടുന്ന കുഞ്ഞുവറീത്, പിള്ളയുടെ സ്ഥലങ്ങൾ ഒന്നൊന്നായി കൈവ ശമാക്കുന്നു. നായരീഴവ ലഹളയിൽ കുഞ്ഞന്റെ കുടുംബത്തെ രക്ഷിക്കാനുള്ള ശ്രമത്തിൽ പിള്ള യുടെ പേരിൽ മറ്റൊരു കേസും കൂടി വന്നു ചേർന്നു. ഈ കേസുകളിൽ പിള്ള ശിക്ഷിക്കപ്പെട്ട തോടെ തറവാട് അനാഥമായി. നാലുതലമുറ സമ്പാദിച്ച സ്വത്തിൽ ഏറിയ പങ്കും കേസ് നടത്തി പ്പിനെത്തുടർന്ന് കുഞ്ഞുവറീതിന്റെ കൈയിലായി. തറവാട്ടിലെ പെൺകുട്ടികളിൽ ചിലർ അന്യ ജാതിക്കാരുടെയും മതക്കാരുടെയും കൂടെ നാടുവിടുന്നു. പച്ചാഴിത്തറവാട് ഇതിനിടെ തകർന്നു പോകുന്നു. വർഷങ്ങൾക്കുശേഷം ശിക്ഷകഴിഞ്ഞ് തിരിച്ചെത്തുന്ന പത്മനാഭപിള്ള കാണുന്നത് റോഡിനിരുവശത്തും ഉയർന്നു പൊങ്ങിയ ക്രിസ്ത്യാനികളുടെയും, ഈഴവരുടെയും വീടുകളാണ്. കണ്ടമ്പുലയന്റെ ആഗ്രഹപ്രകാരം പഴയ ആഭിജാത്യത്തിന്റെ സ്മരണയിൽ കൃഷിയുടെ മേൽനോട്ടം വഹിച്ചുകൊണ്ട് പാടവരമ്പത്തെത്തുന്ന പത്മനാഭപിള്ളയെ അനന്തരവനായ രാജശേഖരൻ ചോദ്യം ചെയ്യുന്നു.

ഈഴവ പ്രാമുഖ്യമുള്ള പടിഞ്ഞാറേക്കരയിൽ ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളില ധിഷ്ഠിതമായ സാമൂഹ്യപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഭജനമഠത്തിലെ ഒത്തുചേരലും സാമൂ ഹ്യപരിഷ്ക്കരണ ചർച്ചായോഗങ്ങളും ഈഴവരുടെ പള്ളിക്കൂടപ്രവേശനവുമൊക്കെ പുതിയ കാല ത്തിന്റെ മാറ്റങ്ങളായി പ്രത്യക്ഷപ്പെടുന്നു. കുഞ്ഞന്റെ മക്കളായ വാസുവും ദിവാകരനുമൊക്കെ യാണ് പരിവർത്തനസംരംഭങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. തേയില സൽക്കാരത്തെത്തു

ടർന്നുള്ള 'ജാതിരാക്ഷസ'ന്റെ ദഹനവും ജാത്യധിക്ഷേപത്തെത്തുടർന്ന് സ്കൂളിൽ നിന്നുള്ള രാജിയും വിധേയത്വത്തോടെ ഇനിയും നിലകൊള്ളാൻ തയ്യാറല്ല എന്ന മനോഭാവത്തിന്റെ സാമുദായികമായ പ്രത്യക്ഷീകരണമായി മാറുന്നു.

ചാത്തൻ എന്ന പുലയനായിരുന്നു മുമ്പ് കുഞ്ഞുവറീത്. മതപരിവർത്തനത്തിലൂടെ സത്യക്രിസ്ത്യാനിയായി മാറിയതാണ് അയാൾ. ഒന്നുമില്ലാതിരുന്ന വറീത് എല്ലുമുറിയെ അധ്വാനിച്ചുണ്ടാക്കിയ കാശുമുഴുവൻ കടലാസിൽ പൊതിഞ്ഞ് പത്മനാഭപിള്ള കാരണവരെ ഏൽപിച്ചാണ് ജീവിതം തുടങ്ങിയത്. അധ്വാനിക്കുന്നതിലും ധനസമ്പാദനത്തിലും മാത്രമായിരുന്നു അയാളുടെ ശ്രദ്ധ. മംഗലശ്ശേരി തറവാടിനു വന്നു ചേർന്ന ക്ഷീണഘട്ടത്തിൽ സഹായിക്കുക വഴി വമ്പിച്ച ഭൂസ്വത്തിനും സമ്പത്തിനും ഉടമയായിത്തീരുകയാണയാൾ. കഠിനമായി അധ്വാനിച്ചും പിശുക്കിമാത്രം ചെലവഴിച്ചും മക്കളെ വിദ്യാഭ്യാസം ചെയ്യിച്ചും പുതിയ കൃഷിരീതിയിലേക്കു മാറിയും അയാൾ വലിയ സാമ്പത്തിക ശക്തിയായി വളർന്നു. മംഗലശ്ശേരി തറവാട് ക്ഷയിച്ചു പോകെ തൊട്ടപ്പുറത്ത് കുഞ്ഞുവറീതിന്റെ പുത്തൻ മാളിക ഉയർന്നു പൊങ്ങുന്നു. വലിയ സ്വത്തുടമയായിത്തീരുന്ന കുഞ്ഞുവറീതിലൂടെ പുതിയ ഒരു സാമുദായിക ശക്തിയുടെയും മുതലാളിത്തത്തിന്റെയും ആവിർഭാവം പ്രകടമാകുന്നു.

പുതിയ കാലം സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. പരിവർത്തിത കാലത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളുന്ന കിഴക്കെ കരക്കാരും പിടിഞ്ഞാറെ കരക്കാരും ഒത്തുചേർന്ന് ജാതിബോധം മറന്ന് രാഷ്ട്രീയ വിഷയങ്ങളിലേക്കും വികസന ചിന്തകളിലേക്കും ശ്രദ്ധ തിരിക്കാൻ തുടങ്ങുന്നു. ദിവാകരനും ഭാസ്ക്കരക്കുറുപ്പും കോൺഗ്രസുകാരായി മാറുന്നു. ക്രിസ്ത്യാനിത്തത്തിന്റെ ആനുകൂല്യങ്ങൾ പ്രതീക്ഷിച്ച് ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളിൽ നിസ്സംഗത പുലർത്തിപ്പോന്ന ക്രിസ്ത്യാനികൾ ക്രമേണ പ്രതിഷേധങ്ങളിൽ പങ്കാളികളാകാൻ തുടങ്ങി. കോൺഗ്രസ് ഓഫീസിന്റെ എതിർ ഭാഗത്ത് കർഷകസംഘത്തിന്റെ ഓഫീസും ചെങ്കൊടിയും സ്ഥാപിക്കപ്പെട്ടു. ഇരുപക്ഷക്കാരുടെയും രാഷ്ട്രീയ യോഗങ്ങളിൽ പങ്കെടുക്കാൻ ആളുകൾ ജാതിബോധം കയ്യൊഴിഞ്ഞ് റോഡും മൈതാനവും പോലുള്ള പൊതു ഇടങ്ങളിലേക്ക് വന്നെത്താൻ തുടങ്ങി. റോഡും പാലവുമൊക്കെ വന്നപ്പോൾ നാട്ടിൽ വലിയ മാറ്റങ്ങൾ ദൃശ്യമായി. മൊത്തക്കച്ചവട കേന്ദ്രങ്ങൾ, ഇംഗ്ലീഷ് സ്കൂൾ, പുത്തൻവീടുകൾ, ചിട്ടിയാഫീസ്, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിങ്ങനെ പുതിയ ലോകത്തിന്റെ രൂപഭാവങ്ങൾ പ്രത്യക്ഷമായി. നാടുവിട്ടുപോയ രവീന്ദ്രൻ ആദർശശാലിയായ രാഷ്ട്രീയ പ്രവർത്തകനും ദേശീയനേതാവുമായി കഥാന്ത്യത്തിൽ രംഗപ്രവേശനം ചെയ്യുന്നു. മാറ്റത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളാൻ ഹൃദയവിശാ

ലത കാട്ടുന്ന പുതിയ തലമുറയുടെ സംഗമത്തിനും ഭരണസാരഥ്യത്തിനും മംഗലശ്ശേരി തറവാട് സാക്ഷ്യം വഹിക്കുന്നത് ചിത്രീകരിച്ചുകൊണ്ട് നോവൽ അവസാനിക്കുന്നു.

## നവോത്ഥാനത്തിന്റെ സാമൂഹികതലങ്ങളും പ്രായോഗിക രീതികളും

ജാതി-ജന്മി വ്യവസ്ഥിതിയിലധിഷ്ഠിതമായ സമൂഹഘടനയിലുണ്ടായ ഏറെ മാറ്റങ്ങൾ കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ തലങ്ങളെ ചലനാത്മകമാക്കുകയും പുതിയ ഉണർവ്വിലേക്ക് നയിക്കുകയും ചെയ്യുന്നുണ്ട്. 19-20 നൂറ്റാണ്ടുകളിലായി കേരളീയ സാമൂഹ്യമണ്ഡലത്തിൽ ദൃശ്യമാകുന്ന പരിണാമങ്ങളെയും നവോത്ഥാനത്തിന്റെ പ്രായോഗിക രീതികളെയും ഇങ്ങനെ ക്രോഡീകരിക്കാം.

(i) **കൊളോണിയൽ ആധിപത്യവും മിഷണറി പ്രവർത്തനങ്ങളും പ്രദാനം ചെയ്ത വിദ്യാഭ്യാസപരവും ചിന്താപരവുമായ ഉണർവ്വ്.**

പതിനെട്ടാം നൂറ്റാണ്ടു വരെ ഉയർന്ന ശ്രേണിയിൽപ്പെട്ടവർക്ക് മാത്രം പ്രാപ്യമായിരുന്ന വിദ്യാഭ്യാസം മിഷണറി സാന്നിധ്യത്തോടെ മറ്റു വിഭാഗങ്ങൾക്കും കരഗതമായി. പാരമ്പര്യവിധികളിൽ നിന്ന് നവീനരീതികളിലേക്കും വിഷയങ്ങളിലേക്കും വിദ്യാഭ്യാസ പദ്ധതികൾ മാറി.

(ii) **മതപരിവർത്തനത്തിലൂടെ അവർണ്ണ വിഭാഗങ്ങൾക്ക് കരഗതമാകുന്ന ആത്മവിശ്വാസവും സാമൂഹിക സ്വാതന്ത്ര്യവും.**

ജാതി പ്രധാനഘടകമായിരുന്നതിനാൽ ജന്മം കൊണ്ടു തന്നെ ഒരുവന്റെ സാമൂഹിക നിലവാരത്തിനൊപ്പം മറ്റുനിലകളും നിർണ്ണയിക്കപ്പെട്ടു കഴിയും. നൂറ്റാണ്ടുകളായി വിവിധ ജാതി അറകളിലായി ബന്ധിതരായിരുന്ന അധ:സ്ഥിതർക്ക് പരിഷ്കൃത ജീവിതം വാഗ്ദാനം ചെയ്തു കൊണ്ടാണ് മിഷണറിമാർ മുന്നിലെത്തുന്നത്. സംഘടിതമായ ക്രിസ്തുമതം അങ്ങനെയല്ലാത്ത മതമായ ഹിന്ദുമതത്തിന്റെ സാമൂഹ്യഘടനയ്ക്കുമേൽ വിള്ളലുകൾ വീഴ്ത്താൻ തുടങ്ങി. ജാതിവിമോചനം അവർണ്ണർക്ക് സാമൂഹികവും സാമ്പത്തികവുമായ സ്വാതന്ത്ര്യം പ്രദാനം ചെയ്തു. മതപരിവർത്തനത്തിലൂടെ വിദ്യയും സ്വാതന്ത്ര്യവും പകർന്നു കിട്ടിയ പരിവർത്തിത വിഭാഗങ്ങൾ ആദ്യമാദ്യം അതതു സമുദായത്തിന്റെ തന്നെ മേൽവിലാസത്തിലാണ് അറിയപ്പെട്ടത്. പിന്നീട് അത്തരം തദ്ദേശീയ സഭകൾ പാശ്ചാത്യവൽക്കരണങ്ങളിലൂടെ അതത് ആചാരാനുഷ്ഠാന ക്രമങ്ങളിലേക്ക് ക്രമേണ മാറി വളരെ വേഗം സമുദായവൽക്കരിക്കപ്പെട്ടു.

(iii) **കൂട്ടുകുടുംബ വ്യവസ്ഥയുടെയും മരുമക്കത്തായ സമ്പ്രദായത്തിന്റെയും തകർച്ചയും നവസാമൂഹികവ്യവസ്ഥിതിക്കനുകൂലമായ നിയമനിർമ്മാണങ്ങളും.**

വിദ്യാഭ്യാസം, സ്വതന്ത്രചിന്ത, യുക്തിബോധം തുടങ്ങിയവ യുവമനസ്സുകളെ സ്വാധീനിച്ചു. സാമൂഹിക കെട്ടുപാടുകൾക്കപ്പുറത്തെ പുതിയ തൊഴിൽ സാധ്യതകൾ സാമൂഹിക സാമ്പത്തിക സ്വാതന്ത്ര്യവാഗ്ദാനം ചെയ്തു. ആഭിജാത്യഭ്രമങ്ങളും കിടമൽസരങ്ങളും കൊണ്ടുള്ള ആന്തരിക സംഘർഷങ്ങൾ ഫ്യൂഡൽ ഘടനയ്ക്കകത്ത് വലിയ ക്ഷീണമുണ്ടാക്കുന്നു. അത് നൂറ്റാണ്ടുകളായി ഭൂമിയോട് ചേർന്ന് നിലനിന്നു പോന്നിരുന്ന സാമൂഹ്യബന്ധങ്ങളിൽ ഉലച്ചിൽ ഉണ്ടാക്കുകയും ഭൂവുടമാബന്ധങ്ങൾ തകരുന്നതിനും ഇടയാക്കി. പുതുവിജ്ഞാനങ്ങളും പുരോഗമനവീക്ഷണങ്ങളും ഫ്യൂഡലിസത്തിൽ നിന്ന് ജനാധിപത്യബോധങ്ങളിലധിഷ്ഠിതമായ വ്യക്തിസ്വാതന്ത്ര്യത്തിലേക്കും സാമൂഹിക ബോധ്യങ്ങളിലേക്കുമുള്ള വഴിതുറന്നു.

സാമൂഹ്യഘടനയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾക്ക് സാമൂഹിക-സാമ്പത്തിക വീക്ഷണങ്ങളിലൂന്നിയ സർക്കാർ ആക്ടുകൾ വഴി നിയമപിൻബലവും ഉണ്ടായി. തിരുവിതാംകൂറിലെ ഒന്നാംനായർ ആക്ട് (1912) രണ്ടാം നായർ ആക്ട് (1925) കൊച്ചി നായർ ആക്ട് (1920) തുടങ്ങിയ നിയമങ്ങൾ സ്വത്ത് ഭാഗം വെക്കലിന്റെ ചര്യാമര്യാദകളെ ശിഥിലമാക്കി. 1925 ലെ ഈഴവ ആക്ടോടെ തിരുവിതാംകൂറിലെ മരുക്കത്തായികളായ വലിയ വിഭാഗം ഈഴവരും മക്കത്തായികളായി മാറി. ഭാര്യയെയും, മക്കളെയും സംരക്ഷിക്കേണ്ട ചുമതല നായർ വിഭാഗത്തിൽ പുരുഷന്മാരുടെ ചുമതലയായി. നമ്പൂതിരി സംബന്ധത്തിന് നിയമപ്രാബല്യം ലഭിക്കാതായതോടെ അത്തരം ബന്ധങ്ങൾ പ്രോൽസാഹിപ്പിക്കപ്പെടാതായി. കാരണവഭരണത്തിൽ നിന്ന് കൂട്ടുകുടുംബങ്ങൾക്ക് വിടുതൽ നൽകിക്കൊണ്ടുള്ള നായർ ആക്ട് (1937-38) നിലവിൽ വന്നതോടെ ഓരോ അംഗത്തിനും ഭാഗാവകാശം ലഭ്യമാവുകയും ക്രമേണ മക്കത്തായത്തിലേക്കും, അണുകുടുംബത്തിലേക്കും ഉള്ള വഴിതുറക്കുകയും ചെയ്തു.

(iv) **ഭൂവുടമാസമ്പ്രദായത്തിൽ വന്ന പൊളിച്ചെഴുത്തുകളും തറവാടുകളുടെ തകർച്ചയും.**

സാമൂഹികഘടനയിൽ ഉണ്ടായ മാറ്റങ്ങൾ സാമ്പത്തികഘടനയിലും വലിയപരിവർത്തനങ്ങൾ ഉണ്ടാക്കി. രാജശാസനകളെപ്പോലും അവഗണിക്കാൻ പോന്ന കരുത്തുണ്ടായിരുന്ന നായർ അധികാരഘടനകളായ കരയോഗത്തിനും നാട്ടുക്കൂട്ടത്തിനുമൊക്കെ അധികാരക്ഷയം ഉണ്ടായി. കൂട്ടുകുടുംബവ്യവസ്ഥയുടെയും മരുമക്കത്തായത്തിന്റെയും

തകർച്ച ഭൂവുടമാബന്ധങ്ങളുടെ തകർച്ചയായി പരിണമിച്ചു. കേരളീയ ബ്രാഹ്മണരിലെ മൂസ്സാമ്പൂരിത്തവും നായർ വിഭാഗത്തിലെ മരുമക്കത്തായ – സംബന്ധ വഴക്കങ്ങളും സാധ്യ മാക്കിയിരുന്ന പരസ്പരാശ്രിതത്വവും സാമ്പത്തിക കേന്ദ്രീകരണങ്ങളും ശിഥിലമാവാൻ തുടങ്ങി. സവർണ്ണവിഭാഗങ്ങളിൽ നിന്ന് മറ്റു – ജാതി മതങ്ങളിലേക്കുള്ള ഭൂമി കൈമാറ്റം അത്തരം വിഭാഗക്കാർക്ക് സാമൂഹ്യമായും സാമ്പത്തികമായും ഉയർന്നുവരാനുള്ള വഴി യൊരുക്കി. ഭൂമിയും, ജാതിയും സാമൂഹിക സ്ഥാനമാനങ്ങളുടെ അളവുകോലെന്ന നില മാറാൻ തുടങ്ങി.

(v) **ജാതീയതയിൽ നിന്ന് സാമുദായികതയിലേക്കുള്ള സാമൂഹ്യഘടനയുടെ പരിണാമം.**

അയിത്തോച്ചാടനം, മിശ്രഭോജനം, ശിവപ്രതിഷ്ഠ തുടങ്ങിയ സാമൂഹ്യപരിഷ്ക്ക രണ സംരംഭങ്ങൾ കീഴാളരെ തങ്ങൾ അനുഭവിക്കുന്ന വിവിധ പാരതന്ത്ര്യങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുകയും അവകാശചിന്താബോധത്തിലേക്ക് ഉയർത്തുകയും ചെയ്തു. ജാതി ബോധത്തിൽ നിന്നുള്ള വിമോചനശ്രമങ്ങളാണ് ഹിന്ദുമതത്തിലെ സാമുദായിക ധ്രുവീ കരണത്തിലേക്കും വിവിധ സാമുദായിക സംഘടനാ രൂപീകരണങ്ങളിലേക്കും വഴിതെളി ച്ചത്. അത്തരം സംഘടനകൾ സ്വാർത്ഥ താൽപര്യങ്ങൾ വിട്ട് വിശാലമായ സാമൂഹ്യല ക്ഷ്യങ്ങൾ ഉയർത്തിപ്പിടിച്ചു. ശ്രീനാരായണഗുരു തുടങ്ങിവെച്ച, മനവികതയിലൂന്നിയ സാമൂ ഹ്യവിമോചനപ്രവർത്തനങ്ങൾ ജാതി എന്ന പ്രത്യക്ഷ വിഭാഗരീതിയെ കൈവിട്ട് സാമു ദായിക മാനത്തിലേക്ക് മാറാൻ തുടങ്ങി. വിദ്യാഭ്യാസ സംഘടനാമുന്നേറ്റങ്ങൾ ഈഴവ സാമൂഹിക നില മെച്ചപ്പെടുത്തുന്നതിനും പടിപടിയായുള്ള സാമ്പത്തിക ഉന്നമനം കൈവ രിക്കുന്നതിനും വഴിയൊരുക്കി. വിദ്യാഭ്യാസത്തിലൂടെയുള്ള തൊഴിൽ സാധ്യതകളും അവ കാശബോധവും നായർയുവാക്കളെ വിധേയത്വ മനോഭാവത്തിൽ നിന്ന് വ്യക്തിസ്വാത ന്ത്ര്യത്തിന്റെ ലോകത്തേക്കു നയിച്ചു. പോർച്ചുഗീസുകാരടക്കമുള്ള പടിഞ്ഞാറൻ ശക്തി കളുടെ വരവോടെയാണ് കേരളത്തിലെ ക്രിസ്തീയസഭകൾ വളർന്ന് സംഘടിത ശക്തി യായി പരിണമിക്കുന്നത്. ജാതിവ്യവസ്ഥയ്ക്കു സംഭവിച്ച ശൈഥില്യം സഭകളുടെ വളർച്ച യ്ക്ക് കരുത്തേകി. പഴയ ജാതിഘടനയുടെ സ്ഥാനത്ത് എസ്.എൻ.ഡി.പി., എൻ.എസ്.എ സ്., സാധുജനപരിപാലനയോഗം, എം.ഇ.എസ്., ബി.ഇ.എം., സി.എസ്.ഐ., യോഗക്ഷേ മസഭ തുടങ്ങിയ സാമുദായിക സംഘടനകൾ രൂപംകൊണ്ടു. ജാതിശ്രേണിയുടെ ആന്ത രിക ഘടനകളെ തകർക്കാനായില്ലെങ്കിലും ഇത്തരം സംഘടനകളുടെ സാന്നിധ്യം അതതു

വിഭാഗങ്ങളുടെ സാമൂഹ്യവൽക്കരണത്തിനും മുഖ്യധാരാ പ്രവേശനത്തിനുമുള്ള ആത്മ വിശ്വാസവും പകർന്നു നൽകി.

(vi) **കാർഷിക സമ്പദ്ഘടനയിലും പരമ്പരാഗത കൃഷിരീതിയിലും വന്നു ചേരുന്ന മാറ്റങ്ങൾ.**

ഭൂമിയുടെ വികേന്ദ്രീകരണം സാമൂഹികഘടനയിൽ മാത്രമല്ല കാർഷിക സമ്പദ്ഘടനയിലും മാറ്റങ്ങൾക്ക് വഴിയൊരുക്കുന്നുണ്ട്. തിരുവിതാംകൂർ-കൊച്ചി ഭാഗങ്ങളിൽ ക്രിസ്ത്യാനികളും ഈഴവരും മലബാറിൽ മുസ്ലീങ്ങളും കൃഷിഭൂമി സ്വന്തമാക്കുന്നു. കൃഷിയോടുള്ള അഭിനിവേശം ക്രിസ്ത്യാനികളെ ഭൂമി തേടിയുള്ള പലായനങ്ങളിലേക്കു നയിക്കുകയും മലമ്പ്രദേശങ്ങളിലേക്കുള്ള കുടിയേറ്റങ്ങളിലേക്കു ചെന്നെത്തിക്കുകയും ചെയ്തു. പരമ്പരാഗത കൃഷികളിൽ നിന്ന് നാണ്യ-തോട്ട വിളകളിലേക്കുള്ള മാറ്റം പ്രത്യക്ഷപ്പെടാൻ തുടങ്ങുന്നു.

(vii) **പൊതുമണ്ഡലത്തിന്റെ രൂപീകരണം**

ജാതിബോധം നിർണ്ണയിച്ച ശുദ്ധിയുടെയും അശുദ്ധിയുടെയും ഇടങ്ങളിൽ നിന്ന് അത്തരം ഉത്കണ്ഠകളേതുമില്ലാതെ  മനുഷ്യർക്കെല്ലാവർക്കും ഒത്തു ചേരാവുന്ന ഇടങ്ങൾ സമൂഹത്തിൽ രൂപം കൊള്ളാൻ തുടങ്ങി. മിഷണറി വിദ്യാഭ്യാസം, അച്ചടി-പത്ര-മാസികാ സംരംഭങ്ങൾ, സംഘടനാബോധം, യുക്തിചിന്ത എന്നിവയിലൂടെ ജനമനസ്സുകൾ നവീകരിക്കപ്പെട്ടു. വിദ്യാലയങ്ങളും വായനശാലകളും മൈതാനങ്ങളും റോഡുകളും പാലങ്ങളും ജാതിവിവേചനമില്ലാത്ത മനുഷ്യവിഹാരകേന്ദ്രങ്ങളായി പരിണമിച്ചു.

(viii) **രാഷ്ട്രീയസ്വാതന്ത്ര്യസ്വപ്നങ്ങളും ദേശീയതാമനോഭാവവും**

കോളനിവൽക്കരണത്തിന്റെ സാധ്യതകളും സൗകര്യങ്ങളും അനുഭവിച്ച ജനസമൂഹം അവ മുന്നോട്ടു വെക്കുന്ന പാരതന്ത്ര്യങ്ങളെയും ചൂഷണങ്ങളെയും എതിർക്കാൻ മുന്നോട്ടു വരുന്നുണ്ട്.  കോളനി അധിനിവേശത്തിനെതിരെയുള്ള പ്രതിഷേധങ്ങളും ജനാധിപത്യ-ദേശീയതാ സങ്കൽപ്പങ്ങളിലേക്കുള്ള പൊതുജനമനോഭാവ രൂപീകരണവും നടക്കുന്നു. കോൺഗ്രസിനെ പാർട്ടി എന്ന നിലയിലും വന്ദേമാതരം പോലുള്ള പ്രതീകങ്ങളെ ദേശീയതാ പ്രതിനിധാനങ്ങൾ എന്ന നിലയിലും ജനങ്ങൾ ഏറ്റെടുക്കുന്നു.

(ix) **കർഷകസംഘം, വർഗ്ഗസമരം പോലുള്ള പ്രസ്ഥാനങ്ങളിലൂടെയും പ്രത്യയശാസ്ത്രങ്ങളിലൂടെയുമുള്ള സാമൂഹിക സംഘാടനം**

കമ്യൂണിസ്റ്റ് പാർട്ടി മുന്നോട്ട് വെക്കുന്ന ആശയതലങ്ങളെ ശ്രദ്ധിക്കുന്ന ജനവിഭാ

ഗങ്ങൾ അതിന്റെ പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ സവിശേഷതകളിലേക്ക് ആകൃഷ്ടരാവാൻ തുടങ്ങുന്നു.

(x) **സ്വാശ്രയചിന്തയും പ്രവാസജീവിതങ്ങളും**

തൊഴിൽ എന്നത് ജന്മസിദ്ധമായിരുന്ന ജാതിവ്യവസ്ഥയുടെ പശ്ചാത്തലത്തിൽ നിന്ന് ഏതു ജോലിയും ആർക്കും ചെയ്യാമെന്ന നില പുതിയ കാലത്ത് വന്നു ചേരുന്നു. വിദ്യാസമ്പന്നത വെള്ളക്കോളർ ജോലിയോടുള്ള ഭ്രമമായി രൂപാന്തരപ്പെടുന്നു. അഭിജാത തറവാടുകളുടെ തകർച്ച ഉണ്ടാക്കിയ വിഹ്വലതകളും അഭിമാനബോധവും പുറംനാടുകളിലെ ജോലിയന്വേഷിച്ചുള്ള പ്രവാസജീവിത യാത്രകളായി പരിണമിക്കുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം നവോത്ഥാനകാലം എന്നത്, ഈ വിധത്തിൽ ബഹുതല സ്പർശിയായ അനവധി സാമൂഹ്യപരിണാമങ്ങളുടെ ചലനാത്മകത പ്രകടമാകുന്ന കാലമാണ്. ഒരു പരിധിവരെ, അവയിൽ ചിലതിന്റെയെങ്കിലും ബോധപൂർവ്വമായ ചിത്രീകരണം ദേവ് 'അയൽക്കാർ' എന്ന രചനയിലൂടെ സാധിക്കുന്നുണ്ട്.

## ഫ്യൂഡലിസത്തിൽ നിന്ന് മുതലാളിത്തത്തിലേക്ക്

ചരിത്രം പരിശോധിച്ചാൽ, സ്ഥല-കാല ഭേദങ്ങളില്ലാതെ ഫ്യൂഡൽ മനോഭാവം പുലർത്തുന്ന സമാനതകളുടെ പ്രകടീകരണങ്ങൾ ലോകത്തെവിടെയും കാണാനാവും. കൃഷിയെ അടിസ്ഥാനമാക്കിയ സമ്പദ്വ്യവസ്ഥ, ശ്രേണീകൃതമായ സാമൂഹ്യഘടന, കേന്ദ്രീകൃതനേതൃത്വത്തിന്റെ അഭാവം, ആചാരങ്ങളോടും കീഴ്വഴക്കങ്ങളോടുമുള്ള വിധേയത്വം. സ്വതന്ത്ര/യുക്തിചിന്തകളുടെ അഭാവം, എല്ലാ സാമൂഹ്യവിതാനങ്ങളിലും എല്ലാവർക്കും വിഹരിക്കാൻ സ്വാതന്ത്ര്യമില്ലായ്മ - ഇങ്ങനെ നീളുന്നു അതിന്റെ സവിശേഷതകൾ. ഫ്യൂഡലിസത്തിൽ നിന്ന് ആധുനികതയിലേക്കുള്ള മാറ്റം ആദ്യം സംഭവിക്കുന്നത് പടിഞ്ഞാറൻ യൂറോപ്പിലാണ്. സാങ്കേതിക വിദ്യകളുടെ വികാസവും വൈദേശിക വിപണികളിലേക്കുള്ള കടന്നുകയറ്റവും ബ്രിട്ടനിൽ വ്യാവസായിക വിപ്ലവത്തിനു കളമൊരുക്കി. ഇന്ത്യയും ചൈനയുമടക്കമുള്ള അവികസിതരാജ്യങ്ങളോട് ബ്രിട്ടിനിലെ വ്യവസായാഭിവൃദ്ധിക്ക് ഏറെ കടപ്പാടുണ്ട്. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നേതൃത്വത്തിൽ കച്ചവടം എന്ന പേരിലുള്ള അധിനിവേശത്തിലൂടെ അധികാരസ്ഥാപനവും വമ്പിച്ച ചൂഷണവും നടന്നു. വ്യാവസായികവിപ്ലവത്തിന്റെ പിൻബലത്തോടെ നടന്ന ആധുനികീകരണപ്രക്രിയ സാമ്പത്തിക രംഗത്തും സാംസ്കാരികരംഗത്തുമെന്നതുപോലെ ജീവിതത്തിന്റെ സമസ്തമേഖലകളുടെയും ഉള്ളുകളെ സ്വാധീനിച്ചു.

ആഭിജാത്യത്തിന്റെ പ്രഭാവം തകരുകയും അധ്വാനത്തിന്റെയും പണത്തിന്റെയും ആധിപത്യം സ്ഥാപിക്കപ്പെടാൻ തുടങ്ങുകയും ചെയ്യുന്നു. ആചാരങ്ങളോടും വിശ്വാസങ്ങളോടുമുള്ള വിധേയത്വം അപ്രത്യക്ഷമാകുവാൻ തുടങ്ങി. പരീക്ഷണ നിരീക്ഷണങ്ങളും യുക്തിബോധവും ജീവിതശൈലിയായി വളർന്നു. ദാസ്യമനോവൃത്തി ക്രമേണ ആധിപത്യമനോഭാവങ്ങൾക്ക് വഴി മാറി. കേന്ദ്രീകൃതഭരണത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ ഏകീകൃത ദേശരാഷ്ട്ര സങ്കൽപ്പത്തിലേക്ക് നയിക്കുന്നു. നമ്മുടെ നാട്ടിലെ നാടുവാഴിത്തത്തിന് ക്രമേണ വ്യാപാരമുതലാളിത്തത്തിന്റെ നവ മനോഭാവങ്ങൾക്കു മുമ്പിൽ പിടിച്ചു നിൽക്കുക അസാധ്യമായിത്തീർന്നു. ഇന്ത്യയിലും ബ്രിട്ടീഷ് അധിനിവേശത്തോടെ മുതലാളിത്തത്തിന്റെ പ്രഭാവങ്ങളായി സാങ്കേതികജ്ഞാനം, ലോകവീക്ഷണം, ഭരണസംവിധാനം, നിയമ-നീതി നിർവ്വഹണം തുടങ്ങിയ സാമൂഹ്യ രാഷ്ട്രീയ വ്യവഹാരങ്ങളിൽ പുതുമകൾ ഇറക്കുമതി ചെയ്യപ്പെട്ടു.

ഫ്യൂഡൽഘടന തകരുന്നതിന്റെ ചരിത്ര പശ്ചാത്തലത്തെയും സമൂഹം ക്രമേണ മുതലാളിത്ത വ്യവസ്ഥിതിയിലേക്ക് പരിവർത്തിതമാവുകയും ചെയ്യുന്നതിന്റെ ചിത്രങ്ങൾ 'അയൽക്കാർ' എന്ന നോവലിൽ കാണാനാവും. കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തികഘടനയിൽ വലിയ പരിവർത്തനങ്ങൾ പ്രകടമാവുന്ന കാലമാണ് ബ്രിട്ടീഷ് ഭരണകാലം. ഫ്യൂഡൽ വ്യവസ്ഥിതിയിൽ എല്ലാവിധ അധികാരത്തിന്റെയും സമ്പത്തിന്റെയും കേന്ദ്രം ഭൂസ്വത്താണ്. ബ്രിട്ടീഷ് ഭരണകൂടത്തിൽ ഭൂസ്വത്ത് വമ്പിച്ച മാറ്റങ്ങൾക്ക് വിധേയമായി. തിരുവിതാംകൂറിലും കൊച്ചിയിലും, മലബാറിലും ഭൂവുടമസ്ഥതയെ സംബന്ധിച്ചുള്ള നിയമങ്ങൾ ഫ്യൂഡൽബന്ധങ്ങളെ തകിടം മറിച്ചു. മുമ്പ് സമ്പദ്ഘടനയുടെ അവിഭാജ്യഘടകമായിരുന്ന ജന്മിമാർ അതോടെ ഭരണവർഗ്ഗമെന്ന നില വിട്ട് പാട്ടം വാങ്ങിക്കുന്നവരെന്ന നിലയിലേക്ക് മാറാൻ തുടങ്ങുന്നു. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി കർഷകരും കുടിയാന്മാരും സംഘടിക്കുകയും സമരവഴിയിലെത്തിച്ചേരാനും തുടങ്ങി. സോഷ്യലിസ്റ്റ് ആശയഗതികൾ അവരുടെ സമരങ്ങൾക്കും സ്വപ്നങ്ങൾക്കും പിൻബലമേറ്റുന്നുണ്ട്. ജന്മിത്വം നിർത്തലാക്കാൻ രാഷ്ട്രീയ കക്ഷികൾ പ്രതിജ്ഞാബദ്ധരാവുകയും പിൽക്കാലത്ത് ഫ്യൂഡൽവിരുദ്ധ സമരങ്ങളുടെ പരമ്പരതന്നെ അരങ്ങേറുകയും ചെയ്തു.

ബ്രിട്ടീഷുകാർ കൊണ്ടു വന്ന കമ്പോളസമ്പ്രദായം കേരളത്തിന്റെ സാമ്പത്തിക ഘടനയിൽ പ്രത്യക്ഷമാവുന്നു. മുമ്പ് ഉല്പാദിപ്പിക്കപ്പെട്ടിരുന്നതിന്റെ ഭൂരിഭാഗവും തദ്ദേശീയമായ ഉപഭോഗത്തിനായി ഉപയോഗിക്കപ്പെട്ടുവെങ്കിൽ കോളോണിയൽ ഭരണവ്യവസ്ഥിതിയിൽ ഈ നില മാറുന്നു. സ്വന്തം ഉപഭോഗത്തിൽ നിന്നു മാറി കമ്പോളത്തെ ലക്ഷ്യമാക്കിയുള്ള ഉല്പാദനം ആരംഭിക്കുന്നു. ഭക്ഷ്യവിളകൾക്കു പകരം വാണിജ്യ - തോട്ടവിളകൾക്ക് വൻതോതിലുള്ള

പ്രാമുഖ്യം ലഭിക്കുന്നു. ലോകത്തെ മുഴുവനായും മുതലാളിത്ത സാമ്രാജ്യത്വ താൽപര്യങ്ങൾക്കനുസൃതമായി ഏകീകരിച്ച് രൂപപ്പെടുത്താനുള്ള ലക്ഷ്യം ബ്രിട്ടീഷ് താൽപര്യങ്ങളുടെ പിറകിലുണ്ടെന്നു കാണാം. സാമ്പത്തിക താൽപര്യങ്ങളുടെ സുഗമമായ പ്രയോഗവൽക്കരണത്തിനും വിനിമയസാധ്യതകൾക്കും ഉതകുന്ന രീതിയിൽ ലോകത്തിന്റെ ഏതു സ്ഥലത്തെയും പരുവപ്പെടുത്തുക എന്നത് മുതലാളിത്തത്തിന്റെ പ്രധാന അജണ്ടകളിലൊന്നാണ്. ഇത്തരം മുതലാളിത്ത താൽപര്യങ്ങൾക്കൊപ്പം കേരളീയ നാടുവാഴിത്ത ഘടനയ്ക്കകത്തു സംഭവിക്കുന്ന ആന്തരികസംഘർഷവും ഒന്നുചേർന്നപ്പോൾ കേരളത്തിന്റെ സാമൂഹ്യഘടന ഫ്യൂഡലിസത്തിൽ നിന്ന് മുതലാളിത്തത്തിന്റെ പാതയിലേക്കുള്ള മാറ്റത്തിനൊരുങ്ങുന്നു.

മംഗലശ്ശേരി തറവാട്ടിലെ പത്മനാഭപിള്ള കാരണവർ കൊല്ലിനും കൊലയ്ക്കും വരെ അധികാരമുണ്ടായിരുന്ന നാടുവാഴികളുടെ പ്രതിരൂപമാണ്. നാടുവാഴിപ്രമാണിത്തത്തിന്റെ പ്രഭാവത്തിലാണ് അയാൾ എതിരാളികളോട് ഉത്സവലഹളയിലും നായരീഴവലഹളയിലും ഇടപെട്ട് ഏറ്റുമുട്ടുന്നത്. കേസായിത്തീർന്ന രണ്ടു സംഭവങ്ങളിലും ബ്രിട്ടീഷ് കോടതി അയാൾക്കെതിരെ ശിക്ഷ വിധിക്കുന്നുണ്ട്. ഫ്യൂഡൽ ഘടനയിൽ ശിക്ഷ വിധിക്കാൻ കുലാധികാരമുണ്ടായിരുന്ന മംഗലശ്ശേരി - പച്ചാഴി പ്രഭുത്വങ്ങളെയാണ് കൊളോണിയൽ കോടതിയുടെ നീതി നിയമസംഹിത ജയിലിനകത്തിടുന്നത്. കാലത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളാനോ മാറ്റങ്ങളെ സ്വീകരിക്കാനോ പത്നാഭപിള്ളയിലെ ഫ്യൂഡൽപ്രഭുവിന് സാധിക്കുന്നില്ല. ആഭിജാത്യത്തിലധിഷ്ഠിതമായ കിടമൽസരങ്ങൾ കേസ് നടത്തിപ്പിലെ ധൂർത്തിലേക്കു നയിക്കുകയും തറവാടുകൾ പാപ്പരായിപ്പോവുകയും ചെയ്യുന്നു. കുഞ്ഞുവറീത് പറ്റിയ ആനുകൂല്യങ്ങൾക്കൊന്നും പിള്ള നല്ല കാലത്തും മോശം കാലത്തും കണക്കുപറയുന്നില്ല. എന്നാൽ സൂക്ഷിക്കാനേൽപ്പിക്കുന്ന പണത്തെ വറീത് പ്രോമിസറി നോട്ടിന്റെ കണക്കിലേക്ക് തന്ത്രപൂർവ്വം മാറ്റിയെടുക്കുന്നു. ഏൽപിക്കുന്ന മുതലിന്മേൽ പലിശയ്ക്കുള്ള ആഗ്രഹവും അയാളിലൂടെ പരോക്ഷമായി പുറത്തു വരുന്നുണ്ട്. പിള്ളയുടെ തറവാട്ടിൽ നിന്ന് പത്തായം സ്വന്തമാക്കുന്ന വറീത് പിൽക്കാലത്ത് ആ ഒരു സൗമനസ്യവും നിസ്വാർത്ഥതയും കൃഷിചെയ്യാൻ നെൽവിത്തു തേടിയെത്തുന്ന പിള്ളയുടെ അനന്തരവനു നേരെ വെച്ചുനീട്ടുന്നില്ല. ധനമാത്രകേന്ദ്രിതമായ അയാളുടെ മനോഭാവത്തെ ഭാര്യ സാറ ദൈവം മുകളിലുണ്ടെന്ന് ഓർമ്മിപ്പിച്ച് പഴിക്കുന്നുമുണ്ട്. പിള്ളമാരുടെ നാടുവാഴി പ്രഭുത്വങ്ങൾ തകർന്നുവീഴുന്നത് കുഞ്ഞുവറീതുമാരുടെ വ്യാപാരമുതലാളിത്തത്തിനു മുന്നിലാണെന്നതിനു പിൽക്കാല ചരിത്രം സാക്ഷ്യം വഹിക്കുന്നുമുണ്ട്.

## ജന്മിത്വത്തിന്റെ തകർച്ച

അയൽക്കാരിലെ ജന്മികുടുംബങ്ങളുടെ പ്രതിനിധാനങ്ങളാണ് മംഗലശ്ശേരി തറവാടും പച്ചാഴി തറവാടും, ബാഹ്യവും ആഭ്യന്തരവുമായ നിരവധി കാരണങ്ങളാൽ രൂപപ്പെടുന്ന സംഘർഷങ്ങൾ ആ തറവാടുകളെ അനിവാര്യമായ തകർച്ചയിലേക്കു നയിക്കുന്നതിന്റെ ചരിത്രം നോവലിൽ ആവിഷ്ക്കരിക്കപ്പെടുന്നുണ്ട്. ഫ്യൂഡൽ ഘടനയുടെ നെടുംതൂണായ ജാതി -ജന്മി-നാടുവാഴിത്ത വ്യവസ്ഥയ്ക്ക് സാരമായ പരുക്കേൽപ്പിക്കുന്നത് കൊളോണിയൻ പ്രത്യശാസ്ത്രമാണ്. ബ്രിട്ടീഷ് ഭരണം നടപ്പുപാരമ്പര്യത്തിൽ ഘടനാപരമായ മാറ്റങ്ങൾ കൊണ്ടു വരുന്നു. നായർ പട്ടാളത്തെ പിരിച്ചുവിട്ട് തൽസ്ഥാനം ബ്രിട്ടീഷ് പോലീസും വ്യവഹാരങ്ങളുടെ തീർപ്പ് നാട്ടുമധ്യസ്ഥതകളിൽ നിന്ന് ബ്രിട്ടീഷ് കോടതിയും ഏറ്റെടുത്തു. മുതലാളിത്ത ഉദ്പാദനബന്ധങ്ങൾ പ്രത്യക്ഷമാവുന്നതോടെ പഴയ സ്വത്തുടമാബന്ധത്തിന്റെ നിലനിൽപ് തകരാൻ തുടങ്ങുന്നു. പുതിയ കാർഷിക ബന്ധങ്ങൾ, നികുതിഘടന, ഉദ്യോഗസ്ഥ സംവിധാനം എന്നിവ നിലവിൽ വന്നു. ഭൂമിയുടെ കുത്തകവൽക്കരണത്തിനും അധ്വാനിക്കുന്നവരുടെ നേർക്കുള്ള പീഡനങ്ങൾക്കും ജാതിവിവേചനങ്ങൾക്കുമെതിരെ സംഘടിത പ്രതിഷേധങ്ങൾ രൂപം കൊണ്ടു. ഈ സന്ദർഭത്തിൽ ജന്മിമാരുടെ സ്വേച്ഛാധികാരങ്ങളെടുത്തുമാറ്റാനുദ്ദേശിച്ചുകൊണ്ടുള്ള നിയമനിർമ്മാണങ്ങൾ നടപ്പിലായി. തിരുവിതാംകൂറിലെ പണ്ടാരപാട്ടവിളംബരവും ജന്മികുടിയാൻ വിളംബരവും ഭൂമിക്കുമേലുള്ള ജന്മിമാരുടെ അവകാശത്തെ എടുത്തുമാറ്റി അധ്വാനിക്കുന്ന വിഭാഗങ്ങളിൽ പ്രതിഷ്ഠിതമാക്കി. പ്രമാണിത്തത്തിലും ആഭിജാത്യബോധത്തിലും പുലർന്നിരുന്ന പഴയ നാട്ടുതറവാടുകൾക്ക് പുതിയ പരിവർത്തനങ്ങളെ ഉൾക്കൊള്ളാനായില്ല. കാലത്തിന്റെ സ്പന്ദനങ്ങളെ തിരിച്ചറിയാനോ മാറ്റങ്ങളെ യാഥാർത്ഥ്യബോധത്തോടെ സ്വീകരിക്കാനോ നാടുവാഴിത്തം തയ്യാറായതുമില്ല. വന്നു ചേർന്ന 'ക്ഷീണ'ങ്ങളെ മാനാഭിമാനപ്രശ്നങ്ങളെന്ന നിലയിൽ കൈകാര്യം ചെയ്യാൻ പുറപ്പെട്ടത് അവയുടെ അവസ്ഥ വീണ്ടും പരുങ്ങലിലാക്കുകയും തറവാടുകളുടെ അസ്തിവാരമിളക്കുകയും ചെയ്യുന്നു.

പച്ചാഴിതറവാടുകാരും മംഗലശ്ശേരി തറവാട്ടുകാരും ആരംഭിച്ച കലഹം രണ്ടു കുടുംബങ്ങൾക്കകത്ത് നടക്കുന്ന തർക്കമാണങ്കിലും കൂടി അതിന്റെ വേരുകൾ ആണ്ടുകിടക്കുന്നത് ജാതിഘടനയിലും സംബന്ധവ്യവസ്ഥയിലും നാടുവാഴി മേധാവിത്വങ്ങളിലുമൊക്കെയാണ്. പൊളിഞ്ഞ സംബന്ധങ്ങളും സഹജമായ അസൂയയും പത്തിതാഴ്ത്താത്ത പ്രമാണിത്തവും തറവാടുകളെ തമ്മിൽ തല്ലിക്കുന്നു. അന്തസ്സിനൊത്ത് കേസ് നടത്താൻ ഇരുപക്ഷങ്ങളും വാശിയോടെ ലേലം വിളിച്ച് വക്കീലന്മാരെ കൊണ്ടു വരുന്നു. ധൂർത്ത് തറവാടുകളെ ക്ഷയി

പ്പിക്കുകയും നാഥനില്ലാക്കളരിയാക്കുകയും ചെയ്തു. നാലുതലമുറകളിലൂടെ കഠിനാധ്വാനം ചെയ്ത് ഉണ്ടാക്കിയെടുത്ത മംഗലശ്ശേരി തറവാടുസ്വത്ത് നാനാവിധമാവുകയും സഹോദരി മാർ നിരാധാരരാവുകയും ചെയ്തു. സമൃദ്ധിയിൽ ജനിച്ച് സമൃദ്ധിയിൽ വളർന്ന് സമൃദ്ധി യുടെ നായകനായിരുന്ന പത്മനാഭപിള്ളയുടെ തറവാടിന് ഒടുക്കം സന്ധ്യവിളക്കിനുള്ള എണ്ണ പകരാൻ അടിയാത്തിയോട് യാചിക്കേണ്ട നില വന്നുചേരുന്നു. ഫ്യൂഡൽ പ്രമാണിയെ കൊളോ ണിയൽ പ്രമാണിത്തം ജയിലലടക്കുന്നു. മരുമക്കത്തായ തറവാടിന്റെ പിന്തുടർച്ച വഹിക്കേണ്ട തറവാട്ടിലെ സ്ത്രീത്വം സ്വസ്ഥത നശിച്ചും ഭ്രാന്തെടുത്തും ആത്മഹത്യചെയ്തും ദാരുണ മായ അന്ത്യത്തിലേക്കു നീങ്ങുന്നു.

നാടുവാഴി പ്രാമാണികതയുടെ തലയെടുപ്പിന്റെ വാസ്തുമുദ്രകളായിരുന്ന തറവാടു കൾ തകർച്ചയെ നേരിടുന്നതിന്റെ ചിത്രം 'അയൽക്കാർ' ആവിഷ്ക്കരിക്കുന്നുണ്ട്. കോവില ങ്ങളും കൊട്ടാരങ്ങളും മഠങ്ങളും മനകളും ഇല്ലങ്ങളും എടങ്ങളും പുരകളും ചാളകളുമെല്ലാം കേരളത്തിന്റെ ഭൂതകാല സാമൂഹ്യക്രമത്തിലെ മേൽകീഴ് ബന്ധങ്ങളെ വിഭജിച്ച് പ്രദർശിപ്പിച്ച വാസ്തുരൂപങ്ങളായിരുന്നു. അധീശപ്രത്യയശാസ്ത്രത്തിന്റെ അധികാര-സാമ്പത്തിക അടി ത്തറകളിലാണ് ഇത്തരം മേൽപുരകളുടെ നിലനിൽപ് എന്നതുകൊണ്ടു തന്നെ സാമൂഹ്യക്രമ ത്തിന്റെയും ചരിത്രനിർമ്മിതിയുടെയും അന്വേഷണങ്ങൾക്ക് അവ ഉപകരണങ്ങളും ഉപാധികളു മായിത്തീരാറുണ്ട്. ദീർഘകാലമായി നിലനിന്നുപോരുന്ന ജാതി-ജന്മി-നാടിവാഴിത്ത വ്യവസ്ഥ യുടെ ഭൗതികരൂപമായ പച്ചാഴിതറവാട് പൊളിക്കുന്നതിന്റെ ചിത്രം നോവലിൽ അവതരിപ്പിക്കു ന്നുണ്ട്:

'പച്ചാഴിത്തറവാടു പൊളിച്ചു പങ്കിടുന്നതു കാണാൻ നാട്ടുകാർ കൂടിയിരുന്നു. ചിലർ ചിരി യടക്കി നിന്നു. ചിലർ അമർഷത്തോടുകൂടി പല്ലിറുമ്മി, ചിലർ ഹാസ്യമന്ദഹാസം പൊഴിച്ചു. ചിലർ കണ്ണുനീർ പൊഴിച്ചു.

നീണ്ട നീണ്ട കഥകൾ പറയുവാനുണ്ട്, ആ തറവാടിന്. വീര്യവും സാഹസികത്വവും നിറഞ്ഞ കഥകൾ ഓരോ ഉത്തരത്തിനും ഓരോ കഴുക്കോലിനും ഓരോ കല്ലിനും കഥപറയുവാ നുണ്ട് – പഴയ കരപ്രമാണിത്തത്തിന്റെ ക്രൂരകഥകൾ! അടിത്തറപൊളിച്ചു തുടങ്ങിയപ്പോഴേക്ക് നോക്കി നിന്നവരെല്ലാം തിരിഞ്ഞുനടന്നു'[5]

കാലത്തിന്റെ തിരക്കോളിനെ അതിജീവിക്കാനാവാത്ത സാമൂഹികഘടനയും സാമ്പത്തി കഘടനയുമാണ് തകർന്നു വീഴുന്നത്. അതു കണ്ടു നിന്ന് ചിരിക്കുകയും പല്ലിറുമ്മുകയും മന്ദ

ഹസിക്കുകയും ചെയ്യുന്നവരുടെ ഭാവഹാവാദികളിലൂടെ വായിച്ചെടുക്കാനാവുന്നത് സാമൂഹിക ചരിത്രം കൂടിയായിത്തീർന്നിരിക്കുന്നു.

ഇന്ദുലേഖയിൽ പഞ്ചുമേനോനിലെ ജന്മി പുതുതലമുറക്കാരുടെ തറുതലയ്ക്കും മുറുമുറുപ്പിനും നേരെ കയർക്കുകയും മർദ്ദിക്കാനായുള്ള ഓട്ടത്തിനിടയിൽ പരാജയപ്പെട്ടു വീണു മുട്ടു പൊട്ടിയുള്ള പരവേശവും നാം കാണുന്നുണ്ട്. എം. ടി.യുടെ നാലുകെട്ടിൽ, അപ്പുണ്ണി, മാറാലപിടിച്ച് ജീർണ്ണതയുടെ അടയാളമായി നിൽക്കുന്ന നാലുകെട്ട് പൊളിച്ച് കാറ്റും വെളിച്ചവും കടക്കുന്ന പുതിയ, ചെറിയ ഒരു വീട് പണിയാൻ തീരുമാനമെടുക്കുന്നുണ്ട്. അയൽക്കാരിൽ പഴയ ഫ്യൂഡൽ വാസ്തുഘടനയുടെ അടിത്തറ വരെ പൊളിച്ച് വീടും വീട്ടുസാധനങ്ങളും ഉപ്പുചിരട്ട വരെ പങ്കുവെച്ചെടുത്ത് അഞ്ചു സ്ത്രീകളും മക്കളും അഞ്ചു ശാഖകളായി പിരിഞ്ഞു പോകുന്നിടത്തേക്ക് കാര്യങ്ങൾ എത്തി നിൽക്കുന്നു.

## മരുമക്കത്തായത്തിന്റെയും കൂട്ടുകുടുംബത്തിന്റെയും തകർച്ച

കേരളത്തിന്റെ സാമൂഹ്യക്രമത്തിൽ എന്നു മുതലാണ് മരുമക്കത്തായ സമ്പ്രദായം നിലവിൽ വന്നത് എന്നത് തർക്കവിഷയമാണ്. എന്നാൽ ജാതി-ജന്മി സമ്പ്രദായങ്ങൾക്കൊപ്പം ഭുവുടമാബന്ധങ്ങളുടെ കൂടി പാശ്ചാത്തലത്തിൽ വേണം ഫ്യൂഡൽ സാമൂഹ്യഘടനയുടെ പ്രധാന ശിലകളിലൊന്നായ മരുമക്കത്തായ സമ്പ്രദായത്തെ വിലയിരുത്താൻ. സ്വത്തവകാശത്തിന്റെ പിൻതുടർച്ചയും നിലനിൽപും അന്നത്തെ സാമൂഹികഘടനയുടെ പ്രധാന വിഷയമായിരുന്നു. കാർഷികവൃത്തിയിലധിഷ്ഠിതമായ ഭൂവുടമാ സമ്പ്രദായം വന്നപ്പോൾ കൃഷിസ്ഥലങ്ങളുടെ അവകാശം നിലനിർത്തുക എന്നത് പ്രധാന പ്രശ്നമായി മാറിയിരുന്നു. ഭൂസ്വത്തിന്റെ പരിമിതി കാരണം പിന്തുടർച്ചാവകാശം സ്വന്തം തറവാട്ടിൽ തന്നെ നിലനിർത്താൻ നിർബന്ധിതരായിരിക്കാം. നമ്പൂതിരിമാരിലെ മൂസ്സാമ്പൂരിത്തവും നായർ തറവാട്ടിലെ മരുമക്കത്തായ സമ്പ്രദായവും ഇത്തരം ചിന്തകളുടെ സാമൂഹ്യഫലങ്ങളായി വേണം വിശകലനം ചെയ്യാൻ. കാലങ്ങളിലൂടെ, തലമുറകളിലൂടെ സ്വത്തിലും അധികാരത്തിലും സംഭവിക്കുന്ന കേന്ദ്രീകരണം അതിന്റെ തന്നെ അസന്തുലിതാവസ്ഥയ്ക്കും ആന്തരിക സംഘർഷങ്ങൾക്കും വഴിയൊരുക്കുന്നുണ്ട്. 19, 20 നൂറ്റാണ്ടുകളോടെ കേരളത്തിലെ സാമൂഹിക-കുടുംബക്രമങ്ങളിൽ വലിയ പരിവർത്തനങ്ങൾ സംഭവിക്കുന്നു. മരുമക്കത്തായ തറവാടുകളിലെ കാരണവന്മാരുടെ അമിതാധികാരങ്ങളിൽ അനന്തരവന്മാർ പ്രകടമായ അസഹിഷ്ണുത പ്രകടിപ്പിക്കാനാരംഭിച്ചു. തറവാടുകളിൽ ഭാഗങ്ങൾക്കും വ്യവഹാരങ്ങൾക്കുമുള്ള അന്തരീക്ഷം സംജാതമാവുന്നു. പിൻതുടർച്ചാവകാശത്തിന് മാതൃത്വത്തിനുപു

റമെ പിതൃത്വവും പരിഗണിക്കപ്പെട്ടതോടെ മരുമക്കത്തായത്തിന്റ പ്രസക്തി നഷ്ടമാവുകയും മക്കത്തായത്തിലേക്കുള്ള പരിവർത്തനത്തിന്റെ പാതയൊരുങ്ങുകയും ചെയ്യുന്നു.

മരുമക്കത്തായ കുടുംബ വ്യവസ്ഥിതിയിലെ സാമ്പത്തിക കേന്ദ്രീകരണത്തിന്റെയും സാമൂഹികജീർണ്ണതയുടെയും ചിത്രങ്ങൾ 'അയൽക്കാരിൽ' അവതരിക്കപ്പെട്ടിട്ടുണ്ട്. ചട്ടമ്പിത്തരത്തിലും കോഴിപ്പോരിലും പേരുകേൾപ്പിച്ച പച്ചാഴിയിലെ കുഞ്ചുക്കുറുപ്പിന് വിവിധജാതികളിൽപ്പെട്ട അനവധി ഭാര്യമാരുണ്ടായിരുന്നു. ഒപ്പം സ്വജാതിയിൽ നിന്നും 16 സ്ത്രീകളെയും അയാൾ സംബന്ധം ചെയ്യുകയുണ്ടായി. കുഞ്ചുക്കുറുപ്പിന് ശേഷം വന്ന പപ്പുക്കുറുപ്പിന് 13 സംബന്ധം ഉണ്ടായിരുന്നു. അപ്പോഴേക്കും അയാൾ മരിച്ചു പോകയാലാണ് കൂടുതൽ ബന്ധങ്ങൾ തരപ്പെടാതെ പോയത്. സുന്ദരികളായ നായർ യുവതികളിലും അവരുടെ സ്വത്തിലും കണ്ണുവെച്ചുള്ള സംബന്ധമേർപ്പാടിലെ ചട്ടമ്പിത്തരങ്ങൾ നോവലിൽ കാണാം. മരുമക്കത്തായ സമ്പ്രദായം നിലനിർത്തിയിരുന്ന സംബന്ധവ്യവസ്ഥ വെറുമൊരു ലൈംഗിക ഏർപ്പാടുമാത്രമായിരുന്നു. ഭാര്യാ-ഭർതൃബന്ധമോ പിതൃ-പുത്രബന്ധമോ അതുവഴി സ്ഥാപിതമായിരുന്നില്ല. അച്ചിക്കും മക്കൾക്കും എണ്ണയും തുണിയും കൊടുക്കുക, ഓണത്തിനും, തിരുവാതിരക്കും, കോപ്പു കൊടുക്കുക, വിഷുവിന് കൈനീട്ടം കൊടുക്കുക-അത്രയും കൊണ്ട് നായർക്ക് ഭാര്യയോടും മക്കളോടും ഉള്ള കടമകൾ തീരും. ഭർത്താക്കന്മാരെ ഇഷ്ടം പോലെ എടുക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്ന നായർ സ്ത്രീകളുടെ സ്വതന്ത്രതാ വാദത്തെക്കുറിച്ചുള്ള മാധവന്റെ പരാതിയെ സ്ത്രീസ്വാതന്ത്ര്യമെന്ന ഗുണവശത്തിനപ്പുറം ഇത്തരം സാമൂഹ്യനടപ്പുകളുടെ കൂടി പശ്ചാത്തലത്തിൽ നിർദ്ധാരണം ചെയ്യാവുന്നതാണ്. പേരിലുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്കും വൈകാരികമായ ലാഭം പുരുഷൻമാർക്കുമെന്നതായിത്തീരുന്നു ഇതിനു പിന്നിലെ ആത്യന്തികമായ യാഥാർത്ഥ്യം.

മംഗലശ്ശേരിയിൽ പിള്ളയ്ക്ക് അനന്തരാവകാശികളായി സഹോദരിമാരുടെ മക്കൾ ആറു പേരാണുണ്ടായിരുന്നത്. സഹോദരിമാരുടെ സംബന്ധങ്ങൾ തകർന്നത് കാരണവർക്ക് അവരുടെ മേൽ ഉത്തരവാദിത്വം വർദ്ധിപ്പിച്ചു. വിദ്യാഭ്യാസത്തിലൂടെ സ്വാതന്ത്ര്യബോധവും യുക്തിചിന്തയുമാർജ്ജിക്കുന്ന യുവതലമുറ ധൈര്യത്തോടെയും ആത്മവിശ്വാസത്തോടെയും ഫ്യൂഡൽ കേന്ദ്രമായ കാരണവ പ്രഭുതയെ എതിർക്കുന്ന കാഴ്ചപ്പാടാണ് ഇന്ദുലേഖയിൽ കാണുന്നത്. അയൽക്കാരിൽ സമ്പന്നമായ തറവാടുകൾ പരസ്പരം ചെയ്തുകൂട്ടുന്ന സ്വയംകൃതാനർത്ഥങ്ങളുടെ ഫലമായി തറവാടുകൾ ക്ഷയിക്കുകയാണ്. ആർഭാടമായി കേസ് നടത്താനും ജയിക്കാനും കുടുംബത്തിന്റെ അഭിമാനം രക്ഷിക്കാനുമുള്ള തത്രപ്പാടിൽ ഇരു കുടുംബങ്ങളിലെയും സ്ഥാവരജംഗമ സ്വത്തുക്കൾ മിക്കവയും അന്യാധീനപ്പെട്ടുപോകുന്നു. വളർന്നു വരുന്ന ഇളം തലമുറ വിദ്യാ

ഭ്യാസത്തിനും ഭക്ഷണത്തിനും വസ്ത്രത്തിനുമായി ഗതികെട്ട് അലയുന്നു. പിള്ളയുടെ ശിക്ഷാവിധി കേട്ട് തളർന്ന സുമതിയമ്മ ഇനി കഞ്ഞികുടിച്ച് കഴിയാമെന്ന് പറയുമ്പോൾ അനന്തരവളായ വിലാസിനി കഞ്ഞികുടിച്ചു കഴിയാൻ എനിക്കു മനസ്സില്ലെന്നു പ്രതിവചിക്കുന്നുണ്ട്. അത്തരമൊരു ധിക്കാരവചനം തറവാട്ടിൽ ആദ്യത്തേതായിരുന്നു. പണത്തിനായി രാമചന്ദ്രനും ഗോപാലകൃഷ്ണനും ഉരുളിയും ചെമ്പുകലവുമൊക്കെ പരസ്യമായി കൊണ്ടു നടന്നു വിൽക്കാൻ തുടങ്ങുന്നു. എല്ലാവരും കൂടി കുടുംബം തകർത്തെന്നും ഇനി എനിക്ക് എന്റെ കാര്യം നോക്കണമെന്നും ആരുവന്നാലും ആരു പോയാലും എനിക്കൊന്നുമില്ലെന്നുമാണ് പച്ചാഴിയിലെ ഒരു അനന്തരവനായ ഭാസ്ക്കരക്കുറുപ്പിന്റെ പ്രതികരണം. മുമ്പ് നേർക്കുനേരെ നിന്ന് സംസാരിക്കാൻ ആരും ധൈര്യപ്പെടാത്ത അധികാരസ്ഥാനമായിരുന്നു കാരണവരുടേത്. വന്നുപെട്ട സാമ്പത്തിക ഞെരുക്കത്തിൽ കാരണവരെ കുറ്റപ്പെടുത്തിക്കൊണ്ട് അനന്തരവനായ രാജശേഖരൻ തറവാടിന്റെ ദീനമാണ് കാരണവർ എന്നുപറഞ്ഞാണ് ആക്ഷേപിക്കുന്നത്. ഇതേ അനന്തരവൻ, ശിക്ഷ കഴിഞ്ഞ് തിരിച്ചെത്തുന്ന കാരണവരെ, പഴയ ആഭിജാത്യത്തിന്റെ സ്മരണയിൽ കൃഷിപ്പണിക്കു മേൽനോട്ടം വഹിക്കാനുള്ള മോഹവുമായി വയൽവരമ്പത്തെത്തിയതിനെ പരസ്യമായി ചോദ്യം ചെയ്യുന്നുമുണ്ട്. പാരമ്പര്യം കൊണ്ടുനടന്ന മനുഷ്യബന്ധങ്ങളും സാമൂഹ്യബന്ധങ്ങളും അത്രത്തോളം ശിഥിലമാവുകയോ കീഴ്മേൽ മറിയുകയോ ചെയ്യുന്നു. സ്വത്ത് കേന്ദ്രീകൃത കൂട്ടുകുടുംബം - മരുമക്കത്തായ വ്യവസ്ഥിതിയിൽ അന്ത:സംഘർഷങ്ങൾ മൂർച്ഛിക്കുന്നതിന്റെയും ഭാഗം വെച്ച് തുടങ്ങുന്നതിന്റെയും ഉദാഹരണങ്ങളാണീ സംഭവങ്ങൾ. കൂട്ടുകുടുംബങ്ങൾ തകരാൻ തുടങ്ങുന്നതോടെ മുമ്പ് ഭൂമിയുടെ സമ്പൂർണ്ണ അധിപതികളായിരുന്നവർ അവ ഭാഗം വെക്കാനും വിൽക്കാനും തയ്യാറാവുന്നു. അവ മുമ്പ് ഭൂമി നിഷേധിക്കപ്പെട്ട ക്രിസ്ത്യൻ - ഈഴവ-മുസ്ലീം സമുദായങ്ങളിലേക്ക് ചെന്നു ചേരാനാരംഭിക്കുന്നു. പച്ചാഴിയിലെ ദേവകിയമ്മ ഭാഗമായി തനിക്കുകിട്ടിയ ഓഹരി വിൽക്കുന്നുണ്ട്. ഭൂമി വിൽക്കാൻ പറ്റിയ ഒരു നായരെ അന്വേഷിച്ചെങ്കിലും ഒരു നായരുടെ കൈയിലും പണമില്ലായ്കയാൽ സിലോണിൽ നിന്നു വന്ന ഒരു രാമുണ്ണിക്കാണ് അവർ ഭൂമി വിൽക്കുന്നത്. മംഗലശ്ശേരിയിൽ പിള്ളയുടെ സഹോദരിമാർ പലവിധങ്ങളായ ജീവിതദുരിതങ്ങളിലകപ്പെട്ട് ഒടുങ്ങുകയും അനന്തരാവകാശികൾ പലതുറകളിലേക്ക് സ്വയം നടന്ന് പോവുകയും ചെയ്തുവെങ്കിലും തറവാട് ഭാഗിക്കപ്പെടുന്നില്ല. പച്ചാഴി തറവാട് അഞ്ചു ശാഖകളായി പിരിഞ്ഞ് പോവുകയും പ്രായമായി വരുന്ന ആൺമക്കൾ നാട് വിട്ട് പോവുകയും ചെയ്യുന്നു. ഇത്തരം ജീവിത ദൈന്യതയാണ് ഇരുപതാം നൂറ്റാണ്ടോടെ കേരളത്തിലെ ദായക്രമങ്ങളെയും വിവാഹസമ്പ്രദായങ്ങളെയും സംബന്ധിച്ച് ഗൗരവതരമായ ചർച്ചകളിലേക്കും നിയമനിർമ്മാണങ്ങളിലേക്കും

നയിച്ചത്. 1976ൽ കേരള നിയമസഭ പാസാക്കിയ കൂട്ടുകുടുംബ നിരോധന നിയമം (Joint Family Abolition Act) അനുസരിച്ച് മക്കത്തായം നിലവിൽ വന്നു. അതോടെ മധ്യകാല കുടുംബബന്ധ ങ്ങളും തറവാടുകളും തകരുകയും പലതും അണുകുടുംബത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു. നോവലിന്റെ അവസാനത്തിൽ എല്ലാവരും കൂട്ടായി താമസിക്കുന്ന ഇടമെന്ന നിലയിൽ നിന്നുമാറി വസുമതി താമസിക്കുന്ന മംഗലശ്ശേരി തറവാട് എല്ലാവർക്കും ഒത്തുചേരാവുന്ന വീടായി പരിണമി ക്കുന്നുണ്ട്.

## പുതിയ സമുദായ ശക്തികളുടെ ഉയർച്ച

സമൂഹത്തിന്റ മുഖ്യധാരയിലേക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന വിഭാഗങ്ങളായ ഈഴവർ, ക്രിസ്ത്യാനികൾ തുടങ്ങിയവർ സംഘടിത ശക്തികളായി വളരുകയും ഗണനീയ സമു ദായിക വിഭാഗങ്ങളായി ഉയരുകയും ചെയ്യുന്നത് കേരളീയ സാമൂഹ്യചരിത്രത്തിന്റെ ഭാഗമായ വസ്തുതകളാണ്. പ്രമുഖരായ ഈ രണ്ടുവിഭാഗങ്ങളിൽ സംഭവിക്കുന്ന പരിണാമങ്ങളുടെ ചിത്രം സാമൂഹ്യചരിത്രദൃഷ്ട്യാ നോവലിൽ അവതരിപ്പിക്കുന്നുണ്ട്.

## ക്രിസ്ത്യാനികൾ

ഒരു മതം എന്ന നിലയിൽ നൂറ്റാണ്ടുകൾക്കു മുമ്പേ തന്നെ ക്രിസ്തുമതം കേരളത്തിലെ ത്തുന്നുണ്ടെങ്കിലും കേരള സമൂഹഘടനയിലെ പ്രബലവിഭാഗമായി ക്രിസ്ത്യാനികൾ മാറുന്നത് രണ്ടോ മൂന്നോ നൂറ്റാണ്ടുകൾക്കകത്തുമാത്രമാണ്. ഹിന്ദുമതത്തിനകത്തെ നിൽക്കക്കള്ളിയില്ലാത്ത ജാതിമർദ്ദനങ്ങൾ അവർണ്ണരിൽ വലിയ വിഭാഗത്തെ കൂട്ടത്തോടെ സ്വന്തം മതം ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുന്നു. സാംസ്കാരികമായ താഴ്ത്തിക്കെട്ടലിനും ജാതിമർദ്ദനത്തിനും ഇരയായി മതപ രിവർത്തനം നടത്തിയ കഥാപാത്രമാണ് അയൽക്കാരിലെ കൃഷിക്കാരനായ കുഞ്ഞുവറീത്. ഒരു പുലയമാടത്തിലാണ് അയാൾ ജനിച്ചത്. യഥാർത്ഥ പേര് ചാത്തൻ എന്നായിരുന്നു. ചാത്തന്റെ വല്യപ്പന്റെ മകൻ ക്രിസ്തുമതം സ്വീകരിച്ച് മത്തായി ആയി മാറിയിരുന്നു. പറമ്പിൽ തീണ്ടാപ്പാട കലം നിൽക്കേണ്ട പുലയൻ ക്രിസ്ത്യാനി ആയാൽ തമ്പുരാക്കന്മാരുടെ മുറ്റത്തും തിണ്ണയിലു മൊക്കെ കയറാം. ഒരിക്കൽ ചാത്തന്റെ വല്യപ്പന്റെ മകൻ മത്തായിയോടൊപ്പം ക്ഷേത്രമതിലിനരി കിലൂടെ നടന്നു പോയപ്പോൾ നായന്മാർ തടഞ്ഞ് ചോദ്യം ചെയ്തു. മത്തായി ക്രിസ്ത്യാനി ആയ തിനാൽ വെറുതെ വിട്ടു. ചാത്തൻ പുലയൻ ആയതിനാൽ കണക്കിന് അടിയും കിട്ടി. രണ്ടു ദി വസം കഴിഞ്ഞ് ചാത്തൻ കുഞ്ഞുവറീത് ആയി. പിന്നെ യാതൊരു പ്രശ്നവുമുണ്ടായില്ല.

'നായയെ കുളിപ്പിച്ചാൽ അശുദ്ധമാവാത്ത കുളം തീയ്യൻ കാൽകഴുകിയാൽ അശുദ്ധമാ

വുന്നത് കേരളത്തിലെ അസംബന്ധത കൊണ്ടല്ലാതെ മറ്റൊരുസംഗതിയാലുമല്ല'[6]എന്ന് 'മിതവാദിക്ക്' ലേഖനമെഴുതേണ്ടി വരുന്നത് 1917ലാണ്. ജാതിക്കപ്പുറത്തൊരു ജോലിയോ ജീവിതമോ സാധ്യമാവാത്ത സാമൂഹ്യഘടനയിൽ സമ്മർദ്ദജീവിതം നയിച്ച അവർണ്ണർക്ക് മിഷണറിമാർ പരിഷ്കൃതജീവിതം വാഗ്ദാനം ചെയ്തപ്പോൾ കുഞ്ഞുവറീതിനെപ്പോലുള്ളവർക്ക് രണ്ടുവട്ടം ആലോചിക്കേണ്ടിവരുന്നില്ല. സ്വന്തം മതത്തിനകത്തെ സാംസ്കാരികമായ ഇകഴ്ത്തിക്കെട്ടൽ അടിമമനസ്സോടെ അംഗീകരിച്ചുപോരാനേ അതുവരെ നിവൃത്തിയുണ്ടായിരുന്നുള്ളൂ. ഹിന്ദുക്കൾ തന്നെ ഹിന്ദുക്കൾക്കെതിരാവുന്ന ഈ താഴ്ത്തിക്കെട്ടലിനെതിരെയുള്ള സാംസ്കാരിക തലത്തിൽ നിന്നുള്ള പ്രതിഷേധമായിരുന്നു മതപരിവർത്തനം. സവർണ്ണമർദ്ദനങ്ങളിൽ സഹികെട്ട അവർണ്ണവിഭാഗം ക്രിസ്ത്യൻ - മുസ്ലീം മതങ്ങളിലേക്ക് കൂട്ടത്തോടെ ചേക്കേറിയതിന്റെ കൂടി ഫലമായാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ഇസ്ലാംമതവും ക്രിസ്തുമതവും കേരളത്തിലെ പ്രബലവിഭാഗമായി മാറുന്നത്.

പോർച്ചുഗീസുകാരുടെയും മറ്റ് പടിഞ്ഞാറൻ ശക്തികളുടെയും വരവോടെയാണ് ക്രിസ്ത്യാനികൾ കേരളത്തിൽ ഗണ്യമായ സാന്നിധ്യമായി മാറുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസം സ്വതന്ത്രചിന്തകൾക്കുള്ള വാതിൽ തുറന്നിട്ടു. പുതിയ ജ്ഞാനമേഖലകളും യുക്തിചിന്തകളും ശാസ്ത്രീയ വീക്ഷണങ്ങളും ജാതിവ്യവസ്ഥയുടെ ചട്ടക്കൂടുകളെ ശിഥിലമാക്കാൻ തുടങ്ങിയത് മിഷണറിമാർക്ക് കേരളീയ സാമൂഹ്യാന്തരീക്ഷത്തിൽ അനുകൂല സാഹചര്യം സൃഷ്ടിച്ചു. ബ്രിട്ടീഷുകാരുടെ മേൽക്കോയ്മ ക്രിസ്ത്യൻ മിഷണറിമാർക്ക് ഏറെ സഹായകവുമായിരുന്നു. വിവിധ സഭകളുടെ പ്രവർത്തനം വഴി അവർണ്ണ വിഭാഗത്തിൽ പെട്ട ധാരാളം പേർ ക്രിസ്തുമതത്തിലേക്ക് ചേക്കേറി. അതുവഴി അവർക്ക്, മുമ്പ് നിഷേധിക്കപ്പെട്ട സാമൂഹിക സ്വാതന്ത്ര്യം, വിദ്യാഭ്യാസം, പരിഷ്കൃത ജീവിതം എന്നിവ ലഭ്യമായി.

ഇരുപതാം നൂറ്റാണ്ടിലേക്കു പ്രവേശിക്കുമ്പോൾ കേരളത്തിലെ പഴയ സാമൂഹ്യക്രമങ്ങളിൽ അടിമുടി മാറ്റങ്ങൾ സംഭവിക്കുന്നതുകാണാം. ജാതിയും ജോലിയും തമ്മിലുണ്ടായിരുന്ന ബന്ധം വിച്ഛേദിക്കപ്പെടുകയോ അയവേറിയതോ ആയി മാറുന്നു. വാണിജ്യ വ്യവസായരംഗങ്ങളിൽ മുസ്ലിംങ്ങളും ഗൗഡസാരസ്വത ബ്രാഹ്മണരുൾപ്പെടെയുള്ള പരദേശി ബ്രാഹ്മണരും ക്രിസ്ത്യാനികളും ഈഴവരും പങ്കാളികളാവാൻ തുടങ്ങുന്നു. പുതിയ സാമൂഹ്യക്രമത്തിലെ പ്രബല സമുദായങ്ങൾ നായന്മാരും സുറിയാനി ക്രിസ്ത്യാനികളുമാണെന്ന് കേരളീയ സാമൂഹ്യഘടനയുടെ രൂപാന്തരത്തെക്കുറിച്ച് പഠനം നടത്തിയ ഡോ.ഇ.ജെ. തോമസ് രേഖപ്പെടുത്തുന്നുണ്ട്:

'കേരളത്തിൽ നായർ സമുദായത്തോട് കിട നിൽക്കുന്ന സുറിയാനി ക്രിസ്ത്യാനികൾ

വിദ്യാഭ്യാസം, കൃഷി, കച്ചവടം, സാമൂഹിക സേവനം എന്നീ മേഖലകളിൽ മറ്റുള്ളവരേക്കാൾ മുന്നിൽ നിൽക്കുന്നു. ജനസംഖ്യാബലവും രാഷ്ട്രീയനേതൃത്വവും കൈമുതലായുള്ള ഈ സമുദായം ക്രൈസ്തവ സമുദായങ്ങളിലെ ഏറ്റവും പ്രബലമായിരിക്കുന്നു.'[7]

സാമൂഹ്യ-സാമ്പത്തിക പുരോഗതിയിലേക്കുള്ള വഴിയിൽ നായർ-സുറിയാനി ക്രിസ്ത്യാനികൾക്കു പുറകിലായി ഈഴവ, മുസ്ലീം, ലാറ്റിൻ ക്രിസ്ത്യൻ സമുദായങ്ങളെന്നിവ തൊട്ടുതൊട്ടായ ക്രമത്തിൽ നിലയുറപ്പിച്ചിരിക്കുന്നുവെന്നും അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്.

## കുഞ്ഞുവറീതും ക്രിസ്ത്യൻ മുന്നേറ്റവും

തകരുന്ന രണ്ടു തറവാടുകളിലെയും സ്വത്തുക്കളിൽ വലിയ ഒരു ഭാഗം ചെന്നെത്തുന്നത് കഠിധ്വാനിയും കൃഷിക്കാരനുമായ കുഞ്ഞുവറീതിന്റെ കൈയിലേക്കാണ്. വെള്ളപ്പൊക്കക്കാലത്ത് അഭയാർത്ഥിയായി വന്നെത്തുന്ന ക്രിസ്ത്യാനിയായ പാവം കൃഷിക്കാരൻ ജന്മിയുടെ അലിവിനുപാത്രമായി. 'മനുഷ്യന്മാർ വിചാരിച്ചാൽ കാടു നാടാവും' എന്ന ജീവിതവീക്ഷണം കൊണ്ട് നടക്കുന്നതിനാൽ കയറിക്കിടക്കാൻ ജന്മി നൽകിയ കാട് അയാൾക്ക് ഒട്ടും ബുദ്ധിമുട്ടാവുന്നില്ല. ഉണങ്ങിവീഴുന്ന ഓല ശേഖരിച്ചും പശുവിന്റെ ചാണകം വാരിയും ഉമിയും, നുറുക്കരിയും കീറിയമുണ്ടും ചോദിച്ചു വാങ്ങിയും വറീതും ഭാര്യ സാറയും മക്കളും അവിടെ ആശ്രിതത്വം പറ്റി പടർന്നു കയറുന്നു. തെക്കുപുരയിടം വെട്ടിവെളുപ്പിച്ച്, മെല്ലെമെല്ലെ പടർന്നു കയറുമ്പോൾ 'തൊരന്നു തൊരന്നു ഉള്ളിലേക്കു കയറുകയാണല്ല്യോ' എന്ന് വറീതിന്റെ വളഞ്ഞ ബുദ്ധിയെ കുഞ്ഞൻ ശാസിക്കുന്നുണ്ട്. ഏല്പിക്കാനേൽപിക്കുന്ന സമ്പാദ്യത്തെ അഭിമാനിയായ പിള്ളയെക്കൊണ്ടു തന്നെ പ്രോമിസറി നോട്ടാക്കി സ്റ്റാമ്പൊട്ടിച്ചു അയാൾ രേഖയാക്കുന്നുണ്ട്. മംഗലശ്ശേരിയുടെ സാമ്പത്തിക ഞെരുക്കം ക്രമേണ കുഞ്ഞുവറീതിനുള്ള പിടിവള്ളിയായിമാറുന്നു. നാലര ഏക്കർ പുരയിടത്തിന്റെയും മുപ്പത്പറ നിലത്തിന്റെയും ഉടമസ്ഥതയിൽ നിന്ന് താമസിയാതെ ഏഴ് ഏക്കറിലേക്കും എൺപതുപറയിലേക്കും വറീത് വളരുന്നു. അപ്പോഴും അധ്വാനവും കൃഷിസ്വപ്നങ്ങളും കൈവിടാതെ അയാൾ പറയും:

'നമ്മളു മണ്ണിനെ സ്നേഹിച്ചാല് മണ്ണ് നമ്മളേം സ്നേഹിക്കും. മണ്ണിന് തീറ്റ കൊടുത്താല് മണ്ണു നമുക്കും തീറ്റ തരും. നിങ്ങളോട് പെരുമാറേണതു പോലെ നിങ്ങളങ്ങോട്ടും പെരുമാറുക എന്നാ ദൈവപുത്രൻ പറഞ്ഞിരിക്കുന്നത്.'

അധ്വാനത്തിന്റെ ഈ പ്രത്യയശാസ്ത്രം അയാൾക്ക് പത്തും പന്ത്രണ്ടും മേനി വിളഞ്ഞിടത്ത് ഇരുപത്തഞ്ചും മുപ്പതും മേനി വിളവു നൽകുന്നു. ഉത്സവലഹളയെത്തുടർന്നുള്ള കേസു

കൾ നീണ്ടു നീണ്ടു പോയപ്പോൾ മാസത്തിൽ രണ്ടുംമൂന്നും ആധാരങ്ങൾ അയാളുടെ പേരിൽ രജിസ്ട്രാക്കപ്പെട്ടു. അങ്ങനെയാണ് മംഗലശ്ശേരിയിലെ നാലുതലമുറയിലെ സമ്പാദ്യങ്ങൾ കുഞ്ഞുവറീതിന്റെ കൈയിലായത്. പത്തുവർഷം മുമ്പ് കുറ്റിക്കാടും കൊന്നത്തെങ്ങും മാത്രമുണ്ടായിരുന്ന, പ്രേതശങ്കയാൽ ആരും കടന്നു ചെല്ലാതിരുന്ന പുരയിടത്തിൽ ഓലയും മുളയും കൊണ്ടുണ്ടാക്കിയ കുടിൽ നിന്ന സ്ഥലത്ത് പുത്തൻ മാളിക ഉയർന്നുവരുന്നു.

കുഞ്ഞുവറീത് ആരുടേയും മോഷ്ടിക്കുകയോ പിടിച്ചുപറിക്കുകയോ, ചതിച്ചു കൈവശപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉത്കർഷേച്ഛയുടെയും പ്രയത്നശക്തിയുടെയും വിജയമാണ് അയാളെ ആ നിലയിൽ എത്തിക്കുന്നത്. കുഞ്ഞുവറീതിന്റെ സാമുദായിക അസ്തിത്വം, അക്ഷീണമായ പ്രയത്നം, പടിപടിയായ വളർച്ച, അധ്വാനം സമ്മാനിക്കുന്ന ജീവിത വിജയം എന്നിവ അയാൾ പ്രതിനിധാനം ചെയ്യുന്ന കേരളത്തിലെ പ്രമുഖ മതവിഭാഗമായ ക്രിസ്ത്യൻ സമുദായത്തിന്റെ ചരിത്രപരവും സാമൂഹ്യപരവുമായ ഗതിവിഗതികളുടെ പശ്ചാത്തലത്തിൽ വായിക്കാവുന്നതാണ്. കേരളത്തിലെ ക്രിസ്ത്യൻ സമുദായത്തിന്റെ സാന്നിധ്യം, ജീവിതവീക്ഷണം, സംഘബോധം, പ്രയത്നശീലം, സാഹസികത തുടങ്ങിയ കാര്യങ്ങൾ കുഞ്ഞുവറീതിന്റെ ജീവിതവിജയവുമായി ചേർന്നുപോകുന്നുണ്ട്.

### കൃഷി, വ്യാപാരമുതലാളിത്തം, പ്രവാസജീവിതം

കുഞ്ഞുവറീത് സ്വന്തം നിലയിൽ ഒരു സാമൂഹ്യ വിപ്ലവത്തിനും നേതൃത്വം നൽകുന്ന കഥാപാത്രമല്ല. ഫ്യൂഡൽഘടന സ്വയംകൃതവും പുതിയ സാമൂഹ്യമുന്നേറ്റങ്ങളുടെയും ഫലമായ പരിവർത്തനങ്ങളിൽപ്പെട്ട് തകർന്നടിഞ്ഞപ്പോൾ സമീപസ്ഥരായ ഇത്തരം വിഭാഗങ്ങൾ മിഷണറിമാർ വഴി പകർന്നു കിട്ടിയ ജീവിതവീക്ഷണവും സ്വാതന്ത്ര്യബോധവും കൈമുതലാക്കി അധ്വാനത്തിന്റെ വഴിയിലൂടെയും കുരിശിന്റെ വഴിയിലൂടെയും ആ തകർച്ചയുടെ ഗുണഭോക്താക്കളായി എന്നുമാത്രം. ജന്മിത്വം തകർന്നതിനൊടൊപ്പം പരമ്പരാഗത കൃഷിരീതികൾ മാറുകയും നാണ്യവിളകൾ കൂടുതലായി വരികയും ചെയ്യുന്നുണ്ട്. കാർഷിക മേഖലയിൽ പുതിയ വർഗ്ഗങ്ങൾ പ്രത്യക്ഷപ്പെടുകയും നവീന കൃഷിരീതികൾ പ്രചാരത്തിലാവുകയും ആധുനിക വ്യവസായവത്കൃതകാർഷിക പദ്ധതികൾ പരിചയപ്പെടുത്തപ്പെടുകയും ചെയ്യുന്നു. നാണ്യവിളയായ കുരുമുളക് പണ്ടേ കേരളത്തിന്റെ കൃഷിയിടങ്ങളിൽ ഉൾപ്പെട്ട ഒന്നായിരുന്നു. തോട്ട വിളകളായ റബ്ബർ, കാപ്പി, തേയില, കശുവണ്ടി എന്നിവ മെല്ലെ വ്യവസായമാവാൻ തുടങ്ങി. പരമ്പരാഗത കാർഷിക വൃത്തിയിൽ നിന്ന് വ്യവസായമേഖലകളിലേക്ക് മാറ്റം വന്നപ്പോൾ ജോലിക്കു കൂലി നാണയമായി കൈയിൽ കിട്ടാൻ തുടങ്ങിയതും സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്കുള്ള വഴി തുറക്കുന്നു.

ഈ സ്വാതന്ത്ര്യം പഴയ സാമൂഹ്യഘടനയ്ക്ക് തിരിച്ചടിയാവുന്നതിന്റെയും അതുവരെ ചിത്രത്തിലില്ലാത്ത പുതിയ വർഗ്ഗങ്ങൾ ഉണർവ്വിലേക്ക് കടന്നുവരുന്നതിന്റെയും കേരളീയപാശ്ചാത്തലത്തെക്കുറിച്ച് ഇ.എം.എസ്. നമ്പൂതിരിപ്പാട് ഇങ്ങനെ വിലയിരുത്തുന്നുണ്ട്:

'ജാതി മേധാവിത്വത്തിൻ കീഴിൽ മ്ലേച്ഛൻമാരായി കണക്കാക്കപ്പെട്ടിരുന്ന ക്രിസ്ത്യാനികളും മുസ്ലീങ്ങളുമാണ് സവർണ്ണഹിന്ദുക്കളല്ല, മുതലാളിമാരായി വളരാൻ ആദ്യം ശ്രമിച്ചത്. അവരാണല്ലോ ബ്രിട്ടീഷ് ഭരണത്തിനുമുമ്പ് തന്നെ കച്ചവടം നടത്തിയിരുന്നത്. കച്ചവടവും അതിനെത്തുടർന്ന് വ്യവസായവുമാണ് കേരളത്തിൽ വളരാൻ പോകുന്നതെന്ന് പഴയ കേരളത്തിലെ പ്രമാണികൾക്ക് - സവർണ്ണ ഹിന്ദുക്കൾ, ജന്മിമാർ, നാടുവാഴികൾ എന്നിവർക്ക് കാണാൻ കഴിഞ്ഞില്ല. തങ്ങളുടെ പദവിയും പ്രതാപവും പഴയപോലെ തന്നെ നിലനിൽക്കുമെന്നു കരുതി പഴയ ജീവിതം തുടരാനാണവർ ശ്രമിട്ടത്. നേരെമറിച്ച് ക്രിസ്ത്യാനികളും മുസ്ലീങ്ങളുമാകട്ടെ, തങ്ങളുടെ പഴയ ജോലി തന്നെ പുതിയസ്ഥിതിയിൽ കൂടുതൽ വിപുലമായും നന്നായും നടത്താൻ പഠിച്ചു സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുകയെന്ന പഴയ കച്ചവടം തന്നെ കൂടുതൽ വിപലമാക്കുക; സാധനങ്ങളെപ്പോലെത്തന്നെ പണവും വിൽക്കുകയും വാങ്ങുകയും ചെയ്യുക; സാധനങ്ങൾ വാങ്ങി അത് കൂടുതൽ നന്നാക്കാനുള്ള തൊഴിലാളികളെക്കൊണ്ട് പ്രവർത്തിപ്പിച്ച് കൂടുതൽ വിലയ്ക്ക് വിൽക്കുക; ഭൂമി വിലയ്ക്കോ പാട്ടത്തിനോ വാങ്ങി തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിച്ചുണ്ടാക്കുന്ന വിളവ് വിൽക്കുക - ഇങ്ങനെ കച്ചവടത്തെത്തന്നെ ഉയർത്തി, ബാങ്കിങ്ങും വ്യവസായവും തോട്ടങ്ങളും വളർത്തി പണക്കാരാവാനവർക്കു കഴിഞ്ഞു.'[8]

കൃഷിക്കാരനായ കുഞ്ഞുവറീതും കച്ചവടക്കാരനായ മുഹമ്മദും അദ്രുമാൻ മുതലാളിയുമൊക്കെയാണ് മേൽ സൂചിപ്പിച്ച സാമൂഹ്യക്രമത്തിലെ പുതുവർഗ്ഗക്കാരായി അയൽക്കാരിൽ പ്രത്യക്ഷപ്പെടുന്നത്. കഠിനമായി അധ്വാനിച്ച് കൂടുതൽ നിലം സ്വന്തമാക്കിയും തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിച്ചും പണം പലിശയ്ക്കു കൊടുക്കുന്ന മുതലാളിമാരുമായി ബന്ധം സൂക്ഷിച്ചും കുഞ്ഞുവറീതുമാർ സാമ്പത്തിക ഉന്നതിയിലേക്ക് വളരുന്നത് നവോത്ഥാന കാലത്തെ സാമ്പത്തിക പരിവർത്തനനങ്ങളിൽ പ്രധാനമാണ്. പുതിയ സാമ്പത്തിക ചലനങ്ങളെ തിരിച്ചറിയുന്ന രാജശേഖരൻ, കൃഷിവിട്ട് പതുക്കെ കച്ചവടത്തിലേക്ക് ശ്രദ്ധതിരിക്കുന്നുണ്ട്. ഫ്യൂഡൽ തകർച്ചകൾക്കു മുമ്പിൽ പകച്ചു പോകുന്ന അഭിജാത കുടുംബത്തിലെ യുവാക്കളുടെ അഭിമാനബോധം അവരെ നാട്ടിൽ നിൽക്കാൻ അനുവദിക്കുന്നില്ല. 'നാടുവിട്ടാലേ നന്നാവൂ' എന്ന ചൊല്ലിനെ പിൻപറ്റി പല നായർ യുവാക്കളും പണം സമ്പാദിക്കാൻ പ്രവാസ ജീവിതത്തിലേക്ക് ചേക്കേറുന്നതും നോവലിൽ കാണാം.

## ഈഴവർ

ചാതുർവർണ്ണ്യവ്യവസ്ഥയ്ക്കു പുറത്തുള്ളതും അംഗബലം കൊണ്ട് വലുതുമായ അധ്വാനവിഭാഗമായ ഈഴവർ സവർണ്ണാധിപത്യങ്ങളോട് പൊരുതി അവകാശങ്ങളിലേക്കും ആത്മ വിശ്വാസങ്ങളിലേക്കും ഉണരുന്നതിന്റെ ദൃശ്യങ്ങൾ 'അയൽക്കാരിൽ' കാണാം. മേലാളരും ഭൂവുടകളുമായ നായർ വിഭാഗവുമായുള്ള സംഘർഷങ്ങളാണ് നോവലിൽ അവതരിപ്പിക്കപ്പെട്ടി ട്ടുള്ളത്. പടിഞ്ഞാറേക്കരയിലെ ഷാപ്പിൽ നിന്ന് കള്ളുകുടിച്ച് മടങ്ങുമ്പോൾ നായന്മാരിലുണരു ന്ന അയിത്തത്തെയും തീണ്ടലിനെയും കുറിച്ചുള്ള ഓർമ്മ ഈഴവരുടെയും പുലയരുടെയും നേരെ യുള്ള പ്രഹരമായി കലാശിക്കും. തിരിച്ചടിക്കാനോ  പരാതിപ്പെടാനോ മുതിരാത്ത ഈ അടിമ വർഗ്ഗം പകലന്തിയോളം പണിചെയ്യുന്നത് അതേ നായർക്കു വേണ്ടിയാണ്. ക്രമേണ ശ്രീനാരാ യണഗുരു തുടങ്ങിയവയുടെ ദർശനങ്ങളാൽ പ്രചോദിതരായ  ഈഴവരിൽ സ്വാതന്ത്ര്യ മോഹങ്ങ ൾ ഉണരാൻ തുടങ്ങുന്നു. കിഴക്കേക്കരയിലെ മലയാളം പള്ളിക്കൂടത്തിൽ ചേർന്നുള്ള  ഈഴവക്കുട്ടി കളുടെ പഠനം, പടിഞ്ഞാറേക്കരയിലെ ഭജനമഠത്തിലെ കൂട്ടായ്മകൾ എന്നിവ അവരെ പരിവർത്ത ന ചിന്തയിലേക്ക് ആനയിക്കുന്നു. അവഗണിക്കാനാവാത്ത സാമുദായിക ശക്തിയായി പരിണമി ക്കുന്നതിനും ഉയരുന്നതിനും കാരണമാവുന്നത് അയിത്തോച്ചാടനം, മിശ്രഭോജനം, ജാതിനിരാ കരണം, യുക്തിവാദം, ജാതിലഹളകൾ, ഗുരുദർശനം തുടങ്ങിയ  സാമൂഹികപരിവർത്തന സംരം ഭങ്ങളും ആശയഗതികളുമാണ്.

## മിശ്രഭോജനത്തിലെ സംഘബോധം

പിള്ളയുടെ കാര്യസ്ഥനായ കുഞ്ഞനിൽ ജാതി-ജന്മി വിധേയത്വം രക്തത്തിൽ അലിഞ്ഞു ചേർന്നതാണെങ്കിലും അയാളുടെ മൂത്തമകൻ വാസുവിന് അയിത്തോച്ചാടനത്തിലും ജാതിനശീ കരണ പ്രസ്ഥാനത്തിലുമാണ് ശ്രദ്ധ. സഹോദരസംഘത്തിന്റെ ആഹ്വാനമനുസരിച്ച് ജാതിനശി പ്പിക്കാൻ ഉദ്ദേശിച്ചു നടക്കുന്ന മിശ്രഭോജനത്തിന് നേതൃത്വം കൊടുത്തത് വാസുവിന്റെ അമ്മാവൻ കൊച്ചുകുട്ടനാണ്. മിശ്രഭോജനത്തിൽ പങ്കെടുത്തതിന്റെ പേരിൽ വീട്ടിൽ നിന്നും ജാതിയിൽ നിന്നും പുറത്താവുന്ന കൊച്ചുകുട്ടനടക്കമുള്ളവരെ 'പുലയച്ചോവൻ' എന്നാണ് വിളിച്ചുപോന്നത്. കൂട്ടായ ഭക്ഷണത്തിലൂടെയും പരസ്പരവിവാഹത്തിലൂടെയും അശുദ്ധിയുടെ മതിലുകളെ തകർക്കാ നുള്ള താണനിലത്തിലെ ഉയർന്ന സാമൂഹ്യവിപ്ലവങ്ങളാണ് മിശ്രഭോജനവും മിശ്രവിവാഹവു മൊക്കെ. ജാതിചിന്തയുടെ അയുക്തികത വെളിപ്പെടുത്തുന്നതിനൊപ്പം ഇത്തരം കൂട്ടായ്മകൾ സംഘബോധത്തിലേക്കും ആത്മവിശ്വാസത്തിലേക്കുമുള്ള വഴിതുറക്കലുകളായി മാറുന്നുണ്ട്.

## വിരുന്നിലെ ജാതി

എല്ലാവർക്കും ഒരുപോലെ കഴിക്കാവുന്ന ആഹാരമോ ഒത്തുചേർന്ന് ഇരിക്കാനുള്ള ഇടമോ ഫ്യൂഡൽഘടന അനുവദിക്കുന്നില്ല. ഊട്ടുപുരകൾക്കുള്ളിലായോ പടിപ്പുരകൾക്ക് അപ്പുറമോ ഇപ്പുറമോ ആയോ അവയുടെ ലഭ്യതയും സ്ഥാനവുമൊക്കെ കർശനമായി നിയന്ത്രിക്കപ്പെട്ടിരുന്നു. എന്നാൽ കൊളോണിയൽ തോട്ടവിളകളായ തേയിലയും കാപ്പിയുമൊക്കെ ഭക്ഷണത്തിലെ ഈ ഫ്യൂഡൽ നിയന്ത്രണങ്ങളെ ജനകീയമാക്കി തകിടം മറിക്കുന്നതുകാണാനാവും. ഭക്ഷണത്തിലെ സ്വാതന്ത്ര്യം വരുത്തുന്ന അപകടത്തെ തിരിച്ചറിയുന്നവരാണ് രാജാവിന്റെ പിറന്നാൾ ദിന സൽക്കാരത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്. നായന്മാരായ അധ്യാപകർ ഈ ഭക്ഷണ-മനുഷ്യക്കൂട്ടായ്മയെ പ്രതിരോധിച്ചുകൊണ്ട് നായർ – ഈഴവ-ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് വെവ്വേറെ സ്ഥലം നിശ്ചയിക്കുന്നുണ്ട്. അതിനെതിരെയുള്ള പ്രതിഷേധമാണ് ഈഴവക്കുട്ടികളുടെ വിരുന്നു ബഹിഷ്ക്കരണത്തിലേക്കും പുറത്ത് 'ജാതിരാക്ഷസ ദഹന'ത്തിലേക്കും നയിക്കുന്നത്.

## ജാതിനിരാസവും യുക്തിവാദവും

വർണ്ണവ്യവസ്ഥയിലെ മേലാളരുടെ ജാത്യന്ധത മനുഷ്യത്വത്തിന്റെ അതിർവരമ്പുകൾ വിട്ട് സംസ്കാരവിരുദ്ധതയുടെ വഴികളിലേക്ക് സമൂഹത്തെ നയിക്കാൻ നിർബന്ധിച്ചപ്പോഴാണ് ചിലർ ജനിച്ച മതത്തെ ഉപേക്ഷിക്കാൻ തയ്യാറായത്. മറ്റുചിലർ എവിടേക്കും ചേക്കേറാതെ, നില നിന്നുകൊണ്ടു തന്നെ ജാതിനിരാസം, യുക്തിവാദം പോലുള്ള ചിന്താധാരകളിലേക്ക് പ്രവേശിക്കാൻ തുടങ്ങുന്നുണ്ട്. കുഞ്ഞന്റെ മകനായ വാസു ഇതിന്റെ പ്രതീകമാണ്. അയാൾ 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്ന് തയ്യൽക്കടയുടെ ഉള്ളിലെ വലിയ ബോർഡിൽ എഴുതിവെച്ചിട്ടുണ്ട്. തന്റെ ആശയഗതികളോട് എതിർപ്പുള്ളവർക്കുനേരെ വാസുവിന്റെ ശബ്ദം ഉച്ചത്തിൽ മുഴങ്ങും:

'ജാതിയുണ്ടായത് മതത്തിൽ നിന്ന്, മതമുണ്ടായത് ദൈവത്തിൽ നിന്ന്. അതുകൊണ്ട് ദൈവവിശ്വാസമില്ലാതായാലേ ജാതി വിശ്വാസമില്ലാതാകൂ'.

'ദൈവമാ ഏറ്റവും വലിയ നുണ. ആ നുണയിൽ നിന്നാ മതമുണ്ടായത്. മതമാകുന്ന നുണയിൽ നിന്നു ജാതിയാകുന്ന നുണയുണ്ടായി. താഴ്ന്ന ജാതിക്കാരെ പറ്റിക്കാൻ മേൽജാതിക്കാർ കെട്ടിപ്പൊക്കിയ നുണകളാണിതെല്ലാം. ഈ നുണകളെയെല്ലാം തകർക്കണം എന്നാലേ മനുഷ്യൻ നന്നാകൂ.'[9]

മനുഷ്യനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള നവോത്ഥാനകാലത്തെ ജാതിവിരുദ്ധ പ്രസ്ഥാനങ്ങളുടെ വക്താക്കളായിരുന്നു ശ്രീനാരായണഗുരുവും സഹോദരൻ അയ്യപ്പനുമൊക്കെ. ഇതിൽ

അയ്യപ്പന്റെ നേതൃത്വത്തിലുള്ള ജാതിവിരുദ്ധ സംഘമാണ് 'സഹോദരപ്രസ്ഥാനം' എന്നറിയപ്പെട്ടത്. 1917 മെയ് 29ന് സ്വഗൃഹത്തിനടുത്തുവെച്ചു വിളിച്ചുകൂട്ടിയ യോഗത്തിലാണ് അദ്ദേഹം ജാതിക്കെതിരെ സമരം ചെയ്യുമെന്ന് സത്യം ചെയ്യുന്നത്. യുക്തിവാദിയായ അയ്യപ്പൻ ശ്രീനാരായണഗുരുവിന്റെ പ്രസിദ്ധമായ സിദ്ധാന്തത്തെ ജാതി തന്നെ വേണ്ട എന്ന രീതിയിൽ പരിഷ്ക്കരിക്കുകയാണ്. മിശ്രവിവാഹം വഴി സഹോദരൻ അയ്യപ്പൻ ജാതിനശീകരണമാണ് ലക്ഷ്യമിട്ടത്. യുക്തിചിന്ത, സ്വതന്ത്രചിന്ത, സോഷ്യലിസ്റ്റ് ദർശനങ്ങൾ എന്നിവയും അദ്ദേഹത്തിന്റെ വീക്ഷണങ്ങളെ രൂപപ്പെടുത്തി. സഹോദരൻ അയ്യപ്പന്റെ ഈവിധത്തിലുള്ള പുരോഗമനചിന്താതലങ്ങളാലാവേശിതനായ കഥാപാത്രമാണ് വാസു.

## ജാതിയും ലഹളയും

പിടിച്ചുവെക്കപ്പെട്ട അവകാശങ്ങൾക്കും നീട്ടിവെക്കപ്പെട്ട നീതിക്കും വേണ്ടി, അവ നിഷേധിക്കപ്പെട്ട വിഭാഗം ചെയ്യുന്ന ചെറുത്തു നില്പുകളെ അവർ നടത്തുന്ന ലഹളകളായാണ് ആധിപത്യമനോഭാവം പുലർത്തുന്ന ചരിത്രം രേഖപ്പെടുത്തിവെക്കുക. അതുകൊണ്ടാണ് ഇരകൾ നടത്തിയ ചെറുത്തുനില്പുകളെ അവർ നടത്തിയ കലാപങ്ങളായി, മാപ്പിളലഹള, ഈഴവലഹള എന്നിങ്ങനെയുള്ള തലക്കെട്ടുകളിൽ വായിക്കാനാവുന്നത്. വഴിമാറാത്തതിന്റെയും മേൽവസ്ത്രം ധരിച്ചതിന്റെയും പേരിൽ 19-20 നൂറ്റാണ്ടുകളിൽ തെക്കൻ തിരുവിതാംകൂറിലെ നായന്മാർ ഈഴവരെ മർദ്ദിക്കുന്നത് ലഹളകളായി പരിണമിക്കുന്നുണ്ട്. ഇത്തരം ജാതിമർദ്ദനങ്ങൾ വിമോചകരൂപം പ്രാപിക്കുന്നതിന്റെ ചിത്രം അയൽക്കാരിൽ ആവിഷ്കൃതമാവുന്നുണ്ട്. ജാതി-ജന്മി സംഘർഷങ്ങൾ അസ്വസ്ഥതകൾ സൃഷ്ടിക്കുന്ന സമൂഹമനസ്സിൽ പച്ചാഴിയിലെ ദേവകിയമ്മയുടെ ഏഷണിക്കിടയിൽ ജാതിബോധവും സംബന്ധങ്ങൾ പൊളിഞ്ഞതിന്റെ നിരാശയുമുണ്ട്. പൊട്ടിപ്പുറപ്പെട്ട ലഹളയിൽ തറവാട്ടുകാരും ജനങ്ങളും പക്ഷം പിടിച്ച് തമ്മിൽതല്ലി നശിക്കുന്നു. ജാതിബോധം അന്ധരാക്കിയ ലഹളയിൽ മനുഷ്യത്വം വിട്ടൊഴിയുകയും മനുഷ്യർ കേവലം ജാതി ശരീരങ്ങളായി ചുരുങ്ങുകയും ചെയ്യുന്നതിന്റെ ചിത്രം നോവലിൽ ഇങ്ങനെ വായിക്കാം:

'ചന്തയിൽ ഒരു ഈഴവന്റെയും രണ്ടു നായന്മാരുടെയും മൃതശരീരങ്ങളുണ്ടായിരുന്നു. മുറിവേറ്റ ഒരു മുസ്ലീമിനെയും ഏഴു നായന്മാരെയും ഒമ്പത് ഈഴവരെയും ആശുപത്രിയിലേക്കു കൊണ്ടുപോയി.'[10]

## ലഹളയും പരിഷ്ക്കാരവും

'ഒന്നുവിചാരിച്ചാൽ ലഹള ഒരു വലിയ 'സമുദായ പരിഷ്ക്കാരിയാണ്'. ലഹളകൊണ്ട്

ചിലപ്പോൾ ചില ഗുണങ്ങളും ചില അറിവുകളും ലോകത്തിനു സിദ്ധിക്കാറുണ്ട്' - എന്ന് പറഞ്ഞുകൊണ്ട് ലഹളകൾക്കു പിന്നിലെ അസംബന്ധതകളെ പരിഹസിക്കുന്ന ലേഖനം 'വിവേകോദയ'ത്തിൽ പ്രത്യക്ഷപ്പെടുന്നത് 1916 ലാണ്. ചിരിക്കും ചിന്തയ്ക്കും വക നൽകുന്ന ലേഖനത്തിൽ, മുമ്പ് തൊട്ടാൽ ജാതിഭ്രഷ്ടാവുന്നവർ ഇപ്പോൾ എത്ര തമ്മിൽത്തല്ലിയാലും ഭ്രഷ്ടാവുന്നില്ലെന്ന 'ഗുണ'വശത്തെ എടുത്തു കാട്ടുന്നുണ്ട്. ലഹളയെത്തുടർന്ന് മുക്കോണക്കരയിൽ എല്ലാവരും ആത്മപരിശോധനയ്ക്കു തയ്യാറായി. ജയിൽ മോചിതരായ ഈഴവപ്രമുഖരായ വാസുവിനും ദിവാകരനും കൊച്ചുകുട്ടനുമെല്ലാം എസ്.എൻ.ഡി.പി. യോഗം ഓഫീസിൽ വെച്ച് വലിയ സ്വീകരണം ലഭിക്കുന്നു. സ്വീകരണത്തിനു ക്ഷണിച്ചില്ലെങ്കിലും കൂടി പുതിയ തലമുറയിലെ നായർ യുവക്കളായ സുകുമാരൻ നായരും ഭാസ്ക്കരക്കുറുപ്പുമെല്ലാം അതിൽ പങ്കാളികളാകുന്നു. പറയനും നമ്പൂതിരിക്കുമെന്നു വേണ്ട എല്ലാവർക്കും നാശകാരിയായ ജാതിവിശ്വാസത്തെ ഒന്നിച്ചെതിർക്കാൻ ആഹ്വാനം ചെയ്യുന്നു. എസ്.എൻ.ഡി.പി. യുടെ നേതൃസ്ഥാനത്തേക്ക് ഉയരുന്ന ദിവാകരന്റെ പ്രവർത്തനങ്ങൾ കേരളസമൂഹത്തിന്റെ നവോത്ഥാന യത്നങ്ങളിൽ പ്രധാന പങ്കുവഹിച്ച ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിന്റെ പ്രവർത്തനങ്ങളോട് ചരിത്രദൃഷ്ട്യാ പൂരകമാവുന്നുണ്ട്.

### ജാതിയിൽ നിന്ന് സമുദായികതയിലേക്ക്

ജാതീയമായ അവശതകളിൽ നിന്ന് ഉണർന്നെണീറ്റ് സാമൂഹിക സ്വാതന്ത്ര്യത്തിലേക്ക് നടന്നുകയറാൻ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾക്ക് പൊതുവെയും ഈഴവർക്ക് വിശേഷിച്ചും മാർഗ്ഗദർശിയായി മാറുന്നത് ശ്രീനാരായണഗുരുവാണ്. കേരളീയനവോത്ഥാനം ലാക്കാക്കി ഗുരു ഉയർത്തിയ മുദ്രാവാക്യങ്ങൾ സകല ജാതിമതവിഭാഗങ്ങളെയും ഒരുപോലെ സ്പർശിക്കുന്നുണ്ട്. അവ ഹൃദയൈക്യവും മാനവസ്നേഹവും പകരുന്നതായിരുന്നു. ഗുരുദർശനങ്ങളുടെ പ്രഭാവത്താൽ തിരിച്ചറിവിലേക്കും അവകാശബോധ്യങ്ങളിലേക്കും നയിക്കപ്പെടുന്ന ഈഴവജനതയുടെ സ്വാതന്ത്ര്യമോഹങ്ങളുടെയും പരിഷ്കാരേച്ഛയുടെയും ചിത്രം അയൽക്കാർ അവതരിപ്പിക്കുന്നു. വിദ്യയിലൂടെ പ്രബുദ്ധത, സംഘടനയിലൂടെ ശക്തി, വ്യക്തിത്വത്തെ തിരിച്ചറിയൽ, അനീതികളെ ചോദ്യം ചെയ്യൽ തുടങ്ങിയ കൃത്യങ്ങളിലൂടെ അവർ ഗണനീയ ശക്തിയായി പരിണമിക്കുന്നു.

'ഒരു ജാതി ഒരുമതം ഒരു ദൈവം മനുഷ്യന്' എന്ന ഗുരുമന്ത്രത്തിനു ലഭിച്ച പ്രചാരം ഈഴവരിൽ സ്വാതന്ത്ര്യതൃഷ്ണ ഉണർത്തുന്നു. ഈഴവക്കുട്ടികൾ കിഴക്കെക്കരയിലെ പള്ളിക്കൂടത്തിൽ നായർകുട്ടികൾക്കൊപ്പം ഇരുന്നു പഠിക്കാൻ തുടങ്ങി. കുഞ്ഞന്റെ മൂന്നുമക്കളും വിദ്യനേടുകയും അതിൽ ദിവാകരൻ സർക്കാർ സ്കൂളിൽ അധ്യാപകനുമാവുന്നുമുണ്ട്. കുഞ്ഞന്റെ

വീട്ടുവരാന്തയിലെ കൂട്ടായ്മയിൽ പത്രവായനയും കവിതചൊല്ലലും വാദപ്രതിവാദങ്ങളുമൊക്കെ അരങ്ങേറുന്നുണ്ട്. പത്രമാസികകൾ ശുദ്ധവിജ്ഞാനത്തിൽ നിന്ന് സാമുദായിക – രാഷ്ട്രീയ വിഷയങ്ങളിലേക്കു മാറി ജനങ്ങളുടെ നാവും മനസ്സുമായിത്തീരുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. അറിവ് നൽകുന്ന ആത്മവിശ്വാസവും സ്വാതന്ത്ര്യബോധവും കുഞ്ഞന്റെ മക്കളെ വ്യക്തിത്വമുള്ളവരാക്കുന്നുണ്ട്. മംഗലശ്ശേരി തമ്പ്രാനോടും തമ്പ്രാട്ടിമാരോടും വിധേയത്വത്തോടെ പെരുമാറാൻ തയ്യാറാവാത്ത അവരുടെ മന:സ്ഥിതി ധിക്കാരമെന്നാണ് വിലയിരുത്തപ്പെട്ടത്. ഇത്തരം ധിക്കാരങ്ങളും ചോദ്യം ചെയ്യലുകളും നവോത്ഥാനകാലത്തെ സ്വാതന്ത്ര്യപ്രകടീകരണങ്ങളാണെന്നു കാണാം. സംഘബോധത്തിന്റെ അപകടം അറിയുന്ന ഫ്യൂഡൽ മനോഭാവമാണ് മനുഷ്യരുടെ കൂട്ടായ്മകളെ നിരോധിക്കുന്നത്. എന്നാൽ ഗുരുവിന്റെ ദൂരക്കാഴ്ച്ച ഈഴവരെ ഭജനമഠത്തിലൂടെയും എസ്.എൻ.ഡി.പി.യിലൂടെയും ഒന്നിപ്പിക്കുന്നു. പതിവായ ഒത്തുകൂടലുകൾ പകർന്ന സംഘശക്തിയാണ് ലഹളയിൽപ്പെട്ടവരെ സഹായിക്കാനുള്ള പണപ്പിരിവിലെ വലിയ കൂട്ടായ്മയായി രൂപപ്പെടുന്നത്. ഈഴവരടക്കമുള്ള അവഗണിത വിഭാഗങ്ങളെ ആദ്യം അറിവിലൂടെയും തുടർന്ന് സംഘടനയിലൂടെയും മോചിപ്പിക്കാനുള്ള ശ്രമങ്ങളാണ് ശ്രീനാരായണ ഗുരു നടത്തുന്നത്. അടിമവർഗ്ഗങ്ങൾക്ക് സാമ്പത്തികമോ രാഷ്ട്രീയമോ ആയ സ്വാതന്ത്ര്യങ്ങൾക്കൊപ്പം ജാതീയതയിൽ നിന്നുള്ള മോചനവും സർവ്വപ്രധാനമാണെന്ന് ഗുരു തിരിച്ചറിഞ്ഞിരുന്നു. എസ്.ഡി.പി., എൻ.എസ്.എസ്. എന്നിങ്ങനെയുള്ള കൂട്ടായ്മകളിലൂടെ ജാതീയത വിട്ട് സാമുദായികതയിലേക്ക് കേരളസമൂഹം ഒന്നടങ്കം പരിണമിക്കുന്നതിന്റെ ദൃഷ്ടാന്തമാണ് ദിവാകരന്റെ എസ്.എൻ.ഡി.പി. യോഗം പ്രവർത്തനങ്ങൾ.

## പുതിയ സാമ്പത്തികശക്തികളുടെ ഉയർച്ച

ജാതി-ജന്മി ഘടനയിലെ പരിവർത്തനങ്ങൾ പുതിയ സാമുദായികശക്തികളുടെ ഉയർച്ചക്കെന്ന പോലെ പുതിയ സാമ്പത്തിക ശക്തികളുടെ ഉദയത്തിനും കാരണമാവുന്നുണ്ട്. പഴയവ്യവസ്ഥിതിയുടെ തകർച്ചയുടെ ഗുണഫലങ്ങൾ പറ്റുന്നതിനൊപ്പം പുതിയ കാലത്തിന്റെ സാധ്യതകൾ ബുദ്ധിപൂർവ്വം ഉപയോഗിക്കപ്പെടുത്തുകയും ചെയ്ത വർഗ്ഗങ്ങൾ ഇക്കാലത്ത് സാമ്പത്തിക ശക്തിയായി വളരുന്നതു കാണാം. കൃഷിക്കാരനും കഠിനാധ്വാനിയുമായ കുഞ്ഞുവറീത്, വിദേശത്തുനിന്ന് എത്തി എന്ന് അവകാശപ്പെടുന്ന കുട്ടപ്പണിക്കർ, സർക്കാർ കോൺട്രാക്ടർ,മാധവൻ തുടങ്ങിയവർ അയൽക്കാരിലെ പുത്തൻ പണക്കാരാണ്. കഠിനാധ്വാനം, മിതവ്യയം, പ്രവാസജീവിതം, പുതിയ തൊഴിൽ രൂപങ്ങൾ, പുതിയ സാമ്പത്തിക മേഖലകൾ എന്നിവ ഈ കാലത്തിന്റെ സ്വഭാവങ്ങളും പശ്ചാത്തലങ്ങളുമായിത്തീരുന്നു.

## പുത്തൻ പണക്കാർ

പണം നൽകുന്ന പരിധിയില്ലാത്ത സാമ്പത്തികസ്വാതന്ത്ര്യം പഴയ സാമൂഹ്യഘടനയുടെ അടിത്തറയിളക്കുന്ന പ്രധാന സംഗതിയാണ്. മുതലാളിത്തം ഒരുക്കുന്ന ഈ സൗകര്യവും സ്വാതന്ത്ര്യവും ജാതി-ജന്മി വ്യവസ്ഥയുടെ സാമ്പത്തിക കേന്ദ്രീകരണത്തെ തകർക്കുന്നതിന്റെ ദൃഷ്ടാന്തം കൊളോണിയൽ കാലത്തു കാണാം. വമ്പിച്ച ധന ആസ്തിയുമായി പുറം ദേശത്തു നിന്ന് നാട്ടിൽ തിരിച്ചെത്തുന്ന ചില പുത്തൻപണക്കാരെ നോവലിൽ കാണാം. അടിമ/ഉടമ, ജോലി/കൂലി എന്നിങ്ങനെയുള്ള സാമൂഹിക സാമ്പത്തിക ബന്ധങ്ങളിൽ കർക്കശമായി പുലർന്നു പോരുന്നതാണ് ഫ്യൂഡൽഘടന. പുതിയ കാലത്ത് സ്വദേശത്തും വിദേശത്തും തുറന്നു കിട്ടിയ അധ്വാനമേഖലകളിലേക്കും ധനാധിഷ്ഠിത അധ്വാനഫലങ്ങളിലേക്കും സമൂഹം പരിണമിക്കുന്നുണ്ട്. ആ ധന കേന്ദ്രിത സാമൂഹിക-സാമ്പത്തിക പരിവർത്തനത്തിന്റെ പ്രതിനിധികളാണ് കുട്ടൻപിള്ളയടക്കമുള്ള പുത്തൻ പണക്കാർ. സായ്പിന്റെ വേഷത്തിൽ അഞ്ചെട്ടു ട്രങ്കുപെട്ടി നിറയെ നോട്ടുകളുമായാണ് അയാളുടെ വരവെന്ന് അതിവേഗം നാട്ടിൽ പാട്ടാവുന്നുണ്ട്. എന്താണു ജോലി എന്നും എവിടെയാണ് ജോലി എന്നും അയാൾ വെളിപ്പെടുത്തുന്നില്ലെങ്കിലും കണക്കില്ലാത്ത പണം അയാൾ പലർക്കുമായി ചെലവഴിക്കുന്നുണ്ട്. അയാളുടെ പുത്തൻ പണം കണ്ട് കണ്ണ് മഞ്ഞളിച്ച ചിലർക്ക് പണത്തിനൊപ്പം പകർച്ചവ്യാധിയായ സിഫിലിസും പകർന്നു കിട്ടുന്നുണ്ട്. പച്ചാഴി തറവാട് ഭാഗം കിട്ടിയ ഓഹരി ദേവകിയമ്മ വിൽക്കുന്നത് സിലോണിൽ നിന്നു വന്ന മറ്റൊരു പുത്തൻപണക്കാരൻ രാമുണ്ണിക്കാണ്. നാടുവിട്ടുപോയ മംഗലശ്ശേരിയിലെ ഗോപാലകൃഷ്ണൻ പണക്കാരനായി യൂറോപ്യൻ വേഷത്തിൽ തിരിച്ചെത്തുന്നത് സിംഗപ്പൂരിൽ നിന്നാണ്.

## പാരമ്പര്യം / പുതുമ - വീക്ഷണങ്ങളും സംഘർഷങ്ങളും

പാരമ്പര്യവും പുതുമയും തമ്മിലുള്ള സാമൂഹിക സംഘർഷം നോവലിലുടനീളം പ്രത്യക്ഷപ്പെടുന്നുണ്ട്. പാരമ്പര്യം യാഥാസ്ഥിതിക നിലപാടുകളുമായി ഉറച്ചു നിൽക്കുമ്പോൾ പുതിയവർഗ്ഗങ്ങൾ കാലത്തിന്റെ മാറ്റങ്ങളിൽ മടി കൂടാതെ അണിചേരുന്നു. അധ്വാനമഹിമയിൽ വിശ്വസിക്കുന്ന കുഞ്ഞുവറീത് വലിയ ഭൂവുടമയായിട്ടും കൃഷിയോടുള്ള അഭിനിവേശം അയാളിൽ അവസാനിച്ചു പോവുന്നില്ല. ഏക്കറുകണക്കിന് സ്വത്തു കൈവന്നിട്ടും അയാൾ തന്റെ മുതലാളിക്ക് വേണ്ടി വള്ളമൂന്നാൻ പോവുന്നുണ്ട്. എന്നാൽ ജന്മിത്വം ഉമ്മറത്തെ ചാരുകസേരയിലും വയൽവരമ്പത്തെ കുടത്തണലിലുമായി മെയ്യനങ്ങാതെ തന്നെ നിൽക്കുന്നു. പകർന്നുകിട്ടിയ സ്വത്ത് പാരമ്പര്യത്തിന് കൈമുതലായിരിക്കുമ്പോൾ മറുപക്ഷത്തിന് നഷ്ടപ്പെടാൻ ഒന്നും തന്നെയില്ല. 'ആനമെലിഞ്ഞാൽ തൊഴുത്തിൽ കെട്ടാമോ' എന്ന പഴഞ്ചൊല്ലിനുള്ളിൽ പിള്ളമാരുടെ പാരമ്പ

ര്യത്തിന്റെ ഗരിമ തലതാഴ്ത്താനാവാതെ കുരുങ്ങിക്കിടക്കുന്നു. ലാളിത്യത്തിലൂടെയും വിനയനാട്യങ്ങളിലൂടെയും കുഞ്ഞുവറീതുമാർ കാര്യം നേടിയെടുക്കുന്നു. തറവാടു തകരുമ്പോഴും അഹങ്കാരവും താൻപോരിമയും തന്നെയാണ് ദേവകിയമ്മമാരെ ഭരിക്കുന്നത്. തലമുറകൾ സമ്പാദിച്ച സ്വത്ത് ആഭിജാത്യ മത്സരത്തിനിടയിൽ ധൂർത്തടിച്ചു തീർക്കുമ്പോൾ മറുപക്ഷം പിശുക്കിയും പട്ടിണികിടന്നും മിതവ്യയം ശീലിച്ചും മുന്നേറുന്നു. കോടതി വ്യവഹാരത്തിൽ സ്വത്ത് മുഴുവൻ ഹോമിച്ച് തറവാട് തല കുമ്പിടുമ്പോൾ മറുവിഭാഗം തലയുർത്താതെ അധ്വാനിച്ച് വിയർപ്പൊഴുക്കി മണ്ണിനെ ഉർവ്വരമാക്കുന്നു. പാരമ്പര്യം മനസ്സാക്ഷിക്കുത്തില്ലാതെ സ്വത്ത് നഷ്ടപ്പെടുത്തുമ്പോൾ മറുപക്ഷം സമ്പത്തും പണവും ഉറുമ്പിനെപ്പോലെ ശേഖരിച്ചുവെക്കുന്നു. അലസത/അധ്വാനം പാരമ്പര്യം/ശൂന്യത, അഹങ്കാരം/ലാളിത്യം, വിനയനാട്യം, ധൂർത്ത്/മിതവ്യയം, സ്വത്ത് കൈവിടൽ/ഭൂമി ഉർവ്വരമാക്കൽ, ധനനഷ്ടം/ധനശേഖരണം ഇങ്ങനെ പഴയതും പുതിയതും സാമൂഹ്യവീക്ഷണങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ നവോത്ഥാനകാലത്തിന്റെ സംഘർഷങ്ങളാണ്. യാഥാസ്ഥിതികത്വം, മാറുന്ന കാലത്തെ തിരിച്ചറിയാനോ ഉൾക്കൊള്ളാനോ തയ്യാറാവാതെ സ്വയം നശിക്കുകയും പരിഹാസ്യമാവുകയും ചെയ്യുന്നതിന്റെ ചിത്രംകൂടിയാണ് അയൽക്കാരിലെ ഇതിവൃത്തം.

## പുതിയ രാഷ്ട്രീയ ശക്തികൾ

സാമൂഹ്യപരിഷ്ക്കരണ സമരങ്ങളും രാഷ്ട്രീയ സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളും ഭാരതത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഒരേ ദിശയിലേക്ക് മുന്നേറിയ രണ്ട് സമാന്തരധാരകളാണ്. സാമൂഹിക അവശതകളിൽ നിന്നുള്ള വിമോചനത്തിനൊപ്പം കൊളോണിയൽ സാമ്രാജ്യത്വ ചൂഷണങ്ങളിൽ നിന്നുള്ള രാഷ്ട്രീയ വിമോചനവും നവോത്ഥാനകാലത്തെ സ്വാതന്ത്ര്യസമരങ്ങളുടെ ലക്ഷ്യമായിരുന്നു. ഭാരതീയ സാമൂഹ്യഘടനയിൽ ജാതി-ജന്മി സമ്പ്രദായങ്ങൾ ഒരുക്കിയ സംഘർഷഭൂമിയിൽ ബ്രിട്ടീഷ് കോയ്മയ്ക്ക് അവരുടെ താൽപര്യങ്ങളും തന്ത്രങ്ങളും എളുപ്പം അടിച്ചേൽപ്പിക്കാൻ സാധിച്ചിരുന്നു. ഈ യാഥാർത്ഥ്യങ്ങളുടെ തിരിച്ചറിവിൽ നിന്നാണ് ഗാന്ധിയൻ ദേശീയപ്രസ്ഥാനവും കർഷകസംഘവുമൊക്കെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സജീവമാകുന്നത്.

## ദേശരാഷ്ട്രനിർമ്മിതിയും കോൺഗ്രസ്സും

പ്രാദേശികതയിൽ നിന്ന് ദേശീയതയിലേക്കും ജാതീയതയിൽ നിന്ന് രാഷ്ട്രീയത്തിലേക്കുമുള്ള മാറ്റം 19-20 നൂറ്റാണ്ടുകളിലെ സാമൂഹ്യപരിവർത്തനങ്ങളിൽ പ്രകടമാണ്. വിദേശാധിപത്യം, സ്വേച്ഛാധിപത്യം തുടങ്ങിയവയ്ക്കെതിരെ സംഘടിക്കാനും പോരാടാനും ആളുകൾ വലിയ

തോതിൽ പൊതുമണ്ഡലത്തിലേക്ക് ഇറങ്ങി വരുന്നുണ്ട്. ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ നടന്ന സാമൂഹികപ്രക്ഷോഭങ്ങൾ വലിയൊരു വിഭാഗത്തെ രാഷ്ട്രീയ സമരങ്ങളിലേക്ക് ആകർഷിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. രാഷ്ട്രീയത്തെ സാമുദായികതയിൽ നിന്ന് അടർത്തിമാറ്റാനാവില്ലെന്ന ബോധ്യത്തിന്റെ ഭാഗമായാണ് കോൺഗ്രസ്, കേരളത്തിലെ അയിത്തോച്ചാടന സമരം പോലുള്ള സാമുദായിക സമരങ്ങളിൽ ഗാന്ധിജിയടക്കമുള്ള നേതാക്കളെ പങ്കാളികളാക്കിയത്. ഈ രീതിയിലുള്ള ദേശരാഷ്ട്രബോധത്തിലൂന്നിയ ജനാഭിലാഷ രൂപീകരണത്തിന്റെ ചിത്രങ്ങൾ അയൽക്കാർ രാഷ്ട്രീയ ചരിത്രദൃഷ്ട്യാ അവതരിപ്പിക്കുന്നുണ്ട്.

മുക്കോണക്കരയിൽ ജാതിശ്രേണിയിലെ പല തട്ടുകളിൽ നിന്ന് ആളുകൾ പുതിയ രാഷ്ട്രീയ പ്രത്യയശാസ്ത്ര ശ്രേണിയിലേക്ക് ചേക്കേറാൻ തുടങ്ങുന്നു. ദിവാകരനും ഭാസ്ക്കരക്കുറുപ്പും സുകുമാരൻനായരും കോൺഗ്രസ് പ്രവർത്തകരായി. ക്രിസ്ത്യാനികളാണെന്ന ന്യായത്തിൽ തങ്ങൾക്ക് ബ്രിട്ടീഷുകാരിൽ നിന്ന് ഒരാനൂകൂല്യം കിട്ടാൻ പോകുന്നില്ലെന്നു മനസ്സിലായപ്പോൾ അതുവരെ ധനസമ്പാദനത്തിനും മതകാര്യത്തിലും മാത്രം മുഴുകിപ്പോന്ന അവരും സമരത്തിൽ പങ്കാളികളാവാൻ തുടങ്ങി. ചന്തയ്ക്കു സമീപം പ്രവർത്തനമാരംഭിച്ച കോൺഗ്രസ് ആഫീസിൽ ദേശീയ പതാക ഉയരുന്നു. ഗാന്ധിജിക്കുപുറമെ, ഖദർ, വന്ദേമാതരം, ഹിന്ദി തുടങ്ങിയവ ദേശീയതയുടെ ചിഹ്നങ്ങളായി. ദേശം, കര, നാട്, സ്വരൂപം എന്നിങ്ങനെ വിവിധ പേരുകളിലായി വിഭജിക്കപ്പെട്ടു കിടന്നിരുന്ന ദേശരൂപങ്ങളിൽ നിന്ന് ദേശീയരാഷ്ട്രമെന്ന പൊതു സങ്കൽപത്തിലേക്ക് രാഷ്ട്രബോധം രൂപാന്തരപ്പെട്ടു. പൗരോഹിത്യ നായകത്വത്തിൽ അധിഷ്ഠിതമായ ജാതി-ജന്മിത്ത വ്യവസ്ഥിതിയിൽ നിന്ന് ആദർശനായകത്വത്തിലേക്കും ബ്രാഹ്മണൻ എന്ന ആത്മീയ ദൈവത്തിൽ നിന്ന് ഗാന്ധിജി എന്ന രാഷ്ട്രീയ ദൈവത്തിലേക്കും സമൂഹാവബോധം വഴിമാറാൻ തുടങ്ങി. വീട്, തറവാട്, പ്രാദേശികത, സാമുദായികത തുടങ്ങിയ സങ്കുചിത പാരമ്പര്യ സങ്കൽപങ്ങൾക്കപ്പുറം രാജ്യവും രാഷ്ട്രസേവനവുമാണ് വലുത് എന്ന വിശാല ദേശീയവീക്ഷണങ്ങളിലേക്ക് മനോഭാവം വളരുന്നു. ഛിദ്രിച്ച തറവാട്ടിൽ നിന്ന് നാടുവിട്ടുപോയ രവീന്ദ്രൻ പിന്നീട് ഏകീകൃത ഇന്ത്യയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ത്യാഗിയായ രാഷ്ട്രീയക്കാരനായിമാറുന്നു. സ്വാതന്ത്ര്യസമരസേനാനിയും കോൺഗ്രസുകാരനുമായി മാറിയ രവീന്ദ്രനെ (പി.ആർ. ഇന്ദ്രയെ) സഹോദരി ജനിച്ചു വളർന്ന തറവാട്ടിലേക്കു ക്ഷണിക്കുമ്പോൾ ഭാരതമാണ് എന്റെ വീട് എന്നായിരുന്നു മറുപടി. ഈ രീതിയിൽ മനുഷ്യത്വം ആദർശവും ദേശരാഷ്ട്രം ലക്ഷ്യവുമായി മാറുന്ന ഹൃദയോന്നതി നവോത്ഥാനകാലത്തിന്റെ സാമൂഹ്യഭാവമായിത്തീരുന്നത് അയൽക്കാർ അവതരിപ്പിക്കുന്നു.

ജനങ്ങൾക്കിടയിൽ രൂപം കൊള്ളുന്ന സ്വരാജ്യസ്നേഹം, ഐകമത്യബോധം, സൗഹാർദ്ദ മനോഭാവം തുടങ്ങിയ സ്വഭാവഗുണങ്ങൾ ഒരുമിക്കുന്ന സവിശേഷമായ വൈകാരികാവസ്ഥയാണ് ദേശീയത അഥവാ ദേശീയബോധം. ഭാഷാ, മതം, വംശം, പൊതുസംസ്കൃതി എന്നിവയൊക്കെ ദേശീയബോധത്തിലേക്ക് നയിക്കാം. ആധുനികരീതിയിലുള്ള ദേശീയബോധം യൂറോപ്പിൽ വളർന്നു തുടങ്ങിയത് പതിനഞ്ചാംനൂറ്റാണ്ടോടുകൂടിയാണ്. മത കെട്ടുപാടുകളിൽ നിന്ന് വ്യക്തി സ്വതന്ത്ര്യത്തിലേക്കുള്ള വിമോചനം യൂറോപ്യൻ നവോത്ഥാനത്തിന്റെ ശക്തമായ ചിന്താധാര യായിരുന്നു. മതത്തിന്റെ ബന്ധനത്തിൽ നിന്നുള്ള മോചനത്തിനുള്ള എളുപ്പവഴി ദേശഭക്ത രായിമാറുകയാണെന്ന് അനുഭവം അവരെ പഠിപ്പിക്കുകയും ചെയ്തിരുന്നു.

ബ്രിട്ടീഷ് കോളനിവൽക്കരണത്തിനെതിരെ രാഷ്ട്രീയസ്വാതന്ത്ര്യം എന്ന പൊതുലക്ഷ്യം നേടുക എന്നതായിരുന്നു ഇന്ത്യൻ ദേശീയതയെ ഉണർത്താനും വളർത്താനും നിമിത്തമായ മുഖ്യ ഘടകം. രാജ്യത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിൽ പങ്കാളികളായി ക്കൊണ്ട് രാഷ്ട്രത്തിനുവേണ്ടി ത്യാഗം സഹിക്കുക എന്നത് വലിയ ബഹുമതിയായി പരിഗണി ക്കപ്പെട്ടത് അത്തരം കൂട്ടായ്മയിലേക്കും മനോഭാവത്തിലേക്കുമുള്ള ഊർജ്ജപ്രവാഹമായി ത്തീർന്നു. പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായ സാമൂഹ്യ-സാംസ്കാരിക നവോത്ഥാനമാണ് ഇന്ത്യയെ ദേശീയ ബോധത്തിലേക്കും ദേശരാഷ്ട്ര സങ്കൽപ്പത്തിലേക്കും നയിച്ചത്. ദേശീയൈ ക്യം, രാഷ്ട്രീയസ്വാതന്ത്ര്യം, അവസരസമത്വം, സാമൂഹ്യനീതി തുടങ്ങിയ പുരോഗമനാശയങ്ങ ളോട് ജനങ്ങൾ ആഭിമുഖ്യമുള്ളവരായിത്തീർന്നു. യുക്ത്യധിഷ്ഠിതവും ശാസ്ത്രീയവുമായ ചിന്ത രാജ്യത്ത് ഉണർന്നുവന്നു. സാമൂഹിക-ആദ്ധ്യാത്മിക നവോത്ഥാനപ്രസ്ഥാനങ്ങളുടെ പ്രവർത്ത നങ്ങൾ, വർത്തമാന പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും വളർച്ച, ബ്രിട്ടീഷ് ഭരണത്തിന്റെ ഗുണ-ദോഷ ഫലങ്ങൾ, സ്ത്രീമുന്നേറ്റ പ്രസ്ഥാനങ്ങൾ, ഇന്ത്യൻനാഷണൽ കോൺഗ്രസ്സിന്റെ ആവിർഭാവം തുടങ്ങിയവ ഇന്ത്യൻ ദേശീയബോധത്തിന്റെ വളർച്ചയ്ക്കു പ്രേരകമായ ഘടകങ്ങ ളാണ്. അത് ഐക്യമത്യബോധവും ഭാരതീയരാണെന്ന ചിന്തയും ജനമനസ്സുകളിൽ ഉണർത്താൻ പര്യാപ്തമായി.

## കർഷകസംഘവും വർഗ്ഗസമരങ്ങളും

1934 മുതലാണ് കേരളത്തിൽ കർഷകസംഘങ്ങൾ രൂപംകൊള്ളുന്നത്. കർഷകപ്രശ്നപ രിഹാരത്തിനായി നിലകൊണ്ടിരുന്ന കോൺഗ്രസ് സോഷ്യലിസ്റ്റുകാരാണ് ഇതിനു മുൻകൈ എടു ത്തിരുന്നത്. അങ്ങോളമിങ്ങോളം ശാഖകൾ രൂപീകരിക്കപ്പെട്ട കർഷകസംഘം പിന്നീട് ദേശീയ സ്വാതന്ത്ര്യസമരത്തിലെ പ്രധാനവിഭാഗമായി മാറുന്നുണ്ട്. മുക്കോണക്കരയിലെ കോൺഗ്രസ് ഓഫീ

സിന്റെ മുന്നിലാണ് കർഷകസംഘം ഓഫീസ്. അതിനുമുമ്പിൽ അരിവാൾ ചുറ്റിക അടയാള മുള്ള ചെങ്കൊടി നാട്ടിയിട്ടുണ്ട്. മൈതാനത്തിൽ കോൺഗ്രസ് സംഘടിപ്പിക്കുന്ന യോഗത്തിന് മറുപടിയായി പിറ്റേന്നു തന്നെ കർഷകസംഘത്തിന്റെ യോഗവുമുണ്ടാവും. അതിൽ കർഷത്തൊ ഴിലാളി വർഗ്ഗത്തിന്റെ രക്തരൂക്ഷിതവിപ്ലവത്തെക്കുറിച്ചും റഷ്യൻ വിപ്ലവവിജയത്തെക്കുറിച്ചും വർഗ്ഗാധിപത്യത്തെക്കെറിച്ചും ചർച്ചകളുണ്ടാവും. വർഗ്ഗസമരങ്ങളിലൂടെ അവകാശങ്ങളും സമ ത്വവും സ്വാതന്ത്ര്യവും നേടിയെടുക്കുക എന്ന മാർക്സിയൻ ദർശനത്തിന്റെ വക്താക്കളെയാണ് കർഷകസംഘത്തിൽ കാണാനാവുക.

## പൊതുമണ്ഡലങ്ങളുടെ രൂപീകരണം

എല്ലാവർക്കും ഒരുപോലെ വന്നു ചേരാനും ഇടപഴകാനും സാധിക്കുന്ന പൊതുഇടങ്ങളെ ഫ്യൂഡൽ വ്യവസ്ഥ അനുവദിക്കുന്നില്ല. പകരം ശുദ്ധിയുടെയും അശുദ്ധിയുടെയും വിഹാരകേ ന്ദ്രങ്ങളായാണ് സമൂഹത്തിന്റെ അകവും പുറവും വിഭജിക്കപ്പെട്ടിരുന്നത്. മനുഷ്യക്കൂട്ടായ്മയ്ക്കു മേൽ സ്വേച്ഛാധികാരങ്ങൾ അടിച്ചേൽപ്പിക്കാനും ബൗദ്ധിക ഉണർവ്വ് തടസ്സപ്പെടുത്താനും, സാമൂ ഹികജീവിതത്തെ വരുതിയിൽ നിർത്താനും അതുവഴി എളുപ്പം സാധിച്ചിരുന്നു. നവോത്ഥാന കാലത്തെ പ്രധാന സാമൂഹികമാറ്റങ്ങളിലൊന്നാണ് പൊതുമണ്ഡലങ്ങളുടെ രൂപീകരണം. വിദ്യാ ഭ്യാസം, വ്യവസായം, വാണിജ്യം, രാഷ്ട്രീയം, ഗതാഗതം, നിയമം തുടങ്ങിയ വ്യത്യസ്ത മേഖല കളിലെ പരിവർത്തനങ്ങൾ പൊതു ഇടങ്ങൾ രൂപപ്പെടുന്നതിനും വികസിക്കുന്നതിനും വഴിയൊ രുക്കി. റോഡ്, പാലം, ചിട്ടിയാഫീസ്, മൈതാനം, മൊത്തക്കച്ചവടകേന്ദ്രം, രാഷ്ട്രീയ പാർട്ടിഓ ഫീസ് എന്നിവ പൊതുമണ്ഡലങ്ങളുടെ പ്രതിനിധാനങ്ങളായി പ്രത്യക്ഷപ്പെടുന്നു.

സവർണ്ണ സഞ്ചാരത്തിന്റെ ഒച്ചാട്ടുകളും അയിത്താചാരങ്ങളുടെ മർദ്ദനങ്ങളും കൊണ്ട് സംഘർഷഭരിതമായിരുന്ന വഴികൾ പരിവർത്തിത കാലത്ത് മാനവികതയുടെ ഹൃദയവിശാലത യിലേക്ക് തുറന്നുവെക്കപ്പെടുന്നത് 'അയൽക്കാരിൽ' കാണാം. പൊളിഞ്ഞ പാലത്തിനുപകരം പുതിയ പാലവും റോഡും നിർമ്മിക്കാൻ മുക്കോണക്കരക്കാർ ജാതിയും മതവും മറന്ന് ഒന്നിച്ചുചേ രുന്നു. ജന്മിയിലോ കാരണവരിലോ മാത്രമായി ചുരുങ്ങിയിരുന്ന സമ്പത്തിന്റെ ഫ്യൂഡൽ കേന്ദ്രീ കരണം ബാങ്ക് പോലുള്ള സ്ഥാപനങ്ങളിലൂടെ വികേന്ദ്രീകരിക്കപ്പെടുന്നു. ഭക്ഷണത്തിനു പകരം ജോലിക്കു കൂലി വരുന്നതോടെ നാണയ സമ്പദ്വ്യവസ്ഥയിലേക്കും ചൂഷണത്തിൽ നിന്നുള്ള മോചനത്തിലേക്കും വഴിതുറന്നു. ജാതിമത-ധനികദരിദ്രഭേദമെന്യെ ഏവരും രാജശേഖരന്റെ ചിട്ടി യാഫീസിന്റെ ഉപഭോക്താക്കളായിത്തീരുന്നു. ആവശ്യക്കാർക്ക് അവിടെ സ്വർണ്ണപണയത്തിൽ

പണം പലിശയ്ക്ക് ലഭിക്കുന്നുണ്ട്. ജയിൽ ശിക്ഷ കഴിഞ്ഞെത്തുന്ന വാസുവിന് മാധവൻ കോൺട്രാക്ടറുടെ വസതിയിൽ വെച്ച് ടീപ്പാർട്ടി സംഘടിപ്പിക്കുന്നു. അതിൽ സുകുമാരൻ നായരും ഭാസ്കരക്കുറുപ്പുമൊക്കെ പങ്കെടുക്കുന്നുണ്ട്. ജാതി ചിന്തയാൽ അപരിഷ്കൃതരൂപം പൂണ്ട ഇതേ ടീപ്പാർട്ടി (രാജാവിന്റെ പിറന്നാൾ ദിന തേയിലസൽക്കാരം) തന്നെയാണ് മുമ്പ് നായരീഴവ ലഹളയിലേക്ക് നയിച്ചിരുന്നതെന്ന് കാണാം.

പതിനെട്ടാം നൂറ്റാണ്ടിൽ സ്വകാര്യവും പൊതുകാര്യവും അകവും പുറവുമെന്ന രീതിയിൽ ദൃശ്യമാവുന്നതിനെക്കുറിച്ച് ഹേബർമാസ് (Jurgen Habermas - Public Sphere) പറയുന്നുണ്ട്.[11] പൊതുതാൽപര്യത്തെ മുൻനിർത്തി വ്യക്തികൾ തമ്മിൽ ഇടപെടുകയും വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്യുന്ന മണ്ഡലത്തെയാണ് പൊതുമണ്ഡലം എന്നു  വിളിക്കുന്നത് പൊതുസാമൂഹ്യ ഉണർവിന്റെ കേന്ദ്രമാണവ. ആധുനിക ദേശരാഷ്ട്രഭാവന അച്ചടി മുതലാളിത്തത്തിന്റെ സൃഷ്ടിയാണ് എന്ന് ബനഡിക്ട് ആൻഡേഴ്സൺ അഭിപ്രായപ്പെടുന്നുണ്ട്.[12]പത്രം വായിച്ചുകൊണ്ടാണ് വ്യക്തികൾ ദേശരാഷ്ട്രത്തിൽ വാസം തുടങ്ങുന്നത്. ആ നിലയിൽ ഭാവന വ്യക്തിയുടെ ഭവനവും അധിവാസസ്ഥലവുമായി രൂപാന്തരപ്പെട്ടു. വ്യക്തികൾ പേറി നടക്കുന്ന ജാതി-മത-ലിംഗ -പ്രദേശപരമായ അസ്തിത്വങ്ങളുടെ മുകളിൽ ദേശരാഷ്ട്രസങ്കല്നവുമായി താരതമ്യപ്പെട്ട് പൗരനായി പരിണമിക്കുന്നു. വിദൂരങ്ങളിൽ ചിതറിക്കിടക്കുന്ന വ്യക്തികൾ ഈ ദേശരാഷ്ട്ര ബോധത്താൽ ആവേശിതരായി ഒറ്റ നൂലിലെന്നപോലെ കോർത്തെടുക്കപ്പെടുന്നു. പത്രങ്ങളിലൂടെ വ്യക്തിയുടെ സ്വകാര്യജീവിതത്തിലേക്ക് വന്നെത്തുകയും വിവിധ അസ്തിത്വങ്ങളോടെ സ്വഭവനങ്ങളിലിരിക്കുന്നവർ ഒരേ സമയം രാഷ്ട്രപൗരൻമാരായി ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്നു. കൊളോണിയൽ അധിനിവേശവും അച്ചടി-മാസികകളുടെ പ്രചാരവും സാമൂഹ്യപരിഷ്ക്കരണ ചിന്തകൾക്കൊപ്പം ദേശീയത ഉണർത്താൻ നിമിത്തമാകുന്നതിന്റെ ചിത്രം അയൽക്കാരിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. ഭജനമഠം, കുഞ്ഞന്റെ വീട്ടുവരാന്തയിലെ ചർച്ചകൾ, തയ്യൽക്കട, സാമുദായിക -രാഷ്ട്രീയ സംഘടനകളുടെ ഓഫീസുകൾ എന്നിവ ധൈഷണിക വളർച്ചയുടെ ഇടങ്ങളും പശ്ചാത്തലങ്ങളുമായി മാറുന്നു.

## പുതിയ ലോകബോധം

കൊളോണിയൽ ആധിപത്യ വ്യവസ്ഥയിൽ പഴയ നാടുവാഴിത്ത രാഷ്ട്രീയാധികാരങ്ങൾക്കു പകരം വൈദേശിക അധികാരരൂപങ്ങൾ കടന്നു വരുന്നു. പുതിയ ആശയഗതികൾ സാമൂഹിക വീക്ഷണത്തിലും രൂപഘടനയിലും മാറ്റങ്ങൾ വരുത്തുന്നു. നായർപ്രഭുത്വം പഴമയുടെ ശവക്കല്ലറകളായി മാറാൻ തുടങ്ങുന്നു. മുക്കോണക്കരയിലെ തകർന്ന നായർ തറവാടുക

ളിലെ വസ്തുവകകൾ അധികവവും ക്രിസ്ത്യാനികളുടെ കൈയിലും ചിലവ ഈഴവരുടെ കൈവശവുമായി. തലമുറകളിലൂടെ അടിമച്ചുമടേറ്റുവാങ്ങി നടക്കേണ്ടി വന്ന ഈഴവർ ഒരു സാമൂഹ്യവിപ്ലവത്തിനു സന്നദ്ധരാവുന്നു. സാമ്പത്തികമായി വലിയ നേട്ടങ്ങളൊന്നും ഉണ്ടാക്കാനായില്ലെങ്കിലും ചിന്താസാംസ്കാരിക മണ്ഡലങ്ങളിൽ അവർ പുതിയ ഊർജ്ജം പ്രകടമാക്കി. മുക്കോണക്കരയിൽ ടൗണിലേക്കു പോകുന്ന വഴിയുടെ ഇരുവശത്തും ക്രിസ്ത്യാനികളുടെയും ഈഴവരുടെയും പുതിയ വീടുകൾ ഉയരുന്നു. കൊച്ചുരാമൻ വൈദ്യരുടെ മകൻ മാധവൻ പണിത വലിയ മാളിക ആ നാട്ടിലെ ആദ്യ മാളികയായിരുന്നു. കള്ളുഷാപ്പ് കോൺട്രാക്ടർ ആയിരുന്ന അയാൾ ആ ജോലി ഉപേക്ഷിക്കുകയും സർക്കാർ കോൺട്രാക്ടുകൾ ഏറ്റെടുക്കുകയും ചെയ്യുന്നു. ഭാസ്കരക്കുറുപ്പും സുകുമാരൻ നായരും ചേർന്ന് പുതിയ സാമ്പത്തിക സ്ഥാപനമായ കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് സൊസൈറ്റി ആരംഭിക്കുന്നു. ടൗണിൽ പഴയ മലയാളം പള്ളിക്കൂടം നിന്ന സ്ഥലത്ത് ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ ഉണ്ടാവുന്നു. പലചരക്കുകടയും, ചിട്ടിയാഫീസും ആ പ്രദേശത്തിന്റെ സാമ്പത്തിക സിരാകേന്ദ്രമായി മാറി. മൂവർണ്ണക്കൊടിയുടെയും ചെങ്കൊടിയുടെയും പിന്നിൽ അണിനിരന്ന് ജനങ്ങൾ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ആവേശപൂർവ്വം പങ്കാളികളാവുന്നു. വാസുഭാഗവരൊത്തുള്ള നന്ദിനിയുടെ വിവാഹം പ്രണയവിവാഹത്തിന്റെയും മിശ്രവിവാഹത്തിന്റെയും സ്വാതന്ത്ര്യപ്രഖ്യാപനമായിത്തീരുന്നു.

പത്മനാഭപിള്ളയിൽ നിന്ന് ആരംഭിക്കുന്ന നോവൽ പി.ആർ. ഇന്ദ്രയിൽ അവസാനിക്കുമ്പോൾ അത് ഫ്യൂഡൽ പ്രഭുതയിൽ നിന്ന് ഭാരതീയതയിലേക്കുള്ള മാറ്റമായി പരിണമിക്കുന്നു. പിള്ളയിൽ നിന്നും പി.ആർ. ഇന്ദ്രയിലേക്കുള്ള മാറ്റം നാടുവാഴിത്തത്തിൽ നിന്ന് ദേശപൗരത്വത്തിലേക്കുള്ള മാറ്റമാണ്. തമ്മിൽത്തൊടാത്ത വർണ്ണവിഭാഗങ്ങളായി പരസ്പരം പോരടിച്ചവർ ഭാരതപൗരൻ എന്ന ഒറ്റ ജനുസ്സായി പരിണമിക്കുന്നു.

## നവോത്ഥാനത്തിന്റെ ബാക്കിപത്രം

കേരളത്തിലെ ജാതിവ്യവസ്ഥയിലെ ഗണനീയ ശക്തികളായ നായർ-ഈഴവ-ക്രിസ്ത്യൻ സാമുദായിക വിഭാഗങ്ങളുടെ ജീവിതവും പരിവർത്തനങ്ങളും സാമൂഹികമായ ഉൾക്കാഴ്ചയോടെ ‘അയൽക്കാരി’ൽ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. മരുമക്കത്തായത്തിന്റെയും കൂട്ടുകുടുംബവ്യവസ്ഥയുടെയും തകർച്ച, ഈഴവരുടെ സാമൂഹ്യോന്നതി, ക്രിസ്ത്യൻ സമുദായത്തിന്റെ സാമ്പത്തികാഭിവൃദ്ധി എന്നിവ കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ പരിവർത്തനങ്ങളുടെ കൂടി ചരിത്ര സാക്ഷ്യങ്ങളാണ്. പുതിയ സാമൂഹ്യരാഷ്ട്രീയാന്തരീക്ഷം ഭൂവുടമാബന്ധങ്ങൾ പൊളിച്ചെഴുതുന്നതിനും പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ പിറവിക്കും കാരണമാവുന്നു.

കൊളോണിയൽ പ്രത്യയശാസ്ത്രം നടപ്പിൽ വരുത്തുന്ന നിയമനിർമ്മാണങ്ങൾ, പുതിയ കാർഷിക ബന്ധങ്ങൾ, നികുതിഘടന, ഉദ്യോഗസ്ഥ സംവിധാനം തുടങ്ങിയവയ്ക്കു മുമ്പിൽ ആഭിജാത്യബോധങ്ങളിൽ അഭിരമിച്ചിരുന്ന പഴയ പ്രമാണി തറവാടുകൾക്ക് അടിതെറ്റുന്നുണ്ട്. മംഗലശ്ശേരി-പച്ചാഴി തറവാടുകളിൽ പുതിയ കാലം ഉണ്ടാക്കുന്ന ബാഹ്യവും ആഭ്യന്തരവുമായ സംഘർഷങ്ങൾ അവ അനിവാര്യമായ തകർച്ചയിലേക്കു നയിക്കുന്നു. പഴയ സാമൂഹ്യ ക്രമത്തിൽ ഭരണവർഗ്ഗമായിരുന്ന ജന്മിമാർ ആ നില വിട്ട് പാട്ടം വാങ്ങിക്കുന്നവരെന്ന നിലയിലേക്ക് പരിണമിക്കുന്നുണ്ട്. ഭൂസ്വത്തിനെ സംബന്ധിക്കുന്ന നിയമങ്ങളാണ് ഫ്യൂഡൽ ബന്ധങ്ങളെ തകിടം മറിക്കുന്നത്. തറവാടുകളിൽ ഭാഗങ്ങൾക്കും വ്യവഹാരങ്ങൾക്കുമുള്ള അന്തരീക്ഷം സംജാതമായപ്പോൾ പിന്തുടർച്ചാവകാശത്തിന്, മാതൃത്വത്തിന് പുറമെ പിതൃത്വവും പരിഗണനാ വിഷയമാവുകയും ക്രമേണ മക്കത്തായത്തിലേക്കുള്ള വഴിയൊരുങ്ങുകയും ചെയ്യുന്നത് നോവലിൽ ആവിഷ്കൃതമാവുന്നുണ്ട്.

ജനിച്ചു വീണ മതം സാംസ്കാരികമായി ഇകഴ്ത്തിക്കെട്ടിയപ്പോഴാണ് ചാത്തൻ എന്നപുലയൻ കുഞ്ഞുവറീത് എന്ന ക്രിസ്ത്യാനിയായി മാറാൻ തീരുമാനിക്കുന്നത്. കേരളീയ സാമൂഹ്യഘടനയിലെ മതപരിവർത്തന സംരംഭങ്ങളെ ഇത് ചരിത്രദൃഷ്ട്യാ ഓർമ്മിപ്പിക്കുന്നുണ്ട്. കുഞ്ഞുവറീതിന്റെ സാമുദായിക അസ്തിത്വം, അക്ഷീണ പ്രയത്നം, പടിപടിയായ വളർച്ച എന്നിവ ക്രിസ്ത്യൻ സമുദായത്തിന്റെ ചരിത്രപരവും സാമൂഹികപരവുമായ ഗതിവിഗതികളുടെ പശ്ചാത്തലങ്ങളെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു.

ശ്രീനാരായണഗുരു ഉയർത്തിയ മുദ്രാവാക്യങ്ങൾ ഈഴവരെ മാത്രമല്ല സകല ജാതി മത വിഭാഗങ്ങളെയും ഉണർത്താൻ പര്യാപ്തമായിരുന്നു. അറിവിലൂടെയും സംഘടനയിലൂടെയും ഉണർവ്വിനുള്ള വഴി തുറന്നുകൊടുത്ത ഗുരു അവരെ ജാതീയതയിൽ നിന്ന് സാമുദായികതയിലൂടെ വിമോചിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. എസ്.എൻ.ഡി.പി., എൻ.എസ്.എസ് തുടങ്ങിയ സാമുദായിക സംഘടനാ പ്രസ്ഥാനങ്ങൾ ഈ മാറ്റത്തെ ഉദാഹരിക്കുന്നതായി കാണാം.

ഫ്യൂഡൽ സാമൂഹ്യഘടന പുതിയ കമ്പോള വ്യവസ്ഥിതിക്കു വഴിമാറുന്നതിന്റെ സൂചനകൾ നോവലിലുണ്ട്. സ്വാശ്രയ ചിന്തയും പ്രവാസ ജീവിതങ്ങളും സാമ്പത്തിക സ്വാതന്ത്ര്യ മോഹങ്ങളുടെ പ്രകടീകരണങ്ങളാണ്. ധനകേന്ദ്രിത സാമ്പത്തിക വ്യവസ്ഥയുടെ പ്രതിനിധികളായി പുത്തൻപണക്കാരായ കുട്ടപ്പണിക്കരെയും സർക്കാർ കോൺട്രാക്ടർ മാധവനെയും പോലുള്ള കഥാപാത്രങ്ങൾ രംഗപ്രവേശനം ചെയ്യുന്നു. പാരമ്പര്യമായി കേസു നടത്തിയും ആഭിജാത്യ പ്രകടനങ്ങളിൽ അഭിരമിച്ചും മനസ്സാക്ഷിക്കുത്തില്ലാതെ സമ്പത്തു നശിപ്പിക്കുമ്പോൾ, അതില്ലാത്ത

മറുപക്ഷം പണവും വസ്തുക്കളും കരുതലോടെ ശേഖരിച്ചു വെക്കുന്നതും കാണാം. ഭൂമിയുടെ വികേന്ദ്രീകരണം സാമൂഹികഘടനയിലും മാറ്റങ്ങൾ സൃഷ്ടിക്കുന്നു.

മുമ്പ് ജാതിശ്രേണിയിൽ വ്യത്യസ്ത തട്ടുകളിൽ നിലനിന്നിരുന്ന വിഭാഗങ്ങൾ പുതിയ രാഷ്ട്രീയ ശ്രേണിയിൽ ചേക്കാറാൻ തുടങ്ങുന്നതിന്റെ ചിത്രങ്ങൾ അയൽക്കാരിലുണ്ട്. കോൺഗ്രസ്സിനെ പാർട്ടി എന്ന നിലയിലും ഖദർ, വന്ദേമാതരം പോലുള്ള പ്രതീകങ്ങളെ ദേശീയതാ പ്രതിനിധാനങ്ങൾ എന്ന നിലയിലും ജനങ്ങൾ സ്വീകരിക്കുന്നു. കർഷകസംഘം, വർഗ്ഗസമരം തുടങ്ങിയ പ്രസ്ഥാനങ്ങൾക്കും വീക്ഷണങ്ങൾക്കും അനുയായികൾ ഉണ്ടാവുന്നുണ്ട്. കര, നാട്, സ്വരൂപം എന്നിങ്ങനെ വിഭജിച്ചു കിടന്നിരുന്ന ദേശരൂപങ്ങളിൽ നിന്ന് ദേശരാഷ്ട്രമെന്ന പൊതു സങ്കൽപ്പത്തിലേക്ക് രാഷ്ട്രീയ വീക്ഷണം വഴിമാറുന്നു. ബ്രാഹ്മണൻ എന്ന അധീശ ശക്തിക്ക് പകരം ഗാന്ധിജി എന്ന രാഷ്ട്രീയ ശക്തി രൂപമെടുക്കുകയും ചെയ്യുന്നു.

ഇരുപതാം നൂറ്റാണ്ടിലെ നൂതന രാഷ്ട്രീയകാലാവസ്ഥ വിദ്യാഭ്യാസം, വ്യവസായം, വാണിജ്യം, ഗതാഗതം, നിയമം തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ പ്രകടമാക്കിയ ചലനങ്ങൾ നോവലിൽ സൂചിതമാകുന്നുണ്ട്. അവ റോഡ്, പാലം, മൈതാനം, മൊത്തക്കച്ചവടകേന്ദ്രം, ചിട്ടിയാഫീസ്, രാഷ്ട്രീയപാർട്ടി ഓഫീസ് തുടങ്ങിയ പൊതുമണ്ഡലങ്ങളുടെ പ്രതിനിധാനങ്ങളായി പ്രത്യക്ഷപ്പെടുന്നു. രൂപപരമോ ഭാവപരമോ ആയ പാളിച്ചകൾ ചൂണ്ടിക്കാട്ടാനാവുമെങ്കിലും നവോത്ഥാനകാലത്തെ ബഹുതല സ്പർശിയായ സാമൂഹ്യ പരിണാമങ്ങളുടെ ഏറെക്കുറെ സ്വാഭാവികവും ബോധപൂർവ്വകവുമായ ചിത്രീകരണം ദേവ് അയൽക്കാരിലൂടെ നിർവ്വഹിക്കുന്നതായി കാണാം.

## അടിക്കുറിപ്പുകൾ

1. എം.കെ. സാനു, താഴ്വരയിലെ സന്ധ്യ (എതിർപ്പിന്റെ നാളം) ഡി. സി. ബുക്സ്, കോട്ടയം, മെയ് 2009, പേജ് 183
2. എം.കെ. സാനു, താഴ്വരയിലെ സന്ധ്യ (എതിർപ്പിന്റെ നാളം) ഡി. സി. ബുക്സ്, കോട്ടയം, മെയ് 2009, പേജ് 184
3. കേശവദേവ്, അയൽക്കാർ (മുഖവുര) ഡി.സി.ബുക്സ്, കോട്ടയം, 2012, പേജ് 5
4. ഇ.എം.എസ്., കേരളം മലയാളികളുടെ മാതൃഭൂമി, ചിന്ത പബ്ളിഷേർസ്, തിരുവനന്തപുരം, 2009, പേജ് 202.
5. കേശദേവ്, അയൽക്കാർ, ഡി.സി. ബുക്സ് കോട്ടയം,2010, പേജ് 137
6. മിതവാദി, പുസ്തകം 5, 1917 ഡിസംബർ 12, പേജ് 6-8

7. ഡോ. ഇ.ജെ. തോമസ്, കേരളത്തിന്റെ സമൂഹഘടനയും രൂപാന്തരവും, ഡി.സി. ബുക്സ് കോട്ടയം, 1997, പേജ് – 128
8. ഇ. എം. എസ്., കേരളം മലയാളികളുടെ മാതൃഭൂമി, ചിന്ത പബ്ളിഷേർസ്, തിരുവന്തപുരം, 2009, പേജ് 202.
9. കേശവദേവ്, അയൽക്കാർ, ഡി.സി.ബുക്സ് കോട്ടയം, 2010, പേജ് 95
10. കേശവദേവ്, അയൽക്കാർ, ഡി.സി.ബുക്സ് കോട്ടയം, 2010, പേജ് 101
11. Jurgen Habermas, The Structural Transformation of the Public Sphere, Cambridge Polity Press, 1989
12. Benedict Anderson, Imagined the Community, London: Verso, 1983

Shanoj. M.P. “Social renaissance in malayalam novels” Thesis. Kerala sahithya academy, University of Calicut, 2014.

# അദ്ധ്യായം: അഞ്ച്

# രണ്ടിടങ്ങഴി - ഉത്ഥാനത്തിന്റെ വർഗപരത

1948 ലാണ് തകഴി ശിവശങ്കരപ്പിള്ള 'രണ്ടിടങ്ങഴി' എന്ന നോവൽ രചിക്കുന്നത്. അതുകൊണ്ടുതന്നെ 'രണ്ടിടങ്ങഴി'യുടെ അപഗ്രഥനം ആ കാലത്തെ സാമൂഹ്യരാഷ്ട്രീയ പശ്ചാത്തലങ്ങളെക്കുറിച്ചുള്ള അവബോധം ആവശ്യപ്പെടുന്നുണ്ട്. അവർണ്ണരുടെ സാമൂഹ്യഭൂമിക, കൊളോണിയൽ ആധിപത്യം, ഫ്യൂഡൽ മനോഭാവങ്ങൾ, മുതലാളിത്തത്തിലേക്കുള്ള വഴിമാറ്റം, ദേശീയ പ്രസ്ഥാനം, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം, പുരോഗമന സാഹിത്യത്തിന്റെ ആശയഗതികൾ, ജാതിപരവും വർഗപരവുമായ സമരങ്ങൾ തുടങ്ങി അനവധി വിഷയങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ നോവലിൽ നിബന്ധിക്കപ്പെട്ടിട്ടുണ്ട്. ജനങ്ങളിൽ വലിയൊരു വിഭാഗം ദീർഘകാലം എങ്ങനെ മുഖ്യധാരയ്ക്കു പുറത്തു നിലകൊണ്ടു എന്നും എപ്രകാരം അവർ മാറ്റത്തിന്റെ ഉണർവ്വിലേക്കു നയിക്കപ്പെട്ടു എന്നുമുള്ള അന്വേഷണമാണ് രണ്ടിടങ്ങഴിയെ മുൻനിർത്തി ഈ അദ്ധ്യായത്തിൽ നിർവ്വഹിക്കുന്നത്.

കേരളസമൂഹഘടനയിലെ മറ്റ് ജാതി വിഭാഗങ്ങളിൽ നിന്നു ഭിന്നമായി കർഷകത്തൊഴിലാളികളായ അടിമവർഗം വിശേഷിച്ചും പുലയവിഭാഗം ജാതിപരവും വർഗപരവുമായ ഇരട്ടിചൂഷണത്തിനു വിധേയമായിട്ടുണ്ട്. ജാതിപരമായ അവശതകൾ ഈഴവരടക്കമുള്ള മറ്റ് വിഭാഗങ്ങളും അനുഭവിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും പുലയരും പറയരുമടങ്ങുന്ന വിഭാഗങ്ങൾ നേരിട്ട ചൂഷണം കർക്കശവും മനുഷ്യത്വരഹിതവുമായ രീതിയിലുള്ളതായിരുന്നു. അവർണ്ണരെന്നു മുദ്രകുത്തപ്പെട്ട അധ:സ്ഥിത വിഭാഗങ്ങൾ ഭൂരിപക്ഷവും കർഷകത്തൊഴിലാളികളോ വെറും പാട്ടക്കുടിയാന്മാരോ ആയിരുന്നു. ജോലിയുള്ള കാലം മാത്രം പണിചെയ്ത് അന്നന്നത്തെ അന്നത്തിനുള്ള നെല്ല് കൂലിയായി വാങ്ങി ജീവിക്കാൻ വിധിക്കപ്പെട്ട അടിമകളായിരുന്നു അവർ. 'ദൈവകൃത'മായ ചാതുർവർണ്ണ്യശ്രേണിയിൽ ഉൾപ്പെടാത്ത തൊട്ടുകൂടാത്ത, കണ്ടുകൂടാത്ത ഈ പഞ്ചമവർണ്ണം ഭൂമിക്കും മൃഗങ്ങൾക്കും ഒപ്പം വാങ്ങാനും വിൽക്കാനും വിധിക്കപ്പെട്ടവരുമായിരുന്നു.

വർഗ്ഗപരമായി നോക്കിയാൽ കാണാനാവുക അടിമവർഗ്ഗമെന്ന നിലയിൽ ഈ സാമൂഹ്യവിഭാഗം നേരിട്ട സാമ്പത്തികചൂഷണമാണ്. സമൂഹക്രമത്തിന്റെ മേലധികാരികളായി കഴിഞ്ഞുകൂടിയവർ ഈ വിഭാഗങ്ങളെ അവരുടെ പരിചര്യാവിഭാഗമാക്കി ഉപയോഗിച്ചു പോന്നു. ഉടമസ്ഥരുടെ മണ്ണിൽ നേരിട്ട് കൃഷിചെയ്തിരുന്നത് അടിയാന്മാരായിരുന്നു. ഭൂമിക്കുമേൽ യാതൊരവകാശവുമില്ലാത്ത അവർ ഉടമയ്ക്കുവേണ്ടി നിർബന്ധിത ജോലി ചെയ്യാൻ വിധിക്കപ്പെട്ട അധ്വാന

വർഗമാണ്. തലമുറകളായി അടിയാന്മാർ ഭൂവുടമകളുടെയും കൈവശക്കുടിയാന്മാരുടെയും കീഴിൽ ജോലിചെയ്യുന്ന വിഭാഗമാണ്. നെൽപ്പാടങ്ങളിലെ ഉഴവ്, വിത, കൊയ്ത്ത് തുടങ്ങിയ ജോലിയും ഇവർ ചെയ്യുന്നു. ഒപ്പം ജന്മികൾക്കു വേണ്ടി വസ്തു സൂക്ഷിപ്പും കാവൽ കിടപ്പും ഇവരുടെ സേവന ബാധ്യതയിൽപ്പെടുന്നു. പുലയരും പറയരുമടങ്ങുന്ന അടിയാന്മാരെ ജന്മി തന്റെ കീഴിലുള്ള നിലങ്ങളിൽ വേല ചെയ്യിക്കുന്നതിനൊപ്പം അന്യകൃഷിക്കാർക്ക് കൂലിക്കുകൊടുക്കുകയും ചെയ്തിരുന്നു. അങ്ങേയറ്റം യജമാനഭക്തിയും വിശ്വസ്തതയും കാട്ടിയിരുന്ന അവർക്ക് ചാകാതെ കിടക്കാൻ മാത്രം ഭക്ഷണം നൽകിയാൽ മതിയെന്ന ലാഭവും ഉണ്ടായിരുന്നു. 19-20 നൂറ്റാണ്ടോടെയാണ് അടിമവർഗ്ഗമുൾപ്പെടെയുള്ള എല്ലാ സാമൂഹികവിഭാഗങ്ങൾക്കും സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക മോചനത്തിലേക്കുള്ള വഴി തുറന്നുകൊണ്ട് സാമുദായിക-രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ശക്തിയാർജ്ജിക്കുന്നത്. ദേശീയപ്രസ്ഥാനം സാമൂഹ്യ-രാഷ്ട്രീയ സ്വാതന്ത്ര്യങ്ങളിലേക്കു ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ, തൊഴിൽ വർഗമെന്ന നിലയിൽ ചൂഷകരായ ജന്മി/മുതലാളി വർഗങ്ങളിൽ നിന്നുള്ള മോചനത്തിന് പ്രത്യയശാസ്ത്രപരവും വിപ്ലവപരവുമായ മാർഗ്ഗങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടി ആവിഷ്കരിച്ചു. കർഷകത്തൊഴിലാളികളടക്കമുള്ള വലിയ വിഭാഗം അധ്വാനവർഗ്ഗം ആശയതലത്തിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തോട് ആഭിമുഖ്യം പുലർത്തിക്കൊണ്ട് വർഗപരമായ കൂട്ടായ്മയിലേക്ക് നീങ്ങുന്നതിന്റെ രാഷ്ട്രീയപശ്ചാത്തലമിതാണ്. 1940 കളിലെ ദലിത് അവസ്ഥകളുടെ സാമൂഹ്യ യാഥാർത്ഥ്യങ്ങളെ രാഷ്ട്രീയ ചരിത്രത്തിന്റെ കൂടി പശ്ചാത്തലത്തിൽ അവതരിപ്പിക്കാനുള്ള ശ്രമമാണ് തകഴി രണ്ടിടങ്ങഴിയിൽ നടത്തുന്നത്.

## തകഴി - കാലവും പുരോഗമനസാഹിത്യ സങ്കല്പവും

തകഴിയുടെ യൗവ്വനകാലം മലയാളസാഹിത്യത്തിന്റെയും കേരളരാഷ്ട്രീയത്തിന്റെയും ശക്തവും തീക്ഷ്ണവുമായ ഒരു കാലഘട്ടം കൂടിയാണ്. സ്വാതന്ത്ര്യസമരപോരാട്ടങ്ങളും സാമൂഹിക പരിഷ്ക്കരണ സംരംഭങ്ങളും കൊണ്ട് കേരളീയവും ഭാരതീയവുമായ രാഷ്ട്രീയാന്തരീക്ഷം ചലനാത്മകവും സംഘർഷഭരിതവുമായിരുന്നു. എല്ലാവിധ സ്വാതന്ത്ര്യങ്ങളുടെയും ലക്ഷ്യത്തിലേക്ക് സമൂഹമൊന്നടങ്കം പ്രവർത്തനനിരതമായപ്പോൾ സ്വാഭാവികമായും സാഹിത്യകാരന്റെ സാമൂഹിക ഉത്തരവാദിത്വവും നിർദ്ധാരണ വിഷയമായി. കേസരിക്കളരിയിൽ വളർന്നു വന്ന തകഴി അന്ന് മുണ്ടശ്ശേരി, എം.പി.പോൾ, പൊൻകുന്നം വർക്കി തുടങ്ങിയ അന്നത്തെ പ്രമുഖ എഴുത്തുകാർ ഉൾപ്പെട്ട സാഹിത്യകാരന്മാരുടെ കൂട്ടായ്മയിൽ പങ്കാളിയായിരുന്നു. പുരോഗമനസാഹിത്യം ഒരു പ്രസ്ഥാനമെന്ന നിലയിൽ രൂപമെടുക്കും മുമ്പുതന്നെ തകഴിയുൾപ്പെടെയുള്ള എഴുത്തു

കാർ, പിൽക്കാലത്ത് ആ പ്രസ്ഥാനം മുന്നോട്ടുവെച്ച ആശയഗതികളെ അഭിസംബോധന ചെയ്യുന്ന രചനകൾ നടത്തിയിരുന്നു.

പുരോഗതിയിൽ വിശ്വസിക്കുന്ന സാഹിത്യകാരന്മാർ വിശ്വസാഹിത്യപ്രസ്ഥാനങ്ങളുടെ മാതൃകയിൽ കേരളത്തിൽ ആരംഭിച്ച്, പരിപോഷിപ്പിച്ച സാഹിത്യപ്രസ്ഥാനമായിരുന്നു പുരോഗമനസാഹിത്യപ്രസ്ഥാനം. എം. പി. പോൾ ചൂണ്ടിക്കാട്ടിയതു പോലെ പുരോഗമന സാഹിത്യത്തിന്റെ ആധാരം മനുഷ്യന് ഒരു ഭാവിയുണ്ടെന്ന വിശ്വാസമായിരുന്നു.[1]

1944 ൽ ഷോർണ്ണൂർ സമ്മേളനത്തിൽ വെച്ച്, ഇന്നത്തെ കലാകാരന്മാരുടെ ദിവാസ്വപ്നമാണ് നാളത്തെ ലോകമായി രൂപാന്തരപ്പെടുന്നതെന്നും നാളത്തെ ലോകം സുന്ദരമായിത്തീരുവാനുള്ള പ്രചോദനം കലയിൽ നിന്നുണ്ടാകണം എന്ന് പറയുകയുണ്ടായി. ഒപ്പം ഭൂതകാലം സാഹിത്യകാരന്റെ പശ്ചാത്തലം മാത്രമാണ് ആദർശമല്ലെന്നും പിന്നോട്ടു നോക്കി കാലം കളയുന്ന സ്വഭാവം മാറ്റുക പുരോഗമനസാഹിത്യകാരന്റെ ലക്ഷ്യമാണെന്നും ഉദ്ബോധിപ്പിച്ചു. 1945ൽ കോട്ടയത്തു നടന്ന സമ്മേളനത്തിൽ ഉദ്ഘാടകനായ ഹരീന്ദ്രനാഥ ചട്ടോപാദ്ധ്യായ ചില പ്രത്യയശാസ്ത്ര ചിന്തകൾക്ക് തുടക്കം കുറിച്ചുകൊണ്ട്, ‘സാഹിത്യത്തിന് പൊളിറ്റിക്സുമായി ബന്ധമുണ്ടാകാതെ വയ്യെന്നും എനിക്ക് പൊളിറ്റിക്സുമായി ഒരു ഇടപാടുമില്ലെന്ന് നിങ്ങൾ വാദിച്ചാൽ പൊളിറ്റിക്സിന് നിങ്ങളുമായി എല്ലാ ഇടപാടുകളുമുണ്ടെന്ന് ഞാൻ പറയു’മെന്നും പ്രസംഗിക്കുകയുണ്ടായി. എം.പി. പോളും ജി. ശങ്കരക്കുറുപ്പും മുണ്ടശ്ശേരിയും കുറ്റിപ്പുഴയുമൊക്കെ ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. അന്ന് യുവജന വിഭാഗത്തിന്റെ അധ്യക്ഷനായിരുന്ന ചങ്ങമ്പുഴ പുരോഗമന സാഹിത്യത്തിൽ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ കടന്നുകൂടുന്നതിനെ ന്യായീകരിച്ചിരുന്നു. യാഥാസ്ഥികരെ പ്രകോപിപ്പിക്കും വിധത്തിൽ മനുഷ്യകഥാനുഗായികളായ പുതിയ എഴുത്തുകാരുടെ ഐക്യനിര, സാഹിത്യത്തിന്റെ മൗലിക ധർമ്മത്തെപ്പറ്റി വ്യക്തമായ കാഴ്ചപ്പാട്, കലയും സാംസ്കാരവും പുതിയ കാഴ്ചപ്പാടിൽ ചർച്ചചെയ്യൽ –എന്നിവ ആ സമ്മേളനത്തിന്റെ ബാക്കിപത്രമായിരുന്നു.

പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ വേദികളിൽ സജീവമായിരുന്ന തകഴി ആ പ്രസ്ഥാനത്തോട് ഉള്ള സമീപനത്തെക്കുറിച്ച് തന്റെ ആത്മകഥയിൽ സൂചിപ്പിക്കുന്നുണ്ട്. ഒരു മങ്ങലിൽപ്പെട്ട് കഴിയുമ്പോൾ യഥാർത്ഥത്തിൽ തനിക്ക് ഒരു ഉണർവ്വ് പകർന്നു തന്നത് മാർക്സിന്റെ ശാസ്ത്രം സമ്മാനിച്ച വെളിച്ചമായിരുന്നു എന്നും അന്നത്തെയും പിൽക്കാലത്തെയും മാനസികാവസ്ഥയിൽ ആ പ്രത്യയശാസ്ത്രം കൊണ്ടേ അടിക്കടി സങ്കീർണ്ണമായ ജീവിതത്തിന് ഒട്ടൊരു നിലവാരം വന്നുചേരുകയുള്ളൂ എന്നും അദ്ദേഹം പറയുന്നുണ്ട്.[2] എന്നാൽ ഈ വിശ്വാസം നിരു

പാധികമായിരുന്നില്ല. യോജിക്കാവുന്ന ഇടങ്ങളിൽ യോജിച്ചും വിയോജിപ്പുള്ള ഇടങ്ങളിൽ ശക്തമായിത്തന്നെ വിയോജിച്ചും പോന്ന ഒരു പ്രത്യയശാസ്ത്ര നിലപാടായിരുന്നു തകഴിയും മാർക്സിസവും തമ്മിൽ ഉണ്ടായിരുന്നത്. 'ഏകാന്തപഥികൻ' എന്ന സമാഹാരത്തിന് എഴുതിയ നീണ്ട മുഖവുരയിൽ തകഴി തന്റെ നിലപാടുകൾ വ്യക്തമാക്കുന്നുണ്ട്:

'ദേശീയമൽസരത്തിന് ഇടതുപക്ഷവും വലതുപക്ഷവുമുണ്ടായപ്പോൾ മാർക്സിസമടക്കമുള്ള തത്ത്വശാസ്ത്രത്തിന്റെ സ്വാധീനം കൊണ്ട് എന്റെ സാമൂഹികബോധത്തിനും വ്യക്തമായ ഒരു രൂപമുണ്ടായി. ഇതിന്റെയർത്ഥം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പരിപാടിയെ ഞാൻ അംഗീകരിച്ചു എന്നല്ല. 1942 മുതൽ ആ പരിപാടിയെ വ്യക്തമായും നിർഭയമായും എതിർത്തിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തെ ഒരിക്കലും ഒരു ജനകീയ യുദ്ധമായിക്കാണാനെനിക്കു കഴിഞ്ഞിട്ടില്ല. രണദിവേയുടെ ആസിഡുബൾബു വിപ്ലവത്തെ ഒരു മനുഷ്യനെന്ന നിലയിൽ അൽപം രാഷ്ട്രീയ ബോധമുള്ള ആളെന്ന നിലിയിൽ, എതിർത്തിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് അണികളിൽ നിന്ന് എനിക്ക് നേരിടേണ്ടി വന്ന എതിർപ്പ് ചില്ലറയല്ല. അന്നു ഞാനും എന്റെ കുറേ സുഹൃത്തുക്കളും മാർക്സിസത്തിന്റെ അന്തസ്സത്ത മുറുകെ പിടിച്ചിരുന്നു. അതു വേറൊന്നും കൊണ്ടല്ല. മാർക്സിസത്തിന് കുറേ കാര്യങ്ങൾ ഈ ലോകത്തിനു ചെയ്തുതീർക്കുവാനുണ്ടെന്നു തോന്നിയതു കൊണ്ടാണ്. മാർക്സിസത്തിന്റേതായി വ്യാഖ്യാനിക്കപ്പെടുന്ന എല്ലാ കാര്യങ്ങളും അംഗീകരിക്കാൻ ഇന്നും ഞാൻ തയ്യാറല്ല. സാമ്പത്തിക മണ്ഡലത്തിൽ ലോകമൊട്ടാകെ പരിവർത്തനം വരുത്തുവാൻ മാർക്സിസത്തിനു കഴിഞ്ഞിട്ടുണ്ട്. അമേരിക്കയിലും മാർക്സിസത്തിനു സ്വാധീനശക്തിയുണ്ടെന്ന് ഞാൻ പറയുമ്പോൾ മനുഷ്യവർഗത്തിന്റെ അധ:സ്ഥിതമായ വിഭാഗത്തിന്റെ വാദം ജയിച്ചുവെന്ന് അർത്ഥമാക്കിയാൽ മതി. ജീവിതത്തിനാകെ ഒരു പരിവർത്തനം വരുത്തുവാൻ ജീവിതത്തിന്റെ കണ്ണായ സന്ധികളിൽ വിരൽ ചൂണ്ടിക്കൊണ്ട് മാർക്സ് എന്ന ആ മനുഷ്യൻ വാദിച്ചതാണ് ബുദ്ധിജീവികളെ ആകർഷിച്ചത്. ചുരുക്കത്തിൽ മാർക്സിസത്തിന് എന്റെ സാമൂഹ്യബോധത്തിന് വ്യക്തമായ രൂപം നൽകുവാൻ കഴിഞ്ഞു. പറയാനുള്ളതെന്തെല്ലാമാണ്, അവ വ്യക്തമായപ്പോൾ ഞാനെഴുതിയതിന് രൂപം ഉണ്ടായി. അതുകൊള്ളാമെന്ന് ആളുകൾ പറയാനും തുടങ്ങി'.[3]

ഇങ്ങനെ പ്രത്യയശാസ്ത്രത്തിന്റെ അന്തസ്സത്തയെ ഉൾക്കൊണ്ട് തകഴി അതിന്റെ ചട്ടക്കൂടുകളെയോ കർക്കശ്യങ്ങളെയോ അംഗീകരിക്കാതെ എഴുത്തുകാരന്റെ സ്വതന്ത്രനിലപാടുകളിൽ ഉറച്ചുനിലകൊണ്ടാണ് 'രണ്ടിടങ്ങഴി' രചിക്കുന്നത്. എന്നാൽ, എതിർക്കണമെന്നു തോന്നിയതിനെ ധൈര്യമായി എതിർക്കാനും പറയേണ്ടതു പച്ചയായ ശൈലിയിൽ തറപ്പിച്ചു പറയാനുമുള്ള കരുത്തു

പേനയ്ക്കു നൽകിയത് പുരോഗമനസാഹിത്യ പ്രസ്ഥാനം തന്നെയാണെന്ന് തകഴി നന്ദിപൂർവ്വം സ്മരിക്കുകയും ചെയ്യുന്നുണ്ട്.

## തകഴി - വ്യക്തിയും സാഹിത്യവും

'കുട്ടനാടിന്റെ ഇതിഹാസകാരൻ' എന്നറിയപ്പെടുന്ന ശിവശങ്കരപ്പിള്ള 1912ൽ അമ്പലപ്പുഴ യ്ക്കടുത്ത തകഴിയിലാണ് ജനിച്ചത്. ആലപ്പുഴയുടെ സാമൂഹ്യ-രാഷ്ട്രീയാന്തരീക്ഷങ്ങൾക്കൊപ്പം കുട്ടനാടിന്റെ ഭൂമിശാസ്ത്രഘടനയും തകഴിയിലെ സാഹിത്യകാരനെ രൂപപ്പെടുത്തുന്നതിൽ നിർണ്ണാ യക പങ്കുവഹിച്ചിട്ടുണ്ട്. തനി വെള്ളക്കെട്ടായ, അതിവിസ്തൃതമായ പാടശേഖരങ്ങളാണ് കുട്ടനാ ടൻ ഭൂപ്രകൃതിയുടെ സവിശേഷത. പാടങ്ങളുടെ പുറവേലിയിൽ അവിടവിടെയുള്ള തുരുത്തുക ളിലാണ് ഏറിയകൂറും ദരിദ്രരായ മനുഷ്യർ പുരവെച്ചു താമസിക്കുന്നത്. അയൽപക്കത്തേക്കു പോലും കൊച്ചുകുട്ടികൾ മുതൽ അമ്മൂമ്മമാർ വരെ കൊച്ചുവള്ളത്തിൽ തുഴഞ്ഞാണ് ചെന്നെ ത്തുക. വർഷകാലത്ത് ഇടമുറിയാതെ മഴപെയ്തു വെള്ളം പൊങ്ങുമ്പോൾ കുട്ടനാട് ഉറങ്ങു കയും വൃശ്ചികം -ധനു മാസമാകുമ്പോൾ നാടാകെ ഉണരുകയും ചെയ്യും. പതിനായിരവും പതി നഞ്ചായിരവും പറ വിത്തുപാട് പരന്നു കിടക്കുന്ന പാട ശേഖരത്തിൽ പുറവേലി കുത്തും വെള്ളം വറ്റിക്കലുമാണ് രാപ്പകൽ പണി. തവണവെച്ചുള്ള പണിക്കിടയിൽ അധ്വാനം മറക്കാനുള്ള വഴി യായ ചക്രപ്പാട്ട് രാവു പകലും കുട്ടനാടിൽ മുഴങ്ങിക്കേൾക്കും. നെല്ലായിരുന്നു അന്ന് കൂലി.

വിദ്യാഭ്യാസം, വിശ്വാസങ്ങൾ, ജീവിതവീക്ഷണം തുടങ്ങി സംസ്കാരത്തിന്റെ വിവിധതല ങ്ങളിൽ പരിഷ്ക്കാരത്തിന്റെ പുതുവഴികൾ തുറന്നിട്ടുകൊണ്ടാണ് പുതിയ നൂറ്റാണ്ടിന്റെ ആദ്യദശ കങ്ങൾ കുട്ടനാട്ടിലും പ്രത്യക്ഷമാവുന്നത്. പഴയ മട്ട് വിട്ട് പുതിയ ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപി തമാവാൻ തുടങ്ങുന്നു. വേഷത്തിൽ പെൺകുട്ടികളുടെ ഇടയിൽ റൗക്കയും ആൺകുട്ടികളുടെ ഇടയിൽ ഷർട്ടും പരിഷ്കാരമെന്നോണം പ്രചരിച്ചു തുടങ്ങിയിരിക്കുന്നു. ഷർട്ടിടാൻ തുടങ്ങിയ വർ ചക്രം ചവിട്ടാൻ മടിച്ചു തുടങ്ങി. വേഷത്തിലെ ഈ മാറ്റം വെറും പുറംമോടിയിലെ മാറ്റം മാത്രമായിരുന്നില്ല. നായന്മാർ ആളോഹരി വാങ്ങി അപ്പോൾത്തന്നെ ഓഹരി കച്ചവടം ചെയ്ത് ഷർട്ടിടാനും ഭാര്യയ്ക്കു റൗക്കവാങ്ങാനുമൊക്കെ ആ പണം വിനിയോഗിക്കുന്നു. അമ്മാവന്മാർ ആരുമല്ലാതാവുകയും അച്ഛൻമാർക്ക് പ്രാധാന്യം വരികയും ചെയ്തുതുടങ്ങി. ഒരു ദായക്രമത്തിന്റെ പ്രത്യേകമായ സാമ്പത്തിക സംവിധാനത്തിന്റെ പൂർണ്ണമായ തകർച്ചയുടെ ദൃക്സാക്ഷ്യം വഹി ക്കാൻ തകഴിക്കു കഴിഞ്ഞു എന്നതാണ് ഇതിലെ ചരിത്ര നിയോഗം. ഭൂവുടമാബന്ധങ്ങളിൽ പുതിയ പ്രതിനിധാനങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയെങ്കിലും അടിയാളരുടെ ജീവിതത്തിന് കാര്യമായ മാറ്റങ്ങൾ ഒന്നും സംഭവിച്ചതുമില്ല.

കഥകളി, തുള്ളൽ തുടങ്ങിയ കലകളിൽ പ്രാവീണ്യമുണ്ടായിരുന്ന തകഴിയുടെ അച്ഛൻ നല്ല ഒരു കൃഷിക്കാരനും കൂടിയായിരുന്നു. അച്ഛന്റെ വയലിൽ പണ്ടുപണ്ടേയുള്ള ആശ്രിതരായി സ്ഥിരം പണിക്കാരായ പുലയർ ഉണ്ടായിരുന്നു. ഒരു ചെറുകിട ജന്മിയായ തകഴിയുടെ പിതാവും ആശ്രിതരായ പുലയരും തമ്മിൽ അടിയാളർ എന്നതിൽ കവിഞ്ഞ ബന്ധമാണുണ്ടായിരുന്നത്.

ഹൈസ്കൂൾ വിദ്യാഭ്യാസശേഷം രണ്ടുവർഷത്തോളം അലസജീവിതം നയിച്ച തകഴി തിരുവനന്തപുരത്ത് ലോ കോളേജിൽ പ്ലീഡർഷിപ്പിനു പഠിക്കാൻ തീരുമാനിച്ചു. അവിടെ വെച്ചാണ് അന്നത്തെ എഴുത്തുകാരുടെയും കലാകാരന്മാരുടെയും മാർഗ്ഗദർശിയും ഉപദേശിയുമായ കേസരി ബാലകൃഷ്ണപിള്ളയുമായി ബന്ധപ്പെടുന്നത്. വൈകാതെ ഉല്പതിഷ്ണുവും ക്രാന്തദർശിയുമായ കേസരിയുടെ വത്സലശിഷ്യനായിത്തീർന്ന തകഴി അദ്ദേഹത്തിന്റെ സഹായത്തോടെ ആധുനിക യൂറോപ്യൻ എഴുത്തുകാരുടെ വിശാലലോകത്തേക്ക് കൈപിടിച്ചുയർത്തപ്പെട്ടു. മോപ്പസാങ്, ടോൾസ്റ്റോയി, ബൽസാക്ക്, സോളോ, ഗോർക്കി, ചെക്കോവ് തുടങ്ങി അനവധിയായ സാഹിത്യ കാരുടെ ചിന്തകളുമായും എഴുത്തുമായും പരിചയത്തിലായത് തകഴിയിലെ സാഹിത്യകാരനെ അടിമുടി സ്വാധീനിച്ചു. ഒപ്പം ഫ്രോയ്ഡ്, റസ്സൽ തുടങ്ങിയവരുടെ ചിന്തകളും തകഴിയുടെ വീക്ഷണ ങ്ങളെ രൂപപ്പെടുത്തി.

സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികൾ ഇന്ത്യയിലെമ്പാടും മുഴങ്ങിക്കേട്ട ഒരു കാലഘ ട്ടമായിരുന്നു അത്. ഗാന്ധിജിയുടെയും നെഹ്റുവിന്റെയും നേതൃത്വത്തിൽ പൂർണ്ണസ്വരാജിനു വേണ്ടിയുള്ള അവകാശവാദം ഉന്നയിക്കപ്പെട്ടിരുന്നു. കർഷകരും തൊഴിലാളികളുമടങ്ങുന്ന സാധാ രണ ജനവിഭാഗങ്ങളടക്കം സ്വാതന്ത്ര്യപോരാട്ടം ആവേശമായി നെഞ്ചേറ്റിത്തുടങ്ങിയിരുന്നു. ഈ സന്ദർഭത്തിലാണ് സഹിത്യമണ്ഡലത്തിൽ പുതിയ ചലനം സൃഷ്ടിച്ചു കൊണ്ട് എഴുത്തുകാരുടെ കൂട്ടായ്മയായ പുരോഗമനസാഹിത്യ പ്രസ്ഥാനം രൂപം കൊള്ളുന്നത്. മലയാളത്തിലെ പ്രമുഖ എഴുത്തുകാർക്കൊപ്പം തകഴിയും ആ സാഹിത്യപ്രസ്ഥാനത്തിന്റെ അരങ്ങിലും അണിയറയിലും പങ്കാളിയായിരുന്നു.

വക്കീൽജീവിതം കൊണ്ട് പണം സമ്പാദിക്കാനൊത്തില്ലെങ്കിലും തന്നെ കാണാനെത്തുന്ന സമൂഹത്തിലെ നാനാതുറകളിലെ ജനസഞ്ചയം പകർന്ന അനുഭവങ്ങൾ തകഴിക്ക് എഴുത്തുജീ വിതത്തിലെ വിലമതിക്കാനാവാത്ത സമ്പാദ്യമായിത്തീർന്നു.ദരിദ്രരായ കർഷകരും മുക്കുവരും കയർതൊഴിലാളികളുമൊക്കെയായി തകഴിയുടെ മനസ്സ് സംവദിച്ചത് സാഹിത്യഫലങ്ങളായി പുറത്തു വരുന്നതിന് സഹായകമായി.

എണ്ണൂറോളം ചെറുകഥകളും നാൽപതിൽപരം നോവലുകളും തകഴി എഴുതിയിട്ടുണ്ട്.

ആഴംകൊണ്ടും പരപ്പുകൊണ്ടും ഈ കൃതികൾ മലയാളസാഹിത്യത്തെ സമ്പന്നമാക്കി. രാജ്യാന്തര പ്രശസ്തിനേടിയ മലയാളസാഹിത്യകാരന്മാരിൽ പ്രഥമഗണനീയനായ അദ്ദേഹത്തിന്റെ കൃതികൾ വിവിധഭാരതീയ ഭാഷകളിലേക്കും വിദേശഭാഷകളിലേക്കും തർജ്ജമ ചെയ്തിട്ടുണ്ട്. 'വെള്ളപ്പൊക്കത്തിൽ' പോലുള്ള ചെറുകഥകളിലൂടെയാണ് തകഴി ആദ്യഘട്ടത്തിൽ സഹൃദയശ്രദ്ധ പിടിച്ചുപറ്റിയത്. കേസരിക്കളരിയിലൂടെ പയറ്റിത്തെളിഞ്ഞു തുടങ്ങിയ അദ്ദേഹത്തിന്റെ ആദ്യകാല രചനകൾ പരക്കെ സ്വീകരിക്കപ്പെട്ടതിനോടൊപ്പം വിമർശനങ്ങളും ഏറ്റുവാങ്ങിയിരുന്നു. ത്യാഗത്തിന് പ്രതിഫലം (1934) പതിതപങ്കജം (1935) തുടങ്ങിയവ ഫ്രഞ്ച് അനുകരണമെന്നും അശ്ലീലസാഹിത്യമെന്നും വിമർശിക്കപ്പെട്ടിരുന്നെങ്കിലും അവ മലയാള ഗദ്യസാഹിത്യത്തിലെ പുതുവഴിക്ക് തുടക്കം കുറിച്ചു. മുപ്പതുകളുടെ അന്ത്യത്തോടെ പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ കൂടി സ്വാധീനഫലമായി സാധാരണ മനുഷ്യരുടെ ജീവിതാവസ്ഥകൾ തകഴിയുൾപ്പെടെ ദേവ്, വർക്കി,കാരൂർ, ബഷീർ തുടങ്ങിയവരുടെ എഴുത്തിനു വിഷയമായി. ആഢ്യസാഹിത്യ വർണ്ണനകളിൽ നിന്ന് തെരുവിലേക്കും ഓടയിലേക്കും തോട്ടിജീവിതങ്ങളിലേക്കും അധികാരദുഷ്പ്രവണതകളിലേക്കും എഴുത്തുകാരന്റെ നോട്ടം മാറിയത് എഴുത്തിന്റെയും വായനയുടെയും പുതിയ പാരായണങ്ങൾ സാധ്യമാക്കി. 1947ൽ രചിച്ച 'തോട്ടിയുടെ മകൻ' ആലപ്പുഴയിലെ അസംഘടിതരായ തോട്ടിത്തൊഴിലാളികളുടെ വൃത്തിഹീനമായ ജിവിതാവസ്ഥയും അവരുടെ ഉത്കർഷേച്ഛയും ജീവിത ദൈന്യങ്ങളും മൂന്നുതലമുറകളുടെ സംഭവഗതികളിലൂടെ ആവിഷ്കരിക്കുന്നു. തൊട്ടടുത്ത വർഷമാണ് (1948) കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ ജീവിതത്തെ ആവിഷ്കരിക്കുന്ന 'രണ്ടിടങ്ങഴി'യുടെ രചന.

മലബാർ ലഹള, പുന്നപ്ര-വയലാർ സമരം, കർഷകത്തൊഴിലാളി – ട്രേഡ് യൂനിയൻ വിഷയങ്ങൾ, ജന്മിത്വം, ഭരണകൂട ഏകാധിപത്യം തുടങ്ങി കേരളത്തിലങ്ങോളമിങ്ങോളം സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് നടന്ന സമരപരിപാടികളടക്കം പല വിഷയങ്ങളും ഈ കാലത്ത് തകഴിയടക്കമുള്ള മറ്റുള്ളവരുടെയും സാഹിത്യത്തിനു വിഷയമായിത്തീർന്നിട്ടുണ്ട്. തോറ്റില്ല (നാടകം–1946), തോട്ടിയുടെ മകൻ (1947), രണ്ടിടങ്ങഴി (1948), തലയോട് (1948), തെണ്ടിവർഗം(1950) തുടങ്ങിയ കൃതികൾ ആദ്യകാല രചനകളെക്കാൾ രാഷ്ട്രീയബോധം മുന്നിട്ടുനിൽക്കുന്നവയാണ്. പുരോഗമന സാഹിത്യവേദിയിലെ സംഘർഷങ്ങളും അന്നന്നത്തെ നയപരിപാടികളനുസരിച്ച് സാഹിത്യസൃഷ്ടികളെ വിലയിരുത്തുന്നതിനോടുള്ള വിയോജിപ്പും നിമിത്തം മടുപ്പിലേക്ക് പ്രവേശിച്ച മാനസിക പശ്ചാത്തലത്തിൽ നിന്നുള്ള മോചനമെന്നോണമാണ് 1956ൽ 'ചെമ്മീൻ' പുറത്തുവരുന്നത്. തകഴിയുടെ തന്നെ വാക്കുകളിൽ, പുതിയ രൂപത്തിനും ഭാവത്തിനും വേണ്ടിയുള്ള

പരിശ്രമങ്ങൾ പിന്നീട് ഔസേപ്പിന്റെ മക്കൾ (1955), ഏണിപ്പടികൾ (1964) ചുക്ക് (1967) പുന്നപ്ര -വയലാറിനുശേഷം (1975) തുടങ്ങിയ രചനകളിലൂടെ ഒടുവിലത്തെ രചനയായ കയർ (1978) വരെ തുടർന്നു. ഇരുന്നൂറ്റമ്പതുവർഷത്തെ കേരളത്തിന്റെ സാമൂഹിക വികാസത്തിന്റെ ചരിത്രം അവതരിപ്പിക്കുന്ന തലമുറകളുടെ ചരിത്രം പറയുന്ന രചനയാണ് കയർ.

## തകഴി : കൃതികളും സാമൂഹിക പശ്ചാത്തലവും

കേരളസമൂഹത്തിലെ വിവിധ ജാതിഅടുക്കുകൾ നവോത്ഥാന മൂല്യങ്ങൾ പിൻപറ്റി ഉണർവ്വിന്റെ തലത്തിലേക്ക് ഉയരുന്നത് ഒരേ തരത്തിലും ഒരേ കാലത്തുമായിരുന്നില്ല. നായർ, നമ്പൂതിരി, ഈഴവർ, ക്രൈസ്തവർ തുടങ്ങിയവരിൽ എങ്ങനെയാണ് പാരമ്പര്യവും പരിഷ്കാരവും തമ്മിലുള്ള സംഘർഷം നടക്കുന്നത് എന്നും എപ്രകാരമാണ് അവർ സാമൂഹ്യവൽക്കരണത്തിലേക്കും രാഷ്ട്രീയവൽക്കരണങ്ങളിലേക്കും നയിക്കപ്പെട്ടത് എന്നും വ്യത്യസ്ത നോവലുകളുടെ പശ്ചാത്തലത്തിൽ മുമ്പ് അപഗ്രഥിച്ചിട്ടുണ്ട്. പുതിയ ഉണർവ്വിലൂടെ ഈ വിഭാഗങ്ങൾ ഏറെ മുന്നോട്ടുപോയിട്ടും ദളിത് വിഭാഗങ്ങളുടെ വ്യവഹാര മേഖലകളിൽ ജാതി-ജന്മി വ്യവസ്ഥിതിയുടെ അടിവേരുകൾ അപ്പോഴും ശക്തമായിരുന്നു. ഒരു സംഘടിതമുന്നേറ്റത്തിലൂടെയല്ലാതെ ധൈഷണികമായ ഉണർവ്വിലൂടെ മുഖ്യധാരയിലേക്ക് ഉയർന്നു വരാനുള്ള സാഹചര്യം അന്ന് അവരുടെ മുന്നിൽ തെളിഞ്ഞിരുന്നില്ല. സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇതര സമുദായ വിഭാഗങ്ങളോരോന്നും തങ്ങൾക്ക് നിഷേധിക്കപ്പെട്ട പൊതുമണ്ഡലത്തെ അവകാശബോധത്തോടെ പിടിച്ചെടുക്കുന്നുണ്ട്. തൊണ്ണൂറ് അടിയും കാൽനാഴികയുമൊക്കെയായി മാറ്റി നിർത്തപ്പെട്ട, ചാളകളിലും തെങ്ങിൻ ചുവടുകളിലും അധിവസിക്കുന്ന അടിയാന്മാർക്ക് പൊതുമണ്ഡലത്തിൽ അത്തരമൊരിടം അപ്രാപ്യമായ ഒന്നായിരുന്നു.

ശാസ്ത്ര സാങ്കേതിക വിദ്യയടക്കമുള്ള നൂതനാവബോധങ്ങൾ തങ്ങളുടെ ചൂഷണ താല്പര്യങ്ങൾക്ക് വേണ്ടി മുതൽക്കൂട്ടിയും, നിലനിൽക്കുന്ന ജാതിവ്യവസ്ഥിതിയെ പരമാവധി താലോലിച്ചും, മുന്നോട്ടുപോവുക എന്ന തന്ത്രമാണ് ബ്രിട്ടീഷ് സാമ്രാജ്യത്വം സ്വീകരിച്ചത്. ജാതിജന്മി മർദ്ദനങ്ങളുടെ ഭാരത്തിനൊപ്പം മുതലാളിത്തത്തിന്റെ സമ്മർദ്ദങ്ങളും കർഷകത്തൊഴിലാളികളടക്കമുള്ള സാധാരണക്കാരെ നേരിട്ടു ബാധിക്കാൻ തുടങ്ങിയിരുന്നു. സാമ്രാജത്വചൂഷണമുറകളും സാമ്പത്തിക താല്പര്യങ്ങളും പലരൂപത്തിൽ പ്രത്യക്ഷപ്പെട്ടതോടെയാണ് അതിനെതിരെയുള്ള പ്രതികരണങ്ങൾ ദേശവ്യാപകമായി രൂപപ്പെടാൻ തുടങ്ങിയത്. കൊളോണിയൽ ആധിപത്യത്തിന്റെ ഗുണവശങ്ങൾ സാമുദായിക ഉണർവ്വിലേക്കും വിദ്യാഭ്യാസപുരോഗതിയിലേക്കുമുള്ള വഴി തുറ

ന്നപ്പോൾ അവരുടെ സ്ഥാപിത സാമ്രാജ്യത്വ താല്പര്യങ്ങൾ അസംഘടിതരായ നാട്ടുരാജ്യങ്ങളെയും ജനതയെയും ദേശീയ ബോധ്യങ്ങളിലേക്ക് ഉണർത്തി. അതാണ് ദേശീയ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിലേക്കും സ്വാതന്ത്ര്യസമരപോരാട്ടത്തിലേക്കും നയിക്കുന്ന സംഭവഗതികളായി പരിണമിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം ദേശീയസ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായ ഏറ്റവും സമരതീക്ഷ്ണമായ കാലമായിരുന്നു. അസ്വാരസ്യങ്ങൾ ഉണ്ടെങ്കിലും കർഷകരെയും തൊഴിലാളികളെയും മാത്രമല്ല ഇന്ത്യയിലെ സകല ജാതിവിഭാഗങ്ങളെയും പൊതുശത്രുവിനെതിരെ ഒരു ബഹുജനപ്രസ്ഥാനത്തിന്റെ പിന്നിൽ അണിനിരത്താൻ ഗാന്ധിജിക്ക് സാധിച്ചു.

മനുഷ്യ സമത്വബോധത്തിലൂന്നി ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ ആരംഭിച്ച സാമൂഹ്യപരിഷ്ക്കരണ സംരംഭങ്ങളും സ്വേച്ഛാധിപത്യത്തിനെതിരായി സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയടക്കമുള്ളവർ നേതൃത്വം കൊടുത്ത രാഷ്ട്രീയ സമരങ്ങളും ജനമനസ്സുകളെ സ്വാധീനിച്ചിരുന്നു. മലബാറിൽ മാപ്പിളലഹള പോലുള്ള ജന്മികുടിയാൻ സംഘർഷങ്ങളും കേരളത്തിൽ പലയിടങ്ങളിലായി അരങ്ങേറിയ വിവിധ സത്യാഗ്രഹ സമരങ്ങളും കേരളത്തിലെ പൊതുമനസ്സിനെ, പ്രത്യേകിച്ച് കർഷകരുടെയും കർഷകതൊഴിലാളികളുടെയും സാധാരണക്കാരുടെയും സമരവീര്യത്തെ ഉത്തേജിതമാക്കിയിരുന്നു.

ഇതിന്റെയൊക്കെ പശ്ചാത്തലത്തിലാണ് 1934ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കപ്പെടുന്നത്. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി ട്രേഡ് യൂനിയൻ പ്രസ്ഥാനത്തിലും കോൺഗ്രസ്സിന്റെ രാഷ്ട്രീയ സംഘടനയിലും കാര്യമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടു പോവുകയും കർഷക പ്രസ്ഥാനം വളർത്താനും ജന്മിസമ്പ്രദായം തകർക്കാനും തൊഴിലാളി വർഗ്ഗത്തെ കെട്ടിപ്പടുക്കാനുമുള്ള നിരന്തരവും അക്ഷീണവുമായ യത്നങ്ങൾ തുടരുകയും ചെയ്തു. വർഗ്ഗ താല്പര്യം മുൻനിർത്തി തൊഴിലാളികൾ, കർഷകർ, ഇടത്തരക്കാർ തുടങ്ങിയവരുടെ സംഘടനകളോടും തിരുവിതാംകൂറിലെയും കൊച്ചിയിലേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളോടും കേരളത്തിലെ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി ശക്തമായ ബന്ധം കാത്തുസൂക്ഷിച്ചു. അഖിലേന്ത്യാ സോഷ്യലിസ്റ്റ് പാർട്ടിയിൽ കമ്യൂണിസ്റ്റ് അനുകൂല ഇടതുപക്ഷക്കാരും കമ്മ്യൂണിസ്റ്റ് വിരുദ്ധ വലതുപക്ഷക്കാരും ഉണ്ടായിരുന്നു. കേരളത്തിലെ സോഷ്യലിസ്റ്റുകൾ ഇടതുപക്ഷത്ത് നിലയുറപ്പിച്ചു. ഈ ഇടതു-വലതു സംഘർഷമാണ് 1940 ഓടെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിലേക്ക് വഴിതുറക്കുന്നത്.

## വർഗപരമായ മോചനം-മാർക്സിസം

വർഗ്ഗസമരത്തിലധിഷ്ഠിതമായ സാമൂഹ്യ വിപ്ലവമാണ് കമ്മ്യൂണിസം മുന്നോട്ട് വെക്കുന്ന വിമോചനശാസ്ത്രം. രണ്ടിടങ്ങഴിയിൽ അധഃസ്ഥിത വർഗ്ഗത്തിന്റെ വിമോചന മാർഗ്ഗമായി തകഴി അവതരിപ്പിക്കുന്നത് ഈ വർഗ്ഗസമര വിപ്ലവശാസ്ത്രമാണ്. മനുഷ്യസമൂഹത്തിന്റെ ഭൂത-ഭാവി കാല ചരിത്രങ്ങളെയാകെ സ്വാധീനിക്കുന്ന ഏറ്റവും പ്രധാനമായ ശക്തി വർഗ്ഗസമരമാണെന്നും കമ്മ്യൂണിസ്റ്റ് സമൂഹം നിലവിൽ വരുന്നതുവരെ ആ സമരം തുടരും എന്നും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രത്യയശാസ്ത്രം ഉദ്ഘോഷിക്കുന്നു. സമൂഹം വിരുദ്ധ വർഗ്ഗങ്ങളായി പിരിഞ്ഞു കഴിഞ്ഞ കാലം മുതൽ നിരന്തരം തുടർന്നു വരുന്ന ഒരു സാമൂഹ്യപ്രതിഭാസമാണ് വർഗ്ഗസമരം.

സാമ്പത്തിക ജീവിതത്തിന്റെ സവിശേഷമായ ഒരു സംഘടനാ രൂപത്തിൽ നിന്നാണ് മുതലാളി-തൊഴിലാളി വർഗ്ഗങ്ങൾ ഉയർന്നുവരുന്നത്. മുതലാളിത്ത വ്യവസ്ഥയിൽ സ്വത്തുടമകളായ മുതലാളിമാരും നിർധനരായ തൊഴിലാളികളും തമ്മിൽ ഉണ്ടാകുന്ന ഉല്പാദനപരമായ ബന്ധമാണ് ഇരുവരെയും രണ്ട് വിരുദ്ധ വർഗ്ഗങ്ങളാക്കി തീർത്തിട്ടുള്ളത്. ഇവിടെ ലാഭത്തെയും കൂലിയെയും പ്രതി ഉടലെടുക്കുന്ന ഭിന്നതയാണ് സംഘർഷങ്ങളിലേക്കു നയിക്കുന്നത്. ഇതുപോലെ ജന്മികളും കൃഷിക്കാരും തമ്മിലുള്ളതും ഉല്പാദനപരമായ ബന്ധമാണ്. ഇവിടെ തൊഴിലാളിയായ കൃഷിക്കാരൻ ഭൂവുടമയായ ജന്മിക്ക് പാട്ടംകൊടുക്കുന്നു.

സാമ്പത്തികം, രാഷ്ട്രീയം, ആശയപരം എന്നീ സാമൂഹ്യജീവിതത്തിന്റെ മൂന്നു മുഖ്യ രംഗങ്ങളിലും ചൂഷക-ചൂഷിത വർഗ്ഗങ്ങളുടെ താല്പര്യങ്ങൾ പരസ്പരം ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്നു. സ്വന്തം അധ്വാനത്തിലൂടെ സമ്പത്തുൽപ്പാദിപ്പിക്കുന്നവരും അത് ഉല്പാദിപ്പിക്കുന്നതിനാവശ്യമായ യന്ത്രോപകരണങ്ങളുടെ ഉടമസ്ഥരും തമ്മിൽ ഉല്പാദനത്തിന്റെ ഫലം പങ്കുവെക്കുന്ന കാര്യത്തിലുള്ള ഏറ്റുമുട്ടലാണ് സാമ്പത്തികരംഗത്തെ വർഗ്ഗസമരം. സമ്പത്ത് കുന്നുകൂട്ടുന്നതങ്ങൾക്കെതിരെ പോരാടാൻ വരുന്ന വർഗ്ഗങ്ങളെ ബലംപ്രയോഗിച്ച് അമർത്തിവെക്കാൻ ചൂഷക വർഗ്ഗം ഉപയോഗിക്കുന്ന ശക്തമായ ആയുധമാണ് ഭരണകൂടം എന്നത്. അതിനുപുറമെ കല, സാഹിത്യം, വിവിധ മതാചാരങ്ങൾ തുടങ്ങിയ നിരവധി ആശയതലത്തിലൂടെ സ്വന്തം വർഗ്ഗ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ചൂഷക-ചൂഷിത വർഗ്ഗങ്ങൾ സദാശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ചുരുക്കത്തിൽ സാമ്പത്തിക രംഗത്ത് ചൂഷണം നടത്തുക, ആ ചൂഷണം തുടരുമ്പോൾ അനിവാര്യമായും ഉയർന്നുവരുന്ന എതിർപ്പുകളെ അടിച്ചമർത്തുന്നതിന് ഭരണകൂടമെന്ന മർദനോപകരണം പടുത്തുയർത്തുക, ആ മർദനോപകരണത്തിന്റെ നഗ്നമായ ക്രൂരതകൾ മറച്ചുപിടിക്കുന്നതിന് ഉതകുന്ന ആശയതലം രൂപപ്പെടുത്തുക- ഇവയെല്ലാമാണ് ചൂഷകവർഗ്ഗം/ഭരണവർഗ്ഗം ചെയ്യു

ന്നത്. ഒരു വർഗ്ഗത്തിന് മേധാവിത്വമുള്ള ഒരു സാമൂഹ്യഘടനയെ തകർത്ത് മറ്റൊരു വർഗ്ഗത്തിന് മേധാവിത്വമുള്ള പുതിയൊരു സാമൂഹ്യവ്യവസ്ഥ നിലവിൽ വരലാണ് വിപ്ലവത്തിന്റെ തുടക്കം. ആ മാറ്റം അടിമവ്യവസ്ഥയിൽ നിന്ന് ഫ്യൂഡലിസം, മുതലാളിത്തം, സോഷ്യലിസം എന്നിങ്ങനെ ക്രമത്തിലാണ് സംഭവിക്കുക എന്നതാണ് തൊഴിലാളിവർഗ്ഗ വിപ്ലവം മുന്നോട്ടുവെക്കുന്ന സാമൂഹ്യവിപ്ലവത്തിന്റെ പ്രത്യയശാസ്ത്രം. ജാതിജന്മി വ്യവസ്ഥയിലെ ഫ്യൂഡൽ മനോഭാവങ്ങളും കൊളോണിയൽ കാലത്ത് മുതലാളിത്തത്തിലേക്കുള്ള അവയുടെ വഴിമാറ്റവും രണ്ടിടങ്ങഴി അവതരിപ്പിക്കുന്നുണ്ട്. തുടർന്ന് രൂപം കൊള്ളുന്ന വർഗ്ഗസംഘർഷങ്ങൾ അടിമവിഭാഗത്തിന്റെ വർഗ്ഗപരമായ വിമോചനത്തിലേക്ക് എങ്ങനെ നയിക്കപ്പെടുന്നു എന്നുള്ളതിന്റെ കേരളീയ പശ്ചാത്തലം പരിശോധിക്കുകയാണ് ഇനി ചെയ്യുന്നത്.

**കഥാഘടന**

കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ സംഘർഷഭരിതമായ വർഗസമരത്തിന്റെ കഥയാണ് രണ്ടിടങ്ങഴി. ഋജുവായി പുരോഗമിക്കുന്ന, ഒറ്റ നൂലിൽ കോർത്ത കഥയായാണ് തകഴി ഇത് അവതരിപ്പിക്കുന്നത്. കാളിപ്പറയന്റെയും കുഞ്ഞാളിയുടെയും മകളായ ചിരുതയെ സ്വന്തം പെണ്ണായിക്കിട്ടാൻ ചാത്തനും കോരനും ആഗ്രഹമുണ്ട്. എന്നാൽ പെൺപണമായി നല്ലൊരുതുക പിതാവിനു കൊടുക്കുന്നവനേ അവളെ സ്വന്തമാക്കാനൊക്കൂ. കൂടുതൽ ഉത്സാഹിയായ കോരൻ ഭൂവുടമയായ പുഷ്പവേലിൽ ഔസേപ്പിന്റെ പാടത്തെ ഓണപ്പണിക്കാരനായി ചേർന്ന് പണം മുൻകൂർ വാങ്ങി ചിരുതയെ സ്വന്തമാക്കുന്നു. കോരൻ തന്റെ ജന്മിയുടെ പാടത്ത് കഠിനമായി അധ്വാനിച്ചെങ്കിലും വിളവെടുപ്പു സമയത്ത് കള്ളു കുടിക്കാനായി അല്പം കതിര് എടുത്തതിന്റെ പേരിൽ ജന്മിയിൽ നിന്ന് പരസ്യമായ ശാസന കേൾക്കേണ്ടി വരുന്നു. ഇത് കോരന്റെ അഭിമാനത്തെ മുറിവേൽപ്പിക്കുന്നു. കൊയ്ത്തു കഴിഞ്ഞ് കൂലി തീർക്കുമ്പോൾ എല്ലാവരേയും പോലുള്ള പരിഗണന മാത്രമേ അത്യധ്വാനിയായ കോരന് ജന്മിയിൽ നിന്ന് ലഭിക്കുന്നുള്ളൂ. കണക്ക് തീർപ്പുവേളയിൽ ഇല്ലാക്കണക്കുകൾ പറഞ്ഞ് എല്ലാവരുടേതുമെന്ന പോലെ കോരന്റേയും കൂലിയിൽ ഏകപക്ഷീയമായി കുറവുവരുത്തുകയും ചെയ്തു. ജന്മിയുടെ കണക്കുകളെ ചോദ്യം ചെയ്യുന്ന നാട്ടുനടപ്പ് ഇല്ലാത്തതും അധികാരഘടന മുഴുവൻ അവർക്കനുകൂലമായതും അഭിമാനിയായ കോരന്റെ നില കൂടുതൽ നിസ്സഹായമാക്കി.

തിരുവിതാംകൂറിൽ രാജഭരണം അവസാനിക്കുകയും ജനാധിപത്യത്തിലേക്കുള്ള വഴിതുറന്നു കൊണ്ട് പ്രായപൂർത്തി വോട്ടവകാശം നിലവിൽ വരികയും ചെയ്യുന്നു. പുലയരും പറയരുമടക്കമുള്ള അധസ്ഥിതർക്ക് വോട്ടു ചെയ്യാമെന്നായി. എന്നാൽ ജന്മിമാരുടെയും മുതലാളിമാരു

ടെയും താൽപ്പര്യങ്ങൾക്കാണ് പുതിയ രാഷ്ട്രീയ നേതൃത്വവും വഴങ്ങിക്കൊടുക്കുന്നതെന്ന് മന സ്സിലായപ്പോൾ കർഷകത്തൊഴിലാളികൾ സംഘടിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുന്നു. അവകാശ സംരക്ഷണത്തിനായി രൂപം കൊടുത്ത യൂണിയന്റെ നേതാവായി കോരൻ മാറുന്നു. സംഘടനാപ്രവർത്തനങ്ങൾ ഊർജ്ജിതമാവുകയും കൂലി കൂടുതലിന് വേണ്ടിയുള്ള അവകാശ വാദങ്ങൾ ശക്തമാവുകയും ചെയ്തപ്പോൾ കോരൻ ജന്മിയുടെ കണ്ണിലെ കരടായി. അച്ഛന്റെ ശവം ദഹിപ്പിക്കാൻ സ്ഥലം നിഷേധിച്ചു കൊണ്ട് ജന്മി പ്രതികാരം ചെയ്യുന്നു. വർദ്ധിച്ചു വരുന്ന അനീ തികൾ കൂടുതൽ കൂടുതൽ പോരാളിയാക്കിത്തീർക്കുന്നതോടെ കോരൻ മുഴുവൻ സമയവും യൂണി യന് വേണ്ടി മാറ്റിവെക്കുന്നു. സംഘടനാ ദൗത്യങ്ങൾ ലക്ഷ്യത്തിലെത്തിക്കുന്നതിന് ദാമ്പത്യം ഒരു ഭാരമായി കോരന് തോന്നിത്തുടങ്ങി. ജന്മിയുടെ മകൻ ചാക്കോ ചിരുതയെ ബലമായി കീഴ്പ്പെ ടുത്താനെത്തിയ വേളയിലെ സംഘർഷത്തിനിടയിൽ കോരൻ അയാളെ തല്ലിക്കൊല്ലുന്നു. പതി നഞ്ച് വർഷത്തെ ശിക്ഷ ഏറ്റുവാങ്ങിയ കോരൻ ജയിലിലേക്ക് പോകവെ, ഗർഭിണിയായ ചിരു തയെ തന്റെ  സുഹൃത്തും അവളെ മുമ്പ് ആഗ്രഹിക്കുകയും ചെയ്ത ചാത്തന്റെ കയ്യിലേൽപ്പിക്കു ന്നു. ചിരുതയെ സംരക്ഷിക്കുന്നതോടൊപ്പം അവൾ പ്രസവിച്ച കോരന്റെ കുഞ്ഞിനെ ചാത്തൻ വളർത്തി വലുതാക്കുകയും ചെയ്യുന്നു.

ജന്മിത്വത്തിന്റെയും ഭരണകൂടത്തിന്റെയും അനീതികൾക്കെതിരെ നാട്ടിലുയരുന്ന സമരപ രമ്പരകൾ രക്തരൂക്ഷ വിപ്ലവങ്ങളിൽ കലാശിക്കുന്നു. സംഘടനാശേഷിയിലൂടെ കർഷകവർഗ്ഗം തങ്ങളുടെ അവകാശങ്ങൾ ഒന്നൊന്നായി ചോദിക്കാൻ തുടങ്ങി. ജയിൽ മോചിതനായ കോരന്റെ അടുക്കലേക്ക് ചിരുതയെയും കുഞ്ഞിനേയും നയിച്ച ചാത്തൻ, തങ്ങൾ ആങ്ങളയും പെങ്ങളുമാ ണെന്ന് വെളിപ്പെടുത്തുന്നു. സമുദായത്തിനും സംഘടനയ്ക്കും വേണ്ടി കോരൻ സഹിച്ച സഹ നങ്ങൾ ലക്ഷ്യത്തിലേക്ക് നീങ്ങുക തന്നെ ചെയ്യും എന്നതിന്റെ സൂചനയെന്നോണം 'വിപ്ലവം ജയിക്കട്ടെ' എന്നും' കൃഷിഭൂമി കർഷകന്' എന്നുമുള്ള മുദ്രാവാക്യങ്ങൾ അവിടെ ഉയരുന്നു. വിപ്ലവലക്ഷ്യങ്ങളെ കൈയ്യേറ്റു കൊണ്ട് അടുത്ത തലമുറയുടെ പ്രതിനിധിയായ കോരന്റെ കുഞ്ഞ് – വെളുത്ത, കൊച്ചുകൈ മുഷ്ടിചുരുട്ടി ഉയർത്തിക്കൊണ്ട് 'കൃഷിഭൂമി കർഷകന്' എന്ന മുദ്രാ വാക്യം ഏറ്റുവിളിക്കുന്നു.

### രണ്ടിടങ്ങഴിയിലെ സാമൂഹ്യരാഷ്ട്രീയ പരിണതികൾ

നവോത്ഥാന കാലത്തെ നിർണ്ണായകമായ ഒരു ചരിത്രദശ പശ്ചാത്തലമാവുന്ന കൃതിയാണ് രണ്ടിടങ്ങഴി. അതിൽ അവതരിപ്പിക്കപ്പെടുന്ന സാഹിതീയ മൂല്യങ്ങളെ അക്കാലത്തെ സാമൂ

ഹിക-രാഷ്ട്രീയ-സാമ്പത്തിക പശ്ചാത്തലങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് വിശകലനം ചെയ്യാനാവും. സവർണ്ണ വീക്ഷണത്തിന്റെ കള്ളികളിലൊന്നും ഇടം കിട്ടാതെ പോയ, അനുസരണയും വിധേയത്വവും മാത്രം കൈമുതലായുള്ള അടിയാളർ സ്വാതന്ത്ര്യമോഹങ്ങളിലേക്ക് ഉണരുന്നതിന്റെ ചിത്രം ഈ നോവലിലെ സാമൂഹ്യതലത്തിൽ വായിക്കാം. കീഴാളരിലെ ഈ സാമൂഹ്യപരിണതിക്ക് രണ്ടു മാനങ്ങൾ ഉണ്ട്. അത് ആമുഖത്തിൽ സൂചിപ്പിച്ച വിധത്തിലുള്ള ജാതിപരവും വർഗ്ഗപരവുമായ ഇരട്ട ചൂഷണത്തിലധിഷ്ഠിതമാണ്. ഈഴവരടക്കമുള്ള മറ്റ് അവശവിഭാഗങ്ങൾ വിദ്യാഭ്യാസത്തിലേക്കും സ്വത്തുസമ്പാദനത്തിലേക്കും ക്രമേണ കടന്നുവരുമ്പോൾ അടിയാളർ മുഖ്യധാരയ്ക്ക് പുറത്തു തന്നെയാണുണ്ടായിരുന്നത്. ജന്മി മുതലാളിയായി പരിണമിച്ചപ്പോൾ അടിമ തൊഴിലാളിയായെങ്കിലും ജാതിപരമായ അടിമത്തം അതേപടി അവശേഷിക്കുന്നുണ്ട്.

## കീഴാളത്തം -ജാതിപരവും വർഗപരവും

### (a) ജാതിപരം/ സ്വത്വപരം

ഭൂമി ഉടമസ്ഥതയെക്കുറിച്ചും ഭൂമിക്കുമുകളിലെ സഞ്ചാരങ്ങളെക്കുറിച്ചും നാട്ടുനടപ്പുകളും ആചാരങ്ങളുമൊക്കെ എന്തെല്ലാമായിരുന്നാലും മണ്ണുമായി ആത്മബന്ധം പുലർത്തുകയും രാപ്പകൽ മണ്ണിനോടൊട്ടി ജോലി ചെയ്യുകയും ചെയ്തിരുന്ന വിഭാഗമാണ് അടിയാന്മാർ. കേരളത്തിൽ പുലയരും പറയരുമുൾപ്പെടുന്ന വിഭാഗമാണിതിൽ പ്രമുഖം. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ താണവർഗ്ഗക്കാരുടേത് അടിമജീവിതമല്ലാതെ മറ്റൊന്നായിരുന്നില്ല. ക്ഷാമകാലങ്ങളിൽ ബ്രാഹ്മണർ ഒഴികെയുള്ള എല്ലാ ജാതിയിലും പെട്ട ആളുകളെ തുറന്ന കമ്പോളത്തിൽ വെച്ച് ആവശ്യക്കാർക്ക് വിൽപ്പന നടത്തിയിരുന്നതിന്റെ വിവരങ്ങൾ ചരിത്രപുസ്തകങ്ങളിൽ കാണാം. (19-ാം നൂറ്റാണ്ടിലെ കേരളം- പി.ഭാസ്ക്കരനുണ്ണി ) ശക്തമായ പ്രതിഷേധം ഉയർന്നു വന്ന സമയത്ത്, ഉത്രം തിരുനാൾ രാജാവിന്റെ കാലത്ത് (കൊല്ലവർഷം 1022,1036) തിരുവിതാംകൂറിൽ അടിമസമ്പ്രദായം നിരോധിക്കുന്നതിനെപ്പറ്റി മദ്രാസ് ഗവൺമെന്റുമായി ആലോചന നടത്തുന്നുണ്ട്. എന്നാൽ ഭൂവുടമകളും ജന്മികളും ഇതു നടപ്പിലാക്കിയാൽ കൃഷി അധ:പതിക്കും എന്ന് വാദിച്ചതിനാൽ നടപടി തൽക്കാലത്തേക്ക് വേണ്ടെന്ന് വെക്കുകയാണുണ്ടായത്. കിട്ടുന്നത് തുച്ഛമായ പ്രതിഫലമാണെങ്കിലും അവർ കാലികളെപ്പോലെ കഠിനമായി അധ്വാനിക്കുമെന്നും യഥാർത്ഥത്തിൽ നെൽപ്പാടങ്ങളിലെ എല്ലാ ജോലികളും അവരാണ് ചെയ്തിരുന്നത് എന്നും കേരളത്തിലെ അടിമജീവിതം നേരിട്ടുകണ്ട വില്യം ലോഗൻ 'മലബാർ മാന്വലിൽ' രേഖപ്പെടുത്തുന്നുണ്ട്. ഇരവുപകൽ ഭേദമില്ലാതെ മഞ്ഞും മഴയും വെയിലും വകവെക്കാതെ നിരന്തരം ജോലിയിൽ വ്യാപൃതരാവുകയാൽ അവർ തൊലിപ്പുറം കറുത്തവരും ശരീരവും മനസ്സും മണ്ണിനോട് ചേർത്തുവെച്ചതി

നാൽ മറ്റുള്ളവർക്ക് വൃത്തിഹീനരായും ഭവിച്ചു. (പുലയൻ എന്ന വാക്കിന് ഡോ.ഹെർമൻ ഗുണ്ടർട്ട് നൽകുന്ന അർത്ഥം അശുദ്ധനായ മനുഷ്യൻ എന്നാണ്-ഇംഗ്ലീഷ് മലയാളം നിഘണ്ടു -ഡോ. ഹെർമൻ ഗുണ്ടർട്ട് - പേജ് 682) ചാതുർവർണ്ണ്യത്തിന്റെ തത്വശാസ്ത്രം അവരെ കണ്ണിൽപെടാൻ പാടില്ലാത്തവരാക്കി മുദ്രകുത്തി. ക്ഷേത്രത്തിൽ നിന്നും കാൽനാഴിക അകലെ നിൽക്കേണ്ട ഇവർ ബ്രാഹ്മണരുൾപ്പെടെയുള്ള സവർണ്ണരിൽ നിന്ന് 90 അടി അകലെയായി. കൃഷിഭൂമി എവിടെയാണെന്നും എന്താണെന്നും അറിയാത്ത നമ്പൂരിത്തമാണ് ഈ ഭൂമിശാസ്ത്രവും സാമൂഹ്യശാസ്ത്രവും നിയന്ത്രിച്ചത്.

ചർച്ച് മിഷൻ സഭയിലെ ഒന്നാമത്തെ സ്വദേശ മിഷണറിയായിരുന്ന റവ.ജോർജ്ജ്മാത്തൻ 1850 ൽ ചർച്ച് മിഷണറി കമ്മറ്റിക്കാർക്ക് അയച്ച ഒരു റിപ്പോർട്ടിൽ പുലയരെപ്പറ്റിയുള്ള പരാമർശം ഇങ്ങനെയാണ് :

'ഈ അരിഷ്ടന്മാരായ ജനങ്ങളോളം നികൃഷ്ട സ്ഥിതിയിലുള്ളവർ വേറെ എങ്ങും ഉണ്ടായിരുന്നതായി ചരിത്രത്തിലെങ്ങും കാൺമാനില്ല. അവരെ തൊടുകയോ അവരുടെ അടുക്കൽ പോവുകയോ ചെയ്താൽ അശുദ്ധപ്പെട്ടുപോകും എന്നു മറ്റുള്ളവർ വിചാരിക്കത്തക്കവണ്ണം അവർ അത്ര നീചന്മാരാണെന്ന് എണ്ണപ്പെട്ടു വരുന്നു........അവർ അവരുടെ തമ്പുരാക്കന്മാരുടെ പൂർണ്ണ അധീനതയിൽ ഇരിക്കുന്നത് കൊണ്ട് അവരെ കന്നുകാലികളെപ്പോലെ വിൽക്കുകയും വാങ്ങുകയും അവയെക്കാൾ ക്രൂരമായി അവരോട് പെരുമാറുകയും ചെയ്യുന്നു. ഈ ഉടമസ്ഥന്മാർക്ക് അവരെ അടിക്കാനും ബന്ധനത്തിൽ ഇടുവാനും ചിലപ്പോൾ അംഗഭംഗം വരുത്തുവാനും കൊല്ലുവാനും കൂടി അധികാരമുണ്ടായിരുന്നു.' [4]

കേരളത്തിന്റെ ആധുനീകരണ വേളയിൽ ഇതരവിഭാഗങ്ങൾ മാറ്റത്തിന്റെ സൗഭാഗ്യങ്ങളെ അനുഭവിക്കുമ്പോൾ അടിയാളരുടെ സ്ഥിതിയിൽ വലിയ മാറ്റങ്ങളൊന്നും സംഭവിക്കുന്നില്ല. അടിമവർഗ്ഗം സമൂഹത്തിന്റെ എല്ലാതലങ്ങളിൽ നിന്നും ഒറ്റപ്പെടുത്തപ്പെട്ടിരുന്നു. മേൽത്തട്ടിലുള്ള ജാതികൾക്ക് അടിമപ്പണിയെടുത്തു ജീവിക്കാൻ നിർബന്ധിതരാവുക നിമിത്തം അവരിൽ അധമമനോഭാവം വളരാൻ ഇടയാക്കിയിരുന്നു. അതിലൂടെ അവരുടെ സാമ്പത്തിക വികാസവും ബൗദ്ധികവികാസവും ഒരു പോലെ തടഞ്ഞുവെക്കപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെയുമായി കാർക്കശ്യങ്ങളും യാന്ത്രികതയും നിർജ്ജീവതയും വിട്ട് കേരളസമൂഹഘടന മാറ്റങ്ങളിലേക്ക് പ്രവേശിക്കുമ്പോഴും അടിയാളർ നിന്നിടത്തു തന്നെ- മുഖ്യധാരയ്ക്ക് പുറത്തുതന്നെ നിൽക്കുകയായിരുന്നു എന്ന ജാതിപരമായ സാമൂഹിക യാഥാർത്ഥ്യം കൂടി രണ്ടിടങ്ങഴിക്ക് പിന്നിലുണ്ട്. എന്നാൽ ജാതീയതയുടെ ഈ വൈകല്യങ്ങളെ നോവലിന്റെ

മുഖ്യകേന്ദ്രമാക്കിക്കൊണ്ട് അതിന്റെ നിരാസത്തേയോ പൊതുമണ്ഡലത്തിലേക്കുള്ള സാമൂഹികമായ ഉയർത്തെഴുന്നേൽപ്പിനേയോ ലക്ഷ്യം വെക്കാതെ വർഗ്ഗസമരത്തിലൂടെയുള്ള സാമൂഹികമായ വിമോചനമാണ് തകഴി ആവിഷ്ക്കരിക്കുന്നത്.

ഇന്ത്യയുടെ കളങ്കമായ ജാതിചിന്തയ്ക്ക് മതത്തിന്റെ സംരക്ഷണം ഉണ്ടെന്നും ജാതിയെ എതിർക്കാതെ മാർക്സിസം നടപ്പാക്കാമെന്ന് കരുതുന്നത് വ്യാമോഹം മാത്രമാണെന്നും അംബേദ്ക്കറിനെപ്പോലുള്ളവർ വിലയിരുത്തുന്നതിന്റെ പശ്ചാത്തലത്തെ ഇതുമായാണ് ചേർത്തുവായിക്കേണ്ടത്. മാർക്സിന്റെ സാമ്പത്തികവീക്ഷണങ്ങളെ ഒരു പരിധിവരെ അംഗീകരിച്ചാലും സാമൂഹ്യമായ അപഗ്രഥനം കൂടി അത്യാവശ്യമാണെന്നും സാമൂഹ്യമായ വീക്ഷണം ഇല്ലാത്തിടത്തോളം കാലം ഭരണം നേടിയാൽപ്പോലും അത് സാമൂഹ്യപ്രശ്നങ്ങളിൽ ആടി ഉലഞ്ഞുപോകുമെന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. ദളിത് സാഹിത്യവും തൊഴിലാളിവർഗ്ഗസാഹിത്യവും രണ്ടും രണ്ടാണെന്ന് സമർത്ഥിച്ചുകൊണ്ട് കവിയൂർ മുരളി അവതരിപ്പിക്കുന്ന ആശയതലവും ഈ സാമൂഹ്യയാഥാർത്ഥ്യത്തെ മുൻനിർത്തിയുള്ളതാണ്:

'ദലിത്ജനത തൊഴിലാളി വർഗ്ഗത്തിൽ പെടുന്നവർ തന്നെ. തൊഴിലാളി വർഗ്ഗത്തിന് പൊതുവെയുള്ള പരാധീനതകൾ അവർക്കുമുണ്ട്. എന്നാൽ ഒരു നായർ തൊഴിലാളിക്കും ക്രിസ്ത്യൻ തൊഴിലാളിക്കും മുസ്ലീം തൊഴിലാളിക്കുമുള്ള പരാധീനതകളിൽ നിന്ന് വ്യത്യസ്തമായി ദലിത് തൊഴിലാളിക്ക് മറ്റ് ചില പരാധീനതകൾ കൂടിയുണ്ട്. അതുകൊണ്ട് ദലിതന്റെ സാഹിത്യം ആ പ്രത്യേകം ഒന്നിന് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ്. ആ പ്രത്യേകം ഒന്ന് അവന്റെ ജനനത്തെ ആസ്പദിച്ചുള്ള വിവേചനമാണ്. മറ്റു വിധത്തിൽ പറഞ്ഞാൽ ജാതിയെ ആസ്പദമാക്കിയുള്ളത്.........ഒരേ കാർഷികത്തൊഴിൽ ചെയ്യുന്ന ഈഴവനും പുലയനും ഒരേ കൂലി ആയിരുന്നില്ല. ഈഴവന് 4 രൂപ കൂലി കിട്ടുമ്പോൾ പുലയന് മൂന്നുരൂപയേ കൂലി നൽകുമായിരുന്നുള്ളൂ. ഈ വിവേചനത്തിന് ആധാരമായിട്ടുള്ളത്, അഥവാ ഉണ്ടായിരുന്നത് ജാതിയാണ്; തൊഴിലാളി മുതലാളി ബന്ധമല്ല.'[5]

അവഗണിതന്റെ ചരിത്രമാണ് അടിയാളരുടെ സാമൂഹ്യചരിത്രം. മുഖ്യധാരയുടെ സമ്പന്നതയിൽ നിന്ന് പുറത്താക്കപ്പെട്ടുവെങ്കിലും അനുവദിക്കപ്പെട്ട ഇടങ്ങളെ അധ്വാനം കൊണ്ടും ആത്മാർത്ഥത കൊണ്ടും അവർ സമ്പന്നമാക്കി. മേലാളർ ബുദ്ധികൊണ്ട് മെയ്യനങ്ങാത്ത വ്യായാമങ്ങളിൽ ഏർപ്പെട്ടപ്പോൾ ദലിതർ രാപ്പകൽ എല്ലുമുറിയെ അത്യധ്വാനം ചെയ്തു. ജീവിതത്തെ ച്ചൊല്ലിയോ ഭാവിയെപ്പറ്റിയോ ഒരു പ്രതീക്ഷയുമില്ലാതെ ദാരിദ്ര്യത്തിലും പട്ടിണിയിലും ഉഴറി സ്വന്തം ഭൂമിയോ താമസിക്കാൻ ഒരിടമോ ഇല്ലാതെ വിൽക്കപ്പെട്ടും പരസ്പരം വേർപെടുത്തപ്പെട്ടും ശിഥില

ജീവിതം നയിച്ച, ദു:ഖങ്ങളും ദുരിതങ്ങളും നിറഞ്ഞ അടിയാള ജീവിതത്തെ അതിന്റെ തന്നെ സമരോത്സുകതയിലോ പോരാട്ട വീര്യങ്ങളിലോ ചേർന്നു നിന്ന് ആവിഷ്ക്കരിക്കാൻ തകഴി മിന ക്കെടുന്നില്ല. അതുവഴി ദലിത് സാഹിത്യത്തിന്റെ വംശപരവും വർഗ്ഗപരവുമായ രണ്ടു തലങ്ങ ളിലെ വംശപരതയെ അദ്ദേഹം കൈവിട്ടു കളഞ്ഞു. മേലാളരാൽ കൈവശപ്പെടുത്തപ്പെട്ട കൃഷി യിടങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ട ഈ ദലിതവർഗ്ഗം വർഗ്ഗപരമായല്ല വർണപരമായാണ് സൃഷ്ടി ക്കപ്പെടുകയും പരിഗണിക്കപ്പെടുകയും ചെയ്തതെന്ന് അവരിലെ വംശപരതയെ ചൂണ്ടിക്കാ ട്ടിക്കൊണ്ട് പ്രദീപൻ പാമ്പിരികുന്ന് വിലയിരുത്തുന്നുണ്ട്:

'ഉത്പാദന ബന്ധങ്ങൾ പ്രാകൃതമായിരിക്കുകയും എന്നാൽ കുലത്തൊഴിലിലേക്ക് ഒറ്റപ്പെ ടുകയും ചെയ്ത അവർണ ദലിത് ജനതയിൽ നിന്നാണ് കേരളീയ തൊഴിലാളിവർഗ ചരിത്രം ആരംഭിക്കേണ്ടത്. എന്നാൽ ഒരു പൊതുസംജ്ഞയ്ക്കു കീഴെ വ്യത്യസ്ത ചരിത്രസാഹചര്യങ്ങ ളിൽ രൂപീകരിക്കപ്പെട്ട തൊഴിൽ വിഭാഗങ്ങൾ ലളിതമായി തൊഴിലാളി വർഗ്ഗമെന്നു വിശദീകരി ക്കപ്പെടുകയാണുണ്ടായത്. ജന്മം കൊണ്ടോ ആചാരം കൊണ്ടോ വിഭജിതമായിപ്പോയ തൊഴിലാ ളി ജാതിയും വർഗപരമായ വിശകലനങ്ങളിലെ തൊഴിലാളി വർഗവും സാമൂഹ്യശാസ്ത്രപര മായിത്തന്നെ വ്യത്യസ്തമാണ്.'[6]

ജാതിബദ്ധമായ കെട്ടുപാടുകളെ പൊട്ടിച്ചെറിഞ്ഞു കൊണ്ട്, അന്തർമുഖത്വം വിട്ടൊഴിഞ്ഞ് അടിയാളന്റെ സാമൂഹ്യമുന്നേറ്റത്തിന്റെ ചരിത്രമായി മാറേണ്ടിയിരുന്ന കൃതി ജാതീയത മാറ്റിവെ ക്കപ്പെട്ട വർഗസമരത്തിന്റെ ചരിത്രമായി മാത്രം വായിക്കപ്പെടുന്നു. ജാതീയതയ്ക്കകത്തെ കടുത്ത സംഘർഷങ്ങൾ നമ്പൂതിരിയും പറയനും ഒരു പോലെ അനുഭവിക്കുന്നതാണെങ്കിലും പറയന് അവയിൽ നിന്ന് നേരിട്ടുള്ള സ്ഥാനക്കയറ്റമായി മാറുന്നു രണ്ടിടങ്ങഴിയിലെ വിമോചനം. ആ അർത്ഥത്തിൽ ദലിത് നവോത്ഥാനത്തിന്റെ സൃഷ്ടിയാക്കാമായിരുന്ന ഒരു രചനയെ അതിൽ നിന്ന് പിൻവലിക്കുകയാണ് തകഴി ചെയ്തതെന്നും കാണാം.

ജാതിപരവും മതപരവുമായ അസംതൃപ്തികൾ സ്വത്വരാഷ്ട്രീയമുണർത്തുന്ന ആശയഗ തികൾക്ക് സമൂഹത്തിൽ വേരോട്ടം ലഭിക്കാനുള്ള പ്രധാനഘടകമായിത്തീരുന്നുണ്ട്. സ്വത്വരാ ഷ്ട്രീയത്തിന്റെ വളർച്ച നവോത്ഥാനത്തിന്റെയും ദേശീയതയുടെയും പരിമിതികളിലാണ് കുടി കൊള്ളുന്നത് എന്ന് കെ. എൻ. പണിക്കർ വിലയിരുത്തുന്നുണ്ട്:

'സാമൂഹ്യവൽക്കരണത്തിന്റെ അടിസ്ഥാനങ്ങൾ കുടുംബത്തിലാണ് നടക്കുന്നത്. വിവിധ സാമൂഹികവും സാംസ്കാരികവുമായ പരിപ്രേക്ഷ്യങ്ങൾ മിക്കവാറും മതത്തിൽ നിന്നും ജാതി യിൽ നിന്നും കുടുംബത്തിന്റെ വർഗപരിതസ്ഥിതിയിൽ നിന്നുമാണ് വലിച്ചെടുക്കുന്നത്. പ്രാഥ

മികമായ സാമൂഹ്യവൽക്കരണം അതുകൊണ്ടുതന്നെ പാരമ്പര്യമായി സിദ്ധിക്കുന്നതാണ്. അതിനു തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം ഇല്ല. പുറംലോകവുമായുള്ള ബന്ധം സാധ്യമാകും മുമ്പു തന്നെ, കുടുബം സാംസ്കാരികവും സാമൂഹികമായ സ്വത്വം പ്രദാനം ചെയ്യുന്നു. അതു പല പ്പോഴും മതപരവും ജാതിപരവുമായ ഭാവുകത്വത്തിൽ നിലകൊള്ളുന്നു. ഇതിനുകാരണം ഗൃഹാ ന്തരീക്ഷം പലപ്പോഴും മത-ജാതി പാരമ്പര്യം, മുന്നോട്ടുവെക്കുന്ന അനുഷ്ഠാനങ്ങളിൽ അധി ഷ്ഠിതമാണ് എന്നതാണ്. '[7]

കുടുംബം പ്രദാനം ചെയ്യുന്ന പ്രാഗ്സ്വഭാവത്തിലധിഷ്ഠിതമായ സ്വത്വസ്വാധീനത്തിൽ നിന്നു പുറത്തുകടക്കാൻ പ്രാധാനമായും സഹായിക്കുന്നത് വിദ്യാഭ്യാസത്തിലൂടെയുള്ള സാമൂ ഹികവൽക്കരണമാണ്. അയൽക്കാരിലെ കുഞ്ഞന്റെ മക്കൾ ഈ സാമൂഹികവൽക്കരണഭാവം പ്രകടിപ്പിക്കുമ്പോൾ രണ്ടിടങ്ങഴിയിലെ വെളുത്തയുടെ മകനായ കോരനിൽ അതു വർഗബോധ ത്തിലൂടെയാണ് പ്രകടിതമാവുന്നത്. പാരമ്പര്യശീലങ്ങളെ വകവെക്കാൻ കൂട്ടാക്കാത്ത മക്കളോട് തമ്പ്രാനായ പത്മനാഭപിള്ള കാരണവരുടെ മുമ്പിൽ കാട്ടേണ്ട വിനയമര്യാദകളെ കുറിച്ച് കുഞ്ഞൻ അതീവ ശ്രദ്ധയോടെ ഓർമ്മിപ്പിക്കുന്നുണ്ട്. ഇതേ വിധേയത്വം തന്നെയാണ് ഓണപ്പണിക്ക് മറ്റൊരു തമ്പുരാനെ തേടുന്ന കോരനോട് കുടിലിൽ വെച്ച് വെളുത്ത നൽകുന്ന ഉപദേശത്തിലൂടെ വെളി പ്പെടുന്നത്. ('നീ എമടെ ചെന്നെങ്കിലും കടം കൊണ്ടോ പഷേല് തമ്പ്രാനോട് ഒന്നു ചോദിച്ചിട്ടു മേണം. തമ്പ്രാന്റെ ചോറാ നിന്റെ തടി. പണ്ടുപണ്ടേ മൊതലേ നമ്മള് അവിടത്തെ അടിയാരാ' – രണ്ടിടങ്ങഴി പേജ് 15)

നമ്പൂതിരി തൊട്ടുള്ള വിഭാഗങ്ങൾ വിദ്യാഭ്യാസത്തിലൂടെയും സാമുദായികവൽക്കരണ ത്തിലൂടെയുമായി സാമൂഹികവൽക്കരണത്തിലേക്ക് ഉണരുന്നതിന്റെ ചിത്രം നവോത്ഥാനകാലത്ത് ദൃശ്യമാണ്. എന്നാൽ അക്കാലത്തും സ്വാതന്ത്ര്യാനന്തരകാലത്തും അങ്ങനെയുള്ള സാമൂഹിക വൽക്കരണത്തിന്റെ തെളിച്ചമുള്ള കാഴ്ച്ച പുലയരും പറയരുമടങ്ങിയ അടിയാളരുടെ ധാരയിൽ കാണാനാവില്ല. മറ്റ് സാമൂഹിക വിഭാഗങ്ങൾക്ക് ഏതെല്ലാം തലങ്ങളിൽ മുന്നേറ്റമുണ്ടായോ അവ യുടെയെല്ലാം അഭാവവും നിരാസവും അന്വേഷിച്ചാൽ ഈ വിഭാഗത്തിന്റെ പാർശ്വവൽക്കരണ ത്തിന്റെ ഉത്തരം ലഭ്യമാവും. സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലും ഉണ്ടായിട്ടുള്ള വിദ്യാഭ്യാസപ ദ്ധതികളുടെ അഭാവം, അനുഭാവപൂർണ്ണമായ പരിഗണനയുടെ കുറവ്, പാരമ്പര്യ ബുദ്ധിജിവിക ളുടെ നേതൃത്വപരമായ അഭാവം, സംഘടിതശേഷിയുടെ കുറവ്, മിച്ചഭൂമിദാനങ്ങളിലൂടെയുള്ള രണ്ടാംകിടവൽക്കരണം, തുടർന്നും നിലനിൽക്കുന്ന ജാതിപരമായ വിവേചനങ്ങൾ, തൊഴിൽ വർഗ്ഗമായി ഒരു നിരക്ഷരവൃന്ദം എക്കാലത്തും എല്ലാവർക്കും വേണമെന്ന സാമൂഹിക അബോധം

ഇങ്ങനെ അടിയാളുടെ സാമൂഹിക മുന്നേറ്റത്തിന്റെ സൂചികകൾ ഉയർച്ചയെ തേടാതെ തന്നെ നിൽക്കുന്നതിന്റെ കാരണങ്ങൾ അനവധിയാണ്. അടിയാളവിഭാഗത്തെ അധികാരലക്ഷ്യങ്ങൾക്കുള്ള കേവല ആൾക്കൂട്ടങ്ങളാക്കി മാറ്റുന്ന രാഷ്ട്രീയ ബുദ്ധിയെ അവരുടെ ജാതിപരവും സ്വത്വപരവുമായ പശ്ചാത്തലങ്ങളെ മുൻനിർത്തി പ്രദീപൻ പാമ്പിരികുന്ന് വിലയിരുത്തുന്നുണ്ട്:

'നാരായണഗുരുവിന്റെ കാലത്തു തന്നെ ആരംഭിച്ച പ്രവണതകൾ മറ്റൊരു തരത്തിലുള്ള വരേണ്യതയെ നിർമ്മിച്ചിരുന്നുവെന്ന വസ്തുതയും ഇവിടെ കാണേണ്ടതുണ്ട്. കീഴ്ജാതി ആചാരാനുഷ്ഠാനങ്ങൾ അപരിഷ്കൃതമാണെന്നതിനാൽ അതുപേക്ഷിക്കേണ്ടതുണ്ടെന്നദ്ദേഹം പ്രചരിപ്പിച്ചിരുന്നു. നാരായണഗുരുവിന്റെ സാമൂഹ്യ ദർശനങ്ങളുടെ അന്തസ്സത്തയെ നിർവ്വീര്യമാക്കി കാലക്രമത്തിൽ എല്ലാ കാവുകളും ക്ഷേത്രങ്ങളായി മാറി. സവർണ്ണപൗരോഹിത്യം നടപ്പായി. നായർ സമുദായത്തിന്റെ സാംസ്കാരികാവസ്ഥ പൊതുകേരളീയ രുചികളായി സ്വീകരിക്കപ്പെട്ടു. സാഹിത്യവും കലകളും ഈ അഭിരുചികളെ ജനപ്രിയവും സാമാന്യവുമാക്കി. ഭൂപരിഷ്ക്കരണത്തോടൊപ്പം കീഴാള കോളനികളും സൃഷ്ടിക്കപ്പെട്ടു. ഇങ്ങനെ ഇടതുപക്ഷത്തിന്റെ നേതൃത്വത്തിൽത്തന്നെ സൃഷ്ടിക്കപ്പെട്ട പൊതുമണ്ഡലത്തിന്റെ തന്നെ സ്വഭാവം വരേണ്യതയുടെയും സമ്പന്നതയുടേയും താൽപര്യങ്ങളുടെ സംവാദ മണ്ഡലങ്ങളായിരുന്നു.[8]

വർഗപരതയിലൂടെയുള്ള വിമോചനം സാധ്യമാകുമ്പോഴും ജാതിയുമായി ബന്ധപ്പെട്ട ധാരാളം വിഷയങ്ങൾ പരിഹരിക്കപ്പെടാതെയും അഭിസംബോധനചെയ്യപ്പെടാതെയും കിടക്കുന്നതിന്റെ പശ്ചാത്തലം പ്രസക്തമാവുന്നത് ഇതുകൊണ്ടാണ്. വർഗസിദ്ധാന്തം മുന്നോട്ടുവെക്കുന്ന സാമൂഹ്യസാമ്പത്തിക വിശകലനങ്ങളെ പഠിക്കുമ്പോൾ ചില യാഥാർത്ഥ്യങ്ങളെ കണ്ടില്ലെന്നുനടിക്കാനാവില്ല. ഭാരതീയ പാശ്ചാത്തലത്തിൽ സമഗ്രതല സ്പർശിയായ സാമൂഹ്യരൂപമാണ് ജാതിപരത. അതിനെ ഒഴിച്ചു നിർത്തിയുള്ള സമൂഹപഠനം അപൂർണ്ണമായിരിക്കും. അതുപോലെ തന്നെ മനുഷ്യർ എന്ന പൊതുകാഴ്ചപ്പാടിനെ നിരാകരിച്ചുകൊണ്ട്, ഭാരതീയ സാമൂഹ്യപശ്ചാത്തലത്തിലധിഷ്ഠിതമായ വരേണ്യബോധങ്ങളെ ലക്ഷ്യം വെച്ചുള്ള കീഴാള വിമർശനങ്ങളും ലക്ഷ്യങ്ങളുടെ പൂർണ്ണതയെ ഉൾക്കൊള്ളാതെ പോവുന്നുണ്ട്. രണ്ടുപക്ഷങ്ങളും ഒഴിച്ചു നിർത്തുകയും കേന്ദ്രമാക്കി നിർത്തുകയും ചെയ്യുന്ന സാമൂഹ്യവസ്ഥകളുടെ യാഥാർത്ഥ്യബോധത്തിലധിഷ്ഠിതമായ പരിഗണനകളിലൂടെ മാത്രമേ പ്രശ്നങ്ങളെ യുക്തിപൂർവ്വം പരിഹരിക്കാനാവുകയുള്ളൂ എന്ന് സുനിൽ പി. ഇളയിടം വിലയിരുത്തുന്നത് ശ്രദ്ധേയമാണ്:

'വർഗസംഘർഷങ്ങളുടെ അടയാളങ്ങൾ പ്രമേയത്തിൽ നിന്ന് കണ്ടെടുക്കാൻ ശ്രമിച്ച് കലാനിർമിതികളെ പ്രതിഫലനപരമോ പ്രതിനിധിനാത്മകമോ ആയി ചുരുക്കി വായിക്കുകയാണ് മുഖ്യ

ധാരാ മാർകിസ്റ്റ് വിമർശനം മിക്കവാറും ചെയ്തുകൊണ്ടിരിക്കുന്നത്. ഇതേ വഴിയിൽ സവർണാധികാരത്തിന്റെ പാഠരൂപങ്ങൾ മാത്രമായി കലാനിർമിതികളെ കാണുകയും അതിന്റെ അടയാളങ്ങൾ പ്രമേയനിഷ്ഠമായി തേടിപ്പിടിക്കുകയും ചെയ്യുന്ന സമീപനം കീഴാളവിമർശനം ഏറ്റെടുത്തുകൂടാ. അതുപോലെ ചരിത്രത്തിന്റെ സൂക്ഷ്മജിവിതവും പ്രവൃത്തിയും പാഠത്തിന്റെ പ്രമേയതല താൽപ്പര്യങ്ങൾക്കു കുറുകെ നീങ്ങുന്ന പ്രഭാവങ്ങൾക്കു കാരണമാകാം എന്ന വസ്തുതയും പരിഗണിക്കപ്പെടണം. കലാനിർമ്മിതികൾ ശാശ്വത സത്തകളല്ലെന്നും മറിച്ച് സങ്കീർണ്ണ പ്രകൃതിയുള്ള പ്രക്രിയകളാണെന്നുള്ള ധാരണയാണ് ഇതിനടിസ്ഥാനമാകേണ്ടത്.'[9]

**(b) വർഗപരം**

മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സംഹിതയിൽ പ്രയോഗിക്കപ്പെടുന്ന പരികല്പനകളിൽ വർഗങ്ങൾക്ക് പരമപ്രധാനമായ സ്ഥാനമുണ്ട്. ഒരു ജനവിഭാഗം എന്നതാണ് അതിന്റെ സാമാന്യഅർത്ഥം. ആ കാഴ്ചപ്പാടിൽ അത് ജാതി-മത-സാമുദായിക വിഭാഗങ്ങളെയും ഗിരിവർഗ്ഗങ്ങളെയും സ്ത്രീപുരുഷ വിഭാഗങ്ങളെയുമൊക്കെ അർത്ഥമാക്കുന്നുണ്ട്. എന്നാൽ മാർക്സിസത്തിൽ തൊഴിലാളി വർഗ വീക്ഷണത്തിന് ഈ അർത്ഥമല്ല ഉള്ളത്. ജാതി, മതം, സമുദായം തുടങ്ങിയ ജീവിത രീതിയെയോ സംസ്ക്കാരത്തെയോ അടിസ്ഥാനമാക്കി ഉയർന്നു വന്നിട്ടുള്ള ജനവിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിനെ യോജിപ്പിക്കുന്ന ഒരു ഘടകവും തൊഴിലാളിയെ യോജിപ്പിക്കുന്നില്ല. ജാതിമത താൽപ്പര്യങ്ങൾക്കപ്പുറത്ത് മനുഷ്യരെ -തൊഴിലാളികളെ ഒന്നിച്ചണിനിരത്തുന്ന ജീവിതസാഹചര്യം അവരുടെ സാമ്പത്തിക ജീവിതവുമായി ബന്ധപ്പെട്ടതാണ്. സാമ്പത്തിക ജീവിതത്തിന്റെ സവിശേഷമായ ഒരു സംഘടനാ രൂപത്തിൽ നിന്നാണ് – മുതലാളിത്തത്തിന്റേതായ ഉത്പാദനക്രമത്തിൽ നിന്നാണ്-തൊഴിലാളി എന്ന വർഗം ഉയർന്നു വന്നിട്ടുള്ളത്. പ്രകൃതി വിഭവങ്ങളും യന്ത്രോപകരണങ്ങളുമൊക്കെ കൈവശമുള്ള സ്വത്തുടമ ഒരു ഭാഗത്തും അവ ഉപയോഗിച്ച് സ്വത്തുല്പാദിപ്പിക്കേണ്ട അധ്വാനവർഗം മറുപക്ഷത്തും നിൽക്കെ, ലാഭം വർദ്ധിപ്പിക്കാൻ ഒരു പക്ഷവും കൂലി കൂട്ടാൻ മറുപക്ഷവും തമ്മിൽ സംഘർഷം രൂപപ്പെടുന്നു. ഈ സംഘട്ടനത്തിൽ സ്വന്തം വർഗത്തിന്റെ വിജയം ഉറപ്പിക്കാൻ വേണ്ടിയാണ് ജാതിമതാദി പരിഗണനകൾക്കതീതമായ ഒരു വർഗമെന്ന നിലയ്ക്ക് സംഘടിക്കാൻ തൊഴിലാളി നിർബന്ധിക്കപ്പെടുന്നത്. ഫ്യൂഡൽ വ്യവസ്ഥിതിയിലെ ജന്മിയും കൃഷിക്കാരനും (കുടിയാൻ) തമ്മിലുള്ള വർഗസംഘർഷത്തിന്റെ തുടർച്ച തന്നെയാണ് മുതലാളിത്ത ഉത്പാദനക്രമത്തിലെ മുതലാളി-തൊഴിലാളി സംഘർഷവും.

നൂറ്റാണ്ടുകളായി മേൽജാതിക്കാരന്റെ കൃഷിപ്പണിക്കാരായി നിലനിർത്തുകയും തുടർന്നു കൊണ്ടു പോവുകയും ചെയ്യപ്പെട്ട കീഴാളവർഗത്തിന്റെ ജീവിതസംഘർഷങ്ങളും അവരുടെ സാമൂ

ഹിക സ്വപ്നങ്ങളുമാണ് രണ്ടിടങ്ങഴിയിലൂടെ അവതരിപ്പിക്കപ്പെടുന്നത്. കേരളത്തിന്റെ കാർഷികോത്പാദനത്തിന്റെ മുഖ്യശക്തിയായിരുന്ന, ബഹുഭൂരിപക്ഷം വരുന്ന പുലയരും പറയരുമടങ്ങുന്ന അടിയാളവർഗ്ഗത്തെ നോവൽ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നു. അടിമത്തത്തിന്റെയും ചൂഷണമനോഭാവങ്ങളുടെയും താൽപ്പര്യങ്ങൾ സാമൂഹ്യപരിണാമഘട്ടത്തിലെ സാമൂഹികബന്ധങ്ങളിൽ ജന്മി -കുടിയാൻ, മുതലാളി- തൊഴിലാളി എന്നിങ്ങനെ തലങ്ങളിൽ കാണാനാകും. കേരളീയ പശ്ചാത്തലത്തിൽ ജാതി ജന്മി വ്യവസ്ഥിതിയിലധിഷ്ഠിതമായ സാമൂഹികബന്ധമാണ് ആദ്യത്തേതിലുള്ളത്. എക്കാലത്തും എവിടെയും ദൃശ്യമാകുന്ന സാമ്പത്തിക ബന്ധമാണ് രണ്ടാമത്തേത്. ജാതിബോധവും അടിമത്തവും സാമൂഹിക സാമ്പത്തിക അസമത്വങ്ങളുമൊക്കെ അപ്പടി നിലനിന്നുകൊണ്ടുതന്നെയാണ് കേരളീയ ഫ്യൂഡൽഘടന മുതലാളി–തൊഴിലാളി രൂപത്തിലേക്ക് പരുവപ്പെട്ടു തുടങ്ങുന്നത്. ജന്മി–കുടിയാൻ സംഘർഷം മുതലാളി–തൊഴിലാളി സംഘർഷമായി രൂപപ്പെടുമ്പോൾ ജാതീയതയുടെയും സാമുദായികതയുടെയും തലങ്ങളെ കർഷകത്തൊഴിലാളി യൂണിയന്റെ വർഗപരത നിഷ്കാസനം ചെയ്യുന്നു. തൊഴിലാളി യൂണിയന്റെ നേതൃത്വത്തിലൂടെയുള്ള വർഗവിപ്ലവം രണ്ടിടങ്ങഴിയിൽ സാമൂഹിക സാമ്പത്തിക നീതിക്കുള്ള പശ്ചാത്തലമായി മാറുകയും ചെയ്യുന്നു.

രണ്ടിടങ്ങഴിയുടെ കാലത്ത് വിജയം കണ്ട വർഗയുക്തിയിലെ പോരായ്മകളെ വിലയിരുത്തി, വർഗവിഭജനവും വർഗരൂപീകരണവും സാർവ്വലൗകികമായ കേവല പ്രമാണങ്ങളെ മുൻനിർത്തി അരങ്ങേറുന്നതല്ലെന്നും വ്യത്യസ്ത സാമൂഹിക സാഹചര്യങ്ങളിൽ അവയ്ക്ക് വ്യത്യസ്തമായ രൂപീകരണയുക്തിയേയും ഉള്ളടക്കത്തേയും പിൻപറ്റാമെന്നും പിൽക്കാല മാർക്സിസ്റ്റ് പഠിതാക്കൾ രേഖപ്പെടുത്തുന്നുണ്ട്. ആ നിലയ്ക്ക് ഇന്ത്യയിൽ ഉയർന്നു വരേണ്ടത് ജാതിയെ മുൻനിർത്തിയുള്ള വർഗകൽപ്പനയാണെന്നും ഇന്ത്യയിൽ ദേശീയ ആധുനികത ജന്മം നൽകിയ പൗരത്വം സാമ്രാജ്യത്വവിരുദ്ധതയുടെ ഉള്ളടക്കത്തെ കയ്യൊഴിഞ്ഞ് കൂടുതൽ കൂടുതലായി ബ്രാഹ്മണികതയെ ഉൾക്കൊണ്ട ഒന്നായിരുന്നുവെന്നും സുനിൽ.പി.ഇളയിടം വിലയിരുത്തുന്നുണ്ട്:

'ആധുനികതയുടെ സ്ഥാപനരൂപങ്ങളെ – ആധുനിക വിദ്യാഭ്യാസം, നീതിന്യായക്കോടതികൾ, പൊതു ഉദ്യോഗങ്ങൾ എന്നിങ്ങനെ – ആശ്രയിച്ചു കൊണ്ട് ജാതി ബന്ധങ്ങളെ മറികടക്കാൻ നടത്തിയ ശ്രമങ്ങൾ വിജയത്തിലെത്തിയില്ല എന്നതിന് 60 വർഷം പിന്നിട്ട രാഷ്ട്രചരിത്രം തന്നെ തെളിവ് തരുന്നുണ്ട്. ആധുനികതയുടെ സ്ഥാപനസാമഗ്രികൾ ജാതിബന്ധങ്ങളുടെ പ്രത്യക്ഷഘടനയെ മറികടക്കുന്നതിൽ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. നമുക്ക് സന്യാസം തന്നത് ബ്രിട്ടീഷുകാരാണ് എന്ന ഗുരുവിന്റെ പ്രഖ്യാതമായ നിരീക്ഷണം തൊട്ട് ഇതിന് തെളിവുകളുണ്ട്. എന്നാൽ

ആധുനീകരണത്തിന്റെ പ്രയോഗപദ്ധതി അതിൽ തന്നെ ജാതി നശീകരണത്തിന് പര്യാപ്തമായി രുന്നില്ല. മറുഭാഗത്ത് കേവലമായ വർഗകൽപ്പനയും അതിലധിഷ്ഠിതമായ വർഗസമരസങ്കൽപവും ജാതിയെ മറികടക്കാൻ പോന്നതായിരുന്നില്ല.'[10]

## നവോത്ഥാനത്തിന്റെ തലങ്ങൾ

രൂഢമൂലമായ അടിമബോധം, ശക്തമായ വിധിവിശ്വാസം, നിരക്ഷരത, അന്ധവിശ്വാസ ങ്ങൾ - തുടങ്ങി അനവധിയായ സാമൂഹ്യ അനീതികളുടെയും വിപത്തുകളുടെയും ഇരയായ അടിയാളവിഭാഗം സമൂഹപുരോഗതിയുടെ മുഖ്യധാരയിലേക്കെത്താൻ ധാരാളം പ്രതിസന്ധികൾ നേരിടേണ്ടി വരുന്നുണ്ട്. ശക്തമായ രാഷ്ട്രീയ സംഘടനാവബോധത്തിന്റെ അഭാവം അടിയാള രുടെ മുന്നേറ്റത്തിനുള്ള ഊർജ്ജം സമാഹരിക്കുന്നതിനുള്ള ദൗർബല്യമായിരുന്നു. 19-ാം നൂറ്റാ ണ്ടിന്റെ ഉത്തരാർദ്ധം മുതൽ കീഴാളവിഭാഗം കൊളോണിയൽ മാറ്റങ്ങൾക്ക് വിധേയമാകുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ പാതി പിന്നിടുമ്പോഴും പരമ്പരാഗതമായ അടിമജീവിതത്തിൽ നിന്ന് കർഷകത്തൊഴിലാളി എന്ന നിലയ്ക്കുള്ള പേരുമാറ്റം മാത്രമേ അടിസ്ഥാനപരമായി സംഭവിക്കു ന്നുള്ളൂ. കൊളോണിയൽ കാലത്തെ ഉത്പാദന ബന്ധങ്ങളിലേക്കുള്ള ഈ കൂടുമാറ്റം പരമ്പരാ ഗത സാമൂഹ്യഘടനയ്ക്കകത്തുതന്നെ സംഭവിച്ച മാറ്റമായിരുന്നു. ഈ ഘട്ടത്തിലാണ് അധ്വാന വർഗത്തിന്റെ അവശതകളെ മുഖ്യസാമൂഹ്യപ്രശ്നമായി ഏറ്റെടുക്കുന്നതിൽ കേരളത്തിലെ ഇട തുപക്ഷ പ്രസ്ഥാനം പ്രധാന പങ്കു വഹിക്കുന്നത്. ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനുമെതിരായ സമരങ്ങളെ തൊഴിലാളികളുടെ ന്യായവാദങ്ങളുമായി കൂട്ടിയിണക്കിയുള്ള സമരരീതിക്കാണ് കമ്മ്യൂ ണിസ്റ്റ് പാർട്ടി നേതൃത്വം നൽകിയത്. അതാണ് ഇടതുപക്ഷ വീക്ഷണങ്ങളിലധിഷ്ഠിതമായ വർഗ സമര ബോധ്യങ്ങളിലേക്ക് അവർ ആനയിക്കപ്പെടുന്നത്. സ്വാതന്ത്ര്യത്തിനും സമത്വത്തിനും സോഷ്യലിസത്തിനും വേണ്ടി ഉയർന്ന മുദ്രാവാക്യം അവരെ ഒറ്റ വർഗമാക്കി-തൊഴിലാളി വർഗ മാക്കി രൂപപ്പെടുത്തി. അതാണ് ശക്തമായ അവകാശങ്ങൾ ഉയർത്തിക്കൊണ്ട് കർഷകത്തൊഴി ലാളി യൂണിയനിലേക്കും പിന്നീട് വർഗസമരത്തിലധിഷ്ഠിതമായ സാമൂഹ്യ-രാഷ്ട്രീയ വിപ്ലവ ങ്ങളിലേക്കും വഴി തുറക്കുന്നതും. ഇരവുപകൽ ഭേദമന്യേ മാടിനു സമം അധോമുഖരായി പണി യെടുത്തിട്ടും കോരനടക്കമുള്ള അടിയാളരുടെ അധ്വാനമൂല്യത്തെ ജന്മി തരിമ്പുപോലും വില വെക്കുന്നില്ല. മനുഷ്യത്വരഹിതമായ മർദ്ദനങ്ങളും ചൂഷണങ്ങളുമൊക്കെ നിലനിന്നു പോന്ന ജന്മി കുടിയാൻ ബന്ധത്തിന് പോറലേൽപ്പിക്കുന്നു. കാലാകാലങ്ങളായി നിലനിന്നുപോന്ന ജാതി-ജന്മി വ്യവസ്ഥയ്ക്ക് ശൈഥില്യം സംഭവിക്കുകയും പുതിയ കൊളോണിയൽ മുതലാളി രൂപപ്പെടുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ പഴയ ജന്മി-കുടിയാൻ ഘടന മുതലാളി-തൊഴിലാളി ഘടന

യായി പരിണമിക്കുന്നു. അവയ്ക്ക് കൂട്ടായി മുതലാളിത്തത്തിന്റെ സാമ്പത്തിക നീതി നടപ്പിലാക്കപ്പെടുകയും ചെയ്യുന്നു. ഈ പരിണാമങ്ങളോടുള്ള കർഷകത്തൊഴിലാളികളുടെ വർഗപരതയിലൂന്നിയ പ്രതികരണങ്ങൾ ആവിഷ്ക്കരിക്കാനാണ് തകഴി രണ്ടിടങ്ങഴിയിലൂടെ ശ്രമിച്ചിട്ടുള്ളത്.

## ജന്മി-കുടിയാൻ ബന്ധത്തിലെ വിള്ളൽ

ആറായിരപ്പറ കണ്ടത്തിന്റെ ഉടമസ്ഥനാണ് ജന്മിയായ പുഷ്പവേലിൽ ഔസേപ്പ്. മുൻ അധ്യായത്തിൽ വിശദീകരിച്ച, പഴയ നായർ ദായക്രമത്തിന്റെ തകർച്ചയുടെ ആനുകൂല്യവും ആളോഹരി ഭാഗത്തിന്റെ ഗുണവശങ്ങളും അനുഭവിച്ചു കൊണ്ട് പുതിയ സാമൂഹ്യക്രമത്തിന്റെ മുഖ്യധാരയിലേക്ക് വന്നെത്തുന്ന ഭൂവുടമാവൃന്ദത്തിന്റെ പ്രതിനിധികൂടിയാണയാൾ. വൻകിട ജന്മിയായ ഔസേപ്പിന് ആറുവെള്ളം വറ്റിക്കുന്ന എഞ്ചിൻ, വലിയ വള്ളങ്ങൾ തുടങ്ങിയ ഉദ്പാദന ഉപകരണങ്ങളൊക്കെയുണ്ട്. കൃഷിചെയ്യുന്നതും നെല്ലുവിളയിക്കുന്നതും എന്തിനെന്ന ചോദ്യം അയാളെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ്. വയറ്റുപിഴപ്പല്ല, ലാഭമുണ്ടാക്കാൻ വേണ്ടിയുള്ള വ്യവസായം മാത്രമാണ് ഔസേപ്പു മുതലാളിക്ക് കൃഷി. അങ്ങനെ വരുമ്പോൾ അയാളുടെ പാടത്ത് പണിക്ക് വരാതെ മടികാണിച്ചാൽ ക്ഷോഭിക്കുന്നത് അയാളിലുണ്ടെന്ന് അടിയാൻ തെറ്റിദ്ധരിക്കുന്ന നേരുള്ള ജന്മിയല്ല-മറിച്ച് നെറിയില്ലാത്ത മുതലാളിയാണ്. ആ ജന്മി ചേന്നന്റെ കാല് അടിച്ചു ഒടിച്ചുകളയുകയും പുര വലിച്ച് പൊളിക്കുകയും ചെയ്തു. ചട്ടിയും കലവും തല്ലിപ്പൊട്ടിച്ചു. ചെറിയ കുട്ടികളെ തല്ലിയോടിക്കുകയും ഒടുക്കം മൂത്ത കുട്ടി ഇളയതിനെയും കൊണ്ട് കഴുത്തറ്റം വെള്ളത്തിൽ ചാടേണ്ടിയും വന്നു. കാലൊടിഞ്ഞു വീണിട്ടും ചേന്നന് പിന്നെയും പൊതിരെ തല്ല് കിട്ടുന്നു. ആഘട്ടത്തിലാണ്, മനുഷ്യബന്ധങ്ങൾ മാറുന്നതിനെപ്പറ്റി കുഞ്ഞപ്പി ഇങ്ങനെ ഓർത്ത് താരതമ്യപ്പെടുത്തുന്നത്:

'ആ പഴേ തമ്പ്രാക്കന്മാരു പോയി. അവരു തല്ലി കാലൊടിച്ചാല്, അവര് കരയും. അവരു തന്നെ അടുത്തിരുന്ന ചുശ്രൂഷിക്കും. അവർക്ക് അടിയാരെന്നു മച്ചാല് മീട്ടിപ്പെട്ടോരാരുന്നു'[11]

കേവലം വ്യക്ത്യധിഷ്ഠിതമായ ഒരു സ്വഭാവ വിശേഷം എന്ന നിലയിലല്ല കുടിയാന്റെ താരതമ്യത്തെ വിലയിരുത്തേണ്ടത്. സാമൂഹിക ബന്ധങ്ങളിലും മാനുഷികതയിലും ഉള്ള വ്യതിയാനം ഈ സംഭാഷണങ്ങളിൽ ഉള്ളടങ്ങുന്നുണ്ട്. പുതിയ കാലത്ത്, പഴയ ഫ്യൂഡൽ ബന്ധങ്ങളിൽ ഉണ്ടായിരുന്ന ജന്മി-കുടിയാൻ ബന്ധത്തിൽ വിള്ളൽ വന്നു ചേർന്നിരിക്കുന്നു. പഴയ തമ്പുരാൻ തല്ലിയാൽ അതൊരു ഗുണമായിരുന്നു. അടിയാനെ സ്വന്തം കുടുംബം പോലെ ജന്മികരുതുകയും അവന്റെ ആവശ്യങ്ങളോട് മനസ്സലിവ് കാട്ടുകയും ചെയ്തിരുന്നു. പണ്ട് അപ്പൂപ്പൻ മരിച്ച

സമയത്ത് മൂത്ത തമ്പുരാൻ കുടിലിൽ വന്ന് പൊട്ടിക്കരഞ്ഞത് കോരനോർക്കുന്നുണ്ട്. മുമ്പ് കൃഷി പശിയടക്കാനുള്ള ജീവനോപാധിയായിരുന്നു. ഇപ്പോൾ ആ അവസ്ഥ മാറിയിരിക്കുന്നു. വ്യവസായത്തിന്റെ മനശ്ശാസ്ത്രവും സാമ്പത്തിക ശാസ്ത്രവും ലാഭം മാത്രമാണ്. അതുകൊണ്ട് മനുഷ്യത്വത്തിന് ഒരു പ്രസക്തിയും ഇല്ലെന്ന് പതുക്കെ അടിയാളർ തിരിച്ചറിഞ്ഞുതുടങ്ങുന്നു.

## തൊഴിലാളി-മുതലാളി വർഗവ്യത്യാസം

മർദ്ദനങ്ങളുടെയും ചൂഷണങ്ങളുടെയും ഇടയിലും പഴയ ജന്മി-കുടിയാൻ ബന്ധം പരസ്പര സ്നേഹത്തിന്റെയും പരിഗണനയുടെയും 'മാനുഷികത' സൂക്ഷിച്ചിരുന്നതായി അടിയാളർ ഓർക്കുന്നുണ്ട്. കൊളോണിയൽ കാലത്ത് ആ ഇഴയടുപ്പം അപ്രത്യക്ഷമാവുകയും. ജന്മി- കുടിയാൻ ബന്ധം മുതലാളി - തൊഴിലാളി ബന്ധമായി രൂപാന്തരപ്പെടുകയും ചെയ്തു. എന്റേത് നിന്റേത്, അത്ര ഇത്ര എന്നിങ്ങനെ ജന്മി അരിഷ്ട ജീവിതങ്ങളോട് കണക്കുപറഞ്ഞുതുടങ്ങുന്നു. തമ്പ്രാക്കന്മാർ സുഖജീവിതം നയിക്കുന്ന കാണായ പറമ്പെല്ലാം അടിയാന്മാർ വെള്ളത്തിൽ നിന്ന് കുത്തിപ്പൊക്കിയെടുത്തതാണ്. പണ്ട് എട്ടു വീടുമാത്രമായിരുന്നത് ഇന്ന് എണ്ണൂറായി ഉയർന്നിരിക്കുന്നു. പറയനും പുലയനും രാപ്പകൽ വേല ചെയ്തുണ്ടാക്കിയ നെല്ല് തമ്പ്രാക്കന്മാർ അറയിൽ വാരി നിറച്ചിരിക്കുന്നു. അടിയാന്മാർ അധ്വാനിച്ച് കുത്തിപ്പൊക്കിയ പറമ്പിൽ തൈ വെച്ച് അവർ തേങ്ങയിടുന്നു. എല്ലുമുറിയെ പണിയെടുത്താലും അന്നന്നത്തെ കൂലി പോലും നിഷേധിക്കപ്പെടുന്നു. ഈ രീതിയിൽ, മുമ്പുണ്ടായിരുന്ന ബന്ധവും വിശ്വാസവുമൊക്കെ പോയ്പോയിരിക്കുന്നു. ചേന്നന് കിട്ടിയ മനുഷ്യത്വരഹിതമായ മർദ്ദനം കോരന് ന്യായീകരിക്കാനാവുന്നില്ല. ജീവൻ കളഞ്ഞു വേല ചെയ്താലും ഒരു ഫലവുമില്ലെന്നും തങ്ങൾ മണ്ടന്മാരാണെന്നുമുള്ള തോന്നലുകളുണരുന്നു. മാത്രമല്ല, ഏൻ അറയ്ക്കലടിയാനാ, 'ഏൻ പുഷ്പവേലി ഓണപ്പണിക്കാരനാ, ഏൻ തമ്പ്രാ സൊത്തുകാരാനാ ഞങ്ങക്ക് എല്ലാരെക്കാളും കൂടുതൽ വെളവുകിട്ടി' (രണ്ടിടങ്ങഴി പേജ് 33) – എന്നൊക്കെ ഭാവിച്ചു നടക്കുന്നതിലെ ഫലരാഹിത്യത്തെക്കുറിച്ചും പരിഹാസ്യതയെക്കുറിച്ചും ഉള്ള തിരിച്ചറിവ് കോരനിൽ രൂപപ്പെടുന്നു. അവ തങ്ങളോടു തന്നെയുള്ള ചോദ്യങ്ങളായും പരിണമിക്കുന്നു:

'അടിയാനും തമ്പുരാനും തമ്മിലുള്ള ബന്ധത്തെ എഴുതി ഒപ്പിട്ട കടലാസ് നിർവ്വചിക്കുന്ന ഇക്കാലത്ത് തമ്പുരാൻ തല്ലിയാൽ, കൂലി ശരിക്കു കൊടുത്തില്ലെങ്കിൽ, ചെറുവാല്യക്കാർ തമ്പുരാക്കന്മാർ പെണ്ണാളിന്റെ പിന്നിൽ നിന്നു മാറിയില്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്?'[12]

നിരക്ഷരനായ, സംഘടിതബോധമില്ലാത്ത, അവകാശചിന്തയില്ലാത്ത അടിയാന്മാരുടെ മുമ്പിൽ യാന്ത്രികമായ, തികച്ചും ഔപചാരികമായ കണക്കു പറച്ചിലുകളുടെ ലോകം വന്നു

ചേർന്നിരിക്കുന്നു. ചോര നീരാക്കി അധ്വാനിച്ച് വളർത്തിയെടുത്ത കൊയ്ത്തുപാടത്ത് വിളവെടുക്കുന്ന വേളയിൽ, പട്ടിണിയായിരുന്ന കോരൻ അധ്വാനക്ഷീണമകറ്റാൻ കള്ളുകുടിക്കാൻ അല്പം കതിരെടുത്ത് പുട്ടിലിലിടുന്നുണ്ട്. അതുകണ്ട തമ്പുരാൻ കരാറും കണക്കും ഓർമ്മപ്പെടുത്തി പരസ്യമായി ശാസിക്കുകയും കതിരുകൾ തിരിച്ചിടുവിക്കുകയും ചെയ്യുന്നു. ജീവച്ഛവമായി കോരൻ അധോമുഖനായി പറമ്പിൽ തളർന്നിരുന്നു പോകുന്നു. വിശപ്പും ദാഹവും സഹിക്കാം. പക്ഷേ അപമാനം സഹിക്കാവുന്നതിലപ്പുറമായി അവനനുഭവപ്പെടുന്നു.

'തമ്പ്രാൻ കരുതികൾക്ക് അങ്ങനാ അനുപവം' (രണ്ടിടങ്ങഴി പേജ് 57)

എന്ന് എവിടെ നിന്നൊക്കെയോ ആയി പാടത്ത് കൊയ്യാനെത്തിയ അടിയാത്തിമാർ പോലും ആ നന്ദികേട് തിരിച്ചറിയുന്നുണ്ട്.

'നെല്ലൊണ്ടായാല് തമ്പ്രാക്കന്മാര് അങ്ങു കൊണ്ടുപോകും അവറു നമ്മളടെ തമ്പ്രാക്കന്മാരാന്നോ?' (രണ്ടിടങ്ങഴി പേജ് 39) എന്ന ചിരുതയുടെ വർഗബോധ്യത്തിനു മുമ്പിൽ മുൻപ് കോരന് ഒരു ക്ഷണം ഉത്തരം മുട്ടിയതുമാണ്.

തന്റെ തമ്പുരാൻ, തന്റെ അധ്വാനം, തന്റെ നില്പ്, തന്റെ അധികാരവും അവകാശവും ഇങ്ങനെ പലവിധ ചോദ്യങ്ങളും ചിന്തകളും അയാളെ മഥിക്കുന്നു. കണക്കുപറഞ്ഞും കൂലി കുറച്ചും ലാഭം കൂട്ടിയും വളർന്നു തിടംവെക്കുന്ന മുതലാളിവർഗത്തിന്റെ ഭാവപരിണാമത്തെ ഈ വേളയിൽ കോരനിലെ അടിമ തിരിച്ചറിയാൻ തുടങ്ങുന്നു.

## ഫ്യൂഡൽഘടനയിൽ നിന്ന് മുതലാളിത്തഘടനയിലേക്ക്

പഴയ സാമൂഹ്യഘടനയെ ഗൃഹാതുരതയോടെ ഒരു അടിയാൻ ഓർമ്മിക്കുന്നുണ്ട്:

'അവരു കൃഷിചെയ്യുന്ന നെല്ല് വിക്കാനെക്കൊണ്ടും സൊത്തൊണ്ടാക്കാനെക്കൊണ്ടുമല്ലാരുന്നു. മനുഷേനു തിന്നാനാ നെല്ല് '(രണ്ടിടങ്ങഴി പേജ് 28)

പരിവർത്തിത കാലഘട്ടത്തിൽ ചവിട്ടി നിന്നുകൊണ്ടുള്ള അടിയാന്റെ ഈ ഓർമ്മയിലും താരതമ്യപ്പെടുത്തലിലും മനുഷ്യബന്ധങ്ങൾ, സാമ്പത്തിക താല്പര്യങ്ങൾ, സാമൂഹികാവസ്ഥ, കാർഷിക വീക്ഷണം തുടങ്ങിയ അനവധി തലങ്ങളിൽ ദൃശ്യമാവുന്ന മാറ്റങ്ങളെ വായിച്ചെടുക്കാനാവും. പഴയ ജന്മി എല്ലാം തികഞ്ഞത് എന്ന അർത്ഥത്തിലല്ല- തമ്മിൽ ഭേദമായിരുന്ന ആ പഴയ തമ്പ്രാൻ മുതലാളി ആയി മാറിയിരിക്കുന്നു. എഞ്ചിൻ അടക്കമുള്ള യന്ത്രോപകരണങ്ങൾ വന്നതോടെ കാർഷികവൃത്തി വ്യവസായ വൃത്തിയായി രൂപവും ഭാവവും മാറുന്നു. ഭക്ഷ്യവസ്തു എന്ന നിലയിൽ നിന്ന് സാമ്പത്തിക മൂല്യമുള്ള ഒരു ചരക്കായി നെല്ല് പരിണമിച്ചിരിക്കുന്നു.

സർവ്വോപരി ജന്മി സ്നേഹരാഹിത്യവും സദാചാര ശൂന്യതയും പ്രകടിപ്പിക്കുന്ന ഒരാളിയിത്തീർന്നിരിക്കുന്നു.

നെൽകൃഷിയും വ്യവസായവും തമ്മിലുള്ള പുതിയ സാമ്പത്തിക ബന്ധത്തിന് ബ്രിട്ടീഷ് അധിനിവേശവുമായി നേരിട്ട് ബന്ധം ഉണ്ട്. തവിടുള്ള അരിക്ക് പകരം തവിടുനീക്കി വെളുപ്പിച്ച അരി മാർക്കറ്റിൽ വരാൻ തുടങ്ങിയത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ്. ജർമ്മനിയിൽ യന്ത്രം ഉപയോഗിച്ച് അരിമില്ലുകൾ തവിട്ടരിയെ വെളുപ്പിച്ചെടുത്തിരുന്നു. യൂറോപ്പിലെ നഗരങ്ങളിലാണ് മില്ലിൽ കുത്തി വെളിപ്പിച്ച അരി എത്തിയത്. വെളുപ്പിച്ച അരി വന്നതോടെ തവിട്ടരി ഭക്ഷിക്കുന്നത് അവിടെ അന്തസുകുറഞ്ഞ ഏർപ്പാടുമായിത്തീർന്നു. യഥാർത്ഥത്തിൽ അരിമില്ലുകൾ അരിയെ തവിടുനീക്കി വെളുപ്പിച്ചത് അരി കുറേക്കാലം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യം മുൻനിർത്തിയായിരുന്നു. മില്ലിൽ കുത്തി തവിടുനീക്കി വെളുപ്പിച്ചതോടെ അരി കേടുകൂടാതെ സൂക്ഷിക്കാൻ വ്യാപാരികൾക്ക് സാധിച്ചു. വെളുപ്പിച്ച അരിയുടെ സാമൂഹിക സാമ്പത്തിക മാനത്തെ ബ്രിട്ടീഷ് അധിനിവേശവുമായി ഇങ്ങനെ കൂട്ടിവായിക്കാം:

'ബ്രിട്ടീഷ് ഭരണത്തിലെ കടുത്ത നികുതികളും കയറ്റുമതിക്ക് വേണ്ടിയുള്ള നാണ്യവിളകളുടെ പ്രോത്സാഹനവും മൂലം ഭക്ഷ്യോൽപാദനം തകർന്നപ്പോൾ ഇന്ത്യയിൽ അടിക്കടി ഭക്ഷ്യക്ഷാമമുണ്ടായി. പ്രാദേശികമായുണ്ടായിരുന്ന ഭക്ഷ്യസ്വയം പര്യാപ്തത അവതാളത്തിലായി. മാത്രമല്ല ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിന്ന് വൻതോതിൽ അവരുടെ രാജ്യത്തേക്ക് നെല്ല് കയറ്റിഅയക്കുകയും ചെയ്തു. അരിക്കച്ചവടം ബ്രിട്ടീഷുകാർ തങ്ങളുടെ കുത്തകയാക്കിയിരുന്നു. അവർ 120 സേറിന് ഒരു രൂപ വിലവെച്ച് കർഷകരിൽ നിന്ന് അരി പിടിച്ചെടുക്കും എന്നിട്ട് അത് 15 സേറിന് ഒരു രൂപ നിരക്കിൽ വിൽക്കും.'[13]

അടിയാന് അരവയറിന്റെ അന്നം നിഷേധിക്കുന്ന നെൽക്കൂലി നിരാസത്തിന് പിന്നിലെ സാമ്പത്തികശാസ്ത്രം ഇതാണ്. ഔസേപ്പിനേക്കാൾ വലിയ മുതലാളിയായി കൊളോണിയൽ മുതലാളിത്തം മുകളിൽ നിൽക്കുന്നുണ്ട്. കൃഷി സാമൂഹ്യജീവിതത്തിന്റെ ഭാഗമെന്ന നിലയിൽ നിന്നും സംസ്കാരത്തിന്റെ മുദ്രയണിഞ്ഞ അധ്വാനരൂപമെന്ന നിലയിൽ നിന്നും ലാഭത്തിന്റെ വ്യവസായക്കണക്കിലേക്ക് മാറാൻ തുടങ്ങിയതിന്റെ പശ്ചാത്തലമിതാണ്.

## നവോത്ഥാന പ്രത്യക്ഷങ്ങൾ

### ഉള്ളവനും ഇല്ലാത്തവനും

മാറുന്ന കാലത്തും അധികാര സ്ഥാനങ്ങളിലെത്തിപ്പറ്റിയ തദ്ദേശീയരായ രാഷ്ട്രീയ ഭരണവൃന്ദത്തിൽ അടിയാളർ വലിയ പ്രതീക്ഷയൊന്നും വെച്ചുപുലർത്തുന്നില്ല. തമ്പ്രാക്കന്മാരുടെ കൂടെ

സഭയ്ക്ക് പോയി ഒന്നിച്ചിരിക്കുകയൊക്കെ ചെയ്യാമെന്നല്ലാതെ നേതാക്കന്മാരുടെ പ്രസംഗവും പ്രവൃത്തിയും തമ്മിൽ വലിയ പൊരുത്തമൊന്നും അവർക്ക് കാണാനും അനുഭവിക്കാനും പറ്റു ന്നില്ല. തമ്പ്രാന്റേയും പറയന്റേയും ചോര ഒരു പോലെയാണെന്ന് പറയുമ്പോഴും പ്രസംഗം കഴി യുമ്പോൾ അവരുടെ തീനും കുടിയുമൊക്കെ തമ്പുരാന്റെ വീട്ടിൽ വെച്ചാണ്. അവരിൽ നിന്ന് ചക്രം പറ്റുന്ന നേതാക്കന്മാർക്ക് തമ്പുരാന്റെ മുഖത്തുനോക്കി കൂലി കൂട്ടിക്കൊടുക്കാൻ പറയാ നാവില്ലെന്നും തമ്പുരാൻ വരച്ച വരയിൽ തന്നെ അവർ അനങ്ങാതെ നിൽക്കുമെന്നും അടിയാളർ ഉറച്ചുവിശ്വസിക്കുന്നു. ജന്മി, നായർ ആയാലും മാപ്പിള ആയാലും ജന്മി-മുതലാളിമാരുടെ പൊതു താൽപര്യം (സാമ്പത്തികം) വരുമ്പോൾ അവർ തർക്കം മറന്ന് ഒന്നിച്ചു നിൽക്കുമെന്നതിന് ഉദാ ഹരണങ്ങളുണ്ട്. ആ അനുഭവ സാക്ഷ്യമാണ് കോരനിലെ വർഗ്ഗബോധത്തെ ഉണർത്തി നെല്ലും ചക്രോം ഉള്ളോനെന്നും ഇല്ലാത്തോനെന്നും രണ്ടു ജാതിയേയുള്ളൂ (രണ്ടിടങ്ങഴി പേജ് 49) എന്ന തിരിച്ചറിവിലെത്തിക്കുന്നത്. നോവൽ മുന്നോട്ട് വെക്കുന്ന രാഷ്ട്രീയ വിപ്ലവാദർശത്തിന്റെ താക്കോൽ കോരന്റെ ഈ കണ്ടെത്തലിൽ ഉള്ളടങ്ങിയിട്ടുണ്ട്. പണത്തിന്റെയോ അധികാരത്തി ന്റെയോ വേഴ്ചയ്ക്ക് ജാതിയോ മതമോ നിർണ്ണായകഘടകങ്ങളാവുന്നില്ല. മുതലാളിത്തത്തിന്റെ സാമൂഹിക ഘടകങ്ങളായ ഉടമസ്ഥനും ഉല്പാദകനും തമ്മിലുള്ള സംഘർഷത്തെ മുറിച്ചുകട ക്കാൻ പ്രത്യയശാസ്ത്രത്തിലധിഷ്ഠിതമായ സാമൂഹ്യ വിശകലനത്തിലേക്ക് അതറിയാതെയാണെ ങ്കിലും കോരൻ എത്തപ്പെടുന്ന സന്ദർഭം ഇതാണ്.

### കോരന്റെ വർഗസത്ത

മനുഷ്യനാവുകയും മനുഷ്യൻ നന്നാവുകയുമെല്ലാം ഉത്ഥാനകാലത്തെ മാനസിക വികാ സത്തിന്റെയും സാമൂഹിക പരിണാമത്തിന്റെയും മുദ്രാവാക്യങ്ങളും ലക്ഷ്യങ്ങളുമാണ്. വിധേയ ത്വത്തിൽ നിന്ന് വ്യക്തിത്വത്തിലേക്കുള്ള ഓരോരുത്തരുടെയും ഉണർച്ചയാണ് നവോത്ഥാനത്തിന്റെ ആധാരശിലയും ഭാവവും. നൂറ്റാണ്ടുകളിലൂടെ അടിച്ചമർത്തപ്പെടുക വഴി രൂപപ്പെട്ട അധോമുഖ വ്യക്തിഭാവങ്ങളെ ഊർദ്ധ്വമുഖരാക്കുക അനായാസകരമായ കൃത്യമല്ല. സാമൂഹ്യചരിത്രത്തിൽ ഇന്ത്യയെ സംബന്ധിച്ച് വ്യക്തി എന്ന വാക്ക് എത്രത്തോളം അപ്രധാനമായിരുന്ന ഒന്നായിരുന്നു വെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്:

'ഇന്ത്യയെ സംബന്ധിച്ച് വ്യക്തിയെന്ന വാക്ക് അത്ര പ്രധാനപ്പെട്ട ഒന്നായിരുന്നില്ല. ഇന്ത്യ യിൽ വ്യക്തി (Individual) സർവ്വാതിശായിയായ ബ്രഹ്മ ചൈതന്യത്തിന്റെ സ്ഫുരണമായിരുന്നു. മാത്രമല്ല ഇന്ത്യയിൽ വ്യക്തിബോധം വർണ്ണപരമോ ജാതീയമോ ആയ ആശയാവലികളാൽ ബന്ധി

തവുമായിരുന്നു. ഉത്പാദനം പോലും അനുഷ്ഠാനാത്മകമായിരുന്നു. സിവിൽ നിയമങ്ങളല്ല ആന്ത രവത്കരിച്ച വർണ്ണാദി നിയമങ്ങളായിരുന്നു ഇവയെ നയിച്ചത്. ധർമ്മമായിരുന്നു ഇച്ഛയായിരു ന്നില്ല അവന്റെ /അവളുടെ പ്രവൃത്തികൾക്കാധാരം. സമൂഹം എന്ന പൊതു ഇടത്തെക്കുറിച്ചുള്ള ബോധം തന്നെ സാധ്യമായിരുന്നില്ല.' [14]

ലോകത്ത് മധ്യകാല സമൂഹത്തിന്റെ തകർച്ചയോടെയാണ് ഇന്നു കാണുന്ന രീതിയിൽ വ്യക്തി അവബോധങ്ങൾ രൂപപ്പെടുന്നത്. വ്യക്തി-വ്യക്തിത്വം തുടങ്ങിയ സങ്കല്പങ്ങളിലേക്ക് ആധുനിക വ്യക്തിത്വം പരിണമിക്കുന്നത് മുതലാളിത്ത വ്യവസ്ഥയും അതുണ്ടാക്കുന്ന ലോക ബോധവുമൊക്കെച്ചേർന്നാണ്. ശാസ്ത്രീയചിന്ത, സാമ്പത്തിക രാഷ്ട്രീയ പരിണാമം ഇവയൊക്കെ വ്യക്തിത്വത്തെക്കുറിച്ചുള്ള ബോധരൂപീകരണം സാധ്യമാക്കി. ചരിത്രത്തിലൂടെ കടന്നുപോ വുമ്പോൾ വ്യക്തിത്വത്തെക്കുറിച്ച് രൂപപ്പെടുന്ന സങ്കല്പം ഇപ്രകാരമാണ് :

'മതപരമായ ബോധത്തിൽ നിന്ന് സ്വതന്ത്രമായതും ശാസ്ത്രീയ യുക്തിയുടെയും സാമ്പ ത്തിക ബന്ധങ്ങളുടെ വികാസത്തിന്റെയും പശ്ചാത്തലത്തിൽ രൂപപ്പെടുകയും വളർന്നുവരികയും ചെയ്ത തികച്ചും ആധുനിക സങ്കല്പമാണ് പശ്ചാത്യചിന്തയിൽ വ്യക്തിത്വം.'[15]

അനുഷ്ഠാനപരതയിലും ധർമ്മ ചിന്തയിലും ഉടക്കി നിന്നിരുന്ന വ്യക്തിയുടെ ഇച്ഛ കെട്ടു പാടുകൾ വിച്ഛേദിക്കാൻ ശ്രമിക്കുന്നതിന്റെ ചിത്രം തകഴി രണ്ടിടങ്ങഴിയിൽ അവതരിപ്പിക്കുന്നു ണ്ട്. ഓണപ്പണിക്കൊടുവിലെ വേലക്കാരുടെ കണക്കുതീർപ്പ് വേളയിൽ, താൻ പറ്റിയതും പറ്റാനു ള്ളതും കൃത്യമായി നിശ്ചയമുള്ള കോരൻ തമ്പ്രാന്റെ പിഴച്ച കണക്കിനെ എതിർത്ത് 'അത് കള്ളമാ തമ്പ്രാ' എന്ന് പ്രതികരിച്ചപ്പോൾ ജന്മിയുടെ മട്ടും ഭാവവും മാറുന്നു. 'തെമ്മാടി നീ കണക്കുപറ യുന്നോടാ? എന്റെ കണക്കു കള്ളമാണോടാ? നിനക്ക് മാത്രം കള്ളം, ധിക്കാരി' - എന്നിങ്ങനെ അയാൾ അടിയാന്റെ നേരെ ഉറഞ്ഞുതുള്ളുന്നു. തന്റെ അധ്വാനത്തെ വിലമതിക്കാത്ത, ആത്മ മാർത്ഥതയെ അംഗീകരിക്കാത്ത, സത്യസന്ധതയെ കള്ളമാക്കി മാറ്റിയ തമ്പുരാന് മുമ്പിൽ കോരൻ പകച്ചു നിൽക്കുന്നു. ഓരോ നിമിഷവും പലവിധ വികാരങ്ങളും ആവേശങ്ങളും അവന്റെ ആത്മാ വിനെ പിടിച്ചുലയ്ക്കുന്നു. അതുവരെ തോന്നാത്ത വികാരക്കൊടുങ്കാറ്റിനാൽ അകം ഇളകി മറി യുന്നു. മനസ്സലിവും മനുഷ്യത്വവും കാട്ടാതെ സ്വന്തം അടിയാനെ പിഴിഞ്ഞു രസിക്കുന്ന ആർത്തി മൂത്ത ജന്മിയുടെ നേരെ കോരനിലുണരുന്ന പ്രതിഷേധം ചൂഷകനായ ജന്മിക്കുനേരെ ചൂഷിത നായ അടിയാനിലുണരുന്ന പ്രതിഷേധമായി രൂപാന്തരപ്പെടുന്നു:

'എന്തിന് ഈ തമ്പുരാൻ എന്നു പറയുന്നവനെ വിശ്വസിക്കണം. ... അവൻ ഈ നെല്ലും പണവും കൂട്ടി സംഭരിച്ച് എന്തുചെയ്യാൻ പോന്നു? .... ഈ നെല്ലുണ്ടാക്കുന്നതിന് അയാൾക്ക്

എന്തുപാടുവന്നു? അന്നാദ്യമായി അവനു തോന്നി, അവന്റെ പ്രയത്നഫലം മുഴുവൻ ആ കുനിച്ചിരുന്ന് കണക്ക്കൂട്ടുന്ന പിശാച് അപഹരിച്ചെന്ന് ! അവന്റെ ജീവരക്തം ഊറ്റിയൂറ്റി കുടിക്കുന്നു! ?... അവനും കഴിയണം... അവനും അവകാശമുണ്ട്. അവൻ വേല ചെയ്യുന്നുണ്ട്... ആ നെല്ലും പണവും അവന്റെ കൂടിയാണ്. ആരുടെയും സൗജന്യം വേണ്ട...'[16] അത്താഴക്കരിക്കാടിക്കാണെന്ന് പറഞ്ഞ് പലവട്ടം കെഞ്ചിയിട്ടും തന്റെ ലാഭത്തിൽ കുറവ് വരുത്താൻ ഒരുക്കമല്ലാത്ത ഔസേപ്പമാപ്പിളയിലെ മുതലാളി ഭീഷണി സ്വരം മുഴക്കുന്നു:

'വേണമെങ്കിൽ ഒരു രൂപകൊണ്ടുപോ, ഇവിടെ നെല്ലും പുല്ലുമൊന്നുമില്ല. വേല വേണ്ടെങ്കിൽ പറ്റുള്ളത് തന്നേച്ചു പോ' (രണ്ടിടങ്ങഴി പേജ് 80) നിരാലംബത, അപമാനം, നീതിനിഷേധം, ഒറ്റപ്പെടൽ, വീർപ്പുമുട്ടൽ ഇവയിൽപ്പെട്ട് പുകയുന്ന അടിയാന്റെ വ്യക്തിബോധം മോചന മാർഗ്ഗം തേടുന്നു.

കൺകണ്ട ദൈവമായ തമ്പുരാൻ പിശാചായി പരിണമിച്ചിരിക്കുന്നു. തമ്പ്രാന്റെ ലാഭക്കൊതിയും ചൂഷണവും കൊണ്ട് നിൽക്കക്കള്ളിയില്ലാതാകുമ്പോൾ അടിയാനിൽ നിന്ന് ഭാഷയിലും ഭാവത്തിലുമുള്ള ബഹുമാനം ചോർന്നു പോകുന്നു. വ്യക്തിത്വം മുറിവേൽപ്പിക്കപ്പെട്ടപ്പോഴാണ് അവൻ അവകാശ ചിന്തയിലേക്കും അതിജീവന വഴിയിലേക്കും നീതനാക്കപ്പെടുന്നത്.

## സംഘബോധവും കർഷകത്തൊഴിലാളി യൂണിയനും

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടെയാണ് കേരളീയ സമൂഹഘടന പാശ്ചാത്യവൽക്കരണത്തിലേക്കും ജനാധിപത്യവൽക്കരണത്തിലേക്കും നീങ്ങാൻ തുടങ്ങിയത്. ജാതിജന്മി വ്യവസ്ഥയിൽ കൊരുക്കപ്പെട്ട ഹിന്ദുമതം ജനാധിപത്യവൽക്കരണത്തിന് വിധേയമാകുന്നതിന്റെ ഫലമായിരുന്നു അതിനകത്തെ സാമുദായികവൽക്കരണം. ബ്രിട്ടീഷ് സഹായത്തോടെ ക്രിസ്ത്യാനികൾ സംഘടിത സാമ്പത്തിക ശേഷിയാർജ്ജിക്കുന്നത് നായർ വിഭാഗത്തിൽ ഐക്യചിന്ത ഉണർത്തുകയും വിവിധ നായർ ഉപജാതികൾ ആഭിജാത്യഭേദം ഉപേക്ഷിച്ച് എൻ എസ് എസിനു കീഴിൽ ഒന്നാവുകയും ചെയ്യുന്നു. ആ സംഘബോധം പരമ്പരാഗത ബ്രാഹ്മണ - ക്ഷത്രിയ മേൽക്കോയ്മയിൽ നിന്ന് അവരെ മോചിതരാക്കുകയും ചെയ്യുന്നുണ്ട്. എസ് എൻ ഡി പിയും ഇതേപോലെ ചോവനെയും ഈഴവനെയും ബില്ലവനെയും തീയ്യനെയും ഒറ്റസംഘടനയിൽ അണിനിരത്തുന്നുണ്ട് എന്നാൽ ഈയൊരു സമുദായിക സംഘാടനം പുലയരടക്കമുള്ള അടിയാള വിഭാഗത്തിൽ വിജയം കാണുന്നില്ല. സാധുജനപരിപാലന യോഗത്തിനും പുലയ സമാജത്തിനും ഐക്യത്തിന്റെ തുടർച്ച സൃഷ്ടിക്കാനായില്ല. ശക്തമായ നേതൃത്വത്തിന്റെ അഭാവവും സംഘബോധമില്ലായ്കയും മേധാവിത്വമുള്ള ശക്തിയായി വളരുന്നതിന് ഈ വിഭാഗത്തിന് വിഘാതം സൃഷ്ടിച്ചു.

പിന്നീട്, രാഷ്ട്രീയവൽക്കരണ പ്രക്രിയയിലും കോൺഗ്രസുപോലുള്ള മുഖ്യരാഷ്ട്രീയ സംഘടനയുടെ ചാലകശക്തിയായി അധഃകൃതർ പ്രത്യക്ഷപ്പെടുന്നില്ല. സമൂഹശ്രേണിയിൽ ഉന്നത സ്ഥാനത്തുള്ള ക്രിസ്ത്യൻ- നായർ വിഭാഗങ്ങളും പിന്നോക്കക്കാരിലെ ഉപരി വർഗ്ഗക്കാരുമാണ് കോൺഗ്രസ്സിന്റെ പ്രധാന ശക്തി സ്രോതസ്സാകുന്നത്. സമുദായ വൽക്കരണത്തിലും രാഷ്ട്രീയവൽക്കരണത്തിലും തഴയപ്പെട്ട അധഃസ്ഥിത ജനതയെ ഏറ്റെടുക്കുന്നത് മുഖ്യമായും കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. കർഷകരും തൊഴിലാളികളുമടങ്ങുന്ന അധ്വാനവർഗ്ഗം ജന്മിത്വത്തിനും സാമ്രാജ്യത്തിനുമെതിരായ പോരാട്ടത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ കരുത്തായി മാറുന്നുമുണ്ട്. കോരനും അടിയാളരും വിപൽസന്ധികളെ നേരിട്ട് യുണിയൻ രൂപീകരണത്തിലൂടെ സംഘശക്തിയാവുന്നത് സാമൂഹിക മാറ്റത്തിന്റെ ചരിത്ര സാക്ഷ്യമാവുന്നുണ്ട്. അവനവനിൽ കുടിയിരിക്കുന്ന ശക്തിയെക്കുറിച്ചുള്ള അടിയാളന്റെ ബോധം അവന്റെ അബോധത്തിലുറഞ്ഞുപോയിരിക്കുന്നതിന്റെ ചിത്രം രണ്ടിടങ്ങഴിയിലുണ്ട്. ഔസേപ്പിന്റെ പാടത്ത് കൃഷിതുടങ്ങും മുമ്പ് തലേന്നത്തെ ലഹരി സൽക്കാരത്തിൽ പങ്കുകൊണ്ട് കോരനും ചേന്നനും കുഞ്ഞപ്പിയും ഇട്യാതിരിയും ചേർന്നുള്ള സംഭാഷണങ്ങൾ ഇപ്രകാരമാണ്:

'ഈ പറേരും പെലേരുമില്ലെങ്കില് എങ്ങനാ പുഞ്ചക്കണ്ടം കൃഷിനടക്കുന്നെ?'

'പറേനും പൊലേനും ഇല്ലാതെ മന്നിട്ടില്ലല്ലോ'

'നമ്മ ഒണ്ടെങ്കിലും നമ്മ മേല എടുത്തില്ലെങ്കില്'

'എന്ന ചെയ്യും?'

'നമ്മ പട്ണിയാകും'

'തമ്പ്രാക്കന്മാരും പട്ണിയാകും'

'ഇക്കണ്ട നാടെല്ലാം പട്ണി.'

(രണ്ടിടങ്ങഴി - പേജ് 27)

ജാതി ബോധവും അടിമത്തവും അടിയാളരിലെ സ്വത്വബോധത്തെ അടിച്ചമർത്തിയതിന്റെ ദൃഷ്ടാന്തമാണിത്. സംഘബോധം പകരുന്ന ശക്തി വിലങ്ങുകളെ തട്ടിമാറ്റുന്നു. തൊഴിലാളിക്ക് കൂലിയായി നെല്ല് നിഷേധിക്കുകയും പകരം ചക്രം നൽകി ലാഭക്കൊതി മൂത്ത ജന്മിമാർ നെല്ല് കൂടിയ വിലക്ക് മറിച്ചു വില്ക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ അധ്വാന വർഗ്ഗം സംഘടിക്കാൻ തുടങ്ങി.

'അടി നമ്മ ഒന്നിച്ചു നിന്നാലേ കാര്യമൊക്കൂ. തമ്പ്രാക്കന്മാർ ഒരുമിച്ചാ നിക്കുന്നെ –' എന്ന വാചകം ആരും പറഞ്ഞുകൊടുക്കാതെ തന്നെ മുതുപുലകി വരെ പറയുന്നു. പിന്നീട് സ്റ്റേറ്റ്

കോൺഗ്രസ്സുകാരന്റെ വീട്ടിൽ നിന്ന് നെല്ലുനിറച്ച വള്ളം പറയരും പുലയരും ചേർന്ന് പിടിച്ചെടുക്കുന്നു. ഇങ്ങനെ പാവപ്പെട്ടവർ സംഘടിച്ച് ഒന്നായി പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ അവന് ശബ്ദമുണ്ടാവുന്നു. ക്രമേണ, പറയരെ മേലാളർ തീറ്റിപ്പോറ്റുന്നുണ്ടെന്നു പറയുമ്പോൾ, അവനു കൂലികൊടുക്കുന്നത് സൗജന്യമെന്ന് പറയുമ്പോൾ അതിനു തക്ക മറുപടി പറയാൻ അവരുടെ നാവനങ്ങാൻ തുടങ്ങുന്നു. അത് ജന്മിമാരുടെ, അടിയാളർക്ക് നേരെയുള്ള ജന്മിമാരുടെ അടിച്ച മർത്തലിനോടുള്ള പ്രതികരണങ്ങളുടെ പ്രാരംഭമായി മാറുന്നു.

നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പു വേളയിൽ സ്വതന്ത്രസ്ഥാനാർത്ഥിയെ ജയിപ്പിക്കുകയാണെങ്കിൽ യുണിയനു വാഗ്ദാനം ചെയ്യപ്പെട്ട പതിനായിരം രൂപ നിരസിക്കുകവഴി അടിയാന്റെ അസ്തിത്വത്തിന് അതിലുമെത്രയോ മൂല്യമുണ്ടെന്ന് അവർ തിരിച്ചറിയുന്നുണ്ട്. തികഞ്ഞ വിധേയത്വത്തിൽ നിന്ന് അവകാശ ബോധങ്ങളിലേക്ക് ഉണർന്നതോടെ അവന്റെ ചോദ്യങ്ങളുടെ രീതി മാറിയിരിക്കുന്നു. ദിവസം രണ്ടിടങ്ങഴി നെല്ലും ബാക്കിയ്ക്ക് സർക്കാർ നിരക്കു പണവും എന്ന നിലയിലേക്ക് കൂലിയുടെ നിരക്ക് മാറുന്നു. കുട്ടനാട്ടിലെ കർഷക തൊഴിലാളി അവന്റെ ആദ്യത്തെ പരിമിതമായ അവകാശങ്ങൾ യൂണിയൻ മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടുന്നത് എഴുതിത്തള്ളാനാവാത്ത അവരുടെ സംഘബോധത്തിന്റെ വെളിപ്പെടുത്തലാവുന്നുണ്ട്:

'ആ ആവശ്യപ്പെടൽ അധികാരപ്രകടനവും മുതലാളി വർഗ്ഗത്തിനും സർക്കാരിനും ഭവിഷ്യത്തിനെ അനുസ്മരിപ്പിക്കുന്ന ഒരു താക്കീതും കൂടിയായിരുന്നു' (രണ്ടിടങ്ങഴി P.93)

## രാഷ്ട്രീയബോധം

സ്വാതന്ത്ര്യ സമരകാലത്തെ കുട്ടനാടൻ രാഷ്ട്രീയ പശ്ചാത്തലത്തെക്കുറിച്ച് തകഴിയുടെ വിലയിരുത്തൽ ഇപ്രകാരമാണ് :

"വലിയ കൃഷിക്കാരെയും വലിയ മുതലാളിമാരെയും ആഢ്യന്മാരെയുമെല്ലാം പോലെ തന്നെ ചേറിലും ചെളിയിലും കിടന്നു വലഞ്ഞ് പണിയെടുക്കുന്ന പറയനും പുലയരും സ്വാതന്ത്ര്യത്തിന്റെ ആവേശത്തിൽപ്പെട്ടിരുന്നു. മാർക്സിയൻ പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽത്തന്നെയായിരുന്നു തൊഴിലാളി യൂണിയനുകൾ അന്നു സംഘടിപ്പിച്ചിരുന്നത്. ആ സംഘടന, സ്വാതന്ത്ര്യ സമരത്തിലും സജീവമായി പങ്കെടുത്തു. പക്ഷേ, നാളത്തെ ഇന്ത്യ എങ്ങനെയായിരിക്കണമെന്നു കൂടി അവരാലോചിച്ചു"[17]

വൈകാതെ തന്നെ പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും പ്രതീക്ഷകൾ പകർന്നുകൊണ്ട് രാഷ്ടീയ സ്വാതന്ത്ര്യം കൈവരുന്നു. പ്രായപൂർത്തിവോട്ടവകാശവും രസമുള്ള മൂവർണ്ണക്കൊടിയും (ഇത് ചെങ്കൊടിയായിരുന്നു വെന്ന് പിന്നീട് തകഴി തിരുത്തുന്നുണ്ട്.) ആർപ്പു

വിളികൾക്കു പകരം 'ജേ'വിളിയും രാഷ്ട്രീയ മാറ്റത്തിന്റെ പ്രതിനിധാനങ്ങളാവുന്നു. എന്നാൽ അധികാരത്തിന്റെയും സമ്പത്തിന്റെയും കേന്ദ്രീകരണം, ആഗ്രഹിക്കുന്ന സ്വപ്നങ്ങളിലേക്കും ലക്ഷ്യങ്ങളിലേക്കും വിഭാവനം ചെയ്യുന്ന സമത്വത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ചെന്നെത്തിക്കുമോ എന്ന ആശങ്കയും പങ്കുവെക്കപ്പെട്ടിരുന്നു. എന്നാൽ ഇത്തരം ആശങ്കകൾ അസ്ഥാനത്താണെന്ന് അടിയാളരുടെ രാഷ്ട്രീയ ബോധ്യത്തിലൂന്നിയ പ്രവർത്തനങ്ങളും മാറ്റങ്ങളും ചരിത്രത്തിൽ രേഖപ്പെടുത്തുന്നുണ്ട്:

'പറയനും പുലയനും ഒന്നുവളർന്നതായി തോന്നി. അവന്റെ ശബ്ദത്തിന് കട്ടികൂടി. അവനു നെല്ലുകൂലി അളക്കുന്നത് അവന്റെ മുമ്പാകെ വേണമെന്ന് അവൻ പറയുന്നു. കൂലി ഇടങ്ങഴി നിറച്ചളക്കണം. അവന്റെ ജീവിതരീതിയിൽക്കൂടി മാറ്റങ്ങൾ വന്നു.'[18]

കൂലി കൂടുതൽ ചോദിക്കുമ്പോൾ അത് ആവശ്യപ്പെടുന്നത് ചില കണക്കുകളുടെയും കൂടി പശ്ചാത്തലത്തിലാണ്. മുമ്പ് ജന്മിയുടെ ചോദ്യത്തിനുമുമ്പിൽ വിധേയത്വത്തോടെ തലയാട്ടിയിരുന്ന സ്ഥാനത്ത്, മാറുന്ന കാലത്ത് ഒരു തത്വശാസ്ത്രം തന്നെ അതിന്റെ പിന്നിലുണ്ട്. കമ്യൂണിസമാണ് ആ തത്വശാസ്ത്രം. ആ പ്രത്യയശാസ്ത്രം പകരുന്ന ആശയപരമായ കരുത്തും സംഘബോധത്തിലൂന്നിയ ഊർജ്ജവുമാണ് അവനെ അവകാശബോധത്തിലേക്കു നയിക്കുന്നത്. അധ്വാനവർഗ്ഗം ജാതി മത ഭേദമെന്യേ ഒത്തുചേർന്ന് പ്രവർത്തിക്കാൻ തുടങ്ങിയത് സംഘടിത വിഭാഗക്കാരുടെ ഇടയിൽ 'ദൈവനീതി അപകടത്തിലായെ' ന്ന പ്രചാരണത്തിനു വഴിവെക്കുന്നു. കമ്യൂണിസത്തിൽ നിന്നുള്ള അവരുടെ 'വിമോചന സമരം' പള്ളികളിലും അമ്പലങ്ങളിലും ഉള്ള നേർച്ചകളായും പ്രാർത്ഥനകളായും മാറുന്നുണ്ട്.

## പുതിയ ലോകനിർമ്മിതി

വർഗ്ഗസമരം പുതിയ സമൂഹസൃഷ്ടിയാണ് ലക്ഷ്യം വെക്കുന്നത്. സ്വാതന്ത്ര്യത്തിലും സമത്വത്തിലുമധിഷ്ഠിതമായ ഒരു പുതുലോകം അതു സ്വപ്നം കാണുന്നുണ്ട്. കോരനുൾപ്പെടെയുള്ള കർഷക വർഗ്ഗത്തെ മുൻനിർത്തി തകഴി രൂപപ്പെടുത്തുന്ന ആ സ്വപ്നം വർഗ്ഗ വിപ്ലവത്തിലൂടെ സാധ്യമാകാൻ ഇരിക്കുന്ന പുതിയ ലോകനിർമിതിയാണ്.

" ജാതിമതാദി പഴഞ്ചൻ സാമൂഹ്യ വ്യവസ്ഥയുടെ അവശിഷ്ടങ്ങളൊന്നും തകരാതെ നിൽക്കുന്നുണ്ടെങ്കിലും മുതലാളിത്തം വളർന്നുകൊണ്ടിരിക്കുന്ന ഒരു സമൂഹ വ്യവസ്ഥയിലെ ഭരണാധികാരി വർഗ്ഗങ്ങളെ അധികാരസ്ഥാനത്തു നിന്നു മാറ്റലും മുതലാളിത്തത്തിന്റെതടക്കം എല്ലാ പഴഞ്ചൻ സാമൂഹ്യ വ്യവസ്ഥകളെയും തട്ടിത്തകർത്ത് സോഷ്യലിസ്റ്റ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുള്ള കളം ഒരുക്കലു"[19]മാണ് വർഗ്ഗ വിപ്ലവത്തിന്റെ ഇന്ത്യൻ ലക്ഷ്യങ്ങളുടെ കാത

ലെന്ന് ഇ.എം.എസ് സൂചിപ്പിക്കുന്നുണ്ട്. അധികാരി വർഗ്ഗം മർദ്ദക ഉപകരണങ്ങളിലൂടെ അധ്വാനവർഗ്ഗത്തെ സകല ശക്തിയുമുപയോഗിച്ച് പ്രതിരോധിക്കുന്നുവെങ്കിലും പ്രതിഷേധങ്ങൾ അനിവാര്യമായ വിപ്ലവത്തിനു വഴിമാറുന്നത് 'രണ്ടിടങ്ങഴി'യിൽ കാണാം. പടച്ചാലിലെ കൂട്ടക്കൊലയിൽ അനേകം പേർ കൊല്ലപ്പെടുന്നു. 'എത്രപേർ മരിച്ചു, എന്തിനായി വെടിവെച്ചു, വെടിവെപ്പു നടന്ന സാഹചര്യം, വെടിവെപ്പ് ഒഴിവാക്കാമായിരുന്നില്ലേ, മരിച്ചവർ എന്തിനായി മരിക്കാൻ തയ്യാറായി' – തുടങ്ങിയ നിരവധി ചോദ്യങ്ങൾ കേവലാന്വേഷണങ്ങൾക്കപ്പുറം പുതിയ വ്യവസ്ഥിതിക്കുവേണ്ടിയുള്ള വെമ്പലും അന്വേഷണവുമാവുന്നു. സ്വകാര്യ താല്പര്യങ്ങൾ എത്രമാത്രം ശക്തിയോടെ ശ്രമിച്ചാലും സമൂഹേച്ഛയെ തടഞ്ഞുവെക്കാനാവില്ലെന്നതിന്റെ തെളിവായി ഭരണവൃന്ദം പൊതുജനമധ്യത്തിൽ വിചാരണ ചെയ്യപ്പെടുന്നുണ്ട്. അങ്ങനെ സമൂഹ നിർമ്മിതിയിൽ മുമ്പ് പുറന്തള്ളപ്പെട്ടവർഗ്ഗം പുതിയ സാമൂഹ്യ വ്യവസ്ഥിതിയിൽ അതിന്റെ അസ്തിത്വം കണ്ടെത്തുന്നു. സാമാന്യജനതയുടെ അഭിലാഷങ്ങൾ വകവെച്ചുകൊടുക്കാൻ നിർബന്ധിതമായ രാഷ്ട്രീയ അവസ്ഥ വർഗ്ഗരഹിതമായ സാമൂഹ്യസൃഷ്ടിയെ ലക്ഷ്യമാക്കി വളരുകതന്നെ ചെയ്യും എന്ന പ്രതീക്ഷ നിലനിർത്തുകയും ചെയ്യുന്നു.

## വെളുത്തയും പുതുതലമുറയും

അഭിമാനത്തോടെ പണിയെടുക്കാനുള്ള കൃഷിഭൂമിയും വിയർപ്പിനെ മാനിക്കുന്ന കൂലിയുമാണ് കർഷകൻ കാണുന്ന വലിയ സ്വപ്നം. മണ്ണും കൂലിയും എല്ലാകാലത്തും ഉള്ളവന്റെയും ഇല്ലാത്തവന്റെയും സമൂഹനിലയെ രൂപപ്പെടുത്തിയ സാമ്പത്തികമുദ്രകളാണ്. അവയിലുള്ള അവകാശത്തിന്റെയും അധിനിവേശത്തിന്റെയും സാമൂഹ്യ രാഷ്ട്രീയ മൂല്യം തിരിച്ചറിയുന്നിടത്താണ് വർഗ്ഗ താല്പര്യങ്ങളുടെ പ്രസക്തി നിലകൊള്ളുന്നത്. ഒറ്റയൊറ്റയായി രൂപപ്പെടുന്ന അധ്വാനവർഗ്ഗത്തിന്റെ തിരിച്ചറിവുകൾ സംഘടിതബോധത്തിലേക്കും ആഗ്രഹസാക്ഷാത്കാരത്തിലേക്കും നയിക്കുക തന്നെ ചെയ്യും എന്നതിന്റെ സൂചനയിലാണ് തകഴി നോവൽ അവസാനിപ്പിക്കുന്നത്. ചാത്തൻ ചിരുതയ്ക്കൊപ്പം കുഞ്ഞിനെ കോരന് കൈമാറുമ്പോൾ നടന്നതും നടക്കാനിരിക്കുന്നതുമായ വിപ്ലവവീര്യം പ്രകടമാക്കിക്കൊണ്ട് പരിസരങ്ങളിൽ നിന്ന് മുദ്രാവാക്യംവിളികൾ ഉയരുന്നുണ്ട്. കണ്ട സ്വപ്നവും ഏറ്റ ദൗത്യവും വരുംതലമുറ സാക്ഷാത്കരിക്കുകതന്നെ ചെയ്യുമെന്ന സൂചനയായി "കൃഷിഭൂമി കർഷകന് "എന്ന് ഏറ്റു പറഞ്ഞുകൊണ്ട് വെളുത്തയുടെ കുഞ്ഞു മുഷ്ടി ആകാശത്തേക്ക് ഉയരുന്നു. കോരൻ അച്ഛന്റെ പേരു തന്നെയാണ് മകനു നൽകിയിട്ടുള്ളത്. ആ മനുഷ്യൻ ആണ്ടോടാണ്ട് പതിനായിരപ്പറ നിലം കൃഷി ഉണ്ടായിരുന്ന കൃഷിക്കാരന്റെ വേലക്കാ

രനായി എട്ടാം വയസ്സിൽ ജോലിക്കു കയറിയ അടിയാനായിരുന്നു. എത്രയോ കോടി പറ നെല്ല് കൊയ്തും വിതച്ചും എത്രയോ ഉദരങ്ങളെ അയാൾ തീറ്റിപ്പോറ്റിയിരുന്നു. 62ാം വയസ്സിൽ മരിച്ചപ്പോൾ ആറടി മണ്ണുപോലും അനുവദിക്കപ്പെടാത്ത ജന്മിത്വത്തിന്റെ നന്ദികേടാണ് കോരനെക്കൊണ്ട് അയാളെ വെള്ളത്തിലേക്ക് കെട്ടിത്താഴ്ത്താൻ നിർബന്ധിതനാക്കുന്നത്. അങ്ങനെ ചവിട്ടിത്താഴ്ത്തപ്പെട്ട പഴയ വെളുത്തയിൽ നിന്ന് മുഷ്ടിചുരുട്ടി ഉയരുന്ന പുതിയ വെളുത്തയിലേക്കുള്ള ദൂരം കേരളത്തിലെ തൊഴിലാളി വർഗ്ഗത്തിന്റെ ഉത്ഥാന ചരിത്രമായി പരിണമിച്ചിരിക്കുന്നു.

## ചിരുതയിലെ സ്ത്രീഅവബോധവും വിപ്ലവവീര്യവും

ഉത്തരവാദിത്വവും ലക്ഷ്യബോധവും പ്രകടിപ്പിക്കുന്ന അടിയാത്തിയാണ് ചിരുത. എന്നാൽ കോരന്റെ കർമ്മവീരതയ്ക്കും ചാത്തന്റെ ത്യാഗവീരതയ്ക്കും മുമ്പിൽ അവളുടെ വിപ്ലവവീര്യവും ജീവിതാവബോധവും ശ്രദ്ധിക്കപ്പെടാതെയോ വിലമതിക്കപ്പെടാതെയോ പോവുന്നുണ്ട്. സുഹൃത്തിന്റെ ആശ്രിതനായി കഴിഞ്ഞുപോരുമ്പോൾ 'എന്നും ഇങ്ങനെ മല്ലോന്റെം തറേ കെടന്നാ മതിയോ' എന്നും പാടത്ത് ജീവൻ കളഞ്ഞ് ഊണും ഉറക്കവുമില്ലാതെ അധ്വാനിക്കുമ്പോൾ 'നെല്ലുണ്ടായാല് തമ്പ്രാക്കന്മാര് കൊണ്ടുപോകും അവറു നമ്മളെ തമ്പ്രാക്കാന്മാരാന്നോ? എന്നും കോരനു മുമ്പേ അവളിലെ സ്ത്രീ ചേതന ചിന്തിക്കുന്നുണ്ട്. ചാത്തന്റെ സേവനങ്ങളും സുരക്ഷിതത്വവും അനുഭവിക്കുമ്പോഴും നാടുമുഴുവൻ സമരവീര്യത്താൽ ത്രസിച്ചു നിൽക്കെ ഒരു പെണ്ണിനെ ഓർത്ത് കുടിലിൽ ചടഞ്ഞു കൂടിയിരിക്കുന്ന അയാളോട് അവൾക്ക് പുച്ഛവും ലജ്ജയും തോന്നുന്നുണ്ട്. എല്ലാം മറന്ന് ഒരാട്ടാട്ടീട്ട് 'ഇറങ്ങിപ്പോ ചൂലേ' എന്നു പോലും പറയാൻ ഉള്ളിലുറങ്ങുന്ന വിപ്ലവവീര്യം അവളെ പ്രേരിപ്പിക്കുന്നുണ്ട്. കോരനിലൂടെ പകർന്നു കിട്ടുന്ന ലോകാവബോധം നാട്ടിലെ ഹതഭാഗ്യകളായ സഹോദരിമാരെ കാണാനും പരിചയപ്പെടാനും അവരുടെ ദാരുണകഥകൾ നേരിൽ പറഞ്ഞു കേൾക്കാനും പ്രേരിപ്പിക്കുന്നുണ്ട്. സ്ത്രീകളുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനും ഏറ്റെടുക്കാനും അവരുടേതായ ഒരു യോഗം ഉണ്ടാക്കിയാൽ കൊള്ളാമെന്നും ചിരുത ആഗ്രഹിക്കുന്നുണ്ട്. അന്തർജനങ്ങളെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് കടന്നു വരാൻ ആഹ്വാനം ചെയ്യുന്ന നവോത്ഥാന കാലത്ത് മുഖ്യധാരയുടെ ദൃഷ്ടിപഥത്തിന് പുറത്ത് ചേറുപാടത്ത് അതിനു സന്നദ്ധയായി നിൽക്കുന്ന അടിയാത്തിയുടെ പ്രതിനിധിയായിത്തീരുന്നുണ്ട് ചിരുതയെങ്കിലും അവളിലെ ഊർജ്ജത്തെ തകഴി പ്രവൃത്തിപഥത്തിലേക്കുയർത്തുന്നില്ലയെന്നതാണ് യാഥാർത്ഥ്യം.

## രണ്ടിടങ്ങഴി – നവോത്ഥാനത്തിന്റെ വർഗ്ഗപരമായ തലം

അധ്വാനവർഗ്ഗം സംഘബോധത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽ അവകാശപ്പെട്ട ഇടം പിടിച്ചെടുക്കുന്നതിന്റെ ചരിത്രമാണ് രണ്ടിടങ്ങഴി. ഇന്ദുലേഖയിലെ പൂവരങ്ങിൽ നിന്ന് രണ്ടിടങ്ങഴിയിലെ ചേറുനിലത്തെത്തുമ്പോൾ നവോത്ഥാനത്തിന്റെ ഉണർവ്വ് വന്നെത്തുന്ന വഴിയും പ്രകടമാവുന്ന രീതിയും വ്യത്യസ്ത തലങ്ങളിലാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം ഫ്യൂഡൽ ഘടനയുടെ അകത്ത് സംഘർഷം സൃഷ്ടിക്കുമ്പോൾ വർഗ്ഗബോധമാണ് അടിയാളരെ വിമോചനത്തിലേക്കാനയിക്കുന്നത്. ഇന്ദുലേഖയിലെയും അയൽക്കാരിലെയും 'ജന്മി' രണ്ടിടങ്ങഴിക്കാലത്ത് മുതലാളിയായി പരിണമിക്കുന്നു. ചൂഷകനെങ്കിലും അനുകമ്പ കാട്ടിയിരുന്ന പഴയ ജന്മി പുതിയ കാലത്ത് സ്വാർത്ഥനും കുടിലമൂർത്തിയുമായി മാറുന്നു. ഭക്ഷ്യവസ്തു എന്ന നിലയിൽ നിന്ന് നെല്ല് ലാഭമുണ്ടാക്കിത്തരുന്ന ഒരു ചരക്കായി പരിണമിക്കുന്നു. കൊളോണിയൽ മുതലാളിത്തമാണ് അടിയാളരെ പട്ടിണിക്കിട്ടുകൊണ്ട് നെല്ലിനെ കരിഞ്ചന്തയിലേക്കെത്തിക്കുന്നത്. അത് ജന്മി–കുടിയാൻ സംഘർഷത്തിനു വഴിവെക്കുന്നു. മാധവനെപ്പോലെ (ഇന്ദുലേഖ) വിദ്യാഭ്യാസം നേടിയോ ദിവാകരനെ (അയൽക്കാർ) പ്പോലെ വിദ്യയ്ക്കൊപ്പം സാമൂദായിക നേതൃപദവിയുടെ ആനുകൂല്യം കൂടി നേടിയോ അല്ല കോരനുൾപ്പെടെയുള്ള വിഭാഗം ശക്തിനേടുന്നത്. നിരക്ഷരതയും ജാതീയതയും ഉണ്ടാക്കിയ അനാഥത്വത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി പകർന്ന വർഗ്ഗബോധത്തിലൂടെ അതിജീവിക്കാൻ ശ്രമിക്കുന്നു. അത് സമൂഹത്തിൽ ഉള്ളവനും ഇല്ലാത്തവനും എന്ന രണ്ടു ജാതിയേ ഉള്ളൂ എന്ന തിരിച്ചറിവിലേക്ക് അവരെ നയിക്കുന്നു. ജന്മിയിലെ മുതലാളിയെ അടിയാനിലുണരുന്ന തൊഴിലാളി വർഗ്ഗബോധം സംഘശക്തിയിലൂടെ നേരിടുന്നു. ജനാധിപത്യ പ്രക്രിയയിൽ പങ്കാളിത്തം കിട്ടുന്നതോടെ സംഘബോധത്തിന്റെ മൂല്യം അവർ തിരിച്ചറിയുകയും നിഷേധിക്കപ്പെട്ട അവകാശങ്ങൾ പിടിച്ചു വാങ്ങുകയും ചെയ്യുന്നു. പകർന്നു കിട്ടിയ രാഷ്ട്രീയ അവബോധം പുതിയ ലോക നിർമ്മിതിക്കായുള്ള കൂട്ടായ്മയിൽ അടിയാളരെയും പങ്കാളികളാക്കുന്നുണ്ട്. രക്തം ചിന്തുന്ന വർഗ്ഗവിപ്ലവത്തിന് സാക്ഷ്യം വഹിക്കുന്നുവെങ്കിലും നല്ലൊരു നാളെയെ അത് കൊണ്ടു വരിക തന്നെ ചെയ്യുമെന്ന ഉറച്ച പ്രതീക്ഷ പുതു തലമുറക്ക് വിശ്വാസപൂർവ്വം കൈമാറുകയും ചെയ്യുന്നു.

## അടിക്കുറിപ്പുകൾ

1. എം.ആർ.ചന്ദ്രശേഖരൻ, കേരളത്തിലെ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ചരിത്രം, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 1999, പേജ് 165
2. തകഴി ശിവശങ്കരപ്പിള്ള, ഓർമ്മയുടെ തീരങ്ങളിൽ, നാഷണൽ ബുക് സ്റ്റാൾ, കോഴിക്കോട്, 1985, പേജ് 189

3. തകഴി ശിവശങ്കരപ്പിള്ള, ഏകാന്ത പഥികൻ, മഞ്ജുഷ പബ്ലിക്കേഷൻസ് കൊല്ലം, 1969, പേജ് 14
4. പി. ഭാസ്ക്കരനുണ്ണി, കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 2005, പേജ് 50
5. കവിയൂർ മുരളി, ദലിത് സാഹിത്യം കറന്റ് ബുക്സ്, 2001, പേജ് 70
6. പ്രദീപൻ പാമ്പിരികുന്ന്, ദലിത് സൗന്ദര്യശാസ്ത്രം ഡി.സി. ബുക്സ്, കോട്ടയം, 2011, പേജ് 77
7. കെ.എൻ.പണിക്കർ, സ്വത്വരാഷ്ട്രീയം തെക്കൻ ഏഷ്യയിൽ (ലേഖനം), മതേതരം, ഇന്ത്യൻ മതേതരത്വക്കുറിച്ചുള്ള തീക്ഷ്ണ വിചാരങ്ങൾ, റാസ്ബെറി ബുക്സ്, കോഴിക്കോട്, പേജ് 147
8. പ്രദീപൻ പാമ്പിരികുന്ന്, തെളിയുന്ന ജാതിയും പിളരുന്ന വർഗ്ഗവും (ലേഖനം), മതേതരം, ഇന്ത്യൻ മതേതരത്വക്കുറിച്ചുള്ള തീക്ഷ്ണ വിചാരങ്ങൾ, റാസ്ബെറി ബുക്സ്, കോഴിക്കോട്, പേജ് 156
9. സുനിൽ. പി. ഇളയിടം, വീണ്ടെടുപ്പുകൾ, മാർക്സിസവും ആധുനികതാവിമർശനവും കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, 2013, പേജ് 182
10. സുനിൽ. പി. ഇളയിടം, വീണ്ടെടുപ്പുകൾ, മാർക്സിസവും ആധുനികതാവിമർശനവും കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, 2013, പേജ് 59- 60
11. തകഴി ശിവശങ്കരപ്പിള്ള, രണ്ടിടങ്ങഴി, ഡി.സി.ബുക്സ്, കോട്ടയം, 2005, പേജ് 34
12. തകഴി ശിവശങ്കരപ്പിള്ള, രണ്ടിടങ്ങഴി, ഡി.സി.ബുക്സ്, കോട്ടയം, 2005, പേജ് 34
13. അശോക് കുമാർ. വി, രോഗം തരുന്ന വെളുത്ത ചോറ്, ആൾട്ടർ മീഡിയ, തൃശ്ശൂർ, 2011, പേജ് 10
14. പ്രദീപൻ പാമ്പിരികുന്ന്, ദലിത് സൗന്ദര്യശാസ്ത്രം ഡി.സി.ബുക്സ്, കോട്ടയം, 2011, പേജ് 92
15. പ്രദീപൻ പാമ്പിരികുന്ന്, ദലിത് സൗന്ദര്യശാസ്ത്രം, ഡി.സി.ബുക്സ്, കോട്ടയം, 2011, പേജ് 92
16. തകഴി ശിവശങ്കരപ്പിള്ള, രണ്ടിടങ്ങഴി, ഡി.സി.ബുക്സ്, കോട്ടയം, 2005, പേജ് 67
17. ഡോ.പി. വേണുഗോപാലൻ, തകഴി വഴി, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1991, പേജ്272
18. തകഴി, രണ്ടിടങ്ങഴി, പേജ്, 97
19. ഇ.എം.എസ്, മാർക്സിസം ഒരു പാഠപുസ്തകം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2009, പേജ് 106

Shanoj. M.P. “Social renaissance in malayalam novels” Thesis. Kerala sahithya academy, University of Calicut, 2014.

## അദ്ധ്യായം ആറ്

# 'ന്റുപ്പുപ്പുക്കൊരാനേണ്ടാർന്ന്!' ദേശീയപ്രസ്ഥാനത്തിലൂന്നിയ സാമുദായിക ഉണർവ്വ്

അനുഭവങ്ങളുടെ വൈപുല്യം കൊണ്ടും ഭാഷയുടെ സൗന്ദര്യം കൊണ്ടും അനുവാചകരെ വിസ്മയിപ്പിക്കുന്ന എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. സാമൂഹികം, രാഷ്ട്രീയം, മതപരം, പാരിസ്ഥിതികം, ആത്മീയം, വ്യക്തിപരം, കുടുംബപരം തുടങ്ങി ബഹുതല സ്പർശിയായ ജീവിതത്തിന്റെ അടരുകളെ ഒരേ സമയം ദാർശനികമായ ഗൗരവത്തോടെയും നർമ്മരസികതയുടെ ലാളിത്യത്തോടെയും ബഷീർ അവതരിപ്പിക്കുന്നു. മനുഷ്യജീവിതത്തെ അതിന്റെ തനിമയിൽ ആവിഷ്ക്കരിക്കുന്ന മൗലിക പ്രതിഭയുടെ ഉടമയാണ് ബഷീർ. ജീവിതാനുഭവങ്ങളുടെ കലാപരമായ ആവിഷ്ക്കാരം കൊണ്ട് സ്വന്തം രചനകളെ ആത്മകഥയുടെ തലത്തിലേക്കും, അവതരണം കൊണ്ട് അനനുകരണീയമായ ഭാഷാലോകത്തിലേക്കും എത്തിക്കുവാൻ ഈ എഴുത്തുകാരന് കഴിഞ്ഞിട്ടുണ്ട്.

ഭിക്ഷക്കാർ, വേശ്യകൾ, കള്ളന്മാർ, സ്വവർഗ്ഗാനുരാഗികൾ, ജയിൽപ്പുള്ളികൾ തുടങ്ങി ജീവിതത്തിന്റെ വെളിമ്പുറവാസികളുടെ ജീവിതബോധവും സ്വപ്നങ്ങളുമൊക്കെ ബഷീർ സാഹിത്യത്തിലൂടെ മുഖ്യധാരയിലേക്ക് കടന്നുവരുന്നു. സാഹിത്യത്തിന്റെ നടപ്പു പാരമ്പര്യങ്ങളിൽ അധിഷ്ഠിതമായ നായികാ-നായക സങ്കൽപങ്ങളെ അതിലംഘിച്ചുകൊണ്ട് പുതിയ മാതൃകകൾ അവതരിപ്പിച്ചുകൊണ്ടിരുന്ന നവോത്ഥാന കാലത്ത് പുറത്തു വന്ന ബഷീറിന്റെ രചനകൾ വൈവിധ്യപൂർണ്ണമായ തലങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അതിലൊന്ന് എം.പി. പോൾ 'ബാല്യകാലസഖി'യുടെ അവതാരികയിൽ ചൂണ്ടിക്കാട്ടുന്ന സാമുദായിക തലമാണ്: 'ബഷീർ അവർകളുടെ ഈ കൃതി നമ്മുടെ മദ്ധ്യേ നിവസിക്കുന്ന ഒരു ഗണനീയമായ ജനവിഭാഗത്തോട് ഇതരവിഭാഗങ്ങൾക്കു പൂർവ്വാധികം ഹൃദയബന്ധമുണ്ടാക്കാൻ പര്യാപ്തമാണെന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.'[1]

കേരളത്തിലെ ഗണനീയ വിഭാഗമായിരുന്ന മുസ്ലീം സമൂഹം ബഷീറിന്റെ കാലം വരേയ്ക്കും മലയാള സാഹിത്യത്തിന്റെ അവതരണ ഭൂമികയിൽ കാര്യമായി അഭിസംബോധന ചെയ്യപ്പെട്ടിരുന്നില്ല. ആ വിഭാഗത്തിൽ തന്നെയുള്ള ഒരാൾ അതുവരെ സാഹിത്യവീക്ഷണത്തിനു വിധേയമാകാത്ത ഒരു സമൂഹത്തിന്റെ ജീവിതതലങ്ങളെ യാഥാർത്ഥ്യ പ്രതീതിയോടെ ആവിഷ്ക്കരിക്കുന്നതിന്റെ സവിശേഷത ബഷീർ സാഹിത്യത്തിന്റെ മുഖ്യ ആകർഷണങ്ങളിലൊന്നാണ്. ബഷീർ

തന്നെ 'ഓർമയുടെ അറകളിൽ' മലയാളത്തിൽ പുതിയൊരു മുസ്ലീം സാഹിത്യം സൃഷ്ടിക്കുക എന്ന സാഹിത്യ ദൗത്യത്തെക്കുറിച്ച് സൂചിപ്പിക്കുന്നുമുണ്ട്. ബഷീർ അന്നു തിരിച്ചറിഞ്ഞ യാഥാർത്ഥ്യം അനുസരിച്ച് മലയാള നോവലുകളിൽ 'മുസ്ലീം സമുദായം കള്ളന്മാരുടെയും കൊല പാതകികളുടെയും നീച-നീചന്മാരുടെയും സമൂഹമായിരുന്നു.'[2]

ഇങ്ങനെ മുസ്ലീം കഥാപാത്രങ്ങളെ വില്ലന്മാരായി ചിത്രീകരിക്കുന്ന മുൻധാരണയിലധിഷ്ഠി തമായ സാഹിത്യവീക്ഷണത്തിൽ നിന്നുള്ള 'സാമുദായിക' വിമോചനം സാധ്യമാക്കുക എന്ന തായിരുന്നു അത്.

## കാലവും കഥാകാലവും

1908ൽ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ജനിച്ച ബഷീർ, പരമ്പരാഗത ഖുർആൻ പഠനത്തോടൊപ്പം വൈക്കത്തെ ഇംഗ്ലീഷ് സ്കൂളിൽ വിദ്യാഭ്യാസം നിർവ്വഹിച്ചു. അന്ന് മുസ്ലീം സമൂഹത്തിൽ സാധാരണ വിദ്യാഭ്യാസം പോലും അപൂർവ്വമായ ഒരു കാലമായിരുന്നു. ഉന്നത വിദ്യാഭ്യാസം നൽകി മകനെ സമുദായത്തിലെ എണ്ണപ്പെട്ട ഒരാളാക്കിത്തീർക്കണമെന്ന് ബഷീ റിന്റെ പിതാവ് ആഗ്രഹിച്ചിരുന്നു. അതിന്റെ ഭാഗമായാണ് പ്രൈമറി വിദ്യാഭ്യാസത്തിനു ശേഷം ബഷീറിനെ ഇംഗ്ലീഷ് സ്കൂളിൽ ചേർക്കുന്നത്. ബഷീറിന്റെ ആംഗലഭാഷാപഠനം മുസ്ലീം ജനത യുടെ ആശയത്തിനും മതവിശ്വാസത്തിനും നിരക്കാത്തതാണെന്ന വാദം ഉല്പതിഷ്ണുവായ പിതാവ് തള്ളിക്കളയുകയാണുണ്ടായത്. മുസ്ലീങ്ങൾ വിദ്യാഭ്യാസം ചെയ്താൽ കാഫിറായിപ്പോ കുമെന്ന് മുസ്ലിയാക്കന്മാർ പ്രസംഗിച്ചു നടന്ന കാലമായിരുന്നു അത്.

വിദ്യാർത്ഥിയായിരിക്കുമ്പോൾ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും അദ്ധ്യാപകന്റെ 'ചൂരൽക്കഷായ' ഭീഷണി നിലനിൽക്കെ ഖദർ ധരിച്ച് സത്യാഗ്രഹ പന്തലുകൾ സന്ദർശിക്കുകയും ചെയ്തു. ആരാധന മൂത്തപ്പോൾ ബഷീർ, വൈക്കത്ത് എത്തിയ ഗാന്ധിജിയെ സന്ദർശിക്കുന്നു. ദേശീയസമരാവേശം നിലവിട്ടപ്പോൾ വീടുവിട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കാൻ കള്ളവണ്ടി കയറി കോഴിക്കോട്ടെത്തി. അത് പോലീസ് മർദ്ദനത്തിലും ജയിൽവാസത്തിലുമാണ് കലാശിക്കു ന്നത്. അന്ന് ഏറ്റുവാങ്ങിയ ക്രൂരമർദ്ദനം ഗാന്ധിജിക്കു പകരം ഭഗത്സിങ്ങിനെ മാതൃകാ പുരുഷ നായി മനസ്സിൽ പ്രതിഷ്ഠിക്കാൻ നിമിത്തമായി. എറണാകുളം താവളമാക്കിയുള്ള പ്രവർത്തന വേളയിൽ 'ഉജ്ജീവനം', 'പ്രകാശനം' പോലുള്ള വാരികകളിൽ 'പ്രഭ' എന്ന തൂലികാനാമത്തിൽ തീപ്പൊരി ലേഖനങ്ങളെഴുതിയപ്പോൾ അവ നിരോധിക്കപ്പെടുകയും തുടർന്ന് നിൽക്കക്കള്ളിയി ല്ലാതെ നാടുവിടേണ്ടിയും വന്നു. പത്തുവർഷത്തോളം നീണ്ടുനിന്ന ഉത്തരേന്ത്യൻ യാത്രയിൽ പല സ്ഥലങ്ങളിൽ വിവിധ ജോലികളിൽ ഏർപ്പെട്ട് വൈവിദ്ധ്യപൂർണ്ണമായ അനുഭവ ലോകങ്ങ

ളിലൂടെ അലഞ്ഞുതിരിഞ്ഞു. കാശ്മീരിലും അജ്മീരിലും ഹിമാലയത്തിലുമൊക്കെ സൂഫിയായും സന്യാസിയായും ജീവിച്ചു. കപ്പലിൽ സൗദി അറേബ്യയുടെയും ആഫ്രിക്കയുടെയും തീരത്തെ ത്തി. മടങ്ങിയെത്തിയശേഷം എറണാകുളത്ത് 'ബഷീർസ് ബുക്സ്റ്റാൾ' ആരംഭിച്ചു. എഴുത്ത് ഒരു മുഴുവൻസമയ ജീവിതവൃത്തി എന്ന ഉപാധിയായി മാറിയിട്ടില്ലായിരുന്ന അന്ന് പട്ടിണി കിടന്നുതന്നെ എഴുതി. അക്കാലത്തെ എഴുത്തിനെയും ജീവിതാവസ്ഥകളെയും കുറിച്ച് ബഷീർ എഴുതുന്നുണ്ട്:

'എന്തൊരു കാലമായിരുന്നു അത്! കാൽ രൂപയുണ്ടെങ്കിൽ ഒരു ദിവസത്തെ ജീവിതം കുശാലായിരുന്നു. കാൽരൂപാ........... കാൽ രൂപ പോയിട്ട് കാൽ കാശു കിട്ടാത്ത ദിവസങ്ങളുണ്ടായിരുന്നു...... ആഴ്ചകൾ........... മാസങ്ങൾ.........വർഷങ്ങൾ............എല്ലാം............ ഉൽക്കണ്ഠയോടെ തന്നെ നീറി നീറി ജീവിച്ചു. ശോഭനമായ ഭാവിയിൽ ഉറച്ച വിശ്വാസത്തോടെ തന്നെ ജീവിച്ചു'.[3]

'ദീപം' പത്രത്തിൽ 'ഹതഭാഗ്യയായ എന്റെ നാട്' എന്ന പേരിൽ എഴുതിയ ലേഖനം 'ധർമ്മരാജ്യം' എന്ന പേരിൽ പുസ്തകമാക്കി. (1938ൽ ദീപം പത്രം നിരോധിച്ചു) കവി ബോധേശ്വരൻ അവതാരിക എഴുതിയ ഈ പുസ്തകത്തിന്റെ കാലം വരെ മുഹമ്മദ് ബഷീർ എന്ന പേരിലാണ് അദ്ദേഹം എഴുതിപ്പോന്നത്. 1940ലെ 'ഫരീദുദ്ദീൻ അത്താർ; അത്ഭുതകരമായ സന്യാസം' എന്ന പേരിൽ 1940ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിലെ ലേഖനത്തോടു കൂടിയാണ് വൈക്കം മുഹമ്മദ് ബഷീർ എന്ന പേര് സ്ഥിരപ്പെട്ടത്. 'ധർമ്മരാജ്യം' മുതൽ 'ചെവിയോർക്കുക അന്തിമ കാഹളം' (1992) വരെ എണ്ണം കൊണ്ട് കുറവെങ്കിലും ഗുണസമ്പന്നമായ മുപ്പത്തിയൊന്നോളം മൗലിക രചനകളാണ് ബഷീറിന്റേതായുള്ളത്. ഇവയിൽ പ്രേമലേഖനം (1943), ബാല്യകാലസഖി (1944), ശബ്ദങ്ങൾ (1948), ഓർമ്മക്കുറിപ്പ് (1946), 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!'(1951), വിശപ്പ്(1954), പാത്തുമ്മായുടെ ആട്(1959), മതിലുകൾ(1965), ചിരിക്കുന്ന മരപ്പാവ(1975) തുടങ്ങിയവ പലതലങ്ങളിൽ ചർച്ച ചെയ്യപ്പെട്ട ശ്രദ്ധേയമായ രചനകളാണ്. നവോത്ഥാനകാല സാഹിത്യചരിത്രത്തിലെ വഴിത്തിരിവു പ്രദർശിപ്പിക്കുന്ന കൃതി കേശവദേവിന്റെ 'ഓടയിൽ നിന്ന്' (1944) ആണെങ്കിലും ശില്പഭദ്രതയിലും ഉള്ളടക്കത്തിലും ആവിഷ്ക്കാര മികവിലും ശ്രദ്ധേയമായ രചന ബാല്യകാലസഖി (1944)യാണ്. ബീഭത്സ രസഭാവത്തോടെ വ്യവസ്ഥാവിമർശനം നടത്തുന്ന രചനയാണ് 'ശബ്ദങ്ങൾ'. വേലിക്കെട്ടുകൾ മറികടന്ന് പ്രണയത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് നടന്നു കയറുന്നവരാണ് 'പ്രേമലേഖന'ത്തിലെ കേശവൻ നായരും സാറാമ്മയും. തൊട്ടടുത്ത തടവറയിലെ കാണപ്പെടാത്ത വ്യക്തിയുമായി പ്രേമാനുഭൂതി പങ്കുവെക്കുന്ന 'മതിലുകൾ' ധ്വന്യാത്മകത നിറഞ്ഞ രചനയായിത്തീരുന്നു. സ്വന്തം കുടുംബത്തിന്റെ കഥപറയുന്നതിലൂടെ 'പാത്തുമ്മായുടെ ആടിൽ'

സാമുദായിക അനാചാരങ്ങളെ പരിഹാസ രൂപേണ വിമർശനവിധേയമാക്കുകാണ് ബഷീർ. ഭൂതകാലപ്രതാപം പൊക്കിപ്പിടിച്ചുകൊണ്ട് സ്വയം നശിക്കുന്ന യാഥാസ്ഥിതിക മുസ്ലീം സമുദായത്തിന് തിരിച്ചറിവിന്റെ സന്ദേശം നൽകുകയാണ് 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്ന രചന. ദ്രാവിഡഭാഷാപണ്ഡിതനായ ആ.ഇ. ആഷർ ബഷീറിന്റെ മൂന്നു കൃതികൾ – 'ബാല്യകാലസഖി', 'പാത്തുമ്മായുടെ ആട്', 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!', എന്നിവ യഥാക്രമം 'Child Hood Friend, 'Me Grandad Ad an Elephant', 'Pattumma's Goat' എന്നിങ്ങനെ എഡിൻബറോ യൂനിവേഴ്സിറ്റി പ്രസ്സിലൂടെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

മുൻ അധ്യായത്തിൽ വിശദീകരിച്ച പ്രകാരത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ പ്രകടമാവുന്ന റിയലിസത്തിലും ശാസ്ത്രീയ വീക്ഷണത്തിലുമൂന്നിയ സവിശേഷമായ സാമൂഹ്യ രാഷ്ട്രീയ കാലാവസ്ഥ തന്നെയാണ് ബഷീറിന്റെ എഴുത്തിന്റെയും പശ്ചാത്തലം. 1935ൽ ഇന്ത്യയിൽ പുരോഗമന സാഹിത്യത്തിന്റെ (Progressive Literature) തരംഗമുണ്ടാവുകയും മലയാളത്തിൽ തകഴിയും കേശവദേവും പൊൻകുന്നം വർക്കിയുമൊക്കെ തങ്ങളുടെ കൃതികളിലൂടെ സോഷ്യലിസ്റ്റ് റിയലിസത്തിന്റെ ഭാവതലങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്തുകൊണ്ടിരുന്ന കാലമായിരുന്നു അത്. നിലനിൽക്കുന്ന വ്യവസ്ഥിതിയിലെ അനീതികളെ അവതരിപ്പിക്കാൻ സാഹിത്യത്തെ ബോധപൂർവ്വമായ ഉപകരണമാക്കുന്നവരുടെ ഗണത്തിൽ ബഷീറിനെ കാണാനാവില്ല. എന്നാൽ പട്ടിണി, പാരതന്ത്ര്യം, യുദ്ധം, തൊഴിലില്ലായ്മ, ജാതിവ്യവസ്ഥ, അന്ധവിശ്വാസം, തുടങ്ങിയ സാമൂഹികമോ സാമ്പത്തികമോ രാഷ്ട്രീയമോ ആയ അസമത്വങ്ങൾ തന്നെയാണ് ബഷീർസാഹിത്യത്തിന്റെ പ്രതിപാദ്യവിഷയം.

ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ ഇന്ത്യയിലൊട്ടാകെ അലയടിച്ചിരുന്ന കാലമാണ്. ഗാന്ധിജിയും നെഹ്റുവുമൊക്കെ മുന്നോട്ടു വെക്കുന്ന മതേതര ദേശീയബോധ്യങ്ങൾ ബഷീറിനെയും സ്വാധീനിച്ചിരുന്നു. 'ഓർമ്മക്കുറിപ്പി'നുള്ള മുഖവുരയിൽ ബഷീർ അക്കാലത്തെ ഓർമ്മിക്കുന്നുണ്ട്:

'.............. ഇതിൽ നിങ്ങൾക്കു വേദനിക്കാൻ ഒന്നും കാണുകയില്ല. എങ്കിലും പോലീസുകാർ, രാജകിങ്കരന്മാരായ ഭരണാധികാരികൾ, ധാർഷ്ട്യത്തിന്റെയും ഹുങ്കിന്റെയും വിളയാട്ടങ്ങൾ, ഭീഷണികൾ. എത്രയെത്ര പോലീസ് ലോക്കപ്പുകൾ! എത്രയെത്ര ജയിലുകൾ........!

മരണത്തെ പേടിക്കാത്ത ശൂരവീരപരാക്രമികളായ ദേശാഭിമാനികൾ. ഭാരതീയരായ യുവതീയുവാക്കന്മാർ. ഒരുപാടു പേരെ തൂക്കിക്കൊന്നു.

മർദ്ദനങ്ങൾ! മർദ്ദനങ്ങളുടെ ഘോരഘോരമായ അട്ടഹാസങ്ങൾ. പൊന്നുതമ്പുരാൻ! അടിയൻ! റാൻ! നായർ പട്ടാളം'[4]

ഇതിൽ സൂചിതമാവുന്ന രാഷ്ട്രീയ സാമൂഹ്യാദർശങ്ങൾ തന്നെയാണ് പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ സാഹിതീയ വീക്ഷണങ്ങളിൽ വായിക്കാനാവുകയെങ്കിലും ബഷീർ പ്രത്യക്ഷത്തിൽ ഏതെങ്കിലും പക്ഷത്തിന്റെയോ പ്രത്യയശാസ്ത്രത്തിന്റെയോ പതാകാവാഹകനാവുന്നില്ല എന്നു മാത്രം. അഥവാ ഇതേ രാഷ്ട്രീയ അസ്ഥിരതയും ജീർണ്ണതകളും സാമ്പത്തിക അസമത്വങ്ങളും അവതരണ വിഷയമാക്കുന്നതിലൂടെ ബഷീറിയൻ രചനകൾ മുന്നോട്ടുവെക്കന്ന ആദർശം സോഷ്യലിസ്റ്റ് റിയലിസത്തിലൂന്നിയതു തന്നെയാണെന്നു കാണാം. മർദ്ദകഭാണത്തിനെതിരെ ശബ്ദിക്കുകയും ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടക്കുമ്പോൾ ജയിലിനെ പൂങ്കാവനമാക്കുകയും ചെയ്യുന്ന മനസ്സ് – അത് മുൻചൊന്നവരിൽ നിന്ന് വേറിട്ട ഒരു മനസ്സും വേറിട്ട ഒരു ദാർശനികതയുമാണെന്ന് പ്രദീപൻ പാമ്പിരികുന്ന് വിലയിരുത്തുന്നുണ്ട്:

'ആധുനികതയുടെ കൊടിപ്പടം ബഷീറിൽ സന്നിഗ്ദ്ധമായിത്തീർന്നത് ബഷീറിന് പ്രസ്ഥാനങ്ങളില്ലാത്തതുകൊണ്ടാണ്. അതേ കാലം തകഴിയും കേശവദേവും മനുഷ്യപ്രസ്ഥാനങ്ങളുടെ പതാകാവാഹകരായിരുന്നു. കാരുണ്യമായിരുന്നു ബഷീറിന്റെ ആദർശവും പ്രസ്ഥാനവും. പ്രപഞ്ചമായിരുന്നു ബഷീറിൽ സ്ഥലം. അതിനാൽ മനുഷ്യർ കെട്ടിയ മതിലുകളെല്ലാം ബഷീറിൽ ഫലിതമായി മാറി. "Why should I be free" എന്ന് അദ്ദേഹം അമ്പരന്നു. സ്വയമേവ തകർന്നുപോയ സാമ്രാജ്യാതിർത്തികൾ ബഷീറിൽ കാണുന്നത് ഈ ആസ്തികതയാലാണ്.'[5]

ഇങ്ങനെ തനതായ സാഹിത്യാദർശവും രാഷ്ട്രീയവീക്ഷണവും രൂപപ്പെടുത്തിയ എഴുത്തുകാരനാണ് ബഷീർ. സമകാലികരായ സാഹിത്യകാരന്മാരുടെ  കാഴ്ചപ്പാടുകളോട് ചേർന്നു പോകെത്തന്നെ അദ്ദേഹം വ്യത്യസ്തയാർന്ന ഭാവവും ഭാഷയും സൃഷ്ടിച്ചു. കൊടികളൊന്നും കൈയ്യേറ്റതില്ലെങ്കിലും മാനവികതയും പുരോഗമനപരതയും സാഹിത്യാദർശമായി. രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സ്വയം ബോധ്യത്തിലധിഷ്ഠിതമായ സ്വാതന്ത്ര്യദാഹമാണ് ബഷീറിലെ രാഷ്ട്രീയക്കാരനെ രൂപപ്പെടുത്തിയത്. കോൺഗ്രസ് എന്നുപറയുമ്പോൾ മഹാത്മാഗാന്ധി, ഇന്ത്യൻ സ്വാതന്ത്ര്യം, അഹിംസ, സത്യം തുടങ്ങിയ വ്യക്തികളും പ്രസ്ഥാനങ്ങളും മൂല്യങ്ങളുമൊക്കെയാണ് പിൽക്കാലത്തും മനസ്സിൽ രൂപപ്പെടുകയെന്നത് ബഷീർ എഴുതുന്നുണ്ട്. അതിപുരാതന രാജ്യമായ ഭാരതത്തിലെ മഹത്തായ സംസ്ക്കാരത്തെ ഓർത്ത് ബഷീർ അഭിമാനം കൊള്ളുകയും ഒപ്പം ദീർഘദൃഷ്ടിയില്ലാത്ത അന്നത്തെ ചില നേതാക്കളുടെ വിഭജന മോഹങ്ങൾക്കു വിധേയമായി ഇന്ത്യ വെട്ടിമുറിക്കപ്പെട്ടതോർത്ത് ദു:ഖിക്കയും ചെയ്യുന്നുണ്ട്. 'ഞാൻ ഒരു പഴയ കോൺഗ്ര

സുകാരനാണെ'ന്ന് പറയുന്ന ബഷീർ സ്വാതന്ത്ര്യാനന്തര കാലത്ത് ഇടതും വലതുമുള്ള പാർട്ടി കളിൽ കടന്നുകൂടുന്ന ജീർണ്ണതകളെ കണക്കിനു വിമർശിക്കുന്നുമുണ്ട്. സാമൂഹ്യ - രാഷ്ട്രീയ വീക്ഷണങ്ങൾ പോലെ തന്നെ തനതായ സാമുദായിക വീക്ഷണത്തിന്റെയും ഉടമയാണ് ബഷീർ. തന്റെ രചനകളിലൂടെ അദ്ദേഹം ഭൂതകാലത്തെയും നടപ്പുകാലത്തെയും സാമുദായികാവസ്ഥകളെ വിലയിരുത്തുകയും വിമർശിക്കുകയും ചെയ്യുന്നതു കാണാം.

## മുസ്ലീം സമുദായത്തിന്റെ കേരളീയ പശ്ചാത്തലം

കൊളോണിയൽ ആധുനികത കൊണ്ടുവരുന്ന പരിവർത്തനങ്ങളിലേക്കും ദേശീയ സ്വാതന്ത്ര്യസമര പശ്ചാത്തലം ഒരുക്കുന്ന സാമൂഹ്യരാഷ്ട്രീയ ചലനങ്ങളിലേക്കും മുഖം കൊടു ക്കുന്നതു വരെ കടുത്ത യാഥാസ്ഥിതികത്വത്തിൽ പുലർന്നു പോന്ന സമുദായമായിരുന്നു കേര ളത്തിലെ മുസ്ലീം സമൂഹം. മതപരമായ അജ്ഞതയും അന്ധവിശ്വാസങ്ങളും അവരെ അടിമുടി ഗ്രസിച്ചിരുന്നു. യാഥാസ്ഥിതിക മനോഭാവം പുലർത്തിയിരുന്നതിനാൽ ഖുർ-ആൻ സ്വന്തം ഭാഷ യിലൂടെ പഠിക്കാൻ തയ്യാറാവാതിരിക്കുകയും അർത്ഥമറിയാതെ യാന്ത്രികമായ ഉരുവിടൽ മാത്ര മാക്കിത്തീർക്കുകയും ചെയ്തു. മതത്തിന്റെ ആധികാരികത അവകാശപ്പെട്ടു നടന്ന മുസ്ലീം പുരോ ഹിതന്മാരുടെയും സിദ്ധന്മാരുടെയും വ്യാഖ്യാനങ്ങളിലും ഭാവനകളിലും വിശ്വാസികൾ ഭയപുര സ്സരം കുരുങ്ങിക്കിടന്നു.

മതവിശ്വാസത്തിൽ മാത്രമല്ല ഭാഷ, വിദ്യാഭ്യാസം, തൊഴിൽ, വിവാഹം, ജീവിതവീക്ഷണം തുടങ്ങി ജീവിതത്തിന്റെ സകലതലങ്ങളിലും പൗരോഹിത്യത്തിന്റെ വികലവീക്ഷണങ്ങൾ പിടിമുറു ക്കിയിരുന്നു. ഹിന്ദു മുസ്ലീമിനെ മ്ലേച്ഛനായി കണക്കാക്കിയപ്പോൾ മുസ്ലീം ഹിന്ദുവിനെ കാഫി റായി കണക്കാക്കി. ഭാഷയെക്കുറിച്ചുള്ള തെറ്റായ ധാരണകൾ നിമിത്തം മലയാളം കാഫിറിന്റെയും ഇംഗ്ലീഷ് നരകത്തിന്റെയും ഭാഷയായി കരുതപ്പെട്ടു. ഇതിനാൽ പൊതുവിദ്യാഭ്യാസത്തിൽ നിന്ന് സമുദായം സാമാന്യമായും സ്ത്രീകൾ പൂർണ്ണമായും അകറ്റപ്പെട്ടു.

അർത്ഥം അറിയാതെ വിശ്വാസികൾ ഖുർ-ആൻ വായിക്കുകയും അഞ്ചുനേരം നിസ്ക്കരി ക്കുകയും ചെയ്തു പോന്നു. മുസ്ലീയാക്കന്മാർ പള്ളികളിൽ വെച്ചു നടത്തുന്ന രാപ്രസംഗങ്ങളിൽ നിന്നു കിട്ടുന്ന കെട്ടുകഥകൾ നിറഞ്ഞ അറിവായിരുന്നു അവർക്ക് ഇസ്ലാമിനെക്കുറിച്ചുള്ള അറി വ്. അക്ഷരശുദ്ധിയോടെ മലയാള ഭാഷ സംസാരിക്കാൻ കഴിയുന്ന മുസ്ലിയാക്കന്മാർ പോലും കുറവായിരുന്നു. കള്ളിത്തുണിയുടുത്ത് അരയിൽ കൈപ്പത്തി വീതിയിലുള്ള അരപ്പട്ട കെട്ടി, അതിൽ നീളമുള്ള ഒരു കത്തി തിരുകി, നാലു മൂലയുള്ള തൊപ്പി ധരിച്ച് നിസ്ക്കാരത്തഴമ്പുള്ള രൂപമായിരുന്നു പഴയകാല സാഹിത്യ-കലാ പ്രകടനങ്ങളിലെ മുസ്ലീം പുരുഷൻ.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലുമായി രൂപപ്പെട്ട സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങൾ വ്യത്യസ്ത ജാതിമതവിഭാഗങ്ങളിൽ വിവിധ രീതിയിലാണ് സ്വാധീനം ചെലുത്തുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസം, അച്ചടി ശാലകൾ, നീതി നിർവ്വഹണ ക്രമങ്ങൾ, വാർത്താവിനിമയ ഗതാഗത സൗകര്യങ്ങൾ, ശാസ്ത്രീയ വീക്ഷണം, യുക്തിബോധം എന്നിവ ജനങ്ങളുടെ ഭൗതികവും ബൗദ്ധികവുമായ ഉണർവ്വിനു പ്രേരകമായി. അച്ചടിശാലകൾ വന്നത് സംസ്കൃതപദ ജടിലതയിൽ നിന്ന് വാമൊഴി ഗദ്യഭാഷയിലേക്കുള്ള മാറ്റത്തിനു വഴിതെളിച്ചു. വിദ്യാഭ്യാസസ്ഥാപനങ്ങൾ സാമൂഹ്യപ്രവർത്തനത്തിനുള്ള കേന്ദ്രങ്ങളായി. ബ്രിട്ടീഷ് കോടതികൾ നീതിനിർവ്വഹണത്തിന്റെ ജാതി-മത-മേൽ-കീഴ് ഭേദമില്ലായ്മയുടെ വിതരണ കേന്ദ്രങ്ങളായി. മേൽജാതിക്കാരിൽ നിന്നും കാരണവന്മാരിൽ നിന്നുമൊക്കെയുള്ള നിയന്ത്രണങ്ങളിൽ നിന്നും വിധേയത്വങ്ങളിൽ നിന്നും മുക്തരായി വിദ്യ നേടിയ യുവാക്കൾ ഉദ്യോഗം നേടി സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്കു പ്രവേശിക്കാൻ തുടങ്ങി. ശ്രീനാരായണഗുരു-അയ്യങ്കാളി തുടങ്ങിയ പരിഷ്ക്കർത്താക്കളാൽ പ്രചോദിതരായ അവർണ്ണ വിഭാഗം സ്വത്വ-സാമൂഹ്യബോധങ്ങളിലേക്ക് ഉണരാൻ തുടങ്ങി. ഇരുപതാം നൂറ്റാണ്ടിൽ രൂപപ്പെട്ടു വന്ന സ്വാതന്ത്ര്യസമര പ്രസ്ഥാനം ജനതയെ മതേതര ജനാധിപത്യ കൂട്ടായ്മയിലേക്കും ദേശീയബോധത്തിലേക്കും നയിച്ചു.

അങ്ങേയറ്റം മതബദ്ധമായിരുന്ന മുസ്ലീം സമൂഹം പതുക്കെയാണെങ്കിലും ഈ മാറ്റങ്ങളെ ഉൾക്കൊള്ളാൻ തയ്യാറാവുന്നുണ്ട്. യാഥാസ്ഥികതയിൽ നിന്ന് മോചനം നേടി കാലത്തിന്റെ മാറ്റങ്ങളെ അഭിമുഖീകരിക്കാനും ഉൾക്കൊള്ളാനും ആഹ്വാനം ചെയ്തുകൊണ്ട് മുസ്ലീം സമൂഹത്തിലും ധാരാളം സാമൂഹ്യപരിഷ്ക്കർത്താക്കൾ ഉണ്ടായിട്ടുണ്ട്. സനാഉല്ല മക്തി തങ്ങൾ (1847-1912) വക്കം അബ്ദുൾ ഖാദർ മൗലവി (1873-1932) മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി (1856-1919) തുടങ്ങിയവർ അവരിൽ ചിലർ മാത്രം. ബ്രിട്ടീഷ് ഉദ്യോഗസ്ഥനായി പൊതുജീവിതമാരംഭിച്ച സന്യാഉല്ല മക്തിതങ്ങൾ കേരളത്തിലെ മുസ്ലീം പരിഷ്ക്കരണവാദികളിൽ പ്രധാനിയായിരുന്നു. പരിഷ്ക്കാരങ്ങളോട് ചേർന്നു നിൽക്കാൻ സമുദായത്തെ സന്നദ്ധമാക്കാൻ ഇംഗ്ലീഷ് വിദ്യാഭ്യാസം ആർജ്ജിക്കേണ്ട ആവശ്യകതയെക്കുറിച്ച് അദ്ദേഹം ബോധവൽക്കരണം നടത്തി. മലയാളവും ഇംഗ്ലീഷും പഠിക്കുക വഴി മതാഭിമാനം, ജനാഭിമാനം, ദേശാഭിമാനം എന്നീ മൂന്നു മൗലിക ബോധ്യങ്ങൾ സമൂഹത്തിനുണ്ടാവുകയും ഇതിലൂടെ ഭൗതികാഭിവൃദ്ധിയും സാംസ്കാരിക പുരോഗതിയും കൈവരുമെന്നും മക്തിതങ്ങൾ ഉദ്ബോധിപ്പിച്ചു. ഇസ്ലാമിന്റെ പേരിൽ പൊന്നാനിയിൽ

നിന്നു പുറപ്പെടുന്ന യാഥാസ്ഥിതിക ശാസനകളെ അക്കാലത്ത് അദ്ദേഹം രൂക്ഷമായി വിമർശിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്നു.

അറബിമലയാളം ലിപി പരിഷ്ക്കരണത്തിലൂടെ മതവിദ്യാഭ്യാസത്തെ ആധുനിക വിദ്യാഭ്യാസത്തോടു ചേർത്തു നിർത്തിയ പണ്ഡിതനാണ് മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി. 'കേരളത്തിന്റെ സർ സയ്യിദ്' എന്നു വിശേഷിക്കപ്പെടുന്ന ഇദ്ദേഹം നിരവധി പാഠശാലകൾ സ്ഥാപിക്കുകയും സ്ത്രീ വിദ്യാഭ്യാസത്തിനു പ്രാധാന്യം കൊടുക്കുകയും ചെയ്തു.

മക്തി തങ്ങളുടെ പുരോഗമനമുഖത്തിന്റെ യഥാർത്ഥ പിന്തുടർച്ചയാണ് വക്കം അബ്ദുൾ ഖാദർ മൗലവി (1873-1932)യിൽ കാണാനാവുക. യാഥാസ്ഥിതിക ശക്തികൾ അതിശക്തമായി നിലകൊണ്ട വേളയിലും വക്കം മൗലവി യുക്തിചിന്തയ്ക്കും സാമൂഹിക മാറ്റത്തിനും വേണ്ടി പ്രവർത്തിച്ചു. മതസംബന്ധമായ മൗലിക പഠനങ്ങളിലൂടെ മുസ്ലീം സമുദായത്തെ അന്ധവിശ്വാസങ്ങളിൽ നിന്നും അജ്ഞതയിൽ നിന്നും അദ്ദേഹം മോചിപ്പിക്കാൻ ശ്രമിച്ചു. ഇസ്ലാമിന്റെ ആന്തരിക വിശുദ്ധിയിലും പുരോഗമന ചേതനയിലും വിശ്വാസമർപ്പിച്ച മൗലവി രാജഭരണത്തിനെതിരെ ശബ്ദമുയർത്തുകയും ദേശീയ വികാരം ഉയർത്തിപ്പിടിക്കുകയും ചെയ്തു. രാമകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ നടത്തിയ 'സ്വദേശാഭിമാനി' പത്രത്തിനു വേണ്ട അച്ചുകൂടം 1905ൽ ബ്രിട്ടനിൽ നിന്ന് ഇറക്കുമതി ചെയ്തത് മൗലവിയായിരുന്നു. അൽ ഇസ്ലാം (1918) എന്ന അറബിമലയാളപത്രവും ദീപിക (1931) യും മുസ്ലീം നവോത്ഥാനത്തിന്റെ സന്ദേശങ്ങളെ ജനങ്ങളിലെത്തിക്കാൻ മൗലവി ഉപയോഗപ്പെടുത്തിയവയായിരുന്നു. കേരളത്തിലെ മുസ്ലീം സമുദായത്തിലെ സമുന്നത മാർഗ്ഗദർശിയായിരുന്ന വക്കം മൗലവി 1922ൽ ഗാന്ധിജി തിരുവനന്തപുരത്തെത്തിയപ്പോൾ അദ്ദേഹത്തെക്കണ്ട് സംഭാഷണം നടത്തുകയുണ്ടായി. കോൺഗ്രസ്-ഖിലാഫത്ത് പ്രസ്ഥാനത്തിലൂടെയാണ് (1920-21) മുസ്ലീം സമുദായത്തിൽ സംഘടിത രാഷ്ട്രീയവൽക്കരണത്തിന്റെ നാമ്പ് കിളിർക്കുന്നത്. കാലത്തെ ഉൾക്കൊള്ളാത്ത ഒരു സമുദായത്തിനും നിലനിൽപ്പില്ലെന്നും ഉദരനിമിത്തം ആത്മീയ ഗുരുക്കന്മാരായ മതസിദ്ധന്മാരുടെ വേഷം കെട്ടി നടക്കുന്ന മൂഢബുദ്ധികളുടെ ദുർബോധനങ്ങൾക്ക് അടിമയായിപ്പോവരുതെന്നും മൗലവി സമൂഹത്തെ ഓർമ്മപ്പെടുത്തുകയുണ്ടായി.

മുസ്ലീങ്ങളെ ദേശീയ പ്രസ്ഥാനവുമായി ബന്ധിപ്പിക്കാനും അവരുടെ ഇടയിൽ നവീനാശയങ്ങളും വിദ്യാഭ്യാസ രീതികളും പ്രചരിപ്പിക്കാനും ജീവിതം ഉഴിഞ്ഞുവെച്ച വ്യക്തിയായിരുന്നു മുഹമ്മദ് അബ്ദുറഹ്മാൻ. മുസ്ലീം പുരോഹിതന്മാർ, യാഥാസ്ഥിതികന്മാർ, ധനവാന്മാർ എന്നിവരുടെ ശക്തമായ എതിർപ്പിനെ അദ്ദേഹം ധീരമായി നേരിട്ടു. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത്

അബ്ദുറഹ്മാൻ കഠിനമായ മർദ്ദനമേറ്റുവാങ്ങിയിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് മുസ്ലീം ലീഗിനെ ഹിന്ദുക്കൾക്കെതിരായി വർഗീയമായി ഉപയോഗിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് പരമാവധി ശ്രമിച്ചിരുന്നെങ്കിലും അതു തിരിച്ചറിഞ്ഞവരായിരുന്നു മുഹമ്മദ് റഹ്മാനെപ്പോലെയുള്ള യഥാർത്ഥ ദേശീയവാദികൾ. 1930ൽ കോഴിക്കോടു വെച്ചു നടന്ന ഉപ്പുസത്യാഗ്രഹ സമരത്തിൽ ഇതരസമുദായങ്ങൾക്കൊപ്പം ധാരാളം മുസ്ലീംയുവാക്കളും പങ്കെടുക്കുകയുണ്ടായി. വൈക്കം സെയ്തുമുഹമ്മദിനൊപ്പം അന്ന് സാഹിത്യകാരനായി അറിയപ്പെട്ടു തുടങ്ങിയിട്ടില്ലാത്ത ബഷീറും പങ്കെടുത്തിരുന്നു. മുഹമ്മദ് അബ്ദുറഹ്മാനടക്കമുള്ള അന്നത്തെ നേതാക്കൾക്കെല്ലാം കൊടിയ മർദ്ദനമേൽക്കേണ്ടി വരുന്നുണ്ട്. പിന്നീട് കെ.കേളപ്പൻ, ഇ. മൊയ്തു മൗലവി തുടങ്ങിയവർക്കൊപ്പം ബഷീറും രാഷ്ട്രീയ തടവുകാരനായി കണ്ണൂർ ജയിലിൽ ശിക്ഷയേൽക്കുകയും ചെയ്യുന്നുണ്ട്. മുൻചൊന്ന സാമൂഹ്യ പരിഷ്ക്കർത്താക്കൾക്കൊപ്പം ധാരാളം പരിഷ്ക്കരണ പ്രസ്ഥാനങ്ങളും നേതാക്കളും മുസ്ലീം സമുദായത്തെ ഉണർവ്വിന്റെ പാതയിലേക്കു നയിച്ചു.

ഉത്തരേന്ത്യൻ സഞ്ചാരത്തിനും ദേശീയ സ്വാതന്ത്ര്യസമരപഥങ്ങളിലെ ആരവങ്ങൾക്കും ശേഷം എഴുത്തിലൂടെയാണ് ബഷീർ തന്റെ സാമൂഹ്യരാഷ്ട്രീയവീക്ഷണങ്ങൾ സമൂഹവുമായി പങ്കുവെക്കുന്നത്. യാഥാസ്ഥിതിക വീക്ഷണങ്ങൾക്കടിപ്പെട്ടുപോയ സമുദായത്തെ യാഥാർത്ഥ്യബോധത്തിലേക്കുണർത്താനുദ്ദേശിച്ചുള്ള സാഹിത്യപരിശ്രമങ്ങൾ ബഷീറിന്റെ രചനകളിൽ കാണാനാവും. എന്തുകൊണ്ട് സമൂഹത്തിനും സമുദായത്തിനും ഈ ദുർഗതി വന്നുപെട്ടു എന്നും എന്താണതിനെ മറികടക്കാനുള്ള മാർഗ്ഗമെന്നുമുള്ള പരോക്ഷമായ ഓർമ്മപ്പെടുത്തലുകളും ഉത്തരങ്ങളും അന്വേഷണങ്ങളും വിലയിരുത്തലുകളുമാവുന്നുണ്ട് സൂക്ഷ്മാർത്ഥത്തിൽ ചില രചനകൾ. അവയിലൂടെ, അനാചാരങ്ങളെ പുണർന്ന സാമുദായിക നേതൃത്വവും പൗരോഹിത്യവും നിഷ്ക്കരുണം പരിഹസിക്കപ്പെടുന്നു. ഒപ്പം, ശരിയായ മതബോധനത്തിലൂടെയും കാലത്തിനൊത്ത വിദ്യാഭ്യാസത്തിലൂടെയും സംസ്ക്കാരത്തിലേക്കും പരിഷ്ക്കാരത്തിലേക്കുമുള്ള സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. അന്ധവിശ്വാസം, നിരക്ഷരത, സ്ത്രീധനം, അനാചാരങ്ങൾ, ആഭിജാത്യഭ്രമം തുടങ്ങിയ അനവധിയായ പ്രതിലോമകര വീക്ഷണങ്ങൾക്കെതിരായ സാഹിതീയ വിമർശനങ്ങൾ ബഷീറിന്റെ രചനകളിൽ വായിച്ചെടുക്കാം.

മിഷണറിമാർ തുറന്നുവെച്ച വിദ്യാഭ്യാസ കേന്ദ്രങ്ങൾ വഴി മലയാളമോ ഇംഗ്ലീഷോ പഠിക്കുന്നതിലൂടെ ഭാഷാ സംവേദനം സാധ്യമാക്കപ്പെട്ടു. എഴുത്തിലേക്കും അറിവിലേക്കുമുള്ള നോട്ടം ഇതരസമുദായങ്ങളിലെന്ന പോലെ മുസ്ലീംസമുദായത്തിലും പതുക്കെയാണെങ്കിലും ഉണർവ്വിന്റെ നാന്ദി കുറിക്കുന്നു. ജീവിതത്തെയും സംസ്ക്കാരത്തെയും കുറിച്ചുള്ള ആധുനിക ജീവിതവീക്ഷ

ണങ്ങൾ മുസ്ലീം സമുദായത്തെയും സ്വാധീനിക്കാൻ തുടങ്ങി. മതബദ്ധമായിരുന്ന മുസ്ലീം സമൂഹത്തിന് മതവിദ്യാഭ്യാസം പൗരോഹിത്യത്തിന്റെ ഇടനിലയില്ലാതെ സ്വയാർജ്ജിത വിദ്യയിലൂടെയും കരഗതമാവാൻ തുടങ്ങിയത് മാറ്റങ്ങൾക്ക് കാരണമായി. വർഗീയതയും ഖിലാഫത്തും ദ്വിരാഷ്ട്രവാദവുമൊക്കെയായി കൂടിക്കുഴഞ്ഞിരുന്ന രാഷ്ട്രീയാന്തരീക്ഷത്തിൽ കൃത്യമായ രാഷ്ട്രീയവീക്ഷണവും ദേശീയബോധവും സമുദായത്തിലുണർത്തുക എന്നത് ശ്രമകരമായ ദൗത്യമായിരുന്നു. മുസ്ലീംലീഗിന്റെയും ജിന്നയുടെയും രാഷ്ട്രീയ ആവശ്യങ്ങളെ തിരസ്ക്കരിക്കാനും ഗാന്ധിജിയും മുഹമ്മദ് അബ്ദുറഹ്മാനും പോലുള്ള ദേശീയവാദികളുടെ ആഹ്വാനങ്ങളെ ചെവിക്കൊള്ളാനുമുതകുന്ന രാഷ്ട്രീയ പക്വതയിലേക്ക് സമുദായം പരുവപ്പെട്ടു. ബ്രിട്ടീഷുകാരുടെ സാമ്രാജ്യത്വ വർഗീയ അജണ്ടകളെ തിരിച്ചറിയുന്നതിലൂടെ അവർക്കെതിരെയുള്ള പോരാട്ടങ്ങളിലേക്കും ദേശരാഷ്ട്ര ബോധ്യങ്ങളിലേക്കുമുള്ള ഉണർവ്വ് ക്രമേണ പ്രകടമാവുന്നുണ്ട്. വിദ്യാഭ്യാസം, ദേശീയത, കാലത്തിനൊത്ത ജീവിതവീക്ഷണം തുടങ്ങിയ നവോത്ഥാനകാല സാമൂഹ്യവിഷയങ്ങൾ മുൻചൊന്ന സാമൂഹ്യ-രാഷ്ട്രീയകാലാവസ്ഥയുടെ പശ്ചാത്തലത്തിൽ സാഹിത്യത്തിന്റെ രചനോപാധികളാക്കി മാറ്റിയതിന്റെ നിരവധി ഉദാഹരണങ്ങൾ ബഷീറിന്റെ കൃതികളിൽ കാണാം.

സാമൂഹികപുരോഗതി കൈവരിക്കാനുതകുന്ന ദീർഘവീക്ഷണമോ സാംസ്ക്കാരിക ഉണർവ്വ് ലക്ഷ്യം വെക്കുന്ന പുരോഗമനചിന്തയോ നവോത്ഥാന കാലം വരേയും മുസ്ലീം സമുദായത്തിൽ പ്രകടമായിരുന്നില്ല. സാമ്പത്തികവിജയം ജീവിതവിജയത്തിന്റെ മുഖ്യമാനദണ്ഡമായി പരിഗണിക്കുക വഴി മുൻചൊന്ന സാമൂഹികമൂല്യങ്ങളെ അവർ തമസ്ക്കരിച്ചു. മുസ്ലീം സമൂഹത്തിന്റെ ഈ നിശ്ചലാവസ്ഥയെക്കുറിച്ചുള്ള സാമൂഹികവും ചരിത്രപരവുമായ പശ്ചാത്തലങ്ങളെ വിലയിരുത്തുന്ന സാമൂഹ്യജീവിയായ ഒരെഴുത്തുകാരൻ എന്ന നിലയിലും ബഷീറിന്റെ രചനകളെ സമീപിക്കാനാവും. എഴുത്തിലൂടെയും സാഹിത്യത്തിലൂടെയും സമുദായത്തെ ഉദ്ധരിച്ചുകളയാം എന്ന വ്യാമോഹമൊന്നും ബഷീറിനെ ഭരിക്കുന്നില്ല. ചില തിരിച്ചറിവുകൾ, ഓർമ്മപ്പെടുത്തലുകൾ, സത്യാന്വേഷണങ്ങൾ, രൂക്ഷമായ പരിഹാസങ്ങൾ, ചരിത്രത്തിലൂടെയുള്ള സഞ്ചാരങ്ങൾ എന്നിങ്ങനെ പല രൂപഭാവങ്ങളിൽ അവ അനുവാചകരുടെ മുന്നിലെത്തുന്നു. സാമുദായിക പരിഷ്ക്കരണം കലാസൃഷ്ടിയിലൂടെ നിർവ്വഹിക്കാമെന്നും സമുദായത്തിന്റെ ഹൃദയത്തിലേക്ക് അതുവഴി ഇറങ്ങിച്ചെല്ലാനാവുമെന്നുമുള്ള പരീക്ഷണങ്ങൾ കൂടിയായിത്തീരുന്നുണ്ട് ബഷീറിന്റെ ചില രചനകൾ.

വിദ്യാഭ്യാസക്കുറവ്, മതത്തിന്റെ പിരിമുറുക്കം, അന്ധവിശ്വാസത്തിന്റെ ആധിക്യം തുടങ്ങിയവ മുസ്ലീം സമൂഹത്തെ കാലങ്ങളോളം ശ്വാസം മുട്ടിച്ചുകൊണ്ടേയിരുന്ന സാമൂഹ്യനടപ്പുകളാ

യിരുന്നു. മുസ്ലീം സമുദായത്തിലെ പൗരോഹിത്യം ജ്ഞാനത്തിനു പുറം തിരിഞ്ഞു നിന്നതിനെക്കുറിച്ച് 'ഓർമ്മയുടെ അറകളിൽ' ബഷീർ അനുസ്മരിക്കുന്നുണ്ട്:

'ഒന്നും പഠിച്ചിട്ടില്ല. ചിന്തിച്ചിട്ടില്ല. ചിന്തിക്കുന്നുമില്ല. ജനനം കൊണ്ട് മുസ്ലീം എന്ന പേരിൽ ജീവിക്കുന്നു. ക്ഷുരകൻ കൊടുക്കുന്ന രൂപം. തുന്നൽക്കാരൻ കൊടുക്കുന്ന വസ്ത്രം. ചില പ്രാർത്ഥനകൾ. ആഹാരം. ഉറക്കം. സന്താനോൽപ്പാദനം. തീർന്നു അവന്റെ കടമ. പിന്നെ മരണവും സ്വർഗ്ഗാരോഹണവുമാണ്'.[6]

അക്ഷരവിരോധികളായ ഈ യാഥാസ്ഥിതികരിൽ നിന്ന് സമുദായത്തെ വിമോചിപ്പിക്കാനും സദാചാരം, ശുചിത്വം, ശാസ്ത്രീയവീക്ഷണം തുടങ്ങിയ സംസ്ക്കാര വിശേഷങ്ങളിലേക്ക് തിരിച്ചുവിടാനുമുള്ള തൽപരത്വം ബഷീറിന്റെ ചിന്തകളിൽ വായിക്കാനാകും. തെറ്റിദ്ധരിക്കപ്പെടുന്ന മതത്തെ മുൻനിർത്തി ശരിയായ ഇസ്ലാം പ്രതിനിധാനം ചെയ്യുന്ന സംസ്ക്കാരത്തെയും മാതൃകയേയും ഓർമ്മിപ്പിച്ചുകൊണ്ട് ബഷീർ എഴുതുന്നു:

'ലോകമതങ്ങളുടെ സുബദ്ധമായ അവസാനത്തെ പതിപ്പാകുന്നു ഇസ്ലാം. പറഞ്ഞില്ലേ – സത്യത്തിന്റെയും സമാധാനത്തിന്റെയും മതം. സ്നേഹം, സഹാനുഭൂതി, സാഹോദര്യം ഇതൊക്കെയാകുന്നു ഇസ്ലാമിലുള്ളത്. നിറം, വിശ്വാസം ഒന്നും വകവെക്കാതെ മാനവരാശിയുടെ സ്നേഹത്തിൽ വർത്തിക്കാൻ ഇസ്ലാം പഠിപ്പിക്കുന്നു. പരിശുദ്ധമായ ജീവിതം, പരിശുദ്ധമായ ചിന്തകൾ – മാതൃകായോഗ്യനായ നല്ല മനുഷ്യനാകുന്നു മുസ്ലീം'.[7]

എന്നാൽ ഇത്തരം അനുശാസനങ്ങളുടെയൊക്കെ നേർവിപരീതങ്ങളാണ് സമുദായശീലങ്ങളിൽ കാണാനാവുക. 'ബാല്യകാലസഖി'യിൽ ഇത്തരം തലകീഴായ ജീവിതാവസ്ഥകളുടെ നേർ സാക്ഷ്യങ്ങൾ അവതരിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീധന ദുരിതവും ബഹുഭാര്യത്വവും നഷ്ടപ്രണയത്തിന്റെ വേദനയിൽ നീറുമ്പോഴും മജീദിനെയും സുഹ്റയെയും വേട്ടയാടുന്നു. സുഹ്റായെ വിവാഹം ചെയ്ത കശാപ്പുകാരൻ യഥാർത്ഥത്തിൽ അവളെയല്ല അവൾ കൊണ്ടുവന്ന സ്വർണ്ണപ്പണ്ടങ്ങളെയും ഓഹരിയെയുമാണ് ഉന്നം വെച്ചിരുന്നത്. മജീദ് വിഷമിക്കുന്നത് അവന്റെ രണ്ടു പെങ്ങന്മാരെ കെട്ടിച്ചുവിടാനുള്ള സ്ത്രീധനത്തെ ഓർത്താണ്:

'മജീദിന്റെ സഹോദരിമാരുടെ നാലു കാതുകളിലും കൂടി നാൽപ്പത്തിരണ്ടു തുളകളുണ്ട്. അതൊക്കെ എന്തിനു കുത്തിത്തുളച്ചു? കഴുത്തിലും അരയിലും സ്വർണ്ണം ഇട്ടിട്ടില്ലെങ്കിലെന്ത്? സ്ത്രീധനമേർപ്പാടു തന്നെ ഇല്ലായിരുന്നുവെങ്കിൽ!'

'ഉമ്മാ, ഈ കാതുകുത്തും മറ്റും ഇല്ലായിരുന്നെങ്കിൽ! നമ്മുടെ സമുദായത്തിനു മാത്രം എന്തി

നാണ് ഈ വൃത്തികെട്ട ഏർപ്പാടുകൾ? – വൃത്തികെട്ട വസത്രധാരണവും വൃത്തികെട്ട ആഭരണ ങ്ങളും............!'[8]

മുസ്ലീം സമുദായത്തിലെ ബഹുഭാര്യത്വത്തിന്റെ ഭീഷണതയെ തുറന്നുകാട്ടുന്ന ശ്രദ്ധേയ മായ രചനയാണ് 'ചിരിക്കുന്ന മരപ്പാവ'. പണക്കാരനും നിരക്ഷരനും കള്ളനും ഏഴു കെട്ടുകയും ചെയ്ത ആളായ മമ്മുഹാജി, അയാളുടെ വീട്ടുജോലിക്കാരിയായ ഒരു പാവം സ്ത്രീയുടെ മകൾ റംലത്ത് ബീവിയെ പെണ്ണുകെട്ടാനാഗ്രഹിക്കുന്നു. ഇസ്ലാമിനെ തെറ്റായി വ്യാഖ്യാനിക്കുന്ന ഹാജിയെ റംലത്ത് എതിർക്കുമ്പോൾ തന്റെ താന്തോന്നിത്തങ്ങളെ രണ്ട് ഹജ്ജ് ചെയ്ത പുണ്യത്തിന്റെ പേരിൽ ന്യായീകരിക്കുകയാണയാൾ. മമ്മുഹാജിയെപ്പോലെ സമുദായത്തിലുള്ള അനേകം പെണ്ണു കെട്ടൽ യജ്ഞക്കാരെയും അവർക്കു കൂട്ടുനിൽക്കുന്ന ഖത്തീബന്മാരെയും തങ്ങന്മാരെയും മൗല വിമാരെയുമൊക്കെ റംലത്ത് ശരിയായ വേദജ്ഞാനം കൊണ്ട് തിരുത്തുന്നു. മുസ്ലീം സമുദായ ത്തിനകത്തു നടമാടുന്ന പുരുഷമേധാവിത്വത്തെയും വിദ്യാഭ്യാസനിഷേധത്തെയും സ്ത്രീകളെ ഭോഗവസ്തുവാക്കുന്ന യാഥാസ്ഥിതികത്വത്തെയും റംലത്തിനെ മുൻനിർത്തി ചോദ്യം ചെയ്യുക യാണ് ബഷീർ.

ഇസ്ലാമിലെ നിയമമാണെന്ന പേരു പറഞ്ഞ് ഭാര്യയുടെ യൗവ്വനം നശിപ്പിച്ച് അവളെയും കുഞ്ഞുങ്ങളെയും പുറന്തള്ളി മറ്റൊരാളെ കല്യാണം കഴിക്കാനൊരുമ്പെടുന്ന കുഞ്ഞബ്ദുല്ലയെന്ന യുവാവിനെതിരെ അവളുടെ സഹോദരൻ അബ്ദുർ റസാഖ് സ്വന്തം നീതി നടപ്പാക്കുന്നതിന്റെ കഥയാണ് 'നീതിന്യായം'. മതത്തെ തരാതരം പോലെ ദുർവ്യാഖ്യാനം ചെയ്ത് വ്യക്തിഗത സുഖ ലോലുപതയ്ക്കുള്ള ഉപകരണമാക്കി ഉപയോഗിക്കുന്നതിന്റെ ചിത്രമാണ് ഈ കഥ. ഡോക്ടർ വന്നില്ലെങ്കിലും പ്രസവിക്കുമെങ്കിലും അങ്ങനെയൊരാൾ വരുന്നതിലെ അന്തസ്സ് നാട്ടുകാരെ കാണി ക്കാൻ വേണ്ടി ദരിദ്രനായ ഭർത്താവിനെക്കൊണ്ട് കടം വാങ്ങിപ്പിച്ചും ഡോക്ടറെ വരുത്തിക്കുക യാണ് 'ഐഷുക്കുട്ടി'. ദാരിദ്ര്യത്തിലും പൊങ്ങച്ചത്തിലൂടെ അന്തസ്സ് നേടിയെടുക്കാൻ ശ്രമിക്കുന്ന ഐഷുക്കുട്ടിയുടെ കഥ നിർദ്ദോഷമായ ഫലിതത്തിനപ്പുറം സമുദായം തലയിലേറ്റി നടക്കുന്ന ദുരഭിമാനബോധം, നിരക്ഷരത, അന്ധവിശ്വാസം തുടങ്ങിയ വികൃതാചാരങ്ങളുടെ പ്രകടീകരണ മായിത്തീരുന്നുണ്ട്.

വിശുദ്ധഖുർ–ആൻ, വിശുദ്ധബൈബിൾ, വിശുദ്ധഗീത പോലെ വിശുദ്ധരോമം എന്നു പറ യുകയും ആരാധിക്കുകയും ചെയ്യുന്നതിലെ നിരർത്ഥകതയെക്കുറിച്ച് ചിന്തിപ്പിക്കുന്ന രചനയാണ് 'വിശുദ്ധരോമം'. സൈനബയും ഒറ്റക്കണ്ണൻ പോക്കരും മണ്ടൻ മുത്തപയും എട്ടുകാലി മമ്മൂഞ്ഞു മൊക്കെ സമുദായദൗർബല്യത്തിന്റെ പ്രതീകങ്ങളാണ്. നിർദോഷമായ തമാശയ്ക്കപ്പുറം

ആക്ഷേപഹാസ്യത്തിലൂടെയുള്ള സാമുദായികശുദ്ധീകരണമാണ് ബഷീർ അവരിലൂടെ ഉന്നം വെക്കുന്നത്. നവോത്ഥാനകാലം വരേയ്ക്കും കടുത്ത യാഥാസ്ഥിതികതയ്ക്കടിപ്പെട്ട് ആചാരബദ്ധതയിലമർന്നു പോയ മുസ്ലീംവിഭാഗം നാട്ടുനടപ്പുകളും വിശ്വാസങ്ങളുമായി കൊണ്ടുനടന്നിരുന്ന വികൃതാചാരങ്ങളുടെ യഥാതഥമായ ആവിഷ്ക്കാരങ്ങളാണ് ബഷീർ ഇത്തരം രചനകളിലൂടെ നിർവ്വഹിക്കുന്നത്. മറ്റൊരു തരത്തിൽ, സാമുദായിക പരിഷ്ക്കരണം കലാസൃഷ്ടിയിലൂടെ എങ്ങനെ നിർവ്വഹിക്കാമെന്നും സമുദായത്തിന്റെ ആത്മാവിലേക്ക് എപ്രകാരം പ്രവേശിക്കാനാകുമെന്നുള്ളതിന്റെ പരീക്ഷണങ്ങൾ കൂടിയായിത്തീരുന്നുണ്ട് ഈ രചനകൾ.

നാട്ടുനടപ്പുകളെ അതിജീവിക്കാൻ കഴിയാത്തതിന്റെ ദുരന്തമാണ് 'ബാല്യകാലസഖി'യിലെ മജീദിന്റെയും സുഹ്റായുടെയും ജീവിതം. എന്നാൽ പാരമ്പര്യത്തെ സമർത്ഥമായി അതിജീവിക്കുന്നതിലൂടെ ജീവിതവിജയത്തിലേക്കു നടന്നുകയറുന്നതിന്റെ കഥയാണ് 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' പറയുന്നത്. മുസ്ലീം സമുദായത്തിന്റെ മതപരവും വിദ്യാഭ്യാസപരവുമായ അവസ്ഥകൾ, പാരമ്പര്യത്തിൽ അഭിരമിക്കൽ, ആചാരബദ്ധത, പരിഷ്ക്കാരത്തോടുള്ള വിമുഖത, മടിച്ചാണെങ്കിലും പുതിയ കാലത്തെ ഉൾക്കൊള്ളൽ എന്നിങ്ങനെ സാമൂഹ്യപരിവർത്തനങ്ങളിലേക്ക് മുസ്ലീം സമുദായം മുഖം തിരിക്കുന്നതിന്റെ ചിത്രങ്ങൾ ഈ നോവലിൽ അവതരിക്കപ്പെട്ടിരിക്കുന്നു. നവോത്ഥാനകാല പരിസരം വിഷയമാകുന്ന ധാരാളം രചനകൾ ബഷീർ നടത്തിയിട്ടുണ്ടെങ്കിലും 1951ൽ രചിക്കപ്പെട്ട 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' അവയിൽ നിന്നൊക്കെ വേറിട്ടുനിൽക്കുന്നുണ്ട്. കേരളത്തിലെ ഗണനീയ വിഭാഗമായ മുസ്ലീം സമൂഹം നവോത്ഥാനമൂല്യങ്ങളോട് പ്രതികരിക്കുന്ന വിധവും അത്തരം മാറ്റങ്ങളെ സമുദായം എങ്ങനെ ഉൾക്കൊള്ളുന്നുവെന്നും ആ മാറ്റങ്ങൾക്കു പിന്നിലെ ചോദകശക്തികൾ എന്തൊക്കെയായിരുന്നുവെന്നുമുള്ള അന്വേഷണം ആ അർത്ഥത്തിൽ സാമൂഹ്യപരമായ അന്വേഷണം കൂടിയായിത്തീരുന്നു.

### കഥാഘടന

നിഷ്കളങ്കയും നിരക്ഷരയുമായ കുഞ്ഞുപാത്തുമ്മയാണ് 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്ന നോവലിലെ പ്രധാന കഥാപാത്രം. പാരമ്പര്യവഴിയിൽ സ്വത്തുകാരനായ വട്ടനടിമയുടെയും ആഭിജാത്യഭ്രമം തലയിലേറ്റി നടക്കുന്ന കുഞ്ഞുതാച്ചുമ്മയുടെയും ഏക മകളാണവൾ. ഫ്യൂഡൽ പാരമ്പര്യത്തിന്റെ പ്രതീകങ്ങളാണ് കുഞ്ഞുതാച്ചുമ്മയും വട്ടനടിമയും. ആനമക്കാരിന്റെ പഴയ പ്രതാപത്തെക്കുറിച്ചുള്ള പൊങ്ങച്ചം പറച്ചിലിലാണ് താച്ചുമ്മയുടെ ലോകം. പട്ടുകുപ്പായമിട്ട് വെറ്റില മുറുക്കി ആനക്കൊമ്പുകൊണ്ടുണ്ടാക്കിയ മെതിയടിപ്പുറത്തുനിന്നിറങ്ങാത്ത ജീവിതമാണവരുടേ

ത്. യാഥാസ്ഥിതികരായ ഉമ്മയുടെയും ബാപ്പയുടെയും കണ്ണിലൂടെയാണ് അവൾ മതകാര്യങ്ങളും ലോകകാര്യങ്ങളും ഉൾക്കൊണ്ടിട്ടുള്ളത്. വിദ്യാഭ്യാസത്തെക്കുറിച്ചും വേഷത്തെക്കുറിച്ചുമൊക്കെയുള്ള അനവധി അബദ്ധധാരണകൾ  അവൾ കൊണ്ടുനടക്കുന്നുണ്ട്. വിവാഹാലോചനകൾ മുറുകി നിൽക്കെ അവളുടെ ബാപ്പാ ഒരു കേസിൽ തോറ്റ് പാപ്പരായി പോകുന്നു. കിടപ്പാടം നഷ്ടപ്പെട്ട് ചെറിയ ഒരു പുരയിടത്തിലേക്ക് താമസം മാറ്റേണ്ടി വന്ന വേളയിലും കുഞ്ഞുതാച്ചുമ്മ പഴയ മെതിയടിപ്പുറത്തുനിന്നിറങ്ങാൻ കൂട്ടാക്കുന്നില്ല. വിവാഹം നടക്കാത്തതും സാമ്പത്തിക ബുദ്ധിമുട്ടും നിരാശയുമൊക്കെ ബാപ്പായും ഉമ്മായും തമ്മിലുള്ള കലഹങ്ങളായി വളരുന്നു.

അവരുടെ തൊട്ടടുത്ത പറമ്പിലെ പുതിയ താമസക്കാരായെത്തിയതാണ് നിസാർ അഹമ്മദിന്റെ പരിഷ്ക്കാരികളായ കുടുംബം. വേഷത്തെയും വിദ്യാഭ്യാസത്തെയും തൊഴിലിനെയും കുറിച്ചൊക്കെ താൻ മനസ്സിലാക്കിയ കാര്യങ്ങൾ ശരിയല്ലെന്ന് നിസാർ അഹ്മ്മദിന്റെ അനുജത്തി ആയിഷയിലൂടെ കുഞ്ഞുപാത്തുമ്മ മനസ്സിലാക്കുന്നു. എന്നാൽ സാരിയുടുക്കുന്ന അവരൊക്കെ കാഫ്രീങ്ങളാണെന്നും ലോകാവസാനത്തിന്റെ ലക്ഷണങ്ങളാണ് അത്തരം ആചാരപ്പിഴവുകളെന്നും അവളുടെ ഉമ്മ പറഞ്ഞുറപ്പിക്കുന്നു.

നാട്ടുവഴിയിൽ കക്കൂസു ചെയ്യുന്ന കുഞ്ഞുതാച്ചുമ്മയുടെ പ്രവൃത്തിയെ നിസാർ അഹ്മദ് ചോദ്യം ചെയ്യുകയും അവർക്കായി ഒരു കക്കൂസു നിർമ്മിച്ചുകൊടുക്കുകയും ചെയ്യുന്നു. പരിഷ്കൃതാശയങ്ങൾ അയാളിലൂടെ  ഉൾക്കൊള്ളുന്നതോടെ കുഞ്ഞുപാത്തുമ്മയ്ക്ക് അയാളോട് ആരാധന രൂപപ്പെടുന്നു. ആയിഷ അവളെ വാമൊഴി ഭാഷ വിട്ട് നിലവാരപ്പെട്ട ഭാഷ പഠിപ്പിക്കുന്നു. സ്വയം പര്യാപ്തതയെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും വിദ്യാഭ്യാസത്തെക്കുറിച്ചുമുള്ള അയാളുടെ ചിന്തകളും ത്യാഗമനസ്ഥിതിയും അക്കാലത്തെ വിശാലമായ മാനവിക - ദേശീയതാ ബോധങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്നുണ്ട്. മന്ത്രവാദത്തിന്റെയും മിത്തുകളുടെയും ഇരുട്ടിൽ നിന്ന് സംസ്ക്കാരത്തിന്റെയും പരിഷ്ക്കാരത്തിന്റെയും വെളിച്ചത്തിലേക്ക് കുഞ്ഞുപാത്തുമ്മ ആനയിക്കപ്പെടുന്നു. വിദ്യാഭ്യാസം ചെയ്യിക്കപ്പെട്ട അവളെ നിസാർ അഹ്മദ് സ്ത്രീധനം വാങ്ങാതെ, ലളിതമായ ചടങ്ങുകളോടെ ജീവിത സഖിയായി സ്വീകരിക്കുന്നതോടെ നോവൽ അവസാനിക്കുന്നു.

## വിശ്വാസങ്ങളും  നടപ്പുകളും

മുസ്ലീം സമൂഹത്തെ സാമൂഹ്യപരിഷ്ക്കരണത്തിന്റെ വെളിച്ചത്തിലേക്ക് കയറ്റി നിർത്തുന്നതിനൊപ്പം അവർ വിശ്വാസപൂർവ്വം കൊണ്ടുനടക്കുന്ന പ്രമാണങ്ങളിൽ കടന്നുകൂടിയ പുഴുക്കു

ത്തുകളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ശ്രമങ്ങളും ബഷീർ നടത്തുന്നുണ്ട്. അങ്ങേയറ്റം മതബദ്ധ മായ ഒരു സമൂഹത്തിൽ വിശ്വാസങ്ങളെ മറികടക്കാനുള്ള പരിഷ്ക്കരണ സംരംഭങ്ങൾക്ക് ഇടം കുറവാണ്. ഇസ്ലാമിന്റെ ആന്തരിക ശുദ്ധിയേയും മാനവികതയേയും ഉൾക്കൊള്ളുന്ന ബഷീർ ശരിയായ മതബോധനത്തിന്റെ അഭാവത്തിൽ അനാചാര ദൂഷിതമായി ഭവിക്കുന്ന സമുദായത്തിന്റെ അവസ്ഥയിൽ ഖിന്നനാകുന്നുണ്ട്. ഭാഷാമൗലികവാദം, അർത്ഥമറിയാതെയുള്ള ഖുർ-ആൻ പാരാ യണം, തെറ്റായ വ്യാഖ്യാനങ്ങൾ, കെട്ടുകഥ നിറഞ്ഞ രാപ്രസംഗങ്ങൾ, പ്രവാചകന്റെയും ഇസ്ലാ മിന്റെയും പേരു പറഞ്ഞുള്ള സാമൂഹ്യ അനാചാരങ്ങൾ എന്നിങ്ങനെ ഇസ്ലാമിനെയും മതത്തെയും വഴിപിഴപ്പിക്കുന്ന പശ്ചാത്തലങ്ങളെ ബഷീർ നിശിതമായി വിമർശിക്കുന്നുണ്ട്. അറബിയോടോ മലയാളത്തോടോ പൂർണ്ണമായി ചേർന്നു നിൽക്കാത്ത അറബി-മലയാളത്തിനു മുമ്പിൽ മിഷണ റികാലം പുതിയ ഭാഷാസാധ്യതകളെ അവതരിപ്പിക്കുന്നു. ഭാഷാഭ്യാസനത്തിന്റെയും പരിഭാഷാ സാധ്യതകളുടെയും ലോകത്തിലൂടെ അകത്തേക്കും പുറത്തേക്കുമുള്ള സംസ്ക്കാര കൈമാറ്റങ്ങ ളുടെ സ്വതന്ത്രവ്യവഹാരത്തിനു വഴിയൊരുങ്ങുന്നു.

ശരിയായ ഇസ്ലാം എന്താണെന്നും നിലവിലുള്ള പ്രമാണങ്ങളിലെ ശരികേടുകൾ എന്തെല്ലാ മാണെന്നുമുള്ള കലാപരമായ സൂചനകൾ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്ന നോവലിന്റെ ഇതിവൃത്തത്തിൽ നിബന്ധിക്കപ്പെട്ടിട്ടുണ്ട്. 'ഈ ചെറിയ കൃതിയുടെ രചന തുടങ്ങുന്നതിനു മുമ്പ് ബഷീർ പല പ്രാവശ്യം ഖുർ-ആൻ ആവർത്തിച്ചു വായിച്ചിരുന്നു'[9] എന്ന എം.കെ. സാനുവിന്റെ പരാമർശം സാമൂഹ്യ പരിഷ്ക്കാരത്തിനൊപ്പം ചേർത്തു വെക്കേണ്ട മതനവീകരണ ചിന്തയുടെ ബഷീറിയൻ ബോധത്തിലേക്കു കൂടിയുള്ള ശ്രദ്ധ ക്ഷണിക്കുന്നുണ്ട്.

നല്ല മാതൃകയും വിവേകവും സൽസ്വഭാവവും കാണിക്കേണ്ട മുസ്ലീം നേതൃത്വം നൂറ്റാണ്ടു കളായി തനി യാഥാസ്ഥിതിക ചിന്തകൾ കൊണ്ടുനടക്കുകയാണ്. ഏല്ലായിടത്തുമെന്ന പോലെ ഇവിടെയും അവർ അക്ഷരവൈരികളും അറുപഴഞ്ചന്മാരുമായിപ്പോയതിനെതിരെയുള്ള സാഹി ത്യാത്മകമായ പ്രതികരണം കൂടിയാണ് 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്ന നോവൽ. ആഷ റിനയച്ച കത്തിൽ ബഷീർ ഇത് വ്യക്തമാക്കുന്നുണ്ട്:

'ഇസ്ലാമിന്റെ പഴയ പ്രൗഢിയെ വരച്ചു കാട്ടുക എന്നുള്ളതായിരുന്നു എന്റെ ഉദ്ദേശ്യം. അതേ സമയം ഭൂതകാലത്തിന്റെ ചുമടും താങ്ങിക്കൊണ്ട് ഇക്കാലത്തെ മുസ്ലീങ്ങൾ വർത്തമാനകാല ജീവിതത്തോട് പൊരുത്തപ്പെടാൻ കഴിയാതെ വീർപ്പുമുട്ടുന്നതിനെയും ചൂണ്ടിക്കാട്ടാൻ ശ്രമിച്ചി ട്ടുണ്ട്. പിച്ചക്കാരനായാലും ശരി അറവുകാരനായാലും ശരി മഹാനായ അക്ബറുടെ നേർ താവ

ഴിയാണ് തങ്ങൾ എന്ന് അവകാശപ്പെടുന്നവരാണധികവും. ആന ഭൂതകാല പാരമ്പര്യത്തിന്റെ ചിഹ്നമാണ്'.[10]

അന്ധവിശ്വാസങ്ങളെ തലമുറകളിലേക്ക് കടത്തിവിടുന്ന രാപ്രസംഗകഥകളെ ബഷീർ പല സന്ദർഭങ്ങളിലായി വിമർശിക്കുന്നുണ്ട്. വേദഗ്രന്ഥത്തിന്റെ പിൻബലമില്ലാത്ത ഇത്തരം വിശ്വാസങ്ങളെ ചോദ്യം ചെയ്യുന്നു. 'ഇബ്‌ലീസ് എന്ന പഹയനെ'ക്കുറിച്ചുള്ള ഐതിഹ്യം അവതരിപ്പിക്കുന്ന വേളയിൽ ഇങ്ങനെ പറയുന്നു:

'എല്ലാറ്റിലും മുമ്പ് അല്ലാഹു മുഹമ്മദ് നബിയുടെ ഒളിവിനെ സൃഷ്ടിച്ചു. ഈ അറിവ് എവിടെ നിന്നു കിട്ടി?. ഖുർ-ആനിൽ ഉള്ളതല്ല. മുസ്ലിയാക്കന്മാരോട് ആരും ചോദിച്ചിരുന്നില്ല. കേട്ടത് വിശ്വസിക്കും!'.[11]

നോവലിലെ മറ്റൊരു സന്ദർഭത്തിൽ, വീട്ടിലെ അടിപിടികലശലിനെത്തുടർന്ന് തൗബാ ചെയ്യുമ്പോഴുള്ള പ്രാർത്ഥനാ വേളയിൽ, 'ഫിർദൗസ് എന്ന സ്വർഗത്തിലൂടെ അകം കടത്തി നബി തങ്ങളുടെ തൃക്കല്ല്യാണത്തിനെയും ഞങ്ങളെ രണ്ടു കണ്ണു കൊണ്ട് കാണുവാനും' ('ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!', പേജ് 60) എന്നു പറയുന്നതിനെയും ബഷീർ വിശ്വാസപരമായ തെറ്റിയ വായനയായിക്കണ്ട് ചോദ്യം ചെയ്യുന്നുണ്ട്:

'പുണ്യം ചെയ്ത ആത്മാക്കളെല്ലാം ഒടുവിൽ സ്രഷ്ടാവിനെ നേരിൽ കാണുമെന്നുണ്ട്. കാണുമെന്നാണോ? 'എന്നിലേക്കു മടങ്ങും' എന്നാണ്. അനേകമനേകം പ്രവാചകന്മാരിൽ മുഹമ്മദ് നബിക്ക് ഒരു സ്വർഗീയ കല്യാണം! ഈ സ്വർഗീയ കല്യാണ അറിവ് എവിടെ നിന്ന്?'[12]

നിസാർ അഹമ്മദിനെതിരെ കള്ളസാക്ഷി പറയാനാവില്ലെന്നു പറഞ്ഞ് കുഞ്ഞുപാത്തുമ്മ ഉമ്മായുടെ കള്ളത്തരത്തെ ബാപ്പായ്ക്കു മുമ്പിൽ കൈയൊഴിയുന്ന വേളയിൽ അവർ മയ്യദ്ദീനെ വിളിച്ച് ആണയിട്ട് കരയുന്നുണ്ട്. ബാഗ്ദാദിലോ മറ്റോ ജീവിച്ചിരുന്ന പുണ്യപുരുഷനായ മുഹിയിദ്ദീൻ അബ്ദുൽ ഖാദർ ജിലാനിയെപ്പറ്റിപ്പറയുമ്പോൾ 'ഞാൻ ആരുടെയും ശുപാർശ കേൾക്കുന്നവനല്ല' എന്ന അല്ലാഹുവിന്റെ ഖുർ-ആൻ സാക്ഷ്യത്തെക്കുറിച്ച് ബഷീർ ഓർമ്മിപ്പിക്കുന്നു. അറിവു വളരും പോലെ തന്നെ അറിവില്ലായ്മയും വളരുന്നതിന്റെ ചിത്രം ബഷീർ പലയിടങ്ങളിലായി കോറിയിടുന്നുണ്ട്. ഇസ്ലാമ് പഠിക്കണം എന്നും പഠിക്കാത്തവർ ഹമ്ക്കീങ്ങളാണ് എന്നും ആയിഷ കുഞ്ഞുപാത്തുമ്മയെ ഉണർത്തുന്നുണ്ട്. എന്നാൽ അവളെ പഠിപ്പിച്ചത് മറ്റുള്ളവർ ചെയ്യുന്നതിനൊക്കെ എതിരു കാട്ടേണ്ടവരും മാറ് കാട്ടേണ്ടവരുമാണ് ഇസ്ലാമീങ്ങൾ എന്നാണ്. ആയിഷ വിശ്വാസത്തിന്റെ അന്ധതയെ ക്രൂരമായി പരിഹസിക്കുന്നു:

'കാഫർ കാലുകൾ കൊണ്ടു നടക്കുമ്പോൾ ഇസ്ലാമ് തലകൊണ്ട് നടക്കണം! കാഫർ കുളിക്കുകയും പല്ലു തേക്കുകയും ചെയ്യുന്നതുകൊണ്ട് ഇസ്ലാമ് കുളിക്കരുത്; പല്ലു തേക്കരുത്'[13]

ഇത് കുഞ്ഞുപാത്തുമ്മയുടെ കുറ്റമല്ല. മതത്തെ, വിശ്വാസത്തെ തെറ്റായി കൈകാര്യം ചെയ്തവർ അനുയായികളിൽ കുത്തിവെച്ച വിശ്വാസങ്ങളാണ്. ബഷീറിലെ നവീകരണവാദി നവോത്ഥാനകാല പരിഷ്ക്കാരങ്ങളുടെ പ്രസരം ഏറ്റുവാങ്ങുന്ന ആയിഷയിലൂടെ സംസാരിക്കുന്നതായി കാണാം:

'കേട്ടുകേൾവിയിലും കെട്ടുകഥകളിലും വിശ്വസിക്കരുത്. മുസ്ലീമായി ജീവിക്കണം. നല്ല മനുഷ്യരായിരിക്കണം. വൃത്തിയുള്ളവരായിരിക്കണം. ആരോഗ്യമുള്ളവരായിരിക്കണം. ജീവിതത്തിൽ സൗന്ദര്യം പാലിക്കണം. മറ്റുള്ളവരെ വേദനിപ്പിക്കരുത്. പക, ക്രൂരത ഇവ ഒഴിവാക്കണം. സത്യസന്ധത വേണം....... തിന്മയോടാണ് 'മാറ്' കാണിക്കേണ്ടത്. ഇതൊക്കെ ചെയ്യുന്നവരാണ് മുസ്ലീങ്ങൾ. കാരുണ്യത്തിന്റെ മതമാണ് ഇസ്ലാം'.[14]

## കുഞ്ഞുതാച്ചുമ്മയും യാഥാസ്ഥിതികത്വവും

മുസ്ലിം സമുദായം നിലനിർത്തിപ്പോരുന്ന യാഥാസ്ഥിക മനോഭാവങ്ങളുടെ പ്രതിനിധാനങ്ങളാണ് കുഞ്ഞതാച്ചുമ്മയും വട്ടനടിമയുമൊക്കെ. നിരക്ഷരത, അപരിഷ്കൃതത്വം, അനാചാരഭ്രമം, മതബോധമില്ലായ്മ, അലസത, പൊങ്ങച്ചം, സാമൂഹ്യബോധമില്ലായ്മ തുടങ്ങിയ വീക്ഷണ മനോഭാവങ്ങളുടെയെല്ലാം ആൾരൂപമാണവർ. അയൽവാസികളായി മാറുന്ന കുഞ്ഞുപാത്തുമ്മയുടെയും നിസാർ അഹമ്മദിന്റെയും കുടുംബങ്ങൾ രണ്ടുതരം ജീവിതവീക്ഷണങ്ങളെ പ്രതിനിധീകരിക്കുന്നു. പൊങ്ങച്ചവും യാഥാർത്ഥ്യവും പാരമ്പര്യവും നവീനതയും ഭൂതകാലവും വർത്തമാന കാലവും തമ്മിൽ ഏറ്റുമുട്ടുന്നു. പഴമയിൽ അഭിരമിക്കുന്നവർ പരിഹസിക്കപ്പെടുകയും പുതുമയെ ആശ്ലേഷിക്കുന്നവർ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. കുഞ്ഞുതാച്ചുമ്മയെ തെരുവുപിള്ളേർ പോലും കൂവിവിളിക്കുമ്പോൾ പരിഷ്കാരിയായ നിസാർ അഹമ്മദ് മാതൃകാപുരുഷനായി സ്വീകരിക്കപ്പെടുന്നു.

ഉണ്ടായിരുന്നുവെന്ന് ഊറ്റം കൊള്ളുന്ന ഗതകാലപ്രൗഢിയുടെ മെതിയടിപ്പുറത്തുനിന്ന് വാസ്തവികതയുടെ യാഥാർത്ഥ്യലോകത്തിലേക്ക് ഇറങ്ങി നിൽക്കാൻ കുഞ്ഞുതാച്ചുമ്മ കൂട്ടാക്കുന്നില്ല. ആരും കണ്ടിട്ടില്ലാത്ത, കേട്ടുകേൾവിയിൽ മാത്രം നിലനിൽക്കുന്ന ആനയുടെ ഭാവന ഫ്യൂഡൽ പൊങ്ങച്ചത്തിന്റെ പ്രതീകമാണ്. തറവാടിന്റെയും തലയെടുപ്പിന്റെയും പഴയ നമ്പൂതിരി പാരമ്പര്യത്തെ പ്രതിനിധീകരിക്കുന്നതും ഇതേ കൊമ്പനാനതന്നെയാണ്. ആടയാഭരണങ്ങളണിഞ്ഞ് വെറ്റിലമുറുക്കി പഴയ ആഭിജാത്യത്തിന്റെ വർത്തമാനങ്ങളിൽ മുഴുകി മെത്ത

യിൽ ഉപവിഷ്ടയാകുന്ന താച്ചുമ്മ നിലത്തേക്കിറങ്ങി വന്നാൽത്തന്നെ ആനക്കൊമ്പുകൊണ്ടുണ്ടാക്കിയ മെതിയടിപ്പുറത്തേ ചവിട്ടി നിൽക്കൂ. ആനയുടെ അപദാനത്തിനു മാറ്റുകൂട്ടാൻ മതപരമായ ആന്ധ്യത്തിന്റെ വീരസ്യങ്ങളുമുണ്ട്. അത് കൊന്ന ആറു പേരും കാഫ്രീങ്ങളായിരുന്നു. തെറ്റിയ കൂട്ടരായ കാഫ്രീങ്ങൾ ചെയ്യുന്നതിനൊക്കെ മുസ്ലീങ്ങൾ എതിരു കാട്ടണം. കാഫ്രിച്ചികളുടെ 'ലിബാസ്' ആയ സാരി അതുകൊണ്ടാണ് ഇസ്ലാമിനു നിഷിദ്ധമാകുന്നത്.

കുഞ്ഞുപാത്തുമ്മയും ഉമ്മായും ബാപ്പയും ഉപ്പൂപ്പാ ആയ ആനമക്കാരുമൊക്കെ ഖുർ-ആൻ ഓതിയിട്ടുണ്ടെങ്കിലും എന്താണ് അതിൽ പറയുന്നതെന്ന് ആർക്കും അറിഞ്ഞുകൂടായിരുന്നു. തലമുറകളിലൂടെ വേദപുസ്തകത്തിന്റെ സത്ത് ഗ്രഹിക്കാതെയുള്ള അധരവ്യായാമം മാത്രമായിരുന്നു ആ പ്രവൃത്തി. അതുകൊണ്ടു മാത്രം വിശ്വാസിയായെന്ന് അവർ ധരിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്തു പോന്നു. തറവാടും സ്വത്തും കൈവിടുമ്പോൾ ആപത്തു കാലത്തു പോലും കുഞ്ഞുതാച്ചുമ്മ പൊങ്ങച്ചത്തിന്റെ മെതിയടിപ്പുറം ഉപേക്ഷിച്ച് യാഥാർത്ഥ്യത്തെ ഉൾക്കൊള്ളാൻ തയ്യാറാവുന്നില്ല. അപ്പോഴും അവർ അടുക്കളയിൽ കയറാനോ സ്വന്തമായി ചായ ഉണ്ടാക്കാനോ മിനക്കെടാതെ മറ്റാരെങ്കിലും അനത്തിക്കൊടുക്കുന്ന ചൂടുവെള്ളത്തിന്റെ സുഖത്തിൽ കഴിഞ്ഞുകൂടി. അവർ ചോറ് തിന്നണമെങ്കിൽത്തന്നെ ആരെങ്കിലും കൈക്ക് വെള്ളമൊഴിച്ചു കൊടുക്കണം. പടിപ്പുരയിൽ ഇരുന്ന് ഉറക്കം തൂങ്ങിയ, ആചാരഭ്രമത്തിൽ കുരുങ്ങിക്കിടന്ന പഴയ നമ്പൂതിരിത്തത്തിന്റെ ഓർമ്മ പകരുന്നതാണ് അവരുടെ ശരീരഭാഷയും അലസതയും.

## കോടതി വിധിയും ആഭിജാത്യത്തിന്റെ തകർച്ചയും

വിദ്യാഭ്യാസമോ സാമൂഹ്യ ബോധമോ ഇല്ലാത്ത വട്ടനടിമയുടെ പ്രകൃതം കുഞ്ഞുതാച്ചുമ്മയിൽ നിന്ന് ഒട്ടും വിഭിന്നമല്ല. ഏഴുപേർക്ക് അവകാശപ്പെട്ട സ്വത്ത് ബലമായി കൈവശം വെക്കുന്ന അയാളുടെ പഴയ ഫ്യൂഡൽ തടിമിടുക്ക് കൊളോണിയൽ കോടതി വിധിക്കുമുമ്പിൽ നിലം പരിശാവുന്നു. (ബാല്യകാലസഖിയിൽ മജീദിന്റെ വിദ്യാവിഹീനനായ ബാപ്പാ ദരിദ്രനാകുന്നതിന്റെ പിന്നിലും അജ്ഞതയെ മുതലെടുത്ത് കോടതിയിലേക്ക് ഒപ്പിട്ടുകൊടുക്കപ്പെടുന്ന പ്രമാണത്തിന്റെ കഥ സൂചിതമാകുന്നുണ്ട്) ആഭിജാത്യത്തിലധിഷ്ഠിതമായ വാശിയും സങ്കുചിതത്വവും താൻ പോരിമയുമാണ് വട്ടനടിമയെ ചിന്താശൂന്യമായ വ്യവഹാരത്തിലേക്ക് നയിക്കുന്നത്. കെങ്കേമന്മാരായ വക്കീലന്മാർക്കു വേണ്ടി ധാരാളം പണം ചെലവഴിക്കുകയും കേസിൽ തോറ്റ് കുറെ വസ്തുക്കൾ കടത്തിൽ പോവുകയും ഒടുവിൽ വഴിവക്കിലെ ഒരു കീറ്റുപുരയിടത്തിൽ അഭയം തേടേണ്ടിയും വന്നു. മർക്കടമുഷ്ടിയിലധിഷ്ഠിതമായ എല്ലാ ഫ്യൂഡൽ വ്യവഹാരങ്ങളുടെയും അനിവാര്യമായ ഈ ദുർഗതി നവോത്ഥാനകാലത്തിന്റെ കോടതി ഇടപെടലുകളുടെ സ്വാഭാവികമായ പരിണതി

യാണ്. തടിമിടുക്കും തറവാടിത്തഘോഷണങ്ങളുമൊക്കെ നവീന നീതിന്യായവ്യവസ്ഥിതി അവതരിപ്പിക്കുന്ന ലോകബോധത്തിനു മുമ്പിൽ മുട്ടുമടക്കുന്നത് മുമ്പുചർച്ചചെയ്ത നോവലുകളിലും കാണാം. വട്ടനടിമയെ തോല്പിക്കുന്ന കോടതിയാണ് മറ്റൊരർത്ഥത്തിൽ കുഞ്ഞുപാത്തുമ്മയുടെ ജീവിതത്തെ മാറ്റിമറിക്കുന്നതിന് നിമിത്തമാകുന്നത്.

## നിസാർ അഹ്മ്മദിലൂടെ പുതിയ ജീവിതബോധം

വിദ്യാസമ്പന്നത, പുരോഗമനപരത, സാമൂഹികബോധം, അധ്വാനബോധം, മാനവികത, യുക്തിബോധം തുടങ്ങിയ ആധുനിക ജീവിതവീക്ഷണങ്ങളുടെ പ്രതിനിധികളാണ് നിസാർ അഹ്മ്മദുംകുടുംബവും. എന്നാൽ ഭൂതകാല പൊങ്ങച്ചത്തിന്റെ പ്രതിരൂപങ്ങളായ കുഞ്ഞുതാച്ചുമ്മയും കുടുംബവും ഫ്യൂഡൽ ആഭിജാത്യത്തിന്റെ ആനപ്പുറത്തു നിന്ന് താഴെയിറങ്ങാൻ കൂട്ടാക്കുന്നില്ല. ആദ്യത്തെ കൂട്ടർ ലാളിത്യം, ഊർജ്ജസ്വലത, നിസ്വാർത്ഥത, ത്യാഗമനസ്ഥിതി, തുടങ്ങിയവയെ പ്രതിനിധീകരിക്കുമ്പോൾ മറ്റേകൂട്ടർ ആഭിജാത്യഭ്രമം, ദുരഭിമാനം, അലസത, സ്വാർത്ഥത തുടങ്ങിയവയെ അടയാളപ്പെടുത്തുന്നു. വിദ്യാഭ്യാസത്തിലൂടെ നേടിയ സംസ്കാരത്തിലൂടെയും സ്വയാർജ്ജിതമായ ജീവിതബോധത്തിലൂടെ നിസാർ അഹമ്മദ് വ്യഷ്ടി-സമഷ്ടി ബോധങ്ങളെ രൂപപ്പെടുത്തുന്നു. പട്ടുകുപ്പായമിട്ടുള്ള പടിഞ്ഞിരിപ്പിന്റെ ആലസ്യതയിൽ നിന്നു മാറി, ഒരു നിമിഷം പോലും അടങ്ങിയിരിക്കാതെ ഓടി നടന്നു വിയർത്തു പണിചെയ്ത് അയാൾ ജീവിതത്തിന്റെ അകംപുറങ്ങളെ ഉർവ്വരമാക്കുന്ന നിർമ്മാണാത്മകതയുടെ പ്രതിരൂപമായിത്തീരുന്നു.

സ്വത്ത് കൈവശം വെച്ച് സഹോദരിമാരുടെ മേൽ സ്വാർത്ഥത പ്രയോഗിക്കുന്ന വട്ടനടിമ, കള്ളസാക്ഷി പറയാൻ നിർബന്ധിക്കുന്ന കുഞ്ഞുതാച്ചുമ്മ – ഇങ്ങനെയൊക്കെയുള്ള തമോനിലകളെ നിഷ്കാസനം ചെയ്തുകൊണ്ട് മനുഷ്യനന്മയുടെ വെളിച്ചം പ്രസരിക്കുന്ന ഒരു അഭിനനന്ദന വചസ്സുമായാണ് നിസ്സാർ അഹമ്മദ് പ്രത്യക്ഷപ്പെടുന്നത്:

'ഈ വയസ്സിനിടയ്ക്ക് നിന്നെപ്പോലൊരു പെണ്ണിനെ ഞാൻ കണ്ടിട്ടില്ല. അത്ഭുതകരമായ പ്രവൃത്തി.'[15]

രൂപസൗന്ദര്യത്തിനുപകരം മനുഷ്യനിലെ നന്മയെ ലക്ഷ്യം വെക്കുന്ന ഈ പ്രസ്താവന നവോത്ഥാനകാല സാമൂഹികബോധത്തിന്റെയും മാനവികതയുടെയും ചരാചര സ്നേഹത്തിന്റെയും സാക്ഷ്യപ്പെടുത്തലാണ്.

കുരുവിയെ രക്ഷിക്കുന്ന നന്മനിറഞ്ഞ പ്രവൃത്തിയെ സന്തോഷപുരസ്സരം അയാൾ നോക്കിക്കാണുന്നുണ്ട്. മുറിവുപറ്റിയ കുഞ്ഞുപാത്തുമ്മയുടെ വേദനയിൽ പങ്കുകൊണ്ട് തന്റെ തൂവാല മൂന്നായി പകുത്ത് കെട്ടിക്കൊടുക്കുന്നതിലൂടെ ചരാചരസ്നേഹത്തിന്റെ നന്മയിൽ അയാളും പങ്കാ

ളിയാവുന്നു. നിസാർ അഹ്മ്മദിലെ ഒരു 'കവി'യെക്കൂടി സഹോദരി ആയിഷ പരിചയപ്പെടുത്തുന്നുണ്ട്. അദ്ദേഹം കവിതയെഴുതുന്നത് ഭൂമിയിലാണ്. അയാളുടെ കവിതകൾ മരങ്ങളും പൂക്കളും കായ്കളും കിഴങ്ങുകളുമായിത്തീരുന്നു. സ്നേഹമാണ് അദ്ദേഹത്തിന്റെ മതം. പ്രപഞ്ചത്തിലെ സകലതിനേയും അയാൾ സ്നേഹിക്കുന്നുണ്ട്. നിസ്സാർ അഹ്മ്മദിന്റെ, വിദ്യയിലൂടെ പ്രബുദ്ധത നേടിയ, കോളേജ് പ്രൊഫസറായ പിതാവിന്റെ ജീവിതബോധം കുടുംബത്തിനാകെ പകർന്നുകിട്ടിയിട്ടുണ്ട്. കുഞ്ഞുപാത്തുമ്മ വിവാഹത്തെ മുൻഗണനയിൽ നിർത്തി വെറ്റില തിന്നാവുന്ന ഉയർന്ന ജീവിതനിലയായി സ്വപ്നം കാണുമ്പോൾ ആയിഷ പഠിപ്പിനെയാണ് മുന്നിൽ നിർത്തുന്നത്. ബി.എ. കഴിഞ്ഞ് സഹോദരന്റെ വിവാഹവും കഴിഞ്ഞേ അവൾ വിവാഹത്തെ പരിഗണിക്കുന്നുള്ളൂ. ഭാഷ, വേഷം, പൂവു ചൂടൽ തുടങ്ങിയവയെക്കുറിച്ച് കേട്ടു പഠിച്ചും വിലയിരുത്തിയുമുള്ള സ്വയാർജ്ജിത നവീന ജീവിതബോധമാണ് ആയിഷയേയും അവളുടെ ഉമ്മയേയും നയിക്കുന്നത്.

## ദേശീയപ്രസ്ഥാനം പ്രദാനം ചെയ്യുന്ന ലോകബോധം

പത്തൊമ്പത് - ഇരുപത് നൂറ്റാണ്ടുകളോടെ അസമത്വങ്ങളെ മറികടന്നുള്ള വ്യത്യസ്ത ജാതിമത ശ്രേണികളുടെ മുഖ്യധാരാപ്രവേശം വ്യത്യസ്ത പശ്ചാത്തലങ്ങളിലാണ് സംഭവിക്കുന്നത്. ദേശീയ സ്വാതന്ത്ര്യസമരം കൊണ്ടുവരുന്ന രാഷ്ട്രീയ കാലാവസ്ഥ എല്ലാ ജാതിമത സാമുദായിക വിഭാഗങ്ങളുടെയും പ്രാദേശികതകളെയും വിഭജനങ്ങളെയും മറികടക്കുന്ന ഒരു വിശാലമായ ദേശീയപശ്ചാത്തലം സാധ്യമാക്കുന്നുണ്ട്.അത് അനാചാര ദൂഷിതമായ സാമൂഹ്യതിന്മകളെയും അസമത്വങ്ങളെയും മറികടക്കാനുള്ള സാമൂഹിക പരിഷ്ക്കരണ സംരംഭങ്ങൾക്കൊപ്പം കൊളോണിയൽ സാമ്രാജ്യത്വ അജണ്ടകളെ പ്രതിരോധിക്കുക എന്ന ദേശീയബോധ്യവും ഒപ്പം വളർത്തിയെടുത്തു. ഗാന്ധിജിയും നെഹ്റുവുമടങ്ങുന്ന ദേശീയ രാഷ്ട്രീയനേതൃവൃന്ദം നാനാജാതിമതസ്ഥരായ ഭാരതീയരുടെ വിമോചനത്തിനുള്ള മുന്നണിപ്പോരാളികളായി. അനാചാരങ്ങൾക്കും അസമത്വങ്ങൾക്കുമെതിരായ സമരങ്ങൾ വിദ്യാഭ്യാസം, ശുചിത്വബോധം, സ്വദേശിവൽക്കരണം, ഖദർധാരണം, ലാളിത്യം, ത്യാഗമനോഭാവം തുടങ്ങിയ ജീവിതമൂല്യങ്ങളെ ആദർശവൽക്കരിക്കുന്നതു കൂടിയായി പരിണമിക്കുന്നുണ്ട്.

ഇതരസമുദായങ്ങൾ ദേശീയസ്വതന്ത്ര്യസമരകാലത്തെ ചലനങ്ങളെ വേഗത്തിൽ സ്വാംശീകരിക്കുമ്പോൾ മുസ്ലിം സമുദായം വളരെ പതുക്കെയാണ് അവയോട് പ്രതികരിക്കുകയും മാറ്റങ്ങൾക്കു വഴിപ്പെടുകയും ചെയ്യുന്നത്. കുഞ്ഞുതാച്ചുമ്മയെയും വട്ടനടിമയെയും പോലുള്ളവർ പഴഞ്ചൻ ചിന്താഗതിയെ പ്രതിനിധീകരിക്കുമ്പോൾ നിസാർ അഹമ്മദിനെപ്പോലുള്ളവർ വിദ്യാ

ഭ്യാസം നേടി അതുവഴി  സംസ്ക്കാരത്തിലേക്കും പരിഷ്ക്കാരത്തിലേക്കും ദേശീയബോധത്തിലേക്കും പ്രവേശിക്കുന്നു. ശരിയായ മതബോധനം, വിദ്യാഭ്യാസം, സാമൂഹിക പ്രസ്ഥാനങ്ങൾ എന്നിവ മുസ്ലീം സമുദായത്തിന്റെ പരിഷ്ക്കരണ പദ്ധതികൾക്ക് അടിയത്തറയൊരുക്കി. സർ സെയ്ദ് അഹമ്മദ് ഖാനെപ്പോലുള്ളവർ തുടക്കം കുറിച്ച ഇസ്ലാമിക നവോത്ഥാന സംരംഭങ്ങളും സ്ത്രീവിദ്യാഭ്യാസ പ്രവർത്തനങ്ങളും മുഹമ്മദ് അബ്ദുറഹ്മാനടക്കമുള്ളവർ കൊണ്ടുവന്ന വിദ്യാഭ്യാസ -സാമൂഹിക ചിന്താബോധങ്ങളും ഇതിന് പശ്ചാത്തലമായി. മുഹമ്മദ് അബ്ദുറഹ്മാനെപ്പോലെയുള്ള ദേശീയകോൺഗ്രസ് നേതാക്കളുടെ ചിന്താഗതികൾ കേരളീയ മുസ്ലീം സമൂഹത്തിന് ദേശീയമാനത്തിലൂന്നിയ ജീവിതവീക്ഷണം പകരുന്നുണ്ട്. കേരളീയ മുസ്ലീം സമുദായത്തിൽ സംഭവിക്കുന്ന പുരോഗമനപരമായ ചലനങ്ങൾക്ക് ദേശീയ പ്രസ്ഥാനവും ഗാന്ധിയൻ ആദർശങ്ങളും മാതൃക കാട്ടുന്നുണ്ട്. നിസാർ അഹ്മദ് പ്രതിനിധാനം ചെയ്യുന്ന ലോകബോധം ഈ ആശയങ്ങളെ സാധൂകരിക്കുന്നവയാണെന്നു കാണാം. സ്വാശ്രയത്വം, ശുചിത്വം, അടിസ്ഥാന വിദ്യാഭ്യാസം, ലാളിത്യം, ത്യാഗസന്നദ്ധത, സ്വദേശിബോധം, ഗ്രാമകേന്ദ്രിത വീക്ഷണം തുടങ്ങിയ ഗാന്ധിയൻ ആദർശങ്ങൾ നിസാർ അഹ്മദിലൂടെ പരിഷ്ക്കാരത്തിന്റെ ജീവിതമാതൃകകളായി പുറത്തുവരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ കൂടി ഭാഗമായി ഭാരതത്തിൽ രൂപപ്പെട്ട പരിഷ്ക്കാരത്തിന്റെ ഇത്തരം ഗാന്ധിയൻ ജീവിതചര്യകൾ തങ്ങൾക്കും സ്വീകാര്യമായ ജീവിതമാതൃകകളായി നിസാർ അഹ്മദിലൂടെ സമുദായത്തെ ബോധ്യപ്പെടുത്തുകയാണ് ബഷീർ.

**വേഷം**

സാമൂഹ്യജീവിതത്തിന്റെ സാംസ്ക്കാരിക പ്രകടീകരണങ്ങളായ വേഷവിധാനങ്ങളിലും രൂപഭാവങ്ങളിലും മുസ്ലീം സമൂഹം കൊണ്ടുനടക്കുന്ന കാലോചിതമല്ലാത്ത നാട്ടുനടപ്പുകളെ നോവലിൽ വിമർശന വിധേയമാക്കുകയും പരിഷ്ക്കാരത്തിന്റെ കേരളീയവും ദേശീയവുമായ ആധുനിക രൂപമാതൃകകൾ അവതരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഇസ്ലാമിൽ ആണിനും പെണ്ണിനും പ്രത്യേകം വേഷവും രൂപവുമൊക്കെ നാട്ടുനടപ്പായി ഉണ്ട്. ആണാണെങ്കിൽ ഇടതുവശം വെച്ച് മുണ്ടുടുക്കണം. തല മൊട്ടയടിക്കണം. പാടത്തിനു വരമ്പു വച്ച മാതിരി താടി അപ്പുറവും ഇപ്പുറവും വടിച്ചു നിർത്തണം. പെണ്ണാണെങ്കിൽ കാതു കുത്തി അലിക്കത്തിടണം. കുപ്പായം ഇടണം. തലയിൽ തട്ടവും വേണം. മുടി ചീകാം, പക്ഷേ വകഞ്ഞു വെക്കരുത്. ഇസ്ലാമിന്റെ ഈ നടപ്പു തെറ്റിച്ച് മുടി വളർത്തി ക്രോപ്പ്  ചെയ്ത് വകഞ്ഞുവെച്ച ഒരു മുസ്ലിം ചെറുപ്പക്കാരനെ മതപാരമ്പര്യം നിലനിർത്താൻ ബാധ്യസ്ഥനായ വട്ടനടിമ, പിടിച്ചുവെച്ച് ഒസ്സാനെ വരുത്തി മുടിവടിച്ചു

കളയുന്നുണ്ട്. മുടി വളർത്തി ക്രോപ്പ് ചെയ്യുന്നത് ഇബ്‌ലീസിന്റെ കൂട്ടരായ കാഫ്‌രീങ്ങളാണ്. തൊപ്പി വെച്ചാൽ ഇബ്‌ലീസിന്റെ ഉപദ്രവമുണ്ടാകില്ല. അദ്ദേഹം പറയുന്നു:

'തൊപ്പിയില്ലെങ്കിൽ തലയിൽ കെട്ടിയാലും മതി. ഒന്നുമില്ലെങ്കിലും തലയിൽ കെട്ടുന്നത് ഒരന്തസ്സാണ്. യോഗ്യത'[16]

ആടയിൽ മാത്രമല്ല ആഭരണങ്ങളിലും നടപ്പുരീതികൾ ഉണ്ട്. കുഞ്ഞുപാത്തുമ്മയുടെ രണ്ടു കാതിലും കൂടി ഇരുപത്തിയൊന്ന് സ്വർണ്ണവളയങ്ങൾ. ഓരോന്നിലും സ്വർണ്ണത്തിന്റെ ചെറിയ ആലില മാതിരിയുള്ള അരിശലകൾ. തട്ടുകാതിൽ പൊൻതക്കകൾ. കഴുത്തിൽ പൊൻമാലകൾ. തടിയൻ പീച്ചിങ്ങ...... അങ്ങനെ അതിന്റെ നിര നീണ്ടുപോകുന്നു.

കെട്ടുകാഴ്ച്ചകളുടെ ഇത്തരം അപരിഷ്കൃതത്വങ്ങളെ മാറ്റിമറിച്ചാണ് ബഷീർ നിസാർ അഹ്മ്മദിനെ അവതരിപ്പിക്കുന്നത്. ലളിതവും സുന്ദരവുമാണ് അയാളുടെ രൂപഭാവങ്ങൾ: വെളുത്ത മുണ്ട്, വെളുത്ത ഷർട്ട് ഇടത്തെ കൈത്തണ്ടയിൽ പൊന്നിന്റെ ഒരു വാച്ച്. ക്രോപ്പ് ചെയ്ത മുടി. വിദ്യാസമ്പന്നരായ നിസാർ അഹ്മ്മദിന്റെ ബാപ്പയും ഇതേമാതിരി തന്നെയാണ്. ക്ലീൻ ഷേവ് ആയ, തലമൊട്ടയടിക്കാത്ത അയാളെക്കണ്ട് കുഞ്ഞുപാത്തുമ്മ ആയിഷയോട് ചോദിക്കുന്നത്:

'ആ മൊകത്ത് മുടീല്ലാത്ത, തലേ മുടിയുള്ള ആമ്പറന്നോൻ ആരാണ്' എന്നാണ്.

സാരിയും ബ്ലൗസ്സും ബോഡീസും പാവാടയുമൊക്കെ ധരിച്ച് അടുത്ത വീട്ടിലെ താമസക്കാരിയായി എത്തുന്ന ആയിഷയോട് എന്തു ജാതിയാണ് എന്ന് ആരാഞ്ഞപ്പോൾ ഇസ്ലാമാണെന്ന മറുപടി കുഞ്ഞുപാത്തുമ്മയെ അത്ഭുതപ്പെടുത്തുന്നുണ്ട്. 'ഞങ്ങടെ മാതിരിയോ' എന്ന മറുചോദ്യത്തിന് 'അല്ല ഞങ്ങൾ ശരിയായ ഇസ്ലാമീങ്ങളാണ്' എന്നായിരുന്നു ഉത്തരം. 'കുപ്പായം' മുസ്ലീം വനിതകളുടെ മാന്യവേഷമായിരുന്നിട്ടുകൂടി സാരി കുഞ്ഞുപാത്തുമ്മയുടെ ആഗ്രഹമായി രൂപപ്പെടുന്നതിനു പിന്നിൽ കേവല വസ്ത്രപരിഷ്ക്കാരത്തിനപ്പുറം ചില ദേശീയമാനങ്ങളും കൂടിയുണ്ട്. രവിവർമ്മചിത്രങ്ങളാണ് സാരിയെ ഇന്ത്യൻ സ്ത്രീത്വത്തിന്റെ ദേശീയ വേഷമായി രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നത്. ബറോഡയിലെ ലക്ഷ്മീവിലാസം കൊട്ടാരത്തിലെ പതിനാല് ചിത്രങ്ങൾ രചിക്കാനുള്ള ശ്രമങ്ങൾക്കിടയിലാണ് (1881) എല്ലാവർക്കും സ്വീകാര്യമായ ഒരു പാൻ ഇന്ത്യൻ വസ്ത്രധാരണ ശൈലിയെ രവിവർമ്മ അന്വേഷിക്കുന്നത്. ഇതിനായി ഇന്ത്യയുടെ പല ഭാഗങ്ങളിൽ ചുറ്റി സഞ്ചരിച്ച അദ്ദേഹം അവിടെയൊക്കെ നിലനിന്നിരുന്ന വസ്ത്രധാരണ ശൈലിയെ ആഴത്തിൽ പഠിക്കുന്നുണ്ട്. അങ്ങനെയാണ് സ്ത്രീരൂപങ്ങൾക്ക് ഏറ്റവും ഉചിതം സാരിയാണെന്ന് നിഗമനത്തിൽ അദ്ദേഹം എത്തിച്ചേരുന്നത്. ദേവീദേവന്മാരുടെയും പുരാണേതിഹാസങ്ങളിലെ വീരപുരുഷന്മാരുടെയും ചിത്രങ്ങൾ അക്കാലത്ത് ഇന്ത്യൻ

ദേശീയതയുടെ പ്രതീകങ്ങളായി ദേശീയനേതാക്കൾ ഉപയോഗപ്പെടുത്തിയിരുന്നു. ഇന്ത്യയുടെ വൈകാരിക ഉദ്ഗ്രഥനത്തിന് അവ വഴിതെളിക്കും എന്നുള്ള വിശ്വാസമായിരുന്നു അതിനു പിന്നിൽ. വസ്ത്രധാരണ വിഷയത്തിൽ അന്നത്തെ നായർ-ചാന്നാർ സ്ത്രീകൾ അനുഭവിച്ചിരുന്ന ആചാരപരമായ സമ്മർദ്ദം മുസ്ലീം വനിതകൾ നേരിട്ടിരുന്നില്ല. ഇവിടെയാണ് കുപ്പായമിട്ടു നടന്നിരുന്ന കുഞ്ഞുപാത്തുമ്മായെ സാരി ധരിപ്പിക്കുന്നതിലൂടെ ദേശീയ ധാരയിലേക്ക് ആനയിക്കുന്നതിന്റെ സാംസ്കാരിക മാനം കുടിയിരിക്കുന്നത്.

## വൃത്തി/ശുചിത്വം

വ്യക്തി -സാമൂഹ്യ ശുചിത്വ ബോധങ്ങൾ സാംസ്ക്കാരിക ജീവിതത്തിന്റെ മുഖ്യ വിഷയങ്ങളായി പ്രത്യക്ഷപ്പെടുന്നത് നവോത്ഥാനകാല ജീവിതപരിസരത്താണ്. പരിഷ്കൃത ജീവിതത്തിന്റെ ആധാരശിലകളിൽ  പ്രധാനമായ ശുചിത്വബോധത്തിന്റെ, കണ്ടുപകർത്തേണ്ട ജീവിത മാതൃകയാവുന്നുണ്ട് നിസാർ അഹ്മ്മദിന്റെ ഓരോ ചെയ്തികളും. വലിയ മെനക്കാരനായ അയാൾ പെണ്ണുകാണാൻ പോയ വീട്ടിൽ നിന്ന് മീൻ നാറ്റമുള്ള  ഗ്ലാസ്സിൽ വെള്ളം ലഭിച്ചതുകൊണ്ടാണ് അവിടുത്തെ വിവാഹാലോചന നിരസിച്ചുകളഞ്ഞത്. പൊതുവെ സസ്യാഹാരിയായ അയാൾ ഇറച്ചിയും മീനും കൂട്ടിയാൽത്തന്നെ കൈകൾ സോപ്പിട്ടു വൃത്തിയായി കഴുകും. അതിന്റെ ഉളുമ്പുമണം വീട്ടിൽ ഉണ്ടാവാൻ പാടില്ലെന്ന നിർബന്ധവും അയാൾക്കുണ്ട്.

രാത്രിയിൽ നാട്ടുവഴിയിലും പകൽ തോട്ടിലും കക്കൂസു ചെയ്യുന്ന കുഞ്ഞുപാത്തുമ്മായുടെ വീട്ടുകാരെ അയാൾ സംസ്ക്കാരത്തിന്റെയും പരിഷ്ക്കാരത്തിന്റെയും പാഠങ്ങൾ പറഞ്ഞുപഠിപ്പിക്കുന്നു. അയാൾ അവരുടെ വീട്ടുപറമ്പിൽ വിയർത്തുപണി ചെയ്ത് പന്ത്രണ്ടടി നീളത്തിലും നാലടി വീതിയിലും അരയാൾ താഴ്ച്ചയിലും ഉള്ള ഒരു കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നു. നാട്ടുവഴി മനുഷ്യർക്ക് മലമൂത്ര വിസർജ്ജനത്തിനുള്ള സ്ഥലമല്ലെന്നും അതു നടക്കാനുള്ളതാണെന്നും വൃത്തികേടാക്കരുതെന്നും ഉപദേശിക്കുകയും ചെയ്യുമ്പോൾ അത് അപരിഷ്കൃതത്വം തലയിലേറ്റി നടക്കുന്ന എല്ലാവർക്കും ബാധകമാവുന്നു. ആ വൃത്തിബോധം ഉൾക്കൊള്ളുന്നതുകൊണ്ടാണ് കുഞ്ഞുപാത്തുമ്മ വീടും പരിസരവും വൃത്തിയാക്കി ചപ്പുചവറുകൾ അടിച്ചുകൂട്ടി തീ ഇടുന്നത്. കക്കൂസു പണിക്കിടയിൽ നിസാർ അഹ്മദ് വെള്ളം ചോദിക്കുന്നതും അവൾ ഗ്ലാസ് സോപ്പിട്ട് കഴുകി വെള്ളം നൽകുന്നതും വൃത്തി പരിശോധനയുടെ സൂത്രത്തിലൂള്ള പ്രകടനമാവുന്നുണ്ട്. എല്ലാറ്റിനും പുറമെ അയാളോടുള്ള ആരാധന കുഞ്ഞുപാത്തുമ്മായെത്തന്നെ ഭംഗിയാക്കുന്നിടത്തോളം എത്തിനിൽക്കുന്നു. വെള്ളവസ്ത്രം ധരിച്ച് തലയിൽ നേർമയുള്ള തട്ടം ഇട്ട് സുന്ദരിയായാണ് അവൾ പിന്നീട് നിസാർ അഹ്മ്മദിന്റെ വീട്ടിലേക്ക് പോവുന്നത്.

കൊളോണിയൽ ആധുനികത കൊണ്ടുവരുന്ന മാറ്റങ്ങളിൽ പ്രധാനമാണ് സ്വത്വ-ശരീര കേന്ദ്രിതമായ വൃത്തിബോധം. ജാതീയതയുടെ അയിത്താചാരസങ്കൽപങ്ങൾ ശരീരങ്ങളുടെ സ്വീകാര്യതയെയും അസ്വീകാര്യതയെയും ബന്ധപ്പെടുത്തിയിട്ടുള്ളതാണ്. മണ്ണിലും മാലിന്യത്തിലും ഇറങ്ങി ജോലി ചെയ്യുന്ന അവർണ്ണവിഭാഗങ്ങൾ സവർണ്ണതയുടെ ശുദ്ധിമാനദണ്ഡങ്ങളാൽ അളക്കപ്പെട്ടാണ് സ്ഥിരമായ അകലത്തിൽ മാറ്റി നിർത്തപ്പെടുന്നത്. നിരക്ഷരതയും യാഥാസ്ഥിതികത്വവും സാമൂഹ്യബോധത്തിന്റെ അഭാവവുമൊക്കെയാണ് കുഞ്ഞുപാത്തുമ്മയുൾപ്പെടുന്ന വിഭാഗങ്ങളെ പരിഷ്ക്കാരത്തിൽ നിന്ന് അകറ്റി നിർത്തുന്നത്. ദൈനംദിന ജീവിതത്തിൽ പാലിക്കേണ്ട ശുചിത്വനിഷ്ഠകളെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ കൊളോണിയൽ കാലത്തെ സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളാണ് ജനങ്ങളുടെ ചിന്താപഥത്തിലെത്തിക്കുന്നത്. സത്യം, ശുചിത്വം, ഐകമത്യം തുടങ്ങിയ സാമൂഹ്യബോധനങ്ങളിലൂടെ ശ്രീനാരായണ ഗുരു നവോത്ഥാനകാല സന്ദേശങ്ങളിൽ അത്തരം മൂല്യങ്ങളെ പ്രത്യേകം എടുത്തു കാട്ടുന്നുണ്ട്. കോൺഗ്രസ്സ് സമ്മേളനത്തിൽ ചൂലുമായി കക്കൂസു കഴുകാനിറങ്ങുന്ന ഗാന്ധിജി ശുചിത്വബോധത്തിന്റെ സംസ്ക്കാരവഴിയിലെ ദേശീയമാതൃക പ്രകടമാക്കുന്നു. നിസാർ അഹ്മ്മദ് ഉപയോഗിക്കുന്ന സോപ്പ് കൊളോണിയൽ ശുചിത്വ ബോധത്തിന്റെ ഉൽപ്പന്നമാണ്. ത്യാഗസന്നദ്ധത, വൃത്തിയുള്ള വെള്ള വസ്ത്രം തുടങ്ങിയ കാര്യങ്ങൾ ഗാന്ധിയൻ ആദർശങ്ങളിലൂടെ ദേശീയമാനം ആർജ്ജിക്കുന്നുണ്ട്.

**ഭാഷ**

പഠിപ്പും പരിഷ്ക്കാരവും ഇല്ലാത്ത കുഞ്ഞുപാത്തുമ്മ ലോകത്തോട് സംസാരിക്കുന്നത് അവൾ ഉൾക്കൊണ്ട ഗ്രാമ്യഭാഷയിലാണ്. ബി.എയ്ക്കു പഠിക്കുന്ന ആയിഷയാണ് അവളുടെ ഭാഷയുടെ നിലവാരമില്ലായ്മ ആദ്യമായി ബോധ്യപ്പെടുത്തുന്നത്. 'കുളിച്ചല്ലേ' എന്നതിനു പകരം കുളിക്കല്ലേ എന്നും 'ലാത്ത്രി'ക്കു പകരം രാത്രിയും 'തുന്നരി'ക്കു പകരം സുന്ദരിയെന്നുമൊക്കെ പഠിപ്പിച്ച് അവൾ പാത്തുമ്മയെ ശരിയായി ഉച്ചരിക്കാൻ ശീലിപ്പിക്കുന്നു. ആയിഷയുടെ അധ്യാപനത്തിനു പിന്നിൽ, ഒരു സാംസ്ക്കാരിക പ്രവർത്തനവും ഭാഷാപരയത്നവും ഇഴ ചേർന്നു കിടക്കുന്നുണ്ട്. സാംസ്ക്കാരിക പ്രവർത്തനം, കുഞ്ഞുപാത്തുമ്മയെ എഴുത്തിന്റെയും അറിവിന്റെയും ലോകത്തിലേക്കു നയിക്കുക എന്നതാണ്. മുസ്ലീം സമുദായത്തെ മലയാളത്തിന്റെ മാനകരൂപത്തിലേക്ക് പരോക്ഷമായി ക്ഷണിക്കുകയാണ് ആയിഷയിലൂടെ ബഷീർ നടത്തുന്ന രണ്ടാമത്തെ കൃത്യം. സ്വത്വ തലങ്ങളുടെ വൈവിധ്യങ്ങളെ റദ്ദു ചെയ്ത് ഏകതാനമാക്കുന്ന മാനകഭാഷാ യുക്തിക്കു പിന്നിൽ സാംസ്ക്കാരിക തനിമയ്ക്കപ്പുറത്തുള്ള ചില ഭാഷാപര ലക്ഷ്യങ്ങൾ ഉള്ളടങ്ങുന്നുണ്ട്. ഈ ഭാഷാ പരിഷ്ക്കാരത്തിലൂടെ മുസ്ലീം സമൂഹം നൂറ്റാണ്ടുകളായി കൊണ്ടുനടക്കുന്ന ഭാഷാ

മൗലികവാദത്തിലധിഷ്ഠിതമായ മർക്കടമുഷ്ടിയെയാണ് ബഷീർ ലക്ഷ്യം വെക്കുന്നത്. ജീവിക്കുന്ന സാമൂഹ്യപശ്ചാത്തലത്തിന്റെ സമകാലിക യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാതെ, കടുംപിടുത്തം വഴി വന്നുചേർന്ന ഭാഷാപരമായ അജ്ഞത മൂലം സമുദായത്തിനു കാലിക യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാനോ ഉചിതമായ രീതിയിൽ അവയോട് പ്രതികരിക്കാനോ സാധ്യമായിരുന്നില്ല. അന്ധമായ അറബിഭാഷാഭ്രമവും മലയാളഭാഷാ വിരോധവും കാരണം മാതൃഭാഷയെ തിരസ്ക്കരിക്കാൻ ഇട വന്നു. പകരം രൂപപ്പെടുത്തിയ ബദൽഭാഷാ രൂപമാണ് അറബിമലയാളം. ഈ അറബിമലയാളത്തിലാണ് ദീർഘകാലം മുസ്ലീം സമൂഹത്തിന്റെ സാംസ്ക്കാരിക വ്യവഹാരങ്ങൾ നടന്നുവന്നതെങ്കിലും അതിന് പൊതുസമൂഹവുമായി ബന്ധപ്പെടാനുള്ള പാലമായി വർത്തിക്കാൻ സാധിച്ചിരുന്നില്ല. അറബിമലയാളത്തെക്കുറിച്ചുള്ള ബഷീറിന്റെ വീക്ഷണം ഇത്തരത്തിൽ ഉള്ളതാണ്:

"അറബി കൊള്ളാം; മലയാളവും കൊള്ളാം. അറബിമലയാളം എണ്ണൂറു കൊല്ലത്തെ മുസ്ലീം മണ്ടത്തരം! ഒരുപാട് ചിന്തകന്മാർ, മഹാകവികൾ ഒക്കെ മുസ്ലീം സമുദായത്തിനും മലയാള ഭാഷയ്ക്കും നഷ്ടപ്പെട്ടു. മോയിൻകുട്ടി വൈദ്യരെപ്പോലുള്ളവർ നല്ല മലയാള ഭാഷയിലാണ് എഴുതിയിരുന്നതെങ്കിലോ?"[17]

അറബിയോടും മലയാളത്തോടും ചാർച്ചയില്ലാത്ത ഈ ഭാഷാപരമായ സന്ദിഗ്ദ്ധാവസ്ഥ സൃഷ്ടിച്ച സാംസ്ക്കാരികവും മതപരവുമായ ഒറ്റപ്പെടൽ മുസ്ലീം സമുദായത്തെ മുഖ്യധാരയിൽ നിന്ന് ഒഴിച്ചു നിർത്തി. ഭാഷാപരമായ ശാഠ്യങ്ങൾ കയ്യൊഴിഞ്ഞ് സമുദായത്തെ സാമുകാലിക യാഥാർത്ഥ്യങ്ങളിലേക്ക് അടുപ്പിക്കുന്നതിലാണ് ആയിഷയിലൂടെ ബഷീറിന്റെ മാനകഭാഷാ യുക്തി വെളിപ്പെടുന്നത്. നിലവാരപ്പെട്ട, ഔദ്യോഗികമായ ഭാഷാഘടനയിലൂടെ മാത്രമേ ആശയങ്ങൾക്ക് അകത്തേക്കും പുറത്തേക്കുമുള്ള സുഗമമായ സഞ്ചാരം സാധ്യമാവുന്നുള്ളൂ. ശാസ്ത്രത്തിന്റെ യുക്തിഭാഷയ്ക്കായാലും വിശ്വാസത്തിന്റെ ഭക്തിഭാഷയ്ക്കായാലും ഒരു ഔദ്യോഗിക ഘടന അത്യാവശ്യമായി വരുന്നുണ്ട്. ആ അർത്ഥത്തിൽ മലയാള ഭാഷയുടെ ആത്മാവിലേക്കു പ്രവേശിക്കാനുള്ള ശ്രമങ്ങളാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ മിഷണറി ഭാഷാ പ്രവർത്തനങ്ങൾ. നിഘണ്ടു നിർമ്മാണങ്ങളും വ്യാകരണഘടനാപഠനങ്ങളും വഴി ഭാഷയുടെ വിഭിന്നാവസ്ഥയിൽ നിന്നുള്ള ഏകോപനമാണ് അവർ ലക്ഷ്യമാക്കിയത്. ഭാഷ കൃത്യവും വ്യക്തവും ആവുമ്പോൾ മാത്രമേ ആശയങ്ങളുടെ വിതരണവും ഗ്രഹണവും പൂർണ്ണാർത്ഥത്തിൽ സാധിക്കുകയുള്ളൂ. സാംസ്ക്കാരിക വികാസത്തിനും സാംസ്ക്കാരിക അധിനിവേശത്തിനും ഉള്ള മാർഗ്ഗവും ഒന്നു തന്നെയാ

വുന്നത് അതുകൊണ്ടാണ്. ആയിഷ വഴി കൊടുത്തയക്കപ്പെടുന്ന പെൻസിലും നോട്ട്ബുക്കും ബാലപാഠവും വഴി എഴുത്തിന്റെ മാനകരൂപത്തിലൂടെ അറിവിന്റെ വ്യക്തതയിലേക്കും ശക്തി സൗന്ദര്യങ്ങളിലേക്കുമുള്ള പ്രയാണമാണ് ബഷീർ നവോത്ഥാനകാല സാഹചര്യത്തിന്റെ പിൻബ ലത്തിൽ ലക്ഷ്യം വെക്കുന്നത്.

## അറിവും വിശ്വാസവും

ഖുർ-ആന്റെ തുടക്കം വിദ്യാഭ്യാസത്തിൽ നിന്നാണ്. 'നിങ്ങളെ സൃഷ്ടിച്ചിരിക്കുന്ന സ്രഷ്ടാവിന്റെ നാമത്തിൽ വായിക്കുക' എന്നാണ് പ്രമാണം. അറബിയിൽ മാത്രമല്ല അറിവ് ലോകത്തിന്റെ എല്ലാ ഭാഷകളിലും ഉണ്ട്. ഉദ്ദേശിച്ചത് ഉൾക്കൊള്ളാൻ തയ്യാറാവാത്ത മുസ്ലീം യാഥാസ്ഥികത്വം ലോകത്തെവിടെയും ഉണ്ടായിരുന്നു. ബഷീർ എഴുതുന്നു:

'നബിക്കു ശേഷം 5-6 നൂറ്റാണ്ടുകൾ സുവർണ്ണകാലമായിരുന്നു. പിന്നീട് മുസ്ലീങ്ങൾ ഉറ ങ്ങി. ആയിരം കൊല്ലത്തെ ഉറക്കം! പതുക്കെ ചിലർ ഉണർന്ന്, ഇപ്പോ ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്! എന്നു പറഞ്ഞ് അഭിമാനം കൊള്ളുകയാണ്.'[18]

സംസ്കൃതഭാഷയോട് നമ്പൂരിത്തം കാട്ടിയ യുക്തിരഹിതമായ ഭ്രമത്തിന്റെ മറ്റൊരു പതിപ്പാണ് മുസ്ലീങ്ങളുടെ അറബിഭാഷാഭ്രമം. അർത്ഥമറിയാതെ യാന്ത്രികമായ ഉരുക്കഴിക്കലി ലൂടെ ഉച്ചരിക്കലും പഠിക്കലും കേവലം ലിപിപൂജ മാത്രമായി. മലയാളത്തെ 'ആര്യനെഴുത്ത് 'എന്നുവിളിച്ചാണ് മുല്ലമാർ ഭാഷയെയും അറിവിനെയും മാറ്റി നിർത്തിയത്. അറബിഭിന്ന ഭാഷക ളിലെ ഖുർ-ആൻ പരിഭാഷകൾ തെരഞ്ഞുപിടിച്ചു കത്തിക്കുന്ന സംഭവങ്ങളും ഉണ്ടായിരുന്നു.

ഒരുപാട് സ്വത്തുണ്ടായിരുന്നിട്ടും കുഞ്ഞുപാത്തുമ്മയുടെ ബാപ്പായും ഉമ്മായും അവളെ എഴുത്തു പഠിപ്പിച്ചിട്ടില്ല. മുമ്പേ പഠിച്ചു തുടങ്ങിയിരുന്നെങ്കിൽ ഇപ്പോൾ ആയിഷയെപ്പോലെ അറി വുണ്ടാവുകയും പിന്തിരിപ്പൻ അവസ്ഥയ്ക്കു മാറ്റവുമുണ്ടാകുമായിരുന്നു. ആനമക്കാർ അടക്ക മുള്ള പാമര തലമുറകൾ ഒന്നും പഠിച്ചില്ല. പഠിപ്പിക്കാൻ പറഞ്ഞപ്പോൾ,

'യെയ്ത്ത് പടിച്ച് നിന്നാ കാഫറാക്കണം എന്നാണെന്നാണോ നീ ശോയ്ക്കണത്?'

എന്നായിരുന്നു ബാപ്പായുടെ പ്രതികരണം.

'നോക്ക്, ഇസ്ലാമിന് അറിവുണ്ടായിരിക്കണം. അറിവില്ലാത്തവർ ഹമ്ക്കീങ്ങളാണ്'

എന്ന് പുതിയ കാലത്ത് എഴുത്തും വായനയും പഠിച്ച ആയിഷ അവളുടെ തെറ്റായ വിശ്വാ സത്തെ തിരുത്തുന്നു. നവോത്ഥാനകാലവും ദേശീയപ്രസ്ഥാനവും തുറന്നിട്ട ലോകബോധം പിൻപ റ്റിയാണ് വിവിധ സാമുദായികവിഭാഗങ്ങൾ എഴുത്തും അറിവും ആർജ്ജിക്കുന്നത്. അതിന്റെ

വിജയകരമായ ഗുണഭോക്താക്കളാണ് ആയിഷയും നിസാർ അഹ്മ്മദുമൊക്കെ. പള്ളിക്കൈത്താനക്കാരനേക്കാൾ അന്തസ്സും സമൂഹസ്വീകാര്യതയും കോളേജു പ്രൊഫസറായ അവരുടെ ബാപ്പായ്ക്കുണ്ട്. ഓത്തുപള്ളിയിലെ രാപ്രസംഗക്കാരുടെ കെട്ടുകഥകളുടെ യുക്തിയില്ലായ്മയിൽ നിന്ന് എഴുത്തുപള്ളിയുടെ ആധുനിക അവബോധങ്ങളിലേക്കുള്ള സമുദായത്തിന്റെശ്രദ്ധ ക്ഷണിക്കുന്നതിന്റെ ചിത്രമാണ് പെൻസിലും നോട്ട് ബുക്കും ബാലപാഠവും കൈയിലേൽപ്പിച്ചുകൊണ്ട് കുഞ്ഞുപാത്തുമ്മയെ പഠിപ്പിക്കാനായുള്ള ആയിഷയുടെ രംഗപ്രവേശം.

### പേരും പെരുമാറ്റവും

നവീനത പകരുന്ന ലോകബോധവും സാമൂഹ്യബോധവും ഭാഷയെയും വേഷത്തെയുമെന്ന പോലെ വ്യക്തിനാമങ്ങളെയും ശീലങ്ങളെയും പരിഷ്ക്കാരത്തിലേക്കു നയിക്കുന്നു. നല്ലതും വൃത്തിയുള്ളതും കൈവശം വെച്ചനുഭവിക്കുന്ന സവർണ്ണയുക്തിയുടെ സാമൂഹ്യാധികാരബോധം തകിടം മറിക്കപ്പെടുന്ന കാലം കൂടിയാണ് നവോത്ഥാനകാലം. ഗ്രാമ്യരൂപത്തിലുള്ള അപരിഷ്കൃത നാമങ്ങൾക്കു പകരം കേൾക്കാനും വിളിക്കാനും സുഖമുള്ള വൃത്തിയുള്ള നാമങ്ങൾ പരിഷ്ക്കാരത്തിന്റെ സൂചകങ്ങളായി പ്രത്യക്ഷമാവുന്നു. നിസാർ അഹ്മദ്, സൈനുൽ ആബിദീൻ എന്നിങ്ങനെ ഇമ്പമുള്ള പേരുകൾ ഇസ്ലാമിന്റേതായി കുഞ്ഞുപാത്തുമ്മ കേട്ടിരുന്നില്ല. പകരം മക്കാര്, അടിമ, കൊച്ചുണ്ണി, കുട്ടിയാലി, ബാവക്കണ്ണ്, പക്കറ്, മൈതീൻ, ബീരാൻ എന്നിങ്ങനെയുള്ള പേരുകളാണ് ഇസ്ലാമിന്റേതായി അവൾ കേട്ടിട്ടുള്ളത്. കുഞ്ഞു'പാത്തുമ്മ' എന്നത് മുഹമ്മദ് നബിയുടെ മകൾ ഫാത്തിമയുടെ പേരും ആയിഷ എന്നത് 'വീടരുടെ' പേരുമാണ്. അതിലൂടെ രണ്ടു 'പേരും' ഒരേ കുടുംബപാരമ്പര്യക്കാരാണെന്ന് ബഷീർ പറയാതെ പറയുന്നു. ഒന്ന് ഉച്ചാരണ 'ശുദ്ധി'യുള്ള ആയിഷയും മറ്റേത് 'ശുദ്ധി' കുറഞ്ഞ കുഞ്ഞുപാത്തുമ്മയും ആകുന്നതിനു പിന്നിൽ പരിഷ്ക്കാരത്തിന്റെ മാനക–മാനകേതരമായ ശുദ്ധിയിലധിഷ്ഠിതമായ ഭാഷായുക്തിയാണ്.

പെരുമാറ്റത്തിലെ ശുദ്ധിയില്ലായ്മയെക്കുറിച്ച് കുഞ്ഞുപാത്തുമ്മയോട് പറയുന്നത് ആയിഷയാണ്. അവളുടെ വീട്ടിൽ നിന്ന് രാവും പകലും കലപില ബഹളമാണെന്നും വളരെ ഉച്ചത്തിൽ സംസാരിക്കുന്നതിനെക്കുറിച്ചും അയൽപക്കക്കാർക്ക് സ്വസ്ഥമായി കിടന്നുറങ്ങാൻ പറ്റാത്തതിനെക്കുറിച്ചും ആയിഷ പരാതി പറയുന്നു. 'മുസ്ലീം സ്ത്രീകൾ അടക്കവും ഒതുക്കവും ഇല്ലാതെ ഇങ്ങനെ പൊതുശല്യക്കാരായി മാറുന്നത് നല്ലതാണോ? – എന്ന ചോദ്യവും ആയിഷ ഉന്നയിക്കുന്നുണ്ട്. നല്ല പെരുമാറ്റം, പരസ്പര ബഹുമാനം സാമൂഹ്യബോധം തുടങ്ങി ബഹുസ്വരതയുള്ള ഒരു സമൂഹത്തിൽ പരിപാലിക്കേണ്ട പെരുമാറ്റ ശീലങ്ങളെക്കുറിച്ചാണ് ആയിഷയുടെ ഓർമ്മപ്പെടുത്തലുകൾ. അവനവന്റെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും അപരന്റെ സുഖത്തെയും സന്തോഷ

ത്തെയും ഹനിക്കാതെയാവണം എന്ന നവോത്ഥാനകാലത്തിന്റെ സാംസ്ക്കാരിക മുദ്രാവാക്യ മാണ് ആയിഷയിലൂടെ വെളിപ്പെടുന്നത്.

### തൊഴിലും പരിഷ്ക്കാരവും

'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്ന് കുഞ്ഞുപാത്തുമ്മ പറയുമ്പോൾ അതിന് ആയിഷ പറയുന്ന മറുപടി അവളുടെ ഉപ്പൂപ്പായ്ക്ക് ഒരു കാളവണ്ടി ഉണ്ടായിരുന്നു എന്നാണ്. ഒന്ന് ഫ്യൂഡൽ ആഭിജാത്യത്തിന്റെ നിഷ്ക്രിയതയെ പ്രതിനിധീകരിക്കുമ്പോൾ മറ്റേത് യാഥാർത്ഥ്യത്തിലധിഷ്ഠി തമായ ജീവിതബോധത്തിന്റെ ചലനാത്മകതയുടെ പ്രതീകമായിത്തീരുന്നുണ്ട്. കൊമ്പനാനയുള്ള കുടുംബക്കാർ കാലം മാറുമ്പോഴും ആനക്കൊമ്പു കൊണ്ടുണ്ടാക്കിയ മെതിയടിപ്പുറത്തു നിന്നു താഴെയിറങ്ങാൻ കൂട്ടാക്കുന്നില്ല. കാളവണ്ടി ഉണ്ടായിരുന്നവർ അതിൽ സാമാനങ്ങൾ കയറ്റിക്കൊണ്ടു പോയി വിറ്റ് അധ്വാനിച്ച് മകനെ എം.എ വരെ പഠിപ്പിച്ച് കോളേജ് പ്രൊഫസറാക്കുന്നു. വീട് പണയത്തിലിരിക്കുമ്പോഴും അവർ നന്നായി അധ്വാനിച്ച് ഒട്ടുമാവും പേരയും സപ്പോട്ടയും റോസു മൊക്കെ നട്ടുവളർത്തുകയും വിളയിക്കുകയും  ചെയ്യുന്നുണ്ട്.

ഭൂമിയിൽ പണിചെയ്യുന്ന ഇസ്ലാമിനെ കുഞ്ഞുപാത്തുമ്മ ആദ്യമായാണ് കാണുന്നത്. കാരണം ഇസ്ലാമിനു പറഞ്ഞിട്ടുള്ളത് കച്ചവടം ആണെന്നാണ് അവളുടെ പൊതുവെയുള്ള ധാരണ. ജോലി ക്കാരെ വെച്ചിട്ടല്ലാതെ, സ്വന്തമായി വെട്ടുകയും കിളക്കുകയും ചെയ്യുന്ന നിസാർ അഹ്മദ് വളരെ വേഗം അവരുടെ വെളിമ്പറമ്പിനെ ഒരു വനമാക്കി മാറ്റിയെടുക്കുന്നുണ്ട്. ബഷീർ തന്നെ സൂചിപ്പി ക്കുമ്പോലെ കള്ളന്മാരുടെയും കൊലപാതകികളുടെയും തൊഴിൽചര്യകളിലേക്ക് മുദ്രയടിക്കപ്പെ ട്ടിരുന്ന ഇസ്ലാമിനെ അത്തരം മുൻധാരണകളിൽ നിന്നു മോചിപ്പിക്കുക എന്ന ശ്രമവും ഇതിനു പിന്നിലുണ്ട്. സുഹ്റായുടെ ഭർത്താവിന്റെ (ബാല്യകാലസഖി) കശാപ്പു ജോലി, 'ന്റുപ്പൂപ്പാ'യിലെ ഉണക്കമീൻ കച്ചവടം, ആടറുപ്പ് തുടങ്ങിയ ജീവിതസാഹചര്യങ്ങളിൽ നിന്ന് ഭൂമിയേയും മനസ്സി നെയും ഉർവ്വരമാക്കുന്ന ജോലിയിടങ്ങളിലേക്കുള്ള പറിച്ചു നടലിൽ പരിഷ്ക്കാരത്തിന്റെയും ആധു നികവീക്ഷണത്തിന്റെയും സാമൂഹ്യബോധമാണ് പ്രവർത്തിക്കുന്നത്.

### സ്വാതന്ത്ര്യബോധം

തടവിലിട്ട കുരുവിയെപ്പോലെയാണ് കുഞ്ഞുപാത്തുമ്മായുടെ ജീവിതം. ആചാരങ്ങളും അന്ധമായ വിശ്വാസങ്ങളും കുരുക്കിയിടുമ്പോഴും പരിമിതമായ ചില ജീവിതബോധങ്ങളും താര തമ്യങ്ങളും ആഗ്രഹങ്ങളുമൊക്കെ അവളിൽ ഉണരുന്നുമുണ്ട്. മുസ്ലീം സ്ത്രീകൾക്ക് അന്യപുരു ഷന്മാരുടെ മുമ്പിൽ പോകാൻ പാടില്ലെന്നും പുരുഷന്മാർക്കൊപ്പം പള്ളിയിൽ നിസ്ക്കാരം പാടി ല്ലെന്നും അവളെ പാരമ്പര്യം പഠിപ്പിച്ചിട്ടുണ്ട്. പല വിലക്കുകളും വിശ്വാസങ്ങളുമൊക്കെയുണ്ടെ

ങ്കിലും തന്നെ കെട്ടാൻ പോകുന്ന ആൺപിറന്നോനെ മുമ്പേകൂട്ടി ഒന്നു കാണാനുള്ള അദമ്യമായ ആഗ്രഹം അവളിൽ ഉണരുന്നുണ്ട്. കേസിൽ തോറ്റ് പാപ്പരായി കീറ്റുപുരയിടത്തിലേക്ക് അവർ മാറേണ്ടി വന്ന സന്ദർഭത്തിൽ, അവളുടെ ഉള്ളിൽ തടവിലിടപ്പെട്ട സ്വാതന്ത്ര്യം തടവുഭേദിച്ച് പുറത്തേക്കു വരുന്നതുകാണാം:

'സംഭവിച്ചിരിക്കുന്നത് വലിയ ഒരാപത്താണ്. എന്നാലും ജനങ്ങളെ കാണാം.... ശുദ്ധവായു ശ്വസിക്കാം. സൂര്യപ്രകാശത്തിൽ നിൽക്കാം. നിലാവെളിച്ചത്തിൽ മുങ്ങാം. ഓടാം, ചാടാം, പാട്ടു പാടാം. പാട്ടൊന്നും അറിഞ്ഞുകൂടെങ്കിലും – എന്തിനും അവൾക്കു സ്വാതന്ത്ര്യമുണ്ട്. മലക്, ജിന്ന്, ഇഫ്രീത്ത്, ഇൻസ് – ആരും വരട്ടെ!'[19]

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ആഗ്രഹം, ആ ലോകത്തിലേക്കുള്ള താൽപര്യപൂർവ്വമായ പ്രവേശനം, അതിന്റെ സൗന്ദര്യാത്മകതയിൽ അഭിരമിച്ചുള്ള നിൽപ്, അതിനു മുമ്പിൽ, തന്നെ പേടിപ്പിച്ചിരുന്നവയ്ക്കെതിരെയുള്ള ധൈര്യം എന്നിവ അടഞ്ഞ രീതിയിലുള്ള സാമുദായിക പ്രകൃതത്തിൽ നിന്ന് വ്യക്തി–സാമൂഹ്യസ്വാതന്ത്ര്യത്തിന്റെ തുറസ്സിലേക്കുള്ള ശ്രദ്ധക്ഷണിക്കലായി മാറുന്നു. കുഞ്ഞുപാത്തുമ്മയിൽ പ്രകടമാവുന്ന സ്വാതന്ത്ര്യമോഹങ്ങൾക്ക് അക്കാലത്തിന്റെ പൊതുവായ സാമൂഹ്യരാഷ്ട്രീയാദർശങ്ങളുടെ പൊതുബോധവുമായി ചാർച്ചയുണ്ട്. കുരുവിയെ രക്ഷിക്കുന്നതിനിടയിൽ ചോര പൊടിഞ്ഞ അവളുടെ മുറിവു കെട്ടിക്കൊടുത്ത ശേഷം നിസാർ അഹ്മ്മദ് അവളോട് ചോദിക്കുന്നത് 'കുഞ്ഞുപാത്തുമ്മയ്ക്ക് പറക്കാൻ കഴിയുമോ' എന്നാണ്. ഇല്ലെന്നു പറയുമ്പോൾ 'എന്നാൽ നമുക്കു ചിറകുണ്ടാക്കാം' എന്നായിരുന്നു അയാളുടെ മറുപടി.

## യുക്തിബോധം

അന്ധമായ വിശ്വാസങ്ങളെയും അനുഷ്ഠാനപരതയെയും വിദ്യ പ്രസരിപ്പിക്കുന്ന നവീന കാല ജീവിതബോധങ്ങളാണ് തിരസ്ക്കരിക്കുന്നത്. ഗതാനുഗതികത്വങ്ങളെ അറിവുപകരുന്ന യുക്തിബോധം ചോദ്യം ചെയ്യുന്നു. അങ്ങനെയാണ് ഭാഷയെയും വസ്ത്രധാരണത്തെയും ശീലങ്ങളെയും കുറിച്ചുള്ള പൂർവ്വധാരണകൾ തകിടം മറിയുന്നത്. മലയാളവും ഇംഗ്ലീഷുമൊക്കെ പഠിക്കാൻ പറ്റുന്ന ഭാഷകളായിത്തീരുകയും സാരിയും ബ്ലൗസുമൊക്കെ ധരിക്കാൻ പറ്റുന്ന വേഷവിധാനങ്ങളായിത്തീരുകയും ചെയ്യുന്നു. തലയിൽ മുല്ലപ്പൂ ചൂടാമോ എന്ന കുഞ്ഞുപാത്തുമ്മയുടെ ആഗ്രഹത്തിലധിഷ്ഠിതമായ സംശയത്തിന് കാഫ്രീങ്ങളാണ് അങ്ങനെ ചെയ്യുന്നത് എന്നതായിരുന്നു അവൾക്ക് ലഭിക്കുന്ന പാരമ്പര്യോപദേശം. എന്നാൽ,

'കള്ള ബുദ്ദൂസേ - കണ്ണും മൂക്കും ഉള്ളവർക്കു വേണ്ടിയാണ് പൂക്കൾ. മുസ്ലീമിന് മണപ്പി ക്കാം. തലയിൽ ചൂടാം'

എന്ന് ആയിഷയുടെ യുക്തിബോധത്തിലധിഷ്ഠിതമായ ഉപദേശം കുഞ്ഞുപാത്തുമ്മയെ മാത്രം ഉദ്ദേശിക്കുന്ന ഒരു മറുപടിയായല്ല നാം വായിക്കുന്നത്.

## അഹിംസ

തമ്മിൽ കൊത്തുപിടിക്കുന്ന കുരുവികളെ കുഞ്ഞുപാത്തുമ്മ തന്നാലാവും വിധം ഇട പെട്ട് സമാധാനിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും പരാജയപ്പെടുന്നുണ്ട്. അവളുടെ മധ്യസ്ഥത്തിനു ചെവി കൊടുക്കാതെ അവ പുളിമരത്തിനു മുകളിലും വെച്ച് ശണ്ഠ തുടരുകയും ഒന്ന് മറ്റേതിന്റെ കൊത്തുകിട്ടി കരഞ്ഞുകൊണ്ട് സഹായത്തിനഭ്യർത്ഥിച്ച് കരയുകയും ചെയ്യുന്നു. അത് നിലവിളി യോടെ താഴത്തെ തോട്ടിൽ കൈയും കാലും വിടർത്തി ഭൂമിയെ അവസാനമായി ആലിംഗനം ചെയ്യാനെത്തുന്നതുപോലെ രണ്ടു ചിറകും വിടർത്തി കമിഴ്ന്നു വീഴുന്നുണ്ട്. അവിടേക്ക് ഓടി യെത്തിയ കുഞ്ഞുപാത്തുമ്മ, 'നോയിക്കേ, എന്തൊരു കാണിക്കലാണീ കാട്ടിയേ!' എന്ന് ഹൃദയം നൊന്ത് പറഞ്ഞ് പോകുന്നു. വാപിളർന്നു കരയുന്ന അതിന്റെ കൊക്കിലേക്ക് അവൾ സ്വന്തം ചോരയിറ്റിച്ചുകൊടുത്ത് കുരുവിയെ ജീവിതത്തിന്റെ ആകാശത്തിലേക്ക് തിരിച്ചുപറക്കാൻ സഹാ യിക്കുന്നു. മുമ്പ് കുളക്കടവിൽ വെച്ച് ചോര കുടിച്ച അട്ടയെ കൊല്ലാനോങ്ങി ഉയർത്തിയ കാൽ അവൾ ചിന്താവിഷ്ടയായി താഴ്ത്തുന്നുണ്ട്. 'അട്ടയ്ക്ക് ഉമ്മായും ബാപ്പായും കാണും. പെണ്ണ ട്ടയോ ആണട്ടയോ എന്നറിഞ്ഞുകൂടാ. മക്കളും കാണും...... കൊല്ലാൻ പാടില്ല. പാപമാണ്. ദോഷം. ഹിംസ അരുത്' - എന്നിങ്ങനെ മനുഷ്യത്വപരവും ജീവകാരുണ്യപരവുമായ ചരാ ചരസൃഷ്ടിസ്നേഹം അവളിൽ നിറഞ്ഞു വഴിയുന്നുണ്ട്. വിദ്യാഭ്യാസമോ മാനകഭാഷാബോധം പോലുമോ ഇല്ലാത്ത നിഷ്കളങ്കയായ ആ നാടൻ പെൺകുട്ടിയുടെ ആത്മഗതമായി വരുന്ന വാക്കും ചിന്തയും 'ഹിംസ അരുത്' എന്നാണ്. ബഷീറിയൻ അഹിംസാബോധം കുഞ്ഞുപാത്തുമ്മായി ലൂടെ അക്കാലത്തെ അഹിംസാപ്രവാചകനായ ഗാന്ധിയുടെ ജീവിതദർശനത്തെ തൊട്ടുകൊണ്ട് കടന്നു പോകുന്നത് യാദൃശ്ചികമല്ല.

## സ്വാശ്രയത്വം

ആയിഷായുടെ സഹോദരനായ നിസാർ അഹ്മ്മദ് 'വലിയ വൃത്തിയും മെനയുമുള്ള ഭയ ങ്കര മനുഷ്യൻ' മാത്രമല്ല ഒരു കവി കൂടിയാണ്. അദ്ദേഹം കവിതയെഴുതുന്നത് ഭൂമിയിലാണ്. മര ങ്ങളും പൂക്കളും കായ്കളും കിഴങ്ങുകളുമായിത്തീരുന്നു അദ്ദേഹത്തിന്റെ കവിതകൾ. ഈ ഭൂമി

യേയും ഇതിലുള്ളതും ഉണ്ടാക്കാവുന്നതുമായ എല്ലാത്തിനെയും അയാൾ സ്നേഹിക്കുകയും ചെയ്യുന്നുണ്ട്.

നിസാർ അഹ്മ്മദ് തന്റെ വീട്ടിൽ പഴങ്ങളുണ്ടാകുന്ന ധാരാളം ചെറുവൃക്ഷങ്ങളും തെങ്ങിൻ തൈകളും വെച്ചുപിടിപ്പിക്കുന്നു. വെറുതെ കിടന്ന ആ വെളിമ്പറമ്പ് അയാൾ ഒറ്റദിവസം കൊണ്ടാണ് ഒരു വനമാക്കി മാറ്റുന്നത്. എപ്പോൾ നോക്കിയാലും അയാൾ എന്തെങ്കിലും ജോലി ചെയ്തുകൊണ്ടേ യിരിക്കും. ഒന്നുകിൽ മുറ്റം നന്നാക്കും. അല്ലെങ്കിൽ വൃക്ഷങ്ങൾക്കു വെള്ളം നനയ്ക്കും. അലസ തയുടെ മെത്തപ്പായയിൽ നിന്ന് താഴെയിറങ്ങാനോ അനങ്ങാനോ പോലും കൂട്ടാക്കാത്ത കുഞ്ഞുതാച്ചുമ്മയുടെ ഫ്യൂഡൽ മനസ്സ് ഇതൊക്കെ ഭ്രാന്തായാണ് വിലയിരുത്തുന്നത്. അവന വന്റെ വീട്ടിലേക്കു വേണ്ടവ സ്വന്തം നിലയിൽ കൃഷി ചെയ്ത് നട്ടുനനച്ച് ഉണ്ടാക്കുന്നത് ഒരു ജീവിതശൈലിയും ലഹരിയുമായി മാറ്റിയിരിക്കുന്നു നിസാർ അഹ്മ്മദ്. ത്യാഗമനോഭാവം, പരോ പകാരിത്വം, സ്വാശ്രയത്വം എന്നിവയൊക്കെ അക്കാലത്തെ ജീവിതാദർശങ്ങൾ കൂടിയായിരുന്നു.

## ആധുനികതയുടെ ചിഹ്നങ്ങളും ഭാവങ്ങളും

സംസ്ക്കാരത്തിന്റെയും പരിഷ്ക്കാരത്തിന്റെയും ജീവിതപ്പകർച്ചകൾ പല രൂപത്തിലും ഭാവ ത്തിലും 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' എന്ന നോവലിൽ പ്രകടമാവുന്നുണ്ട്. വളരെക്കുറച്ചു സന്ദർഭ ത്തേക്കു മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളുവെങ്കിലും വലിയ ഒരു ആശയ ലോകമാണ് നിസാർ അഹ്മ്മദിന്റെ പിതാവായ സൈനുൽ ആബിദീൻ വഴി തുറന്നു കിട്ടുന്നത്. കോളേജ് പ്രൊഫസർ ആയ അയാൾ നേടിയിട്ടുള്ള വിദ്യാഭ്യാസവും ആർജ്ജിച്ചിട്ടുള്ള സംസ്ക്കാരവും നവീനതയുടെ ഊർജ്ജം പ്രസരിപ്പിക്കുന്നു. മന്ത്രവാദവും മർദ്ദനവുമൊക്കെയായി കലങ്ങി മറഞ്ഞിരിക്കുന്ന കുഞ്ഞുപാത്തുമ്മായുടെ മുറിക്കകത്തേക്കു കടന്നുവരുന്ന അദ്ദേഹം, 'ഇതിൽ കാറ്റും വെളിച്ചവും കടക്കണം. ആ ജനൽ അടച്ചിരിക്കുന്നതെന്തിന്?' എന്നു ചോദിച്ച് ജനൽ തുറന്നപ്പോൾ അകന്നു കടന്ന വെളിച്ചം മുഴുവൻ തന്നിലേക്കാവഹിച്ച് അത്ഭുതത്തോടെ കുഞ്ഞുപാത്തുമ്മ പറഞ്ഞു പോകുന്നത് 'വെളിച്ചത്തിനെന്തു വെളിച്ചം!' എന്നാണ്. നോവൽ മുന്നോട്ടു വെക്കുന്ന ഈ സാമൂ ഹ്യാദർശത്തെ ഇരുട്ടുനിറഞ്ഞ ജനൽപ്പഴുതിലൂടെ തുറന്നുകൊടുക്കുന്നത് സൈനുൽ ആബിദീൻ ആണ്. അങ്ങനെ മുസ്ലീം സമുദായ പരിഷ്ക്കാരത്തിന്റെ, ദേശീയതയുടെ, വിദ്യാഭ്യാസ ചിന്തയു ടെ, നവീന ജീവിതബോധത്തിന്റെയൊക്കെ പ്രതീകവും, പ്രതിരൂപവുമൊക്കെയായി അദ്ദേഹം മാറുന്നു.

പിതാവിലൂടെ പകർന്നു കിട്ടിയ ജീവിതബോധത്തിന്റെ ഉപഭോക്താക്കളാണ് ആയിഷായും നിസാർ അഹ്മ്മദും. തൊപ്പിയും തോക്കും ധരിച്ചെത്തുന്ന ഇന്ദുലേഖയിലെ നായകനെപ്പോലെ

കർച്ചീഫും സിഗരറ്റുമൊക്കെ ഉപയോഗിക്കുന്ന പരിഷ്ക്കാരിയാണ് നിസാർ അഹ്മ്മദ്. ആയിഷ കുഞ്ഞുപാത്തുമ്മയോട് വിശേഷങ്ങൾ വിവരിക്കുന്ന അവരുടെ പട്ടണത്തിലെ വീടിന് ഗേറ്റ് ഉണ്ട്. വീട്ടിൽ ഇലക്ട്രിക്ക് ലൈറ്റും റേഡിയോയും ഉണ്ട്. ആ റേഡിയോയിൽ അറേബ്യ, ടർക്കി, ഇറാൻ, അഫ്ഗാനിസ്ഥാൻ, റഷ്യ, ആഫ്രിക്ക, മദ്രാസ്, ജർമ്മനി, അമേരിക്ക, സിംഗപ്പൂർ, ഡൽഹി, കറാച്ചി, ലാഹൂർ, മൈസൂർ, ഇംഗ്ലണ്ട്, കൈറോ, ആസ്ട്രേലിയ, കൽക്കട്ട, സിലോൺ – എന്നുവേണ്ട ഭൂമി യിലെ മിക്ക സ്ഥലങ്ങളിലെയും പാട്ടു കേൾക്കാം. കുഞ്ഞുപാത്തുമ്മായുടെ ജീവിതം ഒരു കുഗ്രാ മത്തിലെ കീറ്റുപുരയിടത്തിൽ ഒതുങ്ങി നിൽക്കുമ്പോൾ ആയിഷയുടെ അനുഭവ ലോകം ഭൂഖ ണ്ഡങ്ങളെയൊക്കെ തൊട്ടുകൊണ്ടുള്ളതാണ്.

ആയിഷക്ക് മാതൃക സഹോദരൻ നിസാർ അഹ്മ്മദ് ആണ്. അയാൾ ഒരു ഉല്പതിഷ്ണുവായ മുസ്ലീം ആണ്. പേരിലും പെരുമാറ്റത്തിലും മാത്രമല്ല തൊഴിലിലും ജീവിത വീക്ഷണത്തിലും അയാൾക്ക് അയാളുടേതായ ചിട്ടവട്ടങ്ങളുണ്ട്. വലിയ വൃത്തിബോധക്കാരനായ അയാൾ പറയു ന്നത് 'മുസ്ലീം' എന്നാൽ വൃത്തിയുള്ള എന്നുകൂടി അർത്ഥമുണ്ട് എന്നാണ്. താൻ കല്യാണം കഴി ക്കാൻ പോകുന്ന പെണ്ണിന് ചില ഗുണവിശേഷങ്ങൾ ഉണ്ടായിരിക്കണം എന്ന നിർബന്ധം അയാൾക്കുണ്ട്. ക്ഷൗരം ചെയ്യാൻ പഠിച്ചിരിക്കണം, ഡാൻസ് അറിയണം, അലക്ക്, സംഗീതം, ചിത്രമെഴുത്ത്, സാഹിത്യം, ശിശുപരിചരണം – ഇതിലൊക്കെ നിപുണയാവണം. ഒപ്പം ബിരിയാ ണി, പത്തിരി, നെയ്ച്ചോറ്. പൊറോട്ട, ഇഷ്ടു, സാമ്പാറ്, ഓലൻ, അവിയൽ, കാളൻ, മെഴുക്കുപു രട്ടി, പായസം – ഒക്കെ ഉണ്ടാക്കാനറിയണം. പുറമെ കിള, വേലികെട്ട്, മണ്ണ് ചുമട്, വളമിടൽ ഇതൊക്കെ അറിയുകയും വേണം. ഭൗതികമായ ഈ രീതിമാതിരികളൊന്നും പരിചയമില്ലാത്ത 'പഴയകൂറ്റുകാ'രാണ് കുഞ്ഞുപാത്തുമ്മയുടെ വീട്ടുകാർ. നിസാർ അഹ്മ്മദ് മുന്നോട്ടു വെക്കുന്ന നിബന്ധനകളിലൂടെ യഥാർത്ഥത്തിൽ എങ്ങനെയാവണം പുത്തൻ ഇസ്ലാമെന്ന് പരോക്ഷമായി ലക്ഷ്യം വെക്കപ്പെടുകയാണ്. ഇന്ദുലേഖ പൂവരങ്ങിലെ ദന്തഗോപുരത്തിൽ നിന്ന് താഴെ അടുക്ക ളയിലേക്കും മണ്ണിലേക്കും ഇറങ്ങി വന്നാൽ നിസാർ അഹ്മ്മദിന്റെ നായികാപദവിയിൽ ചെന്നെത്തി നിൽക്കുമെന്നർത്ഥം

ആയിഷ വഴി എഴുത്തിന്റെയും അറിവിന്റെയും വഴിയിലേക്ക് നീതയാക്കപ്പെട്ട കുഞ്ഞുപാ ത്തുമ്മയെയാണ് നിസാർ അഹ്മ്മദ് തന്റെ ജീവിതസഖിയാക്കാൻ നിശ്ചയിച്ചത്. വിവാഹദിന പ്രഭാതത്തിൽ നിസാർ അഹ്മ്മദിന്റെ വീട്ടിലേക്ക് പോയ കുഞ്ഞുപാത്തുമ്മ മുമ്പ് അവൾക്ക് വില ക്കപ്പെട്ട പാവാട, ബോഡീസ്, ബ്ലൗസ്, സാരി, പൂവ് ഒക്കെ അനുവദിക്കപ്പെട്ടാണ് തിരിച്ചെത്തുന്ന

ത്. പുതിയ ചെരുപ്പ് ധരിപ്പിച്ചശേഷം നടക്കേണ്ട വിധവും പരിശീലിപ്പിച്ച് പറഞ്ഞുവിടുമ്പോൾ അയാൾ പറയുന്നു:

'കുനിയരുത്. ശരിക്ക് നിവർന്ന് ധീരതയോട് നടന്നുപോകൂ'.

പുതിയ കാലത്തെയും പുതിയ ജീവിതവീക്ഷണത്തെയും ഉൾക്കൊള്ളുകയും പ്രയോഗവൽക്കരിക്കുകയും ചെയ്യുന്ന ഒരു തലമുറ രൂപപ്പെട്ടുവരുന്നു. സ്ത്രീധനം വാങ്ങാതെ വിവാഹകർമ്മത്തിലേക്ക് കടന്ന അയാൾ സംസ്കാരസമ്പന്നതയുടെ മാതൃകാപുരുഷനായിത്തീരുന്നു. ആഡംബരങ്ങളും ആൾ ബഹളവുമൊഴിവാക്കി ലളിതമായാണ് കല്യാണം നടക്കുന്നത്. ധനം പാഴാക്കി വാശിയിൽ വലിയ സദ്യ നടത്താൻ അവർക്ക് താൽപര്യമുണ്ടായിരുന്നില്ല. വരന്റെയും വധുവിന്റെയും ബന്ധുക്കളും സുഹൃത്തുക്കളും ചേർന്ന് പത്തിൽ താഴെ ആൾക്കാർ മാത്രമെ ഒരു വിവാഹചടങ്ങിൽ ആവശ്യമുള്ളൂ എന്ന അക്കാലത്തെ ശ്രീനാരായണീയ ആദർശത്തോട് ഐക്യപ്പെടുത്തുന്നതായിത്തീരുന്നുണ്ട് ആ വിവാഹം.

## പുതിയ ലോകാവസ്ഥയിലേക്കുള്ള പരിണാമം

പഴമയിൽ കുരുങ്ങിക്കിടന്ന മുസ്ലീം സമുദായം പുതിയ ലോകാവസ്ഥയിലേക്കു പരിണമിക്കുന്നതിന്റെ ചിത്രം 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' എന്ന നോവൽ അവതരിപ്പിക്കുന്നുണ്ട്. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും കയ്യൊഴിയാനും നവോത്ഥാനകാലം പകർന്ന നവീനതകളെ കയ്യേൽക്കാനും ദേശീയപ്രസ്ഥാനവും ഗാന്ധിയൻ ആദർശങ്ങളുമൊക്കെ ശക്തമായ അടിത്തറയായി വർത്തിക്കുന്നു. മാറ്റങ്ങളെ വളരെപ്പതുക്കെയാണുൾക്കൊണ്ടതെങ്കിലും ദേശീയവും കേരളീയവുമായ പരിഷ്ക്കരണ സംരംഭങ്ങളിൽ, മുഹമ്മദ് അബ്ദുറഹ്മാനെപ്പോലെയുള്ളവർ കേരളത്തിലെ നവോത്ഥാനത്തിന്റെ പതാകാവാഹകരായിത്തീരുന്നു. ദേശീയ രാഷ്ട്രീയ സമരപോരാട്ടങ്ങളുടെ തീക്ഷ്ണമായ വഴിയിലൂടെ സഞ്ചരിച്ചിരുന്ന എഴുത്തുകാരുടെ ഗണത്തിലെ അപൂർവ്വതയായിരുന്നു ബഷീർ. പ്രത്യക്ഷ സൂചനകളില്ലെങ്കിലും അത്തരം സാമൂഹ്യ-സാംസ്ക്കാരിക-രാഷ്ട്രീയാദർശങ്ങളുടെ പ്രതിനിധാനമായിത്തീരുന്നുണ്ട് നിസാർ അഹ്മ്മദിനെപ്പോലുള്ള കഥാപാത്രങ്ങളുടെ ജീവിതവീക്ഷണങ്ങൾ. വിദ്യാഭ്യാസം, സേവനമനസ്കത, ശുചിത്വബോധം, ത്യാഗസന്നദ്ധത, സ്വാശ്രയത്വം, അഹിംസ, യുക്തിചിന്ത, സാമൂഹ്യബോധം എന്നിവയൊക്കെ വ്യക്തിഗുണങ്ങളും സാമൂഹ്യഗുണങ്ങളുമായിത്തീരുന്നു.

വേദഗ്രാഹ്യമില്ലാത്ത പുരോഹിതർ മതപ്രമാണങ്ങളെ തെറ്റായി ഉദ്ധരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിലെ അസംബന്ധതയെ ബഷീർ കലാത്മകമായി വിമർശിക്കുന്നു. ഓത്തുപള്ളിയിലെ രാപ്രസംഗങ്ങളിൽ നിന്ന് എഴുത്തുപള്ളിയുടെ യാഥാർത്ഥ്യങ്ങളിലേക്ക് സാമുദാ

യിക ശ്രദ്ധ ക്ഷണിക്കുന്നു. ബഹുസ്വരസമൂഹത്തിൽ ശരിയായ ഇസ്ലാം എങ്ങനെയാണ് പെരുമാറേണ്ടതെന്ന് വെളിവാക്കപ്പെടുന്നു. ഏതുഭാഷയും പഠിക്കാമെന്നും സ്വാതന്ത്ര്യം സ്ത്രീപുരുഷന്മാർക്ക് തുല്യമാണെന്നും തെളിയിക്കപ്പെടുന്നു. കച്ചവടത്തിനപ്പുറത്ത് കൃഷിയടക്കമുള്ള ജോലികളുടെ അധ്വാനമഹിമയിലേക്കും ജീവിതലഹരിയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. മന:ശുദ്ധി, ഗൃഹശുദ്ധി, പരിസരശുദ്ധി, സമൂഹശുദ്ധി എന്നിവ വ്യക്തിയിൽ നിന്ന് സമൂഹത്തിലേക്കു പ്രസരിക്കേണ്ട ശുചിത്വബോധത്തിന്റെ ഒറ്റനൂൽ തുടർച്ചയാണെന്നു നിസാർ അഹ്മ്മദിന്റെ ജീവിതവീക്ഷണവും കക്കൂസ് നിർമ്മാണവുമൊക്കെ ബോധ്യപ്പെടുത്തുന്നു. കാലത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളാൻ പാകത്തിന് മനസ്സിന്റെ വാതായനങ്ങൾ തുറന്നിട്ടാലേ ജീവിക്കുന്ന കാലത്തോട് നീതി പുലർത്താനാകൂ എന്ന് സൈനുൽ ആബിദീന്റെ സാന്നിധ്യം പഠിപ്പിക്കുന്നു. മന്ത്രവാദത്തിൽ നിന്ന് മരുന്നിലേക്കും മെതിയടിയിൽ നിന്ന് ചെരുപ്പിലേക്കുമുള്ള മാറ്റം ഇന്നലെകളിൽ നിന്ന് ഇന്നിലേക്കും പഴമയിൽ നിന്ന് പുതുമയിലേക്കും ഉള്ള മാറ്റമായി പരിണമിക്കുന്നു.

ആരാധനയിലൂടെ രൂപപ്പെട്ട പ്രണയം കുഞ്ഞുപാത്തുമ്മായ്ക്ക് വ്യക്തിബോധം പ്രദാനം ചെയ്യുന്നുണ്ട്. ഉമ്മ നിസ്ക്കാരപ്പായയിൽ ചടഞ്ഞിരിക്കുമ്പോൾ അവൾ പഠിപ്പിൽ മുഴുകുന്നു. സോപ്പ് വ്യക്തി-ഗൃഹ ശുചിത്വത്തിനുള്ള ഉപാധിയാക്കുന്നു. 'അയമ്മതേ' എന്ന നിസാർ അഹ്മ്മദിനു നേരെയുള്ള ഉമ്മായുടെ വിളിയിലെ ഭാഷാപരമായ 'ശുദ്ധിയില്ലായ്മയെ' കുഞ്ഞുപാത്തുമ്മ മനസ്സിലെങ്കിലും തിരുത്തുന്നു. സർവ്വോപരി അവൾ വെള്ളവസ്ത്രം ധരിച്ച് തലയിൽ തട്ടം ഇട്ട് സ്വയം സുന്ദരിയായിത്തീരുന്നു. കർക്കശക്കാരനായ വട്ടനടിമ കക്കൂസുണ്ടാക്കി കണ്ടപ്പോൾ 'ഇതു ഞമ്മക്ക് നേരത്തെ തോന്നീല്ല. ഇങ്ങനെ എല്ലാ വീട്ടിലും ഒണ്ടാർന്നെങ്കിൽ നാറാതെ നടക്കാർന്ന്' എന്ന് പരിഷ്ക്കാരത്തെ തിരിച്ചറിയുന്നു. ഉപ്പുപ്പായുടെ കൊമ്പനാന വെറും കുഴ്യാന മാത്രമായിരുന്നെന്നും പാരമ്പര്യത്തിന്റെ പൊങ്ങച്ചങ്ങൾ വീൺവാക്കുകൾ മാത്രമായിരുന്നെന്നുമുള്ള യാഥാർത്ഥ്യത്തെ ഒടുവിൽ കുഞ്ഞുതാച്ചുമ്മയും ഉൾക്കൊള്ളുന്നുണ്ട്. മകളുടെ മറുകിൽ ഭാഗ്യക്കേടിന്റെ കറുപ്പ് ദർശിച്ച അവർ തിരിച്ചറിവിന്റെ കാലത്ത് കുഞ്ഞുപാത്തുമ്മയുടെ സൗന്ദര്യം കൺനിറയെ കണ്ടുനിൽക്കുകയും വരനായെത്തുന്ന നിസാർ അഹ്മ്മദിന്റെ 'യോഗ്യത'യെ തിരിച്ചറിയുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം നവോത്ഥാനമൂല്യങ്ങൾ കലാപരമായ ഔചിത്യത്തോടെ ആദ്യന്തം പ്രയോഗിക്കപ്പെടുന്ന ഒരു രചനയായി 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' മാറുന്നു.

## അടിക്കുറിപ്പുകൾ

1. എം.പി. പോൾ, അവതാരിക, ബാല്യകാലസഖി , ബഷീർ സമ്പൂർണ്ണകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം 2378
2. വൈക്കം മുഹമ്മദ് ബഷീർ, ഓർമ്മയുടെ അറകൾ, ബഷീർ സമ്പൂർണ്ണകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 1999, വാല്യം 2, പുറം 1574
3. വൈക്കം മുഹമ്മദ് ബഷീർ, അവതാരിക, വിശപ്പ്, ബഷീർ സമ്പൂർണ്ണകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം 2343
4. വൈക്കം മുഹമ്മദ് ബഷീർ, ഓർമ്മക്കുറിപ്പ്, ബഷീർ സമ്പൂർണ്ണകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം 2338
5. പ്രദീപൻ പാമ്പിരികുന്ന്, പിശാച് (ലേഖനം), ബഷീറിന്റെ ചെറുകഥകൾ 101 പഠനങ്ങൾ (എഡി: പോൾ മണലിൽ) ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2010,പുറം 384
6. വൈക്കം മുഹമ്മദ് ബഷീർ, ഓർമ്മയുടെ അറകൾ, ബഷീർ സമ്പൂർണ്ണകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം 1515
7. വൈക്കം മുഹമ്മദ് ബഷീർ, ഓർമ്മയുടെ അറകൾ, ബഷീർ സമ്പൂർണ്ണകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം 1531
8. വൈക്കം മുഹമ്മദ് ബഷീർ, ഓർമ്മക്കുറിപ്പ്, ബഷീർ സമ്പൂർണ്ണകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം 166
9. പ്രൊഫ.എം.കെ. സാനു, ബഷീർ ഏകാന്തവീഥിയിലെ അവധൂതൻ, ഡി.സി. ബുക്സ്, കോട്ടയം, 2007, പുറം 168
10. ആർ.ഇ. ആഷർ, ബഷീർ മലയാളത്തിന്റെ സർഗ്ഗവിസ്മയം, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം 40
11. വൈക്കം മുഹമ്മദ് ബഷീർ, 'ൻപ്പുപ്പാക്കൊരാനേണ്ടാർന്ന്!', ഡി.സി. ബുക്സ്, കോട്ടയം, 1995, പുറം 20
12. വൈക്കം മുഹമ്മദ് ബഷീർ, 'ൻപ്പുപ്പാക്കൊരാനേണ്ടാർന്ന്!', ഡി.സി. ബുക്സ്, കോട്ടയം, 1995, പുറം 60
13. വൈക്കം മുഹമ്മദ് ബഷീർ, 'ൻപ്പുപ്പാക്കൊരാനേണ്ടാർന്ന്!', ഡി.സി. ബുക്സ്, കോട്ടയം, 1995, പുറം 80

14. വൈക്കം മുഹമ്മദ് ബഷീർ, 'ൻപ്പുപ്പാക്കൊരാനേണ്ടാർന്ന്!', ഡി.സി. ബുക്സ്, കോട്ടയം, 1995, പുറം 81

15. വൈക്കം മുഹമ്മദ് ബഷീർ, 'ൻപ്പുപ്പാക്കൊരാനേണ്ടാർന്ന്!', ഡി.സി. ബുക്സ്, കോട്ടയം, 1995, പുറം 55

16. വൈക്കം മുഹമ്മദ് ബഷീർ, 'ൻപ്പുപ്പാക്കൊരാനേണ്ടാർന്ന്!', ഡി.സി. ബുക്സ്, കോട്ടയം, 1995, പുറം 23

17. വൈ.എ.റഹീം, മുഹമ്മദ് ബഷീറിന്റെ കത്തുകൾ, ഇംപ്രിന്റ് ബുക്സ്, കൊല്ലം, 1998, പുറം 37

18. വൈക്കം മുഹമ്മദ് ബഷീർ, നേരും നുണയും, ബഷീർ സമ്പൂർണ്ണ കൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം 1423

19. വൈക്കം മുഹമ്മദ് ബഷീർ, 'ൻപ്പുപ്പാക്കൊരാനേണ്ടാർന്ന്!', ബഷീർ സമ്പൂർണ്ണ കൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം 33

Shanoj. M.P. “Social renaissance in malayalam novels” Thesis. Kerala sahithya academy, University of Calicut, 2014.

# ഉപസംഹാരം

ആധുനിക യുഗത്തിലേക്കുള്ള പരിവർത്തന ഘട്ടത്തിൽ യൂറോപ്പിന്റെ ജീവിതമണ്ഡല ത്തിൽ പ്രകടമായ ഉണർവ്വാണ് Renaissance. 'റിനെയസാൻസി'ന് പുനരുജ്ജീവനം, പുനർജന്മം, പുനർജ്ജാഗരണം, നവോത്ഥാനം എന്നിങ്ങനെ അർത്ഥമുണ്ട്. സാമൂഹ്യ പരിണാമതലത്തിൽ അടിമത്ത വ്യവസ്ഥയിൽ നിന്നും നാടുവാഴിത്ത വ്യവസ്ഥയിൽ നിന്നും മുതലാളിത്തവ്യവസ്ഥ യിലേക്കുള്ള പരിണാമഘട്ടത്തെ അത് അടയാളപ്പെടുത്തുന്നു. യൂറോപ്പിലുണ്ടായ ഈ ചലന ങ്ങൾ പിൽക്കാലത്ത് ഭാരതത്തിലും കേരളത്തിലുമൊക്കെ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കി യിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെയുള്ള ഘട്ടം കേരളീയ സാമൂഹ്യ വ്യവസ്ഥിതിയിൽ സവിശേഷമായ ചലനാത്മകത നിറഞ്ഞു നിൽക്കുന്ന കാലയളവാണ്. ഈ ചലനാത്മകതയെ അക്കാലത്തെ നോവൽ സാഹിത്യത്തിൽ നിന്നും കൃത്യ മായി വായിച്ചെടുക്കാനാവും. പ്രാതിനിധ്യ സ്വഭാവമുള്ള ഇന്ദുലേഖ, അഗ്നിസാക്ഷി, അയൽക്കാർ, രണ്ടിടങ്ങഴി, 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്നീ നോവലുകളിൽ കേരളീയ നവോത്ഥാനത്തിന്റെ വൈവിദ്ധ്യം നിറഞ്ഞ തലങ്ങൾ സാമൂഹ്യ ചരിത്രബോധ്യത്തോടെ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്.

കേരളത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ശക്തിപ്രാപിച്ച സാമൂഹിക ചലനങ്ങളുടെയും കാഴ്ചപ്പാടുകളുടെയും ചരിത്രരേഖ എന്ന വിശേഷിപ്പിക്കാവുന്ന കൃതിയാണ് ഇന്ദുലേഖ. വൈദേശികാശയങ്ങളുടെയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും ഫലമായി പുതിയ ചിന്താധാരകളും ജീവിതാനുഭവങ്ങളും സ്വാംശീകരിക്കപ്പെടുന്നതോടെ ഫ്യൂഡൽ മൂല്യങ്ങളും മനോഭാവങ്ങളും ചോദ്യം ചെയ്യപ്പെടുന്നു. ആംഗല സംസ്ക്കാരത്തിന്റെ സഹവാസം കൊണ്ടുള്ള മേന്മകൾ അനുഭവിച്ചിരുന്ന ചന്തുമേനോൻ ഇംഗ്ലീഷ് ഐഡിയോളജിയുടെ പ്രതിനിധാനങ്ങളാ യാണ് മാധവനെയും ഇന്ദുലേഖയെയും അവതരിപ്പിക്കുന്നത്. വിപ്ലവകരമായ പ്രവൃത്തികൾ അസാ ധ്യമായിരുന്ന അക്കാലത്തെ കേരളീയ സമൂഹഘടനയിൽ കർമ്മം അസാധ്യമാവുന്നിടത്ത് വാക്കു കളിലെ അഗ്നി നോവലിസ്റ്റ് പ്രയോജനപ്പെടുത്തിയിരിക്കുന്നു.വ്യത്യസ്ത കഥാപാത്രങ്ങളിലൂടെ, ഗുരുത്വക്കേട് നിറഞ്ഞ ഭാഷണങ്ങളിലൂടെ, തർക്കങ്ങളിലൂടെ, പരിഹാസങ്ങളിലൂടെ, പ്രലോഭന ങ്ങളിലൂടെ, ഭീഷണിയിലൂടെ വാക്കുകൾ സാമൂഹ്യവിപ്ലവങ്ങൾക്കുള്ള ശക്തമായ സമരായുധമാ വുന്നത് ഇന്ദുലേഖയിൽ കാണാം. ഇന്ദുലേഖയിൽ ഫ്യൂഡലിസത്തെ മറിച്ചിടുന്നത് കർമ്മമല്ല– വാക്കാണ്. അന്നത്തെ കേരളീയ സമൂഹത്തെക്കുറിച്ചുള്ള ചിത്രങ്ങൾ സമ്മാനിക്കുന്നുണ്ടെങ്കിലും മൊത്തമായി വിലയിരുത്തിയാൽ ഇന്ദുലേഖ ഒരു യാഥാർത്ഥ്യമല്ല – ചന്തുമേനോന്റെ ഒരു സ്വപ്ന

മായിരുന്നു. സമ്പത്തും ആരോഗ്യവും ബുദ്ധിയും ഉണ്ടായിട്ടും മൂരിക്കുട്ടന്മാരെപ്പോലെ വളരേണ്ടി വന്ന തലമുറകളെക്കുറിച്ചും സൗന്ദര്യം മാത്രമല്ല ബുദ്ധിയും മിടുക്കും ധൈര്യവുമുണ്ടായിട്ടും ജാതിക്കോമരങ്ങളുടെ പിടിയിലകപ്പെട്ടുപോയ സ്ത്രീകളെക്കുറിച്ചും കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നരകിക്കുന്ന മനുഷ്യക്കോലങ്ങളെക്കുറിച്ചുമുള്ള അനുകമ്പയിൽ നിന്നു രൂപമെടുക്കുന്ന സ്വപ്ന മായിരുന്നു അത്. സംസ്കൃതത്തിൽ നിന്ന് ഇംഗ്ലീഷിലേക്കും കൂട്ടുകുടുംബവ്യവസ്ഥിതിയിൽ നിന്ന് അണുകുടുംബങ്ങളിലേക്കും യാഥാസ്ഥിതികതയിൽ നിന്ന് ഉത്പതിഷ്ണുതയിലേക്കുമുള്ള മാറ്റം പിൽക്കാല സമൂഹം ഉൾക്കൊള്ളുന്നുണ്ട്. ഈശ്വരൻ, മതം, മനുഷ്യൻ, ഇംഗ്ലീഷ് ഗവൺമെന്റ്, കോൺഗ്രസ് തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്ന പതിനെട്ടാം അധ്യായം ഇന്ദുലേഖയിലെ നവീനതയുടെ വിളംബരമായി വർത്തിക്കുന്നു. ഇന്ദുലേഖ, മാധവൻ, പഞ്ചുമേനോൻ, സൂരിനമ്പൂതിരിപ്പാട് എന്നിവരിലെ അനുകരിക്കപ്പെടേണ്ടതും അവഗണിക്കപ്പെടേണ്ടതുമായ സ്വഭാവ തലങ്ങൾ വിലയിരുത്തപ്പെടുകയും തള്ളേണ്ടതിനെ തള്ളിയും കൊള്ളേണ്ടതിനെ കൊണ്ടും കേരളീയ സമൂഹത്തിൽ നവോത്ഥാനത്തിന്റെ കരുത്തുപടർത്താൻ ഇന്ദുലേഖയ്ക്ക് സാധിക്കുന്നുണ്ട്. സാഹിത്യരൂപത്തിലും സാമൂഹിക രൂപത്തിലും ഉള്ള ഇംഗ്ലീഷ് മാതൃകകൾ പിൽക്കാലത്ത് കേരളം സ്വീകരിക്കുകയുണ്ടായി എന്നത് നോവലിന്റെ ചരിത്രപരമായ പ്രസക്തിയെ എടുത്തു കാട്ടുന്നു.

ബ്രാഹ്മണ സമുദായത്തിനകത്തു നടന്ന സംഘർഷങ്ങളുടെയും അതിന്റെ പ്രത്യാഘാതങ്ങളുടെയും പരിണാമങ്ങളുടെയും ആവിഷ്ക്കാരമാണ് അഗ്നിസാക്ഷി. ഇതിൽ സാമൂഹ്യ നവോത്ഥാനവുമായി ഇഴചേർന്നു നിൽക്കുന്ന ഒരു ഇതിവൃത്തത്തെ ദേശീയ വീക്ഷണത്തിലേക്കു സമന്വയിപ്പിച്ച് അവതരിപ്പിച്ചിട്ടുണ്ട്. അധികാരവും സമ്പത്തും കൈമുതലായുണ്ടായിരുന്ന നമ്പൂതിരി സമുദായം അധർമ്മങ്ങളുടെയും അനാചാരങ്ങളുടെയും കൈപ്പിടിയിലമർന്ന് എങ്ങനെ മനുഷ്യത്വവിരുദ്ധവും സമൂഹവിരുദ്ധവുമായി ഭവിച്ചു എന്നതിന്റെ ചിത്രണം നോവലിൽ ഉണ്ട്. നമ്പൂതിരി സമുദായത്തെ കേന്ദ്രമാക്കുന്ന രചനയെങ്കിലും നായർ സമുദായത്തിന്റെ സാമൂഹിക സ്ഥിതി, ദേശീയപ്രസ്ഥാനം, സ്വാതന്ത്ര്യാനന്തര രാഷ്ട്രീയാവസ്ഥകൾ എന്നിവയും നോവലിന് പശ്ചാത്തലമാവുന്നുണ്ട്. യാഥാസ്ഥിതികത്വത്തിന്റെയും ഉല്പതിഷ്ണുത്വത്തിന്റെയും പ്രതിനിധാനങ്ങളെ നോവലിൽ കൃത്യമായി അടയാളപ്പെടുത്താനാവും. യുക്തിരഹിതമായ ആചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, ജാതിശ്രേണി, ഫ്യൂഡൽ മനോഭാവം, സ്ത്രീവിരുദ്ധത, നിരക്ഷരത, തുടങ്ങിയവ നമ്പൂതിരി സമുദായത്തെ പുറകോട്ടു വലിച്ചിരുന്ന ആശയങ്ങളും വീക്ഷണങ്ങളുമാണ്. നവീന വിദ്യാഭ്യാസം, സ്വാതന്ത്ര്യബോധം, ദേശീയചിന്ത, സമത്വദർശനം, സ്വാശ്രയത്വം, തുടങ്ങിയവ പുതിയ സാമൂഹിക നിർമ്മിതിയുടെ പ്രതിനിധാനങ്ങളാകുന്നു. വ്യക്തികളിലൂടെയും വീക്ഷണങ്ങളിലൂടെയും

പ്രകടിതമാവുന്ന സാമുദായിക ശാഠ്യങ്ങൾ 19,20 നൂറ്റാണ്ടുകളിലെ കൊളോണിയൽ കാലാവസ്ഥ യുടെ പ്രഭാവം ചെലുത്തുന്ന സ്വാധീനതയുടെ കൂടി ഫലമായി തിരുത്തപ്പെടാനും തകർക്കപ്പെടാനുമുള്ള ശ്രമങ്ങൾ അരങ്ങേറുന്നതിന്റെ ചിത്രങ്ങൾ നോവലിലുണ്ട്. ഇന്ദുലേഖയിൽ വിമോചനത്തിനുള്ള പ്രത്യയശാസ്ത്രം ഇംഗ്ലീഷ് ഐഡിയോളജിയായാണ് രംഗപ്രവേശനം ചെയ്യുന്നതെങ്കിൽ അഗ്നിസാക്ഷിയിൽ അത് ബ്രിട്ടീഷ് വിരുദ്ധതയും ദേശീയബോധവും ഗാന്ധിസവുമായാണ് പ്രത്യക്ഷപ്പെടുന്നത്. ഉത്തരവാദിത്വബോധം, വ്യക്തിത്വസ്ഥാപനം, സമത്വദർശനം, സ്ത്രീസ്വാതന്ത്ര്യം, സാമൂഹിക സ്വാതന്ത്ര്യം, ഗാന്ധിസത്തിലൂന്നിയ ദേശരാഷ്ട്ര സങ്കല്പനം തുടങ്ങിയ തലങ്ങളിലൂടെ നവീന ബോധമാർജ്ജിക്കുന്ന തേതി എന്ന കഥാപാത്രം സാമുദായികതയിൽ നിന്ന് ദേശീയതയിലേക്കു വളരുന്നു. 'നമ്പൂതിരിയെ മനുഷ്യനാക്കുക' എന്നത് ഒറ്റയടിക്ക് വിജയത്തിലെത്തിക്കാവുന്ന കൃത്യമായിരുന്നില്ലെങ്കിലും പിന്നീടത് സംഭവിക്കുന്നുണ്ട്. മനുഷ്യസമുദായത്തെയാകെ മുന്നിൽക്കണ്ടുകൊണ്ടുള്ള ഈ സാമൂഹ്യശുദ്ധീകരണ പ്രക്രിയകൾക്ക് പി. കെ. പി. എന്ന കഥാപാത്രത്തിലൂടെ മുന്നോട്ടുവെക്കപ്പെടുന്ന സാമൂഹ്യ രാഷ്ട്രീയാദർശങ്ങളുടെ മാതൃക നവോത്ഥാനകാലത്തെ ചരിത്രദശയിൽ വി. ടി. ഭട്ടതിരിപ്പാടിൽ കണ്ടെത്താനാവും. പുതിയ കാലത്തിന്റെ സാധ്യതകൾ കണ്ടറിയുന്ന നായർ തൊട്ടുള്ള നമ്പൂതിരിയിതര വിഭാഗങ്ങൾ പഠിപ്പിലൂടെയും പരിഷ്ക്കാരത്തിലൂടെയും വിധേയത്വബോധം കുടഞ്ഞെറിഞ്ഞ് സ്വാതന്ത്ര്യത്തിലേക്കും അഭിമാന ബോധത്തിലേക്കും ഉണരുന്നതിന്റെ ചിത്രം അഗ്നിസാക്ഷിയിലുണ്ട്. വ്യവസായം, രാഷ്ട്രീയം, തുടങ്ങിയ പുതിയ കാലത്തിന്റെ സ്പന്ദനങ്ങളെയും താത്പര്യങ്ങളെയും സ്വാശീകരിക്കുന്നതിനൊപ്പം ഒരു പടികൂടി കടന്ന്, മാറുന്ന കാലത്തെ സ്വാർത്ഥതയുടെയും അവസരവാദത്തിന്റെയും മൂല്യരാഹിത്യത്തിന്റെയും മുഖങ്ങളെക്കൂടി നോവൽ അവതരിപ്പിക്കുന്നുണ്ട്. സ്വാതന്ത്ര്യാനന്തര കാലം ശുഭസൂചനകൾ മാത്രം സമ്മാനിക്കുന്ന ഒന്നായി അനുഭവപ്പെടുന്നില്ല. കടന്നു വന്ന വഴിയെയും ത്യാഗജന്മങ്ങളെയും സൗകര്യപൂർവ്വം മറക്കാൻ തുടങ്ങിയപ്പോൾ സമൂഹം സ്വാർത്ഥതയിലേക്കും അവസരവാദത്തിലേക്കും ധർമ്മശോഷണത്തിലേക്കും തിരിയുന്നതിന്റെ വിലക്ഷണചിത്രവും നോവലിന്റെ അവസാനം കാണാനാവും.

സ്വാതന്ത്ര്യപൂർവ്വ ഘട്ടങ്ങളിലെ രാഷ്ട്രീയചലനങ്ങൾ സാമുദായിക ബന്ധങ്ങൾ, ഫ്യൂഡൽ സാമ്പത്തിക സമ്പ്രദായങ്ങൾ, ചില സാമൂഹ്യ വർഗ്ഗങ്ങളുടെ മുഖ്യധാരാ പ്രവേശനം തുടങ്ങിയ വിഷയങ്ങൾ ചരിത്രബോധ്യത്തോടെയും യഥാതഥ വീക്ഷണത്തോടെയും അയൽക്കാരിൽ ദേവ് ആവിഷ്ക്കരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ദേവ് തന്നെ സൂചിപ്പിക്കുന്ന, ഫ്യൂഡലിസത്തിന്റെ നേരിയ ഛായയുള്ള മരുമക്കത്തായ - കൂട്ടുകുടുംബ സമ്പ്രദായത്തിന്റെ തകർച്ച, ജാതീയമായ അവശതകൾ

അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈഴവ സമുദായത്തിന്റെ വിജയകരമായ സ്വാതന്ത്ര്യസമരം, ക്രിസ്ത്യൻ സമുദായത്തിന്റെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉയർച്ച – തുടങ്ങിയ വിഷയങ്ങൾ മൂന്നു കുടുംബങ്ങളിൽ പ്രതിഫലിക്കപ്പെടുന്നുണ്ട്. ജാതിവ്യവസ്ഥ, ഫ്യൂഡൽ പാരമ്പര്യം, ഭുവുടമാ ബന്ധങ്ങൾ, മരുമക്കത്തായം, ജന്മിസമ്പ്രദായം, സംബന്ധം, നായർ ബഹുഭർതൃത്വം, കൊളോണിയൽ ആധിപത്യം, ഇന്ത്യൻ ദേശീയത, പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ തുടങ്ങിയ കാര്യങ്ങൾ നോവലിന് പശ്ചാത്തലമാവുന്നുണ്ട്. ഫ്യൂഡൽ ഘടനയുടെ പ്രതിനിധാനങ്ങളായ മംഗലശ്ശേരി, പച്ചാഴി തറവാടുകൾ ബാഹ്യ–ആഭ്യന്തര സംഘർഷങ്ങളിൽപ്പെട്ട് അനിവാര്യമായ തകർച്ചയിലേക്കു നീങ്ങുന്നു. കൊളോണിയൽ പ്രത്യയശാസ്ത്രം നടപ്പിൽ വരുത്തുന്ന നിയമനിർമ്മാണങ്ങൾ, പുതിയ കാർഷിക ബന്ധങ്ങൾ, നികുതിഘടന, ഉദ്യോഗസ്ഥ സംവിധാനം തുടങ്ങിയവയ്ക്കു മുമ്പിൽ പഴയ പ്രമാണിത്തത്തിലും ആഭിജാത്യത്തിലും അടിയുറച്ചിരുന്ന തറവാടുകൾ തകരുന്നു. കാലത്തിന്റെ തിരക്കോളിനെ അതിജീവിക്കാനാവാത്ത സാമൂഹികഘടനയും സാമ്പത്തിക ഘടനയും തകർന്നുവീഴുകയും സാമൂഹികക്രമം മുതലാളിത്ത വ്യവസ്ഥിതിക്ക് വഴിമാറുകയും ചെയ്യുന്നു. ജന്മിമാർ ഭരണവർഗ്ഗമെന്ന നിലവിട്ട് പാട്ടം വാങ്ങിക്കുന്നവരെന്ന് നിലയിലേക്കു മാറുന്നു. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായുള്ള കർഷകരുടെയും കുടിയാന്മാരുടെയും സംഘാടനവും സോഷ്യലിസ്റ്റ് ആശയഗതികളും ജന്മിത്വത്തിന്റെ തകർച്ചയ്ക്ക് ആക്കം കൂട്ടുകയും ചെയ്യുന്നു. മുഖ്യമായും തദ്ദേശീയമായ ഉപഭോഗത്തിനുള്ള വിഭവ ഉല്പാദനമേഖല കൊളോണിയൽ വ്യവസ്ഥിതിയിൽ വാണിജ്യ – തോട്ടവിളകളുടെ വ്യാപനത്തിലൂടെ മുതലാളിത്ത – സാമ്രാജ്യത്വ താൽപര്യങ്ങൾക്കു വിധേയമായ കമ്പോള സമ്പ്രദായത്തിനു വഴിമാറുന്നതിന്റെ സൂചനകൾ നോവലിൽ കാണാം. മരുമക്കത്തായ കുടുംബവ്യവസ്ഥയിലെ സാമ്പത്തിക കേന്ദ്രീകരണത്തിന്റെയും സാമൂഹിക ജീർണ്ണതയുടെയും ചിത്രങ്ങൾ നോവലിലുണ്ട്. ഭാഗങ്ങൾക്കും വ്യവഹാരങ്ങൾക്കുമുള്ള അന്തരീക്ഷം സംജാതമായപ്പോൾ പിന്തുടർച്ചയ്ക്ക് മാതൃത്വത്തിനു പുറമെ പിതൃത്വവും പരിഗണനാ വിഷയമാവുകയും മക്കത്തായത്തിലേക്കുള്ള പരിവർത്തനം സംജാതമാവുകയും ചെയ്യുന്നു. മുഖ്യധാരയിലേക്കു പ്രവേശനം നിഷേധിക്കപ്പെട്ട ഈഴവർ, ക്രിസ്ത്യാനികൾ തുടങ്ങിയവർ സംഘടിത ശക്തികളായി വളരുകയും ഗണനീയ സാമുദായിക വിഭാഗമായി ഉയരുകയും ചെയ്യുന്നു. സ്വന്തം മതത്തിനകത്തെ സാംസ്കാരികമായ ഇകഴ്ത്തിക്കെട്ടലിനോട്, മതത്തെത്തന്നെ ഉപേക്ഷിക്കുന്നതിലൂടെ പ്രതികരിക്കുന്ന കുഞ്ഞുവറീതിന്റെ പ്രവൃത്തി കേരളീയ സാമൂഹ്യഘടനയിലെ മതപരിവർത്തന സംരംഭങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്നു. കുഞ്ഞുവറീതിന്റെ സാമുദായിക അസ്തിത്വം, അക്ഷീണ പ്രയത്നം, പടിപടിയായ വളർച്ച, അധ്വാനം സമ്മാനിക്കുന്ന ജീവിത

വിജയം എന്നിവ കേരളത്തിലെ ക്രിസ്ത്യൻ സമുദായത്തിന്റെ ചരിത്രപരവും സാമൂഹ്യപരവുമായ ഗതിവിഗതികളുടെ പശ്ചാത്തലങ്ങളെ പ്രതിനിധീകരിക്കുന്നു. ഗുരുദർശനം വഴികാട്ടുന്ന ഈഴവരിൽ സ്വാതന്ത്ര്യതൃഷ്ണ ഉണരുന്നു. ചതുർവർണ്ണ്യത്തിനു പുറത്തുള്ളതും അംഗബലം കൊണ്ട് വലുതുമായ അധ്വാന വർഗ്ഗമായ ഈഴവർ സവർണ്ണാധിപത്യങ്ങളോട് പൊരുതി അവകാശങ്ങളിലേക്കും ആത്മവിശ്വാസങ്ങളിലേക്കും ഉണരുന്നു. വിദ്യാഭ്യാസം, ഭജനമഠത്തിലെ കൂട്ടായ്മകൾ, അയിത്തോച്ചാടനം, മിശ്രഭോജനം, ജാതി നിരാകരണം, യുക്തിവാദം, ജാതിലഹളകൾ തുടങ്ങിയവ സാമൂഹിക പരിവർത്തന സംരംഭങ്ങളായി ഈഴവരിൽ പ്രത്യക്ഷപ്പെടുന്നു. സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യങ്ങൾക്കൊപ്പം ജാതീയതയിൽ നിന്നുള്ള വിമുക്തിക്കായി ഈഴവരെ എസ്.എൻ.ഡി.പി. എന്ന സംഘടന സാമുദായികവൽക്കരിക്കുന്നു. പുതിയ, ധനകേന്ദ്ര സാമൂഹിക-സാമ്പത്തിക പരിവർത്തനത്തിന്റെ പ്രതിനിധികളായി കുട്ടപ്പണിക്കർ, കോൺട്രാക്ടർ മാധവൻ, സിലോണിൽ നിന്നെത്തുന്ന രാമുണ്ണി, സിംഗപ്പൂരിൽ നിന്നെത്തുന്ന ഗോപാലകൃഷ്ണൻ എന്നിവർ പ്രത്യക്ഷപ്പെടുന്നു. തലമുറകൾ സമ്പാദിച്ച സ്വത്ത് ആഭിജാത്യമൽസരത്തിനിടയിൽ ധൂർത്തടിച്ചു തീർക്കുമ്പോൾ മറുപക്ഷം സമ്പത്തും പണവും ശേഖരിച്ചുവെക്കുന്നു. അലസത/ അധ്വാനം, പാരമ്പര്യം/മിതവ്യയം, അഹങ്കാരം/ലാളിത്യം, ധൂർത്ത്/മിതവ്യയം, സ്വത്ത് കൈവിടൽ / ഉർവ്വരമാക്കൽ, ധനനഷ്ടം/ധനശേഖരണം ഇങ്ങനെ പഴയതും പുതിയതുമായ വീക്ഷണ വൈരുധ്യങ്ങൾ നവോത്ഥാന കാലത്തെ സംഘർഷങ്ങളായി നോവലിൽ പ്രത്യക്ഷപ്പെടുന്നു. വർണ്ണശ്രേണിയിൽ പല തട്ടുകളിൽ നിന്നിരുന്ന ആളുകൾ മാറുന്ന കാലത്ത് പുതിയ രാഷ്ട്രീയ – പ്രത്യയശാസ്ത്ര ശ്രേണിയിലേക്കു ചേക്കേറുന്നു. ഗാന്ധിജി, ഖദർ, വന്ദേമാതരം, ഹിന്ദി എന്നിവ ദേശീയതയുടെ ചിഹ്നങ്ങളാകുന്നു. കര, നാട്, സ്വരൂപം എന്നിങ്ങനെ വിഭജിച്ചു കിടന്നിരുന്ന ദേശരൂപങ്ങളിൽ നിന്ന് ദേശരാഷ്ട്രമെന്ന പൊതുസങ്കൽപ്പത്തിലേക്ക് രാഷ്ട്രബോധം രൂപാന്തരപ്പെടുന്നു. പൗരോഹിത്യ നായകത്വത്തിൽ അധിഷ്ഠിതമായ ജാതി-ജന്മിത്വ വ്യവസ്ഥിതിയിൽ നിന്ന് ആദർശനായകത്വത്തിലേക്കും ബ്രാഹ്മണൻ എന്ന ആത്മീയ ദൈവത്തിൽ നിന്ന് ഗാന്ധിജി എന്ന രാഷ്ട്രീയ ദൈവത്തിലേക്കും സമൂഹാവബോധം വഴിമാറുന്നു. വീട്, തറവാട്, പ്രാദേശികത, സാമുദായികത എന്നിവയെ മറികടന്ന് രാജ്യവും രാഷ്ട്രസേവനവുമാണ് വലുത് എന്ന വിശാല ദേശീയ വീക്ഷണം രൂപപ്പെടുന്നു. ഇന്ദുലേഖയിൽ വാക്കിലൂടെ രൂപംകൊള്ളുന്ന ഉണർവ്വ് അയൽക്കാരിൽ കർമ്മതലത്തിലേക്കു പരിണമിക്കുന്നു. തറവാടുകൾ തകർന്നടിയുകയും. അവഗണിത വിഭാഗങ്ങൾ മുഖ്യധാരയിൽ ഇടം കണ്ടെത്താൻ തുടങ്ങുകയും ചെയ്യുന്നു. ജാതി ബോധം സാമുദായിക

വൽക്കരണങ്ങളിലേക്കും രാഷ്ട്രീയവൽക്കരണങ്ങളിലേക്കും വഴിമാറുന്നതിന്റെ സൂചനയും നോവ ലിൽ കാണാം.

പുതിയ രാഷ്ട്രീയ സാഹചര്യങ്ങൾ കേരളത്തിലും ഭാരതത്തിലും രൂപപ്പെട്ടു കഴിഞ്ഞ കാലത്ത്, 1948ലാണ് തകഴി രണ്ടിടങ്ങഴി രചിക്കുന്നത്. അവർണ്ണരുടെ സാമൂഹ്യഭൂമിക, കൊളോ ണിയൽ ആധിപത്യം, ഫ്യൂഡൽ മനോഭാവങ്ങൾ, മുതലാളിത്തത്തിലേക്കുള്ള മാറ്റം, ദേശീയ പ്രസ്ഥാ നം, പുരോഗമന സാഹിത്യത്തിന്റെ ആശയഗതികൾ, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം, ജാതിപ രവും വർഗപരവുമായ സമരങ്ങൾ തുടങ്ങിയ കാര്യങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ നോവ ലിൽ നിബന്ധിക്കപ്പെട്ടിട്ടുണ്ട്. കർഷകത്തൊഴിലാളികളായ ദലിതർ ഇതര വിഭാഗങ്ങളെ അപേ ക്ഷിച്ച് ജാതിപരം, വർഗപരം എന്നിങ്ങനെ ഇരട്ടിചൂഷണത്തിനു വിധേയമാകുന്നുണ്ട്. കേരളത്തിന്റെ ആധുനികീകരണ വേളയിൽ ഇതര വിഭാഗങ്ങൾ ഉണർവ്വിന്റെ സൗഭാഗ്യങ്ങൾ അനുഭവിക്കുമ്പോൾ അടിയാളർക്ക് വലിയ മാറ്റങ്ങളൊന്നുമില്ല. കാലങ്ങളോളം മേൽത്തട്ടുകാർക്ക് അടിമപ്പണി ചെയ്തു ജിവിക്കാൻ നിർബന്ധിതരാവുക നിമിത്തം അവരിൽ അധമമനോഭാവം രൂഢമൂലമാവുകയും സാമ്പത്തിക വികാസവും ബൗദ്ധികവികാസവും ഒരുപോലെ തടഞ്ഞുവെക്കപ്പെടുകയും ചെയ്തി രുന്നു. ജാതീയമായ പശ്ചാത്തലങ്ങളെ കാര്യമായി പരിഗണിക്കാതെ, വർഗസമരത്തിലൂന്നിയ സാമൂ ഹിക വിമോചനമാണ് തകഴി രണ്ടിടങ്ങഴിയിൽ ലക്ഷ്യം വെക്കുന്നത്. സാമ്പത്തിക വീക്ഷണ ങ്ങളെ ഒരു പരിധിവരെ അംഗീകരിച്ചാലും സാമൂഹ്യ അപഗ്രഥനം കൂടി ഇല്ലാത്തിടത്തോളം, ഭരണം നേടിയാൽപ്പോലും അത് സാമൂഹ്യ പ്രശ്നങ്ങളിൽത്തട്ടി ഉലഞ്ഞുപോകുമെന്ന അംബേ ദ്കറിനെപ്പോലുള്ളവരുടെ നിരീക്ഷണങ്ങൾ ദലിത് പശ്ചാത്തലത്തിൽ പ്രസക്തമാണ്. ദലിത് സാഹി ത്യവും തൊഴിലാളിവർഗ സാഹിത്യവും രണ്ടും രണ്ടാണെന്ന ആശയഗതികൾ നിലവിലുണ്ട്. ഒരു നായർ തൊഴിലാളിക്കും ക്രിസ്ത്യൻ തൊഴിലാളിക്കും മുസ്ലിം തൊഴിലാളിക്കും ഉള്ള പരാധീനത കളിൽ നിന്ന് വ്യത്യസ്തമായി ദളിത് തൊഴിലാളിക്ക് അവന്റെ ജനനത്തെ ആസ്പദമാക്കിയുള്ള പരാധീനതകൾ അധികമായുണ്ട്. ഇന്ത്യയുടെ കളങ്കമായ ഈ ജാതി ചിന്തയ്ക്ക് മതത്തിന്റെ സംര ക്ഷണം ഉണ്ട്. ദളിത് ജനത തൊഴിലാളിവർഗ്ഗമെങ്കിലും ഒരേ അധ്വാനത്തിന് ഇതര തൊഴിലാ ളിക്കു കിട്ടുന്നതിനേക്കാൾ കുറഞ്ഞ കൂലിയേ ദളിതനു കിട്ടൂ. ജാതിബദ്ധമായ കെട്ടുപാടുകളെ പൊട്ടിച്ചെറിഞ്ഞുകൊണ്ട് അന്തർമുഖത്വം വിട്ടൊഴിഞ്ഞ് അടിയാളന്റെ സാമൂഹ്യ മുന്നേറ്റത്തിന്റെ ചരിത്രമായി മാറേണ്ടിയിരുന്ന കൃതി ജാതീയത മാറ്റിവെക്കപ്പെട്ട്, വർഗസമരത്തിന്റെ ചരിത്രമായി മാത്രമാണ് രണ്ടിടങ്ങഴിയിൽ അവതരിപ്പിക്കപ്പെടുന്നത്. ആ അർത്ഥത്തിൽ ദളിത് നവോത്ഥാന ത്തിന്റെ സൃഷ്ടിയാക്കാമായിരുന്ന ഒരു രചനയെ അതിൽ നിന്ന് പിൻവലിക്കുകയാണ് തകഴി

ചെയ്തത്. രണ്ടിടങ്ങഴിയിൽ അധ:സ്ഥിത വർഗത്തിന്റെ വിമോചന മാർഗ്ഗമായി തകഴി അവതരിപ്പിക്കുന്നത് വർഗസമര വിപ്ലവശാസ്ത്രമാണ്. മനുഷ്യ സമൂഹത്തിന്റെ ഭൂത-ഭാവി കാലചരിത്രങ്ങളെയാകെ സ്വാധീനിക്കുന്ന പ്രാധാനശക്തി വർഗസമരമാണെന്നും കമ്മ്യൂണിസ്റ്റ് സമൂഹം നിലവിൽ വരുന്നതുവരെ ആ സമരം തുടരുമെന്നുമാണ് മാർക്സിസ്റ്റ് - ലെനിനിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ സത്ത. സ്വത്തുടമയായ മുതലാളിമാരും നിർധനരായ തൊഴിലാളികളും തമ്മിലുള്ള ഉല്പാദനപരമായ ബന്ധമാണ് ഇരുവരെയും രണ്ട് വിരുദ്ധ വർഗങ്ങളാക്കിത്തീർക്കുന്നത്. ഇവിടെ ലാഭത്തെയും കൂലിയെയും പ്രതി ഉടലെടുക്കുന്ന ഭിന്നതയാണ് സംഘർഷങ്ങളിലേക്കു നയിക്കുന്നത്. സാമ്പത്തിക രംഗത്ത് ചൂഷണം നടത്തുക, ആ ചൂഷണം തുടരുമ്പോൾ അനിവാര്യമായി ഉയർന്നു വരുന്ന എതിർപ്പുകളെ അടിച്ചമർത്തുന്നതിന് ഭരണകൂടമെന്ന മർദ്ദനോപകരണം പടുത്തുയർത്തുക, ആ മർദ്ദനോപകരണത്തിന്റെ നഗ്നമായ ക്രൂരതകൾ മറച്ചു പിടിക്കുന്നതിന് ഉതകുന്ന ആശയതലങ്ങൾ രൂപപ്പെടുത്തുക ഇവയാണ് ചൂഷക/ഭരണവർഗ്ഗം ചെയ്യുന്നത്. അധ്വാനവർഗത്തിന്റെ അവശതകളെ മുഖ്യസാമൂഹ്യ പ്രശ്നമായി ഏറ്റെടുക്കുന്ന കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനമാണ് ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനുമെതിരായ കൂട്ടായ്മയിൽ തൊഴിലാളികളുടെ ന്യായവാദങ്ങളുമായി കൂട്ടിയിണക്കുന്ന സമരരീതിക്ക് നേതൃത്വം കൊടുക്കുന്നത്. സ്വാതന്ത്ര്യത്തിനും സമത്വത്തിനും സോഷ്യലിസത്തിനും വേണ്ടി ഉയർന്ന മുദ്രാവാക്യം അവരെ ഒറ്റവർഗ്ഗം - തൊഴിലാളി വർഗ്ഗമാക്കി രൂപപ്പെടുത്തി. അതാണ് ശക്തമായ അവകാശങ്ങളുയർത്തിക്കൊണ്ട് കർഷകത്തൊഴിലാളി യൂണിയനിലേക്കും പിന്നീട് വർഗസമരത്തിലധിഷ്ഠിതമായ സാമൂഹ്യ രാഷ്ട്രീയ വിപ്ലവങ്ങളിലേക്കും വഴിതുറക്കുന്നത്. മർദ്ദനങ്ങളുടെയും ചൂഷണങ്ങളുടെയും ഇടയിലും പഴയ ജന്മി - കുടിയാൻ ബന്ധത്തിൽ പരസ്പര സ്നേഹത്തിലും പരിഗണനയിലും അധിഷ്ഠിതമായ മാനുഷികത എന്ന വികാരം കൊളോണിയൽ കാലത്ത് അപ്രത്യക്ഷമാവുകയും ജന്മി-കുടിയാൻ ബന്ധം മുതലാളി-തൊഴിലാളി ബന്ധമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഭക്ഷ്യവസ്തു എന്ന നിലയിൽ നിന്ന് നെല്ല് സാമ്പത്തിക മൂല്യമുള്ള ചരക്കായി പരിണമിക്കുന്നു. സംസ്ക്കാരത്തിന്റെ മുദ്രയണിഞ്ഞ അദ്ധ്വാന രൂപത്തിൽ നിന്ന് കൃഷി ലാഭത്തിന്റെ വ്യവസായക്കണക്കിലേക്കു മാറുന്നു. കണക്കുപറഞ്ഞും കൂലി കുറച്ചും ലാഭം കൂട്ടിയും വളർന്നു തിടം വെക്കുന്ന മുതലാളിവർഗ്ഗത്തിന്റെ ഭാവപരിണാമത്തെ ക്രമേണ കോരനിലെ അടിമ ഉൾക്കൊള്ളുന്നു അത്, നെല്ലും ചക്രോം ഉള്ളോനെന്നും ഇല്ലാത്തോനെന്നും രണ്ടു ജാതിയേ ഉള്ളൂ എന്ന തിരിച്ചറിവിലേക്കു നയിക്കുന്നു. തമ്പുരാൻ എന്ന അടിയാന്റെ കൺകണ്ട ദൈവം ലാഭക്കൊതിമൂത്ത പിശാചായി പരിണമിക്കുമ്പോൾ അവൻ അവകാശ ചിന്തയിലേക്കും അതിജീവന വഴിയിലേക്കും നീതനാക്കപ്പെടുന്നു.

ഇതരജാതി വിഭാഗങ്ങളിൽ സംഭവിക്കുന്ന സാമുദായികവൽക്കരണം പുലയരടക്കമുള്ള അടിയാള വിഭാഗങ്ങളിൽ പൂർണ്ണ വിജയം വരിക്കുന്നില്ല. ശക്തമായ നേതൃത്വത്തിന്റെ അഭാവവും സംഘബോധമില്ലായ്മയും വളർച്ചയ്ക്ക് വിഘാതമാവുന്നു. ഈ ഘട്ടത്തിലാണ് അധ്വാനവർഗ്ഗത്തിന് കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം കൈത്താങ്ങും തിരിച്ച് പാർട്ടിക്ക് അധ്വാനവർഗ്ഗം കരുത്തുമായിത്തീരുന്നത്. ആശയപരമായ കരുത്തും സംഘബോധവും പ്രദാനം ചെയ്ത ആത്മവിശ്വാസത്തിലൂടെ അധ്വാനവിഭാഗം സമൂഹത്തിന്റെ മുഖ്യധാരയിൽ അവകാശപ്പെട്ട ഇടം പിടിച്ചെടുക്കാൻ തുടങ്ങുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസമാണ് ഫ്യൂഡൽഘടനയ്ക്കകത്ത് സംഘർഷം സൃഷ്ടിക്കുന്നതെങ്കിൽ അടിയാളരിൽ വർഗ്ഗബോധമാണ് വിമോചന മാർഗ്ഗം തുറക്കുന്നത്. ഇന്ദുലേഖയിലെയും അയൽക്കാരിലെയും ജന്മി രണ്ടിടങ്ങഴിക്കാലത്ത് മുതലാളിയായി പരിണമിക്കുന്നു. മാധവനെപ്പോലെ (ഇന്ദുലേഖ) ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയോ ദിവാകരനെപ്പോലെ (അയൽക്കാർ) വിദ്യയ്ക്കൊപ്പം സാമുദായിക നേതൃപദവിയുടെ ആനുകൂല്യം നേടിയോ അല്ല കോരനുൾപ്പെടെയുള്ള അധ്വാനവർഗ്ഗം ശക്തിയാർജ്ജിക്കുന്നത്. നിരക്ഷരതയും ജാതീയതയും ഉണ്ടാക്കിയ അനാഥത്വത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി പകർന്ന വർഗബോധത്തിലൂടെയാണ് അവർ അതിജീവിക്കുന്നത്. പകർന്നു കിട്ടിയ രാഷ്ട്രീയ അവബോധം രക്തംചിന്തുന്ന വർഗ്ഗവിപ്ലവത്തിനു വഴിയൊരുക്കുന്നുവെങ്കിലും നല്ലൊരു നാളെയെ അതു സാക്ഷാത്കരിക്കുക തന്നെ ചെയ്യുമെന്ന പ്രതീക്ഷ പുതുതലമുറയ്ക്ക് വിശ്വാസപൂർവ്വം സമ്മാനിച്ചുകൊണ്ടാണ് നോവൽ അവസാനിക്കുന്നത്.

ശരിയായ മതബോധനത്തിന്റെ അഭാവത്തിൽ അനാചാരദൂഷിതമായി ഭവിക്കുന്ന മുസ്ലീം സാമുദായികാവസ്ഥയിൽ ഖിന്നനാവുന്ന ബഷീറിനെ 'ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്!' അടക്കമുള്ള പല കൃതികളിലും കാണാം. ശരിയായ ഇസ്ലാം എങ്ങനെയാണെന്നും നിലവിലുള്ള പ്രമാണങ്ങളിലെ ശരികേടുകൾ എന്തൊക്കെയാണന്നുമുള്ള സൂചനകൾ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്നതിൽ നിബന്ധിക്കപ്പെട്ടിട്ടുണ്ട്. ഫ്യൂഡൽ പ്രതിനിധിയും നിരക്ഷരനും മർക്കടമുഷ്ടിക്കാരനുമായ വട്ടനടിമയെപ്പോലുള്ളവരുടെ ആഭിജാത്യബോധത്തിലധിഷ്ഠിതമായ സങ്കുചിതത്വവും താൻപോരിമയും തകർക്കുന്നതിൽ കൊളോണിയൽ കോടതി വ്യവഹാരങ്ങൾ മുഖ്യ പങ്കു വഹിക്കുന്നു. ദേശീയ സ്വാതന്ത്ര്യസമരം കൊണ്ടുവരുന്ന രാഷ്ട്രീയ കാലാവസ്ഥ എല്ലാ ജാതിമത സാമുദായിക വിഭാഗങ്ങളുടെയും പ്രാദേശിക ബോധങ്ങളെയും വിഭജനചിന്തകളെയും മറികടക്കുന്ന വിശാല ദേശീയമനോഭാവം സാധ്യമാക്കുന്നുണ്ട്. അനാചാരങ്ങൾക്കും അസമത്വങ്ങൾക്കുമെതിരായ സമരങ്ങൾ, വിദ്യാഭ്യാസം, ശുചിത്വബോധം, സ്വദേശിവൽക്കരണം, ഖദർ ധാരണം, ലാളിത്യം, ത്യാഗമനോഭാവം, തുടങ്ങിയവയെ ആദർശവൽക്കരിക്കുന്നതു കൂടിയായിത്തീരുന്നുണ്ട്. കേരളീയ

മുസ്ലീം സമുദായത്തിൽ സംഭവിക്കുന്ന പുരോഗമനപരമായ ചലനങ്ങൾക്ക് ദേശീയപ്രസ്ഥാനവും ഗാന്ധിയൻ ആദർശങ്ങളും മാതൃക കാട്ടുന്നുണ്ട്. സ്വാശ്രയത്വം, ശുചിത്വം, അടിസ്ഥാനവിദ്യാഭ്യാസം, ലാളിത്യം, ത്യാഗസന്നദ്ധത, സ്വദേശിബോധം, അഹിംസ, ഗ്രാമകേന്ദ്രിത ജീവിതവീക്ഷണം തുടങ്ങിയ ഗാന്ധിയൻ ആദർശങ്ങൾ നിസാർ അഹമ്മദിലൂടെ പരിഷ്ക്കാരത്തിന്റെ ജീവിതമാതൃകകളാവുന്നു. സാമൂഹ്യ ജീവിതത്തിന്റെ സാംസ്കാരിക പ്രകടനങ്ങളായ വേഷവിധാനത്തിലും രൂപഭാവങ്ങളിലും മുസ്ലിം സമുദായം കൊണ്ടുനടക്കുന്ന കാലോചിതമല്ലാത്ത നാട്ടുനടപ്പുകൾ വിമർശനവിധേയമാക്കപ്പെടുകയും കേരളീയവും ദേശീയവുമായ ആധുനിക രൂപമാതൃകകൾ അവതരിപ്പിക്കപ്പെടുകയും ചെയ്യുന്നു. നിസാർ അഹമ്മദിന്റെ കക്കൂസ് നിർമ്മാണം, സോപ്പ് ഉപയോഗം, ത്യാഗസന്നദ്ധത, വെള്ളവസ്ത്രധാരണം തുടങ്ങിയവ അക്കാലത്തെ ഗാന്ധിയൻ ആദർശങ്ങളെ ഓർമ്മിപ്പിക്കുന്നു. ഭാഷാപരമായ ശാഠ്യങ്ങളെ കൈയൊഴിഞ്ഞ് സമുദായത്തെ സമകാലിക യാഥാർഥ്യത്തിലേക്ക് അടുപ്പിക്കാനുള്ള ശ്രമമാണ് ആയിഷയുടെ വിദ്യാഭ്യാസ യത്നങ്ങളിൽ കാണാനാവുക. ശാസ്ത്രത്തിന്റെ യുക്തിഭാഷയ്ക്കും വിശ്വാസത്തിന്റെ ഭക്തിഭാഷയ്ക്കുമപ്പുറം സാംസ്കാരിക വികാസത്തിനും വിനിമയത്തിനും ഏവർക്കുമിണങ്ങുന്ന ഒരു മാനകഭാഷ ആവശ്യമാണ് എന്ന ബോധം കൃതി മുന്നോട്ടുവെക്കുന്നുണ്ട്. ഓത്തുപള്ളിയിലെ രാപ്രസംഗങ്ങളുടെ യുക്തിയില്ലായ്മയിൽ നിന്ന് എഴുത്തുപള്ളിയുടെ ആധുനികാവബോധത്തിലേക്കുള്ള മാറ്റത്തിന്റെ സൂചനയാണ് ആയിഷ വഴി കൊടുത്തയക്കപ്പെട്ട് കുഞ്ഞുപാത്തുമ്മയുടെ കൈയിലെത്തുന്ന പെൻസിലും നോട്ട്ബുക്കും ബാലപാഠവും. അപരിഷ്കൃത നാമങ്ങൾ ചുമന്നു നടന്നിരുന്നതിനു പകരം കേൾക്കാനും വിളിക്കാനും സുഖമുള്ള വൃത്തിയുള്ള പേരുകൾ പരിഷ്ക്കാരത്തിന്റെ സൂചകങ്ങളാവുന്നു. ഒപ്പം നല്ല പെരുമാറ്റം, പരസ്പര ബഹുമാനം, സാമൂഹ്യബോധം എന്നിവ നവീന സാംസ്കാരത്തിന്റെ പ്രകടനങ്ങളാവുന്നു. മലയാളവും ഇംഗ്ലീഷുമൊക്കെ പഠിക്കാൻ പറ്റുന്ന ഭാഷകളാണെന്നും സാരിയും ബ്ലൗസുമൊക്കെ ധരിക്കാൻ പറ്റുന്ന വേഷങ്ങളാണെന്നും ഉള്ള തിരിച്ചറിവ് സൃഷ്ടിക്കപ്പെടുന്നു. കച്ചവടത്തിനപ്പുറത്ത് കൃഷിയടക്കമുള്ള ജോലികളുടെ അധ്വാനമഹിമയിലേക്കും ജീവിത ലഹരിയിലേക്കും നോവൽ ശ്രദ്ധ ക്ഷണിക്കുന്നു. മന:ശുദ്ധി, ഗൃഹശുദ്ധി, പരിസരശുദ്ധി, സമൂഹശുദ്ധി എന്നിവ വ്യക്തിയിൽ നിന്ന് സമൂഹത്തിലേക്കു പ്രസരിക്കേണ്ട ശുചിത്വബോധത്തിന്റെ ഒറ്റനൂൽത്തുടർച്ചയാണെന്ന് നിസാർ അഹ്മ്മദിന്റെ ജീവിതവീക്ഷണം പഠിപ്പിക്കുന്നു. മന്ത്രവാദത്തിൽ നിന്നു മരുന്നിലേക്കും മെതിയടിയിൽ നിന്ന് ചെരുപ്പിലേക്കുമുള്ള മാറ്റം ഇന്നലെകളിൽ നിന്ന് ഇന്നിലേക്കും പഴമയിൽ നിന്ന് പരിഷ്ക്കാരത്തിലേക്കും ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുമുള്ള മാറ്റമായിത്തീരുന്നു. പുതുതായി ആർജ്ജിക്കുന്ന ലോകബോധം വഴി

ഉപ്പൂപ്പായുടെ കൊമ്പനാനകൾ വെറും കുയ്യാനകൾ മാത്രമായിരുന്നുവെന്ന യാഥാർത്ഥ്യം കുഞ്ഞു താച്ചുമ്മ ഉൾക്കൊള്ളുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം വരെയുള്ള കേരളീയ ജീവിതത്തിൽ സംഭവിക്കുന്ന വിവിധ സാമൂഹ്യ പരിണാമങ്ങളുടെ ഗതിവിഗതികളും അതിന് കാരണമാവുന്ന പശ്ചാത്തലങ്ങളും ഈ നോവലുകളിൽ സാമൂഹ്യ ചരിത്ര ദൃഷ്ട്യാ അവതരണ വിഷയമാവുന്നുണ്ട്. ജാതി-ജന്മി പാരമ്പര്യം തട്ടുകളാക്കിത്തീർത്ത സാമൂഹ്യ ഘടന യിൽ കൊളോണിയൽ വ്യവസ്ഥ സൃഷ്ടിക്കുന്ന ഉണർവ്വ് വിവിധ സാമൂഹ്യ ശ്രേണികൾ വ്യത്യസ്ത രീതിയിലാണ് ഉൾക്കൊള്ളുന്നത്. നായർ വിഭാഗത്തിന്റെ പ്രാതിനിധ്യമായ ഇന്ദുലേഖയിൽ ഇംഗ്ലീഷ് ഐഡിയോളജിയും ബ്രിട്ടീഷ് ആരാധനയും പുതിയ ഉണർവ്വിന്റെ വാതിലുകളായി ചന്തുമേനോൻ അവതിപ്പിച്ചിരിക്കുന്നു. എന്നാൽ അഗ്നിസാക്ഷിയിലെത്തുമ്പോൾ വർണ്ണശ്രേണിയിലെ ജാതി കാർക്കശ്യങ്ങളിൽ നിന്ന് വിമുക്തരാവാൻ ശ്രമിക്കുന്ന നമ്പൂരിത്തം ദേശീയബോധ്യത്തിലൂടെ പുതിയ സാമൂഹ്യ വ്യക്തിത്വമാർജ്ജിക്കുന്നു. അവിടെ ബ്രിട്ടീഷുകാർക്കെതിരു നിൽക്കുന്ന, ഗാന്ധി സത്തിനു പിന്നിൽ അടിയുറച്ചുനിൽക്കുന്ന ദേശീയ ചിന്താഗതിയാണ് സാമൂഹിക ഉണർവ്വിന്റെ ചാലകശക്തിയായി തീരുന്നത്. അയൽക്കാരിൽ കൊളോണിയൽ സാന്നിദ്ധ്യം ഫ്യൂഡൽ ഘട നയെ അടിപതറിക്കുന്നതിനും തറവാടുകൾ തകർക്കുന്നതിനും കാരണമാവുന്നു. മാറുന്ന കാലത്തും ആഭിജാത്യ ഭ്രമത്തെ മുറുകെ പിടിക്കുന്ന നായർ ജന്മിത്വം കാലത്തെ തിരിച്ചറിയാതെ തകർച്ചയ്ക്ക് വിധേയരാവുമ്പോൾ ആ തകർച്ചയുടെ കൂടി ഉപഭോക്താക്കളാവുകയാണ് ഈഴ വ-ക്രിസ്ത്യൻ വിഭാഗങ്ങൾ. പുതിയ കാലത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊണ്ടും സാധ്യതകൾ ഉപയോഗപ്പെടുത്തിയും അവർ നവസാമൂഹിക ബോധത്തിലേക്കുയരുന്നു. സാമൂഹ്യവൽക്കരണവും വിദ്യാഭ്യാസവും ദേശീയബോധവും ഈഴവരെയും ക്രിസ്ത്യാനികളെയും പുതിയ ഉണർവ്വിലേക്ക് സ്വാഗതം ചെയ്യുന്നു. കമ്യൂണിസ്റ്റ് പാർട്ടി മുന്നോട്ടുവെക്കുന്ന മാർക്സിസ്റ്റ് പ്രത്യയ ശാസ്ത്രത്തി ലൂന്നിയ വർഗ്ഗസമര ബോധമാണ് അധ:സ്ഥിതരെ സാമൂഹ്യമാറ്റത്തിലേക്ക് നയിക്കുന്നത്. ജാതി ബോധത്തെ നോവലിസ്റ്റ് വിട്ടുകളയുന്നെങ്കിലും വർഗ്ഗസമര വിപ്ലവം അക്കാലത്തെ രാഷ്ട്രീയ സത്യവും സാമൂഹ്യമുന്നേറ്റവുമായിരുന്നു. അന്ധവിശ്വാസത്തിൽ അടിയുറച്ച നിരക്ഷര-യാഥാ സ്ഥിതിക വിഭാഗമായിരുന്ന മുസ്ലീം ജനത കൊളോണിയൽ കാലത്തിന്റെ സാധ്യതകൾ ഉൾക്കൊണ്ട രാഷ്ട്രീയ, മത, നേതൃവൃന്ദത്തിന്റെ-ആഹ്വാനങ്ങൾക്കു ചെവികൊടുക്കുക വഴി വിദ്യാഭ്യാസത്തി ലേക്കും പരിഷ്ക്കാരത്തിലേക്കും നയിക്കപ്പെടുന്നു. ഗാന്ധിസത്തിലടിയുറച്ച ദേശീയബോധമാണ് അവർക്കതിന് തുണയാവുന്നത്. ഇങ്ങനെ കേരളീയ നവോത്ഥാനകാലത്തു സംഭവിക്കുന്ന വൈവി

ധ്യപൂർണ്ണമായ ജീവിതാവസ്ഥകളെയും സാമൂഹ്യചരിത്രത്തിന്റെ ഉത്ഥാനപതനങ്ങളെയും സൗന്ദ ര്യാത്മകമായും യാഥാർത്ഥ്യബോധത്തോടെയും അവതരിപ്പിക്കാൻ ഈ അഞ്ചു നോവലുകളി ലൂടെ തൽക്കർത്താക്കൾക്ക് സാധിച്ചിട്ടുണ്ടെന്ന് കാണാം.

Shanoj. M.P. “Social renaissance in malayalam novels” Thesis. Kerala sahithya academy, University of Calicut, 2014.

# ആധാരഗ്രന്ഥസൂചി


1. അച്യുതൻ.എം., 2003, സ്വാതന്ത്ര്യസമരവും മലയാള സാഹിത്യവും, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ

2. അച്യുതൻ.എം, 1993, നിർദ്ധാരണം, കറന്റ് ബുക്സ്, തൃശ്ശൂർ

3. അച്യുതവാര്യർ.എസ്, 2010, കേരള സംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

4. അനിൽ.കെ.എം.(എഡി.) 2010, നാട്ടറിവ്, ഭാഗം–2, ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം–1

5. അനിൽകുമാർ.ടി.കെ, 2004, മലയാളസാഹിത്യത്തിലെ കീഴാളപരിപ്രേക്ഷ്യം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ

6. അംബികാസുതൻ മാങ്ങാട് (സമാഹരണം) 2009, നൂറ് ബഷീർ, സാഹിത്യവേദി, നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ്, കാഞ്ഞങ്ങാട്

7. അംബേദ്കർ.ബി.ആർ., 2012, ജാതിനിർമൂലനം, വർഗീസ് സ്മാരക ബുക് സ്റ്റാൾ, കോഴിക്കോട്

8. അയ്യപ്പപ്പണിക്കർ, 1992, തകഴി ശിവശങ്കരപിള്ള (വിവർത്തനം – ചന്ദ്രിക), ഡിസി ബുക്സ്, കോട്ടയം

9. അയ്യപ്പപ്പണിക്കർ, 2000, അന്തസ്സന്നിവേശം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

10. അരവിന്ദാക്ഷൻ.കെ, 2008, ഗാന്ധിയുടെ ജീവിത ദർശനം, മാതൃഭൂമി ബുക്സ്, കോഴിക്കോട്

11. അൽത്തൂസർ, ലൂയി, 2010, പ്രത്യയശാസ്ത്രം (എഡി: പി.കെ. പോക്കർ), പ്രോഗ്രസ് പബ്ലിഷേർസ്, കോഴിക്കോട്

12. അശോക് കുമാർ.വി, 2011, രോഗം തരുന്ന വെളുത്ത ചോറ്, ആർട്ടർ മീഡിയ, തൃശ്ശൂർ

13. അഷ്റഫ്.ഇ.എം, (എഡി.) 1990, ബഷീറിന്റെ ഐരാവതങ്ങൾ, കറന്റ് ബുക്സ്, തൃശ്ശൂർ

14. അഹമ്മദ് മൗലവി.സി.എൻ, മുഹമ്മദ് അബ്ദുൾ കരീം.കെ.കെ, 1978, മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം, പരസ്പര സഹായി, കോ-ഓപ്പറേറ്റീവ് പ്രസ്, കോഴിക്കോട്

15. ആഷർ.ആർ.ഇ, 1999, ബഷീർ മലയാളത്തിന്റെ സർഗവിസ്മയം, എഡി: പോൾമണലിൽ, ഡി.സി. ബുക്സ്, കോട്ടയം

16. ഇ.എം.എസ് നമ്പൂതിരിപ്പാട്, 1990, നവോത്ഥാനവും മലയാള സാഹിത്യവും, ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം

17. ഇ.എം.എസ് നമ്പൂതിരിപ്പാട്, പി.ഗോവിന്ദപ്പിള്ള, 2008, ഗ്രാംഷിയൻ, വിചാരവിപ്ലവം, ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം

18. ഇ.എം.എസ് നമ്പൂതിരിപ്പാട്, 2009, കേരളം മലയാളികളുടെ മാതൃഭൂമി, ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം

19. ഇ.എം.എസ്, നമ്പൂതിരിപ്പാട്, 2009, മാർക്സിസം ഒരു പാഠപുസ്തകം, ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം

20. ഇന്ദിര.കെ.കെ., 1992, കവിതയും സാമൂഹിക പരിവർത്തനവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

21. ഉമർ തറമേൽ, അനിൽ കെ.എം (എഡിറ്റേഴ്സ്), 2012, മതേതരം, ഇന്ത്യൻ മതേതരത്വത്തെക്കുറിച്ചുള്ള തീക്ഷ്ണ വിചാരങ്ങൾ, റാസ്ബെറി ബുക്സ്, കോഴിക്കോട്

22. എംഗൽസ്, 2007 കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉദ്ഭവം (സംഗ്രഹീത പരിഭാഷ: പി.എൻ. ദാമോദരൻ പിള്ള), ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം

23. കാഞ്ച ഐലയ്യ, 2009, ഞാനെന്തുകൊണ്ട് ഒരു ഹിന്ദുവല്ല, (പരിഭാഷ - എസ്. സഞ്ജീവ്) ഡി.സി. ബുക്സ്, കോട്ടയം

24. കാരശ്ശേരി.എം.എൻ, 2008, ഉമ്മമാർക്കു വേണ്ടി ഒരു സങ്കടഹർജി, ഡിസി ബുക്സ്, കോട്ടയം

25. കാരശ്ശേരി.എം.എൻ, 2005, മലബാർ കലാപം, നാലാംലോകം, കേരളീയത, (എം.ഗാഗധരനുമായി ഒരു സംവാദം), കറന്റ് ബുക്സ്, തൃശ്ശൂർ

26. കാർത്തികേയൻ നായർ.വി., 2010, കേരളത്തിലെ ഭൂവുടമാ ബന്ധങ്ങളും സാമൂഹ്യ പരിവർത്തനവും, മൈത്രി ബുക്സ്, തിരുവനന്തപുരം

27. കാൾ മാർക്സ്, ഫ്രെഡറിക് എംഗൽസ്, 1997, കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ, ചിന്ത പബ്ലി ഷേർസ്, തിരുവനന്തപുരം

28. കുഞ്ഞൻപിള്ള, ഇളംകുളം, 1983, കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ, സാഹിത്യ പ്രവർത്തക സഹകരണസംഘം, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം

29. കുമാരൻ.എം.കെ., 1997, ഭാരത നവോത്ഥാനം, ശ്രീനാരായണഗുരു പ്രഭാവം, സ്വതന്ത്ര പ്രസിദ്ധീകരണം

30. കുറുപ്പ്.കെ.കെ.എൻ, 2008, കേരളത്തിലെ കാർഷിക കലാപങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്

31. കെ.ഇ.എൻ, 2011, കറുപ്പിന്റെ സൗന്ദര്യശാസ്ത്രം, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്ത പുരം

32. കേരള ഹിസ്റ്ററി അസോസിയേഷൻ, 1973, കേരള ചരിത്രം (ഒന്നാംവാല്യം), കേരള ഹിസ്റ്ററി അസോസിയേഷൻ, എറണാകുളം, കൊച്ചിൻ-11

33. കേരള ഹിസ്റ്ററി അസോസിയേഷൻ, 1974, കേരള ചരിത്രം (രണ്ടാംവാല്യം), കേരള ഹിസ്റ്ററി അസോസിയേഷൻ, എറണാകുളം, കൊച്ചിൻ-11

34. കേശവദേവ്.പി., 2010, അയൽക്കാർ, ഡിസി ബുക്സ്, കോട്ടയം

35. കേശവദേവ്.പി, 1979, എതിർപ്പ് (ആത്മകഥ), സാഹിത്യ പ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ,കോട്ടയം

36. കേശവദേവ്,പി, 2009, കണ്ണാടി, ഡിസി ബുക്സ്, കോട്ടയം

37. കേശവദേവ്.പി, 2010, ഓടയിൽ നിന്ന്, പൂർണ പബ്ലിഷേർസ്, കോഴിക്കോട്

38. കേളപ്പൻ.കെ, 1997, അവതാരിക - വി.ടി.സമ്പൂർണ്ണകൃതികൾ, ഡിസി ബുക്സ്, കോട്ടയം

39. കൃഷ്ണപിള്ള.എൻ, 2004, കൈരളിയുടെ കഥ, ഡിസി ബുക്സ്, കോട്ടയം

40. ഗണേശ്.കെ.എൻ, 1990, കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരളസർക്കാർ

41. ഗണേശ്.കെ.എൻ, 2010, കേരളസമൂഹ പഠനങ്ങൾ, പ്രസക്തി ബുക്ക് ഹൗസ്, പത്തനം തിട്ട

42. ഗാന്ധി.എം.കെ, 1999, ആത്മകഥ അഥവാ എന്റെ സത്യാന്വേഷണ പരീക്ഷണ കഥ, നവ ജീവൻ പബ്ലിഷിങ്ങ് ഹൗസ്, അഹമ്മദാബാദ്

43. ഗിരീഷ്.പി.എം, 1998, കേരളത്തിലെ ആചാരഭാഷ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവന ന്തപുരം

44. ഗുപ്തൻ നായർ, എസ്, 2007, ഗുപ്തൻ നായരുടെ ലേഖനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്

45. ഗുലാബ്ജാൻ (എഡി.), 2001, നവോത്ഥാനത്തിന്റെയും പുനരുത്ഥാനത്തിന്റെയും രാഷ്ട്രീയം, പെരുമ്പറ പുസ്തക പ്രസാധക സംഘം, കോഴിക്കോട്

46. ഗോപാലകൃഷ്ണൻ.കെ, 1987, കേസരി നായനാരുടെ കൃതികൾ, മാതൃഭൂമി പ്രിന്റിങ്ങ് ആന്റ് പബ്ലിഷിങ്ങ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്

47. ഗോപാലകൃഷ്ണൻ.പി.കെ, 1982, ചന്തുമേനോൻ, നവകേരള ശിൽപികൾ-3, കേരള ഹിസ്റ്ററി അസോസിയേഷൻ, എറണാകുളം

48. ഗോപാലകൃഷ്ണൻ.പി.കെ, 1997, ചന്തുമേനോൻ - ഒരു പഠനം, എസ്.പി.സി.എസ്, കോട്ടയം

49. ഗോപാലകൃഷ്ണൻ.പി.കെ, 2000, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

50. ഗോപിനാഥൻ.ആർ, 2010, കേരളത്തനിമ, ഹെറിറ്റേജ് സ്റ്റഡീഡ്, തിരുവനന്തപുരം

51. ഗോവിന്ദപ്പിള്ള, പി.2010, വൈജ്ഞാനിക വിപ്ലവം ഒരു സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

52. ചന്തുമേനോൻ.ഒ, 1997, ഇന്ദുലേഖ, എസ്.പി.സി.എസ്, കോട്ടയം

53. ചന്തുമേനോൻ.ഒ, 2003, ശാരദ, ഡിസിബുക്സ് കോട്ടയം

54. ചാക്യാർ, എ.എം.എൻ, 2001, അവസാനത്തെ സ്മാർത്ത വിചാരം (പരിഭാഷ: പ്രൊഫ. കെ.കെ.ശങ്കരൻ നമ്പൂതിരി), സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്

55. ചന്ദ്രശേഖരൻ.എം.ആർ, 1999, കേരളത്തിലെ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ചരിത്രം, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്

56. ചെക്കുട്ടി, എൻ.പി, 2005, മുഹമ്മദ് അബ്ദു റഹ്മാൻ, നാഷണൽ ബുക് ട്രസ്റ്റ്, ഇന്ത്യ, എ–5, ഗ്രീൻ പാർക്ക്, ന്യൂഡൽഹി

57. ജമാൽ കൊച്ചങ്ങാടി, 1998, മുസ്ലീം സാമൂഹ്യ ജീവിതം മലയാള നോവലിൽ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ

58. ജാൻസി ജെയിംസ് (എഡി.), 2000, ഫെമിനിസം–1, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

59. ജയകുമാർ, വിജയാലയം, 1978, ബഷീറിന്റെ കഥാസാഹിത്യം ഒരു പഠനം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം

60. ജാൻസി ജെയിംസ് (എഡി.) 2000, ഫെമിനിസം–2, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

61. ജെയിംസ്.ജി., 2009, അഗ്നിസാക്ഷി നോവലും സിനിമയും ഒരു ചിഹ്നശാസ്ത്ര പഠനം, പാം സാഹിത്യ സഹകരണ സംഘം, പാം പബ്ലിക്കേഷൻസ്, കൊല്ലം

62. ജോർജ്ജ്, ഇരുമ്പയം, 1998, നോവൽ: സി.വി. മുതൽ ബഷീർ വരെ (പഠനങ്ങൾ) , സാഹിത്യ സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ

63. ജോർജ്ജ്, ഇരുമ്പയം, 1984, മലയാള നോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ (പഠനം), സാഹിത്യ പ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം

64. ജോർജ്ജ്.കെ.എം, 2009 (ജനറൽ എഡിറ്റർ) ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനത്തിലൂടെ, ഡി.സി. ബുക്സ്, കോട്ടയം

65. ജോസ്.എൻ.കെ, 1979, ചാന്നാർ ലഹള, ഹോബി പബ്ലിക്കേഷൻസ്, അംബികാമാർക്കറ്റ്, വൈക്കം

66. തരകൻ.കെ.എം, 1982, ആധുനിക നോവൽ ദർശനം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം

67. തരകൻ.കെ.എം, 1990, അനുഗൃഹീതനായ ബഷീർ, ജനതാ സർവ്വീസസ്, കൊച്ചി

68. തോമസ്.ഇ.ജെ, 1997, കേരളത്തിന്റെ സമൂഹ ഘടനയും രൂപാന്തരവും, ഡിസി ബുക്സ്, കോട്ടയം

69. ദാമോദരൻ.കെ, 1998, ഭാരതീയചിന്ത, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

70. ദാമോദരൻ.കെ, 2001, ഇന്ത്യയുടെ ആത്മാവ്, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം

71. ദേവകി നിലയങ്ങോട്, 2006, യാത്ര കാട്ടിലും നാട്ടിലും, മാതൃഭൂമി ബുക്സ്, കോഴിക്കോട്

72. നന്ദൻ, 2003, കുറിയേടത്ത് താത്രി, കറന്റ് ബുക്സ്, കോട്ടയം.

73. നരേന്ദ്രപ്രസാദ്, 2000, ജാതി പറഞ്ഞാലെന്ത്?, ഡിസി ബുക്സ്, കോട്ടയം

74. നായർ, എം.ജി.കെ, 1996, സാഹിത്യസംജ്ഞാകോശം, ഡിസി ബുക്സ്, കോട്ടയം

75. പണിക്കർ, കെ.എൻ, 2008 (സമാഹരണം:പി.പി.ഷാനവാസ്) കൊളോണിയലിസം സംസ്കാരം പാരമ്പര്യ ബുദ്ധി ജീവികൾ, ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം

76. പണിക്കർ.കെ.എൻ, 2010, സംസ്കാരവും ദേശീയതയും, കറന്റ് ബുക്സ്, തൃശ്ശൂർ

77. പത്മനാഭ മേനോൻ, ബി.എ.ബി.എൽ, 1996, കൊച്ചി രാജ്യ ചരിത്രം, മാതൃഭൂമി പ്രിന്റിങ്ങ് ആന്റ് പബ്ലിഷിങ്ങ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്

78. പരമേശ്വരൻ പിള്ള, എരുമേലി, 2003, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്

79. പവിത്രൻ, എ.വി, 1998, കാലത്തിന്റെ ഭൂപടം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, എൻ.ബി.എസ്, കോട്ടയം

80. പാനൂർ.കെ, 2008, കേരളത്തിലെ ആഫ്രിക്ക, സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം

81. പാറക്കടവ്.പി.കെ (എഡി.) 2010, വൈക്കം മുഹമ്മദ് ബഷീർ ദാർശനികനായ സാഹിത്യകാരൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

82. പോൾ മണലിൽ (എഡി.) 1998, പ്രണയത്തിന്റെ ബാല്യം, കറന്റ് ബുക്സ്, തൃശ്ശൂർ

83. പോൾ മണലിൽ, 1998, മലയാളത്തിന്റെ ബഷീർ, ഡിസി ബുക്സ്, കോട്ടയം

84. പോൾ മണലിൽ (എഡി.), 2010, ബഷീറിന്റെ ചെറുകഥകൾ, 101 പഠനങ്ങൾ, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്

85. പൗലോസ്.കെ.ജി, 2004, നവോത്ഥാനത്തിന്റെ നിറമെന്ത്?, കറന്റ് ബുക്സ്, തൃശ്ശൂർ

86. പ്രദീപൻ പാമ്പിരികുന്ന്, 2001, ദലിത് സൗന്ദര്യശാസ്ത്രം, ഡിസി ബുക്സ്, കോട്ടയം

87. പ്രഭാകരൻ.ടി.ടി, 1989, സി.പി. അച്യുതമേനോന്റെ നിരൂപണങ്ങൾ, ഡിസി ബുക്സ്, കോട്ടയം

88. ഫ്രാൻസിസ് ബുക്കാനൻ, ഫ്രാൻസിസ് ബുക്കാനന്റെ കേരളം (വിവ. ഡോ.സി.കെ. കരീം), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

89. ബെഞ്ചമിൻ.ഡി, 1994, നോവൽ സാഹിത്യ പഠനങ്ങൾ, കറന്റ് ബുക്സ്, തൃശ്ശൂർ

90. ബർട്രാന്റ് റസ്സൽ, 2009 തത്ത്വശാസ്ത്രം മതം വിദ്യാഭ്യാസം (വിവ: എൻ.മൂസ്സക്കുട്ടി), പാപ്പിയോൺ, കോഴിക്കോട്

91. ബഷീർ എം.എം.(എഡി.), 1985, ബഷീറിന്റെ ലോകം, ഡി.സി. ബുക്സ്, കോട്ടയം.

92. ബഷീർ എം.എം.,1987, സമീക്ഷണം, സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

93. ബാലകൃഷ്ണൻ പി. കെ. 2003, ജാതിവ്യവസ്ഥയും കേരളചരിത്രവും, കറന്റ് ബുക്സ്, തൃശ്ശൂർ.

94. ബാലകൃഷ്ണൻ പി. കെ., 2004, കേരളീയതയും മറ്റും (സമ്പാദകൻ : സഞ്ജീവ് എസ്.എൽ), ഡി.സി. ബുക്സ്, കോട്ടയം.

95. ബാലകൃഷ്ണൻ പി.കെ., 2010, പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം

96. ബാലകൃഷ്ണപിള്ള എ. കേസരി, 1984, കേസരിയുടെ സാഹിത്യ വിമർശനങ്ങൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

97. ബാലകൃഷ്ണമേനോൻ, നെടിയംവീട്ടിൽ (1989), നോവൽ പഠനങ്ങൾ (സമ്പാദനവും പഠനവും - വത്സലൻ വാതുശ്ശേരി) ഡി.സി. ബുക്സ്, കോട്ടയം.

98. ബോബി തോമസ് (എഡി.) 2010, ദളിതപാതകൾ, സൈൻ ബുക്സ്, തിരുവനന്ത പുരം.

99. ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, മോഴികുന്നത്ത്, 2010. ഖിലാഫത്ത് സ്മരണകൾ, മാതൃ ഭൂമി ബുക്സ്, കോഴിക്കോട്.

100. ഭട്ടതിരിപ്പാട്, വി.ടി. 2000, വി.ടി. സമ്പൂർണ്ണ കൃതികൾ, ഡി.സി. ബുക്സ്, കോട്ടയം.

101. ഭാസ്ക്കരനുണ്ണി, പി. 2000, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

102. ഭാസ്ക്കരപണിക്കർ, പി.ടി. 1981, (എഡി.), കുട്ടികൾക്കുള്ള ജീവചരിത്ര കോശം, സ്റ്റെപ്സ് പ്രസിദ്ധീകരണം, തിരുവനന്തപുരം.

103. ബഷീർ, വൈക്കം മുഹമ്മദ്, 1995, 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!', ഡി.സി. ബുക്സ്, കോട്ടയം.

104. ബഷീർ, വൈക്കം മുഹമ്മദ്, 1999, ബഷീർ സമ്പൂർണ്ണകൃതികൾ, രണ്ടാം വാല്യം, ഡി. സി. ബുക്സ്, കോട്ടയം.

105. ബഷീർ, വൈക്കം മുഹമ്മദ്, 2006, ബഷീർ സമ്പൂർണ്ണ കൃതികൾ, ഒന്നാം വാല്യം, ഡി.സി. ബുക്സ്, കോട്ടയം.

106. ബഷീർ, വൈക്കം മുഹമ്മദ്, 2011, ബാല്യകാലസഖി, ഡി.സി. ബുക്സ്, കോട്ടയം.

107. മത്തായി.എം. പി., 2012, മഹാത്മാഗാന്ധിയുടെ പ്രപഞ്ചവീക്ഷണം, കറന്റ് ബുക്സ്, തൃശ്ശൂർ.

108. മഹേഷ്, എം.ആർ., 2012, മലയാള നോവലും ദേശീയതയും, പ്രകാശന വിഭാഗം, കേരളസർവ്വകലാശാല.

109. മാത്യു മണർകാട്, 2000, തകഴിയും ബഷീറും കൂടിക്കാഴ്ച്ചകളിൽ, കറന്റ് ബുക്സ്,

110. മീരാക്കുട്ടി. പി., 1998, ബഷീർ കാലത്തിന്റെ കനൽ, കറന്റ് ബുക്സ്, തൃശ്ശൂർ.

111. മുരളി, കവിയൂർ, 2001, ദലിത് സാഹിത്യം, കറന്റ് ബുക്സ്, തൃശ്ശൂർ.

112. മുരളീധരൻ, നെല്ലിക്കൽ, 1997, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.

113. മുഹമ്മദ്, എൻ.പി., 2007, ഇന്ത്യൻ മുസ്ലിംകളും സെക്യുലറിസവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

114. മോഹൻരാജ്, എ.ടി.(എഡി.) 2009, എം.എൻ.വിജയൻ സമ്പൂർണ്ണ കൃതികൾ, വാല്യം-ഏഴ്, സംസ്കാരം - 3, കറന്റ് ബുക്സ്, തൃശ്ശൂർ.

115. രവീന്ദ്രൻ പി.പി., 1999, ആധുനികാനന്തരം വിചാരം വായന, കറന്റ് ബുക്സ്, തൃശ്ശൂർ.

116. രാജഗോപാലൻ ഇ.പി. (എഡി.), 2001, ഇന്ദുലേഖ, വായനയുടെ ദിശകൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

117. രാജഗോപാലൻ, ഇ.പി., 2011, കാലക്രമേണ, പിയാനോ പബ്ലിക്കേഷൻസ്, കോഴിക്കോട്.

118. രാജരാജവർമ്മ, എഴുമറ്റൂർ,2000, ഐതിഹ്യങ്ങളും സാഹിത്യവിമർശനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

119. രാജശേഖരൻ, പി.കെ., 2002, അന്ധനായദൈവം, ഡി. സി. ബുക്സ്, കോട്ടയം.

120. രാജശേഖരൻ പി.കെ., 2006, ഏകാന്തനഗരങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.

121. രാജീവൻ. ബി., 2010, ജനനിബദ്ധമായ ദന്തഗോപുരം, ചിന്ത പബ്ളിഷേർസ്, തിരുവനന്തപുരം.

122. രാജേന്ദ്രൻ. സി., 2006 പുതുവായന, ഡി.സി. ബുക്സ്, കോട്ടയം.

123. രാധ കെ.കെ., 2009, ഇന്ത്യൻ നവോത്ഥാനം, ചിന്ത പബ്ളിഷേർസ്, തിരുവന്തപുരം.

124. രാമചന്ദ്രൻ നായർ എൻ.പി., 2008 ശൈലി പുരാണം, കറന്റ് ബുക്സ്, കോട്ടയം

125. രാമചന്ദ്രൻ നായർ പന്മന, 2008 (എഡി.) സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം, കറന്റ് ബുക്സ്, കോട്ടയം.

126. രാമചന്ദ്രൻ ടി.എം., (എഡി.), 2007, മലയാളി നാൾ വഴികൾ, ക്യാമ്പസ് കോളേജ്, പേരാമ്പ്ര.

127. രാമചന്ദ്രൻ നായർ ജി. പട്ടം, 1987, നായർ സമുദായത്തിന്റെ ഇതിഹാസം, സാഹിത്യ വേദി, തിരുവനന്തപുരം.

128. രാമവർമ്മ. കെ.ടി., 2000, ചിത്രകല നൂറ്റാണ്ടുകളിലൂടെ, സാഹിത്യ പ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

129. രാഹുൽ സാംകൃത്യായൻ, 1988, സാമൂഹ്യരേഖ, ചിന്താ പബ്ളിഷേർസ്, തിരുവന്തപുരം.

130. ലളിതാംബികാ അന്തർജ്ജനം, ആത്മകഥയ്ക്ക് ഒരാമുഖം, കറന്റ് ബുക്സ്, തൃശ്ശൂർ.

131. ലളിതാംബികാ അന്തർജ്ജനം, അഗ്നിസാക്ഷി, കറന്റ് ബുക്സ്, തൃശ്ശൂർ.

132. ലത്തീഫ്, എൻ.കെ. എ. 1984, മാപ്പിളശൈലി, കറന്റ് ബുക്സ്, തൃശ്ശൂർ.

133. ലീലാകുമാരി.എം., 2000, സ്ത്രീസങ്കല്പം മലയാള നോവലിൽ, ഡി. സി. ബുക്സ്, കോട്ടയം

134. ലീലാവതി.എം., 1996, അണയാത്ത ദീപം, കറന്റ് ബുക്സ്, തൃശ്ശൂർ.

135. ലീലാകൃഷ്ണൻ, ആലങ്കോട്, 2010, താത്രിക്കുട്ടിയുടെ സ്മാർത്ത വിചാരം, മാതൃഭൂമി ബുക്സ്, കോഴിക്കോട്

136. ലൂയി അൽത്തുസർ, 2010, (എഡി: പി.കെ. പോക്കർ, വിവർത്തനം: പി. പി. സത്യൻ) പ്രോഗ്രസ് പബ്ളിക്കേഷൻസ്, തൃശ്ശൂർ.

137. വർഗീസ്. പി.ജെ., 2009, എഴുത്തില്ലങ്ങൾ, റെയിൻബോ ബുക് പബ്ളിഷേർസ്, ചെങ്ങന്നൂർ.

138. വർഗീസ്. വി.ജെ., ഡോ. എൻ. വിജയമോഹനൻ പിള്ള, ഡോ. സ്കറിയാ സക്കറിയ (എഡിറ്റേഴ്സ്), 2011, 500 വർഷത്തെ കേരളം, ചിലഅറിവടയാളങ്ങൾ, കറന്റ് ബുക്സ്.

139. വസന്തൻ എസ്.കെ., 1983, കേരളചരിത്ര നിഘണ്ടു, സാഹിത്യ പ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

140. വിജയൻ.എൻ. (എഡി.), 2009, ആധുനിക യുഗത്തിലെ വിപ്ലവങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

141. വിജയൻ.എം.എൻ., 2000 (ജനറൽ എഡി.) നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം (1901-2000) വാല്യം - 2- കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

142. വിജയൻ. എം.എൻ., 2010, കേസരിയുടെ ചരിത്രഗവേഷണങ്ങൾ (വാല്യം - 1) കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

143. വിജയൻ. കെ.പി., 2004, ദളിത് സമരങ്ങൾ - ഇന്നലെ ഇന്ന്, നാളെ - കറന്റ് ബുക്സ്, തൃശ്ശൂർ.

144. വില്യം ലോഗൻ 2004, ലോഗന്റെ മലബാർ മാന്വൽ (വിവ: ടി.വി. കൃഷ്ണൻ), മാതൃഭൂമി ബുക്സ്, കോഴിക്കോട്

145. വേണുഗോപാലൻ. പി., 1997, തകഴി വഴി - കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

146. വേലായുധൻ പിള്ള. പി.വി., 1983, നിരൂപണ സാഹ്യം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം.

147. ശരത്ചന്ദ്രൻ.കെ.പി., 1987, നോവലുകളിലൂടെ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ , കോട്ടയം.

148. ശരത്ചന്ദ്രൻ. കെ.പി., 1992, ചന്തുമേനോൻ- അരങ്ങും അണിയറയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

149. ശശിധരൻ.എൻ., 2001, വാക്കിൽ പാകപ്പെടുത്തിയ ചരിത്രം, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ.

150. ശിവദാസൻ.വി. (എഡി.), 2003, നിലവിളികളിൽ ഒടുങ്ങാത്തത് - അധിനിവേശ ചരിത്രത്തിന് ഒരാമുഖം കണ്ണൂർ യൂനിവേഴ്സിറ്റി യൂനിയൻ (2002-03).

151. ശിവശങ്കരപ്പിള്ള, തകഴി, 2005, രണ്ടിടങ്ങഴി, ഡി.സി. ബുക്സ്, കോട്ടയം.

152. ശിവശങ്കരപ്പിള്ള, തകഴി, 2003, വെള്ളപ്പൊക്കത്തിലും മറ്റ് പ്രധാന കഥകളും, ഡി. സി. ബുക്സ്, കോട്ടയം.

153. ശിവശങ്കരപ്പിള്ള, തകഴി, 1985, ഓർമ്മയുടെ തീരങ്ങളിൽ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, എൻ.സി.എസ്., കോട്ടയം.

154. ശ്രീകുമാർ. ടി.ടി., 2011, നവസാമൂഹികത ശാസ്ത്രം ചരിത്രം രാഷ്ട്രീയം, പ്രതീക്ഷ ബുക്സ്, കോഴിക്കോട്.

155. ശ്രീധരമേനോൻ. എ. 1995, കേരളചരിത്രം, എസ്. വിശ്വനാഥൻ പ്രിന്റേർസ് ആന്റ് പബ്ളിഷേർസ് പ്രൈവറ്റ് ലിമിറ്റഡ്, മദ്രാസ്.

156. ശ്രീധരമേനോൻ.എ., 1997, കേരളവും സ്വാന്ത്ര്യ സമരവും, ഡി.സി.ബുക്സ്, കോട്ടയം.

157. ശ്രീധരമേനോൻ. എ., 1985, ആധുനിക കേരളം, സാഹിത്യ പ്രവർത്തക സഹകരണ സംഘം - നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

158. ഷാജി ജേക്കബ്, 2003, നോവൽചരിത്രത്തിന്റെ പാഠഭേദം, കറന്റ് ബുക്സ്, തൃശ്ശൂർ.

159. ഷാജി ജേക്കബ് (എഡി.), 2010, മലയാള നോവൽ ദേശഭാവനയും രാഷ്ട്രീയ ഭൂപടങ്ങളും, സാഹിത്യ അക്കാദമി, രവീന്ദ്രഭവൻ - 35, ഫിറോസ്ഷാ റോഡ്, ന്യൂഡൽഹി.

160. സച്ചിദാനന്ദൻ, 1987, കാൾ മാർക്സിന്റെ കലാദർശനം, മൾബെറി ബുക്സ്, കോഴിക്കോട്.

161. സന്തോഷ്കുമാർ. എൻ, 2009, ബഷീർ - ഒരു രാഷ്ട്രീയ വായന, സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

162. സചീന്ദ്രൻ.എ., 1992, ലോകചരിത്രം -രണ്ടാം ഭാഗം, സ്വതന്ത്രപ്രസിദ്ധീകരണം.

163. സാനു.എം.കെ., 2007 – ബഷീർ – ഏകാന്ത വീഥിയിലെ അവധൂതൻ, ഡി.സി. ബുക്സ്, കോട്ടയം.

164. സാനു.എം.കെ., 2009, താഴ്‌വരയിലെ സന്ധ്യ, ഡി.സി. ബുക്സ്, കോട്ടയം

165. സുനിൽ പി. ഇളയിടം, 2011, അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

166. സുനിൽ പി. ഇളയിടം, 2013, വിണ്ടെടുപ്പുകൾ, മാർക്സിസവും ആധുനികതാ വിമർശനവും, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ.

167. സെബാസ്റ്റ്യൻ വട്ടമറ്റം, 2006, ഭാഷയും ആധിപത്യവും, കറന്റ് ബുക്സ്, കോഴിക്കോട്.

168. സോമശേഖരൻ, 2010 കേരളപ്പഴമ ഒരു ചരിത്രസഞ്ചാരം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

169. ഹാഷിം രാജൻ (എഡി.), 2010, സി. കേശവന്റെ കോഴഞ്ചേരി പ്രസംഗം, കൗമുദി പബ്ലിഷിങ്ങ് റിലേഷൻസ്, തിരുവനന്തപുരം.

170. റഹീം. വൈ.എ., 1998, മുഹമ്മദ് ബഷീറിന്റെ കത്തുകൾ, ഇംപ്രിന്റ് ബുക്സ്, കൊല്ലം.

171. റഹ്മാൻ എം.എ. (എഡി.) 1995, ആടും മനുഷ്യരും (പാത്തുമ്മയുടെ ആടിനെക്കുറിച്ചുള്ള പഠനങ്ങൾ), കറന്റ് ബുക്സ്, കോട്ടയം.

172. റൊമിലാ ഥാപർ, 1981, ഇന്ത്യാ ചരിത്രം – മധ്യകാലം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

173. റോബിൻ ജെഫ്രി, 1979, നായർ മേധാവിത്വത്തിന്റെ പതനം (വിവ. പുതുപ്പള്ളി രാഘവൻ) ഡി. സി. ബുക്സ്, കോട്ടയം.

# ലേഖനസൂചി


1. അഹമ്മദ്.എ.പി., 'മുസ്ലീം നവോത്ഥാനം ചരിത്രവും വർത്തമാനവും', യുവധാര മാസിക, നവോത്ഥാനത്തിന്റെ ധാരകൾ – 2003, പ്രത്യേക പതിപ്പ്

2. കാരശ്ശേരി.എം.എൻ, 'ബഷീറും ചേകനൂരും', മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 82, ലക്കം 22, 2004 ആഗസ്ത്

3. കാർത്തികേയൻ.വി, 'കേരളത്തിലെ നവോത്ഥാനത്തിന്റെ ധൈഷണിക പശ്ചാത്തലം', സംസ്കാരകേരളം ത്രൈമാസികം, പുസ്തകം 11, ലക്കം 2, 1997 ഏപ്രിൽ – ജൂൺ

4. കെ.ഇ.എൻ, 'ചോദിക്കേണ്ടത് നീതി, ഉപേക്ഷിക്കേണ്ടത് ജാതി' (ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ.....) പച്ചക്കുതിര, പുസ്തകം 3 ലക്കം 11, 2007 ജൂൺ

5. കെ.ഇ.എൻ, 'നവോത്ഥാനത്തിന്റെ നാൾ വഴികൾക്കും മുമ്പ്', യുവധാരമാസിക – നവോത്ഥാനത്തിന്റെ ധാരകൾ , പ്രത്യേക പതിപ്പ്, 2003

6. ഗണേശ്.കെ.എൻ. 'ജാതി വിരുദ്ധത കേരള നവോത്ഥാനത്തിൽ', യുവധാരമാസിക – നവോത്ഥാനത്തിന്റെ ധാരകൾ, പ്രത്യേക പതിപ്പ്, 2003

7. ഗോവിന്ദപ്പിള്ള.പി, 'നവോത്ഥാന ചിന്തകളുടെ കാതൽ', യുവധാര മാസിക, നവോത്ഥാനത്തിന്റെ ധാരകൾ , പ്രത്യേക പതിപ്പ്, 2003

8. ഗോവിന്ദപ്പിള്ള.പി, 'നവോത്ഥാനവും മലയാള പത്രപ്രവർത്തനവും', സംസ്കാര കേരളം ത്രൈമാസികം, പുസ്തകം 11, ലക്കം 2, 1997 ഏപ്രിൽ – ജൂൺ

9. ജോജി, 'എം.ആർ.ബി, തൊണ്ണൂറു തികഞ്ഞ യൗവനം', ദേശാഭിമാനി വാരിക, പുസ്തകം 30, ലക്കം 9, 1998 ആഗസ്ത്

10. ടെറി ഈഗിൾടൺ, 'തീവ്രവാദകാലത്തെ ആദ്ധ്യാത്മികത', (പരിഭാഷ: കെ.ആനന്ദ്) മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 87, ലക്കം 9, 2009 മെയ്

11. നാരായണൻ, തോന്നയ്ക്കൽ, 'നവോത്ഥാന നായകന്റെ പതനം', ദേശാഭിമാനി വാരിക, പുസ്തകം 26, ലക്കം 4, 1994 ജൂലൈ

12. നാരായണൻ.എം.എം, 'നവോത്ഥാനവും വർഗസമരവും', യുവധാര മാസിക, നവോത്ഥാനത്തിന്റെ ധാരകൾ , പ്രത്യേക പതിപ്പ്, 2003

13. ഭാസ്ക്കർ.ബി.ആർ.പി, 'കേരളം വഴിതെറ്റിയത് ഇങ്ങനെയാണ്', മാതൃഭൂമി ആഴ്ചപ്പതിപ്പ് – , പുസ്തകം 86, ലക്കം 47, 2009 ജനവരി

14. മഹേശ്വരൻ നായർ.കെ, 'കേരളീയ നവോത്ഥാനവും മതനവീകരണ സാമൂഹിക പരിഷ്ക്ക

രണ പ്രസ്ഥാനങ്ങളും' - സംസ്കാര കേരളം ത്രൈമാസികം, , പുസ്തകം 11, ലക്കം 2, 1997 ഏപ്രിൽ-ജൂൺ

15. മുഹമ്മദാലി.എൻ.എം 'ജ്ഞാനോദയം ഇസ്ലാമിലൂടെ', ദേശാഭിമാനി വാരിക , പുസ്തകം 40, ലക്കം 48, 2009 ഏപ്രിൽ 26

16. മേനോൻ.എം.എസ്, 'വി.ടി. കേരളത്തിന്റെ മനസ്സാക്ഷിയെ കണ്ടെത്തിയ മഹാത്മാവ്', ദേശാഭിമാനി വാരിക, പുസ്തകം 27, ലക്കം 22, 1995 നവംബർ

17. ലിസി മാത്യു.വി.'രണ്ടിടങ്ങഴിയിലെ നിറനാഴികൾ', വിജ്ഞാനകൈരളി, വാല്യം 43, ലക്കം 4, ഏപ്രിൽ 2012

18. 'രാജേഷ്.ജി.കെ. 'ശുചിത്വവും ആരോഗ്യവും, ചില ഗാന്ധിയൻ പാഠങ്ങൾ', വിജ്ഞാനകൈരളി, വാല്യം 43, ലക്കം 5, മെയ് 2012

19. രാജശേഖരൻ.എസ്. 'രണ്ടിടങ്ങഴി പുതുലോകത്തിന്റെ ഭാഷാ ക്രമകണക്ക്', വിജ്ഞാനകൈരളി, വാല്യം 43, ലക്കം 4, ഏപ്രിൽ 2012

20. വിജയകുമാർ.ടി.സി, 'തുഞ്ചത്തെഴുത്തച്ഛനും ഭഗവദ്ഗീതയും', മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, , പുസ്തകം 81, ലക്കം 50, 2004 ഫിബ്രവരി

21. വിജയകുമാർ മേനോൻ, 'നവോത്ഥാനവും കേരളീയ ചിത്രകലയും' - സംസ്കാരകേരളം ത്രൈമാസികം, പുസ്തകം 11, ലക്കം 2, 1997 ഏപ്രിൽ - ജൂൺ

22. വിജയൻ.എം.എൻ, 'നവോത്ഥാനം - ചില കാഴ്ച്ചപ്പാടുകൾ', യുവധാരമാസിക, നവോത്ഥാനത്തിന്റെ ധാരകൾ , പ്രത്യേകപതിപ്പ്, 2003

23. ശ്രീകുമാർ.ടി.ടി, 'കേരളം: വികസന രാഷ്ട്രീയവും സിവിൽ സമൂഹവും', മാധ്യമം വാർഷികപ്പതിപ്പ്, 2002

24. ഷാജി.കെ.എൻ, 'അരും കൊലകളിൽ നടുങ്ങുന്ന തമിഴ് ഗ്രാമങ്ങൾ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 87, ലക്കം 4, 2009 ഏപ്രിൽ

25. സന്തോഷ്.ഒ.കെ, 'ജാതിയും വർഗവും തകഴിയുടെ കൃതികളിൽ', വിജ്ഞാനകൈരളി, , വാല്യം 43, ലക്കം 4, ഏപ്രിൽ 2012

26. സുധീഷ്.എസ്, 'മുതലാളിത്തം - നവോത്ഥാന രാഷ്ട്രീയ ദർശനം - സ്ത്രീ', സംസ്കാരകേരളം ത്രൈമാസികം, പുസ്തകം 11, ലക്കം 2, 1997 ഏപ്രിൽ-ജൂൺ

27. ഹമീദ് ചേന്നമംഗലൂർ, 'നവോത്ഥാനവും പുനരുത്ഥാനവും കേരളീയ മുസ്ലീങ്ങളിൽ', ദേശാഭിമാനി വാരിക, പുസ്തകം 33, ലക്കം 49, 2002 മെയ്

## English Books


1. Alex Preminger, 1974, Editor, Princeton, Encyclopedia of poetry & poetics, Princeton, New Jersey, Princeton University Press.
2. A Millenium Book of Reference, India 1000 To 2000, 1999, Express Publications (Madurai) Ltd.
3. Balibar, Etienne, 1995, The Philosophy of Marx, Verso, London
4. Benedict Anderson, Imagined the Community, London: Verso, 1983
5. Edward.W.Said, 2001, Orientalism, Penguin Books, India
6. Govinda Pillai.P, 2013, Bakti Movement: Renaissance or Revivalism
7. Gramsci, Antonio, 1996, Selections from the prison Note Books, Orient Longman, Madras
8. Hobson, John.M, 2004, Eastern Origins of Western Civilisations, Cambridge, Cambridge University Press.
9. Indian Mythology, 1965, The Hamlyn Publishing Group Ltd, Middlesex.
10. Jurgen Habermas, The Structural Transformation of the Public Sphere, Cambridge Polity Press, 1989
11. Kosambi.D.D, 1983, Myth and Reality : Popular Pakasan, Bombay
12. Mahendra Nath Dutt, 1923, Reflection on woman - Seva series publishing House, Calcutta.
13. Margaret Cormack, 1961, The Hindu Woman - Asra Publishing House, New Delhi.
14. Marx, Karl and Frederick Engels, 1970, The German Ideology, Progress Publishers.
15. Panikkar.K.N, 1990, Culture and Conciousness In Modern India - People publishing House.
16. Panikkar.K.N, 1995, Culture, Ideology and Hegemony: Intellectuals and Socical Consciousness in Colonial India - Thulika.
17. Panikkar.K.N, 2007, Colonialism,Culture and Renaissance, Oxford, London

18. Raimond Williams, 1976, Keywords A Vocabulary of Culture and Society, Fontana, London

19. Raimond williams, 1985, Marxism and literature, Oxford, London.

20. Roman Mythology, 1969, London : Paul Hamlya.

21. Saroj Gulati, 1985 Women and Society Northern India in 11th and 12th Centuries, Chanakya publications, Delhi.

22. Simone de Beauvior, 1968, The Second Sex, Trans, H.M. Parshely, The Modern Library, Newyork.

23. Terry, Eagleton, 1997, Marxism and literary Criticism, Oxford University press, London.

24. Thomas.P, 1964, Indian women Through the Ages - Asia Publishing House, Bombay.

25. Thompson, E.P, 1980, The Making of the English Working class, Penguin Harmondsworth.

26. Will Durant, 1954, The story of Civilisation part 1, Our Oriental Heritage Simon and Schuster, Newyork.